# മലയാളകവിത ആധുനികം

COURSE CODE: B21ML01DC



BACHELOR OF ARTS
MALAYALAM LANGUAGE
AND LITERATURE

SELF
LEARNING
MATERIAL

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# മലയാളകവിത:ആധുനികം

Course Code: B21ML01DC

Semester - I

## Bachelor of Arts
## Malayalam Language and Literature
## Self Learning Material

SREENARAYANAGURU OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# DOCUMENTATION

## Academic Committee

Prof. Thomas Thamarasseri

| | |
|---|---|
| Dr. R.S. Rajeev | Dr. Unnikrishnan S. |
| Dr. Santhosh Manicheri | Dr. Aju K. Narayanan |
| Dr. Haridas K. | Dr. Baburajan K. |
| Dr. Saramma Varghese | Dr. Suja S. |
| Dr. S. Sudarsana Babu | Dr. S. Ajayakumar |
| Dr. Abdul Azeez P. | Dr. Sudha Mary Thomas |

## Development of the Content

Remya B.R., Athira A.R., Vaisakh J.S., Aswani A.P., Dr. James G., Dr. Jessy Narayanan, Deepam S., Dr. Soumia Dasan, Dr. Abdusammed K.T., Muraleedharan K.V.

## Review

Content : Prof. Thomas Thamarasseri
Format : Dr. I.G. Shibi
Linguistics : Dr. James G.

## Edit

Prof. Thomas Thamarasseri

## Scrutiny

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Muraleedharan K.V., Dr. Soumia Dasan

## Co-ordination

Dr. I.G. Shibi and Team SLM

## Design Control

Azeem Babu T.A.

## Production

November 2022

## Copyright

© Sreenarayanaguru Open University 2022

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

# MESSAGE FROM VICE CHANCELLOR

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India. His name is a reminder for us to ensure quality in the delivery of all academic endeavours.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities.

The university is committed to provide you stimulating learning experience. The UG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. The curriculum has adequate space for disseminating the lessons on the changing formats of literature and its impact in the richness of the language. The lessons on the language are integrated in the right proportion and also the provision for frontier topics is incorporated appropriately. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

Feel free to write to us about anything that you feel relevant regarding the academic programme.

Wish you the best.

Regards,
Dr. P.M. Mubarak Pasha

21.11.2022

# Contents


BLOCK - 01 ആധുനികതയുടെ ഭൂമിക ........ 1

യൂണിറ്റ് - 1 ദൈവദശകം - ശ്രീനാരായണഗുരു ........ 2

യൂണിറ്റ് - 2 കാണുന്നില്ലോരക്ഷരവും എന്ന പാട്ട് - പൊയ്കയിൽ കുമാരഗുരു ........ 11

BLOCK- 02 കാല്പനികതാപ്രസ്ഥാനം ........ 18

യൂണിറ്റ് - 1 വീണപൂവ് - കുമാരനാശാൻ ........ 19

യൂണിറ്റ് - 2 അച്ഛനും മകളും - വള്ളത്തോൾ നാരായണമേനോൻ ........ 38

യൂണിറ്റ് - 3 ഭൂതക്കണ്ണാടി - ഉള്ളൂർ. എസ്. പരമേശ്വരയ്യർ ........ 51

യൂണിറ്റ് - 4 മനസ്വിനി - ചങ്ങമ്പുഴ കൃഷ്ണപിള്ള ........ 59

യൂണിറ്റ് - 5 സൂര്യകാന്തി - ജി. ശങ്കരക്കുറുപ്പ് ........ 69

യൂണിറ്റ് - 6 കണ്ണീർപ്പാടം - വൈലോപ്പിള്ളി ശ്രീധരമേനോൻ ........ 79

BLOCK- 03 നവകാല്പനിക പ്രവണതകൾ ........ 90

യൂണിറ്റ് - 1 നിത്യമേഘം - അക്കിത്തം അച്യുതൻനമ്പൂതിരി ........ 91

യൂണിറ്റ - 2 ശാർങ്ഗകപ്പക്ഷികൾ - ഒ.എൻ.വി. കുറുപ്പ് ........ 98

യൂണിറ്റ - 3 മൃത്യുപൂജ - അയ്യപ്പപ്പണിക്കർ ........ 109

യൂണിറ്റ് - 4 ഇവനെക്കൂടി - സച്ചിദാനന്ദൻ ........ 118

യൂണിറ്റ് - 5 കടമ്മനിട്ട - കടമ്മനിട്ട രാമകൃഷ്ണൻ ........ 130

യൂണിറ്റ് - 6 കൊച്ചിയിലെ വൃക്ഷങ്ങൾ - കെ.ജി. ശങ്കരപ്പിള്ള ........ 138

യൂണിറ്റ് - 7 നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ - ആറ്റൂർ രവിവർമ്മ ........ 144

യൂണിറ്റ് - 8 ബുദ്ധനും ആട്ടിൻകുട്ടിയും - എ.അയ്യപ്പൻ ........ 156

യൂണിറ്റ് - 9 ഇഷ്ടമുടിക്കായൽ - കുരീപ്പുഴ ശ്രീകുമാർ ........ 162

യൂണിറ്റ് - 10 കാട് - ഡി.വിനയചന്ദ്രൻ ........ 172

BLOCK- 04 സമകാലിക കവിത ........ 180

യൂണിറ്റ് - 1 കാണെക്കാണെ - പി.പി. രാമചന്ദ്രൻ ........ 181

യൂണിറ്റ് - 2 മൃഗശിക്ഷകൻ - വിജയലക്ഷ്മി ........ 188

യൂണിറ്റ് - 3 കുന്തി - വി.എം. ഗിരിജ ........ 197

യൂണിറ്റ് - 4 ഭാഷക്ക് മുമ്പ് - പി. രാമൻ ........ 205

യൂണിറ്റ് - 5 ഹൊഗനേക്കൽ - ടി.പി. രാജീവൻ ........ 210

യൂണിറ്റ് - 6 ആലപ്പുഴവെള്ളം - അനിത തമ്പി ........ 215

യൂണിറ്റ് - 7 കൊതിയൻ - എം.ആർ. രേണുകുമാർ ........ 225

യൂണിറ്റ് - 8 ഉപ്പു ചാലിച്ച ചിത്രമേ - ശ്രീകുമാർ കരിയാട് ........ 233

യൂണിറ്റ് - 9 കമറൂൾ നാട്ടിൽ പോകുന്നു - കുഴൂർ വിത്സൻ ........ 238

യൂണിറ്റ് - 10 ഐസ് ക്യൂബുകൾ - ഡോണ മയൂര ........ 243

യൂണിറ്റ് - 11 അല്ലാതെന്ത് - ടി.പി. വിനോദ് ........ 249




SREENARAYANAGURU OPEN UNIVERSITY

BLOCK - 01

# ആധുനികതയുടെ ഭൂമിക

# യൂണിറ്റ് - 1
# ദൈവദശകം

ശ്രീനാരായണഗുരു

## Learning Outcomes

- ശ്രീനാരായണഗുരുവിന്റെ സാഹിത്യലോകത്തെക്കുറിച്ചുള്ള സാമാന്യധാരണ നേടുന്നു
- 'ദൈവദശകം' എന്ന കൃതിയുടെ സമകാലിക പ്രസക്തി അറിയുന്നു
- നവോത്ഥാന കാലത്തിന്റെ ഭാഗമായി സാഹിത്യ കൃതികളെ മനസ്സിലാക്കുന്നു
- 'ദൈവദശകം' എന്ന കൃതിയുടെ രചനാസവിശേഷതകൾ തിരിച്ചറിയുന്നു

## Prerequisites

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെയുള്ള കാലഘട്ടം കേരളത്തെ സംബന്ധിച്ച് വലിയതോതിലുള്ള സാമൂഹിക പരിവർത്തനത്തിന്റെ കാലമായിരുന്നു. സാമൂഹിക ഉച്ചനീചത്വങ്ങൾക്കെതിരായ വലിയ മുന്നേറ്റങ്ങളും പ്രക്ഷോഭങ്ങളും കേരളത്തിൽ അരങ്ങേറി. മനുഷ്യസമത്വത്തിനുവേണ്ടിയുള്ള അവകാശപ്പോരാട്ടങ്ങളായിരുന്നു അവയെല്ലാം. സ്വാഭാവികമായും നവോത്ഥാന ആശയങ്ങളുടെ സ്വാധീനം സാഹിത്യത്തിലും പ്രകടമായി. നവോത്ഥാന മുന്നേറ്റത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖനായ ശ്രീനാരായണഗുരുദേവന്റെ കൃതികളിലും അവ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. മാനവികത, സാഹോദര്യം, തുല്യത തുടങ്ങിയ ആശയങ്ങളുടെ പ്രതിനിധാനമാണ് ഗുരുവിന്റെ കൃതികളിൽ പ്രധാനമായും കാണാനാവുക. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലായി അറുപതോളം കൃതികൾ ഗുരുദേവൻ രചിച്ചിട്ടുണ്ട്. ഗുരുവിന്റെ പ്രശസ്തമായ തമിഴ് കൃതിയാണ് 'തേവാരപതികങ്ങൾ' പദ്യത്തിനു പുറമേ ഗദ്യകൃതികളും വിവർത്തനങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. പഠനസൗകര്യത്തിനായി ഗുരുവിന്റെ കൃതികളെ പൊതുവേ സ്തോത്രം, അനുശാസനം, ദർശനം, വിവർത്തനം, ഗദ്യം എന്നിങ്ങനെ തരംതിരിക്കാം.

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്,' 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' തുടങ്ങിയ വചനങ്ങൾ അറിയാത്ത മലയാളികളുണ്ടാകില്ല. ഒരു മനുഷ്യായുസ്സ് മുഴുവൻ സമൂഹത്തിനുവേണ്ടി ജീവിച്ച് കേരളത്തിന്റെ സാമൂഹികമണ്ഡലത്തിൽ പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീനാരായണഗുരുദേവന്റെ വാക്കുകളാണിവ. ഗുരുദേവനെ അടുത്തറിയാൻ ശ്രമിക്കുമ്പോൾ പലപ്പോഴും നാം അദ്ദേഹത്തെ ഒരു സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിലാണ് പരിഗണിക്കാറുള്ളത്. എന്നാൽ അതിനപ്പുറത്ത് ഗുരുദേവന്റെ സാഹിത്യലോകത്തെയും നാം അറിയേണ്ടതായിട്ടുണ്ട്. ദാർശനികചിന്തകളെ സൗന്ദര്യാത്മകമായി ആവിഷ്ക്കരിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ കാവ്യലോകത്തിന്റെ പ്രധാന സവിശേഷത. ഈ സവിശേഷത ഉൾക്കൊള്ളുന്ന ഗുരുദേവന്റെ പ്രശസ്തമായ കൃതിയാണ് ദൈവദശകം. ഇത് ഒരു പ്രാർത്ഥന മാത്രമല്ല ഇതിൽ ദാർശനികതയും കാവ്യസൗന്ദര്യവും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ ദർശനങ്ങളെ പിന്തുടരാതെ എല്ലാ മതസ്തർക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ രചിച്ച മതാതീതമായ ഒരു പ്രാർത്ഥനയാണിത്. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതപരിസരങ്ങളെ പരിഗണിക്കുന്ന ഗുരു, ഇതിൽ മാനവികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

## Keywords

കേരളീയ നവോത്ഥാനം - നവോത്ഥാനം മലയാളസാഹിത്യത്തിൽ - ദൈവം - സത്യം - ജ്ഞാനം -മതാതീതമായ ആത്മീയത

## 1.1.1 Content

ജാതിമത ഭേദമന്യേ എല്ലാ അശരണർക്കും ആലപിക്കാനും ആശ്വസിക്കാനും കഴിയുന്ന ഒരു കീർത്തനമാണ് ശ്രീനാരായണ ഗുരു രചിച്ച 'ദൈവദശകം'. ദുഃഖവും ആപത്തുകളും നിറഞ്ഞ സംസാരസമുദ്രത്തിൽ കഷ്ടപ്പെടുന്നവർക്ക് ദൈവമേ അങ്ങുമാത്രമാണ് ഏക ആശ്രയമെന്നും ആ സമുദ്രത്തിന്റെ നാവികനായ അങ്ങ് ഞങ്ങളെ കാത്തു കൊള്ളണേയെന്നും മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും വസ്ത്രവും തന്നു രക്ഷിക്കണേയെന്നും ദൈവത്തോട് പ്രാർത്ഥിക്കുന്നു. മിഥ്യയായ, നശ്വരമായ ഈ പ്രപഞ്ച രഹസ്യങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിച്ചു മോക്ഷം നൽകുന്ന ഗുരു തന്നെയാണ് ദൈവം. ദൈവം എല്ലാ മായകളും നീക്കി സായൂജ്യം നൽകണമെന്നും ആ ദൈവം സത്യവും ജ്ഞാനവും ആനന്ദവുമാണെന്നും ആ ദൈവം ആ തേജസ്സിൽ നിന്നിറങ്ങി മനുഷ്യനോടൊപ്പം വന്ന് നിത്യവും സങ്കടങ്ങൾ തീർക്കണേയെന്നു പ്രാർത്ഥിക്കുന്നും. ഗുരുവും ഇത്തരത്തിൽ ആധ്യാത്മിക തലത്തിൽ നിന്നും ഇറങ്ങി സാധാരണ ജനങ്ങൾക്കു വേണ്ടി പ്രവർത്തിച്ചയാളാണ്. ദൈവത്തോട് പ്രാർത്ഥിക്കുന്ന നിലയിലുള്ള പത്ത് പദ്യങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് ഈ കൃതിക്ക് 'ദൈവദശകം'എന്ന പേർ സിദ്ധിച്ചിട്ടുള്ളത്.ദൈവം എന്ന വാക്ക് മലയാളത്തിൽ എല്ലാ മതക്കാരും ഈശ്വരൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കാറുണ്ട്. ദൈവത്തെ സംബോധന ചെയ്തുകൊണ്ട് നമ്മുക്കേവർക്കും ഐഹികമായുള്ള ശ്രേയസ്സിന് വേണ്ടി പ്രാർത്ഥിക്കുകയാണ്.

### വരികൾ

'ദൈവമേ, കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ,
നാവികൻ നീ ഭവാബ്ധിക്കൊ
രാവിവൻതോണി നിൻ പദം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അങ്ങ് | = | ഭവാൻ |
| നാവികൻ | = | കപ്പിത്താൻ |
| ഭവാബ്ധി | = | സംസാരസമുദ്രം (ലൗകികജീവിതം) |
| ആവിവൻതോണി | = | ആവിക്കപ്പൽ |
| നിൻപദം | = | നിന്റെ കാൽ/ നിന്റെ വാക്ക് |

ദൈവമേ! അങ്ങ് ഞങ്ങളെ കൈവിടാതെ കാത്തുകൊള്ളണേ. ജീവിതം ഒരു സാഗരമാണ്. അതിൽ ദുഃഖവും ദുരിതവുമാകുന്ന തിരയും ചുഴലിക്കാറ്റുമുണ്ട്. അതിൽ മുങ്ങിത്താഴാതെ സംസാരസാഗരം കടക്കാനുള്ള വലിയ ആവിക്കപ്പലാണ് നിന്റെ പാദങ്ങൾ. ആ വലിയ ആവിക്കപ്പലിന്റെ നാവികൻ അങ്ങാണ്. ഇവിടെ ദൈവത്തിന്റെ പാദങ്ങളെ ജീവിതസാഗരം കടക്കാനുള്ള ആവിക്കപ്പലായും ദൈവത്തെ അതിന്റെ നാവികനായും കല്പിച്ചിരിക്കുന്നു. സ്വയം പ്രകാശിക്കുന്നവനേ! അങ്ങ് എന്നെയും എന്നോടുകൂടിയുള്ളവരേയും കാത്തുകൊൾക. കൈവിടാതെ അവിടത്തെ രക്ഷാഹസ്തം ഞങ്ങളിൽ നിന്നും വേർപെടുത്താതെ സദയം രക്ഷിക്കണം. നീ ഭവാബ്ധിയ്ക്ക്, ജനനമരണ രൂപമായ സംസാരമാകുന്ന അബ്ധിക്ക്, കടലിന്, നാവികൻ ആകുന്നു. കൈവിടാതെ നീ ഞങ്ങളെ രക്ഷിക്കുകയും ഉൾക്കൊള്ളുകയും വേണം.

### വരികൾ

'ഒന്നൊന്നായെണ്ണിയെണ്ണിത്തൊ
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| തൊട്ടെത്തുന്ന പൊരുൾ | = | ഇന്ദ്രിയങ്ങൾ കൊണ്ട് മനസ്സിലാക്കുന്ന തത്വങ്ങൾ |
| ഒടുങ്ങിയാൽ | = | അവസാനിച്ചാൽ |
| ദൃക്ക് | = | ദൃഷ്ടി |
| ഉള്ളം | = | മനസ്സ് |
| അസ്പന്ദം | = | സ്പന്ദിക്കാത്തത്, ചലനമില്ലാത്തത് |

### ആശയ വിശദീകരണം

ഇന്ദ്രിയങ്ങൾ കൊണ്ട് മനസ്സിലാക്കേണ്ട മുഴുവൻ അറിവുകളും മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ അവയ്ക്ക് പ്രസക്തിയില്ല. ഇന്ദ്രിയങ്ങൾ നിശ്ചലമാകും. അങ്ങനെ നിശ്ചലമാകുന്ന ഇന്ദ്രിയങ്ങൾ പോലെ ഞങ്ങളുടെ മനസ്സ് അങ്ങയിൽ ഉറച്ച് നിൽക്കണം. ഇവിടെ കണ്ണ് എന്ന ഇന്ദ്രിയത്തെ മാത്രമാണ് പ്രത്യക്ഷത്തിൽ പറയുന്നതെങ്കിലും മനുഷ്യന്റെ മുഴുവൻ ഇന്ദ്രിയങ്ങളും ഇതിൽ ഉൾപ്പെടും. കാണുന്ന വസ്തുക്കളെല്ലാം മാറിയാലും കാണുന്ന കണ്ണിന് മാറ്റമില്ല. അത് ഒരു മാറ്റവും കൂടാതെ ഈ മാറ്റങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു. അതുപോലെ പരമാത്മാവും ലോകത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമാകാതെ സദാ ജ്വലിക്കുന്നു. മനുഷ്യൻ സാധാരണയായി ബഹിർമുഖമായി വർത്തിക്കുന്നു. അവന് അന്തർമുഖമായി ഈശ്വരനിൽ മനസ്സ് ഉറപ്പിച്ച് നിർവികാരനായി ജീവിക്കാനും കഴിയും. ഈ നില കൈവരുന്നത് ഈശ്വരാനുഗ്രഹം കൊണ്ടുതന്നെയായതുകൊണ്ട് ഈശ്വരനോട് നാം ഇതിനുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ നില സാക്ഷാത്കരിച്ച വ്യക്തിയെന്ന നിലയിലാണ് ഗുരുദേവൻ നമ്മോടിങ്ങനെ പറയുന്നത്.

### വരികൾ

'അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അന്നവസ്ത്രാദി | = | ഭക്ഷണം, വസ്ത്രം തുടങ്ങിയവ |
| മുട്ടാതെ | = | മുടക്കം വരുത്താതെ |
| തമ്പുരാൻ | = | ദൈവം |

### ആശയ വിശദീകരണം

മനുഷ്യജീവിതത്തിന്റെ മുന്നോട്ടുപോക്കിന് ഏറ്റവും പ്രധാനമായ ഭക്ഷണവും വസ്ത്രവും മുടക്കം കൂടാതെ തന്ന് ഞങ്ങളെ രക്ഷിച്ചുപോരുകയും ധന്യരാക്കുകയും ചെയ്യുന്ന നീ (ദൈവം) ഒരാൾ മാത്രമാണ് ഞങ്ങൾക്ക് തമ്പുരാൻ എന്ന് പറയുന്നു. ഇവിടെ അന്നവും ഭക്ഷണവും ഞങ്ങൾക്ക് തരണേ എന്ന് പ്രാർത്ഥിക്കുകയല്ല മറിച്ച്, അന്നവും വസ്ത്രവും തന്ന് രക്ഷിക്കുന്നതിൽ നന്ദി അറിയിക്കുകയാണ്. അന്നം, വസ്ത്രം തുടങ്ങിയവയൊക്കെയും, യാതൊരു മുടക്കവും വരുവാൻ ഇടയാകാതെ നല്കിയിട്ട്, രോഗബാധയോ ശത്രുബാധയോ മറ്റോ വരാതെ പരിപാലിച്ച്, ഞങ്ങളെ ധന്യരാക്കുന്ന കൃതകൃത്യരാക്കുന്ന, അവിടന്ന് ഒരുവൻ തന്നെയാണ് ഞങ്ങൾക്ക് തമ്പുരാൻ. സോദരഭാവത്തിൽ ഒത്തുചേർന്നിരിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും നാഥനായുള്ളവൻ. ഗുരുദേവൻ ഈ ശ്ലോകത്തിൽ ഇഹലോകത്തിൽ വർത്തിക്കുന്ന മനുഷ്യരുടെ ജീവസന്ധാരണത്തിനുള്ള ഉപാധിയെന്ന നിലയിൽ അന്നം, വസ്ത്രം മുതലായവയെപ്പറ്റി പറഞ്ഞിരിക്കുന്നു. ദേഹത്തോട് താദാത്മ്യം ഉള്ളിടത്തോളം കാലം മനുഷ്യന് ഇവയെല്ലാം അത്യന്താപേക്ഷിതമാണ്.

ഈ ശ്ലോകം ഗുരുദേവന്റെ ദർശനത്തിൽ ലൗകികവും ആത്മീയവും രണ്ടല്ല എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ്. ഞാൻ ശരീരമല്ല എന്ന നിലയെത്തുന്നതുവരെ ശരീരം കൊണ്ടുനടക്കുന്നതിന് അന്നം മുതലായവ അത്യന്താപേക്ഷിതമാണ്. ഇതെല്ലാം ദൈവകാരുണ്യം കൊണ്ടാണ് നമുക്ക് കിട്ടുന്നത്. ഭക്ഷണം കഴിക്കുന്നതിനുമുമ്പ് ദൈവത്തെ സ്തുതിക്കുന്നത് അതുകൊണ്ടാണ്.

### വരികൾ

'ആഴിയും തിരയും കാറ്റു-
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആഴി | = | സമുദ്രം |
| മായ | = | മിഥ്യ |
| മഹിമ | = | മഹത്വം |

### ആശയ വിശദീകരണം

തിരയും കാറ്റും ആഴവും ചേരുമ്പോഴാണ് ജലാശയം ആഴിയായിത്തീരുന്നത്. അതായത് തിരയും കാറ്റും ആഴവും എല്ലാം ആഴിക്കുള്ളിൽ തന്നെയുള്ളവയാണ്. അവ ആഴിയുടെ ഭാഗം തന്നെയാണ്. എല്ലാം കൂടിച്ചേർന്നാണ് ഒരു വ്യവസ്ഥയാകുന്നത്. ഒന്നിനും വേറിട്ട അസ്തിത്വമില്ല. അതുപോലെയാണ് ഞങ്ങളുടെ മായയും നിന്റെ മഹിമയും നീയും (ദൈവം) എന്ന തിരിച്ചറിവ് ഞങ്ങൾക്ക് ഉണ്ടാകുമാറാകണം. ശാന്തമായ സമുദ്രത്തിൽ കാറ്റു വീശുമ്പോൾ തിരകൾ ഉണ്ടാകുന്നു. സമുദ്രത്തിന്റെ ആഴം അതേപടി ഇരിക്കുന്നു. ആഴം എന്ന നിലയിൽ സ്വന്തം നിലയിൽ മാറ്റം ഒന്നും കൂടാതെ എപ്പോഴും ഒരുപോലെ സ്ഥിതിചെയ്യുന്നു. ആഴി എന്ന നിലയിൽ നമ്മൾ പരമാർത്ഥത്തിൽ മാറ്റം കൂടാതെ നിശ്ചലമായി വർത്തിക്കുന്നുണ്ടെങ്കിലും ഉപരിതലത്തിൽ മായയ്ക്ക് അധീനരാകുന്നു. അതുകൊണ്ട് മായയെ തിരകളോട് ഉപമിച്ചിരിക്കുന്നു. ഈ തിരകൾ ഉണ്ടാകുന്നതിന് കാരണമായ കാറ്റിനെ ഈശ്വരന്റെ മഹിമ എന്നാണ് പറഞ്ഞിരിക്കുന്നത്. ഈശ്വരന്റെ മഹിമ കാരണമാണ് മായ ഉണ്ടാകുന്നത്. ഈ മായയാണ് വിഭിന്ന മനുഷ്യശരീരങ്ങൾ ഉള്ളതുപോലെ തോന്നിപ്പിക്കുന്നത്. ആഴിയിൽ നമ്മൾ ഒന്നായി തന്നെ വർത്തിക്കുന്നു. ആഴി, തിര, കാറ്റ്, മുതലായവ പ്രത്യക്ഷത്തിൽ അറിയാൻ കഴിയുന്നവയാണ്. എന്നാൽ ആഴം എന്നത് ബുദ്ധിഗ്രാഹ്യമാണ്. അതിനാലാണ് ഈശ്വരനെ ആഴത്തോട് ഉപമിച്ചിരിക്കുന്നത്. അതുപോലെ ഈശ്വരതത്ത്വത്തെ പറ്റി പറയുമ്പോഴും ബുദ്ധിഗ്രാഹ്യം, അതീന്ദ്രിയം എന്നൊക്കെയാണ് ഉപനിഷത്തുകളിലും ഗീതയിലും പറയുന്നത്. തിരകൾ മനുഷ്യരുടെ ദേഹങ്ങളെ കുറിക്കുന്നു. ദേഹം മായയിൽ ഉൾപ്പെടും. ദേഹം നിമിത്തം മനുഷ്യതലത്തിൽ തോന്നുന്ന നാനാത്വം മായ കാരണമാണ്. ആഴിയെന്ന നിലയിൽ അതായത് ആത്മാവ് എന്ന നിലയിൽ നമ്മൾ ഒന്നാണ്.

### വരികൾ

'നീയല്ലോ സൃഷ്ടിയും സ്രഷ്ടാ
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ, സൃഷ്ടി
ക്കുള്ള സാമഗ്രിയായതും'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സ്രഷ്ടാവ് | = | സൃഷ്ടിക്കുന്നവൻ (നിർമ്മിക്കുന്നവൻ ) |
| സാമഗ്രി | = | സാധനം |
| സൃഷ്ടിജാലം | = | സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ |

### ആശയ വിശദീകരണം

സൃഷ്ടിക്രിയയും അത് ചെയ്യുന്ന കർത്താവും (സ്രഷ്ടാവ്) സൃഷ്ടിക്കുള്ള സാധനവും സൃഷ്ടിക്കപ്പെട്ടവസ്തുക്കളും എല്ലാം ദൈവം തന്നെ എന്ന് പറയുന്നു. ദൈവത്തിൽ നിന്ന് വേറിട്ട് ഒന്നുമില്ല. ഏതെങ്കിലും ഒന്നുണ്ടാകണമെങ്കിൽ ഒരു വ്യാപാരം കൂടിയേ തീരൂ. വ്യാപാരം അഥവാ ക്രിയ ആരാണോ പ്രയോഗിക്കുന്നത് അവനാണ് കർത്താവ്. ഇവിടെ ഒന്നാമതായി നീയല്ലോ സൃഷ്ടിയും എന്നു പറഞ്ഞതിൽ നിന്നും ജഗത്തിന്റെ സൃഷ്ടി എന്ന വ്യാപാരം ദൈവത്തിൽ നിന്ന് അഭിന്നമാണെന്ന് മനസ്സിലാക്കണം. അതായത് സൃഷ്ടി എന്ന ക്രിയയും, കർത്താവ് അഥവാ ക്രിയാവാനും ദൈവം തന്നെയാണ്, സൃഷ്ടിക്കപ്പെട്ടവയുടെ കൂട്ടവും നീ തന്നെയാണ്. സൃഷ്ടി എന്ന പദത്തിന് കാര്യമെന്നർത്ഥം. കാര്യത്തിന് എന്തെല്ലാമാണോ കാരണമെന്ന നിലയിൽ വേണ്ടത് അതു തന്നെയാണ് സാമഗ്രി. അതുപോലെ പ്രപഞ്ചമാകുന്ന കാര്യത്തിന് എന്തെല്ലാം കാരണങ്ങളായിട്ടുണ്ടോ അതൊ

ക്കെയും ദൈവം തന്നെ. വെറുതെ സൃഷ്ടിയിൽ ഉൾപ്പെടുന്ന വ്യക്തിയെന്ന നിലയിലല്ല മനുഷ്യ രിവിടെ പ്രാർത്ഥിക്കുന്നത്. സൃഷ്ടികർത്താവി നോട് താദാത്മ്യം പ്രാപിക്കുകയും അതേസമ യം തന്നെ സ്രഷ്ടാവിനും സൃഷ്ടിക്കും തമ്മിലുള്ള പരസ്പരബന്ധത്തെ മാനിക്കുകയും ചെയ്യുന്ന തുകൊണ്ടാണ് നാം പ്രാർത്ഥന നടത്തുന്നത്.

## വരികൾ

'നീയല്ലോ മായയും മായാ
വിയും മായാവിനോദനും

നീയല്ലോ മായയെ നീക്കി-
സായൂജ്യം നൽകുമാര്യനും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| മായാവി നോദൻ | = | മായകൊണ്ട് കളിക്കുന്നവൻ |
| സായൂജ്യം | = | മോക്ഷം |
| ആര്യൻ | = | ശ്രേഷ്ഠൻ. |

## ആശയ വിശദീകരണം

ദൈവം തന്നെയാണ് മായയും മായാവിയും മായാവിനോദനും. ആത്മീയവാദചിന്ത പ്രകാരം ഈ പ്രപഞ്ചമെന്നത് യാഥാർത്ഥ്യ മല്ല. അത് മായ(മിഥ്യ)യാണ്. മായയും മായ സൃഷ്ടിക്കുന്ന മായാവിയും ആ സൃഷ്ടിയിൽ ആനന്ദം കണ്ടെത്തുന്ന മായാവിനോദനും ദൈവം തന്നെയാണ്. എന്നാൽ ഈ മായാരഹസ്യത്തിൽ നിന്ന് മനുഷ്യനെ രക്ഷിച്ച് മോക്ഷം നൽകുന്ന ഗുരുവും ദൈവം തന്നെയാണ്. പ്രപഞ്ചമാകുന്ന കാര്യത്തിന് കാരണമായ ഒരു ശക്തിയാണ് മായ. ഗുരുദേവന്റെ ദർശനത്തിൽ മായ, ബ്രഹ്മത്തിന്റെ ശക്തിയും അതോടൊപ്പം തന്നെ ബ്രഹ്മത്തിൽ നിന്ന് അഭിന്നവുമാണ്. അതുകൊണ്ടാണ് മായയും നീ തന്നെയാണ് എന്ന് പറഞ്ഞിരിക്കുന്നത്. നീ തന്നെയാണ് മായാവി (മായയോട് കൂടിയവൻ). എന്നാൽ മായാവി മായാവിധേയനല്ല. മായയാകുന്ന വിനോദത്തോട്കൂടിയവനാണ് മായാവിനോദൻ. ഈ പദം ജീവനെ നിർദ്ദേശിക്കുന്നു. ഒരു മായാവി പ്രയോഗിക്കുന്ന മായ കണ്ട് വിനോദിക്കുന്ന കൂട്ടരുടെ സ്ഥാനമാണ് ജീവനുള്ളത്. മായ കൊണ്ടാണ് ആത്മാവിന് ജീവഭാവം ഉള്ളതായി തോന്നുന്നത്. മായ നീങ്ങിയാൽ മാത്രമേ ജീവൻ തന്റെ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് മുക്തനാകുകയുള്ളൂ. അപ്രകാരമുള്ള മായയെ പാടേ മാറ്റി ഞങ്ങൾക്ക് അവിടുത്തോട് സായൂജ്യം (കൂടി ചേർന്നുള്ള നില) നൽകുന്ന ആര്യനും അവിടുന്ന് തന്നെയാണ്. മായയെ തരണം ചെയ്യുന്നതിന് ഈശ്വരഭക്തി തന്നെയാണ് ഉപായം. ഗുരുദേവന്റെ ദർശനത്തിൽ ബ്രഹ്മത്തിൽ നിന്നും മായാശക്തി ഭിന്നമല്ല. പാലിൽ നിന്നും വെളുപ്പു നിറത്തെ വേർതിരിക്കാൻ കഴിയാത്തതുപോലെ ബ്രഹ്മവും മായയും അഭിന്നമാണ്. മായ കാരണമാണ് മായാവിയും മായാവിനോദനും രണ്ടാണ് എന്ന തോന്നൽ ജീവന് ഉണ്ടാകുന്നത്.

## വരികൾ

'നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും

ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ'

## ആശയ വിശദീകരണം

ദൈവമേ! നീ സത്യവും ജ്ഞാനവും ആനന്ദവുമാകുന്നു. സത്യമെന്നാൽ ശരി. ശരി തിരിച്ചറിയുന്നതാണ് അറിവ് അഥവാ ജ്ഞാനം. ജ്ഞാനം നേടുമ്പോൾ ആനന്ദമുണ്ടാകുന്നു. മനുഷ്യജീവിതത്തിലെ മൂന്ന് കാലങ്ങളായ ഭൂതം, വർത്തമാനം, ഭാവി എന്നിവയും നീ തന്നെ. നീ സത്യസ്വരൂപനാകുന്നു. യാതൊന്നാണോ മൂന്ന് കാലത്തിലും ഉള്ളത് അതാണ് പാരമാർത്ഥിക സത്യമായത്. സത്യം, ജ്ഞാനം, ആനന്ദം എന്നിവ മൂന്നും ബ്രഹ്മത്തിന്റെ സ്വരൂപങ്ങളാകുന്നു. ദൈവമേ! അവിടുന്നു തന്നെയാണ് വർത്തമാനവും ഭൂതവും ഭാവിയും. ആലോചിച്ചുനോക്കിയാൽ ഓതുന്ന മൊഴിയും, വേദരൂപത്തിലുള്ള വാക്കും നീ തന്നെയാണ്. ബ്രഹ്മത്തെ അറിയാൻ പ്രമാണമായിട്ടുള്ളത് വേദങ്ങളാണ്. ആ വേദങ്ങളും നീ തന്നെയാണ്. കാലം ഏകകമാണ്. വ്യവഹാരത്തിന് വേണ്ടി ഭേദം കല്പി

ച്ചിരിക്കുന്നു. കാലാതീതൻ ആയാൽ മാത്രമേ ഈശ്വരനിൽ എത്തുകയുള്ളൂ. ഭൂമി കറങ്ങുന്നതുകൊണ്ടുമാത്രം തോന്നുന്നതാണ് രാത്രി, പകൽ എന്നൊക്കെ. അങ്ങനെ നോക്കുമ്പോൾ ഇന്നലെ, ഇന്ന്, നാളെ - ഭൂതം, വർത്തമാനം, ഭാവി എന്നൊക്കെ പറയുന്നത് പരമാർത്ഥത്തിൽ ഇല്ലാത്തതാണ്.

## വരികൾ

'അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അകവും പുറവും | = | മനുഷ്യന്റെ ഉള്ളിലും പുറത്തും |
| തിങ്ങുക | = | നിറഞ്ഞുനിൽക്കുക |
| മഹിമാവാർന്ന | = | മഹിമയാർന്ന |
| നിൻപദം | = | നിന്റെ പാദങ്ങൾ |

## ആശയ വിശദീകരണം

അകവും പുറവും തിങ്ങിനിൽക്കുന്ന മഹിമാവാർന്ന നിന്റെ പാദങ്ങൾ ഞങ്ങൾ പുകഴ്ത്തുന്നു, ഭഗവാനേ അങ്ങ് ജയിക്കുക. അവിടുത്തെ സ്ഥാനത്തെ സർവ്വോത്തരമായി ഞങ്ങൾ വാഴ്ത്തുന്നു. ഭഗവാനേ അങ്ങ് സർവ്വോത്കർഷേണ വർത്തിച്ചാലും. ദേഹത്തോട് കുടിയിരിക്കുന്ന മനുഷ്യരാണ് പ്രാർത്ഥിക്കുന്നത്. അതുകൊണ്ടാണ് അകവും പുറവും എന്ന് ഇവിടെ പറയുന്നത്. നമ്മുടെ ദേഹങ്ങളിൽ നടക്കുന്ന എല്ലാ ക്രിയകൾക്കും ദൈവം തന്നെ കാരണം. അതുപോലെതന്നെ വെളിയിൽ നടക്കുന്ന എല്ലാ കർമ്മങ്ങൾക്കും കാരണം ദൈവമാണ്. ഭഗവാൻ വിജയിക്കുക എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് ഈശ്വരാധീനമായ ധർമ്മം നിലനിൽക്കട്ടെയെന്നാണ്. സാധാരണ മനുഷ്യൻ സ്ഥൂലദൃഷ്ട്യാ ലോകത്തെ കാണുമ്പോൾ തിന്മയെയും പരാജയത്തെയും മാത്രമേ കാണുന്നുള്ളൂ. ഇതിനെല്ലാമുപരി ദൈവത്തിന്റെ വിജയം കാണണമെങ്കിൽ ദൈവം നന്മയുടെ ഉറവിടമാണെന്നുള്ള ബോധം നമുക്ക് ഉണ്ടായിരിക്കണം. അതുകൊണ്ട് തന്നെയാണ് ഇവിടെ ഭഗവാനേ അങ്ങ് ജയിക്കുക എന്ന് പ്രാർത്ഥിക്കുന്നത്.

## വരികൾ

'ജയിക്കുക മഹാദേവ,
ദീനാവനപരായണ,
ജയിക്കുക ചിദാനന്ദ,
ദയാസിന്ധോ, ജയിക്കുക.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| മഹാദേവൻ | = | ശിവൻ |
| ദീനാവന | = | രക്ഷിക്കുന്നതിൽ |
| പരായണൻ | | താല്പര്യമുള്ളവൻ |
| ചിദാനന്ദൻ | = | ആനന്ദിപ്പിക്കുന്നവൻ |
| ദയാസിന്ധു | = | ദയാസമുദ്രം |
| കരുണാവാരിധി | = | കരുണയുള്ളവൻ |

## ആശയ വിശദീകരണം

മഹാദേവനും ദീനന്മാരെ രക്ഷിക്കുന്നതിൽ താല്പര്യമുള്ളവനും മറ്റുള്ളവരുടെ മനസ്സിനെ ആനന്ദിപ്പിക്കുന്നവനും കരുണാവാരിധിയുമായ ദൈവമേ അങ്ങ് ജയിച്ചാലും. ദയയും ആനന്ദവും കാരുണ്യവുമൊക്കെ ഉന്നതമായ മാനുഷിക മൂല്യങ്ങളാണ്. ഇത് മനുഷ്യൻ മറ്റ് ജീവജാലങ്ങളോട് വച്ചുപുലർത്തേണ്ടതാണ് എന്ന സന്ദേശം ഈ വരികളിൽ ഉൾക്കൊള്ളുന്നുണ്ട്. ഗുരു തന്റെ ചിന്തയിൽ എപ്പോഴും അപരരെക്കുറിച്ചുള്ള കരുതൽ പ്രകടിപ്പിച്ചിരുന്നു. അവനവൻ ആത്മസുഖത്തിന് ആചരിക്കുന്നത് അപരന്റെ സുഖത്തിനായ് വരണമെന്ന് പറയുന്നതിന്റെ അടിസ്ഥാനം ഇതാണ്. ദൈവത്തെ ദീനാവനപരായണൻ, ചിദാനന്ദൻ, ദയാസിന്ധു എന്നെല്ലാം പറയുന്നതിലൂടെ തന്റെ ചിന്തകളിലെ അപരരെക്കുറിച്ചുള്ള കരുതൽ തന്റെ ദൈവസങ്കല്പത്തിലും ഗുരു ആവർത്തിക്കുകയാണ്. മഹാദേവ എന്ന പദം പരമാത്മാവിനെ സൂചിപ്പിക്കുന്നു. സമുദ്രത്തിന്റെ ആഴവും പരപ്പും അളക്കാൻ പറ്റാത്തതുപോലെ ദൈവത്തിന്റെ ദയയ്ക്ക് ആഴമോ അതിരോ കാണാൻ പറ്റുന്നതല്ല.

അതുകൊണ്ടു തന്നെ ഈ ലോകത്തിന്റെ സ്ഥിതി മുഴുവനും ഈശ്വരന്റെ കാരുണ്യവും ശക്തിയും ആനന്ദവും ആണ് എന്ന വസ്തുത ഇതിൽ നിന്നു വ്യക്തമാകുന്നു.

## വരികൾ

'ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആഴമേറും | = | ആഴമുള്ള |
| മഹസ്സ് | = | ജ്യോതിസ്സ് |
| ആഴി | = | സമുദ്രം |
| ആഴണം | = | മുങ്ങണം |
| വാഴണം | = | ജീവിക്കണം. |

## ആശയ വിശദീകരണം

നിന്റെ ജ്യോതിസ്സാകുന്ന ആഴമുള്ള സമുദ്രത്തിൽ ഞങ്ങൾ ഒന്നൊഴിയാതെ എല്ലാവരും ആണ്ട്, അതിൽ നിത്യം സുഖമായി വാഴണം. ദൈവത്തിന്റെ മഹസ്സാകുന്ന ആഴിയുടെ സർവ്വാതിശയിയാകുന്ന ആഴത്തിൽ നല്ലതുപോലെ ആണ്ട് വാഴണം എന്നു തന്നെയല്ല ആ നിലയിൽ എന്നെന്നും നിത്യജീവിതം നയിക്കുമാറാകണം, സുഖമായി വാഴുമാറാകണം. അതായത്, ആത്മാവിന്റെ ലക്ഷണമാണ് സുഖം. ജനനമരണാത്മകമായ സംസാരത്തിൽ നിന്നും അപുനരാവൃത്തിരൂപമായ മോക്ഷം ലഭിക്കുകയെന്നതുതന്നെയാണ് ആത്മാവിന്റെ ആ സുഖസ്വരൂപത. ആ അനുഗ്രഹം ദൈവദശകത്തിന്റെ ശ്രദ്ധയോടെയുള്ള അനവരതമായ പരിശീലനത്താൽ നാം സഫലമാക്കേണ്ടതാണ്. ഈ ശ്ലോകത്തെ സാധാരണജനങ്ങൾ ഇഹലോകസുഖത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന രീതിയിലെടുത്താൽ "ഞങ്ങളാകവേ''എന്നതിന്റെ അർത്ഥം ഞങ്ങളെല്ലാവരും എന്ന് സിദ്ധമാകും. അതായത് ഈശ്വരകാരുണ്യത്താൽ നമ്മുടെ എല്ലാവരുടേയും നിത്യജീവിതം സുഖമായിത്തീരണം എന്ന് ഒരർത്ഥം. എന്നാൽ 'നിത്യം', 'സുഖം' എന്നീ വാക്കുകളെ ആത്യന്തികമായ മോക്ഷം എന്ന അർത്ഥത്തിൽ എടുക്കുമ്പോൾ ആഴണം, വാഴണം എന്ന പ്രയോഗത്തിന് ആത്യന്തികമായ മോക്ഷം എന്നർത്ഥം.

## കാവ്യാവലോകനം

ദൈവത്തെ ജീവിതസാഗരം തരണം ചെയ്യുന്നതിനുള്ള ആവിക്കപ്പലിന്റെ നാവികനായി കല്പിച്ചുകൊണ്ടാണ് ഗുരു ഈ കാവ്യം ആരംഭിക്കുന്നത്. ഏതെങ്കിലും പ്രത്യേക മതത്തിന്റെ ദൈവസങ്കല്പങ്ങളുമായി ദൈവമെന്ന ആശയത്തെ ബന്ധപ്പെടുത്താതെ മുന്നോട്ടുപോകുന്ന ഗുരു അന്നവസ്ത്രാദികൾ മുട്ടാതെ തന്ന് രക്ഷിച്ച് ഞങ്ങളെ ധന്യരാക്കുന്ന നീയൊന്നു തന്നെ ഞങ്ങൾക്ക് തമ്പുരാൻ എന്ന് ദൈവത്തെ വിശേഷിപ്പിക്കുന്നു. ആഴിയും തിരയും കാറ്റും ആഴവും പോലെയാണ് ഞങ്ങളും മായയും നിൻ മഹിമയും നീയുമെന്ന് ഞങ്ങൾക്ക് തിരിച്ചറിവ് ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നു. അടുത്ത ശ്ലോകത്തിൽ സൃഷ്ടിയും സ്രഷ്ടാവും സൃഷ്ടിജാലവും സൃഷ്ടിക്കുള്ള സാമഗ്രിയും ദൈവം തന്നെയാണെന്ന് പറയുന്നു. അടുത്ത ഭാഗങ്ങളിലും ദൈവമെന്താണെന്ന് വിശദമാക്കാനുള്ള ശ്രമങ്ങളാണ് ഗുരു നടത്തുന്നത്. ദൈവം ഒരേ സമയം മായയും മായാവിയും മായാവിനോദനും മായയെ നീക്കി സായൂജ്യം നൽകുന്ന ശ്രേഷ്ഠനുമാണെന്ന് പറയുന്നു. തുടർന്ന് ദൈവം സത്യവും ജ്ഞാനവും ആനന്ദവുമാണെന്നും മനുഷ്യനെ സംബന്ധിക്കുന്ന ത്രികാലങ്ങളാണെന്നും മനുഷ്യൻ സംസാരിക്കുന്ന വാക്കുമാണെന്നും പറയുന്നു. ദൈവത്തെ ഉന്നതമായ മാനവികമൂല്യങ്ങളുടെ വിളനിലമായി കാണുകയും ദൈവത്തിന്റെ തേജസ്സിൽ ആഴ്ന്നിറങ്ങി ഞങ്ങൾക്ക് നിത്യവും വാഴണം എന്ന് പറയുകയും ചെയ്താണ് കാവ്യം അവസാനിപ്പിക്കുന്നത്.

മതാതീതമായ ഒരു ദൈവസങ്കല്പത്തിലേക്ക് ഗുരുവിനെ നയിക്കുന്നത് കേരളീയ നവോത്ഥാനത്തിന്റെ സ്വാധീനമാണെന്ന് നിസ്സംശയം പറയാം. സത്യവും ജ്ഞാനവും ആനന്ദവും കരുണയുമാണ് ഗുരുവിന്റെ സങ്കല്പത്തിലെ ദൈവം. ഉന്നതമായ മാനവികമൂല്യങ്ങൾക്കും മനുഷ്യന്റെ

ഭൗതികമായ ആവശ്യങ്ങൾക്കും ഗുരു തന്റെ ദൈവസങ്കല്പത്തിൽ പരിഗണന നൽകുന്നുണ്ട്. ചുരുക്കത്തിൽ ദൈവമെന്നത് മനുഷ്യസമുദായത്തിന് ഗുണപ്രദമായിത്തീരുന്ന ഒന്നാകുന്നു എന്ന ആശയമാണ് ഗുരു മുന്നോട്ടുവയ്ക്കുന്നത്.

'ദൈവദശകം' എന്ന കൃതിയിൽ സൃഷ്ടികർത്താവ് എന്ന നിലയിൽ നാം ദൈവത്തെ കാണുന്നു. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടിയിൽപ്പെടുന്നവരാണ്. അതുകൊണ്ട് ഈശ്വരാനുഭൂതി അപരോക്ഷമായി അനുഭവിക്കാത്തിടത്തോളം കാലം ദൈവത്തെ സൃഷ്ടികർത്താവ് എന്ന നിലയിലേ കാണാൻ കഴിയൂ. അതൊടൊപ്പം തന്നെ ഓരോ സൃഷ്ടിയും ദൈവത്തെ പ്രതിനിധാനം ചെയ്യുന്നുമുണ്ട്. ഉപരിതലയാഥാർത്ഥ്യത്തിന്റെ പിന്നിലുള്ള ഈ നിഗൂഢതയെ മനസ്സിലാക്കുക എന്നത് ഏറെ ശ്രമകരമാണ്. ഈ നിഗൂഢതയെ ഒരു പ്രശ്നമായി കാണരുത് എന്നാണ് ഗുരുദേവനെ പോലെയുള്ള ആചാര്യന്മാർ പറയുന്നത്. പകരം ദൈവദശകം പഠിക്കുമ്പോൾ നാം ഈ നിഗൂഢതയെ പരിപൂർണ്ണമായ വിശ്വാസത്തോടുകൂടി അംഗീകരിക്കണം. ഈ നിഗൂഢതയുടെ മുന്നിൽ മനുഷ്യൻ നിസ്സഹായനാണ്. അവന് നിസ്സഹായതയിൽ നിന്നും രക്ഷ നേടണമെങ്കിൽ ഈ നിസ്സഹായതയെ തന്നെ ദൈവത്തിന്റെ പേരിൽ അംഗീകരിക്കണം. ദൈവദശകം ചൊല്ലുന്നത് ജീവിതത്തിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗമെന്ന നിലയിലല്ല. ജീവിതത്തിൽ വരുന്ന എല്ലാ സുഖദുഃഖങ്ങളെയും ദൈവത്തിന്റെ നീതിയ്ക്കും അനുഗ്രഹത്തിനും വിട്ടുകൊടുക്കുന്നതിലാണ് ദൈവദശകത്തിലെ രഹസ്യം അടങ്ങിയിരിക്കുന്നത്. അതുകൊണ്ടാണ് 'ദൈവദശകം' പോലുള്ള കൃതികൾ ഇന്നും എന്നും പ്രസക്തമാവുന്നത്.

## Recap

- ദൈവത്തിന് മാനുഷികമൂല്യങ്ങൾ കല്പിക്കുന്നു, മതാതീത ദൈവസങ്കല്പം
- ദാർശനികചിന്തകളെ സൗന്ദര്യാത്മകമായി ആവിഷ്ക്കരിക്കുന്നു എന്നതാണ് ഗുരുദേവന്റെ കാവ്യലോകത്തിന്റെ പ്രധാന സവിശേഷത
- നവോത്ഥാന ആശയങ്ങളുടെ പ്രതിഫലനമാണ് ഗുരുദേവകൃതികളിൽ കാണുന്നത്
- മനുഷ്യന് ജീവിതസാഗരം തരണം ചെയ്യാനുള്ള മാർഗ്ഗം ദൈവമാണെന്ന് ഓർമ്മിപ്പിക്കുന്നു
- മാനുഷിക മൂല്യങ്ങളുടെ വിളനിലമായി ദൈവത്തെ കാണുന്നു

## Objective Type Questions

1. ദൈവത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
2. ജീവിതസാഗരം കടക്കാനുള്ള ആവിക്കപ്പലായി കാണുന്നതെന്തിനെയാണ്?
3. സംസാരസാഗരം കടക്കാനുള്ള ആവിക്കപ്പലിന്റെ നാവികൻ ആര്?
4. മനുഷ്യന്റെ മനസ്സ് ആരിലാണ് ഉറച്ച് നിൽക്കേണ്ടത്?
5. അന്നവസ്ത്രാദികൾ മുടക്കം വരാതെ നൽകുന്നതാരാണ്?
6. ചരാചരങ്ങൾ, ദൈവം, മായ, ദൈവമഹിമ എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച തിരിച്ചറിവുണ്ടാകേണ്ടതാർക്കാണ്?
7. ദൈവത്തെ എന്തൊക്കെയായി കരുതുന്നു?
8. സംസാരിക്കുന്ന വാക്കിനെ എന്തായി കരുതുന്നു?
9. ഗുരുവിന്റെ പ്രശസ്തമായ തമിഴ് കൃതി ഏത്?

## Answers to Objective Type Questions

1. ജീവിതസാഗരം തരണം ചെയ്യാനുള്ള ആവിക്കപ്പലിന്റെ നാവികനോട്
2. ദൈവത്തിന്റെ പാദങ്ങളെ
3. ദൈവം
4. ദൈവത്തിൽ
5. ദൈവം
6. മനുഷ്യന്
7. സത്യം, ജ്ഞാനം, ആനന്ദം
8. ദൈവം
9. തേവാരപതികങ്ങൾ

## Assignments

1. 'ദൈവദശകം' എന്ന കൃതിയുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.
2. കേരളീയനവോത്ഥാനവും അതിന്റെ പ്രത്യേകതകളും വിവരിക്കുക.
3. നവോത്ഥാന ആശയങ്ങളുടെ പ്രതിഫലനമാണ് ഗുരുദേവകൃതികളിൽ കാണുന്നത്. വിശകലനം ചെയ്യുക.

## Reference


1. മുനി നാരായണപ്രസാദ് - നാരായണഗുരു സമ്പൂർണ്ണകൃതികൾ - സാരാംശവും അവതാരികയും, നാരായണ ഗുരുകുലം, വർക്കല.
2. ഡോ.ടി. ഭാസ്കരൻ - ശ്രീനാരായണഗുരുവിന്റെ സമ്പൂർണ്ണകൃതികൾ - വ്യാഖ്യാനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. വള്ളിക്കാവ് മോഹൻദാസ് - ശ്രീനാരായണസാഹിത്യദർശനം - സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. ഡോ. താര. കെ.വി - ദൈവദശകം - പാഠവും പഠനവും , സംസ്കൃത വിഭാഗം ശ്രീനാരായണ കോളേജ്, കൊല്ലം.


## E-content



ശ്രീനാരായണഗുരു

https://ml.wikipedia.org/wiki/ദൈവദശകം
https://youtu.be/PTAtcamstUs

# യൂണിറ്റ് - 2
# കാണുന്നില്ലോരക്ഷരവും എന്ന പാട്ട്
### പൊയ്കയിൽ കുമാരഗുരു

## Learning Outcomes

- പൊയ്കയിൽ കുമാരഗുരുവിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- പൊയ്കയിൽ കുമാരഗുരുവിന്റെ കാവ്യജീവിതത്തിൽ 'കാണുന്നില്ലോരക്ഷരവും' എന്ന കവിതയുടെ ഇടം മനസിലാക്കുന്നു
- നവോത്ഥാനകാലത്തെ കവിതയുടെ സവിശേഷതകൾ മനസിലാക്കുന്നു
- ദളിത് സാഹിത്യത്തെക്കുറിച്ച് മനസിലാക്കുന്നു
- ഈ കവിതയുടെ വായനാസാധ്യതകൾ കണ്ടെത്തുന്നു

## Prerequisites

നവോത്ഥാനനായകനായ പൊയ്കയിൽ കുമാരഗുരുവിനെക്കുറിച്ച് കേൾക്കാത്തവർ ചുരുക്കമായിരിക്കും. ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം മൗലവി, വി.ടി. ഭട്ടതിരിപ്പാട്, പൊയ്കയിൽ കുമാരഗുരു തുടങ്ങിയ ഒട്ടേറെ മഹാത്മാക്കളുടെ നിരന്തരമായ പോരാട്ടത്തി ലൂടെയാണ് കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ആരംഭിക്കുന്നത്. ജാതിവിരുദ്ധ പോരാട്ടങ്ങൾക്കും അടിമവിമോചനത്തിനും വേണ്ടി സന്ധിയില്ലാതെ സമരം ചെയ്ത പൊയ്കയിൽ കുമാരഗുരുവിന്റെ കവിതയാണ് 'കാണുന്നില്ലോരക്ഷരവും'.

പൊയ്കയിൽ കുമാരഗുരുദേവൻ, പൊയ്കയിൽ അപ്പച്ചൻ, പൊയ്കയിൽ യോഹന്നാൻ എന്നീ പേരുകളിൽ പൊയ്കയിൽ കുമാരഗുരു അറിയപ്പെടുന്നു. സാമൂഹിക പ്രവർത്തകൻ, നവോത്ഥാനനായകൻ, കവി, ഗാനരചയിതാവ് എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ തുടക്കക്കാരനാണ് അദ്ദേഹം. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ ജ്ഞാനവിഷയങ്ങളിൽ ഏറെ പ്രധാനപ്പെട്ട പരികൽപ്പനയാണ് വംശം. ചരിത്രത്തിൽ നിന്ന് പുറത്താക്കപ്പെട്ട വംശത്തെയാണ് കുമാരഗുരു എന്ന പൊയ്കയിൽ അപ്പച്ചൻ കണ്ടെടുക്കുന്നത്. അടയാളപ്പെടുത്താതെ പോയ തങ്ങളുടെ ചരിത്രത്തിലേയ്ക്ക് നോക്കി അദ്ദേഹം നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ജാതിയാൽ വേർതിരിക്കപ്പെട്ട ജനതയുടെ ഉള്ളിൽ തങ്ങളുടെ വംശത്തിന്റെ കഥ അന്വേഷിച്ചു പോകാനുള്ള പ്രേരണ അദ്ദേഹം പകർന്നു നൽകുന്നു. ജാതീയമായി ഉച്ചനീചത്വങ്ങൾ കൊടികുത്തിവാണിരുന്ന കാലത്തിന്റെ പ്രതിനിധിയാണ് പൊയ്കയിൽ അപ്പച്ചൻ. ജാതീയമായ ഉച്ചനീചത്വങ്ങൾ മൂലം ക്രിസ്തുമതം സ്വീകരിച്ചെങ്കിലും അവിടെയും നില ഭിന്നമല്ലെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ക്രിസ്ത്യൻ മതത്തിൽ നിന്നും പിൻമാറുകയും ഹിന്ദുവും ക്രിസ്ത്യനുമല്ലാത്ത ദ്രാവിഡ ദളിതൻ എന്ന നിലയിൽ മറ്റൊരിടം നിർമ്മിക്കുകയും ചെയ്തു. അധഃസ്ഥിതരുടെ പ്രതിനിധി എന്ന നിലയിൽ പൊയ്കയിൽ അപ്പച്ചൻ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂറിൽ അയിത്തമനുഭവിച്ചിരുന്ന ജാതിക്കാർക്കു പഠിക്കാനുള്ള ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം ഗവൺമെന്റിന്റെ അനുമതി വാങ്ങിക്കൊണ്ട് അദ്ദേഹം ആരംഭിച്ചു. അദ്ദേഹം പ്രസംഗങ്ങൾക്കും യോഗ

ങ്ങൾക്കുമിടയിൽ പാടിയുറപ്പിച്ച പാട്ടുകൾ നവോത്ഥാന മൂല്യങ്ങളെ ഉയർത്തിപ്പിടിയ്ക്കുന്നവയായിരുന്നു. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു പാട്ടാണ് 'കാണുന്നില്ലോരക്ഷരവും'. ദളിത് ജനതയുടെ വിമോചന പോരാട്ടത്തെ ഈ കവിത ഉയർത്തിപ്പിടിയ്ക്കുന്നു.

**ദളിത് സാഹിത്യം**

ഇന്ത്യയിൽ സവിശേഷമായ സാമൂഹിക അവസ്ഥ നേരിടുന്ന ജനവിഭാഗത്തെ സൂചിപ്പിക്കാനാണ് 'ദളിത്' എന്ന പദം ഉപയോഗിച്ച് വരുന്നത്. ദളിത് ജനതയുടെ കർതൃത്വപദവിയിലൂടെ നിർമ്മിതിമായ സാഹിത്യമാണ് ദളിത് സാഹിത്യം. ഉത്തരാധുനിക കാലം ദളിത് സാഹിത്യ കൃതികളെ പ്രോത്സാഹിപ്പിക്കുകയും ദളിതരായ ജനങ്ങൾ തങ്ങളുടെ പ്രാതിനിധ്യം ഉറപ്പിച്ചുകൊണ്ട് സാഹിത്യത്തിലേയ്ക്ക് കടന്നു വരികയും എഴുത്തിടങ്ങൾ നേടിയെടുക്കുകയും ചെയ്തു. സാഹിത്യം വിമോചനത്തിനുള്ള ഉപാധിയാണ് എന്ന് തിരിച്ചറിയുന്ന ഇക്കൂട്ടർ എഴുത്തിനെ രാഷ്ട്രീയ ജാഗ്രതയോടെ സമീപിച്ചു. ആത്മകഥാഖ്യാനങ്ങളിലൂടെയാണ് ദളിത് സാഹിത്യം സവിശേഷമായ ഒരു പഠനമേഖലയായി വികസിക്കുന്നത്. നാടൻ പാട്ടുകളും പഴഞ്ചൊല്ലുകളും വാമൊഴി കഥകളുമായിരുന്നു ദളിത് സാഹിത്യത്തിന്റെ ആദ്യത്തെ മാതൃകകൾ. എന്നാൽ സാഹിത്യത്തിന്റെ ലിഖിത രൂപത്തിലേക്ക് ദളിതർ കടന്നു വന്നിട്ട് അധികകാലമായിട്ടില്ല. സമ്പന്നമായ സാഹിത്യ ഭൂതകാലം ഇന്ത്യയിലെ ദളിത് ജനതയ്ക്ക് അവകാശപ്പെടാനുണ്ടായിരുന്നെങ്കിലും വലിയൊരു വിഭാഗം ജനങ്ങൾക്കും അക്ഷരാഭ്യാസം ലഭിക്കാൻ അവകാശമില്ലാതിരുന്നതിനാൽ അവർക്ക് എഴുത്തു ചരിത്രത്തിലേയ്ക്കു വേണ്ട നിലയിൽ കടന്നുവരാൻ കഴിഞ്ഞില്ല.

അയ്യങ്കാളി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയ നവോത്ഥാന നായകരുടെ ശ്രമങ്ങൾ കേരളത്തിലെ ദളിത് ജനതയുടെ വിമോചനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ദളിത് ജനതയുടെ ജീവിതാവിഷ്ക്കാരവും രാഷ്ട്രീയവുമായി ദളിത് സാഹിത്യം വികസിച്ചു. അതിന്റെ ആദ്യകാല മാതൃകകളായി കെ.പി.കറുപ്പന്റെയും പൊയ്കയിൽ കുമാരഗുരുവിന്റെയും കവിതകളെ വീക്ഷിക്കാം.

## Keywords

കേരളനവോത്ഥാനം - അടിമവിമോചനം - വിപ്ലവചിന്ത - ദളിത് രാഷ്ട്രീയം - ആത്മനിഷ്ഠത - ലളിതമായ ഭാഷ - കർത്തൃത്വപദവി - എഴുത്തധികാരം - കാലിക പ്രസക്തി

## 1.2.1 Content

അരികുവൽക്കരിക്കപ്പെട്ട ജനതയുടെ ചരിത്രത്തെ അന്വേഷിക്കുന്ന കവിതയാണ് പൊയ്കയിൽ അപ്പച്ചൻ രചിച്ച 'കാണുന്നില്ലോരക്ഷരവും'. ചരിത്രത്തിൽ ഇടമില്ലാതെ പോയ മുഴുവൻ ജനതയുടെയും ശബ്ദമായി മാറുകയാണ് കവി. എന്റെ ജനതയുടെ വംശത്തെപ്പറ്റി ഒരക്ഷരവും കാണുന്നില്ല എന്ന് പറയുന്ന കവി, അനേകം വംശങ്ങളുടെ ചരിത്രത്തിനിടയിൽ എങ്ങനെയാണു തങ്ങൾ അപ്രസക്തരായത് എന്ന് അന്വേഷിക്കുന്നു. തുടർന്ന് തങ്ങളുടെ ജനതയുടെ ചരിത്രം ആലേഖനം ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് മുന്നോട്ട് വരുന്നു.

### വരികൾ

'കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
..............................................
കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കാണുന്നില്ലോരക്ഷരവും | = | ഒരു അക്ഷരവും കാണുന്നില്ല |

| | | |
|---|---|---|
| വംശം | = | കുലം |
| അനേകം | = | ധാരാളം |
| പാരിടം | = | ലോകം |

## ആശയ വിശദീകരണം

അനേക വംശങ്ങളുടെ ചരിത്രങ്ങൾ ഞാൻ കാണുന്നുണ്ട്. എന്റെ വംശത്തെപ്പറ്റി ഒരു അക്ഷരവും ഞാൻ ചരിത്രത്തിൽ എവിടെയും കാണുന്നില്ല എന്ന് കവി പറയുകയാണ് ഇവിടെ. ജാതി നിർമ്മിതമായ സാമൂഹ്യ അധികാരഘടനക്കുള്ളിൽ തഴയപ്പെട്ട ജനതയുടെ ശബ്ദമാണ് ഈ വരികളിൽ അന്തർലീനമായിരിക്കുന്നത്. എഴുതപ്പെട്ട അനേക വംശങ്ങളുടെ ചരിത്രം എനിക്ക് ചുറ്റിലും ഞാൻ കാണുന്നുണ്ട്. അതിൽ എന്റെ ജനതയുടെ ചരിത്രമെവിടെ എന്ന് കവി അന്വേഷിക്കുകയാണ്. ഒരക്ഷരം പോലും എന്റെ വംശത്തിൽ ചരിത്രമായി കാണുന്നില്ല എന്ന് കവി പറയുമ്പോൾ കേരള നവോത്ഥാനത്തിന്റെ അടിത്തട്ടുകളിലേക്ക് വായനക്കാരുടെ ആലോചനകളെ കൊണ്ടുപോകുകയാണ്. സമൂഹം, സാഹിത്യം തുടങ്ങിയ വ്യവഹാരങ്ങൾക്കുള്ളിൽ പ്രവർത്തിച്ചിരുന്ന അധികാരചരിത്രത്തെ കവിത പ്രശ്നവത്ക്കരിക്കുന്നു. അനേക വംശങ്ങളുടെ ചരിത്രങ്ങൾ കാണുന്നു എന്ന് കവി പറയുമ്പോൾ, അധികാരത്തിന്റെ അടിത്തട്ടിൽ പോലും ഇടമില്ലാതിരുന്ന ജനതയുടെ പ്രതിനിധിയാണ് താൻ എന്ന സൂചനയാണ് ലഭിക്കുന്നത്. അരികുവത്ക്കരിക്കപ്പെട്ട എല്ലാ ജനതയുടെയും ശബ്ദമാണ് ഇവിടെ കവി. അക്ഷരത്തിന്റെ അധികാരം ആർക്കായിരുന്നു എന്നതും അക്ഷരങ്ങളിലൂടെ കൈമാറി വന്ന സാംസ്കാരിക മൂലധനം സമൂഹത്തിന്റെ അധികാരകേന്ദ്രമായി മാറിയതുമായ ചരിത്ര സൂചനകൾ വരികളിൽ നിന്ന് കണ്ടെത്താം. ചരിത്രത്തിലേക്കുള്ള ഒരു നോട്ടത്തെ കവിത പകർന്നു നൽകുന്നു.

## വരികൾ

'എന്റെ വംശത്തിൻ കഥ

.............................................

ചേർത്തിടട്ടേ സ്വന്തരാഗത്തിൽ
ചിലതെല്ലാം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഉർവ്വി | = | ഭൂമി |
| ഒരുവരും | = | ആരും |

## ആശയ വിശദീകരണം

എന്റെ വംശത്തിന്റെ കഥ എഴുതി വയ്ക്കുവാൻ പണ്ട് ഈ ഭൂമിയിൽ ആരും ഇല്ലാതെ പോയല്ലോ എന്ന് കവി പറയുന്നു. അക്കാര്യം ഓർക്കുമ്പോൾ എന്റെ ഉള്ളിൽ ഖേദമുണ്ട്. അതുകൊണ്ട് സ്വന്തരാഗത്തിൽ ഞാൻ അവയിൽ ചിലതെല്ലാം ചേർത്തിടട്ടേ എന്ന് കവി ചോദിക്കുന്നതാണ് കേന്ദ്രാശയം. എന്റെ വംശത്തിന്റെ കഥ എഴുതി വയ്ക്കുവാൻ ഭൂമിയിൽ ആരുമുണ്ടായിരുന്നില്ല എന്ന് കവി പറയുന്നതിലൂടെ അക്ഷരാഭ്യാസമില്ലാതിരുന്ന ഒരു ജനതയുടെ പ്രതിനിധിയാണ് താനെന്ന് വ്യക്തമാക്കുന്നു. എഴുത്തും അധികാരവും ചില സവിശേഷ വംശങ്ങളിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടിരുന്നതിനാൽ, അരികുവത്ക്കരിക്കപ്പെട്ട ജീവിതങ്ങളുടെ ചരിത്രം എവിടെയും രേഖപ്പെടുത്തപ്പെട്ടില്ല. അതിൽ തനിയ്ക്ക് ദുഃഖമുണ്ടെന്നു പറയുന്ന കവി സ്വന്തം വംശത്തിന്റെ ചരിത്രത്തെക്കുറിച്ച് ചിലതെല്ലാം രേഖപ്പെടുത്താൻ തുനിയുകയാണെന്ന് സാരം. കേരളത്തിലെ ദളിത് ജനതയുടെ ജീവിതത്തിലേയ്ക്കും ചിത്രത്തിലേയ്ക്കും കടന്നു ചെല്ലുന്ന വരികളാണവ. ബൃഹത്തായ ചരിത്രഘട്ടങ്ങളുടെ അവകാശികളായിരുന്നിട്ടുപോലും ചരിത്രത്തിൽ ഇടമില്ലാതെ പോയ വംശത്തെ കവി കണ്ടെടുക്കുകയാണ്. ചരിത്രം നിർമ്മിക്കുക എന്നത് കേവലമൊരു പ്രവർത്തനം മാത്രമല്ല. അതൊരു അധികാരമുറപ്പിക്കൽ കൂടിയാണ്. അത് ആത്മാഭിമാനത്തെ വീണ്ടെടുക്കുകയും അടിമത്തത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുകയും ചെയ്യും. ശേഷം കവി കേരളത്തിലെ ദളിത് ജനതയുടെ ചരിത്രത്തിലേയ്ക്ക് കടന്നു ചെല്ലുന്നു.

## വരികൾ

'കേരളത്തിൽ പണ്ടു പണ്ടേ

.........................................

ഓരോന്നും പറഞ്ഞീടുവാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| പാർത്തിരുന്നവർ | = | വസിച്ചിരുന്നവർ |
| പാരിടം | = | ഭൂതലം, ഭൂമി |
| ഭവിച്ചത് | = | സംഭവിച്ചത് |
| ബലഹീനതകൾ | = | കുറവുകൾ |

## ആശയ വിശദീകരണം

കേരളത്തിൽ പണ്ടു മുതൽക്കേ വസിച്ചിരുന്ന ജനങ്ങൾ ലോകത്തിനു മുന്നിൽ ഹീനരായി മാറിയ കഥ താൻ പറയാൻ പോകുകയാണെന്ന് കവിവാക്യം. സ്വന്തം ജാതികൾക്കുള്ള ബലഹീനതകൾ ഓരോന്നായി പറയാൻ തനിയ്ക്ക് നാണക്കേടൊന്നും തോന്നുന്നില്ല എന്ന് കേന്ദ്രാശയം. കേരളത്തിൽ പണ്ടു മുതൽക്കേ വസിച്ചിരുന്നവരാണ് തങ്ങളുടെ ജനത എന്ന് കവി പറയുന്നു. എന്നിട്ടും അവരുടെ ചരിത്രത്തെക്കുറിച്ച് ഒരു വരി പോലും എവിടെയും അടയാളപ്പെടുത്തിയിട്ടില്ല. അവർ ലോകത്തിന് മുന്നിൽ ഹീനരായി മാറിയ ഒരു ചരിത്രം കവിക്ക് പറയാനുണ്ട്. സ്വന്തം ജാതിക്കുള്ളിലെ ബലഹീനതകൾ തുറന്നു പറയുന്നതിൽ നാണക്കേടൊന്നും തോന്നുന്നില്ല എന്ന് കവി പറയുന്നതിലൂടെ ജാതി എന്നത് വിമർശനാതീതമായ ആശയധാരയാണെന്ന് വിശ്വസിക്കുന്നില്ല എന്ന് വ്യക്തം. മതവും ജാതിയും അഭിമാനമായി കാണുന്നവരും അപമാനമായി മാറിയവരുമടങ്ങുന്നതാണ് ഇന്ത്യൻ സമൂഹം. അതിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെ കവി പ്രശ്നവത്ക്കരിക്കുന്നു.

## വരികൾ

'ഉർവ്വിയിൽ ശപിക്കപ്പെട്ട സന്തതിയെന്നു
നിത്യംപഴിച്ചീടുവാനായ്..........
......................................................
ഉരച്ചിയിലനുവദി
ച്ചീടുവതെങ്ങനെ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സർവ്വരും | = | എല്ലാവരും |
| നിത്യം | = | എപ്പോഴും |
| പഴിച്ചീടുവാൻ | = | കുറ്റപ്പെടുത്തുക |

## ആശയ വിശദീകരണം

ഞങ്ങൾ ഭൂമിയിലെ ശപിയ്ക്കപ്പെട്ട സന്തതികളാണെന്ന് എല്ലാവരും നിത്യം കുറ്റപ്പെടുത്തുകയാണ്. സർവ്വരേയും സൃഷ്ടിച്ച ദൈവത്തിനു യാതൊരു കൂസലുമില്ലാതെ, ഭൂമിയും ആകാശവും അവസാനിക്കുന്ന കാലത്തോളം ഞങ്ങളെ പഴിച്ചീടുവാൻ സർവ്വരേയും അനുവദിച്ചതെങ്ങനെ എന്ന് കവി ചോദിക്കുന്നതാണ് കേന്ദ്രാശയം. ജൈവവും അജൈവവുമായ സകലതിനെയും സൃഷ്ടിച്ചത് ദൈവമാണ് എന്ന സങ്കല്പം എല്ലാ മതങ്ങളുടെയും അടിസ്ഥാന യുക്തിയാണ്. എന്നാൽ മതത്തിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരത്തെ ആരും ചോദ്യം ചെയ്യാറില്ല. സൃഷ്ടികർത്താവായ ദൈവത്തിനു എങ്ങനെയാണു മനുഷ്യരെ വേർതിരിച്ചു നിർത്താൻ കഴിയുകയെന്നു കവി ചോദിക്കുന്നതിലൂടെ മതത്തിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരഘടനയെ പ്രശ്നവത്ക്കരിക്കുകയാണ് .

## കാവ്യാവലോകനം

ലളിതമായ ഭാഷയും താളാത്മകതയും കവിതയുടെ പ്രധാനപ്പെട്ട സവിശേഷതകളാണ്. ഗാനാത്മക ശൈലിയാണ് രചനാതന്ത്രമായി കവി പിന്തുടരുന്നത്. സാധാരണ ജനങ്ങളോടു സംവദിക്കുന്ന ഭാഷാശൈലിയും വിഷയഗൗരവം ചോർന്നു പോകതെയുള്ള അവതരണവും കവിതയെ ഹൃദ്യവും ഗഹനവുമാക്കുന്നു. വിപ്ലവാത്മകതയും ധ്വന്യാത്മകതയും ഈ കവിതയുടെ പ്രധാനപ്പെട്ട സവിശേഷതകളാണ്.

'കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി' എന്ന് കവി എഴുതുമ്പോൾ അരികുവത്ക്കരിക്കപ്പെട്ട മുഴുവൻ ജനതയുടെയും ശബ്ദമായി കവിത മാറുകയാണ്. 'കേരളത്തിൽ പണ്ടുപണ്ടേ പാർത്തിരുന്നൊരു ജനം' എന്ന് എഴുതുന്നതോടെ കവിതയ്ക്ക് അതിന്റെ പ്രാദേശികതലം കൈവരിക്കുകയാണ്. ചരിത്രത്തിലേയ്ക്കുള്ള ആഴമുള്ള നോട്ടമാണ് കവിതയുടെ സവിശേഷ ഇതിവൃത്തം. കുറഞ്ഞ വരികളിൽ ആശയതീവ്രതയോടെ ആലേഖനം

ചെയ്ത വരികൾ കവിയുടെ സൂക്ഷ്മനിരീക്ഷണങ്ങളുടെയും കവി ആർജിച്ചെടുത്ത ജീവിതചിന്തയുടെയും ഭാഗമാണ്. വർത്തമാനകാല ഇന്ത്യൻ പരിസരത്തിൽ പൊയ്കയിൽ അപ്പച്ചനും അദ്ദേഹം രചിച്ച വരികൾക്കും പ്രസക്തി ഏറുകയാണ്. സാംസ്കാരിക മൂലധനമില്ലാത്ത ജനതയുടെ ചരിത്രത്തിലേയ്ക്ക് കവിത സമൂഹത്തെ കൊണ്ടുപോകുന്നു. അതിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെ തുറന്നുകാട്ടുന്നു.

## Recap

- കേരള നവോത്ഥാനത്തിന്റെ ചരിത്രഘട്ടം
- ജാതീയതയും സാമൂഹിക പദവിയും
- ജാതിയും കർത്തൃത്വപദവിയും
- നവോത്ഥാന മൂല്യങ്ങൾ-എഴുത്തധികാരം-പ്രാതിനിധ്യം
- അടിമ വിമോചനവും കവിതയുടെ രാഷ്ട്രീയവും
- സാംസ്കാരിക മൂലധനം
- ജനതയുടെ വിപ്ലവ ബോധ്യവും തിരിച്ചറിവും
- സമൂഹ ഘടന - ദളിത് രാഷ്ട്രീയം
- ലളിത ഭാഷ - താളാത്മകത - പ്രതിരോധം

## Objective Type Questions

1. കാണുന്നില്ലോരക്ഷരവും - എന്ന് കവി പറയുന്നത് എന്തിനെക്കുറിച്ചാണ്?
2. കാണുന്നുണ്ടനേക വംശത്തിൽ - എന്താണ് കാണുന്നത്?
3. തന്റെ വംശത്തെക്കുറിച്ച് എന്തുകാണുന്നില്ല എന്നാണ് കവി പറയുന്നത്?
4. എന്താണ് പരിചിന്തനം ചെയ്യേണ്ടത്?
5. എവിടെയുള്ള ചരിത്രങ്ങളാണ് പരിചിന്തനം ചെയ്യേണ്ടത്?
6. എന്തിന്റെ കഥ എഴുതാനാണ് ഉർവ്വിയിലൊരുവരുമില്ലാതെ പോയല്ലോ - എന്ന് കവി പറയുന്നത്?
7. എന്തോർക്കുമ്പോഴാണ് കവിയ്ക്ക് ഖേദമുണ്ടാകുന്നത്?
8. ‘അവ ചേർത്തീടട്ടേ ’ എന്ന് കവി പറയുന്നതെന്ത്?
9. പാരിടത്തിൽ ഹീനരായി ഭവിച്ചത് ആര്?
10. ഏതു ജനതയുടെ കഥയാണ് കവി പറയാൻ പോകുന്നത്?
11. എന്തു പറയാനാണ് കവിയ്ക്ക് നാണമില്ലാത്തത്?

## Answers to Objective Type Questions

1. വംശത്തെപ്പറ്റി
2. ചരിത്രങ്ങൾ
3. ഒരക്ഷരവും
4. ചരിത്രങ്ങൾ
5. പാരിടത്തിലുള്ള
6. എന്റെ വംശത്തിൻ കഥ
7. വംശത്തിൻ കഥ എഴുതാൻ ആളില്ലാഞ്ഞത്
8. വംശത്തിൻ കഥ
9. കേരളത്തിൽ പണ്ടേ പാർത്തിരുന്ന ജനം
10. ഹീനരായി ഭവിച്ചവരുടെ കഥ
11. സ്വന്തം ജാതിക്കുള്ളിലെ കുറവുകൾ പറയുന്നതിൽ


## Assignments

1. പൊയ്കയിൽ അപ്പച്ചന്റെ കാവ്യജീവിതം പരിചയപ്പെടുത്തുക
2. ദളിത് സാഹിത്യം - കുറിപ്പെഴുതുക
3. ദളിത് സാഹിത്യവും മലയാള കവിതയും - ഉപന്യാസം തയ്യാറാക്കുക
4. നവോത്ഥാന മൂല്യങ്ങളുടെ സമകാലിക പ്രസക്തി - ഉപന്യസിക്കുക
5. ജാതിയും അധികാരവും മലയാള സാഹിത്യത്തിൽ - 'കാണുന്നില്ലോ രക്ഷരവും' എന്ന കാവ്യഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക

## Reference


1. ആർ. രാധാകൃഷ്ണൻ - കേരളത്തിലെ നവോത്ഥാന സമരങ്ങൾ, മാളുബൻ ബുക്സ്, തിരുവനന്തപുരം.
2. ടി. എച്ച്. പി. ചെന്താരശ്ശേരി - പൊയ്കയിൽ അപ്പച്ചൻ, മൈത്രി ബുക്സ്, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി - മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ


## E-content




https://youtu.be/dO_0sopt5ls
https://youtu.be/KE0OgFRWghE
https://navamalayali.com/2017/05/12/poykayil-appachan-mrid-uladevi-1

BLOCK-02

# കാല്‍പനികതാ പ്രസ്ഥാനം

# യൂണിറ്റ് - 1
# വീണപൂവ്

**കുമാരനാശാൻ**

## Learning Outcomes

- കാല്പനിക പ്രസ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ഖണ്ഡകാവ്യ പ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- വിലാപകാവ്യമെന്ന നിലയിലും വീണപൂവിനെ പഠിക്കുന്നു
- കുമാരനാശാന്റെ കാവ്യജീവിതം, സാമൂഹ്യജീവിതം എന്നിവ വ്യക്തമാകുന്നു
- ആശാന്റെ കൃതികളുടെ പ്രത്യേകതകൾ വിലയിരുത്തുന്നു
- കാല്പനികതയുടെ പ്രധാന സ്വഭാവമായ പ്രതീകാത്മകത വീണപൂവിൽ കാണപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നു

## Prerequisites

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം'' - പ്രസ്തുത വരികൾ ആരുടേതാണെന്നറിയാമോ? മലയാള കവിതയിൽ നവഭാവുകത്വത്തിന് തുടക്കമിട്ട ഒരു കവിയാണ് ഇതെഴുതിയത്. അദ്ദേഹത്തിന്റെ മറ്റൊരു വരികൂടി ഉദ്ധരിക്കാം.

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം''. - ലോകത്തിന്റെ സാരം തന്നെ സ്നേഹമാണെന്നു പ്രഖ്യാപിച്ച കവി കുമാരനാശാന്റേതാണ് ഈ വരികൾ. സ്വാതന്ത്ര്യത്തെക്കുറിച്ചും ചരാചര പ്രണയത്തെക്കുറിച്ചുമെല്ലാം നിരന്തരം പാടിയ കുമാരനാശാനെ തത്ത്വചിന്തകനായ കവിയെന്നാണ് അറിയപ്പെടുന്നത്.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ'' - എന്ന് ഉദ്ഘോഷിച്ച് ആശാനെ "വിപ്ലവത്തിന്റെ ശുക്രനക്ഷത്ര''മെന്ന് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ചു. വിശ്വമാനവികതയിലൂന്നിയ സ്നേഹമാണ് ആശാന്റെ വിപ്ലവം. മനുഷ്യബന്ധങ്ങളിലെ സ്നേഹത്തിന്റെ വിവിധ അർത്ഥതലങ്ങൾ സ്വന്തം കവിതകളിലൂടെ അദ്ദേഹം അവതരിപ്പിച്ചു.

പ്രധാനകൃതികൾ-വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, പ്രരോദനം, ചിന്താവിഷ്ടയായ സീത, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ. മലയാളത്തിലെ ആദ്യത്തെ ഭാവാത്മക കാവ്യവും ആശാന്റെ ആദ്യ ഖണ്ഡകാവ്യവുമാണ് 'വീണപൂവ്'. 1907 - ൽ മിതവാദിയിലാണ് ഒരു പ്രതീകാത്മക കവിതയായ വീണപൂവ് പ്രസിദ്ധീകരിച്ചത്. പൂവിനെ പ്രതിരൂ

പമായി സങ്കല്പിച്ച് മനുഷ്യജീവിതത്തിന്റെ ആധ്യാത്മികവും ഭൗതികവും ലൗകികവുമായ തലങ്ങളെ കവിതയിൽ ചിത്രീകരിക്കുന്നു. ജീവിതത്തിന്റെ നശ്വരത, ശൂന്യത, സ്വപ്നാത്മകത ഇവയൊക്കെയാണീ കവിതയിലൂടെ വരച്ചുകാട്ടുന്നത്. ഐഹിക ജീവിതം ഒരു കിനാവുപോലെ ക്ഷണികമാണെന്നു 'വീണപൂവി'ലൂടെ കുമാരനാശാൻ സമർത്ഥിക്കുന്നു.

വൃത്തം - വസന്തതിലകം

ലക്ഷണം : ചൊല്ലാം വസന്തതിലകം
തഭജം ജഗംഗം

## Keywords

കാല്പനികപ്രസ്ഥാനം - പ്രതീകാത്മകത - വിലാപകാവ്യപ്രസ്ഥാനം - ഭാവാത്മകകാവ്യപ്രസ്ഥാനം - ഖണ്ഡകാവ്യപ്രസ്ഥാനം

## 2.1.1 Content

മലയാളത്തിലെ ആദ്യത്തെ ഭാവാത്മക കാവ്യമാണ് വീണപൂവ്. അർച്ചനാഗീതത്തിന്റെ ഘടനയുള്ള വീണപൂവ് മിതവാദിയിൽ നിന്നും കണ്ടെടുത്ത് അന്നത്തെ മികച്ച സാഹിത്യാനുകാലികമായിരുന്ന ഭാഷാപോഷിണിയിൽ ആശാന്റെ സുഹൃത്തും കവിയുമായ പുനഃപ്രകാശനം ചെയ്തത് എസ്. സുബ്രഹ്മണ്യൻ പോറ്റിയാണ്. ആശാന്റെ കാവ്യജീവിതത്തിലെ അർത്ഥപൂർണമായ വഴിത്തിരിവായിരുന്നു ഇത്. പ്രതിരൂപാത്മക കവിത കൂടിയാണ് വീണപൂവ്. പൂവിനെ പ്രതിരൂപമായി സങ്കൽപ്പിച്ച് മനുഷ്യജീവിതത്തിന്റെ ആധ്യാത്മികവും ഭൗതികവും ലൗകികവുമായ തലങ്ങളെ ചിത്രീകരിച്ചത് കൊണ്ടാണ് ഇങ്ങനെ പറയുന്നത്. "ജീവിതത്തിന്റെ നശ്വരത, നിരർത്ഥകത, ശൂന്യത, സ്വപ്നാത്മകത ഇവയൊക്കെയാണ് വീണപൂവിലെ വിഷയങ്ങൾ' എന്നാണ് കവിതാസാഹിത്യചരിത്രത്തിൽ ഡോ. എം. ലീലാവതി വീണപൂവിനെ വിലയിരുത്തിയിട്ടുള്ളത്. വളരെ തുച്ഛമായ ദിവസത്തിനുള്ളിലെ ആനന്ദകരമായ ജീവിതത്തിനുശേഷം നിപതിച്ച ഒരു പൂവിനെക്കുറിച്ചാണ് കവിയുടെ വിലാപം. നവയൗവനാവസ്ഥ പ്രാപിച്ച ഒരു സുന്ദരിയുടെ ആകസ്മികമരണത്തിൽ ശോകാകുലനായ കവിയുടെ ചിന്തയും നിർവ്വേദവും വരികൾക്കിടയിലുണ്ട്. വൃക്ഷലതാദികളിലും തിര്യക്കുകളിലും മനുഷ്യപ്രകൃതി ആരോപിച്ചു കൊണ്ടുള്ള കാളിദാസാദി മഹാകവികളുടെ രചന കവിയിൽ പ്രേരണ ചെലുത്തിയിട്ടുണ്ടാകാം. ഐഹിക ജീവിതം കിനാവുപോലെ ക്ഷണികമാണെന്നു വീണപൂവിലൂടെ കവി സമർത്ഥിച്ചിരിക്കുന്നു. മലയാള കാവ്യാന്തരീക്ഷത്തിൽ ഒരു പുതിയ ഉണർവ്വുണ്ടാക്കിയ കാല്പനിക കാവ്യമായിരുന്നു വീണപൂവ്. സാഹിത്യ രംഗത്ത് ഒരു നൂതനാനുഭവമായിരുന്നു ഈ കൃതി. ഈ കാല്പനിക ഖണ്ഡകാവ്യത്തിൽ ഒരു പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള അതീവ സൂക്ഷ്മമായ ഘട്ടങ്ങളെയും അവസ്ഥകളെയും മനുഷ്യജീവിത നശ്വരതകളും നൈമിഷിതകളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു.

### വരിയും വ്യാഖ്യാനവും

#### ശ്ലോകം 1

'ഹാ പുഷ്പമേ അധികതുംഗപദത്തിലെത്ര
..........................................................................
പുനരിങ്ങു കിടപ്പിതോർത്താൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അധിക തുംഗപദം | = | ഏറ്റവും ഉയർന്ന സ്ഥാനം |
| തുംഗം | = | ഉയർന്ന |

| | | |
|---|---|---|
| അസ്ഥിരം | = | നിലനിൽക്കാത്തത്. |
| ശ്രീ | = | ഐശ്വര്യം (ശോഭ, ഭാഗ്യം) |
| അസംശയം | = | തീർച്ചയായും (സംശയമില്ല ) |

## ആശയ വിശദീകരണം

അല്ലയോ പൂവേ! ഉന്നതമായ സ്ഥാനത്ത് ഒരു രാജ്ഞിയെപ്പോലെ തലയുയർത്തി ശോഭിച്ച് നിന്ന നീ നിമിഷങ്ങൾക്കകം ഭൂമിയിൽ പതിച്ചു. ഐശ്വര്യം ഭൂമിയിൽ സ്ഥിരമല്ല എന്ന സത്യത്തെ ഓർമിപ്പിക്കുന്നതാണ് നിന്റെ പതനം. ജനനംമുതൽ മരണം വരെയുള്ള ജീവിതത്തിലെ അതീവ സൂക്ഷ്മമായ ജീവിത ഘട്ടങ്ങളെ കവി അവതരിപ്പിക്കുന്നു. ജീവിതത്തിലെ ഈ ഉത്കർഷാപകർഷങ്ങൾ പൂവിന് മാത്രമല്ല എല്ലാ സൃഷ്ടികൾക്കുമുണ്ടെന്ന് കവി ഓർമ്മിപ്പിക്കുന്നു. പൂവിന്റെ ഐശ്വര്യവും സ്ഥാനമാനവും ഇത്ര പെട്ടെന്ന് മാഞ്ഞുപോയല്ലോ എന്ന വിശേഷണത്തെ സമർത്ഥിക്കുവാൻ വേണ്ടി 'ശ്രീഭൂവിലസ്ഥിരയസംശയം' എന്ന സാമാന്യം പറഞ്ഞിരിക്കുന്നതിനാൽ

അലങ്കാരം - അർത്ഥാന്തരന്യാസം.

### ലക്ഷണം:

'സാമാന്യം താൻ വിശേഷം താൻ
ഇവയിൽ പ്രസ്തുതത്തിന്
അർത്ഥാന്തരന്യാസമാകുമന്യം
കൊണ്ടു സമർത്ഥനം'

മനോഹരമായ ഒരു പൂവിലൂടെ മനുഷ്യാവസ്ഥയുടെ ഉദയം മുതൽ അസ്തമയം വരെയുള്ള വിവിധ ജീവിത ഘട്ടങ്ങളെ കവി അവതരിപ്പിക്കുന്നു. ക്ഷണികമാണ് മനുഷ്യജീവിതം, ഭൂമിയിൽ സ്ഥായിയായി ഒന്നിനും നിലനിൽപ്പില്ല എന്നീ ആശയങ്ങൾ വീണുകിടക്കുന്ന പൂവിലൂടെ പ്രതിരൂപാത്മകമായി കവി പറയുന്നു.

## ശ്ലോകം 2

'ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
..................................................................................
ആലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അൻപ് | = | സ്നേഹം |
| ലത | = | വള്ളി |
| പല്ലവം | = | തളിർ |
| പുടം | = | മടക്ക് |
| ആലോല വായു | = | ഇളകുന്ന കാറ്റ് |
| ദലമർമ്മരം | = | ഇലകൾ തമ്മിൽ കൂട്ടിമുട്ടുന്ന ശബ്ദം |
| ദലം | = | ഇല |
| മർമ്മരം | = | ശബ്ദം |

## ആശയ വിശദീകരണം

ശൈശവത്തിൽ നിന്റെ പെറ്റമ്മയായ ലത നിന്നെ സ്നേഹത്തോടെ തളിർപുടങ്ങളിൽ വച്ചു പരിപാലിച്ചു. ആലോലമായ ഇളംകാറ്റ് നിനക്ക് തൊട്ടിലാട്ടി. ദലമർമ്മരശബ്ദം നിനക്ക് താരാട്ടായി. ശൈശവാവസ്ഥയിൽ ഒരു കുഞ്ഞിനെയെന്നപോലെ പൂമൊട്ടിനെ ലത പാലിച്ചു. കാറ്റ് പൂവിനെ പാലിച്ചത് തൊട്ടിലാട്ടമായും ദലങ്ങൾ മർമ്മരം പുറപ്പെടുവിച്ചതു താരാട്ടുപാട്ടായും ഉത്പ്രേക്ഷാലങ്കാരത്തിലൂടെ പറയുന്നു.

## ശ്ലോകം 3

'പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
.......................................................................
ബാലതപമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| പാലൊത്ത | = | പാൽ പോലെ വെളുത്ത |
| അലം | = | യഥേഷ്ടം, തൃപ്തിയാവോളം |
| ബാലാതപം | = | ഇളംവെയിൽ |

| | | |
|---|---|---|
| ആതപം | = | വെയിൽ |
| വിളയാടുക | = | കളിക്കുക |
| ആടൽ | = | ദുഃഖം |
| ലീല | = | കളി |
| ബാലത്വം | = | ബാല്യാവസ്ഥ |
| നാളിൽ നാളിൽ | = | ദിവസംതോറും |

## ആശയ വിശദീകരണം

പാൽ പോലെ വെളുത്ത നിലാവിൽ മുങ്ങിക്കുളിച്ചും ഇളംവെയിലിൽ വിളയാടിയും ആധി കൂടാതെ നീ നിന്റെ ഇളയ മൊട്ടുകളോടൊപ്പം ചേർന്ന് ബാല്യാവസ്ഥ നാൾക്കുനാൾ കഴിച്ചു. അല്ലലില്ലാത്ത കുട്ടിക്കാലത്തെ വർണ്ണിക്കുന്നു. ബാല്യാവസ്ഥയിൽ കുട്ടികൾ സഹജാതരുമായി ശൈശവം പങ്കിടുന്ന പോലെ പൂവിലും ബാല്യം കൽപ്പിച്ച് വളർച്ചയുടെ ആദ്യഘട്ടങ്ങളെ ചിത്രീകരിച്ചിരിക്കുന്നു. ഇളയ കുഞ്ഞുങ്ങൾക്കൊപ്പം ബാല്യം പങ്കിടുന്ന കുഞ്ഞിനെപ്പോലെ പൂവിന്റെ വാത്സല്യംനിറഞ്ഞ ബാല്യത്തെയാണ് കവി അവതരിപ്പിക്കുന്നത്.

## ശ്ലോകം 4

'ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി
...........................................................................
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചുരാവിൽ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അഥ | = | അനന്തരം |
| താരാജാലം | = | നക്ഷത്രക്കൂട്ടം |
| താരം | = | നക്ഷത്രം |
| ജാലം | = | കൂട്ടം |
| ഉന്മുഖത | = | ജിജ്ഞാസ |

## ആശയ വിശദീകരണം

പ്രകൃതിയിൽ നിന്നും ഓരോ ശബ്ദത്തിന്റെയും നാദത്തിന്റെയും സംഗീതം നീ പഠിച്ചു. പ്രഭാതത്തിലുണർന്നു പാടുന്ന കിളികളിൽ നിന്നും നീ മൗനമായി ഗാനം പഠിച്ചു. തെളിമയാർന്ന നക്ഷത്രങ്ങളിൽനിന്നും താൽപര്യപൂർവ്വം ലോകതത്ത്വം പഠിച്ചു. പൂവിന്റെ കൗമാരാവസ്ഥ അവതരിപ്പിക്കുന്നു. വളർച്ചയുടെ ഓരോ പടവിലും പുതിയ അറിവുകൾ കുഞ്ഞ് ഗ്രഹിക്കുന്നു. വിശ്വപ്രകൃതിയുടെ സഞ്ചാരങ്ങളിൽ നിന്നും ലോകതത്ത്വങ്ങൾ ഒന്നായി അറിയുന്നു, പഠിക്കുന്നു. ജീവിതാനുഭവങ്ങളിൽ നിന്നുള്ള പുതിയ പാഠങ്ങളെക്കുറിച്ചാണ് ഇവിടെ കവി സൂചിപ്പിക്കുന്നത്.

## ശ്ലോകം 5

'ഈവണ്ണമൻപൊടു വളർന്നഥ നിന്റെ യംഗ-
...........................................................................
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഈവണ്ണം | = | ഇപ്രകാരം |
| അൻപ് | = | സ്നേഹം |
| അംഗം | = | ശരീരം |
| മോഹനം | = | സുന്ദരം |
| വദനം | = | മുഖം |
| കാന്തി | = | ശോഭ, ഒളി |

## ആശയ വിശദീകരണം

ഇങ്ങനെ വളർന്നുവന്ന നിന്റെ ശരീരം ആരെയും മോഹിപ്പിക്കുന്ന ഭംഗികൾ ആവിഷ്കരിച്ചു. കവിൾ കാന്തിയോടെ ശോഭിച്ചു. പുഞ്ചിരിയുടെ മനോഹാരിത കവിളുകൾക്ക് നവശോഭ പകർന്നു. പൂവിന്റെ യൗവനത്തെ അവതരിപ്പിക്കുന്നു. ആരെയും മോഹിപ്പിക്കുന്ന സൗന്ദര്യത്തികവോടെ പൂവ് യൗവ്വനാവസ്ഥയിലേക്ക് എത്തിയിരിക്കുന്നതായി അവതരിപ്പിച്ചിരിക്കുന്നു.

## ശ്ലോകം 6

'ആരോമലാമഴകു ശുദ്ധി, മൃദുത്വ, മാഭ
...........................................................................
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അഴക് | = | സൗന്ദര്യം |
| ആഭ | = | ശോഭ |
| സാരള്യം | = | ഭംഗി |
| പാര് | = | ഭൂമി |
| മെയ്യ് | = | ശരീരം |
| നവ്യം | = | പുതിയ |
| താരുണ്യം | = | യൗവനം |

### ആശയ വിദശീകരണം

അഴകും ശുദ്ധിയും ഭംഗിയും സാരള്യവും (സരളത) മൃദുത്വവുമുൾപ്പെട്ട സുകുമാരഗുണങ്ങൾക്ക് ഉപമേയമായി പൂവിനെ സ്വീകരിക്കാറുണ്ട്. ഉദാഹരണമായി 'പൂ' പോലെ അഴക്, 'പൂ' പോലെ മൃദു തുടങ്ങിയവ സൗകുമാര്യത്തോടു സാദൃശ്യപ്പെടുത്താൻ പാരിൽ മറ്റെന്തുപമയാണുള്ളത്. സുകുമാരഗുണങ്ങൾ ഇണങ്ങുന്ന പൂവിന്റെ സൗകുമാര്യത ഉപമിക്കാൻ ഭൂമിയിൽ വേറെയൊന്നും തന്നെയില്ലെന്ന് കവി ആശ്ചര്യപ്പെടുന്നു .

### ശ്ലോകം 7

'വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ-

..................................................................................

യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| വൈരാഗ്യം | = | വിരാഗിയുടെ അവസ്ഥ (വെറുപ്പ് ) |
| വൈരി | = | ശത്രു |
| മിഴി | = | കണ്ണ് |

### ആശയ വിദശീകരണം

വൈരാഗി ആയ ഒരു വൈദികനാകട്ടെ അല്ലെങ്കിൽ ശത്രുവിനെ ഭയന്നോടിയൊളിക്കുന്ന ഭീരുവാകട്ടെ, മാദകസൗന്ദര്യ മന്ദഹാസം ചൊരിഞ്ഞുനിൽക്കുന്ന നിന്നെ നോക്കി കണ്ണുള്ള ആരും നിന്നുപോകും. ലൗകിക ജീവിതത്തിന്റെ ക്ഷണികതയിൽ നിന്നും ആധ്യാത്മിക ജീവിതത്തിന്റെ ദാർശനികതയെ പ്രാപിക്കുന്നവരാണ് വൈദികർ. ഭൗതിക സുഖങ്ങളേക്കാൾ ആദ്ധ്യാത്മിക ശാന്തി തേടുന്ന വൈദികനും ശത്രുവിനെ ഭയന്നോടുന്ന ഭീരുവിനും മനസ്സിന് ആനന്ദം നൽകുന്നതാണ് നിർമ്മലമായ സൗന്ദര്യദർശനം. പല പല അസ്വാസ്ഥ്യങ്ങളിലൂടെ സഞ്ചരിക്കുന്നവരാണ് നാമോരോരുത്തരും. എന്നാൽ ഹൃദയദ്രവീകരണ ശേഷിയുള്ളതിനെ നാം സ്നേഹിക്കുന്നു. അതിൽ ചേതനമോ അചേതനമോ എന്ന ഭേദമില്ല. മിഴിയുള്ളവർനോക്കി നിൽക്കുമെന്ന പൊതുതത്ത്വം സൗന്ദര്യത്തിനുമേൽ മനുഷ്യനുള്ള ആരാധനാഭാവത്തെ തുറന്നു കാട്ടുന്നു.

### ശ്ലോകം 8

'മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-

..................................................................................

തില്ലാർക്കുമീഗുണവു, മേവമകത്തു തേനും'

### ആശയ വിശദീകരണം

അഴകും സൗന്ദര്യവും സമ്മേളിച്ചു നിലകൊള്ളുന്ന നിന്നെ പ്രണയിക്കുന്ന അനുഭവാർത്ഥികളായ പ്രണയിതാക്കൾ നിന്നെ കൊതിച്ചു. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല, കാരണം ബാഹ്യസൗന്ദര്യത്തോടൊപ്പം ഉള്ളിലെ സൗന്ദര്യവും (തേൻ) നിന്നിലുണ്ട്. അങ്ങനെയുള്ളവർ വിരളമാണല്ലോ. കമനീയമായ രൂപത്തോടൊപ്പം ഹൃദയവിശുദ്ധിയും പൂവിലുണ്ടെന്ന് കവി പറയുന്നു. മനുഷ്യന്റെ ബാഹ്യമോടികളേക്കാൾ ആന്തരിക സൗന്ദര്യത്തിൽ കവി അടിയുറച്ച് വിശ്വസിക്കുന്നു.

### ശ്ലോകം 9

'ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-

..................................................................................

വിശേഷസുഭഗത്വവുമാർന്നിരിക്കാം.'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചേതോഹരം | = | മനോഹരം (മനസ്സിനെ അപഹരിക്കുന്ന) |
| ചേതസ്സ് | = | മനസ്സ് |

| | | |
|---|---|---|
| സമജാതികൾ | = | ഒരേ ഇനത്തിലുള്ള |
| സുമം | = | പൂവ് |
| വിശേഷസുഭഗത്വം | = | പ്രത്യേക ശോഭ |
| സുഭഗം | = | സൗഭാഗ്യം. |

## ആശയ വിശദീകരണം

നിന്റെ സമജാതികളായ പൂക്കളെല്ലാം മനോഹരങ്ങൾ തന്നെയാണ്. നിന്നെപ്പോലെയുള്ള അഴക് അവയ്ക്കും ഉണ്ടാകാം. എങ്കിലും ഏതൊരുവനിലും അനുരാഗം ജനിപ്പിക്കത്തക്ക വിധത്തിലുള്ള സവിശേഷ ലാവണ്യം നിന്നിലുണ്ടായിരിക്കാം.

## ശ്ലോകം 10

'കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം
..............................
യീ ലോലമേനി പറയുന്നനുകമ്പനീയം.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അർത്ഥദീർഘം | = | സംഭവബഹുലം |
| മാല് | = | ദുഃഖം |
| മനോഭിരാമം | = | മനോഹരം |

## ആശയ വിശദീകരണം

കാലം കുറവാണെങ്കിലും അർത്ഥംകൊണ്ട് ദീർഘവും ദുഃഖമേറിയതെങ്കിലും അതീവ സുന്ദരവുമായ നിന്റെ യൗവനം കഴിഞ്ഞു പോയിരിക്കുന്നുവെന്ന് മനോഹരമേനി പറയുന്നു. അസാധാരണമായ സൗന്ദര്യ വർണ്ണനകൾക്കൊപ്പംതന്നെ നശ്വരമായ ശരീരത്തിന്റെ ദൈന്യം കൂടി കവി പറയുന്നു. ആത്യന്തികമായ തത്വങ്ങൾ ഉരുത്തിരിയുന്ന മനുഷ്യജീവിതത്തിന്റെ ദുരന്ത ഗർത്തങ്ങളെയാണ് കവി അവതരിപ്പിക്കുന്നത്. വളരെ കുറഞ്ഞ കാലം മാത്രമാണ് പൂവിന്റെ ആയുസ്സ്. എന്നാൽ ആസമയത്തിനുള്ളിൽ മറ്റുള്ളവർക്ക് സന്തോഷം നൽകാൻ പൂവിന് കഴിഞ്ഞു. 'ദേഹാഭിമാനം നന്നല്ല' എന്ന എഴുത്തച്ഛൻ വചനം ഇവിടെ സ്മരണീയമാണ്.

## ശ്ലോകം 11

'അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-
..................................................................
വിരുതനങ്ങൊരു ഭൃംഗരാജൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അഴക് | = | ശോഭ |
| ഒപ്പമാണഴകു | = | അഴകുകൊണ്ട് സമാനമായ |
| വരിച്ചിടുക | = | വിവാഹംകഴിക്കുക |
| ഭൃംഗരാജൻ | = | ശ്രേഷ്ഠനായ വണ്ട്. |

## ആശയ വിശദീകരണം

പൂവിനോളം സൗന്ദര്യം ചിത്രശലഭങ്ങൾക്ക് ഉള്ളതുകൊണ്ട് അഴകൊപ്പമായ ശലഭത്തെ പൂവ് വരിക്കുമെന്ന് കരുതി. ബാഹ്യമോടിയിൽ ആകൃഷ്ടനായി ചിത്രശലഭത്തെ പൂവ് വരിക്കുമെന്ന് കരുതിയിരിക്കാം. ശ്രേഷ്ഠനായ ഒരു വണ്ട് വിരുതനായി വന്ന് തന്റെ അനുരാഗം പൂവിനോട് നേരിട്ട് പറഞ്ഞിട്ടുമുണ്ടാകണം. പുറത്ത് സൗന്ദര്യവും അകത്ത് തേനുമുള്ള പൂവിന് ആന്തരിക ഗുണങ്ങളുടെ നേർക്ക് ആദരവ് ഉണ്ടാവുക സ്വാഭാവികമാണല്ലോ.

## ശ്ലോകം 12

'കില്ലില്ലയോ ഭ്രമരവര്യനെ നീ വരിച്ചു
........................................................................
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കില്ലില്ല | = | സംശയമില്ല |
| അയോ | = | എടോ |
| ശലഭമേനി | = | ശലഭങ്ങളുടെ ശരീരഭംഗി |
| മാനിയാതെ | = | നോക്കാതെ |
| ഭ്രമരവര്യൻ | = | വണ്ട് |
| ഇദാനീം | = | ഇപ്രകാരം |

## ആശയ വിശദീകരണം

ചിത്രശലഭത്തിന്റെ സൗന്ദര്യത്തെ മാനിക്കാതെ ഒട്ടും സംശയമില്ലാതെ തന്നെ പൂവ്

ഭൃംഗശ്രേഷ്ഠനെ വരിച്ചു. ബാഹ്യസൗന്ദര്യത്തിൽ ആകൃഷ്ടനാകാത്ത പൂവിന് ആന്തരികഗുണങ്ങളുടെ നേർക്ക് ആദരവ്തോന്നിയാൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലോ? പൂവ് ബാഹ്യസൗന്ദര്യത്തിൽ ഭ്രമിക്കാതെ കറുത്ത വണ്ടിനെയാണ് സ്വീകരിച്ചത്. പ്രേമസായൂജ്യവും മരണാനന്തര സ്ഥിതിയും ഒരേ വരികളിൽ ഭാവാത്മകമായി കവി പറഞ്ഞിരിക്കുന്നു.

## ശ്ലോകം 13

'എന്നംഗമേകനിഹ, തീറുകൊടുത്തുപോയ്

.................................................................................

എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു?'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| തീറ് | = | പൂർണമായ അവകാശം |
| മടക്കുക | = | പിന്തിരിപ്പിക്കുക |
| വിരവിൽ | = | പെട്ടെന്ന് |
| പുലമ്പുക | = | പറയുക |

## ആശയ വിശദീകരണം

'എന്റെ ശരീരം ഞാൻ ഒരാൾക്ക് തീറുകൊടുത്തുപോയി എന്നു പറഞ്ഞ് അന്യകാമുകരെയെല്ലാം ഞാൻ മടക്കി അയച്ചില്ലേ? എന്നിട്ട് ഞാൻ നിന്നെ വരിച്ചില്ലേ? പിന്നെ നീ എന്നെ വെടിഞ്ഞു പോകരുത്!' എന്ന പൂവിന്റെ വാക്കുകൾ പറഞ്ഞു വണ്ട് വിലപിച്ചിടുന്നു. യഥാർത്ഥ സ്നേഹത്തിൽ വിശ്വസിച്ചിരുന്ന പൂവ് വണ്ടിനെ സ്വീകരിച്ചു. പൂവിനോടുള്ള വണ്ടിന്റെ സ്നേഹത്തിലും കളങ്കമില്ല. അതുകൊണ്ടാണ് നിലം പതിച്ചു കിടക്കുന്ന പൂവിനെ നോക്കി പൂവിന്റെ വാക്കുകൾ പുലമ്പിക്കൊണ്ട് വണ്ട് തലതല്ലി കരഞ്ഞത്. അചേതനങ്ങൾ തമ്മിലുള്ള പരസ്പര പ്രണയത്തിലും സ്നേഹത്തിന്റെ വിവിധ അർത്ഥതലങ്ങൾ കണ്ടെത്തുകയാണ് കവി.

## ശ്ലോകം 14

'ഹാ! കഷ്ടമാ വിബുധകാമിതമാം ഗുണത്താ-

.................................................................................

ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിബുധകാമിതം | = | വിദ്വാന്മാർക്ക് ഇഷ്ടമായത് |
| വിബുധൻ | = | ദേവൻ (വിശേഷജ്ഞാനി) |
| കാമിതം | = | ആഗ്രഹം |
| ശോകാർത്തൻ | = | ദുഃഖിതൻ |
| ധന്യൻ | = | കൃതാർത്ഥൻ |
| നിഷ്ഫലം | = | ഫലമില്ലാത്ത അവസ്ഥ |

## ആശയ വിശദീകരണം

ബാഹ്യസൗന്ദര്യത്താൽ ആകർഷിക്കപ്പെട്ടവനല്ല വണ്ട്. ദേവന്മാർക്ക് പോലും പ്രിയങ്കരമായ ഗുണത്താൽ ആകൃഷ്ടനായവനാണ്. ബാഹ്യമായ കാന്തിയെക്കാൾ ആന്തരിക സൗന്ദര്യത്തിലെ മൂല്യം അറിയുന്നവൻ ദേവസമനാണല്ലോ. പൂവിന്റെ ബാഹ്യവും ആന്തരികവുമായ സൗന്ദര്യത്തെ അനുഭവിച്ച വണ്ട് പൂവിനോടൊപ്പംതന്നെ മരിച്ചു പോകുന്നതാണ് നല്ലത്. അല്ലാതെ പൂവിനെ ഓർത്തുള്ള വിരഹവ്യഥയിൽ നീറുന്നത് നിഷ്ഫലമാണ്. പൂവിന്റെ പതനത്തോടെ വണ്ടിന്റെ പ്രണയം, സ്നേഹം നഷ്ടപ്പെട്ടു കഴിഞ്ഞു. സ്നേഹം നഷ്ടപ്പെട്ട ജീവിതം വ്യർത്ഥമാണ്. വ്യർത്ഥമായ ദുഃഖാനുഭവത്തെക്കാൾ കഷ്ടമായ അവസ്ഥ ജീവിതത്തിൽ എന്താണുള്ളതെന്ന് കവി ചോദിക്കുന്നു.

## ശ്ലോകം 15

'ചത്തീടുമിപ്പോഴിവനല്പ വികല്പമില്ല

.................................................................................

പ്രത്യക്ഷമാഞ്ഞു തല തല്ലുകയല്ലി ഖിന്നൻ?'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വികല്പമില്ല | = | സംശയമില്ല |
| കുണ്ഠിതം | = | ദുഃഖം |
| തരു | = | വൃക്ഷം |
| പ്രത്യക്ഷം | = | സ്പഷ്ടം |
| ഖിന്നൻ | = | ദുഃഖിതൻ |

### ആശയ വിശദീകരണം

ഈ വണ്ട് ഇപ്പോൾ തന്നെ മരിച്ചു പോകാം. ഒട്ടും സംശയമില്ല. അത്തരത്തിൽ വ്യസനത്താലുള്ള പാരവശ്യം ഇവനിലുണ്ട്. ഉന്നതമായ വൃക്ഷങ്ങളിലും കഠിനമായ കല്ലിലും സ്വയം തലതല്ലി കൊണ്ടിരിക്കുകയാണ് ഇവൻ. ചരാചരങ്ങളിലെ പരസ്പരപ്രണയ സങ്കൽപങ്ങളെ പൂവിലൂടെയും വണ്ടിലൂടെയും കവി ചിത്രീകരിച്ചിരിക്കുന്നു.

### ശ്ലോകം 16

'ഒന്നോർക്കിലിങ്ങിവ വളർന്നു ദൃഢാനുരാഗ-

.......................................................................................

ക്രന്ദിക്കയാം; കഠിന താൻ ഭവിതവ്യതേ നീ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദൃഢാനുരാഗം | = | ഉറച്ച പ്രണയം |
| ഉപമയം | = | വിവാഹം |
| അപായം | = | ആപത്ത് |
| അഥ | = | അനന്തരം |
| അളി | = | വണ്ട് |
| ക്രന്ദിക്കുക | = | കരയുക |
| ഭവിതവ്യഥ | = | ഭാഗ്യഹീനൻ |

### ആശയ വിശദീകരണം

പരസ്പരമുള്ള ദൃഢമായ അനുരാഗം വളർന്ന് വിവാഹബന്ധത്തിൽ കലാശിക്കേണ്ടിയിരിക്കുന്നതിനിടയിലാണ് ഇത്തരത്തിലൊരു അപായം സംഭവിക്കുന്നത്. കഠിനമായ വിധിയെ ഓർത്ത് ഭാഗ്യം കെട്ടവനായ വണ്ട് കരയുന്നു. അനുരാഗനദിയുടെ സാഫല്യം വിവാഹ ബന്ധത്തിലൂടെയാണല്ലോ? അനുക്ഷണം വളർന്നു വികസിച്ച പ്രണയനദി ആകസ്മികമായി വറ്റി വരണ്ടു പോയതുകണ്ട് വിധിയെ പഴിക്കുന്ന വണ്ടിലൂടെ മനുഷ്യജീവിതവും ഇത്രമേൽ ക്ഷണികമാണെന്ന് വീണ്ടും വീണ്ടും കവി ഓർമ്മിപ്പിക്കുകയാണ്.

### ശ്ലോകം 17

'ഇന്നല്ലയെങ്കിലയി, നീ ഹൃദയം തുറന്നു

.................

വന്നേറുമാധിയഥ നിന്നെ ഹനിച്ചു പൂവേ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നന്ദിച്ച | = | സ്നേഹിച്ച |
| കുസുമാന്തര ലോലൻ | = | മറ്റ് കുസുമങ്ങളിൽ ആകൃഷ്ടനായവൻ |
| കുസുമം | = | പൂവ് |
| ശഠൻ | = | ചതിയൻ |
| ആധി | = | ദുഃഖം |
| ഹനിച്ചു | = | ഇല്ലാതാക്കി. |

### ആശയ വിശദീകരണം

അതല്ലെങ്കിൽ പൂവേ, നീ ഹൃദയം തുറന്നു സ്നേഹിച്ച വണ്ട് മറ്റു പൂവിനെ മോഹിച്ച് നിന്നെ ചതിച്ചു. അതുമൂലമുണ്ടായ ദുഃഖത്താൽ നീ മരിച്ചതാകാമെന്നും കവി സംശയിക്കുന്നു. പ്രണയികൾക്കിടയിലെ പരസ്പരവിശ്വാസം പരമപ്രധാനമാണല്ലോ. പൂവിന്റെയും വണ്ടിന്റെയും പ്രണയത്തിനിടയ്ക്ക് അവിശ്വാസം കടന്നു വന്നിട്ടുണ്ടാകുമോ? വിശ്വാസവഞ്ചന മരണത്തിനിടയാക്കാം. എല്ലാ പ്രണയബന്ധങ്ങൾക്കിടയിലും ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പരസ്പരമുള്ള വിശ്വാസം. അത് നഷ്ടപ്പെട്ടാൽ ചിലപ്പോൾ മരണത്തിന് തന്നെ ഇടവരാമെന്ന് കവി പറയുന്നു.

### ശ്ലോകം 18

'ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ

.......................................................................................

പശ്ചാത്താപങ്ങൾ സാഹിസികനിങ്ങനെയെങ്ങുമുണ്ടാം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിഗമനം | = | അനുമാനം |
| അഴൽ പൂണ്ട | = | ദുഃഖിതനായ |
| പരമാർത്ഥം | = | സത്യം |

| | | |
|---|---|---|
| അഴൽ | = | ദുഃഖം |

## ആശയ വിശദീകരണം

ആ അനുമാനം ശരിയാണെങ്കിൽ ദുഃഖിതനായ വണ്ട്, നിന്റെ ദുഃഖം പാപത്തിന്റെ ഫലമാകുന്നു. പാപകർമ്മത്തിൽ ആപത്തെഴും തൊഴിലിൽ ഏർപ്പെടുന്നതിനു മുമ്പ് നല്ലവണ്ണം ആലോചിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ അസഹ്യമായ പശ്ചാത്താപം അനുഭവിക്കേണ്ടതായി വരും. 'പാപത്തിന്റെ ശമ്പളം മരണ'മെന്ന ക്രൈസ്തവദർശനം സ്മരണീയം. മരണമോ മരണത്തെക്കാൾ തീവ്രമായ പശ്ചാത്താപമോ പാപത്തിലൂടെ ലഭിക്കുന്നു എന്ന് കവി ഓർമിപ്പിക്കുന്നു.

## ശ്ലോകം 19

'പോകട്ടതൊക്കെ യഥവാ യുവലോകമേലു

.......................................................................................

മൂകങ്ങൾ പിന്നിവ പഴിക്കുകിൽ ദോഷമല്ലേ?'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഏകാന്തമാം ചരിതം | = | രഹസ്യകഥകൾ |
| പാര് | = | ഭൂമി |
| വാക്പടു | = | വാചാലൻ |
| ആർത്തി | = | ദുഃഖം |
| വൃഥാപവാദം | = | കാരണമില്ലാത്ത ദുഷ്കീർത്തി |
| പഴിക്കുക | = | കുറ്റമാരോപിക്കുക. |

## ആശയ വിശദീകരണം

അതൊക്കെ നിക്കട്ടെ, യുവജനത അവലംബിക്കുന്ന ഏകാന്ത മാർഗ്ഗത്തെക്കുറിച്ച് ആർക്കാണ് അറിയാൻ കഴിയുക? അതുകൊണ്ട് ഇപ്രകാരം ചിന്തിച്ച് വണ്ടിൽ ദോഷം ആരോപിക്കുന്നത് ശരിയല്ല. എത്ര വാഗ്മിയായാലും അവന് അപവാദങ്ങളെക്കുറിച്ചുള്ള ദുഃഖം ഉണ്ടാകാം. അപവാദങ്ങളെ അവസാനിപ്പിക്കാനും വാക്വിലാസത്തിലൂടെ കഴിയും. മിണ്ടാപ്രാണിയായ വണ്ടിനെക്കുറിച്ച് അപവാദം പറയുന്നത് പാപമല്ലേ? ഏറെ വേദനാജനകമായതാണ് അപവാദപ്രചരണം എന്ന് കവി സൂചിപ്പിക്കുന്നു.

## ശ്ലോകം 20

'പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു

.......................................................................................

മേകാന്തഗന്ധമിതു പിന്തുടരുന്നതല്ലി?'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിരവിൽ | = | തിടുക്കത്തിൽ |
| വെടിഞ്ഞു | = | ഉപേക്ഷിച്ചു |
| നഭഃസ്ഥലം | = | ആകാശം |
| ശോകാന്ധൻ | = | ശോകത്താൽ അന്ധനായ |
| കുസുമചേതന | = | പൂവിന്റെ ജീവൻ |

## ആശയ വിശദീകരണം

പൂവിനെ ഉപേക്ഷിച്ച് തിടുക്കപ്പെട്ട വണ്ട് ഇവിടെ നിന്നുമിതാ ആകാശമാർഗത്തിലേക്ക് പോകുന്നു. അങ്ങേയറ്റം ദുഖിതനായി പൂവ് പോയ മാർഗ്ഗത്തിലേക്ക് ഏകനായ് പിന്തുടരുകയാണ് ആ വണ്ട്. ആന്തരിക സൗന്ദര്യത്തിലധിഷ്ഠിതമായ പരസ്പര അനുരാഗത്തിന്റെ തീവ്രത വണ്ടിലൂടെ കവി ചിത്രീകരിക്കുന്നു.

## ശ്ലോകം 21

'ഹാ! പാപമോമൽമലരേ, ബത നിന്റെമേലും

.......................................................................................

വ്യാപന്നമായി കഴുകനെന്നും കപോതമെന്നും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ക്ഷേപിക്കുക | = | പതിപ്പിക്കുക |
| കൃതാന്തൻ | = | യമൻ |
| ഹനനം | = | വധം |
| വ്യാപന്നമായത് | = | കൊല്ലപ്പെട്ടത് |
| കപോതം | = | മാടപ്രാവ്. |

## ആശയ വിശദീകരണം

അല്ലയോ ഓമനയായ പൂവേ! വിധിയുടെ 'കരുണയറ്റകരം' നിന്റെ മേലും അയച്ചിരി

ക്കുകയാണല്ലോ (വിധിയെന്നാൽ മരണ സൂചകമായ യമൻ എന്ന അർത്ഥത്തിൽ) ഹനനം (കൊല്ലുക) തൊഴിലാക്കിയ വനവേടന് കഴുകനെന്നോ മാടപ്പിറാവെന്നോ ഭേദമില്ലല്ലോ? ജാത്യാലുള്ള ഗുണത്തെക്കുറിച്ചാണ് പ്രസ്തുത വരികളിൽ സൂചിപ്പിക്കുന്നത്. കച്ചവടം തൊഴിലാക്കിയ വനവേടന് ലാഭം മാത്രമാണ് ലക്ഷ്യം. സമാധാനത്തിന്റെ വെളുത്തപ്രാവായാലും മരണസൂചകമായ കഴുകൻ ആയാലും അവന് ഭേദമില്ല. നന്മതിന്മകളെക്കുറിച്ചുള്ള വേർതിരിവ് വനവേടനില്ല. നായാട്ട് തൊഴിലാക്കിയ അവന്റെ മുന്നിൽ അകപ്പെട്ടത് ഏത് ജീവിയായാലും അവന്റെ ഭക്ഷണം തന്നെയാണല്ലോ അതുപോലെ വിധിയുടെ കരുണയറ്റകരം മുഗ്ധയായ പൂവിന്റെമേലും ദാക്ഷിണ്യമില്ലാതെ പെരുമാറിയിരിക്കുന്നു.

### ശ്ലോകം 22

'തെറ്റൊന്നു ദേഹസുഷമാപ്രസരം മറഞ്ഞു

......................................................................

വറ്റിപ്പുകഞ്ഞഹഹ! വാടിയണഞ്ഞു പോയി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പ്രസരം | = | വ്യാപിപ്പിക്കുക |
| ചെറ്റല്ല | = | കുറച്ചല്ല |
| ജവം | = | വേഗത്തിൽ |
| ദേഹസുഷമ | = | ദേഹസൗന്ദര്യം |

### ആശയ വിശദീകരണം

പൂവിന്റെ ശരീരകാന്തി മറഞ്ഞു. ഇരുണ്ട് മുഖകാന്തിയും കുറഞ്ഞു. ഈ നവദീപം സകലർക്കും പ്രകാശം ചൊരിഞ്ഞിരുന്നു. എന്നാൽ ഇന്ന് അതിന്റെ എണ്ണ വറ്റിപ്പുകഞ്ഞ് അത് കെട്ടുപോയിരിക്കുന്നു. ദീപത്തിന്റെ കാന്തി മറയുന്നത് മരണത്തെയാണ് സൂചിപ്പിക്കുന്നത്. അഹഹ എന്ന് വ്യാക്ഷേപക ശബ്ദം അലംഘനീയമായ വിധിയെക്കുറിച്ചുള്ള വിലാപമാണ്.

### ശ്ലോകം 23

'ഞെട്ടറ്റു നീ മുകളിൽ നിന്നു നിശാന്തവായു

......................................................................

വിട്ടാശു ഭുവിലടിയുന്നൊരു ജീവനെന്നോ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിശാന്തം | = | രാത്രിയുടെ അന്ത്യം |
| നിശ | = | രാത്രി |
| താരം | = | നക്ഷത്രം |
| ദിവ്യഭോഗം | = | സ്വർഗ്ഗാനുഭവം |
| തിട്ടം | = | നിശ്ചയം, തീർച്ചയായും |

### ആശയ വിശദീകരണം

രാത്രിയുടെ അന്ത്യയാമത്തിൽ കാറ്റടിച്ച് നീ നിലംപതിച്ചു. പ്രഭാതത്തിൽ ഉണർന്നുവന്നവർ നിന്നെ താഴേക്കു പതിച്ച നക്ഷത്രമെന്നോ, ദിവ്യമായ സുഖങ്ങൾ ഉപേക്ഷിച്ചു ഭൂമിയിലേക്കുവന്ന ഒരു ജീവനായോ കരുതിയിരിക്കാം. നക്ഷത്രലോകത്തിലേക്കും സൂക്ഷ്മമായ ജീവനിലേക്കും കാവ്യാന്തരീക്ഷം വളർന്നു. ഭൗതികമായ പരിസ്ഥിതിയിൽ നിന്നും കവിത ആധ്യാത്മികമായ തലത്തിലേക്ക് അനുക്രമം വികസിക്കുന്നു.

### ശ്ലോകം 24

'അത്യന്ത കോമളതയാർന്നൊരു നിന്റെ മേനി-

......................................................................

രുദ്വേഗമോതുമുപകണ്ഠതൃണാങ്കുരങ്ങൾ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അവനി | = | ഭൂമി |
| അധീര | = | ധൈര്യമില്ലാതെ |
| സ്ഫുടം | = | സ്പഷ്ടമായി, വിശദമായി |
| പുളകിതം | = | രോമാഞ്ചം |
| ഉദ്വേഗം | = | പരിഭ്രമം |
| തൃണം | = | പുല്ല് |
| ഉപകണ്ഠ തൃണാംകുരം | = | സമീപത്തുള്ള പുൽകുരുന്നുകൾ |

### ആശയവിശദീകരണം

അതീവ സുന്ദരമായ നിന്റെ മൃദുമേനി ഞെട്ടറ്റ് മണ്ണിൽ പതിച്ചിരിക്കുന്നത് കണ്ട് ഭൂമി അധീരയായി. സത്യമായും സ്ഫുടമായും ഭൂമി പുളകിതാംഗിയായി അനുഭവിച്ച പരിഭ്രമം സമീ

പത്തുള്ള പുൽകുരുന്നുകൾ വിളിച്ചോതുന്നു.

### ശ്ലോകം 25

'അന്യൂനമാംമഹിമ തിങ്ങിയൊരാത്മതത്വ-

.........................................................................................

മിന്നുന്നു നിൻ പരിധിയെന്നു തോന്നും'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അന്യൂനം | = | ന്യൂനമില്ലാത്ത, കുറവില്ലാത്ത (മുഴുവനായ) |
| ഗതമൗക്തിക ശുക്തി | = | മുത്തുപോയ മുത്തുച്ചിപ്പി പോലെ |
| മഹിമ | = | മേന്മ |
| സന്നാഭം | = | ശോഭയറ്റ് |

### ആശയ വിശദീകരണം

ഒട്ടുംകുറവില്ലാത്ത മേന്മയോടെ ജീവചൈതന്യമറ്റ് മുത്തൊഴിഞ്ഞു പോയ ചിപ്പി പോലെ ശോഭയറ്റ് നീ കിടക്കുകയാണെങ്കിലും തേജോവലയം (പ്രഭാപൂരം) നിന്നെ ഇപ്പോഴും ചൂഴ്ന്നു നിൽക്കുകയാണെന്ന് തോന്നും. മേന്മയേറിയ മഹത്തുക്കളുടെ വേർപാട് കാലത്തിനോ വിധിക്കോ മായ്ക്കാൻ കഴിയാത്തതാണെന്ന് കവി ഓർമിപ്പിക്കുന്നു.

### ശ്ലോകം 26

'ആഹാ! രചിച്ചു ചെറു ലൂതകളാശു നിന്റെ

.........................................................................................

നീഹാരശീകരമനോഹരമന്ത്യഹാരം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ലൂത | = | എട്ടുകാലി |
| ആശു | = | പെട്ടെന്ന് |
| ചരമാവരണം | = | ശവത്തിലിടുന്ന മൂടുപടം |
| ഉഷസ്സ് | = | പ്രഭാതം |
| നീഹാരം | = | മഞ്ഞ് |
| ദുകൂലം | = | പട്ട് |

### ആശയ വിശദീകരണം

ചെറിയ എട്ടുകാലികൾ വെള്ളപ്പട്ട് കൊണ്ട് നിന്റെ ശരീരത്തിന് ചരമാവരണപ്പട്ട് നൽകി. (ചിലന്തിവല പൂവിൽ ബാധിച്ചു). പ്രഭാതം സ്നേഹത്താൽ ആർദ്രമായി നിനക്കായി മഞ്ഞുതുള്ളികൾ കൊണ്ട് മനോഹരമായ അന്ത്യഹാരം ചാർത്തുകയും ചെയ്തു. സമയത്തിനനുസരിച്ചുണ്ടാകുന്ന സ്വാഭാവിക മാറ്റങ്ങൾ പോലും പ്രകൃതി പൂവിന് നൽകുന്ന ആദരസൂചകമായാണ് കവി ചിത്രീകരിച്ചിട്ടുള്ളത്. മരണപ്പെട്ട (അവസാനിച്ച) ആളിന്റെ വ്യക്തി വൈശിഷ്ട്യത്തെയാണ് പ്രസ്തുത ബിംബങ്ങളിൽ കവി അവതരിപ്പിക്കുന്നത്.

### ശ്ലോകം 27

'താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ

.........................................................................................

ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| തപിച്ചു | = | സങ്കടപ്പെട്ടു |
| നീഡതരു | = | കൂടുവച്ച മരം |
| നീഡം | = | പക്ഷിക്കൂട് |
| ചടകം | = | കുരുവി |
| തരു | = | വൃക്ഷം |

### ആശയ വിശദീകരണം

ലോകതത്വം പഠിപ്പിച്ച അതേ നക്ഷത്രങ്ങൾ ഇന്ന് നിന്റെ വീഴ്ചയോർത്ത് ദുഃഖിച്ചു മഞ്ഞുതുള്ളികളാകുന്ന കണ്ണീർ ചൊരിഞ്ഞ് കരഞ്ഞിടുന്നു. വൃക്ഷങ്ങളിൽ നിന്നും പക്ഷിക്കൂടുകളുപേക്ഷിച്ച് കുരുവികൾ നിന്റെ സമീപത്തേക്ക് വന്ന് പുലമ്പിക്കരയുന്നു. നക്ഷത്രങ്ങളും കുരുവികളുമുൾപ്പെട്ട പ്രപഞ്ചിക ഘടകങ്ങളെല്ലാം പൂവിന്റെ വിയോഗത്തിൽ തങ്ങളുടെ ദുഃഖത്തെ അടയാളപ്പെടുത്തുകയാണ്. പൂവിനെക്കാൾ വലിയ സങ്കല്പങ്ങളിലേക്ക് പൂവ് വളർന്നിരിക്കുന്നതായി മനസ്സിലാക്കാം.

### ശ്ലോകം 28

'ആരോമലാം ഗുണഗണങ്ങളിണങ്ങി ദോഷ-

.........................................................................................

മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദോഷമോരാത്ത | = | ദുഷ്ട വിചാരങ്ങളില്ലാത്ത |
| പരാർത്ഥം | = | പരോപകാരത്തിനായി |
| വാണ | = | ജീവിച്ച |
| ഹൃത്തടമഴിഞ്ഞു | = | ഹൃദയം തകർന്ന് |

### ആശയ വിശദീകരണം

ആരോമലായ ഗുണഗണങ്ങളിണങ്ങി, ആർക്കും ഒരു ദോഷവും വിചാരിക്കാതെ, മറ്റുള്ളവർക്കുപകാരം മാത്രം ചെയ്തുകൊണ്ട് സ്നേഹത്തോടെ ജീവിച്ച നിന്റെ ചരിത്രമോർത്ത് ആരാണ് ഹൃദയം അലിഞ്ഞു കരഞ്ഞു പോകാത്തതെന്ന് കവി ചോദിക്കുകയാണ്. തന്റെ മനോഹരസാന്നിധ്യം കൊണ്ട് പ്രപഞ്ചത്തിലെല്ലാവർക്കും ആനന്ദം പ കർന്നവളാണ് പൂവ്. അങ്ങനെയുള്ള പൂവിന്റെ വേർപാട് മറ്റുള്ളവരിൽ വേദനയുളവാക്കുന്നു. പരപീഡ ചെയ്യാത്ത മനുഷ്യർ എല്ലാക്കാലത്തും മറ്റുള്ളവരിലൂടെ ഓർമ്മിക്കപ്പെടുമെന്ന സൂചന വീണ്ടും കവി നടത്തിയിരിക്കുന്നു.

### ശ്ലോകം 29

'കണ്ടീ വിപത്തഹഹ കല്ലലിയുന്നിതാടൽ-

.........................................................................................

ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആടൽ | = | ദുഃഖം |
| ആശു | = | പെട്ടെന്ന് |
| ദിങ്മുഖം | = | ദിക്കുകളുടെ മുഖം |
| തണ്ടാർസഖൻ | = | സൂര്യൻ ( താമരയുടെ പ്രിയപ്പെട്ടവൻ) |
| ഗിരിതടം | = | പർവ്വതശിഖരം |
| ഇണ്ടൽ | = | ദുഃഖം |
| പവനൻ | = | കാറ്റ് |

### ആശയ വിശദീകരണം

ഈ വിപത്തു കണ്ടിട്ട് ദുഃഖത്താൽ കല്ലുപോലും അലിഞ്ഞു പോകുന്നു. ദിക്കുകളുടെ മുഖം ദുഃഖത്താൽ മങ്ങിപ്പോയി. മലയുടെ മുകളിൽ സൂര്യൻ വിളർച്ചയോടെ ആധിപൂണ്ടു നിന്നു. കാറ്റ് നെടുവീർപ്പിടുന്നു എന്ന് കവി പറയുകയാണ്. സർവ്വഗുണങ്ങളുടെയും ഇരിപ്പിടമായിരുന്ന പൂവിന്റെ അവസ്ഥയിൽ ദുഃഖിക്കുന്ന പ്രപഞ്ചത്തെയാണ് കവി ഈ വരികളിൽ കാട്ടിത്തരുന്നത്. വിശ്വപ്രകൃതിയുടെ ചലനങ്ങൾ വരികളിൽ പ്രതിഫലിക്കുന്നു. തണ്ടാർസഖൻ എന്ന് സൂര്യനെ വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. താമര സൂര്യന്റെയും ആമ്പൽ ചന്ദ്രന്റെയും കാമുകരാണെന്ന് കാവ്യകല്പനയാണ് കവി ഇവിടെ ഉപയോഗിച്ചിട്ടുള്ളത്.

### ശ്ലോകം 30

'എന്തിന്നലിഞ്ഞുഗുണധോരണി വെച്ചു നിന്മേൽ?

.........................................................................................

വാഴാതെന്തുള്ളു ഹാ, ഗുണികളൂഴിയിൽ നീണ്ടു വാഴാ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഗുണധോരണി | = | ഗുണപരമ്പര |
| അപാകരിച്ചു | = | നശിപ്പിച്ചു |
| അരിയ | = | ശ്രേഷ്ഠമായ |
| ശ്രേണി | = | കൂട്ടം |
| ഗുണി | = | സദ്ഗുണമുള്ള |
| വാഴാ | = | വാഴില്ല |

### ആശയ വിശദീകരണം

ഇത്രയധികം ഗുണങ്ങൾ നിന്നിൽ ഇണക്കിച്ചേർത്തതിനുശേഷം അവയൊക്കെയും എന്തിനാണ് വിധി നശിപ്പിച്ചു കളഞ്ഞത് എന്ന്

കവി ചോദിക്കുകയാണ്. ശേഷം, പൂവിന്റെ പതനത്തിൽ നിന്ന് ജീവിതത്തിന്റെ തത്ത്വശാസ്ത്രം കണ്ടെത്തുകയാണ് ആശാൻ. ശ്രേഷ്ഠമായ സൃഷ്ടിരഹസ്യങ്ങൾ ആർക്കാണ് അറിയാൻ കഴിയുക. ശ്രേഷ്ഠർ (സദ്ഗുണികൾ) ഭൂമിയിൽ ഒരുപാടുകാലം നീണ്ടു നിൽക്കില്ല. കവിതാരംഭത്തിൽ എന്നപോലെ പ്രസ്തുത ശ്ലോകത്തിലും കവിയുടെ നേരിട്ടുള്ള വിലാപമാണുള്ളത്. പൂവ് എന്ന പ്രതീകം സകലഗുണങ്ങളുടെ ഇരിപ്പിടമായിട്ടും അഴക്, ശുദ്ധി, മൃദുത്വം, എന്നീ ഗുണങ്ങൾ തികഞ്ഞിരുന്നിട്ടും അൽപായുസ്സായി ത്തീർന്നു. 'ശ്രീഭൂവിലസ്ഥിര', 'ഗുണികളൂഴിയിൽ നീണ്ടുവാഴാ' എന്നീ പ്രയോഗങ്ങളിലെല്ലാം ജീവിതത്തെക്കുറിച്ചുള്ള അഗാധമായ ജ്ഞാനത്തിന്റെ തത്ത്വചിന്താപ്രധാനമായ ദർശനങ്ങളാണ് മുന്നിട്ടു നിൽക്കുന്നത്. ആശാൻ കവിതയിലെ തത്ത്വചിന്ത വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്.

### ശ്ലോകം 31

'സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
..............................................................................
ജ്യോതിസ്സുതൻ ക്ഷണിക ജീവിതമല്ലികാമ്യം?'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിജ ജന്മകൃത്യം | = | നിന്റെ ജന്മലക്ഷ്യം |
| സാധിഷ്ഠർ | = | ഉത്തമജനങ്ങൾ |
| നിശി | = | രാത്രി |
| പാന്ഥർ | = | വഴിയാത്രക്കാർ |
| രൂക്ഷശില | = | കൂർത്ത പാറ |
| മേഘജ്യോതിസ്സ് | = | മിന്നൽപ്പിണർ |
| ക്ഷണികം | = | വളരെ കുറച്ചു സമയം |
| കാമ്യം | = | മനോഹരം |

### ആശയ വിശദീകരണം

ജന്മകൃത്യം വേഗത്തിൽ സാധിച്ചതിനു ശേഷം ഉത്തമജനങ്ങൾ കടന്നു പൊയ്ക്കൊള്ളട്ടെ. രാത്രിയിൽ, വഴിയാത്രക്കാരുടെ പാദങ്ങൾക്ക് ദുർഘടമാകുന്ന കഠിനമായ പാറയേക്കാൾ അവർക്ക് ഇരുട്ടിൽ വെളിച്ചമാകുന്ന മിന്നൽപ്പിണറിന്റെ ക്ഷണികമായ ജീവിതം തന്നെയാണല്ലോ ഉത്തമമായിട്ടുള്ളത് എന്ന് കവി പറയുന്നു. ക്ഷണികമായ ജീവിതത്തിന്റെ ഓർമ്മപ്പെടുത്തലും ക്ഷണികമെങ്കിലും ഉത്തമമായ ജീവിതത്തിന്റെ ശ്രേഷ്ഠതയും ഒന്നുപോലെ വ്യക്തമാക്കുന്നു. അതോടൊപ്പം മരണത്തിന്റെ നേർക്കുള്ള കവിയുടെ ആഭിമുഖ്യവും വരികളിൽ വ്യക്തമാകുന്നു.

### ശ്ലോകം 32

'എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
..............................................................................
ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം?'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കരുണമായ | = | ദയനീയമായ |
| അഴൽ | = | ദുഃഖം |
| രചിക്കുക | = | സൃഷ്ടിക്കുക. |

### ആശയ വിശദീകരണം

നിന്റെ വിയോഗത്തിലും കാരുണ്യജനകമായ നിന്റെ കിടപ്പു കണ്ടും എനിക്ക് ദുഃഖമുണ്ട്. പൂവേ! വാസ്തവത്തിൽ നമ്മൾ സഹോദരരല്ലേ? നമ്മളൊന്നല്ലേ? ഒരേ കൈയ്യല്ലേ നമ്മളിരുവരെയും സൃഷ്ടിച്ചത് എന്ന് കവി ചോദിക്കുകയാണ്. ഒരേ ദൈവത്തിന്റെ വ്യത്യസ്ത സൃഷ്ടികളാണ് പ്രപഞ്ചത്തിലെ ഓരോ ജീവനും. സാർവ്വലൗകികമായ സാഹോദര്യത്തിന്റെ ഓർമപ്പെടുത്തലാണിവിടെ കവി നടത്തുന്നത്. പൂവിന്റെ വിയോഗത്തിൽ പ്രപഞ്ചം മുഴുവൻ ദുഃഖിക്കുന്നതിനുള്ള കാരണം സാഹോദര്യം കൂടിയാണെന്ന് കവി പറുയുന്നു.

### ശ്ലോകം 33

'ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
..............................................................................
മെന്നല്ലയാഴിയുമൊരിക്കൽനശിക്കുമോർത്താൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഗതി | = | ഗമനം (മോക്ഷം) |
| ഉന്നതമായ | = | ഉയരമുള്ള |
| ആഴി | = | സമുദ്രം. |

### ആശയവ 1ിശദീകരണം

ഇന്നു നിന്റെ ഗതി ഇത്തരത്തിലായി, നീ പോവുക, പിന്നെ ഒന്നൊന്നായി നിനക്കൊപ്പം ഞങ്ങളും വരും. ഈ പ്രപഞ്ചത്തിലൊന്നിനും സ്ഥായിയായ നിലനിൽപ്പില്ല. ഉന്നതമായ കുന്നും ആഴിയുമെല്ലാമൊരിക്കൽ നശിക്കും എന്ന് ആശയം. അസ്ഥിരതയാണ് പ്രപഞ്ചത്തിന്റെ തത്ത്വശാസ്ത്രം എന്ന് കവി പറയുന്നു. പിറവി പോലെ തന്നെ നാശവും യാഥാർത്ഥ്യമാണ്. അതിൽ ഉയർച്ച താഴ്ചകളുടെ ഭേദമില്ല. ജൈവവും അജൈവവും എന്ന അന്തരമില്ല.

### ശ്ലോകം 34

'അംഭോജബന്ധുവിത നിന്നവശിഷ്ടകാന്തി

.......................................................................................

സമ്പൂർണ്ണമാ,യഹഹ! നിന്നുടെ ദായഭാഗം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അംഭോജബന്ധു | = | സൂര്യൻ |
| അംഭോജം | = | താമര |
| സൗരഭം | = | സുഗന്ധം |
| ജൃംഭിച്ച | = | പൊങ്ങി വന്ന |
| ദായഭാഗം | = | സ്വത്ത് വീതിക്കൽ |

### ആശയ വിശദീകരണം

നിന്നിൽ അവശേഷിപ്പിക്കുന്ന കാന്തി സമ്പത്തെടുക്കുന്നതിനായി സൂര്യൻ കിരണങ്ങളാകുന്ന കൈകൾ നീട്ടുന്നു. മിച്ചമുള്ള സൗരഭ്യമിതാ കാറ്റും കവരുന്നു. അങ്ങനെ നിന്നിൽ ബാക്കിയുള്ള സമ്പത്തുകൾ (സ്വത്തുക്കൾ) നിന്റെ ബന്ധുക്കൾ കവർന്നെടുക്കാനായെത്തുന്നു. മരണാനന്തരമുള്ള സ്വത്തു പങ്കിടലിനെയാണ് സൂചിപ്പിക്കുന്നത്. തന്നിലുള്ളതെല്ലാം പ്രപഞ്ചത്തിനു പൂവ് നൽകി. അവശേഷിക്കുന്നതെല്ലാം പ്രിയപ്പെട്ടവർ കവർന്നെടുത്തും കഴിഞ്ഞു. എന്നാൽ മരണാനന്തരം കാറ്റിലൂടെയും സൂര്യനിലൂടെയും പൂവ് തന്റെ നാശത്തെ അതിജീവിക്കുക കൂടിയാണ് ചെയ്യുന്നത് എന്ന് സാരം. പൂവിനു മാനുഷികഭാവം പകർന്നു നൽകിയിരിക്കുകയാണ് കവി. ഒപ്പം പ്രപഞ്ചത്തിലേക്ക് അലിഞ്ഞു ചേർന്ന അതിന്റെ നിലയും അടയാളപ്പെടുത്തുന്നു .

### ശ്ലോകം 35

'ഉൽപ്പന്നമായതു നശിക്കുമണുക്കൾ നിൽക്കും

.......................................................................................

കൽപിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഉൽപ്പന്നമായത് | = | ഉണ്ടായതൊക്കെ |
| ഉടൽ | = | ശരീരം |
| ദേഹി | = | ആത്മാവ് |
| ഉല്പത്തി | = | സൃഷ്ടി |
| ജഗത്ത് | = | ലോകം |
| കർമ്മഗതി | = | പുണ്യപാപങ്ങളനുസരിച്ച് |

### ആശയ വിശദീകരണം

ഈ പ്രപഞ്ചത്തിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം നശിക്കും. എന്നാൽ അവയുടെ സൂക്ഷ്മാംശങ്ങൾ നിലനിൽക്കുകയും ചെയ്യും. ദേഹം ഉപേക്ഷിച്ച് ആത്മാവ് വീണ്ടും സൃഷ്ടിക്കപ്പെടും. ഓരോരുത്തരുടെയും കർമ്മഗതിയനുസരിച്ചുള്ളതാണ് പുനർജന്മം. ഇതാണ് വേദോപനിഷത്തുകൾ കൽപ്പിച്ചിട്ടുള്ള ജനിമൃതി സങ്കല്പം. ഈ വരികളിലൂടെ പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് കവി വായനക്കാരനെ കൊണ്ടുപോകുന്നു.

"ജീർണ്ണവസ്ത്രം കളഞ്ഞൻപോടു മാനുഷർ
പൂർണ്ണശോഭം നവ വസ്ത്രം ധരിച്ചിടും''

പഴകിയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പുതിയ വസ്ത്രങ്ങൾ ധരിക്കുന്നത് പോലെ ശരീരങ്ങൾ വിട്ട് ആത്മാവ് പുതിയ ശരീരങ്ങൾ സ്വീകരിക്കുന്നു എന്ന എഴുത്തച്ഛന്റെ വരികൾ ഇവിടെ ഓർക്കാം.

### ശ്ലോകം 36

'ഖേദിക്കകൊണ്ടു ഫലമില്ല, നമുക്കതല്ല

.............................................................................................

ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഖേദം | = | ദുഃഖം |
| മോദം | = | ആഹ്ലാദം |
| ചൈതന്യം | = | ജീവൻ (ആത്മാവ് ) |
| വൈഭവം | = | വിലാസം |
| വടിവിൽ | = | രൂപത്തിൽ |

### ആശയ വിശദീകരണം

ദുഃഖിച്ചിട്ട് കാര്യമില്ല. ചില സന്തോഷങ്ങൾക്കു വേണ്ടിയും ലോകത്തിൽ വിപത്തുകൾ സംഭവിക്കാറുണ്ട്. സകലതും ലോകഗതിക്കായി ഈശ്വരേച്ഛയാൽ സംഭവിക്കുന്നു എന്ന് സാരം. നിത്യതയുടെ വിവരണമാണിവിടെ കവി നടത്തുന്നത്. നശ്വരമായ അവസ്ഥയെപ്പോലും മറികടക്കാൻ ചിലപ്പോൾ നിത്യതയ്ക്ക് (എന്നും നിലനിൽക്കുന്നു എന്ന സങ്കൽപ്പം) കഴിയുന്നു. ശുഭസൂചകമായി ജീവിതത്തെ നോക്കിക്കാണാനുള്ള പ്രേരണ വരികളിൽ വ്യക്തമാണ്.

### ശ്ലോകം 37

'ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-

.............................................................................................

കൽപദ്രുമത്തിനുടെ കൊമ്പിൽവിടർന്നീടാം നീ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പശ്ചിമാബ്ധി | = | പശ്ചിമസമുദ്രം (പടിഞ്ഞാറേക്കടൽ) |
| ഉത്പന്നശോഭം | = | പുതിയ ശോഭയോടുകൂടി |
| ഉദയാദി | = | ഉദയപർവ്വം |
| സുമേരു | = | മഹാമേരുപർവ്വതം |
| കല്പദ്രുമം | = | കൽപ്പവൃക്ഷം |

### ആശയ വിശദീകരണം

ഈ പശ്ചിമസമുദ്രത്തിലണഞ്ഞ നക്ഷത്രം നവീന ശോഭയോടുകൂടി ഉദയപർവ്വതത്തിൽ വീണ്ടുമെത്തുന്നപോലെ അല്ലയോ, ഉത്തമ പുഷ്പമേ! നീ ഇവിടെ ഈ മണ്ണിൽ മറഞ്ഞു പോയെങ്കിലും ഇനി നീ സ്വർഗ്ഗത്തിലെ മഹാമേരു പർവതത്തിലെ കൽപ്പവൃക്ഷത്തിന്റെ കൊമ്പിലാകാം നിത്യശോഭയാർന്ന് വിലസുക എന്ന് ആശയം. ഉയർന്ന് ജ്യോതിസുകളിൽ ചെന്നു മുട്ടുന്നതാണ് സുമേരു പർവ്വതം. പൂവും അതുപോലെ ഉയർന്ന് സുമേരു പർവ്വതത്തിലെ കല്പവൃക്ഷത്തിന്റെ മുകളിൽ നിത്യതയോടെ ശോഭിക്കുമെന്നതാണ് കവിസങ്കല്പം. കാവ്യഭാവനയുടെ ഉദാത്തതയാണിവിടെ കാണുവാൻ കഴിയുന്നത്.

### ശ്ലോകം 38

'സംഫുല്ലശോഭമതുകണ്ടുകുതൂഹലം പൂ

.............................................................................................

സമ്പത്തെയും തമധികം സുകൃതം ലഭിക്കാം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സംഫുല്ലം | = | ഉയർന്ന |
| കുതൂഹലം | = | ആഹ്ലാദം |
| അൻപ് | = | സ്നേഹം |
| അളി | = | വണ്ട് |
| വേണി | = | മുടി |
| ഭൂഷ | = | അലങ്കാരം |
| സുരയുവാക്കൾ | = | യുവാക്കളായദേവന്മാർ |
| രാഗസമ്പത്ത് | = | അനുരാഗസമ്പത്ത് |
| സമധികം | = | അത്യധികം |
| സുകൃതം | = | ഭാഗ്യം |

### ആശയ വിശദീകരണം

അതീവ ശോഭയോടെ ഉയർന്ന് ആ പുഷ്പം തെളിയുന്നത് കണ്ട് ആഹ്ലാദത്തോടെയും സ്നേഹവായ്പോടെയും ദേവാംഗനമാർ നിന്നെ നോക്കും. ദേവസ്ത്രീകളുടെ വാർകൂന്തലുകൾക്ക് അലങ്കാരമായി അവർ നിന്നെ സ്വീകരിക്കും. അവർക്ക് അലങ്കാരമെന്ന വിധത്തിൽ ദേവന്മാരിൽ പ്രണയവും ഇമ്പവും വളർത്തി നിനക്ക് അത്യധികമായ സുകൃതം ലഭിച്ചെന്നു വരാം എന്ന് കവി പറയുന്നു. ഇഹലോകത്തിൽ അനുവർത്തിച്ച് നന്മയാൽ മരണാനന്തരം ലഭിച്ചേ

ക്കാനിടയുള്ള സ്വർലോകവാസ സൂചനയാണ് പ്രസ്തുത വരികളിലൂടെ കവി വ്യക്തമാക്കിയിരിക്കുന്നത്.

### ശ്ലോകം 39

'അല്ലെങ്കിലാ ദ്യുതിയെഴുന്നമരർഷിമാർക്കു

..........................................................................

ചെല്ലാം നിനക്കു തമസഃ പരമാം പദത്തിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദ്യുതി | = | ശോഭ |
| തമസ് | = | ഇരുട്ട് |
| ബലിപുഷ്പം | = | പൂജാ പുഷ്പം |
| സകലസംഗമവും | = | എല്ലാവിധത്തിലുമുള്ള ബന്ധങ്ങൾ |

### ആശയ വിശദീകരണം

അല്ലെങ്കിൽ തേജസ്വികളായ മഹർഷിമാർക്ക് പൂർണ്ണമായ പ്രകാശം ചൊരിയുന്ന ബലിപുഷ്പമായി ഭവിച്ച് സ്വർഗ്ഗവും സർവ്വവിധമായ ബന്ധങ്ങളും അതിലംഘിച്ച് അജ്ഞാനമില്ലാത്ത, സത്യത്തിന്റേതായ പദത്തിലേക്ക് പ്രാപിക്കാൻ നിനക്ക് കഴിഞ്ഞേക്കും. ലോകത്തിന് ശാന്തി പകരുന്ന ദേവർഷിമാർക്ക് പ്രകാശം പരത്തുന്ന തരത്തിൽ ഏറ്റവുമുയർന്ന സങ്കൽപ്പത്തിലേക്ക് പൂവിനെ എത്തിച്ചിരിക്കുന്നു. പരമപദത്തെ പൂവിന്റെ മോക്ഷപ്രാപ്തിയായി സൂചിപ്പിക്കുന്നു.

### ശ്ലോകം 40

'ഹാ! ശാന്തിയൗപനിഷദോക്തികൾ തന്നെ നൽകും

..........................................................................

യീശാജ്ഞ പോലെയുമോർക്ക പൂവേ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഔപനിഷദോക്തികൾ | = | വേദാന്തശാസ്ത്രതത്വങ്ങൾ |
| ക്ലേശം | = | തടസ്സം, ദുഃഖം |
| ആത്മപരിപീഡനം | = | സ്വന്തം ആത്മാവിനെ പീഡിപ്പിക്കൽ |
| അജ്ഞത | = | അറിവില്ലായ്മ |
| ശ്രുതി | = | വേദം |

### ആശയ വിശദീകരണം

നമുക്ക് ശാന്തി പകരുന്നത് വേദാന്ത ശാസ്ത്രതത്വങ്ങൾ മാത്രമാണ്. വെറുതെ ദുഃഖിക്കുന്നത് സ്വന്തം ആത്മാവിന് സ്വയം നൽകുന്ന പീഡയാണ്. അത് അറിവില്ലാത്തവർ ചെയ്യുന്ന കർമ്മമാണ്. അതിനാൽ വേദങ്ങളിൽ നാം സുദൃഢമായ പ്രത്യാശ സമർപ്പിക്കുക. പിന്നെയുള്ളതൊക്കെയും ഈശ്വരനിശ്ചയം പോലെ വന്നുകൊള്ളുമെന്ന് നീ ഓർക്കുക. ഈശ്വരന്റെ തീരുമാനത്തിനും വിധിയുടെ അലംഘനീയതക്കും മുന്നിൽ മനുഷ്യർ നിസ്സഹായരാണെന്ന് സാരം.

'അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തുകണ്ടു'

എന്ന് നാലപ്പാട്ട് നാരായണമേനോൻ കണ്ണുനീർത്തുള്ളിയിൽ എഴുതിയ വരികൾ ഇവിടെ സ്മരിക്കാം. ജ്ഞാനത്തിലൂടെ വെളിച്ചം പകരാൻ കഴിയും. വേദാന്തജ്ഞാനത്തിലൂടെ ഏതു ദുഃഖങ്ങളെയും അതിജീവിക്കാൻ കഴിയും. ദുഃഖിച്ചിരിക്കുന്നതിൽ യാതൊരർത്ഥവുമില്ല. കർമ്മണ്യേ വാധികാരസ്തു' എന്ന ഭഗവത്ഗീതാദർശനവും ഇവിടെ സ്മരിക്കാവുന്നതാണ്.

### ശ്ലോകം 41

'കണ്ണേ, മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു

..........................................................................

കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവു, കഷ്ടം!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിസ്മൃതം | = | മറവിയിലാളുക |
| എണ്ണീടുക | = | കണക്കാക്കുക |
| അവനി | = | ഭൂമി |
| വാഴ്‌വ് | = | ജീവിതം |
| കിനാവ് | = | സ്വപ്നം |

### ആശയ വിശദീകരണം

അല്ലയോ എന്റെ കണ്ണുകളെ! ഈ കാഴ്ചയിൽ നിന്നും മടങ്ങുക. ഈ പുഷ്പം ഇപ്പോൾത്തന്നെ കരിഞ്ഞും അലിഞ്ഞും

മണ്ണായി അത് വിസ്മരിക്കപ്പെടും. ലോകത്തിൽ എല്ലാവരുടെയും സ്ഥിതി ഇതുതന്നെയാണ്. കണ്ണീരണിയുന്നതുകൊണ്ട് എന്ത് പ്രയോജന മാണുള്ളത്? ഭൂമിയിലെ ജീവിതം ഒരു സ്വപ്നം പോലെയാണ് കഷ്ടം! എന്ന് കവി പറഞ്ഞു നിർത്തുന്നു. ജീവിതത്തിന്റെ നിസ്സാരതയും തത്ത്വ ശാസ്ത്രവും കണ്ടെത്തുന്ന കവി അതിൽ നിന്ന് സമാധാനവും കണ്ടെത്തുന്നുണ്ട്. ജീവിതത്തെ എപ്പോൾ വേണമെങ്കിലും അവസാനിക്കാത്ത കിനാവായി സങ്കൽപ്പിച്ചിരിക്കുന്നത് കവിയുടെ സൂക്ഷ്മവീക്ഷണത്തിന് ഉദാഹരണമാണ്.

## കാവ്യാവലോകനം

ആശാന്റെ കൃതികളിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത കവിതയാണ് വീണപൂവ്. അന്നുവരെയുള്ള കാവ്യപരിസരങ്ങളിൽ നിന്നും വ്യതസ്തവും ആശയഗംഭീരവും അർത്ഥഗർഭവുമായ കൃതിയാണിത്. പ്രത്യക്ഷതലത്തിൽ ഒരു പൂവിന്റെ ജീവിതത്തിലെ ജനനം മുതൽ മരണാസന്നത വരെയുള്ള ഘട്ടങ്ങളിലൂടെ സഞ്ചരിച്ച് മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ വ്യാഖ്യാനിച്ചു. ആശാന്റെ ജീവിത വീക്ഷണത്തിന്റെ പൂർണ്ണാവിഷ്കാരമാണീ കാവ്യം. തന്റെ ജീവിത സങ്കല്പങ്ങളെയാകെ ഒരൊറ്റ ബിംബമാക്കിയത് (ഒരു പൂവ്) അത് ആശാനും അദ്ദേഹത്തിന്റെ വീണപൂവുമാണ്. ഹാ! എന്ന വ്യാക്ഷേപക ശബ്ദത്തിലാരംഭിച്ച് കഷ്ടം! എന്ന വ്യാക്ഷേപക ശബ്ദത്തിൽ അവസാനിക്കുന്ന ഒരു കാവ്യമാണ് വീണപൂവ്. ഗഹനമായ ജീവിതത്തിന്റെ ഭാവവിശേഷണങ്ങൾ അതിലൂടെ അഭിവ്യക്തമാക്കുകയാണ് കവി. ക്ഷണികമായ ജീവിതത്തെക്കുറിച്ചുള്ള കല്പനകളും ചിന്തകളും വിശ്വാസങ്ങളുമെല്ലാം അവതരിപ്പിക്കുന്നു. അതോടൊപ്പം ഒരു മനുഷ്യായുസ്സിൽ നാമെങ്ങനെ നന്മയിലൂടെ പുനർജനിക്കുന്നു എന്ന് ഓർമ്മപ്പെടുത്തലും കവിത നൽകുന്നു. കേവലം ഒരു പൂവിന്റെ പതനമെന്നതിലുപരി മനുഷ്യജീവിതത്തിന്റെ വ്യത്യസ്തതയാർന്ന ആവിഷ്കാരമാണ് കുമാരനാശാന്റെ വീണപൂവ്.

## Recap

- പൂവിലൂടെ മനുഷ്യജീവിതത്തിന്റെ നശ്വരതയെ കവി അവതരിപ്പിക്കുന്നു
- ഐശ്വര്യം ഭൂമിയിൽ ക്ഷണികമാണ്. സ്ഥായിയായി ഒന്നും നിലനിൽക്കില്ല
- അധികതുംഗപദത്തിൽ രാജ്ഞിയെപ്പോലെ വിരാജിച്ചിരുന്ന പൂവിനെയും അനാഥമായി പാഴ്മണ്ണിൽ വീണു കിടക്കുന്ന പൂവിനേയും അഭിമുഖം നിർത്തി കവി ജീവിതത്തെ വിശകലനം ചെയ്യുന്നു
- ശൈശവ-കൗമാര-യൗവ്വനകാലങ്ങളിലൂടെ വളരുന്ന ഒരു പെൺകുഞ്ഞിനെപ്പോലെ പൂവിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങളെ അവതരിപ്പിക്കുന്നു
- കുറഞ്ഞ ജീവിതകാലത്തിനുള്ളിൽ നന്മകൾ ചെയ്ത് ചിരപ്രതിഷ്ഠ നേടുക, പരോപകാര പ്രധാനമായ ജീവിതം എന്നീ ആശയങ്ങൾ കവി മുന്നോട്ടു വയ്ക്കുന്നു
- സാർവ്വലൗകികമായ ചരാചരപ്രേമത്തെ 'പൂവ്' എന്ന പ്രതീകത്തിലൂടെ ഉയർത്തിക്കാട്ടുന്നു
- ദേഹം നശ്വരവും ദേഹി സ്ഥായിയുമാണ്. ഉടൽ വിട്ട് ആത്മാവ് പുനർജനിക്കുന്നു. ഭൂമിയിൽ ഏവർക്കും ആനന്ദം പകർന്ന പൂവിന് മരണാനന്തരം വിശേഷപ്പെട്ട സ്ഥാനങ്ങൾ ലഭിക്കുന്നു
- ഹ!, കഷ്ടം! എന്നീ വ്യാക്ഷേപകങ്ങളിലൂടെ മനുഷ്യ ജീവിതത്തിന്റെ ക്ഷണികതയും ക്ഷണികമെങ്കിലും മൂല്യങ്ങളെക്കുറിച്ചുള്ള മഹത്തായ ദർശനങ്ങളുമാണ് വീണപൂവ് എന്ന കവിതയിലൂടെ ആശാനവതരിപ്പിച്ചിരിക്കുന്നത്

## Objective Type Questions

1. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത കാല്പനിക കവിത ഏതാണ്?
2. മഹാകാവ്യമെഴുതാതെ മഹാകവിയായതാര്?
3. ആദ്യത്തെ പ്രതിരൂപാത്മക കവിയെന്നറിയപ്പെടുന്നത് ആര്?
4. വീണപൂവ് ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത്?
5. സി.എസ്.സുബ്രഹ്മണ്യൻപോറ്റിയുടെ നേതൃത്വത്തിൽ വീണപൂവ് പുനഃപ്രസിദ്ധീകരിച്ചത് ഏത് മാസികയിലാണ്?
6. ആത്മകഥാസ്പർശിയായ ആശാൻ കവിത ഏത്?
7. കുമാരനാശാനെ 'വിപ്ലവത്തിന്റെ ശുക്രനക്ഷത്രം' എന്ന് വിശേഷിപ്പിച്ചതാര്?
8. മലയാളത്തിൽ കാല്പനിക പ്രസ്ഥാനത്തിന് തുടക്കമിട്ട കവിയാര്?
9. വീണപൂവിൽ എത്ര ശ്ലോകങ്ങളുണ്ട്?
10. പൂവ് വരിച്ചതാരെയാണ്? (പൂവിനോട് അനുരാഗം പറഞ്ഞത്)
11. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ' ആരുടെ വരികളാണ്?
12. പൂവ് ആരിൽ നിന്നാണ് ഗാനം പഠിച്ചത്?
13. പൂവ് ലോകതത്ത്വം പഠിച്ചതാരിൽ നിന്നാണ്?
14. പൂവിനോളം അഴകുള്ളതാർക്കാണ്?
15. വണ്ട് നിലവിളിച്ചതെപ്പോഴാണ്?
16. പൂവിന്റെ മേൽ കരുണയറ്റ കരം പ്രയോഗിച്ചതാര്?
17. പൂവിന് വെള്ളപ്പട്ടു കൊണ്ട് ചരമാവരണം നൽകിയതാര്?
18. പൂവിന് മഞ്ഞു കണങ്ങൾ കൊണ്ട് അന്ത്യഹാരം ചാർത്തിയതാര്?
19. പൂവിന്റെ വിപത്തിൽ ദുഃഖം സഹിയാതെ മലമുകളിൽ നിന്നതാര്?
20. കർമ്മഗതി പോലെ സംഭവിക്കുന്നതെന്താണ്?

## Answers to Objective Type Questions

1. വീണപൂവ്
2. കുമാരനാശാൻ
3. കുമാരനാശാൻ
4. മിതവാദി
5. ഭാഷാപോഷിണി
6. ഗ്രാമവൃക്ഷത്തിലെ കുയിൽ
7. ജോസഫ് മുണ്ടശ്ശേരി
8. കുമാരനാശാൻ
9. 41
10. വണ്ടിനെ
11. കുമാരനാശാൻ
12. പക്ഷികളിൽ നിന്ന്
13. നക്ഷത്രജാലം
14. ചിത്രശലഭത്തിന്
15. നിലംപതിച്ചു കിടക്കുന്ന പൂവിനെ കണ്ടപ്പോൾ
16. വിധി
17. ചിലന്തികൾ
18. പ്രഭാതം
19. സൂര്യൻ
20. പുനർജന്മം

## Assignments

1. മലയാള കവിതാരംഗത്തെ 'വിപ്ലവത്തിന്റെ ശുക്രനക്ഷത്ര'മായ കുമാരനാശാന്റെ സ്ഥാനം അദ്ദേഹത്തിന്റെ കാവ്യലോകത്തെ മുൻനിർത്തി വിലയിരുത്തുക.
2. മനുഷ്യജീവിതനശ്വരതയെ പൂവിലൂടെ പ്രതീകവൽക്കരിച്ച 'വീണപൂവ്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
3. കാല്പനിക കാവ്യം, ഭാവാത്മക വിലാപകാവ്യം, പ്രതീകാത്മകകാവ്യം എന്നീ നിലകളിൽ 'വീണപൂവി'നെ വിലയിരുത്തുക.

## Reference


1. പി.പവിത്രൻ - ആശാൻ കവിത ആധുനികാനന്തര പാഠങ്ങൾ - കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
2. ഇ.കെ.പുരുഷോത്തമൻ - സൂര്യ തേജസ് - ആശാൻ കവിതാപഠനങ്ങൾ
3. ഡോ. എം. എം. ബഷീർ - കുമാരനാശാന്റെ രചനാശിൽപം- ഹസ്തലിഖിതങ്ങളെ ആധാരമാക്കി ഒരുപഠനം - എൻ.ബി.എസ്. കോട്ടയം.
4. ഡോ. കുര്യാസ് കുമ്പളക്കുഴി -അതിരുകളില്ലാതെ ആശാൻ കവിത
5. കുമാരനാശാന്റെ സമ്പൂർണ്ണ പദ്യകൃതികൾ. - ഡി.സി.ബുക്സ്, കോട്ടയം.
6. പി. കെ. ബാലകൃഷ്ണൻ - കാവ്യകല കുമാരനാശാനിലൂടെ - ഡി.സി.ബുക്സ്, കോട്ടയം.
7. ഡോ.എം.ലീലാവതി - മലയാള കവിതാ സാഹിത്യ ചരിത്രം - കേരള സാഹിത്യ അക്കാദമി, തൃശൂർ.
8. എൻ. കൃഷ്ണപിള്ള - കൈരളിയുടെ കഥ - ഡി.സി.ബുക്സ് , കോട്ടയം.


## E-content



കുമാരനാശാൻ

https://ml.wikisource.org/wiki/വീണ_പൂവ്

**https://youtu.be/tFrJ87aPmJ0**

# യൂണിറ്റ് - 2
# അച്ഛനും മകളും

**വള്ളത്തോൾ നാരായണമേനോൻ**
**(1878 - 1958)**

## Learning Outcomes

- വള്ളത്തോൾ എന്ന കവിയെക്കുറിച്ചും അദ്ദേഹത്തിന്റെ കവിതകളെക്കുറിച്ചും സാമാന്യമായ അറിവുനേടുന്നു
- വള്ളത്തോളിന്റെ രചനാശൈലിയുടെ പ്രത്യേകതകൾ 'അച്ഛനും മകളും' എന്ന കാവ്യത്തിലൂടെ മനസ്സിലാക്കുന്നു
- ഖണ്ഡകാവ്യ പ്രസ്ഥാനത്തെക്കുറിച്ച് സാമാന്യമായ അറിവുനേടുന്നു
- ശകുന്തളയുടെ കഥയെക്കുറിച്ച് അറിവു നേടുന്നു
- വള്ളത്തോളിന്റെ സാഹിത്യപരവും സാഹിത്യേതരവുമായ സംഭാവനകളെക്കുറിച്ച് മനസ്സിലാക്കുന്നു

## Prerequisites

'ഭാരതമെന്നപേർ കേട്ടാലഭിമാന -
പൂരിതമാകണമന്തരംഗം,
കേരളമെന്നുകേട്ടാലോ തിളയ്ക്കണം,
ചോര നമുക്കു ഞരമ്പുകളിൽ'

എന്ന വരികൾ കേട്ടിട്ടില്ലാത്തവർ കുറവായിരിക്കും. ഭാരതത്തിലെങ്ങും സ്വാതന്ത്ര്യചിന്തകൾ നിറഞ്ഞുനിന്ന കാലത്ത് മലയാളികളെ പുളകം കൊള്ളിച്ച വള്ളത്തോളിന്റെ വരികളാണത്. നിരവധി സാഹിത്യ സംഭാവനകൾ കൈരളിക്കു നൽകിയ വള്ളത്തോൾ ആധുനിക കവിത്രയത്തിലെ പ്രധാനിയാണ്. ഉള്ളൂരിനും ആശാനും സമകാലികമായാണ് വള്ളത്തോൾ തന്റെ കാവ്യസപര്യ നടത്തിയത്. മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും രചിച്ചിട്ടുണ്ടെങ്കിലും വള്ളത്തോൾ മലയാള കവിതാലോകത്ത് അറിയപ്പെടുന്നത് ദേശീയതയുടെ കവിയായാണ്. സ്വാതന്ത്ര്യ സമരകാലത്തെ അദ്ദേഹത്തിന്റെ രചനകൾ അതിന് സാക്ഷ്യം വഹിക്കുന്നു. ദേശീയ സമരകാലത്ത് ഭാരതഭാഷകളിലെ അനേകം കവികൾ ദേശീയാഭിമാനപ്രചോദിതരായി പൂർവ്വകാലമഹത്വത്തെ പ്രകീർത്തിക്കുന്ന കൃതികളെഴുതി. അന്ന് കേരളത്തിൽ ഈ പൂർവ്വകാലഭാരതത്തിന്റെ ശബ്ദം ഉച്ചത്തിൽ മുഴക്കിയത് വള്ളത്തോളായിരുന്നു. 1936 ൽ രചിക്കപ്പെട്ട അച്ഛനും മകളും എന്ന ഖണ്ഡകാവ്യം ഇതിനുദാഹരണമാണ്. ശിഷ്യനും മകനും, കൊച്ചുസീത, അച്ഛനും മകളും തുടങ്ങി ഭാരതീയേതിഹാസ ഇതിവൃത്തപ്രധാനമായ വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾക്കൊപ്പം ബൈബിൾ ഇതിവൃത്തത്തെ ആസ്പദമാക്കി അദ്ദേഹം എഴുതിയതാണ് മഗ്ദലനമറിയം. ഗാന്ധിജിയെ കേന്ദ്രകഥാപാത്രമാക്കിയ രചനയാണ് ബാപ്പുജി.

വള്ളത്തോളിന്റെ 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യമാണ് പാഠ്യവിഷയം. മലയാളത്തിൽ ആധുനിക ഖണ്ഡകാവ്യങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് രചിക്കപ്പെട്ടത്. ഏ.ആറിന്റെ മലയവിലാസ(1895)മാണ് മലയാളഖണ്ഡകാവ്യങ്ങൾക്ക് തുടക്കം കുറിച്ചത്. ലക്ഷണമൊത്ത ആദ്യഖണ്ഡകാവ്യം കുമാരനാശാന്റെ വീണപൂവ് (1907) ആണ്. ജീവിതത്തിലെ വളരെ പ്രധാനമായ ഒരു സംഭവമോ ഭാവമോ ആശയമോ മാത്രം കേന്ദ്രീകരിച്ച് കഥപറയുന്നതാണ് ഖണ്ഡകാവ്യത്തിന്റെ സ്വഭാവം. ഒരു ജീവിതാനുഭവമോ സംഭവമോ അതിന് ഇതിവൃത്തമാവാം. അത് പുരാണപ്രസിദ്ധമോ സമകാലികമോ ആവാം. ഭാവനയും മിതത്വവും, ആശയലാളിത്യവും, ഭാവോജ്ജ്വലതയും ഖണ്ഡകാവ്യങ്ങളുടെ പ്രത്യേകതകളാണ്. ഭാവാത്മകത, വികാരപരത, ആദർശാത്മകത തുടങ്ങിയ കാല്പനികസ്വഭാവങ്ങൾ ഖണ്ഡകാവ്യങ്ങളിൽ കാണാനാവും. ഏകാഗ്രമായി ഒരുകഥ പറയുന്നതിനാൽ ഖണ്ഡകാവ്യത്തിൽ വർണ്ണനകൾ അധികമുണ്ടാവില്ല. കഥയുടെ ഭാവാവിഷ്കാരമാണ് അതിൽ പ്രധാനം. വ്യക്തിത്വമുള്ള കഥാപാത്രങ്ങളുടെ വൈകാരികാവസ്ഥകൾ അതിന് വിഷയമാവുന്നു.

ശബ്ദസൗകുമാര്യംകൊണ്ട് ആധുനിക കവിത്രയത്തിൽ ശ്രദ്ധേയനായ കവിയാണ് വള്ളത്തോൾ. ചിത്രയോഗമാണ് വള്ളത്തോൾ രചിച്ച മഹാകാവ്യം. ബധിരവിലാപം വള്ളത്തോളിന്റെ ആത്മകഥാപരമായ കൃതിയാണ്. 'സാഹിത്യമഞ്ജരി' എന്ന പേരിൽ കാവ്യസമാഹാരങ്ങൾ അദ്ദേഹം തയ്യാറാക്കുകയും ചെയ്തു. വാത്മീകിയുടെ രാമായണം, ഋഗ്വേദം എന്നിവയുടെ വിവർത്തനവും വള്ളത്തോൾ നിർവ്വഹിച്ചു. ശങ്കരാചാര്യരെപ്പറ്റി രചിച്ച കവിതയായിരുന്നു 'മലയാളത്തിന്റെ തല'.

മലയാളത്തിന്റെ പ്രശസ്തി ലോകത്തോളം എത്തിച്ച കഥകളിയുടെ പരിപോഷണത്തിനുവേണ്ടി കേരളകലാമണ്ഡലം സ്ഥാപിച്ചതും വള്ളത്തോൾ ആയിരുന്നു. 'വാഗ്ദേവതയുടെ പുരുഷാവതാര'മെന്ന് കുട്ടികൃഷ്ണമാരാരും, 'കാഞ്ചനക്കൂടിന്റെ അഴികൾ കൊത്തിമുറിച്ച പഞ്ചവർണ്ണക്കിളി' എന്ന് എം.ലീലാവതിയും വിശേഷിപ്പിച്ച കവിയാണ് വള്ളത്തോൾ. 'മഴവില്ലിന്റെ പിന്നിൽ നീലാകാശമെന്ന പോലെ, വള്ളത്തോളിന്റെ എല്ലാ കവിതകൾക്കു പിന്നിലും വേദപുരാണേതിഹാസങ്ങളിൽ നിന്നൂറിക്കൂടിയ ഒരു സംസ്കാരവിശേഷം കാണാമെന്ന്' പ്രൊഫ. എം.കെ.സാനു അഭിപ്രായപ്പെടുന്നു.

## Keywords

ആധുനിക കവിത്രയം -ശബ്ദ സൗകുമാര്യം - ഖണ്ഡകാവ്യം - പുരാണകഥകൾ - മഹാകാവ്യം - ദേശീയത - ഭാവാത്മകത - വികാരപരത - കാല്പനികത - ആദർശാത്മകത

## 2.2.1 Content

വള്ളത്തോൾ രചിച്ച ഖണ്ഡകാവ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അച്ഛനും മകളും. കാളിദാസന്റെ ശാകുന്തളം നാടകത്തിലെ ഒരു സന്ദർഭമാണ് ഖണ്ഡകാവ്യ രചനക്കായി വള്ളത്തോൾ തിരഞ്ഞെടുത്തത്. ഭാവതീവ്രതയോടെ ഈ സന്ദർഭത്തെ ഖണ്ഡകാവ്യത്തിന്റെ ചട്ടക്കൂടിലേക്ക് കവി സന്നിവേശിപ്പിച്ചിട്ടുണ്ട്. കവിതയ്ക്കാസ്പദമായ പുരാണകഥ താഴെ പറയും പ്രകാരമാണ്. ഭർത്താവായ ദുഷ്യന്തനാൽ ഉപേക്ഷിക്കപ്പെട്ട ശകുന്തളയെ, അമ്മയായ മേനക കശ്യപാശ്രമത്തിൽ എത്തിച്ചു. അവിടെ വച്ചു ജനിച്ച പുത്രനാണ് സർവ്വദമനൻ. ഭർത്തൃവിരഹത്താൽ കശ്യപാശ്രമത്തിൽ ശകുന്തള ജീവിക്കുന്ന കാലം. അന്നൊരിക്കൽ കശ്യപമഹർഷിയെ കണ്ടു വന്ദിക്കാനായി വിശ്വാമിത്രമഹർഷി അവിടെയെത്തി. കശ്യപാശ്രമത്തിൽ വച്ച് കണ്ട

തേജസ്സുള്ള ബാലനെയും അവന്റെ അമ്മയെയും കണ്ടപ്പോൾ വിശ്വാമിത്രന് മേനകയെ ഓർമ്മവന്നു. തുടർന്നുണ്ടായ സംഭാഷണത്തിൽ തന്റെ മകളാണ് ശകുന്തളയെന്നും ദുഷ്യന്തനാൽ പരിത്യക്തയാണവളെന്നും വിശ്വാമിത്രൻ അറിയുന്നു. മകളെ വേദനിപ്പിച്ച ദുഷ്യന്തനെ ശപിക്കാനോങ്ങിയ കൈയിൽ കടന്നു പിടിച്ച് ശകുന്തള അരുതേയെന്ന് യാചിക്കുന്നു. സമുചിതമായ ഇടപെടലാൽ ശകുന്തള ശാപവാക്കുകൾക്കു പകരം അനുഗ്രഹാശിസ്സുകൾ നേടുന്നു. ഇതാണ് കഥാസന്ദർഭം.

## വരികൾ

'ഗുരുപാദരെക്കണ്ടു വന്ദിപ്പാൻ..........
............. ഭഞ്ജിച്ചുദിച്ചൂ പണ്ടേകദാ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഗുരുപാദർ | = | ബഹുമാന്യനായ ഗുരു |
| ആനകം | = | പെരുമ്പറശബ്ദം, ഇടിമിന്നലിന്റെ ശബ്ദം |
| മന്ദ്രസ്നിഗ്ദ്ധം | = | ഹൃദ്യമായസ്വരം |
| സൂക്തം | = | നല്ലവാക്ക് |
| പോക്കുവെയിൽ | = | വൈകുന്നേരത്തെവെയിൽ |
| ഹേമകൂടശൈലം | = | ഹിമവാനും മേരുവിനും ഇടയ്ക്കുള്ള ഒരു പർവ്വതം |
| പണ്ടേകദാ | = | പണ്ടൊരിക്കൽ |
| പാർശ്വേ | = | സമീപത്ത് |
| അപരാഹ്നം | = | ഉച്ചകഴിഞ്ഞസമയം |
| ഭഞ്ജിച്ച് | = | മുറിച്ച് |

## ആശയ വിശദീകരണം

'ശുനശ്ശേഫ, നീ പോയി ആദരണീയനായ കശ്യപമഹർഷിയെ കണ്ട് എനിക്ക് (വിശ്വാമിത്ര മഹർഷിയ്ക്ക്) അദ്ദേഹത്തെ കാണാൻ പറ്റുന്ന സമയം ചോദിച്ചിട്ടുവരിക. ഞാനിങ്ങ് ഈ അശോകത്തിന്റെ തണലിൽ നില്ക്കാം'എന്ന് പെരുമ്പറയുടെ മുഴക്കംപോലെയും എന്നാൽ ഹൃദ്യമായുമുള്ള വാക്ക് ഉയർന്നുകേട്ടു. വൈകുന്നേരത്തെ വെയിൽ തട്ടുമ്പോൾ സ്വർണ്ണമുരുക്കിയൊഴിച്ചതുപോല തിളങ്ങിക്കൊണ്ടിരിക്കുന്ന ഹേമകൂടപർവ്വതത്തിന്റെ അരികിൽ പണ്ടൊരിക്കൽ, കശ്യപാശ്രമത്തിലെ കാട്ടിൽ ഒരിടത്ത് ഉച്ചകഴിഞ്ഞ സമയം അവിടുത്തെ നിശ്ശബ്ദതയെ നശിപ്പിച്ചു കൊണ്ടായിരുന്നു വിശ്വാമിത്രന്റെ വാക്കുകൾ കേട്ടത്. ഹേമകൂടപർവ്വതത്തിന് സ്വർണ്ണനിറമാണ്. അത് വെയിൽ തട്ടി തിളങ്ങുന്ന മനോഹാരിത അവതരിപ്പിക്കുന്നു. സ്വർണ്ണവർണ്ണമായ ഹേമകൂടപർവ്വതം പോക്കുവെയിലേറ്റപ്പോൾ പൊന്നുരുക്കി ഒഴിച്ചതുപോലെ മിന്നിത്തിളങ്ങി എന്ന വരികളിൽ അലങ്കാരം ഉപമ.

**ലക്ഷണം-**

'ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമത്'

## വരികൾ

'നതനാ സ്വശിഷ്യനെ............
............ഇവനി കാണുന്നതും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| നതൻ | = | നമസ്കരിച്ചവൻ |
| ജയന്തൻ | = | ദേവേന്ദ്രന്റെ പുത്രൻ |

## ആശയ വിശദീകരണം

കശ്യപമഹർഷിയെ കാണാനുള്ള സമയം അന്വേഷിക്കാൻ ആശ്രമത്തിൽ പോയ ശുനശ്ശേഫനെ യാത്രയയച്ചുകൊണ്ട് തപസ്വിയും അതിഥിയുമായ വിശ്വാമിത്രമഹർഷി അശോകമരത്തിന്റെ തണലിൽ എത്തി. അപ്പോഴേക്കും 'ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ' എന്ന് മധുരമായി പറഞ്ഞുകൊണ്ട്, ഒരു ബാലൻ ഓടി വിശ്വാമിത്രമഹർഷിയുടെ അടുത്തെത്തി. (പാഞ്ഞു ചെന്നു എന്നിടത്ത് കുട്ടിയുടെ നിർഭയത്വവും പ്രസരിപ്പും വ്യക്തമാവുന്നു.) കശ്യപമഹർഷിയെ മുത്തച്ഛനെന്നു വിളിക്കുന്ന ഈ തങ്കക്കിടാവ് ആരാണ്, ദേവേന്ദ്രന്റെ പുത്രനോ, ദേവേന്ദ്രപുത്രന് ഇത്രയും പ്രായമല്ലല്ലോ ഉള്ളത്. ഇവനിൽ കാണുന്നതു മനുഷ്യ സ്വഭാവമാണല്ലോ. ഇന്ദ്രൻ, കശ്യപന് ദിതിയിൽ ജനിച്ച പുത്രനാണ്. അതിനാൽ, ഇന്ദ്രപുത്രനായ ജയന്തനു കശ്യപൻ മുത്തച്ഛനാണ്. മുത്തച്ഛനെന്ന വാക്കും മഹാപുരുഷ

ലക്ഷണങ്ങളും കണ്ടിട്ടാണ് കുട്ടി ജയന്തനാണോ എന്ന് വിശ്വാമിത്രൻ സംശയിച്ചത്. പെട്ടെന്ന് സംശയം മാറി. മനുഷ്യബാലന്റെ പൗരുഷതേജസ്സാണ് കുട്ടിയിൽ കണ്ടത്.

## വരികൾ

'ആരിതെന്നാരായാനല്ല...................
......................ആതിരത്താരം പോലെ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആരായാൻ | = | അന്വേഷിപ്പാൻ |
| ഋഷിപ്രൗഢൻ | = | ഗംഭീരനായ ഋഷി |
| ചിക്കെന്ന് | = | ഉടനെ |
| വിമുക്തൻ | = | ഐഹിക ബന്ധങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചവൻ |
| അ-സിതം | = | വെളുത്തതല്ലാത്ത, കറുത്ത |
| അസിതാകാശോദ്ദേശം | = | കറുത്ത ആകാശത്തിന്റെ ഒരു ഭാഗം |
| ആതിരത്താരം | = | തിരുവാതിര നക്ഷത്രം |
| പൂണ്ടാൻ | = | പുണർന്നു |
| പെരിയബാഹുക്കളാൽ | = | നീണ്ട കൈകളാൽ |

## ആശയ വിശദീകരണം

ആരാണിതെന്ന് അറിയാനല്ല ഇവനെ പെട്ടെന്ന് തന്റെ നെഞ്ചത്തൊന്ന് അണപ്പാനാണ്, ആലിംഗനം ചെയ്യാനാണ് ആ ശ്രേഷ്ഠനായ ഋഷി ആഗ്രഹിച്ചത്. അതിധൈര്യമുള്ള കുട്ടി ഐഹികബന്ധം ഉപേക്ഷിച്ച ഋഷിയെ വീണ്ടും അല്പസമയംകൊണ്ട് ഈ ലോകജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ആ പുണ്യസ്വരൂപൻ കുനിഞ്ഞ് ഉണ്ണിയെ വാരിയെടുത്തു. നീണ്ട കൈകൾകൊണ്ട് സ്നേഹപൂർവ്വം കെട്ടിപ്പിടിച്ചു. മാൻതോൽ കൊണ്ട് പൊതിഞ്ഞ തന്റെ നെഞ്ചിൽ ആ പൊൻകുഞ്ഞ് കറുത്ത ആകാശത്തിന്റെ ഒരു ഭാഗത്ത് തിളങ്ങുന്ന തിരുവാതിരനക്ഷത്രം പോലെ കാണപ്പെട്ടു. തിരുവാതിരനക്ഷത്രം പോലെ കാണപ്പെട്ടു എന്ന വരികളിലെ ഉപമ, കുട്ടിയുടെ തേജസും ആകർഷകത്വവും ബ്രഹ്മർഷിയുടെ വിശുദ്ധിയും മേന്മയും ധ്വനിപ്പിക്കുന്നു.

**അലങ്കാരം - ഉപമ**

## വരികൾ

'തോൾവരെ ഞാന്ന കുനുകുന്തളം...............
..............................ചേർച്ചയാൽപ്പോലെ ബാലൻ'.

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കുനുകുന്തളം | = | ചുരുണ്ട തലമുടി |
| ലീലായാസം | = | കളികളുടെ ആയാസം |
| നേത്രരഞ്ജകം | = | കൺകുളിർപ്പിക്കുന്ന |
| ക്ഷാത്രതേജസ്സ് | = | ക്ഷത്രിയപ്രഭാവം |
| കാമ്പ് | = | സാരാംശം |
| അശങ്കം | = | ശങ്കകൂടാതെ |

## ആശയ വിശദീകരണം

കുട്ടിയുടെ, തോൾവരെ തൂങ്ങിക്കിടക്കുന്ന ചുരുണ്ട തലമുടി, കളികളുടെ ആയാസം കൊണ്ടു പൊടിഞ്ഞ ഭംഗിയുള്ള വിയർപ്പിൽ (കുട്ടി കളിച്ചു നടന്നതുകൊണ്ടു പൊടിഞ്ഞ ഭംഗിയുള്ള വിയർപ്പ്.) പറ്റിപ്പിടിച്ചിരുന്നത് ഒരു കൈയിലെ വിരലുകൾകൊണ്ട് വിശ്വാമിത്രൻ പതുക്കെ ഒതുക്കി. കുട്ടിയുടെ പൂവുപോലെ മൃദുലമായ കവിളിനോട്, അദ്ദേഹം തന്റെ നീണ്ട താടിയുള്ള മുഖം ചേർത്തു.(താടിനീണ്ട എന്ന വിശേഷണം വിശ്വാമിത്രന്റെ ദീർഘതപസിനെ കുറിക്കുന്നതാണ്. ബാലമുഖത്തോടുള്ള വിപരീത അവസ്ഥയെ വെളിപ്പെടുത്തുന്നു. ധന്യപദം-അദ്ദേഹത്തിന് തപസ്സിന്റെ ഫലം ഇപ്പോഴാണ് ലഭിച്ചതെന്നു സൂചിപ്പിക്കുന്നു.) ആ ക്ഷത്രിയപ്രഭാവത്തിന്റെ മൊട്ടായ ബാലനും, ആദ്ധ്യാത്മിക തേജസ്സിന്റെ സാരാംശമായ വിശ്വാമിത്രനും കൺകുളിർപ്പിക്കും വിധം തമ്മിൽച്ചേർന്നു വിളങ്ങി. അറിയപ്പെടാത്ത ഏതോ ചേർച്ചകൊണ്ടെന്നപോലെ, ആ കുട്ടി അപരിചിതനായൊരാളിന്റെ തോളിൽ സംശയം കൂടാതെ തലചായ്ച്ചു. (കൂമ്പ് എന്ന പദം ബാലന്റെ പ്രഭാവം പൂർണ്ണമായിട്ടില്ല എന്ന് വ്യക്തമാക്കുന്നു. കാമ്പ്, വിശ്വാമിത്രന്റെ ബ്രഹ്മതേജസ്സ് പ്രൗഢമാണെന്നും സൂചന.) അറിയപ്പെടാത്ത ഏതോ ചേർച്ചകൊണ്ടെന്നപോലെ എന്ന ഭാഗത്ത് അലങ്കാരം ഉപമ.

## വരികൾ

'മറ്റൊരു മുത്തച്ഛന്റെ .......................
....................ഭഗവാന്നധികം സമാസ്വാദ്യം!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഹൃഷ്ടൻ | = | സന്തോഷം അനുഭവിക്കുന്നവൻ, സന്തുഷ്ടൻ |
| സ്വപരവ്യത്യാസങ്ങൾ | = | താനെന്നും അന്യനെന്നുമുള്ള വ്യത്യാസങ്ങൾ |
| സാദരം | = | ആദരവോടുകൂടി |
| സച്ചിദാനന്ദം | = | (സത്- ചിത്) പരമാത്മാവിലുള്ള ആനന്ദം |
| സമാസ്വാദ്യം | = | അനുഭവയോഗ്യം |

## ആശയ വിശദീകരണം

അപ്പോൾ സന്തോഷം അനുഭവിച്ച കുട്ടിയ്ക്ക്, വേറൊരു മുത്തച്ഛന്റെ ലാളനം അനുഭവപ്പെട്ടതായിട്ടാണോ തോന്നിയത്? (കുട്ടിയെ സംബന്ധിച്ചിടത്തോളം കശ്യപനും വിശ്വാമിത്രനും തമ്മിൽ വലിയ അന്തരമില്ല. കശ്യപമഹർഷി ശകുന്തളയുടെ പുത്രൻ സർവ്വദമനനെ ലാളിക്കുമായിരുന്നു എന്ന് സൂചന). അല്ലെങ്കിൽ കുട്ടികൾക്ക് സ്വന്തമെന്നും അന്യരെന്നുമുള്ള വ്യത്യാസങ്ങളുണ്ടോ. മൃദുവായ ഏത് കൈയ്ക്കും ആ പൂക്കളെ തലോടാമല്ലോ. ഇവിടെ കവി നേരിട്ട് മഹർഷിയോട് ചോദിക്കുകയാണ്. 'അല്ലയോ മഹാഋഷേ, ആദരവോടുകൂടി ഞാനൊന്നു ചോദിച്ചോട്ടെ. തപസ്സിൽ നിന്നു അങ്ങേയ്ക്ക് ലഭിക്കുന്ന ആ പരമാത്മാവിലുള്ള ആനന്ദമാണോ, അതോ, സ്നേഹപൂർവ്വം ഈ കൊച്ചുകുട്ടിയുടെ പൂമെയ് പുല്കിയപ്പോൾ -നെഞ്ചോടു ചേർത്തപ്പോൾ- അങ്ങേയ്ക്ക് ലഭിച്ച സന്തോഷമാണോ കൂടുതൽ ആസ്വാദ്യകരമായി തോന്നിയത്'?

## വരികൾ

'മീലിതാക്ഷനായ് മുനി...............
.......................ദർശിച്ച നിമിഷത്തിൽ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| മീലിതാക്ഷൻ | = | പാതി അടഞ്ഞകണ്ണോടുകൂടിയവൻ |
| സംശ്ലേഷസുഖാൽ | = | ആലിംഗനസുഖംകൊണ്ട് |
| തന്വി | = | കൃശാംഗി, സുന്ദരി |
| ലാവണ്യം | = | സൗന്ദര്യം |
| ഏകഭൂഷ | = | ഒറ്റയാഭരണം |
| വാർകൂന്തൽ | = | സമൃദ്ധമായ തലമുടി |
| സ്നിഗ്ദ്ധം | = | സ്നേഹമയം |

## ആശയ വിശദീകരണം

കുട്ടിയെ ആലിംഗനം ചെയ്ത സുഖംകൊണ്ട്, നിർവൃതികൊണ്ട്, മഹർഷിയുടെ കണ്ണുകൾ അടഞ്ഞുപോയി. കുട്ടിയാകട്ടെ, കുറച്ചടുത്തേക്കുനോക്കി ചിരിച്ചുകൊണ്ട്, 'അമ്മേ, ഞാനിവിടെയുണ്ട്', എന്നു വിളിച്ചുപറഞ്ഞു. കുട്ടിയുടെ മധുരശബ്ദം കേട്ട് ഒരു സുന്ദരി അവിടേക്ക് നടന്നുവന്നു. അവൾ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. സമൃദ്ധമായ തലമുടി പിന്നിയിട്ടിരിക്കുന്നു. മെലിഞ്ഞ്, സൗന്ദര്യം മാത്രം ആഭരണമാക്കിയ ശരീരം. ദുഃഖം രൂപമെടുത്തതുപോലെ വന്ന ആ യുവതിയെ, കണ്ടപ്പോൾത്തന്നെ വിശ്വാമിത്രന് സ്നേഹം തോന്നി.

## വരികൾ

'മേനകേ, നിനക്കെന്തീ മാറ്റ.........................
..........................വിടുർത്തുഴറ്റോടോടിപ്പോയാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സ്ഫുടം | = | വ്യക്തമായ |
| സമ്രാട്ട്ചിഹ്നൻ | = | ചക്രവർത്തി ലക്ഷണങ്ങളുള്ളവൻ |
| വത്സ | = | പ്രിയപ്പെട്ടവൾ |
| വക്ഷസ്സ് | = | മാറ് |
| ഉഴറ്റോട | = | ബദ്ധപ്പാടോടെ |
| ബ്രഹ്മർഷി | = | ബ്രഹ്മസാക്ഷാത്ക്കാരം ലഭിച്ച ഋഷി |

## ആശയ വിശദീകരണം

'മേനകേ, നിനക്കെന്താണിത്ര മാറ്റമുണ്ടായത്' എന്ന് ചോദിക്കാനാവാം വിശ്വാമിത്ര മുനിയുടെ ശ്രേഷ്ഠമായ മുഖം ശ്രമിച്ചത്. (പണ്ട് കുറച്ചുനാൾ തനിക്കൊപ്പം ജീവിച്ച ആ മേനക തന്നെയോ ഇവൾ എന്ന് മുനിയ്ക്ക് സംശയം തോന്നി. അവളിൽ അപ്സരസുന്ദരിയായ മേനകയുടെ സാദൃശ്യം അത്രത്തോളം ഉണ്ടായിരുന്നു. അതാണ് 'മേനകേ, നിനക്കെന്തീ മാറ്റം' എന്നു ചോദിക്കാൻ മുനി ഒരുങ്ങിയത്). പിന്നീട് ഇങ്ങനെയാണ് ചോദിച്ചത്. വ്യക്തമായും ചക്രവർത്തി ലക്ഷണങ്ങളുള്ള ഈ കുഞ്ഞിന്റെ അമ്മയായ നീ, (ആ കുട്ടിയുടെ അമ്മയായത് ഭാഗ്യമെന്ന് സൂചന). ആരാണ് വത്സേ? ആ കുട്ടി അപ്പോഴേക്ക് 'യ്യ യ്യ മാർക്കണ്ഡേയന്റെ'– കുട്ടിയുടെ കൂട്ടുകാരന്റെ– കയ്യിൽ ചായംതേച്ച മൺമയിലിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ബ്രഹ്മർഷിയുടെ നെഞ്ചിൽ നിന്ന് താഴേക്ക് ചാടി, (മൺമയിലിനോടുള്ള കുട്ടിയുടെ താല്പര്യം കാളിദാസനും നാടകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്). അമ്മയുടെ പിടി വിടുവിച്ചുകൊണ്ട് കുട്ടി ബദ്ധപ്പെട്ട് ഓടിപ്പോയി.

## ഭാഗം രണ്ട്

## വരികൾ

'ഉണ്ണിതന്നോട്ടം കണ്ടു....................
...................വിശ്രുതൻ വിശ്വാമിത്രൻ.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സദ്വൃത്ത | = | നല്ലശീലമുള്ളവൾ |
| ആത്മവൃത്താന്തം | = | തന്റെ ജീവിതകഥ |
| മുക്താത്മൻ | = | സംസാരബന്ധം ഉപേക്ഷിച്ചവൻ |
| മാതാപിതൃത്യക്ത | = | മാതാവിനാലും പിതാവിനാലും ഉപേക്ഷിക്കപ്പെട്ടവൾ |
| മന്നൻ | = | രാജാവ് |
| ഗാന്ധർവ പരിണീത | = | ഗാന്ധർവവിധി പ്രകാരംവിവാഹം ചെയ്യപ്പെട്ടവൾ |
| ജനകൻ | = | അച്ഛൻ |
| വിശ്രുതൻ | = | പ്രസിദ്ധൻ |

## ആശയവിശദീകരണം

ഉണ്ണിയുടെ ഓട്ടം കണ്ടിട്ടു നെടുവീർപ്പിട്ടുകൊണ്ട്, കണ്ണുനീര് ഒരുവിധം അടക്കി. കൈ കൂപ്പിക്കൊണ്ട്, ഭക്തിയോടെയും അതിലേറെ സ്നേഹത്തോടെയും നല്ലശീലമുള്ള അവൾ തന്റെ സ്വന്തം ജീവിതകഥ ഋഷിയെ (വിശ്വാമിത്രനെ) അറിയിച്ചു. സംസാരബന്ധം ഉപേക്ഷിച്ച മഹാത്മാവേ, ജനിച്ച ഉടൻതന്നെ, മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവളാണ് ഞാൻ ശകുന്തള. കണ്വമഹർഷി എന്നെ എടുത്തു വളർത്തി. ദുഷ്യന്ത മഹാരാജാവിനാൽ ഗാന്ധർവ വിവാഹം ചെയ്യപ്പെട്ടവളാണ്. എന്റെ അച്ഛൻ പ്രസിദ്ധനായ വിശ്വാമിത്രനാണ്.

## വരികൾ

'ഞാനോ!', വിസ്മിതനായ് പോയ്.........
.............................മുകർന്നാൻ മുനിവര്യൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഓർമ്മിച്ചേൻ | = | ഞാനോർത്തു |
| തീർണ്ണക്ലേശൻ | = | ദുഃഖത്തെ അതിജീവിച്ചവൻ |
| വിസ്മിതൻ | = | അത്ഭുതപ്പെട്ടവൻ |
| സത്വരം | = | പെട്ടെന്ന് |
| നെറുക | = | നെറ്റി |
| ഗാഢം | = | മുറുകെ |
| മുകർന്നാൻ | = | അവൻ ചുംബിച്ചു |

## ആശയ വിശദീകരണം

'ഞാനോ!' താപസനായ വിശ്വാമിത്രൻ ഒരുനിമിഷം കുഴങ്ങിപ്പോയി. (മറന്നുകഴിഞ്ഞിരുന്ന മേനകാസംഗമകഥ അപ്രതീക്ഷിതമായി കേട്ടാണ് വിശ്വാമിത്രൻ വിസ്മിതനായത് )

നിന്നോട് ഈ സംസാരിക്കുന്നയാൾ, മുനിസുതേ, നിന്റെ അച്ഛൻ തന്നെയാണ്. ഹാ, ശരിയാണ്. ഞാൻ ഓർമ്മിക്കുന്നു. നിന്റെ അമ്മ മേനക. ദുഃഖത്തെ അതിജീവിച്ചവനായ അങ്ങേയ്ക്കും കണ്ണിൽ നീരുപൊടിഞ്ഞുവോ. അച്ഛനെ കാണാൻ കഴിഞ്ഞതിൽ ഞാൻ അനുഗ്രഹിക്കപ്പെട്ടവളായി എന്നുപറഞ്ഞുകൊണ്ട് സന്തോഷത്താലും ദുഃഖത്താലും കാല്ക്കൽവീണ മകളെ പെട്ടെന്ന് മുനി പിടിച്ചെഴുന്നേല്പിച്ചു. ശകുന്തളയുടെ ശിരസ്സിൽ പത്തുനൂറുപ്രാവശ്യം മുനിവര്യനായ വിശ്വാമിത്രൻ ചുംബിച്ചു. മേനകാസ്മരണയിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിനെയും ഓർത്തുകാണും. ആ മകളെ തന്റെ മുമ്പിൽ കണ്ടതുകൊണ്ടാവാം മുനിയ്ക്കും കരച്ചിൽ വന്നുവോ എന്നു കവി ചോദിക്കുന്നത്. അച്ഛനെ ജീവിതത്തിൽ ആദ്യമായി കണ്ടതിന്റെ സന്തോഷവും ദുഃഖവും ശകുന്തള അനുഭവിച്ചു. ശിരസ്സിൽ പത്തുനൂറു പ്രാവശ്യം ചുംബിച്ചതിൽ നിന്നും മാമുനിയ്ക്ക് മകളോടുള്ള വാത്സല്യം വെളിപ്പെടുന്നു.

### വരികൾ

'തുടച്ചാനവളുടെ കണ്ണുനീർ................
.......................തങ്ങൊരു വീണാക്വാണം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നൃപൻ | = | രാജാവ് |
| ജാമാതാവ് | = | മകളുടെ ഭർത്താവ് |
| അപത്യവാത്സല്യം | = | സന്താനസ്നേഹം |
| ഇന്ദ്രിയവശ | = | ഇന്ദ്രിയങ്ങളെ ജയിച്ച ഋഷി |
| വശഗൻ | = | വശപ്പെട്ടവൻ |
| തേ | = | നിനക്ക് |
| ഭൂമീശമഹിഷി | = | രാജാവിന്റെ പട്ടമഹിഷിസ്ഥാനം അലങ്കരിക്കുന്നവൾ |
| കംബുകണ്ഠി | = | ശംഖിന്നൊത്ത കഴുത്തുള്ളവൾ |
| വീണാക്വാണം | = | വീണയുടെനാദം |

### ആശയ വിശദീകരണം

അവളുടെ കണ്ണുനീർ വലംകൈ കൊണ്ടു തുടച്ചു. മറുകൈ കൊണ്ട് പുറത്തു പതുക്കെ തടവി. മകളുടെ ഭർത്താവായ ദുഷ്യന്തന്റെ സുഖവിവരങ്ങളും അന്വേഷിച്ചു. സ്വന്തം മക്കളോടുള്ള സ്നേഹത്തിന്റെ കാര്യം വരുമ്പോൾ, ഇന്ദ്രിയങ്ങളെ ജയിച്ച ഋഷിപോലും വശപ്പെട്ടവനായി പോകും. (മുനിയായ വിശ്വാമിത്രന്റെ ഭാവവ്യത്യാസം പുത്രീവാത്സല്യം കൊണ്ടുണ്ടായതാണ്) 'ഓമനേ, നിന്റെപേരെന്താണ്? നിന്റെ ഉണ്ണിയുടെ പേരും പറയൂ. രാജാവിന്റെ പട്ടമഹിഷി ആയിരിക്കേണ്ട നീ ഈ കാട്ടിൽ വന്നത് എന്തിനാണ്?' ഉടനേ വീണ്ടും ശംഖിന്നൊത്ത കഴുത്തുള്ള, സുന്ദരിയായ ശകുന്തളയുടെ നാവിൽനിന്ന് ഒരു വീണയുടെ നാദംപോലെ മധുരമായ ശബ്ദം ഇടറി പുറപ്പെട്ടു.

### വരികൾ

'പേരിട്ടാൻ ശകുന്തളയെന്ന്.............

.....................സൗമ്യനാം കണവനാൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ധാരിത | = | ധരിക്കപ്പെട്ട, വഹിക്കപ്പെട്ട |
| സർവ്വദമനാഭിധൻ | = | സർവ്വദമനനെന്നു പേരിടപ്പെട്ടവൻ |
| ദൗഹിത്രൻ | = | മകളുടെ മകൻ |
| ആശ്രമാൽ | = | ആശ്രമത്തിൽനിന്ന് |
| പ്രീത്യാ | = | സ്നേഹത്തോടുകൂടി |
| സന്ത്യക്ത | = | ഉപേക്ഷിക്കപ്പെട്ടവൾ |
| കണവൻ | = | ഭർത്താവ് |
| പ്രീത്യാ | = | സന്തോഷത്തോടെ |

### ആശയ വിശദീകരണം

അച്ഛൻ കണ്വമഹർഷി എനിയ്ക്ക് ശകുന്തളയെന്ന് പേരിട്ടു. അങ്ങയുടെ ഈ മകളുടെ മകന് സർവ്വദമനൻ എന്നാണ് പേര് (പിന്നീട് ഭരതൻ എന്ന പേരിൽ പ്രസിദ്ധനായി). എന്റെ അമ്മയുടെ, മേനകയുടെ അനുഗ്രഹംകൊണ്ട്

ഈ ദിവ്യാശ്രമമാണ്, വലിയ ദുഃഖത്തിൽ കഴിഞ്ഞ എനിയ്ക്ക് പ്രസവവീടായിത്തീർന്നത്. ആശ്രമത്തിൽ നിന്ന് സ്നേഹത്തോടെ താതക ണ്വനാൽ അയക്കപ്പെട്ട് ആശയോടുകൂടി കൊട്ടാരത്തിൽച്ചെന്ന ഗർഭിണിയായ ഞാൻ... സങ്കടം സഹിക്കാനാവാതെ അവൾ കുറച്ചുസമയം തേങ്ങിക്കരഞ്ഞു. ശാന്തനായ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടല്ലോ. (ഭർത്താവ് പരിത്യജിച്ചത് തന്റെ ഭാഗ്യദോഷത്താലാണെന്നു സൂചന).

## വരികൾ

'പകർന്നൂ ഭാവം പെട്ടെന്ന്.....
..................നരകേ വീഴിപ്പാനും!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കാലരുദ്രാകാരൻ | = | കാലരുദ്രന്റെ ശരീരത്തോടുകൂടിയവൻ |
| വാർനെറ്റിത്തട്ട | = | മനോഹരമായ നെറ്റിത്തടം |
| ദുസ്സഹാവമാനം | = | സഹിക്കാനാവാത്ത നാണക്കേട് |
| ഉയിർക്കൊൾവാൻ | = | ജീവിച്ചിരിപ്പാൻ |

## ആശയ വിശദീകരണം

ഭർത്താവായ ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിച്ചു എന്നറിഞ്ഞപ്പോൾ കാലരുദ്രന്റെ ശരീരത്തോടുകൂടിയവനായ വിശ്വാമിത്രന് പെട്ടെന്ന് ഭാവം മാറി. കണ്ണിൽ നിന്ന് എരിയുന്ന തീപ്പൊരി ഉതിർന്നു. കൺപുരികങ്ങൾ വളഞ്ഞു. മനോഹരമായ നെറ്റിത്തടം ചുളിഞ്ഞു. കാറ്റു നിലച്ചു. ഇലകൾപോലും അനങ്ങിയില്ല. 'ദുഷ്യന്തൻ, അവനാര് എന്റെ ആരോമൽ കുമാരിയെ - പ്രിയപ്പെട്ട മകളെ, സഹിക്കാനാവാത്ത നാണക്കേടിൽ തള്ളിയിട്ടിട്ടു അവന്റെ അഭിമാനം രക്ഷിക്കാൻ? 'ഈ ഒരു കൈമതി, നിമിഷനേരം കൊണ്ട്, മനുഷ്യരെ സ്വർഗ്ഗത്തിൽ കയറ്റാനും നരകത്തിൽ വീഴ്ത്താനും' എന്ന് വിശ്വാമിത്രൻ പറയുന്നു.

'ഉതിർന്നൂ മിഴിയിൽ നിന്നെരിതീപ്പൊരി മേന്മേൽ' എന്ന വരികളിൽ രൂപകാതിശയോക്തിയാണ് അലങ്കാരം. രൂപകവും അതിശയോക്തിയും ചേർന്ന അലങ്കാരമാണ് രൂപകാതിശയോക്തി. 'ഉതിർന്നൂ മിഴിയിൽ നിന്നെരിതീപ്പൊരി മേന്മേൽ' (തീക്കുണ്ഡത്തിൽ) അഗ്നിയിൽ നിന്നാണ് തീപ്പൊരി ഉണ്ടാവുക. കണ്ണിൽ നിന്ന് കത്തിക്കൊണ്ടിരിക്കുന്ന തീപ്പൊരി മേന്മേൽ ഉതിർന്നു എന്നു പറയുമ്പോൾ മിഴി (കണ്ണുകൾ) തന്നെ തീക്കുണ്ഡമാണ് എന്നുവരുന്നു. അവിടെയാണ് രൂപകാതിശയോക്തി അലങ്കാരം വരുന്നത്.

**ലക്ഷണം**

'നിഗീര്യാധ്യവസാനം താൻ
രൂപകാതിശയോക്തിയാം'

## വരികൾ

'പൗരവൻ കേട്ടിട്ടില്ലേ......................
..........................വാങ്ങിയതേതൊന്നാലോ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഗാധേയൻ | = | ഗാധിയുടെ പുത്രൻ-വിശ്വാമിത്രൻ |
| പൗരവൻ | = | പുരുവിന്റെ വംശത്തിൽ ജനിച്ചവൻ |
| കൗശികപ്രഭാവജം | = | കൗശികന്റെ- വിശ്വാമിത്രന്റെ, ശക്തിയിൽ നിന്നുണ്ടായത് |
| അന്തർവത്നി | = | ഗർഭിണി |
| അഹേതുവായ | = | കാരണം കൂടാതെ |
| ചാരേ | = | അടുക്കൽ |
| കനിവറ്റ | = | ദയയില്ലാത്ത |

## ആശയ വിശദീകരണം

പുരുവംശത്തിൽ ജനിച്ച ദുഷ്യന്തൻ, (പുരൂരവസ്സ് ചന്ദ്രവംശത്തിലെ ഒരു പ്രസിദ്ധ രാജാവാണ്. ഇദ്ദേഹം പിതാവായ യയാതിക്കു തന്റെ യൗവനം നല്കി അദ്ദേഹത്തിൽ നിന്നു വാർദ്ധക്യത്തെ സ്വീകരിച്ചു. പൂരുവിന്റെ പ്രപൗത്രനാണ് ദുഷ്യന്തൻ). വിശ്വാമിത്രനിൽ നിന്നുണ്ടായ ത്രിശങ്കുവിന്റെയും ഹരിശ്ചന്ദ്രന്റെയും അനുഭവം കേട്ടിട്ടില്ലേ? (സൂര്യവംശക്കാർക്ക് അനുഭവിക്കേണ്ടിവന്ന തന്റെ തപശ്ശക്തിയെക്കുറിച്ച് ചന്ദ്രവംശക്കാർ കേട്ടിട്ടുപോലുമില്ലെന്നോ!) ഗാധിയുടെ പുത്രന്റെ, വിശ്വാമിത്രന്റെ വലിയ

തപസ്സിന്റെ ശക്തി, ഒരിക്കൽക്കൂടി ഇപ്പോൾ ലോകം കാണാൻ പോവുകയാണ്. സ്വന്തം ആഗ്രഹപ്രകാരം വിവാഹം കഴിച്ച്, ഗർഭിണിയായപ്പോൾ സാധുവായ ഭാര്യയെ, കാരുണ്യമില്ലാതെയും കാരണം കൂടാതെയും ഉപേക്ഷിച്ച ദുഷ്ടനായവനേ, ബ്രഹ്മാവിനെ തപഃശ്ശക്തികൊണ്ട് വരുത്തി, അരികിൽ നിർത്തി, ഏതൊരു ശക്തികൊണ്ടാണോ ബ്രഹ്മർഷിപദം ബലമായി വാങ്ങിയെടുത്തത് അതേ തപഃശക്തികൊണ്ടാണ്. ആഗ്രഹിച്ച് തനിയേ വേട്ടിട്ട് തോന്നിയപോലെ പരിത്യജിക്കുന്നത് ഉചിതമല്ല. ദുഷ്യന്തൻ ശകുന്തളയോട് ഒരു സാധുസ്ത്രീയോടു കാണിക്കേണ്ട മര്യാദപോലും കാണിച്ചില്ല. വസിഷ്ഠനോടുള്ള വാശി നിമിത്തം ബ്രഹ്മാവിനെ അടുക്കൽ വരുത്തി നിർത്തി ബ്രഹ്മർഷിപദം നേടിയെടുത്ത ആ തപസ്വിക്ക് (വിശ്വാമിത്രന്) ദുഷ്യന്തനെ ശപിച്ചു മുടിക്കുന്നത് പ്രയാസമുള്ള കാര്യമല്ല.

## വരികൾ

'ആ വലംകരം ക്രോധാ ................

..................തീരൊല്ലുഗ്രവൈധവ്യത്തിയ്യാ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഊർജ്ജസ്വി | = | ഓജസ്സേറിയവൻ |
| വചസ്സ് | = | വാക്ക് |
| മുഷ്ടി | = | ചുരുട്ടിയ കൈ |
| സ്വാമിവംശം | = | ഭർത്താവിന്റെ കുലം |
| ഭർത്തൃനാശിനി | = | ഭർത്താവിനെ നശിപ്പിച്ചവൾ |
| ഭവ പുത്രി | = | അങ്ങയുടെമകൾ |
| നിർദ്ദഗ്ദ്ധ | = | നിശ്ശേഷം ദഹിച്ചവൾ |

## ആശയ വിശദീകരണം

വലതുകൈ, കോപത്തോടുകൂടി, ചുരുട്ടി നെഞ്ചിൽ ചേർത്തു പിടിച്ചാണ്, ഊർജ്ജസ്വിയായ വിശ്വാമിത്രൻ പറയാൻ ആരംഭിച്ചത്. ചുരുട്ടിപ്പിടിച്ച കൈ മുന്നോട്ടേക്ക് ഒന്നെറിയപ്പെട്ടാൽ അവസാനിച്ചു, ഭർത്താവിന്റെ വംശം മുഴുവൻ നശിക്കാൻ അത് കാരണമാവും. എന്നാൽ, ആ ശാപാസ്ത്രത്തെ- വിശ്വാമിത്രൻ ശപിക്കാൻ ഉയർത്തിയ കൈയിൽ തന്റെ രണ്ടു കൈ കൊണ്ടും പിടിച്ച് ശകുന്തള, എന്നെയോർത്ത് അച്ഛൻ ഇപ്പോൾ അടങ്ങണം എന്ന് പറഞ്ഞു. അങ്ങയുടെ മകൾ ഭർത്താവിനെ നശിപ്പിച്ചവൾ ആവരുത്. ഉഗ്രമായ വൈധവ്യത്തിന്റെ തീകൊണ്ട് നിശ്ശേഷം ദഹിച്ചവൾ- മരിച്ചവൾ ആകരുത്. (ഇപ്പോൾ ത്തന്നെ വലിയ ദുഃഖമുണ്ട്. വൈധവ്യത്തീയിൽ ഇനി ജീവൻകൂടി ദഹിപ്പിക്കരുത് എന്നു സൂചന).

## വരികൾ

'അച്ഛനമ്മമാർ കാലേ വെടിഞ്ഞ.........

............................ചേർന്നാലും സപുത്ര നീ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സുബഹിഷ്കൃതം | = | പൂർണ്ണമായി പുറംതള്ളപ്പെട്ട |
| ഭദ്രം | = | സുരക്ഷിതം |
| സൗശീല്യം | = | സൽസ്വഭാവം |
| അചിരേണ | = | കാലതാമസം കൂടാതെ |
| സപുത്ര | = | പുത്രനോടുകൂടിയവൾ |
| കരേറ്റി | = | ഉയർത്തി |

## ആശയ വിശദീകരണം

മാതാപിതാക്കൾ വളരെമുമ്പേ ഉപേക്ഷിച്ചു കളഞ്ഞ ഭാഗ്യമില്ലാത്തവളാണ് ഞാൻ. സ്വാഭാവികമായി എന്നെ ഭർത്താവും ഉപേക്ഷിച്ചു എന്നേയുള്ളു. (തന്നെ ഉപേക്ഷിച്ചുപോയ അച്ഛനമ്മമാർ ചെയ്തതിലും വലിയ തെറ്റൊന്നും ഭർത്താവും ചെയ്തിട്ടില്ല. തന്റെ നിർഭാഗ്യംകൊണ്ടാണ് ഇതൊക്കെ സംഭവിച്ചതെന്ന് ശകുന്തള സമാധാനിക്കുന്നു). എന്റെ ജീവിതം എല്ലാവരാലും ബഹിഷ്ക്കരിക്കപ്പെടുന്നതായിക്കൊള്ളട്ടെ. എന്റെ ദോഷം കൊണ്ട് എന്റെ മകനും പുറത്തായിപ്പോകരുത്. മകളുടെ കണ്ണീർ കണ്ടപ്പോൾ അച്ഛന്റെ കോപം തണുത്തു. ശകുന്തളയുടെ സമീപനരീതിയെ വളരെ സന്തോഷത്തോടെ അച്ഛൻ അഭിനന്ദിച്ചു. നിന്റെ സൽസ്വഭാവം എന്നെ പിടിച്ചുയർത്തി. ഭർത്താവിനോടൊപ്പം നീയും പുത്രനും താമസിയാതെ ഒന്നുചേരട്ടെ എന്നനുഗ്രഹിച്ചു.

### കാവ്യാവലോകനം

വള്ളത്തോൾ നാരായണമേനോന്റെ മികച്ച ഒരു ഖണ്ഡകാവ്യമാണ് 'അച്ഛനും മകളും'. ഒരു പുരാണ കഥയ്ക്ക് വള്ളത്തോൾ വളരെ നാടകീയമായ ഒരു സന്ദർഭം കണ്ടെത്തി അത് ആകർഷകമാക്കി. കശ്യപാശ്രമത്തിൽ വച്ച് ശകുന്തളയും പിതാവായ വിശ്വാമിത്രനും തികച്ചും അപ്രതീക്ഷിതമായ ഒരു വേളയിൽ കാണുന്നതായി കവി ഭാവന ചെയ്യുന്നു. അതിനുമുമ്പ് നേരിൽ കണ്ടിട്ടില്ലാത്ത ആ പിതൃ പുത്രീബന്ധത്തിന്റെ സ്നേഹാർദ്രത നാടകീയമായി കവി കാട്ടിത്തരുന്നു. ഭർത്തൃപരിത്യാഗദുഃഖത്തിൽ നില്ക്കുന്ന ശകുന്തളയുടെ വ്യക്തിത്വം ഈ കാവ്യത്തിൽ പ്രകാശം പരത്തി നില്ക്കുന്നു. ചുരുക്കത്തിൽ, ആധുനിക ഖണ്ഡകാവ്യങ്ങളുടെ സാമാന്യസ്വഭാവമായി വിശേഷിപ്പിക്കാറുള്ള നാതിദീർഘവും നാടകീയവുമായ പ്രതിപാദ്യം, ഭാവതീവ്രതയും ഭാവനാത്മകതയും, സരളരൂപമാർന്ന പ്രതിപാദനം, ഔചിത്യമുള്ള വർണ്ണനകൾ, പൊതുവേ കാല്പനികമായ അന്തരീക്ഷം തുടങ്ങിയ ഘടകങ്ങൾകൊണ്ട് ശോഭായമാനമാണ് വള്ളത്തോളിന്റെ 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യം.

## Recap

- വള്ളത്തോൾ നാരായണമേനോന്റെ മികച്ച ഒരു ഖണ്ഡകാവ്യമാണ് 'അച്ഛനും മകളും'. കാളിദാസന്റെ 'ശാകുന്തളം' നാടകത്തിലെ ഒരു സന്ദർഭത്തിനെ അടിസ്ഥാനമാക്കിയാണ് അച്ഛനും മകളും രചിച്ചിരിക്കുന്നത്
- കശ്യപാശ്രമത്തിൽ കുലപതി കശ്യപമഹർഷിയെ കണ്ടു വന്ദിക്കാൻ വിശ്വാമിത്രനെത്തി. 'മുത്തച്ഛനെ ഞാൻ കാട്ടിത്തരാം' എന്നുപറഞ്ഞുകൊണ്ട് പെട്ടെന്ന് ഒരു ബാലൻ ഓടിവന്നു
- മകനെ തിരക്കിവന്ന ശകുന്തളയും പിതാവായ വിശ്വാമിത്രനും യാദൃശ്ചികമായി കാണുന്നു
- ദുഷ്യന്തനാൽ ഉപേക്ഷിക്കപ്പെട്ട മകളുടെ വിഷമം വിശ്വാമിത്രന് സഹിക്കാനായില്ല
- ദുഷ്യന്തനെ ശപിക്കാൻ കൈയുയർത്തിയ മഹർഷിയെ ശകുന്തള തടയുന്നു
- ജനിച്ചയുടൻ മാതാപിതാക്കൾ ഉപേക്ഷിച്ച തന്റെ വിധി ശകുന്തള ഓർമ്മിപ്പിച്ചു. അത് വിശ്വാമിത്രന്റെ മനസ്സിനെ വിഷാദിപ്പിച്ചു, ശാന്തനാക്കി
- ഭർത്താവിനോടൊപ്പം കഴിയാൻ ഇടവരട്ടെയെന്ന് ശകുന്തളയ്ക്ക് അനുഗ്രഹം നല്കി, പിതാവായ വിശ്വാമിത്രൻ അനുഗ്രഹിക്കുന്നു
- അലങ്കാരങ്ങളെക്കൊണ്ട് സമ്പുഷ്ടമാണ് അച്ഛനും മകളും എന്ന ഖണ്ഡകാവ്യം
- കാല്പനികമായ അന്തരീക്ഷം കൊണ്ട് ശോഭായമാനമാണ് വള്ളത്തോളിന്റെ 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യം

## Objective Type Questions

1. ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസരമറിഞ്ഞു വരിക. ആര്, ആരോട് പറയുന്ന വരികളാണിത്?
2. ഞാനിങ്ങീയശോകത്തിൻ തണലിൽ  നില്ക്കാം. ആരാണ് ഇപ്രകാരം പറയുന്നത്?
3. 'ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ' ആരാണ് ഇപ്രകാരം പറഞ്ഞത്?
4. വാനോർകോനുടെ പുത്രന്നിത്രയല്ലല്ലോ പ്രായം. ആരാണ് ഇപ്രകാരം സംശയിക്കുന്നത്?
5. തൻ മാറത്തൊന്നണപ്പാനാണിച്ഛിച്ചതൃഷിപ്രൗഢൻ. ആര്, ആരെയാണ് മാറത്തണപ്പാൻ ഇച്ഛിച്ചത്?
6. വിമുക്തനെ വീണ്ടുമൈഹികത്തിലേക്കതാ, വലിച്ചുതാഴ്ത്തീ ക്ഷണാൽ - വിമുക്തനാര്? ഐഹികത്തിലേക്ക് വലിച്ചുതാഴ്ത്തിയത് ആര്?
7. കുനിഞ്ഞു വാരിയെടുത്തുണ്ണിയെപ്പുണ്യാകാരൻ ഉണ്ണിയെ വാരിയെടുത്ത പുണ്യാകാരൻ ആരാണ്? ഉണ്ണി ആരാണ്?
8. കവിൾപ്പൂവോടു ചേർത്താൻ, താടിനീണ്ട തന്മുഖം ധന്യൻ. ആരെക്കുറിച്ചുള്ള സൂചന കളാണിത്?
9. ക്ഷാത്രതേജസ്സിൻ കൂമ്പും ബ്രാഹ്മതേജസ്സിൻ കാമ്പും. ആരെക്കുറിച്ചാണ് ഈ വിശേഷണങ്ങൾ?
10. അഥവാ ബാലർക്കുണ്ടോ സ്വപരവ്യത്യാസങ്ങൾ? ഏത് ബാലനെക്കുറിച്ചുള്ള സൂചന യാണിത്?
11. മൃദുവാം കൈയേതിന്നും തലോടാമപ്പൂക്കളെ. പൂക്കൾ എന്നുള്ളതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ആരെയാണ്?
12. ആനന്ദമിതോ ഭഗവാന്നധികം സമാസ്വാദ്യം! ആരോടാണ് കവി ഇത് ചോദിക്കുന്നത്?
13. മീലിതാക്ഷനായ് മുനി.-മുനി എന്തുകൊണ്ടാണ് മീലിതാക്ഷനായത്?
14. 'അമ്മേ, ഞാനിതാ', എന്നു വിളിച്ചുചൊന്നാൻ. ആര്, ആരോടാണ് വിളിച്ചുചൊന്നത്?
15. പെട്ടെന്നമ്മണിനാദം കേട്ടങ്ങണഞ്ഞാളൊരു തന്വി. ആ മണിനാദം കേട്ട് അവിടേക്കെത്തിയ യുവതി ആരായിരുന്നു?
16. അത്തലിൻ സ്വരൂപം പോലാവന്ന യുവതി - ആരായിരുന്നു?
17. 'മേനകേ, നിനക്കെന്തീ മാറ്റം' എന്ന് ചോദിക്കാൻ മുതിർന്നത് ആര്? ആരോട്?
18. അത്തലിൻ സ്വരൂപം പോലാവന്ന യുവതിയെക്കണ്ടപ്പോൾ വിശ്വാമിത്രനുണ്ടായ സംശയം എന്ത്?
19. 'യ്യ യ്യ ചായംതേച്ച മൺമയിലതാ, മാർക്കണ്ഡേയങ്കൽ' - ആരാണ് ഇങ്ങനെ പറയുന്നത്?
20. അമ്മതൻ പിടി വിടുർത്തുഴറ്റോടോടിപ്പോയാൻ. ആരെക്കുറിച്ചുള്ള സൂചനയാണിത്?
21. തവ താതൻ  താനല്ലോ മുനിസുതേ, നിന്നൊടിസ്സംസാരിപ്പോൻ ആര്?, ആരോട് പ റയുന്നു?
22. 'ഞാനനുഗൃഹീതയായ് താതദർശനത്താലെ' - അനുഗൃഹീതയായത് ആര്? എന്തു കൊണ്ട്?
23. തുടച്ചാനവളുടെ കണ്ണുനീർ വലംകൈയാൽ ആര്? ആരുടെ കണ്ണുനീരാണ് തുടച്ചത്?
24. നൃപനാം ജാമാതാവിൻ  ക്ഷേമവുമന്വേഷിച്ചാൻ ആരാണ് ജാമാതാവ്? ക്ഷേമം അന്വേഷിച്ചത് ആര്?
25. 'ഓമനേ, തവ പേരെന്തുണ്ണിതൻ  പേരും ചൊല്ലൂ. ആര്? ആരുടെ പേരുകളാണ് ചോദിച്ചത്?
26. പേരിട്ടാൻ ശകുന്തളയെന്നെനിക്കച്ഛൻ കണ്വൻ. ആര്? ആരോട് പറയുന്നു?
27. ധാരിതസർവ്വദമനാഭിധൻ ദൗഹിത്രൻ തേ. ആര്? ആരോട് പറയുന്നു?
28. 'സന്ത്യക്തയായേനല്ലോ, സൗമ്യനാം കണവനാ.'സന്ത്യക്തയാക്കപ്പെട്ടത് ആര്? ആരാൽ സന്ത്യക്തയാക്കപ്പെട്ടു?
29. പകർന്നൂ ഭാവം പെട്ടെന്നക്കാലരുദ്രാകാരന്. പെട്ടെന്ന് ഭാവം പകർന്നത് ആർക്ക്?
30. 'ഉതിർന്നൂ മിഴിയിൽ നിന്നെരിതീപ്പൊരി മേന്മേൽ' ആരുടെ കണ്ണാണ് ഇവിടെ സൂചിപ്പിക്കുന്നത്?


SREENARAYANAGURU OPEN UNIVERSITY

31. കുമാരിയെ ദുസ്സഹാവമാനത്തിൽ ത്തള്ളിയിട്ടുയിർക്കൊൾവാൻ? ആരെക്കുറിച്ചാണ് സൂചനകൾ?
32. ആ മുഷ്ടി മുന്നോട്ടേക്കൊന്നെറിയപ്പെട്ടാൽ ത്തീർന്നു. - ആരുടെ മുഷ്ടിയെക്കുറിച്ചാണ് സൂചന?
33. സ്വാമിവംശത്തിന്നൊട്ടുക്കിടിവാളായ്പ്പോമല്ലോ. എന്തിനെക്കുറിച്ചാണ് സൂചന?
34. 'എന്നെയോർത്തടങ്ങേണമച്ഛനിങ്ങെ'ന്നാൾ മകൾ. ആരെയോർത്ത് ആര് അടങ്ങണമെന്നാണ് സൂചിപ്പിക്കുന്നത്?
35. പുത്രിതൻ കണ്ണീർകൊണ്ടു കോപാഗ്നി ശമിച്ചു. പുത്രി ആര്? ആരുടെ കോപാഗ്നിയാണ് ശമിച്ചത്?

## Answers to Objective Type Questions

1. വിശ്വാമിത്രൻ ശിഷ്യനായ ശുനശ്ശേഫനോട്
2. വിശ്വാമിത്രൻ
3. ബാലനായ സർവ്വദമനൻ
4. വിശ്വാമിത്രമഹർഷി
5. വിശ്വാമിത്രമഹർഷി, സർവ്വദമനൻ എന്ന ആ ബാലനെ
6. വിശ്വാമിത്രമഹർഷി. സർവ്വദമനൻ എന്ന ആ ബാലൻ
7. പുണ്യാകാരൻ വിശ്വാമിത്രമഹർഷിയാണ്, ഉണ്ണി സർവ്വദമനൻ
8. വിശ്വാമിത്രൻ ബാലനായ സർവ്വദമനനെ കൈയിലെടുത്ത് ചുംബിച്ചതിനെക്കുറിച്ച്
9. സർവ്വദമനൻ എന്ന ആ ബാലനെയും വിശ്വാമിത്രമഹർഷിയെയും
10. സർവ്വദമനൻ എന്ന ബാലനെക്കുറിച്ച്
11. സർവ്വദമനൻ എന്ന ബാലനെ
12. വിശ്വാമിത്രമഹർഷിയോട്
13. കുട്ടിയെ ആലിംഗനം ചെയ്ത സുഖംകൊണ്ട്
14. സർവ്വദമനൻ എന്ന ബാലൻ, അമ്മ ശകുന്തളയോട്
15. സർവ്വദമനന്റെ അമ്മ ശകുന്തള
16. വിശ്വാമിത്രന് മേനകയിൽ ജനിച്ച മകളായ ശകുന്തള
17. വിശ്വാമിത്രന് മേനകയിൽ ജനിച്ച മകളായ ശകുന്തളയോട്
18. ഇത് മേനക ആയിരിക്കുമോ എന്ന് ഒരുനിമിഷം സംശയിച്ചു
19. ബാലനായ സർവ്വദമനൻ
20. ബാലനായ സർവ്വദമനനെക്കുറിച്ചാണ് സൂചന
21. വിശ്വാമിത്രൻ, ശകുന്തളയോട് പറയുന്നു
22. ശകുന്തള, അച്ഛൻ വിശ്വാമിത്രനെ കാണാൻ കഴിഞ്ഞതുകൊണ്ട്
23. വിശ്വാമിത്രൻ , തന്റെ മകളായ ശകുന്തളയുടെ
24. ജാമാതാവ് രാജാവായ ദുഷ്യന്തൻ, ക്ഷേമം അന്വേഷിച്ചത് വിശ്വാമിത്രൻ
25. വിശ്വാമിത്രൻ ശകുന്തളയുടെയും മകന്റെയും പേരുകളാണ് ചോദിച്ചത്
26. ശകുന്തള അച്ഛനായ വിശ്വാമിത്രനോട് പറയുന്നു

27. ശകുന്തള വിശ്വാമിത്രനോട് പറയുന്നു
28. ദുഷ്യന്തനാൽ ഉപേക്ഷിക്കപ്പെട്ട ശകുന്തള
29. വിശ്വാമിത്രന്
30. വിശ്വാമിത്രന്റെ
31. ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിച്ചതിനെക്കുറിച്ച്
32. വിശ്വാമിത്രന്റെ മുഷ്ടിയെക്കുറിച്ചാണ് സൂചന
33. വിശ്വാമിത്രൻ ശപിച്ചാൽ ശകുന്തളയുടെ ഭർത്താവിന്റെ വംശം നശിക്കുമെന്ന് സൂചന
34. മകളായ ശകുന്തളയെ ഓർത്ത് അച്ഛനായ വിശ്വാമിത്രൻ അടങ്ങണമെന്നാണ് സൂചന
35. പുത്രി ശകുന്തള, വിശ്വാമിത്രന്റെ കോപാഗ്നിയാണ് ശമിച്ചത്

## Assignments

1. പുത്രീവാത്സല്യത്തെ നാടകീയമായി അവതരിപ്പിക്കുകയാണ് 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യം - ചർച്ച ചെയ്യുക.
2. 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## Reference


1. ഡോ. എം. ലീലാവതി - കണ്ണീരും മഴവില്ലും- സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഡോ. എം. ലീലാവതി - മലയാള കവിതാ സാഹിത്യ ചരിത്രം - കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. എൻ. കൃഷ്ണപിള്ള - കൈരളിയുടെ കഥ - ഡി.സി.ബുക്സ്, കോട്ടയം.
4. ഡി. ബഞ്ചമിൻ - കാല്പനികത മലയാള കവിതയിൽ - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## E-content



വള്ളത്തോൾ

1. അച്ഛനും മകളും കവിത ആസ്വാദനം
https://youtu.be/gplrcRchkhQ
2. അച്ഛനും മകളും കവിത
https://ml.m.wikisource.org/wiki/അച്ഛനുംമകളും

# യൂണിറ്റ് - 3
# ഭൂതക്കണ്ണാടി

**ഉള്ളൂർ എസ്. പരമേശ്വരയ്യർ**

## Learning Outcomes

- ആധുനിക കവിത്രയത്തെക്കുറിച്ച് അറിവുനേടുന്നു
- ഉള്ളൂരിന്റെ സാഹിത്യ സംഭാവനകളെക്കുറിച്ച് ധാരണ നേടുന്നു
- ഉള്ളൂരിന്റെ കാവ്യശൈലി ഭൂതക്കണ്ണാടിയിലൂടെ മനസ്സിലാക്കുന്നു
- ഉള്ളൂരിന്റെ സമകാലികരെക്കുറിച്ച് ധാരണ നേടുന്നു
- ഉള്ളൂരിന്റെ സമകാലിക സാഹിത്യരീതികളെ പരിചയപ്പെടുന്നു
- ഉള്ളൂർ എന്ന കവിയെക്കുറിച്ചു വ്യക്തമായ അറിവു സമ്പാദിക്കുന്നു

## Prerequisites

ലോകത്തിന്റെ നിലനിൽപ്പിനാവശ്യമായ സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവ കൈകാര്യം ചെയ്യുന്ന ദേവൻമാരെ 'ത്രിമൂർത്തികൾ' എന്നാണ് വിളിക്കാറുള്ളത്. സാഹിത്യ സൃഷ്ടി നടത്തുന്ന സാഹിത്യകാരൻമാരെയും ഈ ത്രിത്വസങ്കല്പത്തിൽ ഉൾപ്പെടുത്താറുണ്ട്. പ്രാചീന കവിത്രയം എന്നും ആധുനിക കവിത്രയം എന്നുമാണ് ആ ത്രിത്വസങ്കല്പം അറിയപ്പെടുന്നത്. പ്രാചീനകവിത്രയത്തിൽ ഉൾപ്പെടുന്ന കവികൾ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നിവരാണ്. ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്ന കവികളാണ് കുമാരനാശാൻ, ഉള്ളൂർ എസ്.പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവർ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ഭാരതത്തിൽ ഉദയംകൊണ്ട സാംസ്കാരിക നവോത്ഥാനം അന്നത്തെ എല്ലാ എഴുത്തുകാരെയും സ്വാധീനിക്കുകയുണ്ടായി. പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനതയും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയ പുതിയ വീക്ഷണങ്ങളുമാണ് ഇതിനു വഴിയൊരുക്കിയത്. കല കലയ്ക്കുവേണ്ടിയോ സമൂഹത്തിനു വേണ്ടിയോ എന്ന സംവാദം ലോകമെങ്ങും വ്യാപകമായിക്കൊണ്ടിരുന്ന സന്ദർഭം കൂടിയായിരുന്നു ഇത്. പുതിയ ചിന്തയുടെ പശ്ചാത്തലത്തിൽ ദേശീയതാബോധവും സ്വത്വബോധവും ഉൾക്കൊണ്ട് കവികൾ പുരാണങ്ങളിൽനിന്നും ആശയം സ്വീകരിക്കുന്നതിൽ നിന്നു വ്യതിചലിച്ച് നവീനമായ ആശയങ്ങൾ തേടിപ്പിടിക്കാൻ തുടങ്ങി. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുന്ന ആശയങ്ങളിലേക്ക് ചില കവികൾ വഴുതി മാറിയ സന്ദർഭമായിരുന്നു ഇത്. സാമൂഹ്യവും ജാതീയവുമായ ജീർണ്ണതകൾക്കെതിരെ നവോത്ഥാനനായകർ നടത്തിയ പ്രക്ഷോഭങ്ങളുടെ അലകൾ സാഹിത്യത്തിലും പ്രകടമായി. ശ്രീനാരായണഗുരുവിന്റെ ആശയങ്ങളിൽ ആകൃഷ്ടനായ കുമാരനാശാൻ ജാതീയതയ്ക്കെതിരെ വിരൽ ചൂണ്ടുന്ന ഒട്ടേറെ കവിതകളെഴുതി. വള്ളത്തോളും തുടർന്ന് ഉള്ളൂരും ഈ ചരിത്രഗതിയെ ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടെ സർഗ്ഗാത്മകതയെ രൂപപ്പെടുത്തി.

ആധുനിക കവിത്രയത്തിൽ മൂന്നു കവികളും സാമൂഹികമായ കടമകളെ നിർവ്വഹിച്ചു കൊണ്ടാണ് തങ്ങളുടെ സാഹിത്യലോകം കെട്ടിപ്പടുത്തത്. അതിൽ കാവ്യരീതികൊണ്ടും പ്രമേയവൈശിഷ്ട്യം കൊണ്ടും ശ്രദ്ധേയനായ കവിയാണ് മഹാകവി ഉള്ളൂർ. എസ്. പരമേശ്വരയ്യർ. കാവ്യരീതിയുടെ സവിശേഷത കൊണ്ട് ഉള്ളൂരിനെ 'ഉജ്ജ്വലശബ്ദാഢ്യൻ' എന്ന വിശേഷിപ്പിക്കാറുണ്ട്. അദ്ദേഹത്തിന്റെ ബഹുഭാഷാപാണ്ഡിത്യവും വേദജ്ഞാനവും പദസമ്പത്തും കാവ്യഭാവനയും താളബോധവുമാണ് ഈ വിശേഷണത്തിന് അദ്ദേഹത്തിനെ അർഹനാക്കിയത്. പദങ്ങളുടെ അനർഗളപ്രവാഹമാണ് ഉള്ളൂർക്കവിതകളുടെ മുഖമുദ്ര. ഒമ്പതു സമാഹാരങ്ങളിലായി നൂറ്റിനാല്പതു കവിതകളുടെയും അമ്പതോളം കഥാകവിതകളുടെയും കർത്താവ്, ഉമാകേരളം, കേരളസാഹിത്യചരിത്രം തുടങ്ങിയ ബൃഹദ്ഗ്രന്ഥങ്ങളുടെ ശില്പി, മദിരാശിസർവ്വകലാശാലയിൽ നിന്ന് മൂന്ന് ബിരുദങ്ങൾ സമ്പാദിച്ച പണ്ഡിതൻ, അഞ്ചു ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന ഭാഷാവിദഗ്ദ്ധൻ, ചരിത്ര-സാഹിത്യഗവേഷകൻ, പ്രഭാഷകൻ, തിരുവിതാംകൂർ ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥൻ എന്നിങ്ങനെ ബഹുമുഖമായ പ്രതിഭകളാൽ തിളങ്ങിയ വ്യക്തിത്വമായിരുന്നു മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ. കൊച്ചിരാജാവിൽ നിന്ന് വീരശൃംഖല, ബ്രിട്ടീഷ് ഗവൺമെന്റിന്റെ റാവു സാഹിബ് പുരസ്കാരം, കാശി വിദ്യാലയത്തിന്റെ 'സാഹിത്യഭൂഷൻ' ബഹുമതി തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. 1937-ൽ തിരുവിതാംകൂർ സർക്കാർ ഉള്ളൂരിന് 'മഹാകവി' ബിരുദം സമ്മാനിച്ചു.

പുരാണേതിഹാസകൃതികളെ അവലംബമാക്കിക്കൊണ്ടുള്ള ഭാഷാചമ്പുക്കളും ഖണ്ഡകാവ്യങ്ങളും രചിക്കുന്നതിലായിരുന്നു ആദ്യകാലങ്ങളിൽ ഉള്ളൂർ കൂടുതലും ശ്രദ്ധ കൊടുത്തിരുന്നത്. കർണ്ണഭൂഷണം, അംബ, ചിത്രശാല, സത്യവതി, ഹീര, അംബരീഷശതകം, പിംഗള തുടങ്ങിയവ ഇതിനുദാഹരണമാണ്. സ്വന്തം നാടിന്റെ കഥ പറയുന്ന 'ഉമാകേരളം' എന്ന മഹാകാവ്യമാണ് ഉള്ളൂരിന്റെ കാവ്യസംഭാവനളിൽ ഏറ്റവും പ്രധാനപ്പെട്ടത്. ചമ്പുക്കൾ, ഖണ്ഡകാവ്യം, മഹാകാവ്യം, ഭാവകവിതകൾ തുടങ്ങി എല്ലാ കാവ്യശാഖകളെയും അദ്ദേഹം സമ്പുഷ്ടമാക്കി. കുമാരനാശാനും വള്ളത്തോളും കൂടാതെ ഉള്ളൂരിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന മറ്റു പ്രമുഖ കവികളാണ് വെൺമണിക്കവികൾ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, ശ്രീനാരായണഗുരു, പൊയ്കയിൽ കുമാരഗുരു, എ.ആർ. രാജരാജവർമ്മ, കെ. സി. കേശവപ്പിള്ള, വി. സി. ബാലകൃഷ്ണപ്പിള്ള, ഇടശ്ശേരി, ചങ്ങമ്പുഴ കൃഷ്ണപിള്ള. തുടങ്ങിയവർ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരഘട്ടത്തിൽ, മണിപ്രവാളസാഹിത്യവും വെൺമണിപ്രസ്ഥാനവും കൊടികുത്തിവാണിരുന്ന ഘട്ടത്തിലാണ് ഉള്ളൂരിന്റെ രംഗപ്രവേശം. വെൺമണിപ്രസ്ഥാനം ഏതാണ്ട് ജനകീയമായിക്കഴിഞ്ഞിരുന്നു. സംസ്കൃത വൃത്തങ്ങളിലുള്ള കാവ്യങ്ങൾക്കും പുരാണങ്ങളെ അടിസ്ഥാനമാക്കിയുള്ള കൃതികൾക്കുമായിരുന്നു അന്ന് പ്രാധാന്യം. അന്നത്തെ പ്രസിദ്ധരായ കവികളെല്ലാം തന്നെ സംസ്കൃതപണ്ഡിതന്മാരായിരുന്നു. ഇക്കാലത്ത് ഉയർന്നുവന്ന ആധുനിക പ്രവണതയായ കാല്പനികതയും ഉള്ളൂരിനെ സ്വാധീനിച്ചു. 1920-നുശേഷമുള്ള ഉള്ളൂർക്കവിതകളിലാണ് കാല്പനികമുഖം വ്യക്തമായും കടന്നുവന്നിട്ടുള്ളതെന്നു കാണാം. നവോത്ഥാനാശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാവ്യങ്ങൾ രൂപപ്പെടുത്തുന്ന പുതിയൊരു പ്രവണതയാണ് ഉള്ളൂരിന്റെ കാലത്തുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ പ്രശസ്തമായ 'പ്രേമസംഗീതം' എന്ന കവിത ഉൾപ്പെടുന്ന കവിതാസമാഹരമായ

'മണിമഞ്ജുഷ' (1933) യിൽ ആധുനികമായ പ്രമേയങ്ങളും കാവ്യശൈലിയുമാണുള്ളത്. ഈ കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ കളരിയുമായി ബന്ധപ്പെട്ട് ഒരുകൂട്ടം കവികൾ പച്ചമലയാള കവിതകളുടെ രചനയിൽ ഏർപ്പെടുകയുണ്ടായി. ഈ പ്രവണതയും ഉള്ളൂരിനെ സ്വാധീനിച്ചു. അദ്ദേഹം രചിച്ച കേരളസാഹിത്യചരിത്രം, വിജ്ഞാനദീപിക, ബാലദീപിക തുടങ്ങിയ ഗദ്യകൃതികളും പ്രേമസംഗീതം പോലുള്ള കവിതകളും തനിമലയാളത്തിലുള്ള ആവിഷ്കാരങ്ങൾക്ക് ദൃഷ്ടാന്തങ്ങളാണ്.

## Keywords

ആധുനിക കവിത്രയം - ഉജ്ജ്വല ശബ്ദാഢ്യൻ - പച്ചമലയാളം - കാൽപനികത - സാംസ്കാരിക നവോത്ഥാനം.

## 2.3.1 Content

1938 -ൽ പ്രസിദ്ധീകരിച്ച രത്നമാല എന്ന സമാഹാരത്തിലെ കവിതയാണ് 'ഭൂതക്കണ്ണാടി'. കാല്പനിക കവിതയുടെ വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂതക്കണ്ണാടിയിൽ ബിംബകല്പനയിലൂടെ ഒരു ആശയത്തെ അവതരിപ്പിക്കുകയാണ് കവി. ചെറിയ വസ്തുക്കളെ വലുതായി കാണുന്ന ഭൂതക്കണ്ണാടി എന്ന ബിംബം എളിമയുടെ മഹത്വത്തെയാണ് ആവിഷ്കരിക്കുന്നത്. പ്രപഞ്ചത്തെ സംബന്ധിച്ച കവിയുടെ തത്ത്വവീക്ഷണം, സത്യത്തിന്റെ വെളിപ്പെടുത്തൽ, പ്രകൃതിയോടുള്ള ആദരം, ഈശ്വരഭക്തി, കാരുണ്യം, സൗന്ദര്യബോധം, താളാത്മകത തുടങ്ങിയവ ഈ കവിതയിൽ പ്രകടമാണ്. മാനവികതയിൽ നിന്ന് രൂപപ്പെട്ട കാവ്യസങ്കല്പമാണ് ഭൂതക്കണ്ണാടിയിൽ ആവിഷ്കരിച്ചിട്ടുള്ളത്. എട്ടക്ഷരം വീതമുള്ള ഈരടികളോടെ രചിച്ചിട്ടുള്ള ഈ കവിത അനുഷ്ടുപ്പ് വൃത്തത്തിലാണ് എഴുതിയിട്ടുള്ളത്. പ്രാസഭംഗി തുളുമ്പുന്ന ഈരടികൾ, ഔചിത്യപൂർണ്ണമായ ചമൽക്കാരം, രൂപഭംഗി, ധ്വന്യാത്മകത എന്നിവയാണ് ഈ കവിതയുടെ കാവ്യസൗന്ദര്യത്തിന് മാറ്റുകൂട്ടുന്ന ഘടകങ്ങൾ. എളിമയിൽ നിന്നുകൊണ്ടുള്ള ലോകവീക്ഷണമാണ് ഈ കവിതയുടെ പ്രധാന ആശയം. ഏറ്റവും ചെറിയ തട്ടിൽ നിന്നുകൊണ്ട് ഏറ്റവും മഹത്തായ കാഴ്ചകൾ കണ്ടെത്തുക എന്ന എളിയ കർമ്മമാണ് കവി നിർവഹിക്കുന്നത്.

### വരികൾ

'പുതുമാതിരിയിൽതീർത്ത
ഭൂതക്കണ്ണാടിയൊന്നു ഞാൻ
..............................................
പാറയ്ക്കിടയിലൂറുന്നു
പാലൊളിത്തെളിനിർഝരം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| തെല്ലിച്ചരാചരം | = | തിളങ്ങുന്ന ചരാചരം |
| ദിവ്യഗോളങ്ങൾ | = | സൂര്യചന്ദ്രാദികൾ |
| പിപീലിക | = | ഉറുമ്പുകൾ |
| ശോചിഷ്കേശൻ | = | അഗ്നി |
| നിർഝരം | = | അരുവി |

### ആശയ വിശദീകരണം

ഭൂതക്കണ്ണാടിയിലൂടെ കവി പ്രപഞ്ചത്തെ വീക്ഷിക്കുമ്പോൾ കാണുന്ന കാഴ്ചകൾ വിവരിക്കുകയാണ് ഈ വരികളിലൂടെ. പുതിയ രീതിയിൽ നിർമ്മിച്ച ഒരു ഭൂതക്കണ്ണാടി കൈയിൽ പിടിച്ചു നോക്കിയപ്പോൾ കവി അതിലൂടെ കണ്ടത് തിളങ്ങുന്ന ചരാചരങ്ങളെയാണ്. പരമാണുവിനകത്തു മുഴുവൻ പർവ്വതങ്ങളാണ് കാണാനായത്. ഒരു ജലത്തുള്ളിക്കുള്ളിൽ കാണുക വിശാലമായ കടലും ഒരു മൺതരിയിൽ തെളിയുന്നത് ഒരു ഭൂപ്രദേശവുമാണ്. ചുവന്ന തീപ്പൊരിയിൽ മിന്നുന്നത് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമടങ്ങുന്ന ദിവ്യഗോളങ്ങളാണ്. ഏറ്റവും ചെറിയ

ജീവികളായ ഉറുമ്പുകൾ ബ്രഹ്മാവിനു തുല്യമായി വിളങ്ങുന്നവയാണ്. കേവലം നിസ്സാരമായ ഒരു മൺപുറ്റ് നില്ക്കുന്നത് മഹാമേരുവിനൊപ്പമാണ്. പുകയ്ക്കുള്ളിൽ നിന്നുയരുന്നത് അഗ്നിനാളങ്ങളും, പാറയ്ക്കിടയിൽ നിന്ന് ഊറിവരുന്നത് പാലൊളിപോലെ തെളിഞ്ഞ അരുവിയുമാണ്. ഏറ്റവും ചെറിയ വസ്തുവും മഹത്തായതാണെന്ന് ഉദ്ബോധിപ്പിക്കുന്നതിനായി കവി ഇവിടെ പ്രകൃതിയിൽനിന്ന് ഉദാഹരണങ്ങളെടുത്തു നിരത്തുകയാണ്. ഉൾക്കണ്ണുകൊണ്ടു നോക്കിയാൽ മാത്രമേ ഈ മഹത്വം ദർശിക്കാനാവൂ എന്ന സത്യം ഭൂതക്കണ്ണാടിയെ ഉപാധിയാക്കിക്കൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്.

## വരികൾ

'വീണ നെന്മണി പേറീടും
വീഹിരാശികളെത്രയോ?
.........................................
ദയാംബുവെന്നിൽത്തൂകുന്ന
ദിവൗകസ്സുകളെത്രയോ?'

## അർത്ഥവിശദീകരണം

| | | |
|---|---|---|
| വീഹിരാശി | = | നെൽക്കതിർ |
| ത്യക്തമാം | = | ഉപേക്ഷിക്കുന്ന |
| തരൂഷണ്ഡങ്ങൾ | = | സമൂഹം |
| കുക്ഷി | = | കുഴി |
| ക്ഷോളം | = | ചെടി |
| ദയാംബു | = | ദയയും അൻപും |
| ദിവൗകസ്സുകൾ | = | സ്വർഗ്ഗത്തോളം കീർത്തി |

## ആശയവിശദീകരണം

നിസ്സാരമെന്നു നാം കരുതുന്ന ഓരോ വസ്തുവിലും വിലമതിക്കാനാവാത്ത മൂല്യങ്ങളുണ്ടെന്ന് കവി തന്റെ ഭൂതക്കണ്ണാടിയിലൂടെ കണ്ടെത്തുന്നു. നിലത്തുവീണുകിടക്കുന്ന ഒരു നെന്മണിക്കുള്ളിൽ എത്ര വലിയ ഭാവിയാണുള്ളതെന്നോർക്കുക. ഉപേക്ഷിക്കുന്ന ബീജത്തിലുള്ളത് എത്ര ജീവസമൂഹങ്ങളാണുള്ളതെന്നും കേവലം ഒരു കുഴിയിലുള്ളത് എത്രയോ രത്നങ്ങളാണെന്നും രാത്രിയുടെ ഗർഭപാത്രം പേറുന്നത് എത്ര ചന്ദ്രബിംബങ്ങളെയാണെന്നും എത്ര ചെടികളാണ് മഹത്തായ ഔഷധങ്ങളായി മാറുന്നതെന്നും അറിയുക. എത്ര അക്ഷരങ്ങളാണ് സിദ്ധമന്ത്രങ്ങളായിത്തീരുന്നത്? പൂന്തോട്ടങ്ങളായി മാറുന്ന മരുഭൂമികളെത്രയാണ്? എത്ര കല്ലിൻകഷ്ണങ്ങളാണ് ദേവതയുടെ ആകൃതി കൈവരിക്കുന്നത്? ചന്തമോടെ ആകാശത്ത് നില്ക്കുന്നത് എത്രയെത്ര കുഞ്ഞു നക്ഷത്രങ്ങളാണെന്നറിയുക. എത്ര ദിവാസ്വപ്നങ്ങളാണ് സാക്ഷാത്കൃതമാകുന്നത്? എത്ര കൃമികീടങ്ങളാണ് കൃപയ്ക്കുവേണ്ടി യാചിക്കുന്നത്? ദയ അഥവാ അൻപുള്ള ഒരു ഹൃദയം എനിക്കുണ്ടെങ്കിൽ അത് സ്വർഗ്ഗത്തോളം കീർത്തിയുള്ളതാകും.

'വീണ നെന്മണി പേറീടും വീഹിരാശികളെത്രയോ?' ചെറുതിനുള്ളിലെ വലുപ്പം കാണിക്കുന്നതിനായി കവി നെന്മണിയെ ദൃഷ്ടാന്തമാക്കിയിരിക്കുന്നു. ദൃഷ്ടാന്തം എന്ന അലങ്കാരമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രതിപാദ്യവിഷയത്തിന്റെ ധർമ്മത്തിനു സമാനമാണ് നെന്മണിയുടെ ധർമ്മവും. ഒരു നെന്മണി മണ്ണിൽ വീണു മുളയ്ക്കുമ്പോൾ അതിൽനിന്ന് ബഹിർഗമിക്കുന്നത് സൂര്യകിരണങ്ങൾപോലുള്ള എത്രയോ കതിരുകളാണ്. കതിർ എന്നത് അന്നമാണ്. മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ അന്നത്തിന്റെ മഹത്വം അളക്കാനാവാത്തതാണ്. കതിരിനെ സൂര്യകിരണത്തോടു ഉപമിച്ചിരിക്കുന്നു. കതിരിന്റെ ഐശ്വര്യവും നിറവും സമർഥിക്കാൻ സൂര്യകിരണത്തേക്കാൾ നല്ലൊരു ദൃഷ്ടാന്തമില്ല. കവിതയിലെ ഓരോ വരിയിലും ഈ ദൃഷ്ടാന്തത്തിലൂടെ അവതരിപ്പിക്കുന്ന കാവ്യസൗന്ദര്യം പ്രകടമാണ്.

## വരികൾ

'പറക്കുമീയലിൽ പൊങ്ങും
പരമോത്ഥാനകൗതുകം;
........................................
ജളൂക വികസിപ്പിക്കും
ജീവാത്മാവിന്റെ പുരോഗതി.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിശ്വാവാർജ്ജന | = | പ്രപഞ്ചവശ്യത |
| ചരണന്യാസം | = | പാദങ്ങളുടെ ചലനം |
| കാദാകാത്ത് | = | കളഹംസം |
| ദാന്തോടജം | = | താപസിയുടെ പർണ ശാല |
| പ്രഭാകീടം | = | മിന്നാമിനുങ്ങ് |
| ജളുക | = | അട്ട |

## ആശയ വിശദീകരണം

ഓരോ സൃഷ്ടിക്കും ഓരോ ധർമ്മമാണുള്ളതെന്ന് കവി ഇവിടെ ദൃഷ്ടാന്തങ്ങളിലൂടെ വ്യക്തമാക്കുകയാണ്. ഒരു ഈയാംപാറ്റ മണ്ണിൽ നിന്നുയർന്നു പൊങ്ങുമ്പോൾ പരമമായ ഉയർത്തെഴുന്നേല്പിന്റെ കൗതുകമാണുരുക. പാടുന്ന കുയിലിൽ നിറഞ്ഞുനില്ക്കുന്നത് ശ്രേഷ്ഠമായ ആരാധനാപാടവമാണ്. വിടർന്ന പൂവിൽ ദർശിക്കുക വശ്യമായ പ്രപഞ്ചകൗതുകങ്ങളാണ്. തത്തുന്ന ഒരു കിളിയിൽ കാണാനാവുന്നത് പാദങ്ങളുടെ ചലനവൈഭവമാണ്. പുൽമേട്ടിൽ വിളങ്ങുന്നത് ബ്രഹ്മാവിന്റെ സൃഷ്ടിനൈപുണ്യമാണ്. കളഹംസത്തിൽ ചേർന്നിരിക്കുന്നത് കല്യാണരാഗത്തിലുള്ള സ്വരമാധുരിയാണ്. ശവദാഹത്തിനുശേഷം ലഭിക്കുന്ന ചിതാഭസ്മത്തിലുള്ളത് ഒരു വലിയ ജീവചരിത്രത്തിന്റെ ആഖ്യാനമാണ്. താപസിയുടെ പർണ്ണശാലയിൽ വിളങ്ങുന്നത് തത്വങ്ങളുടെ ഗുരുപാഠങ്ങളാണ്. മിന്നാമിനുങ്ങുകളിലിരിക്കുന്നത് പ്രപഞ്ചത്തിന്റെ നിജസ്ഥിതിയാണ്. കേവലം അല്പപ്രാണിയായ ഒരു അട്ടയിൽ വികസിക്കുന്നത് ജീവാത്മാവിന്റെ പുരോഗതിയാണ്.

പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിക്കും ഓരോ ധർമ്മമാണുള്ളതെന്ന് ചൂണ്ടിക്കാണിച്ചുതരുന്ന വരികളാണിവ. 'ജളൂക വികസിപ്പിക്കും ജീവാത്മാവിന്റെ പുരോഗതി' എന്ന വരിയിൽ അതിസൂക്ഷ്മമായ സങ്കല്പമാണുള്ളത്. അപ്രാണിയായ അട്ടയിൽ ഒരു ജീവാത്മാവിന്റെ അനന്യമായ വികസനമാണുള്ളതെന്ന് കാവ്യാത്മകമായി അവതരിപ്പിച്ചിരിക്കുന്നു.

**അലങ്കാരം: അർത്ഥാന്തര്യാസം**

## വരികൾ

'ഇമ്മട്ടു പലതും കാട്ടി
യെന്നെയാ മണിദർപ്പണം
.......................................
മൗനത്തിലും ചെവിക്കൊണ്ടേൻ
മധുരം വല്ലകിക്വണം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സുധാമയം | = | അമൃതാക്ഷരം |
| സിന്ധു | = | നദി |
| ചരാചരം | = | ചലിക്കുന്നതും ചലിക്കാത്തതുമായ ജീവജാലങ്ങൾ |
| വല്ലകിക്വണം | = | വീണാനാദം |

## ആശയ വിശദീകരണം

ഭൂതക്കണ്ണാടിയിലൂടെ ജീവിതസത്യങ്ങൾ കണ്ടെത്തിയ കവി തന്റെ ആനന്ദം പങ്കുവയ്ക്കുകയാണിവിടെ. എന്റെ കയ്യിൽ കിട്ടിയ ആ മണിക്കണ്ണാടി എനിക്ക് ഇതുപോലുള്ള പല സത്യങ്ങളും കാണിച്ചുതന്നു. ഇപ്പോൾ ഞാൻ ആനന്ദമാകുന്ന സിന്ധുനദിയിൽ മുങ്ങിക്കുളിച്ചു നില്ക്കുകയാണ്. അപ്പുറം തുച്ഛമായിട്ടുള്ള എന്റെ ഹൃദയം ആലിലയ്ക്കു മുകളിലാണിരിക്കുന്നത്. സദാ വിറകൊള്ളുന്നതും ഏതു നിമിഷവും അടർന്നുവീഴാവുന്നതുമായ ആലില ജീവിതത്തിന്റെ നൈമിഷികതയെ സൂചിപ്പിക്കുന്നു. ഈ ബ്രഹ്മാണ്ഡത്തെ വഹിക്കുന്നത് സ്നേഹനിധിയായ ഈശ്വരനാണ്. ഈ പ്രപഞ്ചത്തിലുള്ള സർവ്വ ചരാചരങ്ങളെയും സൗഹൃദമെന്ന പട്ടുനൂലുകൊണ്ട് ചേർത്തിണക്കിയിരിക്കുന്ന ചിത്രം ഞാനിപ്പോൾ കണ്ടുകഴിഞ്ഞു. തുരുമ്പിലും ഞാൻ വായിച്ചത് അമൃതാക്ഷരങ്ങളുടെ ധ്വനികാവ്യമാണ്. മൗനത്തിലും എനിക്കു കേൾക്കാനായത് മധുരമായ വീണാനാദമാണ്. കവി അന്വേഷിച്ച സത്യങ്ങളിലേക്കെത്തിച്ചേരുകയാണ് ഇവിടെ. അതിന്റെ ആനന്ദം അനുഭവിക്കുകയാണ്. ആനന്ദത്തെ സിന്ധുനദിയായി കല്പിച്ചിരിക്കുന്നു.

**അലങ്കാരം: ഉൽപ്രേക്ഷ**

### കാവ്യാവലോകനം

അണുവിൽനിന്നും അണ്ഡകടാഹത്തെ – പ്രപഞ്ചത്തെ ദർശിക്കുന്ന കവിയുടെ മൂന്നാം കണ്ണാണ് ഇവിടെ ഭൂതക്കണ്ണാടി. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളുടെയും മഹത്വത്തെ ഉൾക്കൊള്ളുകയും ആദരിക്കുകയും ചെയ്യുക എന്ന ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയമാണ് ഈ കവിതയ്ക്കാധാരം. കവി ഈ കാവ്യസങ്കല്പത്തെ രൂപപ്പെടുത്തിയിരിക്കുന്നത്, തന്റെയുള്ളിലെ വിനയഭാവത്തെ ഉണർത്തിയെടുത്തുകൊണ്ടാണ്. വീണുകിടക്കുന്ന ഒരു നെന്മണിക്കുള്ളിൽനിന്ന് സൂര്യകിരണങ്ങൾപോലെ എത്രയോ കതിരുകൾ ഉണ്ടാകുന്നു എന്ന പ്രകൃതിതത്വത്തിൽനിന്ന് ചെറുതിന്റെ നിസ്സാരതയുടെ മഹത്വം വ്യക്തമാക്കുന്നു. ഊഴിയിൽ ഒന്നും തന്നെ ചെറുതല്ലെന്നും എല്ലാ സൃഷ്ടികൾക്കും അതിന്റേതായ മഹത്വമുണ്ടെന്നും വ്യക്തമാക്കുന്നതാണ് ഈ കവിത.

അറിവിന്റെ ലോകം തിരയുന്ന കവിയുടെ മുമ്പിലെ വഴികാട്ടിയായും ഭൂതക്കണ്ണാടി മാറുന്നുണ്ട്. ചുറ്റുമുള്ള പലതും നിസ്സാരമായി കണ്ട് അവഗണിച്ചുകളയുന്ന നമ്മുടെ മനോഭാവത്തിനു നേരെയാണ് യഥാർത്ഥത്തിൽ കവി ഈ ഭൂതക്കണ്ണാടി എടുത്തുപിടിച്ചിരിക്കുന്നത്. മനുഷ്യന്റെ അഹന്തയും പൊള്ളയായ ചിന്താഗതിയും അജ്ഞതയും വ്യത്യസ്തമായ നിരവധി ദൃഷ്ടാന്തങ്ങളിലൂടെ കവി അനാവരണം ചെയ്യുന്നു. പ്രകൃതിയിലെ ഓരോ സൃഷ്ടിയിലുമുള്ള അനാദൃശ്യമായ മൂല്യങ്ങളെയും സൗന്ദര്യത്തെയും എടുത്തുകാണിക്കാനുള്ള ശ്രമമാണ് കവി നടത്തുന്നത്. അതിനുള്ള ഒരു ഉപാധിയാണ് ഇവിടെ ഭൂതക്കണ്ണാടി. നമ്മുടെ കാഴ്ചയിൽ പെടാത്തതോ, അജ്ഞാതമായതോ, അവഗണിക്കപ്പെടുന്നതോ ആയ വസ്തുതകൾക്കു നേരെ അനുവാചകരുടെ കണ്ണുതുറപ്പിക്കുക എന്നതാണ് കവിധർമ്മം.

## Recap

- ഉള്ളൂർ – ഉജ്ജ്വലശബ്ദാഢ്യൻ
- ആധുനിക കവിത്രയം
- കാൽപനികത
- എളിമയിൽ നിന്നുകൊണ്ടുള്ള ലോകവീക്ഷണം
- അജ്ഞതയാകുന്ന അന്ധകാരത്തെ നീക്കുന്ന ഭൂതക്കണ്ണാടി
- ചെറിയതെല്ലാം വലുതായിക്കാണുന്ന ഭൂതക്കണ്ണാടി
- ഭൂതക്കണ്ണാടിയിലൂടെ നടത്തുന്ന പ്രപഞ്ചവീക്ഷണം
- ഓരോ സൃഷ്ടിക്കും ഓരോ ധർമ്മങ്ങൾ
- ഭൂതക്കണ്ണാടിയിലൂടെ ജീവിതസത്യങ്ങൾ കണ്ടെത്തുന്നു

## Objective Type Question

1. ഭൂതക്കണ്ണാടിയിലൂടെ നോക്കിയ കവിക്ക് പരമാണുവിനകത്തു കാണാൻ കഴിഞ്ഞത് എന്താണ്?
2. ബ്രഹ്മദേവന്നു തുല്യമായ്, മൺപുറ്റു വിലസീടുന്നു ഇതിലെ സൂചന എന്ത്?
3. 'പാറയ്ക്കിടയിൽനിന്ന് ഊറിവരുന്നത് പാലൊളിപോലെ തെളിഞ്ഞ അരുവിയാണ്' എന്നതിലെ സങ്കല്പമെന്താണ്?

4. 'പൂഴിത്തരിയിൽമെത്തുന്നു
   ഭുവനങ്ങൾ പരക്കവേ;
   ചെന്തീപ്പൊരിയിൽ മിന്നുന്നു
   ദിവ്യഗോളങ്ങൾ നീളവേ' - ആശയം വിശദമാക്കുക.
5. ഉപേക്ഷിക്കുന്ന ബീജത്തിലടങ്ങിയിരിക്കുന്ന മൂല്യമെന്താണ്?
6. രാത്രിയുടെ ഗർഭപാത്രം പേറുന്നത് എന്താണ്?
7. കല്ലിൻ കഷ്ണങ്ങൾ എന്തിന്റെ ആകൃതിയാണ് കൈവരിക്കുന്നത്?
8. എങ്ങനെയുള്ള ഹൃദയത്തിനാണ് സ്വർഗ്ഗത്തോളം കീർത്തിയുണ്ടാവുക?
9. ചിതാഭസ്മത്തിൽ കവി കണ്ടെത്തുന്നത് എന്താണ്?
10. തത്വങ്ങളുടെ ഗുരുപാഠങ്ങൾ എവിടെയാണുള്ളത്?
11. കവിയുടെ വീക്ഷണത്തിൽ കേവലം അപ്രാണിയായ ഒരു അട്ടയിൽ വികസിക്കുന്നത് എന്താണ്?
12 മരുഭൂമികളെയോ? ദേവതാകൃതികോലുന്ന ശിലാഖണ്ഡങ്ങളെത്രയോ? ആശയം വിശദമാക്കുക.
13. 'ശവഭസ്മത്തിൽ വർത്തിക്കും
    ചരിത്രാഖ്യാനചാതുരി
    ദാന്തോടജത്തിലാതിക്കും
    തതാദ്ധ്യാപനവൈദുഷി' - ആശയം വിശദമാക്കുക
14. ആലിലയ്ക്കുമുകളിലിരിക്കുന്ന ഹൃദയം എന്നതിലെ സങ്കല്പമെന്ത്?
15. പ്രപഞ്ചത്തിലെ ചരാചരങ്ങളെയെല്ലാം ചേർത്തിണക്കിയിരിക്കുന്നത് എന്തുകൊണ്ടാണ്?
16. മൗനത്തിൽനിന്നും കവിക്കു കേൾക്കാനായത് എന്തു സ്വരമാണ്?

## Answers to Objective Type Questions

1. പർവ്വതങ്ങൾ
2. സൃഷ്ടിയുടെ മഹത്വം
3. കാഠിന്യത്തിനുള്ളിലെ ആർദ്രത
4. ചെറുതെന്നോ നിസ്സാരമെന്നോ കരുതുന്നവയിൽ അടങ്ങിയിട്ടുള്ള മഹത്വം-മണൽത്തരിയിലുള്ളത് പരന്ന പ്രദേശങ്ങൾ തീപ്പൊരിയിൽ മിന്നുന്നത് ദിവ്യഗോളങ്ങൾ.
5. നിരവധി ജീവസമൂഹങ്ങൾ.
6. ചന്ദ്രബിംബങ്ങൾ
7. ദേവതയുടെ
8. ദയ അഥവാ അൻപുള്ള ഹൃദയം
9. ജീവചരിത്രത്തിന്റെ ആഖ്യാനം
10. താപസിയുടെ പർണശാലയിൽ
11. ജീവാത്മാവിന്റെ പുരോഗതി

12. മരുഭൂമികളെന്നു കരുതി അവഗണിക്കുന്ന മണ്ണ് പൂന്തോട്ടങ്ങളുണ്ടാവുന്ന പുഷ്ടിയുള്ള മണ്ണായിരിക്കും. വെറും കല്ലിൻകഷ്ണങ്ങളിൽ നിന്ന് ദേവതയുടെ ആകൃതിയുള്ള ശില്പസൗന്ദര്യമുള്ള കലാസൃഷ്ടികൾ ഉണ്ടാവുന്നതിന്റെ സൂചന.
13. പാഴ്‌വസ്തുവായ ചിതാഭസ്മം-ഉപയോഗശൂന്യമായ അവശിഷ്ടം-അതിലടങ്ങിയിരിക്കുന്നത് ചാതുര്യമുള്ള ചരിത്രം
14. ജീവിതത്തിന്റെ ക്ഷണികത
15. സൗഹാർദ്ദമാകുന്ന പട്ടുനൂലുകൊണ്ട്
16. മധുരമായ വീണാനാദം.

## Assignments

1. ഉള്ളൂരിന്റെ സാഹിത്യ സംഭാവനകൾ
2. ഉള്ളൂരിനെപ്പറ്റിയും കവിതയുടെ ആധുനികഘട്ടത്തെപ്പറ്റിയുമുള്ള വിവരണം
3. ഭൂതക്കണ്ണാടിയിൽ പ്രകടമാകുന്ന ആധുനികതാ പ്രവണതകൾ വിവരിക്കുക
4. ഭൂതക്കണ്ണാടിക്ക് ആസ്വാദനം തയ്യാറാക്കുക

## Reference


1. ഡോ. എൻ. ആർ. ഗോപിനാഥപിള്ള (എഡി) - 2000 - ഉള്ളൂരിന്റെ തെരഞ്ഞെടുത്ത കവിതകൾ
2. ഡോ.സി.കെ.ചന്ദ്രശേഖരൻ നായർ- 2001 - മഹാകവി ഉള്ളൂർ
3. ഡോ.ജെസി നാരായണൻ - 2020 - ഉള്ളൂരിന്റെ പിംഗള - ഗ്രീൻലൈൻ പബ്ലിഷേഴ്സ്,തിരുവനന്തപുരം.
4. ഉള്ളൂർ എസ്. പരമേശ്വരയ്യർ - 1953-കേരളസാഹിത്യചരിത്രം - കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം
5. ജി.കമലമ്മ-1991 - ഉള്ളൂർ സാഹിത്യപ്രവേശിക -കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


## E-content



ഉള്ളൂർ എസ്. പരമേശ്വരയ്യർ

https://kavyamsugeyam.blogspot.com/2014/02/blog-post.html

https://ml.wikipedia.org/wiki/ഉള്ളൂർ_എസ്._പരമേശ്വരയ്യർ

# യൂണിറ്റ് - 4
# മനസ്വിനി

ചങ്ങമ്പുഴകൃഷ്ണപിള്ള

## Learning Outcomes

- കാല്പനിക കവിതയുടെ സവിശേഷത മനസ്സിലാക്കുന്നു
- ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കാവ്യജീവിതത്തെ കുറിച്ച് ധാരണ ലഭിക്കുന്നു
- ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ആത്മാംശമുള്ള കവിതയായതിനാൽ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെ കുറിച്ച് മനസ്സിലാക്കുന്നു
- ഇടപ്പള്ളിക്കവികളെ കുറിച്ച് സാമാന്യധാരണ നേടുന്നു

## Prerequisites

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ വിപുലമായ സ്വാതന്ത്ര്യബോധവും, നവോത്ഥാന ചിന്തകളും കേരളത്തിലും ഭാരതത്തിലും വ്യാപകമായി വന്നു. പൗരാണിക സാഹിത്യ മാതൃകകളല്ല, സമകാലിക ജീവിതമാണ് സാഹിത്യ വിഷയമാവേണ്ടത് എന്ന ഒരവബോധം രൂപപ്പെട്ടുവന്നു. ഏതുകാലത്തെ സാഹിത്യത്തിലും ആ കാലത്തെ മനുഷ്യജീവിത ബന്ധങ്ങളും സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളും പ്രതിഫലിക്കുക സ്വാഭാവികമാണ്. കേരളത്തിലും നവോത്ഥാന വേളയിൽ, ജന്മിസമ്പ്രദായങ്ങൾ ശിഥിലമായി. അധ്വാനവർഗ്ഗത്തിന് സ്വകാര്യസ്വത്തും പുതിയ കുടുംബസങ്കല്പങ്ങളും രൂപപ്പെട്ടു തുടങ്ങി. പുതിയ വിദ്യാഭ്യാസം, തൊഴിൽ, വ്യക്തിബോധം, സ്ത്രീപുരുഷസമത്വം, പുതിയ പ്രണയസങ്കല്പങ്ങൾ എന്നിവ ഒരു മാറ്റത്തിന് കളമൊരുക്കി. അതിനാൽ പാശ്ചാത്യ കാല്പനികതയിൽനിന്ന് വ്യത്യസ്ഥമായ ഒരു പശ്ചാത്തലമാണ് നമ്മുടെ കാല്പനികപ്രസ്ഥാനത്തിന് ഉള്ളത്. പടിഞ്ഞാറ് കാല്പനികത അസ്തമിച്ച് കാലങ്ങൾ കഴിഞ്ഞാണ് ഇവിടെ കാല്പനികത ആരംഭിക്കുന്നത്. മലയാളകവിതയിലെ ഭാവുകത്വമാറ്റം വെണ്മണിക്കവികളിലാണ് ആരംഭിക്കുന്നത്. പ്രാസവും പാരമ്പര്യ കാവ്യരൂപനിഷ്ഠകളും നിരസിച്ചു തുടങ്ങിയ ചേലപ്പറമ്പ്, വെണ്മണി, പൂന്തോട്ടം നമ്പൂതിരിമാരാണ് അതിന് ആരംഭം കുറിച്ചത്. പച്ചമലയാള പ്രസ്ഥാനവും അതിന് ആക്കം കൂട്ടി, സഹായിച്ചു. പ്രകൃതിയിലേക്ക് നോക്കി, സാധാരണക്കാരെ വിഷയമാക്കി, ലളിതമായ പദാവലികളിലൂടെ അവർ കവിതകളെഴുതി.

### കാല്പനിക കവിതയുടെ പ്രധാന സവിശേഷതകൾ

- വ്യക്തിപരത - സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന രീതി. ശക്തമായ വികാരം ഏത് ഇതിവൃത്തത്തെയും വികാരപരമായി അവതരിപ്പിക്കുന്നു. ഉന്നതഭാവന അതീന്ദ്രിയാനുഭവങ്ങൾ പോലും അവതരിപ്പിക്കുന്ന കടിഞ്ഞാണില്ലാത്ത ഭാവന.
- കാല്പനിക വേദന - സ്വപ്നലോകങ്ങളിൽ ജീവിക്കുന്ന കവിയുടെ സങ്കല്പങ്ങളെ ജീവിതയാഥാർത്ഥ്യങ്ങൾ തകർത്തുകളയും. അതിനാൽ കാല്പനികർ ദുഃഖിതരുമാ

യിരിക്കും. ഇതാണ് കാല്പനികവേദന, കവിതയിലുടനീളം ദുഃഖത്തിന്റെ സ്വരം നിറഞ്ഞു നില്ക്കും.

- ഏകാന്തതാബോധം - അടിസ്ഥാനപരമായി താൻ ഒറ്റയ്ക്കാണെന്ന ബോധം കവിതയിൽ നിലനില്ക്കും.
- ഗാനാത്മകത - ശുദ്ധസംഗീതത്തോളം അടുത്തുനില്ക്കുന്ന സംഗീതാത്മകത-പ്രണയം- ഭഗ്നമായ പ്രേമം - കാല്പനിക മനസ്സിന്റെ അടിസ്ഥാന പ്രേരണയാണ്.
- പലായനസ്വഭാവം - തങ്ങളുടെ ആഗ്രഹങ്ങൾ സമൂഹത്തിൽ സഫലമാവില്ലെന്ന് കണ്ടാൽ, അവർ ഉൾവലിയും. ഭാവനയുടെ ലോകങ്ങളിൽ മുഴുകും. അതാണ് പലായനാത്മകത.
- ഗൃഹാതുരത - തന്റെ ജന്മഗൃഹം മറ്റേതോ ലോകമാണെന്ന ചിന്ത കാല്പനികർക്കുണ്ടാവും. അവിടേക്ക് മടങ്ങാനുള്ള വേദനകലർന്ന ആഗ്രഹം കവിതയിൽ കേൾക്കാം. ഇതാണ് ഗൃഹാതുരത.
- പ്രകൃതിയോടുള്ള പ്രണയം - പ്രകൃത്യുപാസകത്വം, പ്രകൃതിയിലേക്ക് മടങ്ങൽ എന്ന സങ്കല്പങ്ങൾ കാല്പനികതയുടെ പ്രത്യേകതയായിരുന്നു.

പാശ്ചാത്യകവികളായ വേഡ്സ്വർത്ത്, ബൈറൺ, കോൾറിഡ്ജ്, ഷെല്ലി, കീറ്റ്സ് എന്നിവരെപ്പോലെ സ്വന്തം അനുഭവലോകത്തിലൂടെ വായനക്കാരുടെ അനുഭൂതികളെ ആർദ്രമാക്കിയ കവിയാണ് ചങ്ങമ്പുഴ. ഇടപ്പള്ളിയും ചങ്ങമ്പുഴയും തങ്ങളുടെ കവിതകളിലൂടെ കാല്പനികതയുടേതായ ഒരു പുതിയ കാവ്യമാതൃക അവതരിപ്പിച്ചു. സാഹിത്യത്തിന് വലിയ സംഭാവനകൾ നല്കി. രണ്ടുപേരും അകാലത്തിൽ പൊലിഞ്ഞുപോയി. രാഘവൻ പിള്ള ആത്മഹത്യയിലൂടെയും, ചങ്ങമ്പുഴ രോഗത്തിന് കീഴടങ്ങിയും മരിച്ചു. പ്രണയത്തെ പ്രമേയമാക്കിയ അവർ ദുഃഖത്തെ ആഘോഷമാക്കി, മരണത്തെ മധുരമാക്കി. 'സ്വരരാഗസുധ' എന്ന സമാഹാരത്തിൽ വന്ന മനസ്വിനിയുടെ രചനാകാലം 24-02-1947 ആണെന്ന് മനസ്സിലാക്കാം. ഇടപ്പള്ളി രാഘവൻപിള്ള, പി. കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ, വൈലോപ്പിള്ളി ശ്രീധരമേനോൻ, തുടങ്ങിയവർ സമകാലികരായായിരുന്നു.

## Keywords

കാല്പനികകവിത - ഗാനാത്മകത - വാങ്മയചിത്രം - ആത്മരതി - കാല്പനികവേദന - ബിംബാത്മകത

## 2.4.1 Content

മലയാളത്തിലെ എക്കാലത്തെയും മികച്ച കാല്പനിക കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. ചങ്ങമ്പുഴയുടെ ജീവിതത്തിന്റെ അവസാനകാലത്ത് അദ്ദേഹം കഠിനമായ ക്ഷയരോഗവും വാതവും പിടിപെട്ട്, വേദനിച്ചുകൊണ്ട് കിടപ്പിലായിരുന്നു. അദ്ദേഹം സാമ്പത്തികമായും മാനസികമായും തകർന്നിരുന്നു. അപ്പോൾ സഹായിക്കാനും പരിചരിക്കാനും നിന്ന ഭാര്യയുടെ വിഷമതകൾ കവി കണ്ടു. വലിയൊരു കുറ്റബോധത്തിൽപ്പെട്ടു കവി. കിടക്കയിലിരുന്നു കൊണ്ട്, അവസാനമെഴുതിയ കവിതയാണ് മനസ്വിനി. അതിനെക്കുറിച്ച് ചങ്ങമ്പുഴതന്നെ ഇപ്രകാരം കുറിച്ചു. "സുശീലയായ എന്റെ ഭാര്യയുടെ അതിരറ്റ സ്നേഹവും സഹനശക്തിയും എന്റെ മനോമണ്ഡലത്തിന്റെ ഓരോകോണിനെപ്പോലും ഇളക്കിമറിച്ചിട്ടുണ്ട്. എന്റെ ദീനശയ്യയിൽ അവളുടെ പരിചരണം എന്റെ ഹൃദയത്തെ എന്തെന്നില്ലാതെ മഥിച്ചതിന്റെ ഫലമാണ് ഈ കവിത''.

### വരികൾ

'മഞ്ഞത്തെച്ചി പൂങ്കുലപോലെ........
........നിർവൃതി തൻ പൊൻകതിർപോലെ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| മഞ്ജിമ വിടരും പുലർകാലേ | = | മനോഹരമായ ഒരു പ്രഭാതത്തിൽ |
| നീയെന്മുന്നിൽ | = | നീ എന്റെ മുന്നിൽ നിന്നു |
| പൊൻകതിർ പോലെ | = | സുവർണ്ണ പ്രകാശം പോലെ |
| നിർവൃതി | = | സുഖവും തൃപ്തി യും ആശ്വാസവുമുള്ള അവസ്ഥ |

### ആശയ വിശദീകരണം

മഞ്ഞത്തെച്ചിയുടെ പൂങ്കുലപോലെ, മനോഹരമായ ഒരു പ്രഭാതം. നിർവൃതിയുടെ സുവർണ്ണ പ്രകാശം പോലെ ലളിതേ, നീ എന്റെ മുന്നിൽ നിന്നു. ഉപമകളിലൂടെ, സാദൃശ്യകല്പനകളിലൂടെ, പ്രേമാനുഭൂതിയുടെ അനുഭവം കവി പകർന്നു നല്കുന്നു.

### വരികൾ

'ദേവനികേത ഹിരണ്മയമകുടം ..............
...........സന്നോജ്ജ്വലമൊരു കൊടി പാറി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഹിരണ്മയമകുടം | = | സ്വർണ്ണത്താഴികക്കുടം |
| മേവീദൂരെദ്യുതി വിതറി | = | ദൂരെ ശോഭ പരത്തി നില്ക്കുന്നു |
| സന്നോജ്ജ്വലം | = | ഉജ്ജ്വലമായ |

### ആശയ വിശദീകരണം

ദൂരെ, ദേവാലയത്തിലെ സ്വർണ്ണത്താഴികക്കുടം ശോഭ പരത്തി നില്ക്കുന്നത് കാണാം. ദേവാലയത്തിലെ, സ്വർണ്ണ കൊടിമരത്തിന്റെ മുകളിൽ വലുതും പലനിറമുള്ളതുമായ കൊടി പാറിക്കളിക്കുന്നു. വർണ്ണമേഘങ്ങൾ ആകാശത്തിൽ കാണപ്പെട്ടു.

### വരികൾ

'നീലാരണ്യ നിചോള ...........
........ കളകളമിളകീ കാടുകളിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നീലാരണ്യം | = | നീലക്കാട് |
| നിചോളം | = | മൂടുപടം |
| നിവേഷ്ടിതം | = | ചുറ്റപ്പെട്ട, മൂടിയ |
| നീഹാരാർദ്രം | = | മഞ്ഞണിഞ്ഞ |

### ആശയ വിശദീകരണം

നീലക്കാടുകൾകൊണ്ട് മൂടുപടമിട്ട, മഞ്ഞണിഞ്ഞ മഹാപർവ്വതങ്ങൾ, അതിൽ, ശുദ്ധജലവുമായി ഒഴുകിവരുന്ന ജലകന്യകയായ നദി പ്രഭാതസൂര്യന്റെ കിരണങ്ങളേറ്റ് ശോഭിക്കുന്നു. പർവ്വതത്തിലൂടെ ഒഴുകുന്ന നദി സൂര്യകിരണങ്ങളേറ്റ് തിളങ്ങുന്നു. അതു കണ്ടാൽ സ്വർണ്ണക്കതിരുകൾകൊണ്ട് ജലകന്യക കണിവെയ്ക്കുകയാണ് എന്നു തോന്നും. അദൃശ്യശരീരികളായ, സൗന്ദര്യമുള്ള വനദേവതകൾ കലയുടെ വീണക്കമ്പികൾ മീട്ടും മട്ടിൽ, സംഗീതം ആലപിക്കും വിധം, കളകള ശബ്ദത്തോടെ കാടുകളിൽ ഇളകിക്കൊണ്ടിരുന്നു.

### വരികൾ

'മഞ്ഞല മാഞ്ഞിളവെയിലൊളിയിൽ
...............തത്തി ലസിച്ചു മമ മുന്നിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഈറൻതുകിലിൽ | = | നനഞ്ഞ വസ്ത്രത്തിൽ |
| പൊന്നല | = | സ്വർണ്ണത്തിന്റെ ഇളക്കം |
| മിഥ്യാവലയിതം | = | മിഥ്യകൊണ്ടു വലയം ചെയ്യപ്പെട്ടു |
| സത്യോപമരുചി | = | സത്യത്തോട് ഉപമിക്കാവുന്ന വിധമുള്ള |

## ആശയ വിശദീകരണം

മഞ്ഞ് മാറി. ഇളവെയിൽ വന്നു. ഇളം കാറ്റേറ്റ് കാടുകളിൽ ഇലകളിളകി. സൂര്യകിരണങ്ങൾ ശോഭയോടെ, ഇലകളുടെ മർമര ശബ്ദത്തോടൊപ്പം ഒഴുകി. നനഞ്ഞ വസ്ത്രത്താൽ മറയ്ക്കപ്പെട്ടതും, സ്വർണ്ണത്തിന്റെ ശോഭനിറഞ്ഞതുമായിരുന്നു നിന്റെ ശരീരം, അത്, മിഥ്യകൊണ്ടു പൊതിഞ്ഞ സത്യമെന്നവിധം ഞാൻ കണ്ടു.

## വരികൾ

'ദേവദയാമയ മലയജശകലം..................
.........ക്കാണായ്പ്പരിചൊടു കുറുനിരകൾ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദേവദയാമയം | = | ദേവന്മാരുടെ ദയകൊണ്ട് |
| മലയജശകലം | = | പർവ്വതത്തിൽ ജനിച്ച ചന്ദനത്തിന്റെ ശകലം |
| താവിയ | = | പൂശിയ |
| കുളിർ | = | കുളിർമ്മയുള്ള |
| നിടിലത്തിൽ | | നെറ്റിയിൽ |

## ആശയ വിശദീകരണം

ദേവന്മാരുടെ ദയകൊണ്ട് പർവ്വതത്തിൽ ജനിച്ച ചന്ദനം. ആ ചന്ദനം അല്പം പൂശിയ അവളുടെ കുളിർനെറ്റിയിൽ കാർവണ്ടുകളുടെ നിരപോലെ ചുരുൾമുടികൾ കണ്ടു.

## വരികൾ

'സത്വഗുണശ്രീ ചെന്താമര മലർ.........
........... ചന്ദ്രിക പെയ്തു നിൻവദനം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചെന്താമരമലർ | = | ചുവന്ന താമര |
| ഉല്പലം | = | കരിംകൂവളം |

## ആശയ വിശദീകരണം

പുഞ്ചിരിച്ച് വിടരുന്ന ചുവന്ന താമരയിൽ എന്ന പോലെ, മനോഹരവും ഇളകുന്നതുമായ താമരദളങ്ങൾ പോലെയായിരുന്നു അവളുടെ കണ്ണുകൾ. അവളുടെ മുഖം, നിലാവു പരത്തുന്ന ചന്ദ്രനെപ്പോലെ കാണപ്പെട്ടു.

## വരികൾ

'ഒറ്റപ്പത്തിയൊടായിരമുടലുകൾ..........

..........അലർ ചൂടിയ നിൻ ചികുരഭരം!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചന്ദനലത | = | ചന്ദന വള്ളിപോലെ |
| ചികുരഭരം | = | മുടിക്കെട്ട് |

## ആശയ വിശദീകരണം

ഒറ്റപ്പത്തിയും, ചുറ്റിപ്പിണഞ്ഞ ആയിരം ശരീരങ്ങളുമുള്ള ഒരു മണിനാഗം ചന്ദനമരത്തിൽ തലകീഴായി കിടക്കുന്നപോലെ, ചെറിയൊരു പനിനീർപ്പൂവ് ചൂടിയതായിരുന്നു അവളുടെ നീണ്ട, ഇടതൂർന്ന തലമുടി. തലമുടിയുടെ താഴെയറ്റം ചെറുതായി കെട്ടിവച്ചിരിക്കുന്നു. അതിൽ ചെറിയൊരു പനിനീർപ്പൂവ് ചൂടിയിരിക്കുന്നു.
പ്രതീകഭാഷ – നീണ്ട, ഇടതൂർന്ന തലമുടി. തലമുടിയുടെ താഴെയറ്റം ചെറുതായി കെട്ടിവച്ചിരിക്കുന്നു. അതിൽ ചെറിയൊരു പനിനീർപ്പൂവ് ചൂടിയിരിക്കുന്നു. എന്നതിനുപകരമായി, ഒറ്റപ്പത്തിയും, ചുറ്റിപ്പിണഞ്ഞ ആയിരം ഉടലുകളുമുള്ള ഒരു സർപ്പം ചന്ദനമരത്തിൽ തലകീഴായി കിടക്കുന്നപോലെ എന്ന ഉപമ പ്രയോഗിച്ചിരിക്കുന്നു. ചെറിയൊരു പനിനീർപ്പൂവ് ചൂടിയതായിരുന്നു അവളുടെ ഭാരമുള്ള തലമുടി. ചന്ദനമരം എന്ന കല്പന ഭാര്യയുടെ ശരീരത്തെക്കുറിക്കുന്നു. തലമുടിയുടെ കെട്ടിയ താഴെയറ്റം സർപ്പശിരസ്സായും, തലകീഴായി കിടക്കുന്ന ചുറ്റിപ്പിണഞ്ഞ ആയിരം ഉടലുകൾ, നീണ്ട, ഇടതൂർന്ന തലമുടിയായും സങ്കല്പിച്ചിരിക്കുന്നു.

## വരികൾ

'ഗാനംപോൽ, ഗുണകാവ്യം പോൽ......
........ചോരതുളുമ്പിയ മമ ഹൃത്തിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| തുഷ്ടിതുടിക്കും | = | സന്തോഷം നിറഞ്ഞ |

### ആശയ വിശദീകരണം

ഒരു ഗാനം പോലെ, ഗുണകരമായ കാര്യം പോലെ, സഖി നിന്നെ ഞാനോർത്തു. എന്റെ സന്തോഷം നിറഞ്ഞ ഹൃദയത്തിൽ ഒരു ചെറിയ കവിത വിടർന്നു. ചോരതുളുമ്പുന്ന എന്റെ ഹൃദയത്തിൽ ചുവന്ന അനുരാഗപൂർണ്ണമായ ഒരു ചെറിയ കവിത വിടർന്നു.

### വരികൾ

'മലരൊളി തിരളും............
.........എന്നെ മറന്നു ഞാൻ'

### അർത്ഥവിശദീകരണം

| | | |
|---|---|---|
| മലരൊളിതിരളും | = | പൂക്കളുടെ ശോഭനിറഞ്ഞ |
| മധുചന്ദ്രികയിൽ | = | തേൻ നിലാവിൽ |
| മഴവിൽക്കൊടിയുടെ മുനമുക്കി | = | മഴവില്ലിന്റെ മുനമുക്കി. |

### ആശയ വിശദീകരണം

പൂക്കളുടെ ശോഭനിറഞ്ഞ തേൻനിലാവിൽ, മഴവില്ലിന്റെ മുനമുക്കി, ആ ദിവ്യസൗന്ദര്യത്തെ കവിതയാക്കി എഴുതാൻ കവി പ്രയാസപ്പെട്ടു. കവി തന്നെത്തന്നെ മറന്നു.

### വരികൾ

'മധുരസ്വപ്നശതാവലി ...
..........വിദ്യുന്മേഖല പൂകീ ഞാൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അദ്വൈതാമല | = | രണ്ടല്ലാത്തതും, നിർമ്മലമായതും |
| ഭാവസ്പന്ദിതം | = | ഏകഭാവത്താൽ തുടിക്കുന്നത് |
| വിദ്യുന്മേഖല | = | പ്രകാശപൂരിതമായ കാവ്യമേഖല |

### ആശയ വിശദീകരണം

നൂറുകണക്കിന് സുന്ദരസ്വപ്നങ്ങൾ പൂത്തുനില്ക്കുന്ന ഒരു മായാലോകത്ത് ഞാൻ എത്തിച്ചേർന്നു. ഏകമായതും നിർമ്മലവുമായ ഒരു ഭാവത്താൽ സ്പന്ദിക്കപ്പെട്ട ഒരു മിന്നൽപ്പിണരിന്റെ തീവ്രഭാവം നിറഞ്ഞ കാവ്യമേഖലയിലേക്ക് ഞാൻ എത്തി.

### വരികൾ

'രംഗം മാറി കാലം പോയി.........
...............കോലം കെട്ടിയ മട്ടായി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഭംഗം വന്നു ഭാഗ്യത്തിൽ | = | ഭാഗ്യം നഷ്ടപ്പെട്ടു |
| കൊടിയ വസൂരിയിലുഗ്രവിരൂപത | = | കടുത്ത വസൂരിയാൽ വിരൂപമായ ശരീരം |

### ആശയ വിശദീകരണം

ആ സംഭവങ്ങൾ കഴിഞ്ഞു. കാലം കുറേ കടന്നുപോയി. ഭാഗ്യം നഷ്ടപ്പെട്ടു. അവളുടെ ശരീരം കടുത്ത വസൂരി വന്ന് വിരൂപമായി. ശാലീന സുന്ദരിയായിരുന്ന അവൾ ഒരു കോലം കെട്ട മട്ടായി

### വരികൾ

'മുകിലൊളിമാഞ്ഞു ..................
........കാതുകൾ പോയീ കേൾക്കാനും'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| മുകിലൊളി | = | മേഘഭംഗി |
| മുഖമതി വികൃതണകലാമൃതമായ | = | മുഖം വസൂരിക്കലകളാൽ വളരെ വികൃതമായി |

### ആശയ വിശദീകരണം

നിന്റെ സൗന്ദര്യം നശിച്ചു. മുടിയിഴകൾ കൊഴിഞ്ഞു. മുഖം വസൂരിക്കലകളാൽ വികൃതമായി. ശരീരം ഇരുണ്ടു. ഭംഗി പോയി. അവളുടെ ശരീരം ഒരു തൊണ്ടു പോലായി. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. കേഴ്‌വിശക്തിയും നഷ്ടപ്പെട്ടു.

### വരികൾ

'നവനീതത്തിനു ..............................
.........കടുതലരാകിന വടുനിരകൾ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നവനീതം | = | പുതുവെണ്ണ |
| കഠിനം ചീന്തിയെ റിഞ്ഞാരടിമുടി | = | അടിമുടി എല്ലാം ചീന്തിയെറിഞ്ഞു |
| കടുതലരാകിന വടുനിരകൾ | = | കടുത്ത, കറുത്ത അടയാളങ്ങൾ |

### ആശയ വിശദീകരണം

പുതുവെണ്ണയ്ക്ക് നാണം തോന്നുന്നത്ര മൃദുലമായിരുന്നു അവളുടെ ശരീരം. ആ മൃദുലതയെല്ലാം കടുത്ത, കറുത്ത അടയാളങ്ങൾ ചീന്തിയെറിഞ്ഞു.

### വരികൾ

'ജാതകദോഷം!വന്നെന്തിന്നെൻ..............
..........പദവികൾ വാഴ്ത്തി നടുങ്ങീ ഞാൻ'

### ആശയ വിശദീകരണം

നിന്റെ ജാതകദോഷമായിരിക്കാം എന്റെ ഭാര്യയായി നീ വരാൻ കാരണം. പല സുന്ദരികളും എന്റെ ജീവിതത്തിൽ വന്നു. അവർക്കെല്ലാം എന്റെ പണം മാത്രം മതിയായിരുന്നു. എന്റെ പദവികൾ വാഴ്ത്തിക്കൊണ്ട് പല സുന്ദരികളും എന്നോടൊത്തുകൂടി. അവയെല്ലാം കേട്ട് ഞാൻ നടുങ്ങി.

### വരികൾ

'കിന്നരകന്യക പോലെ...........
................പൊന്നോടക്കുഴലാണല്ലോ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കിന്നരകന്യക പോലെ | = | ദേവഗണത്തിലെ ഒരു ഗായികയെപ്പോലെ. |

### ആശയ വിശദീകരണം

ഒരു കിന്നരകന്യകയെപ്പോലെ ചിരിച്ചുകൊണ്ട് എന്റെ മുന്നിലെത്തിയ നീ മാത്രം പറഞ്ഞത്: 'എനിക്ക് അങ്ങയുടെ ഓടക്കുഴൽ മാത്രം മതി. അത് എനിക്ക് പൊന്നോടക്കുഴലാണ്' എന്നാണ്. എന്റെ പുല്ലാങ്കുഴൽ നിനക്ക് ഒരു പൊന്നോടക്കുഴലാണ്.

### വരികൾ

'പുളകമണിഞ്ഞിട്ടുടനടി ..........
.........മന്നവനല്ലോ, മമ നാഥേ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| യുവ നൃപനായ് | = | യുവരാജാവായി |
| മമ നാഥേ | = | എന്റെ പ്രിയേ |

### ആശയ വിശദീകരണം

എന്റെ പ്രിയേ, അതുകേട്ട് ഞാൻ പുളകിതനായി. ഞാനൊരു യുവരാജാവായി. ഒരു പുതിയ ലോകം എന്റെ മുന്നിലെത്തി. ഞാനിന്ന് ആ നാടുഭരിക്കുന്ന രാജാവാണല്ലോ.

### വരികൾ

'നീയോ നിഹതേ, നീയോ? ...........
............ഭംഗിയിണങ്ങിയ പുഞ്ചിരികൾ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിഹത | = | നിശ്ശേഷം തകർന്നവൾ |

### ആശയ വിശദീകരണം

നിന്റെ അവസ്ഥയോർത്ത് എന്നും എന്റെ ഹൃദയം നീറുന്നു. നിനക്ക് കണ്ണുകളില്ല. കേൾ

ക്കാനും കഴിയില്ല. എങ്കിലും ഞാൻ തിണ്ണയി ലേക്ക് കാലുകുത്തുമ്പോൾ, നിന്റെ ചുണ്ടിൽ ഭംഗിയുള്ള പുഞ്ചിരികൾ വിരിയുന്നത് എങ്ങനെ യാണ്?

### വരികൾ

'അന്ധതകൊണ്ടും ഭവനം

.............................................

തപ്പുന്നോ പിന്നിരുളിതിൽ ഞാൻ'

### ആശയ വിശദീകരണം

കാണാൻ കഴിയില്ലെങ്കിലും, ജീവിതം ഇരുട്ടിലാണെങ്കിലും വീടിനെ സേവനത്തിന്റെ പൊൻതിരികൾ കൊണ്ട് നീ മനോഹരമാക്കുന്നു. നീ പകരുന്ന ആ വെളിച്ചം കാണാതെ ഞാൻ ഇരുട്ടിൽ തപ്പുകയായിരുന്നു.

### വരികൾ

'ദുർവാസനകളിടയ്ക്കിടെയെത്തി .........
...............ടൊടുവിൽ-ശക്തി തരുന്നു നീ'

### ആശയ വിശദീകരണം

ഇടയ്ക്കിടെ ചില ദുർവാസനകൾ- ദുഃശീലങ്ങൾ എന്നിലേക്ക് കടന്നുവരും, അത് എത്ര കരുത്തെടുത്താലും നീ തരുന്ന ശക്തികൊണ്ട് ഒടുവിൽ അവയെല്ലാം പരാജയപ്പെടുന്നു.

### വരികൾ

'പ്രതിഷേധസ്വരമറിയാതെ............
............ചിന്ത വരട്ടിയ വീർപ്പലകൾ?'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പ്രതിഷേധസ്വരമ റിയാതെഴുമാം | = | ഒരിക്കലും പ്രതിഷേധ സ്വരം ഉയർത്താത്ത |
| പ്രതിമഗുണാർദ്ര മനസ്വിനി | = | അതുല്യഗുണവും ആർദ്ര മനസ്സുള്ളവൾ |

### ആശയ വിശദീകരണം

എന്റെ വഴിവിട്ട ജീവിതം കണ്ട് ഒരിക്കലും പ്രതിഷേധസ്വരം ഉയർത്താത്ത അതുല്യഗുണവും ആർദ്ര മനസ്സുള്ളവളുമാണ് നീ. എങ്കിലും നിന്റെ ഹൃദയത്തിൽ എന്തോ ദുഃഖമുണ്ടെന്ന് ഞാനറിയുന്നു. ഭാവങ്ങൾ പ്രകടിപ്പിക്കാൻ കഴിയാത്ത നിന്റെ മുഖത്തെ ചുളിവുകളിൽ ചിലപ്പോൾ വേദനിപ്പിക്കുന്ന നെടുവീർപ്പുകൾ ഉണ്ടാകാറില്ലേ?

### വരികൾ

'നിൻ കവിളമലേ, നനയുന്നീ...

.......................................................

പിടികിട്ടാത്തൊരു വേദനയിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കണ | = | അമ്പ് |
| പൈങ്കിളി | = | പക്ഷി |
| കാതരമായി | = | പിടയുന്ന പോലെ |

### ആശയ വിശദീകരണം

പരിശുദ്ധയായവളേ, ഒറ്റപ്പെടലിന്റെ വേളകളിൽ നിന്റെ കവിളുകൾ നനയാറില്ലേ? നിന്റെ ഇപ്പോഴത്തെ അവസ്ഥകളോർത്ത് നീ കരയാറില്ലേ? ഇടവപ്പാതിക്കാലം. പേമഴയും കൊടുങ്കാറ്റുമുള്ള രാത്രി. നിലാവുള്ള രാത്രിയിലെന്നതുപോലെ, ശാലിനിയായ നീ ശാന്തമായി ഉറങ്ങുന്നു. അപ്പോൾ, അകലെ നമുക്കറിയാത്ത സമുദ്രത്തിന് അകത്തുള്ള ഗുഹകളിൽനിന്ന് മനസ്സിന്റെ അബോധതലങ്ങളിൽ നിന്ന് ഒരു ശബ്ദം വർദ്ധിച്ച് വർദ്ധിച്ച് വരുന്നപോലെ എന്തോ ഒന്ന് സിരകളെ വിറപ്പിക്കുന്നു. കാട്ടാളന്റെ അമ്പേറ്റ പക്ഷി മരണവേദനയാൽ പിടയുന്നപോലെ, നിന്റെ മുറിവേറ്റ മനസ്സ് എന്തെന്നറിയാത്തൊരു വേദനയാൽ പിടയാറില്ലേ?

## വരികൾ

'വർണം, നിഴലു, വെളിച്ചം, ..........
.............മെല്ലാ, മിരുളാണിരുൾ മാത്രം.'

## അർത്ഥ വിശദീകരണം

തൈജസകീടം = മിന്നാമിനുങ്ങ്

## ആശയ വിശദീകരണം

ഇന്ന് നിന്റെ ലോകത്ത് നിറമില്ല. നിഴലില്ല. വെളിച്ചവും, നാദവും ഇല്ല. നിന്റെ ജീവിതം ഒരു ഇരുണ്ട പാതാളമായിരിക്കുന്നു. ഒരു മിന്നാമിനുങ്ങിന്റെ വെളിച്ചം പോലും ആ ലോകത്തിലില്ല.

## വരികൾ

'മമതയിലങ്ങനെ നിന്നരികേ.........................
............................മെല്ലാ,ണെന്തൊരു ഹതഭാഗ്യം'

## ആശയ വിശദീകരണം

സ്നേഹത്തോടെ, ഞാൻ നിന്റെ അരികിൽ വന്നുനില്ക്കുന്ന സമയം മാത്രം. നീലനിലാവിൽ, വനത്തിൽ നിഴലുകൾ ആടിക്കളിക്കുന്നപോലെ ആ കുറഞ്ഞ സമയം മാത്രം നിന്റെ മനസ്സിൽ ചില നിഴലനക്കങ്ങൾ ഞാൻ കാണുന്നു. ബാക്കി സമയം മുഴുവനും, കഷ്ടം, നീ, എന്തൊരു ഭാഗ്യമില്ലാത്തവളാണ്.

## വരികൾ

'നിൻകഥയോർത്തോർത്തെൻ ..........................
....................................മുരളീ മൃദുരവമൊഴുകട്ടേ'

## ആശയ വിശദീകരണം

നിന്റെ ജീവിതത്തെക്കുറിച്ചോർത്ത് എന്റെ മനസ്സുരുകുന്നു. അതൊരു സങ്കല്പമായി വിലയം പ്രാപിക്കുന്നു, അലിയുന്നു. മനസ്സിൽ ഏതോതരം സന്തോഷമായ് ആ ദുഃഖം മാറുന്നു. വേദന, ലഹരിപിടിപ്പിക്കുന്ന വേദന, ആ വേദനയിൽ ഞാൻ മുഴുകട്ടേ. ആ വേദന കവിതയായൊഴുകട്ടേ.

## കാവ്യാവലോകനം

മനസ്വിനിയിലെ കഥാപാത്രങ്ങൾ കവിയും ഭാര്യയും തന്നെ. രണ്ടു കാലങ്ങളിലെ രണ്ടു സന്ദർഭങ്ങളെയാണ് കവി മനസ്വിനിയിൽ അവതരിപ്പിക്കുന്നത്. ഒന്ന് സന്തോഷത്തിന്റേതും മറ്റൊന്ന് സങ്കടത്തിന്റേതും. അവയെ കവിതയിൽ വിദഗ്ദ്ധമായി ഇഴചേർത്തിരിക്കുന്നു. കവിയുടെ ദാമ്പത്യജീവിതമാണ് പ്രമേയം. വ്യക്ത്യനുഭവങ്ങളെ അവതരിപ്പിക്കുമ്പോഴും ഭാവനകൊണ്ട് യാഥാർഥ്യത്തെ മറികടന്നിരിക്കുന്നു. സന്ദർഭത്തിനിണങ്ങുന്ന വിരുദ്ധവികാരങ്ങളും കവിയുടെ കുറ്റബോധവും സഹതാപവും കവിതയിൽ സമന്വയിക്കുന്നു. കാലങ്ങൾ കഴിഞ്ഞു. ഭാര്യയ്ക്ക് കടുത്ത രോഗബാധയുണ്ടായി. കാഴ്ചയും കേഴ്‌വിയും നഷ്ടപ്പെട്ട്, വിരൂപമായ ശരീരത്തോടെ ഒരു മരവിച്ച ജീവിതം അവൾ നയിക്കുന്നതായി കവി സങ്കല്പിക്കുന്നു. കവി ജീവിതത്തിൽ മിക്കപ്പോഴും ഭാര്യയെ അവഗണിച്ചിരുന്നു. അന്യസ്ത്രീകളുമായി ജീവിതസുഖങ്ങൾ പങ്കുവെച്ചിരുന്നു. ആ സുഖലോലുപതയിൽ പണമെല്ലാം അന്യസ്ത്രീകൾ കൊണ്ടുപോയി. കൂടെ നിന്നവരെല്ലാം ചങ്ങമ്പുഴ രോഗിയായപ്പോൾ അദ്ദേഹത്തെ അവഗണിച്ചു. ആശുപത്രിക്കിടക്കയിൽ കൊടിയ യാതനയും വേദനയും സഹിച്ച് കവി കിടന്നു. അപ്പോൾ പരിചരിക്കാൻ ഭാര്യ മാത്രമായി. ആരും തിരിഞ്ഞുനോക്കിയില്ല. തന്റെ സമൃദ്ധിയുടെ കാലത്ത്, താൻ അവഗണിച്ച ഭാര്യ, എല്ലാവരും ഉപേക്ഷിച്ചുപോയ പ്രതിസന്ധിഘട്ടത്തിൽ, യാതൊരു പരിഭവവും കൂടാതെ പരിചരിച്ചിരുന്നത് കവിയിൽ വലിയ കുറ്റബോധമുണ്ടാക്കി. അവളോടുള്ള തന്റെ ചെയ്തികളോർത്ത് അവൾ കരഞ്ഞിട്ടുണ്ടാവാമെന്ന് കവി കരുതുന്നു. വേദനയുടെ മൂർദ്ധന്യത്തിൽ നിന്നുകൊണ്ട്, സന്തോഷത്തിന്റേതും സന്താപത്തിന്റേതുമായ ജീവിതത്തിന്റെ രണ്ട് വ്യത്യസ്ത സന്ദർഭങ്ങളെ ചങ്ങമ്പുഴ അവതരിപ്പിക്കുന്നു. ദാമ്പത്യത്തിന്റെ ആരംഭവും അവസാനവും മനസ്വിനി എന്ന ഈ കവിതയിൽ വിരുദ്ധശക്തികളായി നിലകൊള്ളുന്നു.

## Recap

- പാശ്ചാത്യ കാല്പനികതയിൽനിന്ന് വ്യത്യസ്ഥമായ ഒരു പശ്ചാത്തലമാണ് നമ്മുടെ കാല്പനികപ്രസ്ഥാനത്തിന് ഉള്ളത്
- മലയാളത്തിലെ എക്കാലത്തെയും മികച്ച കാല്പനിക കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള
- തന്റെ ദീനശയ്യയിൽ ഭാര്യയുടെ പരിചരണം തന്റെ ഹൃദയത്തെ എന്തെന്നി ല്ലാതെ മഥിച്ചതിന്റെ ഫലമാണ് ഈ കവിത എന്ന് ചങ്ങമ്പുഴ കൃഷ്ണപിള്ള പറയുന്നു
- ഒരു പ്രഭാതത്തിലായിരുന്നു കവി തന്റെ ഭാര്യയായിത്തീർന്ന യുവതിയെ ആദ്യം കണ്ടത്
- ആ സൗന്ദര്യത്തെക്കുറിച്ച് കവിതയെഴുതാൻ കവി പ്രയാസപ്പെട്ടു
- കാലം കുറേ കടന്നുപോയി. ഭാഗ്യം നഷ്ടപ്പെട്ടു. വസൂരിവന്ന് ഭാര്യയുടെ ശരീരമാകെ വിരൂപമായി
- പല സുന്ദരികളും കവിയുടെ ജീവിതത്തിൽ വന്നു
- ഭാര്യയുടെ ഇപ്പഴത്തെ അവസ്ഥയോർത്ത് കവി നീറി
- ഇപ്പോഴും ചില ദുഃശീലങ്ങളുടെ പ്രേരണവരും. എങ്കിലും അവൾ തരുന്ന ശക്തി കൊണ്ട് അതെല്ലാം ഉപേക്ഷിക്കും
- അവളുടെ കിടക്കയ്ക്കരികിൽ വന്നു നില്ക്കും. ആ അല്പസമയം അവളിൽ ചില അനക്കങ്ങൾ കാണാറുണ്ട്. അതോർത്ത് കവിയുടെ മനസ്സുരുകുന്നു
- ലഹരിപിടിപ്പിക്കുന്ന ഒരു തരം വേദന കവി അറിയുന്നു
- ആ വേദന കവിതയായൊഴുകട്ടേ എന്ന് കവി ആശ്വസിക്കുന്നു

## Objective Type Question

1. നിർവൃതി തൻ പൊൻകതിർപോലെ. കവിയുടെ മുന്നിൽ നിന്നത് ആരായിരുന്നു?
2. മഞ്ഞണിഞ്ഞ മഹാപർവ്വതങ്ങൾ മൂടുപടമിട്ടിരിക്കുന്നത് എന്തുപയോഗിച്ചാണ്?
3. മധുരസ്വപ്നശതാവലി പൂത്തൊരു മായാലോകത്തെത്തി ഞാൻ – ആരാണ് മായാലോ കത്ത് എത്തിയത്? എപ്പോൾ?
4. പല പല കമനികൾ വന്നു, വന്നവർ പദവികൾ വാഴ്ത്തി നടുങ്ങീ ഞാൻ. എവിടേക്കാ ണ് കമനികൾ വന്നത്?
5. ഞാനൊരു പുതുലോകത്തിലെ യുവനൃപനായ് ആര്?
6. ചുണ്ടിൽ ഭംഗിയിണങ്ങിയ പുഞ്ചിരികളുമായി കവിയെ തിണ്ണയിൽ കാത്തുനില്ക്കുന്നത് ആരാണ്?
7. തപ്പുന്നോ പിന്നിരുളിതിൽ ഞാൻ – ആരാണ് ഇരുളിൽ തപ്പിക്കൊണ്ടിരുന്നത്? എന്തു കൊണ്ടാണ് ഇരുളിൽ തപ്പിയത്?
8. ഇടയ്ക്കിടെയെത്തുന്ന ദുർവാസനകൾ എത്ര കരുത്തെടുത്താലും പരാജയപ്പെടുന്നത് എന്തുകൊണ്ട്?.
9. പിന്നീടെല്ലാമല്ലാ, എന്തൊരു ഹതഭാഗ്യം! – ആരെക്കുറിച്ചാണ് സൂചന?
10. ആരുടെ കഥയോർത്താണ് കവിയുടെ കരളുരുകിയത്?

## Answers to Objective Type Questions

1. കവിയുടെ ഭാര്യയായിത്തീർന്ന യുവതി
2. നീലക്കാടുകൾകൊണ്ടാണ്
3. കവി. പ്രിയതമയെക്കുറിച്ച് കവിതയെഴുതാൻ തുടങ്ങിയപ്പോൾ
4. കവിയുടെ ജീവിതത്തിലേക്ക്
5. കവി
6. കവിയുടെ ഭാര്യ
7. കവി. ഭാര്യ പകരുന്ന വെളിച്ചം കാണാതിരുന്നതുകൊണ്ട്
8. കവിയുടെ ഭാര്യ നല്കുന്ന ശക്തികൊണ്ട്
9. കവിയുടെ ഭാര്യയെക്കുറിച്ച്
10. കവിയുടെ ഭാര്യയുടെ

## Assignments

1. ചങ്ങമ്പുഴക്കവിതകളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
2. ചങ്ങമ്പുഴയുടെ മനസ്വിനി എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കുക.
3. മനസ്വിനി എന്ന കവിത ചങ്ങമ്പുഴയുടെ ജീവിതത്തിലെ രണ്ടു കാലങ്ങളെയാണ് അടയാളപ്പെടുത്തുന്നത് വിശദീകരിക്കുക.

## Reference


1. എം.കെ.സാനു - ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ പ്രേമഭാജനം, എൻ. ബി. എസ്. കോട്ടയം
2. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി - മാറ്റൊലി, കറന്റ് ബുക്സ്, തൃശൂർ
3. ഡോ. എം.ലീലാവതി, മലയാളകവിതാ സാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ
4. ഡോ. എം. ലീലാവതി - വർണ്ണരാജി, എൻ. ബി. എസ്, കോട്ടയം
5. ഡി. ബഞ്ചമിൻ - കാല്പനികത മലയാള കവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
6. നെല്ലിക്കൽ മുരളീധരൻ - കവിതയിലെ പുതുവഴികൾ


## E-Content



**ചങ്ങമ്പുഴ കൃഷ്ണപിള്ള**

https://truecopythink.media/asokakumar-v-reviewing-changampuzha-poem-manaswini#
http://www.changampuzha.com/Padanangal-1.html

# യൂണിറ്റ് - 5
# സൂര്യകാന്തി

ജി. ശങ്കരക്കുറുപ്പ്

## Learning Outcomes

- ജി.ശങ്കരക്കുറുപ്പിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- 'സൂര്യകാന്തി' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ മനസിലാക്കുന്നു
- കാൽപനിക കവിതകളുടെ സവിശേഷതകൾ മനസിലാക്കുന്നു
- മലയാള കവിതാ സാഹിത്യത്തിൽ ജി.ശങ്കരക്കുറുപ്പിന്റെ ഇടം കണ്ടെത്തുന്നു
- സിംബോളിസം,മിസ്റ്റിസിസം എന്നീ സങ്കേതങ്ങളെ പരിചയപ്പെടുന്നു

## Prerequisites

'ഒരു ഹ്യൂമനിസ്റ്റ് കവി' എന്ന് കേസരി ബാലകൃഷ്ണപിള്ള (നിമിഷത്തിന്റെ അവതാരിക)യും 'മഹാനായ ദാർശനിക കവി' എന്ന് പ്രൊഫ. എം. ലീലാവതി (വർണ്ണരാജി)യും വിശേഷിപ്പിച്ച കവിയാണ് ജി. ശങ്കരക്കുറുപ്പ്. ജി.യുടെ സാഹിത്യജീവിതം ആരംഭിക്കുന്നത് ആധുനിക കവിത്രയത്തിന്റെ സുവർണ്ണകാലത്താണ്. സമകാലികരായ എല്ലാ കവികളെയും കടന്ന് ബഹുദൂരം മുന്നിലേക്കുപോകാൻ ജി.യ്ക്ക് കഴിഞ്ഞു. ആധുനിക കവിത്രയത്തിന്റെ കവിതകൾ സ്വാധീനിച്ച ഒരു ഭൂതകാലം തനിയ്ക്കുണ്ടെന്ന് ജി. പറഞ്ഞിട്ടുണ്ട്. കാല്പനികതയും റിയലിസവും മാർക്സിയൻ സാഹിത്യചിന്തകളും മലയാളത്തിൽ നിലനിന്ന കാലത്താണ് ജി. യുടെ രചനകൾ പിറവികൊണ്ടത്. മിസ്റ്റിക് കവി, സിംബോളിക് കവി, പ്രകൃതി ഗായകൻ, തുടങ്ങിയ ശീർഷകങ്ങളിൽ പലരും ജി.യെ വിലയിരുത്തിയിട്ടുണ്ട്. പ്രകൃതിയും പ്രണയവും ഒത്തുചേർന്നലിഞ്ഞ അനുഭൂതിയായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല കവിതകളുടെ ഒരു സവിശേഷത. പില്ക്കാലത്ത് ദേശാഭിമാനം തുളുമ്പുന്ന രചനകളിലേയ്ക്ക് ജി. നടന്നു തുടങ്ങി. സാഹിത്യകൗതുകം രണ്ടാം ഭാഗം മുതൽ കാല്പനികത പ്രവണ അദ്ദേഹത്തിന്റെ കവിതകളിൽ രൂപപ്പെടുന്നുണ്ട്. വള്ളത്തോളും ഉള്ളൂരുമാണ് ജി.യെ ആദ്യകാലത്ത് സ്വാധീനിച്ച പ്രധാന കവികൾ.

ആധുനിക കവിത്രയത്തിനുശേഷം ദേശീയതലത്തിൽ ശിരസ്സുയർത്തിനിന്ന പ്രധാന കവിയാണ് ജി. കാലത്തിനൊപ്പം വളർന്ന്, വിശ്വസാഹോദര്യത്തോടുചേർന്നുനിന്ന കവിയായിരുന്നു അദ്ദേഹം. ജ്യോതിർമുഖമായ ഒരു പ്രയത്ന ചരിത്രമാണ് ജി.യുടെ കാവ്യജീവിതമെന്ന് എം.ലീലാവതി വിലയിരുത്തി. സംസ്കൃതവിദ്യാഭ്യാസവും നിയോക്ലാസിക് കാവ്യശിക്ഷണവുമായിരുന്നു ജി.യ്ക്കുണ്ടായിരുന്നത്. പാണ്ഡിത്യ പ്രധാനവും സങ്കേതബദ്ധവുമായ മുക്തകങ്ങളുമായാണ് അദ്ദേഹം കവിതാരംഗത്തേക്ക് കടന്നുവന്നത്. ഈശ്വരസ്തോത്ര മാതൃകയിലെഴുതിയ സങ്കേതബദ്ധമായ കവിതകളിലായിരുന്നു തുടക്കം. ഇംഗ്ലീഷ് സാഹിത്യപരിചയം ജി.യുടെ രചനാ രീതികളെ സ്വാധീനിക്കുകയുണ്ടായി. പാശ്ചാത്യകവികളിൽ

ഷെല്ലിയുടെ സ്വാധീനത ചില രചനകളിൽ പ്രതിഫലിക്കുന്നുണ്ട്. ജി.യുടെ ആദ്യകവിതകൾ മിക്കതും സാഹിത്യകൗതുകത്തിലുണ്ട്.

'പ്രകൃതിയിലെ ഓരോ വസ്തുവിനുമുണ്ട് നമുക്കു തരാൻ എന്തെങ്കിലും ഒരു സന്ദേശം. പ്രകൃതി തന്നെ സർവ്വലോകനിയാമകമായ ഒരദൃശ്യശക്തിയുടെ ആവിഷ്കാരമാണ്. അതിനാൽ പ്രകൃതിയുടെ എല്ലാ വ്യാപാരങ്ങൾക്കും ഒരു ചിട്ടയും ക്രമവും ലക്ഷ്യവുമുണ്ട്. ഈ വിശ്വാസം നാൾക്കുനാൾ വർദ്ധിച്ചുവന്ന ജി.യ്ക്ക് ആസ്വാദകന്റെ നിലയിൽനിന്ന് ആരാധകന്റെ അവസ്ഥയിലേക്ക് നീങ്ങാതിരിക്കാൻ വയ്യ' - എന്ന് 'കൈരളിയുടെ കഥ'യിൽ എൻ. കൃഷ്ണപിള്ള നിരീക്ഷിക്കുന്നു. ഒരു സിംബലിസ്റ്റ് കവി കൂടിയാണ് ജി.ശങ്കരക്കുറുപ്പ്. സിംബലിസ്റ്റ് കവി പ്രതിരൂപങ്ങളിലൂടെ അനുഭവങ്ങളും അനുഭൂതികളും അവതരിപ്പിക്കുന്നു. സാഹിത്യകൗതുകത്തിലെ ചില കവിതകൾ സിംബോളിക് ധാരയിൽ ഉൾപ്പെടുന്നു. സമകാലിക വിഷയങ്ങളും ജി.യുടെ കവിതയിൽ കാണാനാവും. നിയോക്ലാസിക്കും റൊമാന്റിക്കുമായ ഒരു ലാവണ്യ ബോധമാണ് ജിയുടെ കവിത സമ്മാനിക്കുന്നത്. ജി.യുടെ പ്രതീകാത്മക കാവ്യഭാഷ സാധാരണക്കാർക്കുള്ളതല്ല. കാല്പനിക ലാളിത്യം ജി.യുടെ കവിതകൾക്കധികമില്ല. മലയാളിക്ക് അന്ന് അപരിചിതമായിരുന്ന ചില പുതിയഭാവമേഖലകൾ ജി. കാട്ടിക്കൊടുത്തു.

കാലടിക്കടുത്ത് നായത്തോട് എന്ന ഗ്രാമത്തിൽ 1901 ലാണ് ജി. ശങ്കരക്കുറുപ്പ് ജനിച്ചത്. ചെറുപ്പത്തിലുണ്ടായ ഒറ്റപ്പെടൽ പ്രകൃതിയുമായി അടുക്കാനിടയാക്കി. പ്രകൃത്യുപാസനയിലൂടെ വളർന്നതാവാം ജി.യുടെ കൃതികളിലെ യോഗാത്മകഭാവം. ശങ്കരക്കുറുപ്പിന്റെ ഔദ്യോഗിക ജീവിതം കൊറ്റമത്ത് കോൺവെന്റ് സ്കൂളിൽ നിന്ന് ആരംഭിച്ചിരുന്നു. നിരവധി സ്കൂളുകളിൽ അദ്ദേഹം അദ്ധ്യാപകനായിരുന്നു. മഹാരാജാസ് കോളേജിൽ ലക്ചററായി ജോലിചെയ്തു, 1956 ൽ പ്രൊഫസറായി വിരമിച്ചു. ജി.യുടെ ആദ്യകാവ്യസമാഹാരം 'സാഹിത്യകൗതുകം' 1923 ൽ പ്രസിദ്ധീകരിച്ചു. ഇതിന്റെ രണ്ടാം ഭാഗം 1925-ലും മൂന്നാംഭാഗം 1927-ലും നാലാംഭാഗം 1930-ലും പ്രസിദ്ധീകരിച്ചു. 'സൂര്യകാന്തി' ഓടക്കുഴൽ , വിശ്വദർശനം, തുടങ്ങിയവ ജിയുടെ പ്രധാനകൃതികളാണ്. 'ഓടക്കുഴൽ' എന്ന കൃതിയ്ക്ക് (1966) ജ്ഞാനപീഠ പുരസ്കാരം ലഭിച്ചു. ഓടക്കുഴൽ 'ബാംസുരി' എന്ന പേരിൽ ഹിന്ദിയിൽ പ്രസിദ്ധീകരിച്ചു. ജിയുടെ ചില 'തിരഞ്ഞെടുത്ത കവിതകൾ' 'Selected Poems' എന്ന പേരിൽ കേന്ദ്ര സാഹിത്യ അക്കാദമി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റഷ്യൻ ഭാഷയിലും ജിയുടെ ചില കവിതകൾക്ക് പരിഭാഷയുണ്ട്.

ഓടക്കുഴൽ, സാഹിത്യകൗതുകം (4 ഭാഗങ്ങൾ), പഥികന്റെ പാട്ട്, വിശ്വദർശനം, പാഥേയം, നിമിഷം, ജീവനസംഗീതം, സൂര്യകാന്തി, വനഗായകൻ, നവാതിഥി, പൂജാപുഷ്പം, ഇതളുകൾ, മുത്തുകൾ, ചെങ്കതിരുകൾ, അന്തർദ്ദാഹം, മൂന്നരുവിയും ഒരു പുഴയും, ജി. യുടെ തെരഞ്ഞെടുത്ത കവിതകൾ, വെളിച്ചത്തിന്റെ ദൂതൻ, സാന്ധ്യരാഗം, മധുരം സൗമ്യം ദീപ്തം തുടങ്ങിയവ പ്രധാനപ്പെട്ട കവിതാ സമാഹാരങ്ങളാണ്. ഇളംചുണ്ടുകൾ, ഓലപ്പീപ്പി, കാറ്റേ വാ കടലേ വാ തുടങ്ങിയവയാണ് പ്രധാനപ്പെട്ട ബാലസാഹിത്യകൃതികൾ. വിലാസലഹരി, മേഘച്ഛായ, ഗീതാഞ്ജലി, നൂറ്റൊന്നു കിരണങ്ങൾ തുടങ്ങിയവ പ്രധാനപ്പെട്ട വിവർത്തന കൃതികളാണ്. പേർഷ്യൻ കവി ഒമർഖയ്യാം തയ്യാറാക്കിയ റുബായിയത്തിന്റെ പരിഭാഷയാണ് 'വിലാസലഹരി'. 1977 ജൂണിൽ പ്രസിദ്ധീകരിച്ച 'അന്തിവെൺമുകിലാ'ണ് ജി.യുടെ അവസാന കവിത. ജീവിതത്തിന്റെ വൈവിദ്ധ്യമാർന്നതലങ്ങളിൽ പ്രതിഭയെ വ്യാപരിപ്പിച്ച കവിയാണദ്ദേഹം. കേരള സാഹിത്യ അക്കാദമി അവാർഡ് (1961), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1963), സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് (1967), എന്നിവ കൂടാതെ പദ്മഭൂഷൺ ബഹുമ

തിയും ജി.യ്ക്ക് ലഭിച്ചിട്ടുണ്ട്. കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്.പരമേശ്വരയ്യർ എന്നിവരും, ചങ്ങമ്പുഴ, ഇടപ്പള്ളി, വൈലോപ്പിള്ളി ശ്രീധരമേനോൻ, പി.കുഞ്ഞിരാമൻനായർ തുടങ്ങിയവരും ജി.യുടെ സമകാലികരായിരുന്നു.

**മിസ്റ്റിസിസം (Mysticism)**

പ്രപഞ്ചാതീത ശക്തിയെക്കുറിച്ചുള്ള യഥാർഥ സത്യവും അനുഭൂതിയും വിശ്വാസവും ധ്യാനത്തിലൂടെയും പ്രാർത്ഥനകളിലൂടെയും ലഭിക്കുന്നു എന്ന ബോദ്ധ്യമാണ് മിസ്റ്റിസിസം.

**സിംബോളിസം (Symbolism)**

സാഹിത്യത്തിലും കലകളിലും ആശയവിനിമയത്തിന് ഉപയോഗപ്പെടുത്തുന്ന ശക്തമായ ചിഹ്നങ്ങളാണ് സിംബലുകൾ. സിംബലുകളെ ഉപയോഗപ്പെടുത്തുന്ന കലാഖ്യാനങ്ങളാണ് സിംബോളിക് എന്ന് അറിയപ്പെടുന്നത്.

## Keywords

മിസ്റ്റിസിസം - സിംബോളിസം - ബിംബ കൽപ്പനകൾ - പ്രണയ സങ്കൽപ്പം

## 2.5.1.Content

സൂര്യനോടുള്ള സൂര്യകാന്തിയുടെ പ്രണയമാണ് കവിതയുടെ കേന്ദ്ര ആശയം. ഒരു പ്രഭാതം. സൂര്യൻ തന്റെ രഥയാത്രക്കിടയിൽ സൂര്യകാന്തിയെ കാണുന്നു. സൂര്യൻ മെല്ലെ കുനിഞ്ഞു നിന്നിരുന്ന സൂര്യകാന്തിയുടെ മുഖം പിടിച്ചുയർത്തി: അനുജത്തീ നീയാരാണെന്നും നിനക്ക് എന്നോട് എന്തെങ്കിലും പറയണമെന്നുണ്ടോ എന്നും ചോദിച്ചു. ഈ ചോദ്യത്തിനുമുന്നിൽ ഉത്തരം പറയാനാകാതെ നിൽക്കുന്ന സൂര്യകാന്തിയുടെ ആലോചനകളിലൂടെയാണ് കവിത അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സൂര്യന്റെയും സൂര്യകാന്തിയുടെയും ജീവിതാവസ്ഥകൾ തമ്മിലുള്ള അന്തരം സൂര്യനോടുള്ള പ്രണയം മൂടിവെയ്ക്കുവാൻ സൂര്യകാന്തിയെ പ്രേരിപ്പിച്ചു. സൂര്യനും സൂര്യകാന്തിയുമാണ് കവിതയിലെ കേന്ദ്രബിംബങ്ങൾ. ഇരുബിംബങ്ങൾക്കും മാനുഷിക ഭാവങ്ങൾ പകർന്നു നൽകിക്കൊണ്ടാണ് കവിത ആരംഭിക്കുന്നത്. സൂര്യകാന്തിയുടെ പതനത്തിൽ ദുഃഖിക്കുന്ന സൂര്യനെ സങ്കൽപ്പിച്ചു കൊണ്ട് കവിത അവസാനിക്കുന്നു.

പ്രണയം എക്കാലത്തെയും മനുഷ്യമനസ്സുകളെ ചലിപ്പിക്കുന്ന വിഷയമാണ്. പ്രണയമെന്ന വൈകാരികാവസ്ഥയിലൂടെ കടന്നുപോകാത്ത മനുഷ്യർ തീരെകുറവായിരിക്കും. പ്രതീകങ്ങളിലൂടെ കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോഴും അവരുടെയുള്ളിൽ തുടിക്കുന്നത് മനുഷ്യചേതന തന്നെയാണല്ലോ. വാർദ്ധക്യത്തിൽപ്പോലും മനുഷ്യർ സ്നേഹത്തിനുവേണ്ടി കൊതിക്കുക പതിവാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ആഗ്രഹം മനുഷ്യസഹജമാണ്. അത് ബാല്യം മുതൽ വാർദ്ധക്യം വരെ നിലനില്ക്കുന്ന താല്പര്യമാണ്. നമ്മൾ ജീവിതത്തെ കൂടുതലിഷ്ടപ്പെടാൻ സ്നേഹമുള്ളവരുടെ സാന്നിദ്ധ്യം ഇടയാക്കുന്നു. സ്നേഹം നഷ്ടപ്പെടുമ്പോൾ, ഒറ്റപ്പെട്ടപോലെ, ശൂന്യമാക്കപ്പെട്ടപോലെ തോന്നുക പതിവാണല്ലോ. പ്രണയത്തിലൂടെ കടന്നുപോ

കുന്ന കാലമാണ് യൗവ്വനം. യൗവ്വനത്തിലെ പ്രണയവും അത് ലഭിക്കാതെ വരുമ്പോഴുള്ള അവസ്ഥയും സൂര്യകാന്തി എന്ന ഈ കവിതയിൽ കേന്ദ്രപ്രമേയമാകുന്നു.

### വരികൾ

'മന്ദമന്ദമെൻ താഴും.....................................
...........തെറ്റാണൂഹമെങ്കി, ഞാൻ ചോദിച്ചീല!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| മുഗ്ദ്ധമാം മുഖം | = | മനോഹരമായ മുഖം |
| നിർന്നിമേഷം | = | കണ്ണടയ്ക്കാതെ |
| സ്നിഗ്ദ്ധക്കണ്ണാൽ | = | തുറന്ന കണ്ണുകളോടെ |
| രമ്യമായ് വീക്ഷിക്കുന്നൂ | = | മനോഹരമായി നോക്കുന്നു |

### ആശയ വിശദീകരണം

ഒരു പ്രഭാതം. മെല്ലെ താണുനിന്ന സൂര്യകാന്തിയുടെ മുഖം പൊക്കി സൂര്യൻ ചോദിച്ചു: 'അനുജത്തീ നീയാരാണ്? രഥയാത്ര ചെയ്യുന്ന എന്നെത്തന്നെ അടയ്ക്കാത്ത, സ്നേഹാർദ്രമായ കണ്ണുകളോടെ തിരിഞ്ഞു തിരിഞ്ഞു നീ നോക്കുന്നുവല്ലോ. എന്നോട് വല്ലതും പറയണമെന്നുണ്ടോ? എന്റെ ഊഹം തെറ്റാണെങ്കിൽ ഞാനൊന്നും ചോദിച്ചില്ല' എന്ന് ആശയം. ഇവിടെ പ്രകൃതിയിലെ ഒരു സാധാരണ കാഴ്ചയെയാണ് കവി അസാധാരണമായി കാണുന്നത്. പ്രഭാതത്തിൽ സൂര്യൻ കടന്നുവരുമ്പോൾ, സൂര്യകാന്തിപ്പൂവ് ജൈവപരമായ സവിശേഷതകൊണ്ട് സൂര്യനിലേക്ക് തിരിയുന്നത് നമുക്കറിയാം. എന്നാൽ സൂര്യനും സൂര്യകാന്തിയും കവിതയിലെ രണ്ടു കഥാപാത്രങ്ങളായി വരുമ്പോൾ വിപരീത സ്വഭാവമുള്ള രണ്ടു മനുഷ്യവ്യക്തിത്വങ്ങളെ അവർ പ്രതിനിധീകരിക്കുന്നു. പ്രായവ്യത്യാസമുള്ള, എന്നാൽ തന്നെ സ്നേഹിക്കുന്ന ഒരു യുവതിയുടെ ശരീരഭാഷ തിരിച്ചറിയുന്ന ഒരു വ്യക്തിയായി സൂര്യനെ കവി സങ്കൽപ്പിച്ചിരിക്കുന്നു. അനുജത്തി എന്ന സംബോധന തന്നെ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. ചെറുപ്പക്കാരിയായ ഒരു സ്ത്രീയുടെ പ്രതീകമാണ് കവിതയിലെ സൂര്യകാന്തിപൂവ്.

### വരികൾ

'ഒന്നുമുത്തരം തോന്നീലെ..................................
.....പരകോടിയിൽ ചെന്ന പാവന ദിവ്യസ്നേഹം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സർവ്വസന്നുതൻ | = | എല്ലാറ്റിലും മുന്നേ പോകുന്നവൻ, സൂര്യൻ |
| സവിതാവ് | = | ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തുന്നവൻ, സൂര്യൻ |
| അര്യമാവ് | = | അസ്തമയ പർവ്വതത്തിലേക്ക് പോകുന്നവൻ, സൂര്യൻ |
| പരനിന്ദ | = | അന്യർ പറഞ്ഞുണ്ടാക്കുന്ന അപമാനം |
| പരകോടി | = | ഉന്നതാവസ്ഥ |

### ആശയ വിശദീകരണം

സൂര്യനോട് ഒന്നും ഉത്തരം പറയാൻ തോന്നിയില്ല. എങ്ങനെ തോന്നും? എല്ലാവരാലും സ്തുതിക്കപ്പെടുന്ന സൂര്യനെവിടെ? സുഗന്ധം പോലുമില്ലാത്ത പൂവെവിടെ?- സൂര്യന്റെയും തന്റെയും ജീവിതാവസ്ഥകൾ സൂര്യകാന്തി നന്നായി വിവേചിച്ചറിഞ്ഞു. സൂര്യനെ സ്നേഹിക്കാൻപോലും തനിയ്ക്ക് അർഹതയില്ലെന്ന് കരുതുന്നതുകൊണ്ടാകാം ലോകർ തന്നെ സൂര്യകാന്തിയെന്നു വിളിച്ച് പരിഹസിക്കുന്നത്. അർഹതയില്ലാത്തവരെന്ന് തോന്നുന്നവർ ചെയ്യുന്ന പ്രവൃത്തിയെ ധിക്കാരമായാണ് സമൂഹം വിലയിരുത്തുന്നത്. പരകോടിയിലെത്തിയ തന്റെ പാവനസ്നേഹം പരനിന്ദയേറ്റ് ചൂളുകയില്ലല്ലോ എന്ന് സൂര്യകാന്തി ചിന്തിക്കുന്നതാണ് സന്ദർഭം.

മിക്കവാറും എല്ലാ പ്രണയങ്ങളും ഹൃദയഹാരിയായ ഇണയുടെ കാഴ്ചയിൽ നിന്നാണ് ആരംഭിക്കുന്നത്. പ്രണയത്തിന്റെ പത്ത് അവസ്ഥകളിൽ ആദ്യത്തേതാണ് കാഴ്ചയിലൂടെ പ്രീതികരമാകുന്ന അനുരാഗം അഥവാ ചക്ഷുഃപ്രീതി എന്ന് ഭരതമുനി പറയുന്നു. സൂര്യകാന്തിയുടെ ശരീരഭാഷ തിരിച്ചറിയുന്ന സൂര്യൻ അവ

ളോട് ചിലകാര്യങ്ങൾ ചോദിക്കുന്നു. അതിന് മറുപടി പറയാതെ അവൾ തന്റെ സ്നേഹത്തെ രഹസ്യമായി സൂക്ഷിക്കാൻ ശ്രമിക്കുന്നു.

### വരികൾ

'ധീരമായി മുഖം തന്നെ നോക്കി നിന്നു ഞാൻ..

..........................................................................................

ശ്രമിച്ചാലും ചിരിയായി തീർന്നിലല്ലോ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ധീരമാമുഖം | = | ധൈര്യംനിറഞ്ഞ, ഉജ്ജ്വലമായ മുഖം |
| ഗുണോദാരൻ | = | ഉദാരമായ ഗുണങ്ങളുള്ളവൻ |

### ആശയ വിശദീകരണം

"സൂര്യനിൽ നിന്ന് തനിയ്ക്ക് കണ്ണെടുക്കാനായില്ല. ഉജ്ജ്വലമായ മുഖം തന്നെ ഞാൻ നോക്കിനിന്നു. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും ചൂടും വെളിച്ചവും തുല്യമായി പകർന്ന് നല്കുന്നവനായ 'സൂര്യൻ' എന്തു ചിന്തിച്ചുവോ എന്നറിയില്ല" എന്ന് സൂര്യകാന്തി പറയുകയാണ്. സൂര്യന്റെ ചോദ്യം കേട്ടപ്പോൾ, കാമുകന്റെ മുമ്പിൽ എന്തു ചെയ്യണമെന്നറിയാതെ ഭാവപരവശയായിപ്പോയ കാമുകിയെപ്പോലെ സൂര്യകാന്തി ചിരിക്കാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും അത് ചിരിയായ് മാറിയില്ല. താൻ സ്നേഹിക്കുന്നയാളിന്റെ ചോദ്യം കേട്ട് അയാൾക്കുമുന്നിൽ മറുപടി പറയാനാകാതെ, പ്രണയവിവശയായിപ്പോയ സൂര്യകാന്തിയുടെ ശരീരഭാഷയെ കവി സൂക്ഷ്മമായി പകർത്തുകയാണ് ഈ വരികളിൽ.

### വരികൾ

'മഞ്ഞുതുള്ളിയാണെന്നു ഭാമിച്ചേതാനന്ദാശ്രു

...................... നടിച്ചേനധീര ഞാൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| വേപം | = | വിറയൽ |
| ലജ്ജാചാപലം | = | നാണത്താലുണ്ടായ ചാപല്യം |
| അധീര | = | ധൈര്യമില്ലാത്തവൾ |

### ആശയ വിശദീകരണം

സന്തോഷാധിക്യംകൊണ്ട് താൻ കരഞ്ഞുപോയി. എങ്കിലും അത് മഞ്ഞുതുള്ളിയാണെന്നു ഭാവിച്ചു. (മഞ്ഞുതുള്ളികൾ പൂവിന്റെ മുകളിൽ രാത്രിയിൽ പൊഴിഞ്ഞുകിടക്കാറുണ്ട്. അത് യഥാർത്ഥത്തിൽ തന്റെ സന്തോഷാധിക്യം കൊണ്ടുണ്ടായ കണ്ണുനീരാണെന്ന് സൂര്യകാന്തി). തന്റെ കവിളിലെ സൗന്ദര്യം പെട്ടെന്ന് മാഞ്ഞുപോയത് - പെട്ടെന്ന് വിളറി വിളർത്തുപോയത്- സൂര്യന്റെ ഇളംകിരണങ്ങൾ - വിരലുകൾ - തന്റെ കവിളിൽ പതിക്കുന്നതു കൊണ്ടാണെന്ന് ചിന്തിച്ചു. അപ്പോൾ ശരീരത്തിലുണ്ടായ വിറയൽ കുളിർ കാറ്റുകൊണ്ടാണെന്ന് സൂര്യകാന്തി ചിന്തിച്ചു. കാമുകന്റെ മുമ്പിൽ പ്രണയം തുറന്നുപറയാൻ ധൈര്യമില്ലാതെ തന്റെ നാണത്താലുണ്ടായ ചാപല്യം കൊണ്ടല്ല തന്റെ ശരീരം വിറച്ചതെന്ന് വരുത്താനും ശ്രമിച്ചു. കാമുകന്റെ മുമ്പിൽ പ്രണയം തുറന്നുപറയാൻ ധൈര്യമില്ലാതെ, സൂര്യകാന്തി ചിരിക്കാൻ ശ്രമിച്ചിട്ടും അത് ചിരിയായില്ല. തന്റെ മുഖത്ത് കണ്ടത് മഞ്ഞുതുള്ളിയല്ല സന്തോഷാശ്രുക്കളാണെന്നും, കവിൾ വിളറി വിളർത്തത് സൂര്യകിരണങ്ങൾ കവിളിൽ പതിച്ചതുകൊണ്ടാണെന്നും, പ്രണയചാപല്യം കൊണ്ടല്ല തന്റെ ശരീരം വിറച്ചത്, കുളിർ കാറ്റു കൊണ്ടാണെന്നും സൂര്യകാന്തി ചിന്തിക്കുന്നതാണ് സന്ദർഭം.

### വരികൾ

'ക്ഷുദ്രമാമിപ്പുഷ്പത്തിൻ പ്രേമത്തെഗ്ഗണിച്ചാ
.................................. വർത്തിയായ് ജ്വലിച്ചാവൂ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ക്ഷുദ്രമാം | = | വിലകെട്ട |

| | | |
|---|---|---|
| ഭദ്രൻ | = | ദേവൻ, ഈശ്വരൻ |
| നിന്ദനീയൻ | = | അപകീർത്തിയുള്ളവൻ |
| അഗണ്യൻ | = | നിസ്സാരൻ, ഗണിക്കപ്പെടാൻ യോഗ്യമല്ലാത്തവൻ. |
| ദിക്കാലം | = | ദിക്കുകളും (സ്ഥലങ്ങളും)- കാലങ്ങളും. |
| ജ്വലിക്കും | = | പ്രകാശിക്കും. |

## ആശയ വിശദീകരണം

ക്ഷുദ്രയായ തന്റെ സ്നേഹത്തെപ്രതി സൂര്യൻ മറ്റുള്ളവരുടെ മുന്നിൽ നിസ്സാരനായി തീരാൻ പാടില്ല. അതിനാൽ തന്റെ സ്നേഹം മൂകമായിരിക്കട്ടെ. സുന്ദരനായ അദ്ദേഹം മാത്രം വേണമെങ്കിൽ അത് അറിഞ്ഞോട്ടെ. തന്റെ സ്നേഹം ഒരു പ്രതിഫലവും ആഗ്രഹിക്കുന്നില്ല. അറിവിന്റെ ഫലം അറിവ് മാത്രമാണല്ലോ. സ്നേഹം സന്തോഷകരമാണ്. സ്നേഹമില്ലായ്മ ദുഃഖവുമാണ്. മറ്റുള്ളവർക്ക് സുഖം നല്കി സ്ഥലകാലാതീതമായി സ്നേഹം പ്രകാശിക്കട്ടെ. ആത്മാവ് സ്നേഹപ്രകാശത്തെ ചുംബിച്ചുകഴിഞ്ഞിരിക്കേ, ആ സ്നേഹജ്വാലയിൽ താൻ ഇനി മരിച്ചാൽ തന്നെയെന്ത്? തന്റെ സ്നേഹത്തിന്റെ പേരിൽ തന്നെ സ്നേഹിക്കുന്ന മഹത്വ്യക്തിയ്ക്ക് യാതൊരപമാനവും വരാൻ ഇടയാകരുത്. തന്റെ സ്നേഹം അദ്ദേഹത്തിനായി സമർപ്പിച്ചുകഴിഞ്ഞു. ആത്മാവ് ആ സ്നേഹപ്രകാശത്തെ ചുംബിച്ചു. ഈ വരികളിൽ കേവലം ലൗകിക പ്രണയത്തിനപ്പുറം ആത്മീയതലത്തിലേക്ക് സ്നേഹം വഴിമാറുന്നു. മിസ്റ്റിസിസത്തിന്റെ തലത്തിലേക്ക് അത് സഞ്ചരിക്കുന്നു.

## വരികൾ

'ദേഹമിന്നതിൻ ചൂടിൽ ...................
തളരും സുരക്തമാം കൈയെടുത്തതു നൂനം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദഹിക്കട്ടെ | = | അഗ്നിയിൽ കത്തിക്കോട്ടെ |
| വിവർണ്ണമായ | = | വിളറിയ, നിറഭേദം വന്ന |
| സുരക്തമാം | = | രക്തവർണ്ണത്തിലുള്ള |

## ആശയ വിശദീകരണം

പ്രണയത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ അത് സഫലമാകാതെ വന്നാൽ മരണത്തിലെത്താം. സൂര്യകാന്തി ചിന്തിക്കുന്നു, എന്റെ ദേഹം പ്രണയച്ചൂടിൽ ദഹിച്ചാലും സാരമില്ല. സ്നേഹത്തിന്റെ മോഹനമായ പ്രകാശം എന്റെ ആത്മാവു ചുംബിച്ചല്ലോ. എന്റെ മനോഗതം അദ്ദേഹം (സൂര്യൻ) അറിഞ്ഞിട്ടുണ്ടാവാം. അതുകൊണ്ടാവാം അദ്ദേഹത്തിന്റെ കോമളമായ മുഖവും വിവർണ്ണമായത്. വളരെ പ്രയാസത്തോടെയാണ് അദ്ദേഹം എന്റെ ശരീരത്തിൽനിന്ന് അദ്ദേഹത്തിന്റെ, തളരുന്ന രക്തവർണ്ണത്തിലുള്ള കൈയെടുത്തത്. സൂര്യൻ പോയവേളയിൽ വിവർണ്ണനായി. സായന്തനസൂര്യന്റെ ശോഭയേറിയ കിരണങ്ങൾ ചൂടു കുറഞ്ഞതും സൗമ്യവുമാണ്. സൂര്യകിരണങ്ങളെ സൂര്യന്റെ വിരലുകളായും, ആ കിരണങ്ങൾ ശരീരത്തിൽ തട്ടുന്നത് സൂര്യന്റെ പ്രണയസ്പർശമായും സൂര്യകാന്തി കരുതുന്നു. കവിതയുടെ വിവിധ അർത്ഥതലങ്ങൾക്കിണങ്ങുന്ന മനോഹരകല്പനയാണിത്. പ്രണയത്തിൽ സ്വയം മറന്ന് ആത്മസമർപ്പണം ചെയ്യുന്ന ഒരു യുവതിയുടെ തലത്തിലേക്ക് സൂര്യകാന്തി ഉയരുന്നു. ജീവിതം സഫലമായെന്നും, സ്നേഹം ലക്ഷ്യത്തിലെത്തിക്കഴിഞ്ഞെന്നും അവൾ കരുതുന്നു.

## വരികൾ

'അക്ഷരം പുറപ്പെട്ടില്ലന്യോന്യം നോക്കി
.............................പോകെക്കണ്ടിരിക്കില്ലാ ദേവൻ!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ക്ഷണം | = | പെട്ടെന്ന് |
| കറമ്പിരാവ് | = | കറുത്തരാത്രി,മരണം എന്നും ആശയം |
| മന്ദിതോത്സാഹൻ | = | ഉത്സാഹം നഷ്ടപ്പെട്ടവൻ |

## ആശയ വിശദീകരണം

ഒന്നും പറയാനാകാതെ തങ്ങൾ പരസ്പരം നോക്കി നിന്നുപോയി. എന്തിനെന്നറിയില്ല, അപ്പോൾ പെട്ടെന്ന് കറമ്പിരാവ് (രാത്രി ) അവിടേക്ക് വന്നു. ശിരസ്സു കുനിച്ച് സൂര്യകാന്തി അദ്ദേഹത്തിന് നന്ദികാട്ടാൻ ശ്രമിച്ചു (രാത്രിയിൽ സൂര്യകാന്തി തലകുനിഞ്ഞ് ചെരിഞ്ഞ് നില്ക്കുന്നത്, സൂര്യനോട് നന്ദികാണിക്കാൻ വേണ്ടിയാണെന്ന് കവി കൽപ്പന). സൂര്യകാന്തിയെ പിരിയുന്നതിൽ ഉത്സാഹം നഷ്ടപ്പെട്ട സൂര്യൻ അവൾ അഭിവാദനം ചെയ്തത് കണ്ടിരിക്കാനിടയില്ല (സൂര്യന് ഉത്സാഹം നഷ്ടപ്പെട്ടത് തന്റെ പ്രണയസാമീപ്യം നഷ്ടപ്പെട്ടതുകൊണ്ടാണെന്ന് സൂര്യകാന്തി അനുമാനിക്കുന്നു). കോമളമായ അദ്ദേഹത്തിന്റെ മുഖവും വിവർണ്ണമായി. സായന്തനസൂര്യന്റെ നിറത്തിലും തീക്ഷ്ണതയിലും വന്ന വ്യത്യാസമാണ് ഇവിടെ സൂചന. അത് സൂര്യന് അവളോടുള്ള അനുരാഗത്തിന്റെ അടയാളമായി സൂര്യകാന്തി കാണുന്നു. 'തൽക്ഷണം കറമ്പി രാവെന്തിനങ്ങോട്ടേയ്ക്കെത്തി' എന്ന പ്രയോഗത്തിലൂടെ, രാത്രി തങ്ങളുടെ പ്രണയസാഫല്യത്തിന് തടസ്സക്കാരിയായിത്തീർന്നു എന്നു സൂചിപ്പിക്കുന്നു. രാത്രിയെ പ്രണയത്തിന് തടസം നിൽക്കുന്നവളായി കവി കൽപ്പിച്ചിരിക്കുന്നു.

## വരികൾ

'നിദ്രയില്ലാഞ്ഞാരക്തനേത്രനായി
പുലർച്ചയ്ക്കു ..................................................
.......................സ്നേഹിക്കാതിരുന്നെങ്കിൽ!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിദ്രയില്ലാഞ്ഞ് | = | ഉറങ്ങാൻ കഴിയാതെ |
| രക്തനേത്രനായി | = | ചുവന്ന കണ്ണുമായി |
| മ്ലാനമാമംഗം | = | വാടിയ ശരീരം |

## ആശയ വിശദീകരണം

ഉറക്കമില്ലാതെ(ഉറക്കമില്ലാത്തത് പ്രണയചിന്തകൾ കൊണ്ടാണെന്നു സൂചന), ചുവന്ന കണ്ണുമായി (പ്രഭാത സൂര്യന്റെ നിറത്തെ സൂചിപ്പിക്കുന്നു) നാളെ വീണ്ടും സൂര്യൻ വരും. ഈ മുറ്റത്തേക്കു നോക്കും. തെക്കൻകാറ്റടിച്ച് (തെക്കൻകാറ്റ് മരണസൂചകമാണ്), അടർന്ന് തറയിൽ വാടിക്കിടക്കുന്ന എന്റെ ശരീരം അപ്പോൾ അദ്ദേഹം കാണും. മുഖം വിളറി ഒരു നിമിഷം സൂര്യൻ നിന്നു പോയേക്കാം. ആ വിശുദ്ധമായ പുഷ്പത്തെ കാണാതിരുന്നെങ്കിൽ. അങ്ങനെ പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ എന്ന് പ്രണയാകുലനായ നാഥൻ സങ്കടപ്പെട്ടേക്കാം എന്ന് സൂര്യകാന്തി ചിന്തിക്കുന്നതാണ് സന്ദർഭം.

## കാവ്യാവലോകനം

ഒരേസമയം സിംബോളിക്കും മിസ്റ്റിക്കുമായ കവിതയാണ് സൂര്യകാന്തി. സൂര്യൻ, സൂര്യകാന്തി എന്നീ സാർവ്വലൗകിക പ്രതീകങ്ങളിലൂടെ ഒരു പ്രേമത്തിന്റെ ആദർശകാവ്യം രചിക്കുകയായിരുന്നു കവി. സൂര്യകാന്തി എന്ന കവിതയിൽ സൂര്യൻ, സൂര്യകാന്തിപ്പൂവ് എന്നീ രണ്ടു പ്രത്യക്ഷ പ്രതീകങ്ങളിലൂടെ മനുഷ്യാവസ്ഥയുടെ കഥയാണ് ജി. പറയുന്നത്. മാനുഷികതലത്തിൽ ഈ കവിത ഉന്നതനായ ഒരു യുവാവിന്റെയും നിർദ്ധനയായ യുവതിയുടെയും പ്രണയത്തിന്റെ കഥ പറയുന്നു. എന്നാൽ, അവരുടെ കാമുകീ കാമുകബന്ധത്തിനപ്പുറം അതിന് ഒരു യോഗാത്മകതലത്തിലുള്ള അർത്ഥം കൂടിയുണ്ട്.

1) ജീവിവർഗ്ഗങ്ങൾക്കെല്ലാം പ്രകാശം പ്രദാനം ചെയ്യുന്നവനാണ് സൂര്യൻ. നിസ്സാരയെങ്കിലും തന്റെ സൗന്ദര്യസാരമറിയുകയും അതിന് ഊർജ്ജം പകരുകയും ചെയ്യുന്നതുകൊണ്ട് സൂര്യന്റെ മുന്നിൽ വിശുദ്ധസ്നേഹവുമായി നില്ക്കുന്ന സൂര്യകാന്തിപ്പൂവ്; ഇങ്ങനെ രണ്ട് കഥാ - പാത്രങ്ങളാണ് ഈ കവിതയിലുള്ളത്. പൂവിന്റെ നിഷ്ക്കളങ്കവും നിർമ്മലവുമായ സ്നേഹവും ത്യാഗവുമാണ് കവിതയിൽ കവി അവതരിപ്പിച്ചിരിക്കുന്നത്.

2) സാമൂഹിക, സാമ്പത്തിക പദവികളാൽ നിർമ്മിക്കപ്പെടുന്ന സവിശേഷമായ അധികാര നിർമ്മിതിയ്ക്കുള്ളിൽ, വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ട് വ്യക്തികളായി സൂര്യനേയും സൂര്യകാന്തിയേയും കാണാം. സൂര്യൻ സമൂഹ

ത്തിൽ എല്ലാവരാലും ബഹുമാനിക്കപ്പെടുന്നവനും സമ്പന്നനുമായ ഒരു യുവാവിന്റെ പ്രതീകമാണ്. സൂര്യകാന്തി, സൗന്ദര്യമല്ലാതെ മറ്റൊരു സമ്പത്തുമില്ലാത്ത, സമൂഹത്തിന്റെ താഴ്ന്ന തലങ്ങളിൽ ജീവിക്കുന്നവൾ. അഭിമാനിയായ അവൾ തന്റെ പ്രണയം മറച്ചു പിടിയ്ക്കുന്നതിനുള്ള കാരണം അവർ തമ്മിൽ നിലനിൽക്കുന്ന സാമൂഹികവും സാംസ്കാരികവുമായ പദവികളിലെ അന്തരമാണ്. സൂര്യൻ, സൂര്യകാന്തി (ഒരു പൂവ്) എന്നിവ ലോകത്ത് എവിടെയുമുള്ള ആർക്കും മനസ്സിലാവുന്ന പ്രതീകങ്ങളാണ്. സമൂഹത്തിൽ എവിടെയും ഉണ്ടാകാവുന്ന രണ്ടു വിപരീത വ്യക്തിത്വങ്ങളുടെ കഥ സാർവ്വലൗകികമായ സിംബലുകളിലൂടെ അവതരിപ്പിക്കുന്നതിലൂടെ ഈ കവിത സിംബോളിക്കായിത്തീരുന്നു.

3) അടുത്ത അർത്ഥതലം മിസ്റ്റിസിസത്തിന്റേതാണ്. ഈ ലോകജീവിതം ഒരു മിഥ്യയാണെന്നും, ആത്യന്തികസത്യവും ജീവിതവും ഈശ്വരസവിധത്തി(സ്വർഗ്ഗത്തിൽ)ലാണെന്നും മിസ്റ്റിക്കുകൾ വിശ്വസിക്കുന്നു. മിസ്റ്റിസിസത്തിന്റെ കാവ്യസങ്കല്പമനുസരിച്ച് ഈശ്വരൻ കാമുകനും, മനുഷ്യാത്മാവ് കാമുകിയുമാവുന്നു. വരനും വധുവുംപോലെ.

ഈ കവിതയിൽ സൂര്യൻ ദൈവത്തിന്റെ (പരമാത്മാവിന്റെ) യും സൂര്യകാന്തി മനുഷ്യന്റെ (ജീവാത്മാവിന്റെ)യും പ്രതീകമാണ്. ജീവിതത്തിന്റെ ചില പ്രത്യേകസന്ദർഭങ്ങളിൽ വിശ്വാസിയായ മനുഷ്യൻ, ദൈവത്തിന്റെ സ്നേഹപൂർവ്വമായ ഇടപെടലുകളും സാമീപ്യവും തിരിച്ചറിയാറുണ്ട്. ദൈവസാന്നിദ്ധ്യം തനിക്കൊപ്പമുണ്ടെന്ന് ഒരു ഞെട്ടലോടെ അവർക്കു ബോധ്യപ്പെടുന്നു.

ഈ കവിതയിൽ, ജീവാത്മാവിനെ തൊട്ടുണർത്തി, തന്നോടു വല്ലതും പറയുവാനാഗ്രഹിക്കുന്നുണ്ടോ, നിനക്ക് എന്താണാവശ്യം, എന്താണ് വേണ്ടത്, എന്നന്വേഷിക്കുന്ന ദൈവമാണുള്ളത്. ആ പരമാത്മാവിന്റെ മുന്നിൽ സ്നേഹാധിക്യത്താലും അമ്പരപ്പിനാലും ജീവാത്മാവിന് ഒന്നും പറയാൻ കഴിയുന്നില്ല. തന്നെ സ്നേഹിക്കുന്ന, താൻ സ്നേഹിക്കുന്ന, പരമാത്മാവിനെക്കുറിച്ചുള്ള ചിന്തകളാൽ ജീവാത്മാവിന്റെ മനസ്സ് പ്രഭാപൂരിതമാകുന്നു. നിസ്വാർത്ഥവും ദൈവീകവുമായ സ്നേഹം അതിന്റെ പരകോടിയിലെത്തുന്നു. ഈശ്വരനിലേക്ക് ലയിച്ചുചേരാൻ, സായൂജ്യഭാവത്തിലേക്ക്, ബ്രഹ്മാനന്ദത്തിലേക്ക്, എത്തിച്ചേരാൻ, തന്റെ ഭൗതിക ശരീരം ഉപേക്ഷിച്ചുപോകാൻ പോലും ആഗ്രഹിക്കുന്ന മനുഷ്യാത്മാവിന്റെ കഥയായിത്തീരുന്നു സൂര്യകാന്തി. ദൈവവിശ്വാസിയായ ഒരു മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം, മരണാനന്തരം ദൈവസന്നിധിയിലെത്തുക, ഈശ്വരനിൽ അഭയം പ്രാപിക്കുക എന്നതാണ്. പരിപൂർണ്ണമല്ലെങ്കിലും അത്തരമൊരു സാദ്ധ്യതകൂടി സൂര്യകാന്തിയെന്ന കവിത തുറന്നിടുന്നു. ചുരുക്കത്തിൽ, ഒരേസമയം ഒന്നിലധികം അർത്ഥമാനങ്ങൾ സമ്മാനിക്കുന്ന കവിതയാണ് ജി.യുടെ സൂര്യകാന്തി. അത് ഹിരണ്മയമായ, സ്വർണ്ണപാത്രം കൊണ്ട് മൂടപ്പെട്ടിരിക്കുന്ന സത്യംപോലെ ആരെയും ആകർഷിക്കുന്നു. അനുവാചക മനസ്സിൽ, കലയുടെ രഹസ്യമാക്കപ്പെട്ട ചെപ്പുതുറന്ന് വിസ്മയത്തിന്റെയും ആഹ്ളാദത്തിന്റെയും സൗരപ്രഭ വിതറുകയും ചെയ്യുന്നു.

കവിതയുടെ വൃത്തം കേക

**ലക്ഷണം :**

മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടും
രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം
രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോഗണത്തിലും നടുക്കുയതി,
പാദാദിപ്പൊരുത്തമിതു കേകയാം.
(വൃത്തമഞ്ജരി, ഏ.ആർ.രാജരാജവർമ്മ)

## Recap

- പ്രത്യക്ഷാർത്ഥത്തിൽ ഈ കവിത സൂര്യകാന്തിപ്പൂവിന്റെയും സൂര്യന്റെയും കഥയാണ്
- പ്രതീകതലത്തിൽ സൂര്യനും സൂര്യകാന്തിയും രണ്ടു വ്യക്തികൾ
- മാനുഷികമായ ആ തലത്തിൽ ഇതൊരു യുവാവിന്റെയും യുവതിയുടെയും പ്രണയത്തിന്റെ കഥ
- സൂര്യൻ സമൂഹത്തിൽ എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന യുവാവിന്റെ പ്രതീകം
- സൂര്യകാന്തി സൗന്ദര്യമല്ലാതെ മറ്റൊരു സമ്പത്തും ഇല്ലാത്തവൾ
- മിസ്റ്റിസിസത്തിന്റെ തലത്തിൽ ഈ ലോകജീവിതം മിഥ്യയാണ്
- മിസ്റ്റിസിസത്തിൽ ഈശ്വരൻ കാമുകനും, മനുഷ്യാത്മാവ് കാമുകിയുമാണ്
- സൂര്യൻ ദൈവത്തിന്റെ, പരമാത്മാവിന്റെ പ്രതീകമാണ്
- സൂര്യകാന്തി മനുഷ്യന്റെ, ജീവാത്മാവിന്റെ പ്രതീകവുമാണ്
- ദൈവസ്നേഹം വഴി ഈശ്വരനിലെത്താൻ ആഗ്രഹിക്കുന്ന മനുഷ്യാത്മാവിന്റെ കഥയാണിത്

## Objective Type Questions

1. സുന്ദരദിവാകരൻ ചോദിച്ചു മധുരമായ് - എപ്പോൾ, ആരോടു ചോദിച്ചു?
2. 'ആരു നീയനുജത്തീ? നിർന്നിമേഷമായെന്തെൻതേരുപോകവേ നേരേ നോക്കി നിൽക്കുന്നു ദൂരേ?' - ഇപ്രകാരം ചോദിച്ചതാര്?
3. 'തെറ്റാണൂഹമെങ്കിൽ, ഞാൻ ചോദിച്ചീല' - ആരോടാണ് സൂര്യൻ ഇപ്രകാരം പറയുന്നത്?
4. 'ഒന്നുമുത്തരം തോന്നീല' - ആർക്ക്, ആരോടാണ് ഉത്തരം പറയാൻ തോന്നാതിരുന്നത്?
5. 'സൂര്യകാന്തിയെന്നെന്നെ പുച്ഛിപ്പതാണീ ലോകം' - എന്തിനാണ് സൂര്യകാന്തിയെ ലോകം പുച്ഛിക്കുന്നത്?
6. 'പരനിന്ദ വീശുന്ന വാളിനാ ചൂളിപ്പോകാ, പരകോടിയിൽ ചെന്ന പാവന ദിവ്യസ്നേഹം' - ആരാണ് ഇപ്രകാരം ചിന്തിച്ചത് ?
7. 'ധീരമാമുഖം തന്നെ നോക്കി നിന്നു ഞാൻ' - ആരുടെ മുഖമാണ് സൂര്യകാന്തി നോക്കി നിന്നത്?
8. 'ശ്രമിച്ചാലും ചിരിയായ്ത്തീർന്നീലല്ലോ'... ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്?
9. 'ഗുണോദാരനാമവിടത്തേയ്ക്കെന്തു തോന്നിയോ ഹൃത്തിൽ' - ആരെയാണ് കവി ഗുണോദാരനെന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
10. എന്തിനെയാണ് മഞ്ഞുതുള്ളിയാണെന്ന് ഭാവിച്ചത്?
11. 'മഞ്ഞുതുള്ളിയാണെന്നു ഭാവിച്ചേനാനന്ദാശ്രു'-ആരാണ് ഇപ്രകാരം ഭാവിച്ചത്?
12. 'വേപമുണ്ടായംഗത്തിൽ, ക്കുളിർക്കാറ്റിനാൽ'- ആർക്കാണ് വേപമുണ്ടായത്?
13. 'കോമളനവിടന്നതൂഹിച്ചാലൂഹിക്കട്ടെ'- എന്ന് ചിന്തിച്ചതാര്?
14. സ്നേഹത്തിന്റെ ഫലമെന്താണെന്നാണ് കവി പറയുന്നത്?
15. ജി.ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച കൃതി ഏതാണ്?

## Answers to Objective Type Questions

1. പ്രഭാതത്തിൽ സൂര്യകാന്തിയോട്
2. സൂര്യൻ
3. സൂര്യകാന്തിയോട്
4. സൂര്യകാന്തിയ്ക്ക് , സൂര്യനോട്
5. സൂര്യനെ സ്നേഹിച്ച ധിക്കാരത്തിന്
6. സൂര്യകാന്തി
7. സൂര്യന്റെ
8. സൂര്യകാന്തി
9. സൂര്യനെ
10. ആനന്ദാശ്രുവിനെ
11. സൂര്യകാന്തി
12. സൂര്യകാന്തിയ്ക്ക്
13. സൂര്യകാന്തി
14. സ്നേഹം
15. ഓടക്കുഴൽ

## Assignments

1. 'സൂര്യൻ', 'സൂര്യകാന്തി' എന്നീ ബിംബങ്ങളെ മുൻനിർത്തി 'സൂര്യകാന്തി' എന്ന കവിതയിൽ ജി.ശങ്കരക്കുറുപ്പ് അവതരിപ്പിച്ച പ്രണയസങ്കൽപ്പത്തെക്കുറിച്ച് കുറിപ്പെഴുതുക.
2. ജി.ശങ്കരക്കുറുപ്പിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുത്തുക
3. മിസ്റ്റിസിസം, സിംബോളിസം - കുറിപ്പെഴുതുക

## Reference


- ജി. ശങ്കരക്കുറുപ്പ് -സൂര്യകാന്തി, എസ്.പി .സി .എസ്, കോട്ടയം.
- എം. ലീലാവതി - മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
- ജി. ശങ്കരക്കുറുപ്പ് - സാഹിത്യ കൗതുകം, എസ്.പി .സി .എസ്, കോട്ടയം.


## E-Content



ജി .ശങ്കരക്കുറുപ്പ്

https://ml.wikipedia.org/wiki/ ജി_ശങ്കരക്കുറുപ്പ്
https://youtu.be/UX6NmrfcSMg

# യൂണിറ്റ് - 6
# കണ്ണീർപ്പാടം

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

## Learning Outcomes

- വൈലോപ്പിള്ളി എന്ന കവിയെയും അദ്ദേഹത്തിന്റെ കൃതികളെയും പരിചയപ്പെടുന്നു
- കണ്ണീർപ്പാടം എന്ന കവിതയിലൂടെ വൈലോപ്പിള്ളിയുടെ കാവ്യശൈലി മനസ്സിലാക്കുന്നു
- കവിതയുടെ റിയലിസ്റ്റ് രീതി പരിചയപ്പെടുന്നു
- മലയാളത്തിലെ ദാമ്പത്യകവിതയെ പരിചയപ്പെടുന്നു
- മലയാളത്തിലെ പ്രധാന ദാമ്പത്യകവിതയെന്ന നിലയിൽ കണ്ണീർപ്പാടത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നു

## Prerequisites

മനുഷ്യരുടെ ജീവിതത്തെ ഏറ്റവും സന്തോഷകരമാക്കുന്ന ചില അവസ്ഥകളുണ്ട്. പ്രണയം, ദാമ്പത്യം എന്നിവ അക്കൂട്ടത്തിൽ ചിലതാണ്. പ്രണയത്തെക്കുറിച്ച് എഴുതാത്ത കവികളില്ല എന്നു പറയാം. ആദ്യകാലം മുതലേ പ്രണയം കവികളുടെ സർഗ്ഗചേതനയെ ഉണർത്തിയ പ്രധാനപ്പെട്ട അവസ്ഥയാണ്. മലയാള സാഹിത്യത്തിൽ കാൽപനികതയുടെ കാലഘട്ടത്തിൽ പ്രണയം എന്ന വികാരത്തിന് കൂടുതൽ സ്ഥാനം ലഭിച്ചു. അതുകൊണ്ടു തന്നെ മലയാളത്തിൽ പ്രണയകവിതകൾ ഒരു വലിയ ഭാഗം തന്നെയുണ്ട്. ദാമ്പത്യം പ്രധാന പ്രമേയമാക്കുന്ന കവിതകളും മലയാള സാഹിത്യത്തിലുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഊഞ്ഞാലിൽ, കണ്ണീർപാടം എന്നീ കവിതകൾ. ഇവ രണ്ടും നമുക്ക് സമ്മാനിച്ചിട്ടുള്ളത് മലയാളത്തിന്റെ പ്രിയ കവിയായ വൈലോപ്പിള്ളി ശ്രീധരമേനോനാണ്.

'ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്തുവാൻ' - എന്ന് കവിതയിലൂടെ ഉദ്ഘോഷിച്ച, മരണത്തിന് പരാജയപ്പെടുത്തുവാൻ കഴിയാത്ത, ഒരിക്കലും അവസാനിക്കാത്ത, തുടർച്ചയാണ് ജീവിതം എന്നു വിശ്വസിച്ച കവിയാണ് വൈലോപ്പിള്ളി.

നിയോക്ലാസിസത്തിന്റെയും പൂർവ്വകാല്പനികതയുടെയും മാതൃകകൾ നിലനിന്ന കാലത്താണ് 'ശ്രീ' എന്ന തൂലികാനാമത്തിൽ വൈലോപ്പിള്ളി എഴുതിത്തുടങ്ങിയത്. കാല്പനികതയുടെ ഉത്തരഘട്ടത്തിലെ കവികളുടെ നിരയിലാണ് വൈലോപ്പിള്ളിയുടെ സ്ഥാനം. പാശ്ചാത്യ സ്വാധീനതയുടെ ഫലമായി കവിതയുടെ ആവിഷ്ക്കാരരീതികൾക്ക് മാറ്റം വന്നു. ശാസ്ത്രചിന്ത, ചരിത്രബോധം, പരിണാമവിധേയമാവുന്ന ജീവിതം, പുരോഗതിയിലുള്ള വിശ്വാസം, മാനവമഹത്വത്തിലുള്ള അഭിമാനം എന്നിവ വൈലോപ്പിള്ളിയുടെ കാവ്യദർശനത്തിന്റെ ഭാഗമായിരുന്നു. നിയന്ത്രണമുള്ള ഭാവനയും, വികാരാവിഷ്ക്കാരങ്ങളും ആ കവിതകളുടെ സവിശേഷതകളാണ്. സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങളും, സമകാലികജീവിതാനുഭവങ്ങളും അദ്ദേഹം കവിതയുടെ വിഷയമാക്കിയിരുന്നു. 1940കളിലെ കേരളത്തിലെ കർ

ഷകസമരങ്ങൾ, സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭങ്ങൾ, റഷ്യൻ സാഹിത്യകൃതികളുമായുള്ള പരിചയം എന്നിവ വൈലോപ്പിള്ളിയിൽ ഒരു നവചരിത്രബോധം രൂപപ്പെടാനിടയാക്കി. അതേത്തുടർന്ന്, അദ്ദേഹം പുരോഗമനവാദിയും വിശ്വമാനവികതാവാദിയുമായി. ആഖ്യാനത്തിൽ, റിയലിസത്തിന് പ്രാധാന്യവും കൈവന്നു. ശാസ്ത്രത്തെയും സാഹിത്യത്തെയും സമന്വയിപ്പിച്ചുകൊണ്ട്, യഥാതഥപ്രസ്ഥാനത്തെയും കാല്പനികതയെയും ഇഴചേർത്ത്, പരാജയപ്പെട്ടാലും കീഴടങ്ങാത്ത മനുഷ്യജീവിതത്തിന്റെ കഥ പറഞ്ഞ കവിയാണദ്ദേഹം.

വൈലോപ്പിള്ളി ശ്രീധരമേനോൻ 1911 മെയ് 11 എറണാകുളത്ത് തൃപ്പൂണിത്തുറയിലാണ് ജനിച്ചത്. സസ്യശാസ്ത്രത്തിൽ ബിരുദമെടുത്തു. 1931-ൽ അദ്ധ്യാപകനായി. 1966-ൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായി വിരമിച്ചു. 1905 ഡിസംബർ മാസം 22-ന് അന്തരിച്ചു. അദ്ദേഹം കേരളത്തിലെ ഭൂപ്രകൃതിയ്ക്കും സസ്യജാലങ്ങൾക്കും കവിതയിൽ ജീവൻ നല്കി. ഗ്രാമവും ഗ്രാമീണരും പാടങ്ങളും പർവ്വതവും മാമ്പൂവും കയ്പവല്ലരിയും മഴകളുമെല്ലാം ആ കവിതകളിലൂടെ പുനർജ്ജനിക്കുന്നു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം, എം. പി. പോൾ പുരസ്കാരം, സോവിയറ്റ് ലാൻഡ് നെഹറു പുരസ്കാരം, ആശാൻ പ്രൈസ്, മദ്രാസ് ഗവണ്മെന്റ് അവാർഡ് എന്നിവ അദ്ദേഹത്തിനു ലഭിച്ച ചില ബഹുമതികളാണ്. വൈലോപ്പിള്ളി, പുരോഗമന കലാസാഹിത്യ സംഘത്തിന്റെ ആദ്യത്തെ സംസ്ഥാനാദ്ധ്യക്ഷനുമായിരുന്നു. മാമ്പഴം (1936), കന്നിക്കൊയ്ത്ത് (1947), സഹ്യന്റെ മകൻ (1944), ശ്രീരേഖ (1950), കുടിയൊഴിയൽ (1952), ഓണപ്പാട്ടുകാർ (1952), വിത്തും കൈക്കോട്ടും (1956), കടൽക്കാക്കകൾ (1958), കയ്പ്പവല്ലരി (1963), വിട (1970), മകരക്കൊയ്ത്ത് (1980), പച്ചക്കുതിര (1981), കുന്നിമണികൾ (1954), കുരുവികൾ (1961), മിന്നാമിന്നി (1981), വൈലോപ്പിള്ളിക്കവിതകൾ (1984), മുകുളമാല (1984), കൃഷ്ണമൃഗങ്ങൾ (1985), അന്തിചായുന്നു (1985), ആസാംപണിക്കാർ, വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, ഋശ്യശൃംഗനും അലക്സാണ്ടറും എന്ന നാടകം, കാവ്യലോകസ്മരണകൾ എന്ന ആത്മകഥ എന്നിവയാണ് വൈലോപ്പിള്ളിയുടെ പ്രധാന കൃതികൾ.

## Keywords

പ്രണയം - ദാമ്പത്യം - കാൽപ്പനികത - റിയലിസം - നിയോക്ലാസിസം

## 2.6.1 Content

'കാച്ചിക്കുറുക്കിയ കവിത' എന്ന് വൈലോപ്പിള്ളിക്കവിതകളെ പൊതുവെ വിശേഷിപ്പിക്കാറുണ്ടെങ്കിലും ചില കവിതകൾ വിശദമായ വിവരണങ്ങൾ നിറഞ്ഞവയുമാണ്. അത്തരത്തിലൊരു കവിതയാണ് കണ്ണീർപ്പാടം. ഗാർഹസ്ഥ്യ ജീവിതത്തിന്റെ മധുരതരമായ അസ്വാസ്ഥ്യത്തെ നന്നായി അവതരിപ്പിക്കുന്ന കവിതകളുടെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായ കവിതയാണ് കണ്ണീർപ്പാടം. അർത്ഥത്തിന്റെ പല അടരുകളുള്ള കവിതയാണിത്. ഈ കവിതയിൽ പലതരം സംഘർഷങ്ങൾ കാണാം. ഇതിൽ, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇടപെടലുകൾ, വർഷകാലത്തും ഹേമന്തത്തിലും പാടത്തുവന്ന മാറ്റങ്ങൾ, തെക്കോട്ടും വടക്കോട്ടുമുള്ള കവിയുടെയും ഭാര്യയുടെയും യാത്രകൾ, അവരുടെ വർത്തമാനവും ഭൂതകാലവും, അവരുടെ കണ്ണീരും പുഞ്ചിരിയും, ദുർഗ്ഗാദേവിയുടെ രണ്ടു സാഹചര്യങ്ങളിലുള്ള സ്വഭാവങ്ങൾ തുടങ്ങി പല വിരുദ്ധദ്വന്ദങ്ങളെയും കവിതയിൽ വിദഗ്ധമായി ഇഴചേർത്തിരിക്കുന്നു.

കവിതയുടെ ആവിഷ്ക്കാരം സ്വന്തം ജീവിതാനുഭവം എന്ന നിലയിലാണ്.

യാഥാർത്ഥ്യവും ഭാവനയും കൂടിച്ചേർന്നതാണ് കവിത. റിയലിസത്തിന്റെയും റൊമാന്റിസിസത്തിന്റെയും ഘടകങ്ങൾ മനോഹരമായി സമന്വയിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസവും ഉയർന്ന ജോലിയും ഉണ്ടെങ്കിലും ദാമ്പത്യ ജീവിതത്തിൽ പലരും പരാജയപ്പെട്ടു പോകുന്നത് എന്തുകൊണ്ടാണ്? ഇതിലെ മദ്ധ്യവർഗ്ഗക്കാർക്ക്, സാധാരണ ഗ്രാമീണ മിഥുനങ്ങളുടെ ജീവിതത്തിൽ നിന്ന് വലിയൊരു സത്യം മാതൃകയായി കവി തരുന്നു. കണ്ണീർപ്പാടം ഒരു ജീവിതദുഃഖത്തിന്റെ പാടവും ജീവിതപാഠവുമാണ്. എല്ലാ ദുഃഖങ്ങളും സന്തോഷത്തിൽ അവസാനിക്കാം. ഏതു പെരുമഴയ്ക്കു ശേഷവും സൂര്യനുദിക്കാം. ഇവിടെയും അത് സംഭവിക്കുന്നു.

### വരികൾ

'ബസ്സു വന്നു പോയ്..............
...............അർധസമ്മതം മൂളി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചന്തം ചാർത്തുക | = | ഭംഗി വരുത്തുക |
| സവിഷാദം | = | വിഷാദത്തോടെ |
| നാഴിക | = | ദൂരം |

### ആശയ വിശദീകരണം

'ബസ്സു വരുന്നു. ദൂരെ നിന്ന് ബസ്സിന്റെ ഇരമ്പം കേൾക്കുന്നു. ഭദ്രേ, വേഷം വിസ്തരിച്ചതു മതി. അമ്പലത്തിലേക്ക് പോകാനല്ലേ ഒരുങ്ങുന്നത്?' കവി ഭാര്യയോട് ചോദിച്ചു. കവിയുടെ ഭാര്യ (ഭാനുമതിയമ്മ) പിന്നെയും ചന്തം ചാർത്തിനിന്ന് താമസിച്ചു പോയി. വീടിനടുത്ത്, ബസ്സ് നിർത്താറുള്ള ആലിൻചോട്ടിൽ എത്തിയപ്പോഴേക്കും ആ വഴിയുള്ള ബസ്സു പോയിരുന്നു. വിഷാദത്തോടെ കുറച്ചുസമയം അവിടെ നിന്നു. വണ്ടി കിട്ടണമെങ്കിൽ ഇനി സ്റ്റാൻഡിലെത്തണം. അവിടേക്ക് രണ്ടോ മൂന്നോ നാഴിക ദൂരമുണ്ട്. പാടം മുറിച്ചു കടന്നാൽ വഴി ലാഭിക്കാമെന്ന് ഭാര്യ പറഞ്ഞു. വർഷപ്പാടമാണ്. സംശയരൂപേണ കവിയും പകുതി സമ്മതം മൂളി.

### വരികൾ

'കുരുന്നുഞാറിൻ പി.......................
............പോലെയുണ്ടുഷച്ചോപ്പിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ശ്വേതം | = | വെളുത്തത് |
| കൊറ്റി | = | കൊക്ക് |
| കാർത്തിരക്കേറും മാനം | = | കാർമേഘങ്ങൾ നിറഞ്ഞ ആകാശം |
| ഉഷച്ചോപ്പ് | = | പുലർകാല സന്ധ്യയിലെ ആകാശം |

### ആശയ വിശദീകരണം

അവർ നെൽപ്പാടം മുറിച്ചുകടന്ന് അമ്പലത്തിലേക്ക് പോകാൻ തുടങ്ങി. നെൽവയലിലെ കുരുന്നുഞാറിന്റെ പച്ചത്തലപ്പുവരെയും വെള്ളം കയറിയിരിക്കുന്നു. വരമ്പിന്റെ ഞരമ്പു പോലെ വയലിലെ തിട്ടകൾ മാത്രം കുറച്ച് വെള്ളത്തിൽ തെളിഞ്ഞുകാണാം. ബാക്കിഭാഗം മുഴുവൻ വെള്ളത്തിനടിയിലാണ്. വെളുത്ത കൊക്കുകൾ ഒന്നും പറക്കുന്നില്ല. ദൂരെ, കൈതകൾ കഴുത്തോളം വെള്ളത്തിൽ മുങ്ങിനില്ക്കുന്നത് കാണാം. ആകാശത്തിൽ കാർമേഘങ്ങൾ തിരക്കിട്ടു നീങ്ങുന്നുണ്ട്. പുലർകാല സൂര്യന്റെ ചുവപ്പുവീഴുന്ന ആകാശം കണ്ടാൽ, പല പോത്തുകളെ ഒന്നിച്ചു ചേർത്തുപൂട്ടിയ ചെളിപ്പാടം പോലെ തോന്നും.

### വരികൾ

'വഴുക്കുന്നു..................................
............മുഗ്ദ്ധമാം രണ്ടാത്മാക്കൾ'

### ആശയ വിശദീകരണം

'വഴുക്കുന്നുണ്ട് നല്ലത് ആ വരമ്പാണ്' എന്നൊക്കെ സൗമ്യമായി, ഒരു ഔദാര്യം പോലെ, അവർ ചിലത് പറഞ്ഞുകൊണ്ടു നടന്നു. ആ വയൽ വരമ്പിലൂടെ പതുക്കെ മുന്നോട്ടു, കഴിവതും മിണ്ടാതെയാണ് ഞങ്ങൾ നടന്നത്. തമ്മിൽ വളരെ ഇഷ്ടമാണ്. എങ്കിലും സ്നേഹത്തിന്റെ സ്വാർഥത കൊണ്ട്, (ഭാര്യയുടെ കാര്യം മാത്രമേ

ഭർത്താവ് നോക്കാവൂ എന്ന് വാശിപിടിക്കുന്ന) പരിഭവത്താൽ, അസൂയയാൽ കറുത്ത മേഘം കൊണ്ടു മൂടപ്പെട്ട കണ്ണീർ നിറഞ്ഞ വയലിലൂടെ മുന്നോട്ടേക്കു കുഴങ്ങി, കാലിടറി നീങ്ങുന്ന എന്തുചെയ്യണമെന്നറിയാൻ കഴിയാത്ത രണ്ടാത്മാക്കളായി ജീവനില്ലാത്തവരെപ്പോലെ ഞങ്ങൾ നടന്നു.

### വരികൾ

'മുട്ടി മാഴ്കീടും നാദ.........
.................ദുഃഖഭാരത്താൽ മാത്രം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കഴ | = | വയലിൽ വെള്ളം കടത്തുന്ന തൂമ്പ് |
| ചെള്ള | = | ചെളി |
| ഉഷസ്സ് | = | പുലർക്കാലം |

### ആശയ വിശദീകരണം

അകലെയെവിടെയോ വയലിൽ വെള്ളം കടത്തുന്ന തൂമ്പ് പൊട്ടി. വെള്ളം കുത്തിയൊഴുകി വരുന്ന ശബ്ദം കേൾക്കുന്നു. ചെളിയിൽ കാൽതെറ്റുന്നു. കുടയെ കൂസാതെ മഴ ആർത്തുപെയ്യുന്നു. ശക്തമായ മഴ നനഞ്ഞുകൊണ്ട് നടന്നു. ഇപ്പോൾ മുൾക്കാടിനു തുല്യമായിരിക്കുന്നു ദാമ്പത്യം. ദാമ്പത്യത്തിന്റെ ആദ്യകാലം കവി പെട്ടെന്നോർത്തു. അത് ഒരു മഞ്ഞുകാലത്തിലാണ്. ദാമ്പത്യം അന്ന് ഏറെ ഹൃദ്യവും പ്രിയങ്കരവുമായ റോസാപ്പൂക്കൾ നിറഞ്ഞ ഒരു പൂന്തോട്ടത്തിനു തുല്യം. വിടർന്ന പൂക്കളുമായി, നമ്മൾ പ്രിയങ്കരമായ ദുർഗാക്ഷേത്രത്തിൽ പോയി മടങ്ങിയ ഒരു സന്ദർഭം. നെല്ലിലെ ചില ചിലന്തിവലക്കെട്ടുകളിൽ മഞ്ഞുതുള്ളികൾ വീണു കിടക്കുന്നു. അത് പ്രഭാതത്തിന്റെ മുത്തുകട്ടകൾ പോലെ ചെരിഞ്ഞും ചാഞ്ഞും തിളങ്ങിക്കൊണ്ടിരിക്കുന്നു. നല്ലവണ്ണം തെളിഞ്ഞുകാണാമായിരുന്നു ഈ വരമ്പുകൾ. ഈ വരമ്പിലൂടെ ആഹ്ലാദത്തോടെ കവി മുന്നോട്ടു നടന്നു. അന്ന് തടിച്ച അരക്കെട്ടിന്റെ ഭാരംകൊണ്ട് കവിയ്ക്കൊപ്പം എത്താൻ ഭാര്യ വിഷമിച്ചു. എന്നാൽ, ഇന്ന് ദുഃഖഭാരംകൊണ്ട് കവി പിന്നിലായിരിക്കുന്നു.

### വരികൾ

"സാരി നീ ചെരിച്ചേറ്റിപ്പോകെ..................
...................ദയനീയരെന്നോർത്തിട്ടാവാം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചാരുവായ | = | മനോഹരമായ |
| പുണ്യവ്രത | = | പുണ്യവതി, സൽക്കർമ്മം മാത്രം ചെയ്യുന്നവൾ |
| നടക്കാവ് | = | നടവഴി |

### ആശയ വിശദീകരണം

നീ, സാരി ചെരിച്ച് ഉയർത്തിപ്പിടിച്ചുകൊണ്ടുനടന്നു. അപ്പോൾ, നിന്റെ മൃദുരോമങ്ങൾ നിറഞ്ഞ മനോഹരമായ കണങ്കാലുകൾ ഞാൻ കണ്ടു. എനിക്കു നിന്നോട് പാവം തോന്നി. പുണ്യവതേ, പൂവിരിച്ച നടക്കാവ് വിട്ടിട്ടു ചളിക്കുഴമ്പു നിറഞ്ഞ വരമ്പുകൾ, എന്തിനാണ് നീ സ്വീകരിച്ചത്? വരമ്പായ വരമ്പിൻ ദ്വാരങ്ങളിലെല്ലാം ഞണ്ടുകൾ മഴയെ സ്വാഗതം ചെയ്തു നില്ക്കുന്നു. സ്നേഹവൈകൃതം കൊണ്ട് തമ്മിൽ പരിക്കുപറ്റിയ ദയനീയരാണ് നമ്മൾ എന്നോർത്തിട്ടാവാം, അവ നമ്മെ കടിച്ചില്ല.

### വരികൾ

'നേരമേഴരയായി.................
..........സ്നേഹത്തിന്നഗാധത'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദുഷ്പ്രാപ്യം | = | പ്രാപിക്കാൻ പ്രയാസമായത് |
| മൃതി | = | മരണം |

### ആശയ വിശദീകരണം

നേരം ഏഴരയായി. പാടത്തിന്റെ പടിഞ്ഞാറെത്തീരം അപ്പോഴും വളരെ ദൂരെയാണ്. എത്തിച്ചേരാൻ കഴിയാത്തവിധം അത് അകലെ നിലകൊള്ളുന്നു. ഒരുവിധത്തിൽ, ഞങ്ങൾ പതുക്കെ നടന്നു. ഒടുവിൽ ഞാൻ, പണ്ട്, വയലിന്റെ സീമന്തമായ് വർണിച്ച ഒരു കൈത്തോട്ടിന്റെ

തടത്തിലെത്തി. അന്ന്, ഒരു മരപ്പലക പാലമായി അവിടെയുണ്ടായിരുന്നു. ജലത്തിന്റെ കുത്തൊഴുക്കിൽ ഇപ്പോഴത് വലിച്ചെറിയപ്പെട്ടിട്ടുണ്ടാവാം. നീ തടഞ്ഞെങ്കിലും കഷ്ടിച്ചതിലേ കടക്കാമെന്നു ഞാൻ പറഞ്ഞു. തോട്ടിൽ കാലുകൊണ്ട് ആഴം നോക്കി പതുക്കെ ഞാനിറങ്ങി. നൂറുനൂറിഴ കൂട്ടിപ്പിരിച്ച കയർപോലെ, ആ നീരൊഴുക്ക് എന്നെ ച്ചുറ്റിപ്പിടിച്ചു മറിച്ചു. പെട്ടെന്ന്, നിന്റെ കണ്ണുകൾ വിതുമ്പിത്തുളുമ്പിയത്, നീ കരഞ്ഞത് ഞാൻ കണ്ടു. അതിൽ, ക്രൂരമായ മരണത്തെ ദ്രവിപ്പിക്കുന്ന സ്നേഹത്തിന്റെ അഗാധതയുണ്ടായിരുന്നു.

## വരികൾ

'ഒരുമാതിരി തീരംപറ്റി.....................
..............ത്തോല്വി സമ്മതിച്ചാലോ?'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിർവികാരം | = | വികാരമില്ലാത്ത |
| ഈറൻ | = | നനഞ്ഞ |
| വൈക്ലബ്യം | = | സങ്കടം, ദുഃഖം |

## ആശയ വിശദീകരണം

കുറെ പ്രയാസപ്പെട്ട്, ഒരുവിധം ഞാൻ കരയ്ക്കെത്തി. വെള്ളത്തിന്റെ പരിഹാസം പോലെ, എന്റെ മുണ്ടും, കുപ്പായവും ചെളിനിറമായി. ദുഃഖത്തിലും അതുകണ്ട് നമ്മൾ ചിരിച്ചു. ഇതെല്ലാം കണ്ടുകൊണ്ട് തെക്കേ തുരുത്തിൽ ഒരു പയ്യൻ കല്ലുപോലെ ഇരിക്കുന്നു. ഈ പുതിയ തലമുറ, എത്ര നിർവികാരമാണ്. ഇത്തിരി ദൂരേക്ക് മാറിനിന്നുകൊണ്ട് നമ്മൾ നനഞ്ഞ വസ്ത്രങ്ങൾ മാറ്റി. നിന്റെ തോൾ സഞ്ചിയിൽ കുളിച്ചു തൊഴാൻ വെച്ച എന്റെ മുണ്ട് ഉണ്ടായിരുന്നു. അതുകൊണ്ട് ഞാൻ ഈറൻ നീക്കി. എന്റെ മനസ്സിന്റെ വൈക്ലബ്യവും മാറിക്കിട്ടി. വീട്ടിലേക്ക് മടങ്ങിപ്പോകാം എന്നു നമ്മൾ ചിന്തിച്ചാലും, തുടങ്ങിവെച്ചാൽ പിന്നെ തോൽവി സമ്മതിക്കുന്നത് ശരിയാണോ?

## വരികൾ

'തൊഴുവാൻ പറ്റാഞ്ഞാലോ?............
.......................തീർഥവും പ്രസാദവും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആസ്തികൻ | = | ദൈവ വിശ്വാസമുള്ളവൻ |
| പൂകുക | = | പ്രവേശിക്കുക |
| ശുകരമ്യമാം | = | പച്ച തത്തയുടെ ഭംഗിയാർന്ന |
| പ്രകൃതീശ്വരി | = | പ്രകൃതിദേവി, ഭൂമിദേവി |

## ആശയ വിശദീകരണം

(ഭാര്യ നല്കിയ വസ്ത്രം കൊണ്ട് ഈറൻ നീക്കി. മനസ്സിന്റെ വൈക്ലബ്യം മാറിയപ്പോൾ കവി ഒരു ഭൂതകാലം ഓർത്തു). തൊഴാൻ പറ്റാതെ വന്നാലോ? ഞാനോർത്തു. വിവാഹത്തിന് മുമ്പ് ഒരുനാൾ അവൾ ചോദിച്ചു: 'ആസ്തികനല്ലേ താങ്കൾ?' അല്ലെന്നും ആണെന്നുമുള്ള മട്ടിൽ ഞാനൊഴിഞ്ഞു. നീ പിന്നീടെന്നെ പതുക്കെ നിനക്ക് പ്രിയപ്പെട്ട ദുർഗാലയത്തിൽ എത്തിച്ചു. ആറുമൈലോളം ദൂരെ, ആ ക്ഷേത്രം കാണാം. തെങ്ങിൻനിരകൾക്ക് വടക്കുഭാഗത്താണത്. നീരാടുന്ന ആനകൾ പോലെയുള്ള പാറകൾക്കപ്പുറത്താണത്. മൂന്നു ഭാഗത്തും സ്വരലോലയായ ചോല കാണാം. നടയ്ക്കൽ വൃദ്ധനായ ഒരു അരയാലുമുണ്ട്. ചുറ്റിലും വാഴത്തോപ്പും, ശുകരമ്യമാം പുഞ്ചപ്പാടവുമുണ്ട്. നീരാവിയാൽ പുകയുന്ന നീലക്കുന്നിൻ നിരയും ചേർന്നു കാണുന്നതാണ് ആ ക്ഷേത്രം. ഭാര്യയോടൊപ്പം സ്നേഹപൂർവ്വം ക്ഷേത്രത്തിൽ ചെന്നിരുന്ന എനിയ്ക്ക് പ്രകൃതീദേവിയുടെ പുണ്യജലവും ആനുകൂല്യങ്ങളും കിട്ടിയിരുന്നു. ദാരിദ്ര്യത്തിലും നമുക്ക് ദേവി സമാധാനം തന്നിരുന്നു. അന്ന് അവിടം അനുഗ്രഹത്തിന്റെ ഇടമായിരുന്നു. കവി വിപരീതങ്ങളെ, ദൈ്വതങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് അവയുടെ സാകല്യമാണ് ജീവിതം എന്ന ദർശനം പകർന്നു തരുന്നു.

## വരികൾ

'ദുർഗതിയിലും ശാന്തി............
.............എങ്കിലും പോയേ പറ്റൂ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കരിംകാർ മുടി | = | കാർമേഘമാകുന്ന കറുത്ത മുടി |
| ജാരൻ | = | വൃദ്ധൻ |
| കുരുതി | = | രക്തം |
| പട്ടട | = | മരിച്ച വരെ സംസ്കരിക്കുന്ന ഇടം, ചുടുകാട് |
| നിഭൃതം | = | രഹസ്യമായി, സാവധാനം |

### ആശയ വിശദീകരണം

വനപർവ്വതാദി ദുർഗ്ഗമസ്ഥാനങ്ങളിൽ വസിക്കുന്നവളാണ് ദുർഗ്ഗ. ആ ദുർഗ്ഗ, ഈ കാലവർഷ സമയത്ത് മനുഷ്യർക്ക് സ്വയം കയറാൻ വെച്ച പാലം പോലും വെള്ളത്തിൽ മുക്കിക്കളഞ്ഞു. ശക്തമായ കാറ്റിൽ വൃദ്ധനായ അരയാൽ പോലും ഇപ്പോൾ ഞെട്ടി വിറയ്ക്കുന്നുണ്ടാകും. അതിശക്തമായ കാറ്റിൽ ആ ദുർഗ്ഗ, കാർമേഘമാകുന്ന തലമുടിയെ അടിച്ചു ചിതറിച്ചുകൊണ്ട് കോപിച്ചിരിക്കയാവും. കുന്നിന്റെ ചോലകളാകുന്ന രക്തം കുടിച്ചു കൊണ്ട് അലറിക്കൊണ്ടു നിന്ന് നൃത്തം ചെയ്യുന്നുണ്ടാവാം. പച്ചവിറകു കൊണ്ട് മരിച്ചവരെ സംസ്കരിക്കുന്ന ചുടുകാട്ടിൽ നിന്ന് പുക ഉയരുന്നതു പോലെ, തൊട്ടടുത്തുള്ള കുന്നുകളിൽനിന്ന് സാവധാനം പുക ഉയരുന്നുണ്ടാവാം. അങ്ങനെയുള്ള ഈ നേരത്ത്, പരസ്പരം മനസ്സും കറുപ്പിച്ചുകൊണ്ട് നമ്മൾ വീണ്ടും ക്ഷേത്രത്തിൽ ചെന്നാൽ എങ്ങനെ ശരിയാവും? എങ്കിലും നമുക്ക് പോയേപറ്റൂ.

### വരികൾ

'പോയി നാം വീണ്ടും...................
..............മുന്നേപ്പോൽ നിലവായി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| കൃശം | = | ഇടുങ്ങിയ |
| കണ്ഠം | = | കഴുത്ത് |
| കഴ | = | വെള്ളം കടത്തുന്ന തൂമ്പ് |

### ആശയ വിശദീകരണം

ഞങ്ങൾ വീണ്ടും നേർത്ത വരമ്പിലൂടെ മുന്നോട്ടുപോയി. ജീവൻ തന്നെ അപകടപ്പെട്ടു പോകാവുന്ന ഒരു കൈത്തോടിന്റെ ഇടുങ്ങിയ കഴുത്ത്. തോടിന്റെ ചാടിക്കടക്കാൻ പറ്റിയ ചെറിയ ഭാഗം നോക്കി നടന്നു. അക്കഴ ലംഘിച്ചു; ആ വയലിൽ വെള്ളം കടത്തുന്ന തൂമ്പ് ഞാൻ ചാടി. അപ്പുറത്ത് വയൽ കാണുന്നില്ല. വരമ്പും കാണുന്നില്ല. എല്ലായിടത്തും വെള്ളം മാത്രം. നിനക്ക് ചാടാൻ പോലും കഴിഞ്ഞില്ല. വെള്ളം ചുഴികുത്തി ഒഴുകുന്ന ആ തോടു താണ്ടി, ഭയപ്പെട്ടു നിന്ന നിന്റെ അരികിൽ വീണ്ടും ഞാൻ തിരിച്ചെത്തി. അപ്പോഴും കാണാം തെക്കേത്തുരുത്തിൽ കരിങ്കല്ലു പോലെ ആ കൊച്ചൻ നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. എന്തൊരു ലോകമാണിത്. നമ്മൾ തിരിച്ചുനടന്ന്, നനഞ്ഞവസ്ത്രം മാറ്റിയ സ്ഥലത്ത് വീണ്ടും പോയി നിന്നു.

### വരികൾ

'ചുരുങ്ങീ മഴയെല്ലാം.......................
.........................ഇങ്ങനെയാ ഫലം'

### ആശയ വിശദീകരണം

മഴ കുറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു 'ആകാശത്തിൽ ചുളിഞ്ഞ പുരികം പോലുള്ളൊരാമേഘം നോക്കൂ.' സന്ദർഭത്തിനിണങ്ങാത്തതാണ് എന്റെ കവിചാപലം എന്ന് നിനക്ക് തോന്നി. അതുകേട്ട്, മുകളിലേക്ക് താല്പര്യമില്ലാതെ കണ്ണുയർത്തി നോക്കിയിട്ട് നീയൊന്നുമൂളി. ആ മൂളലിൽ നിന്ദ (അനാദരവ്, അപമാനിക്കൽ) ഉണ്ടായിരുന്നു. നിന്റെ യാഥാർത്ഥ്യവും എന്റെ സങ്കല്പവും തമ്മിൽ എങ്ങനെ യോജിക്കാനാണ്? നീയിപ്പോഴും മനസ്സിൽ പറയുന്നത്, "മനസ്സില്ലാമനസ്സോടെ തൊഴാൻ പോന്നാൽ ഇങ്ങനെയായിരിക്കും ഫലം' എന്നാണല്ലോ.

### വരികൾ

'എൻമനം നിവേദി.....................
............ മുട്ടാതെയിരുന്നെങ്കിൽ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിവേദിച്ചു | = | സമർപ്പിച്ചു |
| നാസ്തികൻ | = | ദൈവവിശ്വാസം ഇല്ലാത്തവൻ |

## ആശയ വിശദീകരണം

എന്റെ മനസ്സു പറഞ്ഞു നീയാണ് ബസ്സ് കിട്ടാതാക്കിയത്. എന്റെ അമ്പലപ്രാവേ, വയലാണ് ഇന്ന് നമ്മുടെ തീർഥസ്ഥലം. ഭാര്യയുടെ അഭിപ്രായം നേരത്തേ തന്നെ ഇങ്ങനെയായിരുന്നു. സാധാരണ ഗ്രാമീണരായ ദമ്പതിമാരാണ് വീട്ടുവഴക്കിടുമ്പോൾ ഒച്ചയുണ്ടാക്കുന്നത്. വഴക്കടിക്കുമ്പോൾ നഗരത്തിൽ ജീവിക്കുന്നവർ മൂകശീതസമരമാണ് ചെയ്യുക. ദാമ്പത്യജീവിതത്തിൽ എന്തൊക്കെ നിയമങ്ങളാണ് അനുസരിക്കേണ്ടത്. എത്രത്തോളം നയപരമായി ഇടപെടണം, എത്രമാത്രം അഭിനയിക്കണം. വഴക്കടിച്ച് വഴക്കടിച്ച് നമ്മൾ ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത പലതും വിളിച്ചുപറയും. ആ അഴുക്കുകൾ തിരഞ്ഞ്, തിരഞ്ഞ് ജീവിതത്തിലെ നരകത്തിൽ എത്തിച്ചേരും (വഴക്കിന്റെ മൂർദ്ധന്യത്തിൽ പരസ്പരം വെറുക്കാൻ തുടങ്ങും). ദയയില്ലാത്ത ഈ ലോകത്തിൽ ഒറ്റപ്പെട്ടവരാണ് നമ്മൾ. അതുമാത്രമല്ല, നമ്മൾ തമ്മിൽ തമ്മിലും ഒറ്റപ്പെട്ടവരാണ്. ഈ ഭൂമിയിൽ നാം ജനിക്കാതിരുന്നെങ്കിൽ എന്ന് കവി ആശിക്കുന്നു. സ്നേഹിക്കുവാനും പിന്നെ വെറുക്കാനും വേണ്ടി തമ്മിൽ കണ്ടുമുട്ടാതെയിരുന്നെങ്കിൽ എന്നും കവി ആശിച്ചുപോകുന്നു. അവർ അഴുക്കുകൾ പരതി നരകത്തിന്റെ വക്കിൽ എത്തിയിരിക്കുന്നു. ആ ദമ്പതിമാരുടെ മാനസികസംഘർഷം വർദ്ധിച്ചിരിക്കുന്നു. അത് തെളിയിക്കുന്നതാണ് ഈ വരികൾ.

## വരികൾ

'കണ്ടു നാം കിഴക്കുനിന്നെ....................
.............ജലോപരിനടക്കുന്നതുപോലെ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| സ്വീയമാം | = | തങ്ങളുടേതായ |
| മഗ്നമായ | = | മറക്കപ്പെട്ട |
| പുമാൻ | = | പുരുഷൻ |
| ജലോപരി | = | ജലത്തിനു മുകളിൽ |

## ആശയ വിശദീകരണം

ആ സമയത്ത് രണ്ടുപേർ, സാധാരണ ഗ്രാമീണ മിഥുനങ്ങൾ, കിഴക്കുനിന്ന് നടന്നു വരുന്നത് കണ്ടു. പ്രായക്കൂടുതലുണ്ടെങ്കിലും അദ്ധ്വാനം കൊണ്ടുള്ള ശരീരബലം അവരിൽ കാണാം. അതുകൊണ്ടുതന്നെ, വേഗത്തിൽ നടന്ന് അവർ അടുത്തെത്തി. അനായാസമായി അവർ ആ തോടിന്റെ കുപ്പിക്കഴുത്തു ചാടിക്കടന്നു. അടുത്ത തടത്തിൽ എത്തി. ആ പുരുഷൻ പെണ്ണാളുടെ കൈപിടിച്ച് അവളെയും അപ്പുറത്തെത്തിച്ചു. അല്പവും സംശയിക്കാതെ, തികച്ചും സാധാരണമായി സ്നേഹത്തോടുകൂടെ, അനാർഭാടമായി അവർ അതുചെയ്തു. രക്ഷകനെത്തേടി, കിഴക്കുനിന്ന് വന്ന ജ്ഞാനികളായ രാജാക്കന്മാരുടെ വരവിനെ ഓർമ്മപ്പെടുത്തുന്ന ബൈബിളിലെ സൂചന, ജലത്തിനുമീതേ നടന്ന ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന സാധാരണ ഗ്രാമീണന്റെ യാത്ര എന്നിവ കവിതയ്ക്ക് പുതിയ അർത്ഥതലം സമ്മാനിക്കുന്നു. ആ മദ്ധ്യവർഗ്ഗ ദമ്പതിമാർക്ക് മാർഗ്ഗദർശകമായ ഒരു കാഴ്ചയായിരുന്നു അത്. മണ്ണിന്റെ മക്കളായ, സാധാരണ ഗ്രാമീണദമ്പതിമാർ ഐക്യത്തിന്റെ, സ്നേഹത്തിന്റെ മാതൃകയാകുന്ന വലിയൊരു സന്ദേശം/മാതൃക കവിയ്ക്ക് പകർന്നു നല്കി.

## വരികൾ

'അങ്ങനെ ചെയ്തുനാമും.................
...........................കൈതപ്പൂംപരിമളം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കിടങ്ങ് | = | വലിയ കുഴി |
| ഗഗനം | = | ആകാശം |
| മേഘച്ചിറ | = | മേഘമാകുന്ന ചെറിയ അണക്കെട്ട് |
| ഇമ്പാച്ചി | = | ഭയപ്പെടുത്തുന്ന |

## ആശയ വിശദീകരണം

അവരെപ്പോലെ, നമ്മളും അങ്ങിനെ ചെയ്തു. ഞാൻ ആ കിടങ്ങ് ആദ്യം ചാടിക്കടന്നു. നിന്റെ കൈപിടിച്ച് ശ്രമപ്പെട്ടാണെങ്കിലും നിന്നെയും മറുകര കടത്തി. ആകാശത്തിലെ മേഘച്ചിറയിപ്പൊഴേ പൊട്ടും (ശക്തമായ മഴപെയ്യും), ഗതിയില്ലാതെ നമ്മൾ വലയും എന്നു കരുതി. എങ്കിലും ഒന്നുമുണ്ടായില്ല. ആ മഴ പെയ്തില്ല. ദൈവത്തിനു നന്ദിയുണ്ട്. ആ മുങ്ങിത്താണ വരമ്പിൽ കാൽ വെച്ചുകൊണ്ട് നമ്മൾ നടന്നു. വിരുതിൽ സമർത്ഥരെപ്പോലെ പോയി, ആ ഗ്രാമീണ മിഥുനങ്ങളെ മാതൃകയാക്കിയപ്പോൾ ഞങ്ങളുടെ കണ്ണീരാണ്ട ജീവിതത്തിന്റെ വിഷമപദപ്രശ്നം എളുപ്പമായിത്തീർന്നു. നീളമേറിയ, വലിയ വരമ്പിൽ കയറി നമ്മൾ മുന്നോട്ടു നടക്കുമ്പോൾ, ഒടുവിൽ ആ കാർമേഘത്തിന്റെ ഇമ്പാച്ചി (പേടിപ്പിക്കുന്ന) മുഖഭാവം മഴയായും ചിരിയായും, ചാലിട്ടു നൂറായിരം വഴിയായി പായുന്ന നീറ്റിൻ (ജലത്തിൻ) കളഗാനമായും മാറി. നമ്മുടെ മനസ്സിലും ആ ഗാനം മാറ്റൊലിക്കൊണ്ടു. കൈതപ്പൂവിന്റെ പരിമളം കുളിർകാറ്റിൽ പാറിനടന്നു.

## വരികൾ

'എങ്ങുപോ,യുദാത്തനാ..........
...............................യാദുർഗയെ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കാപ്യമറേത്ത് | = | കാപ്പിയാകുന്ന അമൃതേത്ത് |
| അമൃത് | = | ദേവന്മാരുടെ ഭക്ഷണമാണ് |
| ചിന്നം | = | മുറിക്കപ്പെട്ട, ക്ഷീണിച്ച |
| ദുഃഖയെ | = | സങ്കടം, വേദന തന്നവളെ |

## ആശയ വിശദീകരണം

തന്റെ കുടുംബിനിയെ-ഭാര്യയെ-കൊണ്ടുപോയ ഉദാത്തനായ ആ ഗ്രാമീണൻ എവിടേക്കു പോയി? ദാമ്പത്യപ്രേമത്തിന്റെ അഭിമാനകരമായ പുതിയ പ്രകാശത്താൽ മഴവില്ലു തീർത്ത അയാളെ ഞാൻ ശ്രദ്ധിച്ച് പിൻതുടരും, അനുകരിക്കും. (പട്ടണത്തിൽ ജീവിക്കുന്ന, വിദ്യാഭ്യാസവും ഉയർന്നജോലിയുമുള്ള ഏതൊരാളെക്കാളും നന്മയുള്ളവർ ഗ്രാമീണരാണ്. അവരെ മാതൃകയാക്കിയാൽ ദാമ്പത്യ ജീവിതത്തിൽ വലിയ പ്രതിസന്ധികളുണ്ടാവില്ല എന്ന് സൂചന). അപ്പോഴതാ, നമ്മുടെ തിരുമേനി, നേരത്തേ പെയ്ത മഴയുടെ കൃഷിപ്പണി നോക്കാൻ എത്തിയിരിക്കുന്നു. തിരുമേനി കുളിച്ചു കുറിയിട്ടിരിക്കുന്നു. ശുഭവസ്ത്രവും ധരിച്ചിരിക്കുന്നു. നമ്മൾ അദ്ദേഹത്തിനും മാപ്പു നൽകി. (സൂര്യൻ കുറച്ചുകൂടി നേരത്തെ വന്നിരുന്നുവെങ്കിൽ മഴ ഇത്രയധികം കുഴപ്പം സൃഷ്ടിക്കില്ലായിരുന്നു എന്ന് സൂചന). നമ്മുടെ സന്തോഷം നശിപ്പിച്ച, നമുക്ക് ദുഃഖം തന്ന് വേദനിപ്പിച്ച, ആ ദുർഗയെ നമ്മൾ പിന്നെച്ചെന്നു വണങ്ങി.

## കാവ്യാവലോകനം

ഗാർഹസ്ഥ്യജീവിതത്തിന്റെ യാഥാതഥാവിഷ്കാരമാണ് വൈലോപ്പിള്ളിയുടെ കണ്ണീർപ്പാടം കവിത. ജീവിതത്തിന്റെ മധുരതരമായ അസ്വാസ്ഥ്യങ്ങളെ വളരെ ഹൃദ്യമായി കവിതയിൽ അവതരിപ്പിക്കുന്നു. ആഗ്രഹത്തോടെ ഒരുമിച്ചെങ്കിലും ഒന്നിച്ചു ജീവിക്കാനാവാതെ വേർപിരിഞ്ഞ ദമ്പതികളുടെ ജീവചരിത്രം കൂടിയാണ് കവിയുടെ ആത്മാംശമുള്ള ഈ കവിത. എഴുതിയ കാലത്തിലെന്നപോലെ ഇന്നും പ്രസക്തമാണു കണ്ണീർപ്പാടത്തിലെ കണ്ണുനീർ. വീണ്ടുമൊരു മഴക്കാലത്ത് ആറുകളും തോടുകളും നിറഞ്ഞു കവിയുകയും തടിപ്പാലങ്ങൾ തകരുകയും ചെയ്യുന്ന സമയത്ത് യാത്ര ചെയ്യുന്ന ദമ്പതികൾ ലോകത്തിൽ നിന്നും ഒറ്റപ്പെട്ടതിനൊപ്പം പരസ്പരം ആശ്രയമാകാൻ കഴിയാതെ വരുകയും ചെയ്യുന്നു. ഒറ്റപ്പെട്ടവരുടെ ഏകാന്തതയും വിരഹവും ഈ കവിത തുറന്നുകാട്ടുന്നു. ഭാര്യാഭർത്താക്കന്മാർക്കിടയിൽ സാധാരണ സംഭവിക്കാവുന്ന ഒരു സൗന്ദര്യപ്പിണക്കത്തിലാണു കവിത തുടങ്ങുന്നത്. തോടിന്റെ ഇരുകരകളിലായി നിലകൊള്ളുമ്പോൾ അയാളുടെ മനസ്സിൽ അവർ തമ്മിലുള്ള വിയോജിപ്പിന്റെ കാരണങ്ങൾ ഒന്നൊന്നായി വ്യക്തമാകുന്നു. ഇതിനിടെ, കിഴക്കുനിന്നു വന്ന രണ്ടുപേരെ അവർ കാണുന്നു. വേഗത്തിൽ ദൃഢതയോടെ നടക്കുന്ന ഗ്രാമീണദമ്പതികൾ. അവർ തെല്ലും ബുദ്ധിമുട്ടാതെ തോടു മുറിച്ചുകടന്ന് വരമ്പിൽ ചെന്നുപറ്റുന്നു. ഭാര്യയു

ടെ കൈ പിടിച്ച് അക്കരെ കടത്തുന്നതു ഭർത്താവ്. ആ കാഴ്ചയുടെ ഉത്സാഹത്തിൽ അയാൾ കൈ പിടിച്ചു ഭാര്യയെ അക്കരയെത്തിക്കുന്നു. അങ്ങനെ കണ്ണീരാണ്ട ജീവിതത്തിന്റെ വിഷമപദപ്രശ്നം എളുപ്പത്തിൽ പരിഹരിക്കുന്നുണ്ടെങ്കിലും യാത്രയിലുടനീളം നിലനിന്ന വിയോജിപ്പുകളും അഭിപ്രായവ്യത്യാസങ്ങളും മാറ്റമില്ലാതെ തുടരുന്നു. അതവരുടെ ഒരിമിച്ചുള്ള ജീവിതം അസാധ്യമാക്കുന്നു

## Recap

- ബസ്സു കിട്ടാതെ വർഷകാല പാടവരമ്പിലൂടെ നടക്കാൻ തുടങ്ങുന്നു
- തമ്മിൽ ഇഷ്ടമെങ്കിലും സ്വാർത്ഥതയും അസൂയയും കൊണ്ട് കറുത്ത മനസ്സുമായി നടക്കുന്ന രണ്ടുപേർ
- മുൾക്കാടായ ദാമ്പത്യം
- കൈത്തോട് ചാടിക്കടക്കാൻ നോക്കുന്ന കവി കുത്തൊഴുക്കിൽ താഴെ വീഴുന്നു
- യാത്രയിൽ നേരിട്ട പ്രശ്നങ്ങളെക്കുറിച്ച് പരസ്പരം കുറ്റപ്പെടുത്തുന്ന കവിയും ഭാര്യയും
- ഗ്രാമീണ മിഥുനങ്ങൾ കിഴക്കുനിന്നു വന്നു എളുപ്പത്തിൽ കൈത്തോട് ചാടിക്കടക്കുന്നു
- അവരെ അനുകരിച്ചു കവിയും ഭാര്യയും കൈത്തോട് മറികടക്കുന്നു
- ദാമ്പത്യപ്രേമത്തിന്റെ മഴവില്ല് കവിയുടെ മനസ്സിൽ ഉദിക്കുന്നു. സൂര്യൻ കിഴക്ക് തെളിയുന്നു
- ക്ഷേത്രത്തിലേക്ക് സന്തോഷത്തോടെ പോകുന്ന കവിയും ഭാര്യയും

## Objective Type Questions

1. 'സവിഷാദംനിന്നു നാമാലിൻ ചോട്ടിൽ'
   ആരൊക്കെയാണ് ആലിൻചോട്ടിൽ വിഷാദിച്ചു നിന്നത്? എന്തുകൊണ്ട്?
2. 'ദൂരം താണ്ടണമങ്ങോട്ടേക്കു നാഴിക രണ്ടോ മൂന്നോ' – എവിടേക്ക്?
3. 'പല പോത്തിനെച്ചേർത്തു പൂട്ടിന ചളിപ്പാടം പോലെയുണ്ടുഷച്ചോപ്പിൽ'എന്തിനെക്കുറിച്ചാണ് ഈ പരാമർശം?
4. 'കാലിടറവേ നീങ്ങും മുഗ്ദ്ധമാം രണ്ടാത്മാക്കൾ' ആരെക്കുറിച്ചുള്ള സൂചനയാണിത്?
5. 'മുട്ടിമാഴ്കീടും നാദം' എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്?
6. 'ഒപ്പമെത്തുവാൻ കേണാൾ നീപഥുനിതംബിനി, ഇപ്പോഴോ ഞാൻ പിന്നിലായ്'കവി പിന്നിലായിപ്പോയത് എന്തുകൊണ്ട്?
7. 'നീ വരിച്ചല്ലോ ചളിക്കുഴമ്പു വരമ്പുകൾ – ആരെക്കുറിച്ചാണ് ഈ പരാമർശം'?
8. 'ഇറുക്കീലവ നമ്മെ,' കവിയെയും ഭാര്യയെയും ഞണ്ടുകൾ ഇറുക്കാതിരുന്നത് എന്തുകൊണ്ട്?

9. 'ജലത്തിന്റെ ലീലയാലെങ്ങോ വലിച്ചെറിയപ്പെട്ടിട്ടുണ്ടാം' എന്തിനെക്കുറിച്ചാണ് ഈ പരാമർശം?
10. 'നീരൊഴുക്കെന്നെച്ചുറ്റിപ്പിടിച്ചു മറിക്കവേ' എപ്രകാരമാണ് കവിയെ ചുറ്റിപ്പിടിച്ചു മറിച്ചത്?
11. 'ചിരിച്ചു വ്യഥയിൽ നാം.'- എന്തുകൊണ്ടാണ് അവർ വ്യഥയിലും ചിരിച്ചത്?
12. 'എത്ര നിർവികാരമിപ്പുതുതാം തലമുറ.' ആരെക്കുറിച്ചാണ് ഈ സൂചന?
13. 'കുന്നിൽ ചോലക്കുരുതി കുടിച്ചു നിന്നലറിയാടുന്നത്' ആര്?
14. 'തോടു ഞാൻ വീണ്ടും താണ്ടി ഭീരു നിന്നടുത്തെത്തി' ആരെയാണ് ഭീരു എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
15. 'നിന്ദയുണ്ടാമൂളലിൽ'-ആരുടെ മൂളലിൽ?
16. 'പാടം നമുക്കു തീർഥസ്ഥാനം!' - ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്?
17. 'നാസ്തികനല്ലേ താങ്കൾ?' ആര്, ആരോട് ചോദിച്ചത്?
18. 'സ്വീയമാം നടത്തത്താൽ മാത്രയിലടുത്തെത്തി'. ആരെക്കുറിച്ചാണ് ഈ സൂചന?
19. 'അത്രയുമനാർഭാടമായവരതു ചെയ്തു'. എന്തു ചെയ്തുവെന്നാണ് ഈ സൂചന?
20. 'അങ്ങനെ ചെയ്തു നാമും.'- നമ്മൾ അങ്ങനെ ചെയ്തതെന്ത്?
21. 'എങ്ങുപോയുദാത്തനാഗ്രാമീണൻ' ആ ഗ്രാമീണനെ അന്വേഷിച്ചത് ആരാണ്?
22. 'മാപ്പു നൽകി നാമദ്ദേഹത്തിനും'. മാപ്പു നൽകിയത് ആർക്കാണ്? എന്തിനാണ് മാപ്പു നൽകിയത്?

## Answers to Objective Type Questions

1. കവിയും, ഭാര്യയും. ബസ്സുകിട്ടാത്തതു കൊണ്ട്
2. ബസ്സ്റ്റാൻഡിലേക്ക്
3. ആകാശത്തെക്കുറിച്ച്
4. കവിയെയും ഭാര്യയെയും
5. വയലിൽ വെള്ളം കടത്തുന്ന ഏതോ തൂമ്പ് പൊട്ടിയ ഭയപ്പെടുത്തുന്ന മുഴക്കം
6. ദുഃഖഭാരത്താൽ കവിയിന്ന് പുറകിലായിപ്പോയി
7. കവിയുടെ ഭാര്യയെക്കുറിച്ച്
8. സ്നേഹ വൈകൃതത്താൽ മുറിവേറ്റവരാണ് എന്നുകരുതി ഞണ്ടുകൾ ഇറുക്കാതെ വെറുതെ വിട്ടു
9. ഒരു പാലമായി ഉണ്ടായിരുന്ന മരപ്പലകയെക്കുറിച്ച്
10. നൂറുനൂറിഴ കൂട്ടിപ്പിരിച്ച കയർപോലെ
11. കവിയുടെ മുണ്ടും, കുപ്പായവും ചെളിനിറമായത് കണ്ട്
12. ഇതെല്ലാം കണ്ട് കല്ലുപോലെ ഇരിക്കുന്ന ഒരു കൊച്ചനെക്കുറിച്ച്
13. ദുർഗ്ഗാദേവി
14. തോട് ചാടാൻ കഴിയാതിരുന്ന കവിയുടെ ഭാര്യയെ
15. കവിയുടെ ഭാര്യയുടെ മൂളലിൽ

16. കവി
17. കവിയുടെ ഭാര്യ കവിയോട് ചോദിക്കുന്നത്
18. കിഴക്കുനിന്നെത്തിയ ഗ്രാമീണ മിഥുനങ്ങളെക്കുറിച്ച്
19. ആ ഗ്രാമീണ മിഥുനങ്ങൾ തോടിന്റെ കുപ്പിക്കഴുത്തു ചാടിക്കടന്നു
20. ആ ഗ്രാമീണമിഥുനങ്ങൾ ചെയ്തപോലെ കിടങ്ങ് ചാടിക്കടന്നു
21. കവി തന്നെ
22. സൂര്യന്, വരാൻ വൈകിയതിന്

## Assignments

- വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ
- കണ്ണീർപ്പാടത്തിന് ആസ്വാദനം തയ്യാറാക്കുക.

## Reference


- ഡോ. എം. ലീലാവതി - കണ്ണീരും മഴവില്ലും - എസ്.പി.സി.എസ്, കോട്ടയം.
- ഡോ. എം. ലീലാവതി - മലയാളകവിതാ സാഹിത്യചരിത്രം - കേരള സാഹിത്യ അക്കാദമി, തൃശൂർ.
- ഡി.ബഞ്ചമിൻ - കാല്പനികത മലയാള കവിതയിൽ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
- നെല്ലിക്കൽ മുരളീധരൻ- കവിതയിലെ പുതുവഴികൾ, എൻ.ബി.എസ്.,കോട്ടയം
- എൻ. അജയകുമാർ - ആധുനികത മലയാളകവിതയിൽ - കറന്റ് ബുക്സ്, തൃശൂർ
- മേലത്ത് ചന്ദ്രശേഖരൻ - വൈലോപ്പിള്ളിക്കവിത -എസ്. പി. സി. എസ്, കോട്ടയം.


## E-content



വൈലോപ്പിള്ളി ശ്രീധരമേനോൻ

- വൈലോപ്പിള്ളി ശ്രീധരമേനോൻ, വിക്കിപീഡിയ https://ml.wikipedia.org/wiki/https://ml.wikipedia.org/wiki/വൈലോപ്പിള്ളി ശ്രീധരമേനോൻ
- കണ്ണീർപ്പാടം എന്ന കവിത കേൾക്കാൻ https://www.youtube.com/watch?v=JyDeyr4MYsc
- കണ്ണീർപ്പാടം കവിതയുടെ വരികൾ https://edu.kssp.in/2021/10/25/kanneerpaada

BLOCK-03

# നവകാല്പനിക പ്രവണതകൾ

# യൂണിറ്റ് - 1
# നിത്യമേഘം

**അക്കിത്തം അച്യുതൻ നമ്പൂതിരി**

## Learning Outcomes

- മാനുഷിക മൂല്യങ്ങളെ മുറുകെപിടിക്കുന്ന ദർശനങ്ങളിലധിഷ്ഠിതമായ ധാർമികത വെളിവാക്കുന്ന അക്കിത്തം കവിതകളെ പരിചയപ്പെടുന്നു
- ഭാരതീയസംസ്കാരത്തിന്റെ പൈതൃകം അക്കിത്തം കവിതകളുടെ അന്തർധാരയായി വർത്തിക്കുന്നു എന്ന് മനസ്സിലാക്കുന്നു
- കാളിദാസകവിതയുടെ ആത്മസത്തയെ മനസ്സിലാക്കാൻ 'നിത്യമേഘ'മെന്ന കവിതയെ വിലയിരുത്തുന്നു
- ആധുനിക കവികൾക്കിടയിൽ മനുഷ്യജീവിത ധാർമ്മികതയുടെ പ്രസക്തി മനസ്സിലാക്കിത്തരുന്ന അക്കിത്തം കവിതകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു

## Prerequisites

'വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം',

'ഒരു കണ്ണീർക്കണം മറ്റു -
ള്ളവർക്കായ് ഞാൻ പൊഴിക്കവെ
ഉദിക്കയാണെന്നാത്മാവിൽ
ആയിരം സൗരമണ്ഡലം'

ആധുനികതയുടെ പുതിയ ലോകത്തെ മലയാളിക്ക് പരിചയപ്പെടുത്തിയ പ്രസിദ്ധമായ ഈ വരികൾ അക്കിത്തം അച്യുതൻ നമ്പൂതിരിയുടേതാണ്. വിശ്വമാനവികതയുടെ കാവ്യാദ്വൈതമായി അദ്ദേഹത്തിന്റെ കൃതികൾ വിലയിരുത്താം. 'വെളിച്ചം ദുഃഖമാണുണ്ണീ.........' എന്ന വരികൾ കൊടിയ ഭക്ഷ്യക്ഷാമത്തിന്റെ കാലത്ത് വിശന്നുമരിച്ച കുഞ്ഞുങ്ങളെ ഓർത്തെഴുതിയതാണ്. ഭാവിപൗരനോടുള്ള ഓർമ്മപ്പെടുത്തലാണീ വരികൾ. കവിതകളും നാടകവും ചെറുകഥകളും ഉപന്യാസങ്ങളുമായി നാൽപ്പത്തിയാറോളം കൃതികൾ മഹാകവി അക്കിത്തത്തിന്റേതായുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ഭാഗവതം, നിമിഷക്ഷേത്രം, വെണ്ണക്കല്ലിന്റെ കഥ, ബലിദർശനം, മനസാക്ഷിയുടെ പൂക്കൾ, അക്കിത്തത്തിന്റെ തിരഞ്ഞെടുത്ത കവിതകൾ, പഞ്ചവർണക്കിളി, അരങ്ങേറ്റം, മധുവിധു, ഒരുകുല മുന്തിരിങ്ങ, കരതലാമലകം, പ്രതികാരദേവത, അമൃതഗാഥിക, മാനസപൂജ എന്നീ കവിതകളും ഉപനയനം, സമാവർത്തം എന്നീ ഉപന്യാസങ്ങളും അക്കിത്തത്തിന്റെ രചനകളാണ്. ബലിദർശനം എന്ന കൃതിക്ക് 1972-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1973-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, 1974 - ലെ ഓടക്കുഴൽ അവാർഡ്, സമഗ്ര സംഭാവനയ്ക്കുള്ള 2008-ലെ എഴുത്തച്ഛൻ പുരസ്കാരം, 2008- ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം, 2012- ലെ വയലാർ അവാർഡ്, 2016-ലെ എഴുത്തച്ഛൻ പുരസ്കാരം,

2014 -ലെ പത്മശ്രീ, മൂർത്തീ പുരസ്കാരം തുടങ്ങിയവ മഹാകവി അക്കിത്തത്തിന് ലഭിച്ചിട്ടുണ്ട്. പതിറ്റാണ്ടുകൾ നീണ്ട മഹത്തായ കാവ്യജീവിതത്തിനൊടുവിൽ 2019 -ലെ ജ്ഞാനപീഠ പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തി.

ഇ.എം.എസ്സിന്റെയും വി.ടിയുടെയും സഹയാത്രികനായിരുന്നയാൾ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ തൂത്തുമാറ്റാൻ പരിശ്രമിച്ച ഒരാൾ, അനാചാരങ്ങളെ ചൂലെടുത്ത് അടിക്കുന്ന ഭാഷയിൽ തല്ലിച്ചതച്ചയാൾ അതായിരുന്നു അക്കിത്തം. ക്ഷേത്രങ്ങളിലെ ധൂർത്തിനെയും ശരിയല്ലായ്മകളെയും വിമർശിച്ചെഴുതിയതാണ് 'എന്റെയല്ലെന്റയല്ലീക്കൊമ്പനാനകൾ'. പദപ്രയോഗം കൊണ്ട് മലയാളത്തിൽ സമാനതകൾ ഇല്ലാത്ത വരികൾ. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കൃതി കക്ഷിരാഷ്ട്രീയത്തിനപ്പുറമുള്ള രാഷ്ട്രീയമാണ് സംസാരിച്ചത്. ചോര ചിതറുന്ന രാഷ്ട്രീയ കലാപങ്ങളെ കവിതയിലൂടെ നിശിതമായി അദ്ദേഹം വിമർശിച്ചു. ഇസങ്ങൾക്കു വഴങ്ങാത്ത വിശാല മാനവികതയായിരുന്നു അക്കിത്തത്തിന്റെ ആദ്യകാല കവിതകളുടെ സ്വഭാവം. ചിരിക്കുന്ന മനുഷ്യന്റെ മറക്കാനുള്ള ശക്തിയെക്കുറിച്ചും കരയുന്ന മനുഷ്യന്റെ സഹജീവാനുകമ്പയെക്കുറിച്ചും അദ്ദേഹം കവിതയിൽ തുറന്നു കാട്ടി. കാലത്തെ മാറ്റിമറിച്ച ചിന്തകളും ഭാവനകളുമുണ്ടായ നാട്ടിലാണ് അക്കിത്തം ജീവിച്ചത്. നിരവധി ലോകതത്വങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ ദർശിക്കാം. നമ്പൂതിരി സമുദായത്തിലെ അനീതികൾ തുറന്നു കാട്ടിയ 'ഉണ്ണിനമ്പൂരി' മാസികയുടെ പ്രസാധകനായി. കവിത കൊണ്ടാണ് അക്കിത്തം നമ്പൂതിരി ശീലങ്ങളെ തിരുത്തിയത്. കാല്പനികതയിലും ആധുനികതയിലും അഭിരമിക്കുമ്പോഴും സ്നേഹത്തിലൂന്നിയ വിപ്ലവബോധമാണ് അദ്ദേഹത്തിൽ വേരൂന്നി നിന്നത്. നല്ല നാളേയ്ക്കു വേണ്ടിയാണെങ്കിലും അക്രമവും കൊലയും ത്യജിക്കേണ്ടതാണെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ചിലപ്പോൾ ആത്മോപഹാസത്തിലേക്കും മറ്റു ചിലപ്പോൾ ആക്ഷേപപരിഹാസത്തിലേക്കും അദ്ദേഹത്തിന്റെ കവിത സഞ്ചരിക്കാറുണ്ട്. കരുണയും സഹാനുഭൂതിയും നിറഞ്ഞതാണ് അക്കിത്തത്തിന്റെ പലകവിതകളും. മറ്റുള്ളവർക്കായി കണ്ണീർക്കണം പൊഴിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നതാണ് കവിയുടെ ഹൃദയം. കാളിദാസന്റെ മേഘസന്ദേശത്തെ അനുസ്മരിച്ചുകൊണ്ട് എഴുതിയ കവിതയാണ് 'നിത്യമേഘം'. കാളിദാസ കവിതയുടെ ആത്മസത്തയെ അക്കിത്തം നിത്യമേഘം എന്ന ബിംബത്തിലൂടെ അവതരിപ്പിക്കുന്നു.

## Keywords

കാല്പനികത - ആധുനികത - ആർഷഭാരത സംസ്കാരം - സമകാലിക ജീവിതം - കാളിദാസ കൃതിയുടെ പുനരാവിഷ്കരണം

## 3.1.1 Content

കാളിദാസന്റെ പ്രസിദ്ധ സന്ദേശകാവ്യമായ മേഘസന്ദേശത്തെ അവലംബമാക്കി എഴുതിയ കൃതിയാണ് 'നിത്യമേഘം'. വൈശ്രവണാശ്രിതനായ യക്ഷൻ ശാപമേറ്റ് ഒരാണ്ട് പ്രിയതമയെ പിരിഞ്ഞ് അകലെ രാമഗിരി ആശ്രമത്തിൽ പോയി പാർത്തു. പ്രിയാവിരഹദുഃഖത്താൽ പരവശനായ യക്ഷൻ മഴമേഘത്തോട് പ്രിയതമയ്ക്കുള്ള സന്ദേശം പറഞ്ഞു കൊടുക്കുന്നു. അതിനുള്ള വഴി പറഞ്ഞു കൊടുക്കൽ, നായികാ ഭവനം, വിരഹിണിയായ നായിക ഇവയെല്ലാം ഒത്തുചേർന്നതാണ് 'നിത്യമേഘം' എന്ന ഈ കാവ്യശില്പം.

### വരികൾ

'പ്രിയാ വിരഹദു:ഖ ...................

........................... മൂളൽ കേൾക്കവേ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അശ്രുബിന്ദു | = | കണ്ണുനീർ |
| ആഷാഢം | = | കർക്കിടകം |

### ആശയ വിശദീകരണം

വൈശ്രവണന്റെ ശാപത്താൽ പ്രിയതമ നഷ്ടപ്പെട്ട യക്ഷൻ രാമഗിരി വനത്തിൽ പാർത്തു. പ്രിയപ്പെട്ടവളെ പിരിഞ്ഞ വിരഹദുഃഖമാകുന്ന അഗ്നിയാൽ ഉണ്ടാകുന്ന പുകയും നിശ്വാസവായുവും ഉതിർത്ത് ഒരുപുരുഷ വിഗ്രഹം നിന്നു. ശ്രേഷ്ഠമായ രാമഗിര്യാശ്രമത്തിൽ നിബിഡമായ പച്ചപ്പിൽ വൃക്ഷഛായകൊണ്ട് നീലിമയാർന്ന കടുകപ്പാലകൾ പൂത്തു നിൽക്കുന്നു. ആടിമാസത്തിലെ കുളിർകാറ്റു വീശുന്ന ഒരു പുലർകാലത്ത് മലയടിവാരത്ത് നേർത്തൊഴുകുന്ന ഒരു കാട്ടുചോലയുടെ ശബ്ദം ( മൂളൽ) കേൾക്കുന്നു.

### വരികൾ

'മേവുന്ന മിഴി ..................................

......................... ഭാവക്കുരുന്നുകൾ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സാനു | = | താഴ്വര |
| തിണ്ടു കുത്തുന്ന | = | കൊമ്പുകുത്തുന്ന |
| കാന്തം | = | മനോഹരം |
| മനോഭവക്കുരുന്നുകൾ | = | ഭാവനയുടെ അങ്കുരങ്ങൾ |

### ആശയ വിശദീകരണം

വിരഹദു:ഖം കാരണം മിഴിതോരാതെ ഒരു പുരുഷവിഗ്രഹം രാമഗിര്യാശ്രമത്തിൽ നിലകൊള്ളുന്നു. ആകാശത്തേക്ക് ഉന്തി നിൽക്കുന്ന മുനമ്പിൽ, രാമഗിരിയുടെ പർവ്വത ശിഖരത്തിൽ നീലാകാശമാകുന്ന സമുദ്രത്തിലേക്ക് ചാടുവാൻ തയ്യാറാകും പോലെ യക്ഷൻ നിലകൊള്ളുന്നു. ആകാശചാരിയായി പ്രിയതമയുടെ സമീപത്തേക്ക് എത്താൻ വെമ്പൽ കൊള്ളുന്ന അയാൾക്ക് ഭൂമിവിട്ട് സൈ്വര്യസഞ്ചാരം ചെയ്യാൻ കഴിയുന്നില്ല. വർഷകാലമേഘത്തെയും താഴ്വരയിൽ കൊമ്പുകുത്തി കളിക്കുന്ന കൊമ്പനാനയെ പോലെ ആകർഷകമായ മഴമേഘത്തെയും യക്ഷൻ കാണുന്നു. മേഘങ്ങൾക്കിടയിൽ വെള്ളിൽപ്പറവകൾ തുള്ളിക്കളിക്കുന്നതു പോലെ കവിയുടെ ഭാവന (കാളിദാസഭാവന) വിഹരിച്ചു.

### വരികൾ

'അതിൽ ബിംബിപ്പൂ .........................

.................. ലൊതുക്കീടുന്ന സുന്ദരി'

### അർത്ഥ വിശദീകരണം.

| | | |
|---|---|---|
| ആര്യാവർത്തം | = | ആര്യന്മാരുടെ അധിനിവേശ പ്രദേശമായ ഉത്തര ഭാരതഖണ്ഡം |
| കമാനം | = | വളഞ്ഞുള്ള വാതിൽ |
| അളകാപുരി | = | യക്ഷന്മാരുടെ വാസസ്ഥലം |

### ആശയവിശദീകരണം

വലിയ ജനവാസമില്ലാത്ത, രാമഗിരി മുതൽ അളകാപുരി വരെയുള്ള പ്രദേശം കവിഭാവനയിൽ പ്രതിബിംബിക്കുന്നു. മേഘസന്ദേശത്തിലെ മേഘം കടന്നുപോകുന്ന ആര്യാവർത്തത്തിന്റെ രമണീയത കാവ്യത്തിൽ വർണിക്കുന്നു. യക്ഷന്മാരുടെ വാസസ്ഥലമായ അളകാപുരിയിലെ ശോകമൂകമായ ഒരു ഗൃഹത്തിലിരിക്കുന്ന മേഘസന്ദേശത്തിലെ നായികയുടെ ഒരു ഭാവചിത്രമാണ് കവി ഇവിടെ വരച്ചു കാട്ടുന്നത്. അവിടെ മഴവില്ലിന്റെ കാന്തികലർന്ന കമാനത്തിന്റെ പിൻവശത്തെ മുറ്റത്ത് നിറയെ പൂത്തും വാടിയും നിൽക്കുന്ന ഒരു മന്ദാരം. ആ ഭവനത്തിനകത്തിരുന്നു ഒറ്റയ്ക്ക് കേഴുകയാണാ സുന്ദരി. അവൾ കണ്ണീരു വീണു നനഞ്ഞ വീണക്കമ്പികൾ മീട്ടാനാരംഭിക്കുകയാണ്.

വിരഹദുഃഖംകൊണ്ട് കണ്ണു നിറയുന്നു. ദുഃഖം കാരണം പ്രിയതമനെക്കുറിച്ചു താനുണ്ടാക്കിയ ഗാനം പോലും അവൾ മറന്നു പോകുന്നു. നിന ക്ക് എന്റെ പ്രിയതമനെ ഓർമ്മയുണ്ടോയെന്ന് തത്തമ്മയോട് അവൾ ചോദിക്കുന്നു. ഈ ഭാഗ ത്ത് മേഘസന്ദേശ കല്പനകളെയാണ് കവി പിൻതുടരുന്നത്.

## വരികൾ

'കാലമാമഴമേഘത്തെ ............................
......................... നിൻ തിരുമുമ്പിൽ ഞാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അളിവർണ്ണൻ | = | വണ്ടിന്റെ നിറമുള്ളവൻ (ശ്രീകൃഷ്ണൻ ) |
| ഓടപ്പുല്ല് | = | ഓടക്കുഴൽ |
| കൗത്സ്യ കണ്ഠം | = | കൗത്സ്യ മുനിയുടെ കണ്ഠം (തൊണ്ട, കഴു ത്ത് ) |
| രുദ്രൻ | = | ശിവൻ |
| ഉദ്വിഗ്ന | = | വിരഹദുഃഖം |

## ആശയ വിശദീകരണം

ആ മഴമേഘത്തെ കണ്ടപ്പോൾ ഓടക്കു ഴലൂതി ലോകത്തെ ഭരിച്ച കാർവർണ്ണനെ (ശ്രീ കൃഷ്ണനെ) കവി ഓർക്കുന്നു. കാളിദാസനെ മഴമേഘത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുക യാണ്. മഹാശയനാണ് മേഘം. അതിൽ ഉൾകൊ ള്ളാത്തതൊന്നും തന്നെയില്ല. നീ പ്രകാശിപ്പിച്ച മഹത്തായ ദർശനങ്ങൾ എന്നെ വിസ്മയിപ്പി ക്കുന്നു എന്നു കവി പറയുന്നതിലൂടെ എല്ലാം ഉൾക്കൊള്ളുന്ന കാളിദാസന്റെ ഭാവനാവിലാസ ത്തെയാണ് കവി സൂചിപ്പിക്കുന്നത്. മണ്ണുതിന്ന തിന് കണ്ണനെ യശോദ ശാസിച്ചപ്പോൾ കണ്ണൻ തന്റെ വായിൽ വിശ്വരൂപം കാട്ടിക്കൊടുത്തു. അതുകണ്ട് വിസ്മയം പൂണ്ട യശോദയെപ്പോലെ കവി കാളിദാസന്റെ കവിതാഭംഗിയിൽ വിസ്മയി ച്ച് സ്തബ്ധനായി നിൽക്കുന്നു. എല്ലാറ്റിനേയും ഭക്ഷിക്കുന്ന എന്റെ നാവും കവിയുടെ നാവും തരിച്ചു പോയി. കവിയുടെ കവിത്വശക്തി കാളി ദാസ കാവ്യശക്തിയിൽ മരവിച്ചു പോയി. അത് നിൻ നേർക്കു നീളും മുമ്പ്, കാളിദാസനെ സ് തുതിക്കാൻ ശ്രമിക്കവേ ആനന്ദക്കണ്ണീർകൊണ്ട് നാവ് തരിച്ചുപോയി. ശകുന്തളയെ പിരിഞ്ഞ വേളയിൽ കാട്ടുമുല്ലയുടെ സങ്കടം വളരെ വലു തായിരുന്നു (അഭിജ്ഞാനശാകുന്തളം). മാളവി കാഗ്നിമിത്രത്തിലെ നായികയായ മാളവിക, സർവ്വാഭരണവിഭൂഷിതയായ അവളുടെ പാദസ്പ ർശം കൊണ്ട് രാജോദ്യാനത്തിലെ അശോകവൃ ക്ഷം പുഷ്പിക്കുകയുണ്ടായി (മാളവികാഗ്നിമി ത്രം). ദിലീപപുത്രനായ രഘുവിന്റെ ദാനവീര്യം പുകഴ്ത്താൻ വാക്കുകളില്ലാതെ കൗത്സ്യമുനിയു ടെ കണ്ഠമിടറി(രഘുവംശം). സമാധിസ്ഥനായ ശിവന്റെ മനസ്സ് പാർവ്വതിയുടെ കടാക്ഷം(നോ ട്ടം)കൊണ്ട് ശിഥിലമായി (കുമാരസംഭവം). പുരൂരവസ്സിനെ വലംവയ്ക്കുന്ന ഉർവശി എന്ന അപ്സരസ്സ് ഇവയെല്ലാം മേഘത്തിൽ ഘനീഭ വിച്ചു കാണുന്നു. അത് മേഘത്തിൽ പ്രതിഫലി ക്കുന്നു. ഈ വിരഹദു:ഖങ്ങളെല്ലാം ഘനീഭവിച്ച മനുഷ്യരൂപമാണ് ഇവിടെ കവി നിത്യമേഘമാ യി അവതരിപ്പിച്ചിരിക്കുന്നത്. കാളിദാസനെയാ ണ് നിത്യമേഘമെന്ന ബിംബത്തിലൂടെ കവി വരച്ചുകാട്ടുന്നത്. കാളിദാസന്റെ കവിത്വത്തിനു മുൻപിൽ കവിയുടെ ഗർവ് (അഹങ്കാരം) നില ത്തോളം കുനിഞ്ഞുപോകുന്നു.

## വരികൾ (81 മുതൽ 92 വരെ)

'നിത്യസൗഭാഗ്യ........................
............................. നൂലായിരുന്നു ഞാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കാലപുരുഷൻ | = | കാലമാകുന്ന പുരുഷൻ (കാളിദാസൻ) |
| കടാക്ഷം | = | നോട്ടം |
| സസ്മിതം | = | സ്മിതത്തോടു കൂടി (ചി രിച്ചു കൊണ്ട്) |

## ആശയ വിശദീകരണം

നിത്യസൗഭാഗ്യ പീഠത്തിലിരിക്കുന്ന കാലപുരുഷന്റെ (കാളിദാസൻ) മുന്നിൽ കാലം കുമ്പിട്ടു നിൽക്കുന്നു. കവി കാലപുരുഷന്റെ കാൽ തൊട്ടു വന്ദിക്കവേ അദ്ദേഹം കാലത്തിനെ കടാക്ഷത്താൽ, തന്റെ നോട്ടം കൊണ്ട് തലോടുന്നു. അവന്റെ തഴമ്പുറ്റ വലംകൈയ്യിൽ കാലപുരുഷൻ സസ്മിതം തലോടി. വജ്രംകൊണ്ട് തുളച്ച രത്നങ്ങൾക്കുള്ളിലൂടെ താൻ കടന്നുപോകുന്നുവെന്നും താനൊരു നൂലായിരുന്നുവെന്നും കവിക്ക് അപ്പോൾ തോന്നി. ഇവിടെ കാലപുരുഷൻ കാളിദാസന്റെയും കാലം കവിയുടെയും പ്രതിരൂപമാണ്. കാളിദാസകവിതയുടെ മഹിമാതിശയം കണ്ടാരാധിക്കുന്ന കവി തന്റെ രചനയിൽ അദ്ദേഹത്തിന്റെ കാവ്യസംസ്കാരം പകർത്തുന്നു.

## കാവ്യാവലോകനം

കാളിദാസന്റെ മേഘസന്ദേശത്തെ അനുസ്മരിച്ചു കൊണ്ട് അക്കിത്തം അച്യുതൻ നമ്പൂതിരി രചിച്ച കവിതയാണ്' 'നിത്യമേഘം'. ഇതിൽ കാളിദാസനെ നിത്യമേഘമായും കാലപുരുഷനായും സങ്കല്പിക്കുന്നു. വിരഹദു:ഖമാകുന്ന അഗ്നിയും പുകപടലങ്ങളും നിശ്വാസവായുവും അശ്രുബിന്ദുക്കളും കൊണ്ടാണ് കാളിദാസൻ മഴമേഘത്തെ സൃഷ്ടിച്ചത്. ആ മേഘസന്ദേശത്തിലൂടെയുള്ള പര്യടനമാണ് ഈ കവിത. യക്ഷന്റെ മുന്നിൽ നീലമേഘങ്ങൾ കൊമ്പനാനയെപ്പോലെ വിഹരിക്കുന്നു. രാമഗിരി മുതൽ അളകാപുരി വരെയുള്ള ആര്യവർത്ത പ്രകൃതി കാളിദാസഭാവനയിൽ പ്രതിബിംബിക്കുന്നു. അളകാപുരിയിൽ മൂകമായ ഒരു ഭവനത്തിൽ യക്ഷന്റെ സുന്ദരിയായ പ്രിയതമ ഏകയായി കേഴുന്നു. കണ്ണീർ വീണ് വീണാതന്ത്രികൾ മീട്ടാൻ തുടങ്ങവേ പ്രിയതമനു വേണ്ടി ഉണ്ടാക്കിയ പാട്ടു പോലും അവൾ മറന്നു പോകുന്നു. കാർമേഘത്തെ കണ്ടപ്പോൾ ഓടക്കുഴലൂതി ലോകത്തെ ഭരിച്ച കാർവർണ്ണനെ കവി ഓർക്കുന്നു. ശകുന്തളയുടെ വേർപാട് താങ്ങാൻ കാട്ടുമുല്ലയും മാളവികയുടെ പാദസ്പർശത്തിന് കാത്തുനിൽക്കുന്ന അശോകവും രഘുവിന്റെ ദാനവീര്യം കണ്ട് കണ്ഠമിടറിയ കൗത്സ്യനും പാർവ്വതിയുടെ കടാക്ഷം കൊണ്ടു മനസ്സിടറിയ ശിവനും പുരൂരവസ്സിനെ ചുറ്റിയ ഉർവ്വശിയുടെ നാന്ദിയും തുടങ്ങി നിത്യമേഘത്തിന്റെ മാറിൽ പ്രതിഫലിക്കാത്തതൊന്നും തന്നെയില്ല. മർത്യദുഃഖം ഘനീഭവിച്ചുണ്ടായ മേഘം വിശ്വപ്രകൃതിയുടെ തന്നെ പ്രതിബിംബമാണെന്നു കവി സങ്കല്പിക്കുന്നു. ആ മേഘസന്ദേശമെഴുതിയ കാളിദാസന്റെ മഹാപ്രതിഭയ്ക്കു മുന്നിൽ താൻ നൂലോളം ചെറുതായിപ്പോയെന്നു കവി കരുതുന്നു. ആ നിത്യമേഘത്തിന്റെ മുൻപിൽ സർവ്വ അഹങ്കാരവും വെടിഞ്ഞു താൻ ശിരസ്സു നമിക്കുകയാണെന്നു കവി പറയുന്നിടത്തു കവിത അവസാനിക്കുന്നു.

## Recap

- ആർഷഭാരത സംബന്ധിയായ കാവ്യവിഷയം
- കാളിദാസ കവിതകളിലൂടെ ഒരു സഞ്ചാരം
- ആധുനികതയുടെ ആത്മോപഹാസങ്ങളും വിമർശനങ്ങളും കവിതയിലുണ്ടെങ്കിലും കരുണയും സഹാനുഭൂതിയും പുണർന്നു നിൽക്കുന്നതാണ് അക്കിത്തത്തിന്റെ രചനകൾ
- കാളിദാസന്റെ മേഘസന്ദേശത്തെ മറ്റൊരു വീക്ഷണകോണിലൂടെ പുനരാവിഷ്കരിച്ചിരിക്കുന്നു
- മേഘസന്ദേശത്തിൽ കാളിദാസൻ വരച്ചിട്ട പല ചിത്രങ്ങളുടെയും ഭാഷാന്തരങ്ങളും വാങ്മയ ചിത്രങ്ങളും ഈ കവിതയിൽ പുനരവതരിപ്പിച്ചിരിക്കുന്നു

▶ കാളിദാസ കാവ്യപ്രപഞ്ചത്തിന്റെ ആത്മാവായ, നിത്യസഞ്ചാരിയായ മേഘത്തെ നിത്യമേഘമാക്കിയതിലൂടെ അക്കിത്തം കാളിദാസ കവിപ്രതിഭയുടെ നിത്യസാന്നിധ്യം നമ്മുടെ ഭാവനാകാശത്തിലുണ്ടെന്നു വ്യക്തമാക്കുകയാണ്

## Objective Type Questions

1. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' ആരുടെ കവിതയാണ്?
2. 'നിത്യമേഘം' എന്ന കവിത ആരെ അനുസ്മരിച്ചുകൊണ്ടെഴുതിയതാണ്?
3. കാളിദാസന്റെ ഏതു കൃതിയെയാണ് നിത്യമേഘം എന്ന കവിത മുഖ്യമായും വിഷയമാക്കിയത്?
4. അക്കിത്തത്തിനു ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വർഷമേത്?
5. 'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' ആരുടെ വരികളാണിത്?
6. 2016ൽ സമഗ്രസംഭാവനയ്ക്കുള്ള ഏതു പുരസ്കാരമാണ് അക്കിത്തത്തിനു ലഭിച്ചത്?
7. കവി ആരുടെ മുന്നിലാണ് തന്റെ ഗർവം ഉപേക്ഷിച്ച് ഭൂമിയോളം തല കുനിച്ചത്?
8. മേഘസന്ദേശത്തിലെ നായകനാര്?
9. കാളിദാസന്റെ ഏതൊക്കെ കൃതികളെയാണ് കവിതയിൽ കവി സൂചിപ്പിക്കുന്നത്?
10. 'ഒരുകണ്ണീർക്കണം മറ്റു -
    ള്ളവർക്കായ് ഞാൻ പൊഴിക്കവെ
    ഉദിക്കയാണെന്നാത്മാവിൽ
    ആയിരം സൗരമണ്ഡലം' ഈ വരികൾ ഉൾക്കൊള്ളുന്ന അക്കിത്തത്തിന്റെ കാവ്യമേത്?

## Answers to Objective Type Questions

1. അക്കിത്തം അച്യുതൻ നമ്പൂതിരി
2. മഹാകവി കാളിദാസനെ
3. മേഘസന്ദേശം
4. 2019 ൽ
5. അക്കിത്തം
6. എഴുത്തച്ഛൻ പുരസ്ക്കാരം
7. വിരഹാതുരനായ നിത്യമേഘത്തിന്റെ (കാളിദാസന്റെ) മുന്നിൽ
8. ഒരു യക്ഷൻ
9. മേഘസന്ദേശം, അഭിജ്ഞാന ശാകുന്തളം, മാളവികാഗ്നിമിത്രം, രഘുവംശം, കുമാരസംഭവം, വിക്രമോർവശീയം
10. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

## Assignments

- മലയാളകവിതയിലെ ആധുനിക, നവകാല്പനിക പ്രവണതകളെക്കുറിച്ച് വിവരിക്കുക.
- നവകാല്പനിക കവിതകളിലെ ബിംബാത്മകത അക്കിത്തത്തിന്റെ 'നിത്യമേഘം' എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

## Reference


- ഡോ. എം. ലീലാവതി-മലയാള കവിതാ സാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
- എൻ.കൃഷ്ണപിള്ള - കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
- ഡോ. എം. ലീലാവതി - വർണ്ണരാജി, എൻ. ബി .എസ്., കോട്ടയം.
- ഡോ. കെ. എം. ജോർജ്-ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്,കോട്ടയം.
- ഡോ. പന്മന രാമചന്ദ്രൻ നായർ-സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
- സച്ചിദാനന്ദൻ - മലയാള കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
- എം.ആർ.രാഘവവാരിയർ (എഡി) - അക്കിത്തത്തിന്റെ കവിതാപഠനങ്ങൾ, എൻ.ബി.എസ്,കോട്ടയം.


## E-content



അക്കിത്തം

- https://www.manoramaonline.com/literature/literary-world/2020/10/15/akkitham-achuthan-namboothiri-profile.html
- https://youtu.be/J1katgaoffw

# യൂണിറ്റ് - 2
# ശാർങ്ഗകപ്പക്ഷികൾ

**ഒ.എൻ.വി. കുറുപ്പ്**

## Learning Outcomes

- ഒ.എൻ.വി. കുറുപ്പ് എന്ന കവിയുടെ കാവ്യശൈലി പരിചയപ്പെടുന്നു
- ഒ.എൻ.വി. കുറുപ്പിന്റെ സാഹിത്യസംഭാവനകളെക്കുറിച്ച് അറിവുനേടുന്നു
- ഖാണ്ഡവദഹനകഥ മനസ്സിലാക്കുന്നു
- ഒ.എൻ.വി. യുടെ ബിംബകല്പനാ വൈഭവം മനസ്സിലാക്കുന്നു
- ഒ.എൻ.വി. യുടെ സമകാലികരായ കവികളെ പരിചയപ്പെടുന്നു
- പരിസ്ഥിതി കവിതകളുടെ രചനാപ്രാധാന്യം മനസ്സിലാക്കുന്നു

## Prerequisites

'മാണിക്യവീണയുമായെൻ മനസ്സിന്റെ താമരപ്പൂവിലിരുന്നവളേ', 'ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന', 'മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി' ഈ വരികളൊക്കെ ഒരിക്കലെങ്കിലും മൂളാത്ത മലയാളിയുണ്ടാകുമോ? ഇതുപോലെ 'അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തുണ്ട്', 'മാരിവില്ലിൻ തേന്മലരേ', 'പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളേ' തുടങ്ങിയ നാടകഗാനങ്ങൾ നമ്മുടെ പാടത്തും പറമ്പിലും അങ്ങാടിയിലും അടുക്കളയിലുമൊക്കെ അലയടിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ ഗാനങ്ങളുടെയൊക്കെ ശില്പി ഒ.എൻ.വി.കുറുപ്പാണ്. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ് പൂർണ്ണനാമം. മനുഷ്യത്വവും ആർദ്രതയും സൗന്ദര്യവും നാടൻ താളവും പ്രകൃതിയുടെ ഈണവും മണ്ണിന്റെ മണവുമുള്ളതാണ് ഒ.എൻ.വിയുടെ കവിതകൾ. ഈ സവിശേഷതകൾ ഉള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും ജനഹൃദയങ്ങളിൽ ജീവിക്കുന്നത്.

'ആധുനിക മലയാള കവിതയിലെ സൂര്യതേജസ്' എന്നാണ് സാംസ്കാരിക കേരളം ഒ.എൻ.വി.യെ വിശേഷിപ്പിച്ചിട്ടുള്ളത്. 'മാനവികതയുടെ കവി' എന്നും 'നിസ്വവർഗ്ഗത്തിന്റെ, പാവപ്പെട്ടവരുടെ കവി' എന്നും ഒ.എൻ.വി. അറിയപ്പെടുന്നു. 1931-ൽ കൊല്ലം ജില്ലയിലെ ചവറയിലാണ് ജനനം. 1946 മുതൽ 2016 വരെ നീളുന്ന കാവ്യജീവിതത്തിനിടയിൽ അദ്ദേഹം ആയിരത്തിലേറെ കവിതകളും ഏതാണ്ട് അത്രത്തോളം തന്നെ ഗാനങ്ങളുമെഴുതി. കവി, ഗാനരചയിതാവ്, പ്രഗത്ഭനായ അധ്യാപകൻ, വാഗ്മി, സാംസ്കാരികപ്രവർത്തകൻ എന്നിങ്ങനെയുള്ള ബഹുമുഖ വ്യക്തിത്വങ്ങൾക്കുടമയാണ് ഒ.എൻ.വി.കുറുപ്പ്.

മലയാളകവിതയെ കാല്പനികതയുടെ അനുഭൂതികളിൽ ആറാടിച്ച ചങ്ങമ്പുഴയും കാർഷികസംസ്കാരത്തിന്റെ ഉൾത്തുടിപ്പുകൾ കവിതയിൽ പകർത്തിയ ഇടശ്ശേരിയും സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്കു കണ്ണ് തുറന്ന വൈലോപ്പിള്ളിയും പ്രകൃതി സൗന്ദര്യത്തിന്റെയും പ്രണയത്തിന്റെയും ഉപാസകനായ പി.കുഞ്ഞിരാമൻ നായരും വെട്ടിയൊരുക്കിയ വഴിയിലൂ

ടെയാണ് ഒ.എൻ.വി. സഞ്ചരിച്ചത്. സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ മൂല്യ ച്യുതികളോട് കലഹിച്ചുകൊണ്ട് കവിതയെ സമരായുധമാക്കിയ വയലാറും പി.ഭാസ്കരനും ഒ. എൻ. വി. യോടൊപ്പം മലയാളകവിതയിൽ വിപ്ലവത്തിന്റെ കാഹളം മുഴക്കിയവരാണ്. ഭാര തീയ ക്ലാസിക് കാവ്യപാരമ്പര്യത്തെ പിൻതുടരുന്ന അക്കിത്തവും ഒളപ്പമണ്ണയും മണ്ണിനും പെണ്ണിനും ജലത്തിനും വേണ്ടി വിലപിച്ച സുഗതകുമാരിയും നാടൻപാട്ടിന്റെ ഈണവും ഭാവവുമായി കടന്നുവന്ന കടമ്മനിട്ടയും ഉത്തരാധുനികതയ്ക്ക് തുടക്കമിട്ട അയ്യപ്പപ്പണിക്ക രും സച്ചിദാനന്ദനുമൊക്കെ ഒ.എൻ.വി യുടെ കാലത്തിലൂടെ കടന്നുപോയവരാണ്.

ഒ. എൻ. വി. യുടെ കാവ്യജീവിതം മൂന്നു ചരിത്രഘട്ടങ്ങളിലൂടെയാണ് കടന്നുപോ കുന്നത്. അതിൽ ആദ്യത്തേത് സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലഘട്ടമാണ്. ജന്മിത്വവും നാടുവാഴിത്തവും വൈദേശികാധിപത്യവും സമൂഹത്തെ അടിമത്തത്തിലേക്ക് നയിച്ച ഈ കാലത്ത് ഒ. എൻ. വി പാവപ്പെട്ട ജനവിഭാഗത്തിന്റെ ഭാഗം ചേർന്നുനിന്നാണ് കവിതകളെ ഴുതിയത്. 'മുന്നേറ്റം', 'അരിവാളും രാക്കുയിലും', 'വെട്ടം വീഴുമ്പോൾ', 'ചെങ്കുപ്പായം','ന ഷ്ടപ്പെടാൻ വിലങ്ങുകൾ 'തുടങ്ങിയ കവിതകൾ ഉദാഹരണം. കവിതയിൽ രാഷ്ട്രീയം കട ന്നുവന്നതാണ് ഈ കാലഘട്ടത്തിലെ ഒ. എൻ. വി. യുടെ കവിതകളിൽ കാണുന്ന ഏറ്റവും വലിയ പ്രത്യേകത.'നമ്മളുകൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ..', 'മാറ്റുവിൻ ചട്ടങ്ങളേ' തുടങ്ങിയ വരികളിൽ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ധ്വനികൾ ഉയർന്നുകേൾക്കാം. ഈ കവിതകൾ പടപ്പാട്ടുകളെന്നും ചുവന്ന കവിതകളെന്നും സമരഗാ നങ്ങളെന്നുമൊക്കെ അറിയപ്പെടുന്നു. അടിച്ചമർത്തപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെ പച്ചയായ ജീവിതാവിഷ്കാരമാണ് ഈ കവിതകളിലുള്ളത്.

ഒ. എൻ. വി. കടന്നുപോന്ന രണ്ടാമത്തെ ചരിത്രഘട്ടം സ്വാതന്ത്ര്യത്തിനു ശേഷമുള്ള താണ്. ഈ ഘട്ടത്തിൽ ഒ. എൻ. വി. യിലെ കവിയിലുണ്ടാക്കിയ പരിവർത്തനം വ്യക്തമാക്കു ന്നതാണ് 1959 മുതൽ 1964 വരെ രചിച്ച കവിതകൾ (മയിൽപ്പീലി എന്ന സമാഹാരം). സ്വാ തന്ത്ര്യാനന്തരം രാഷ്ട്രീയമൂല്യങ്ങളിൽ സംഭവിച്ച തകർച്ച കവിയിലുണ്ടാക്കിയ നിരാശയും വിഷാദവുമാണ് ഈ കവിതകളിൽ പ്രതിഫലിച്ചത്. വിപ്ലവത്തിന്റെ വീക്ഷണഭാവത്തിൽനി ന്നും സൗന്ദര്യത്തിന്റെ പീലി വിടർത്തുന്ന കാല്പനികതയിലേക്കുള്ള കവിയുടെ ചുവടുമാറ്റ മാണ് ഇവിടെ സംഭവിച്ചത്. സിംഹാസനത്തിലേക്കു വീണ്ടും, നാലുമണിപ്പൂക്കൾ, ചോറൂണ്, മയിൽപ്പീലി, മുത്തശ്ശിമുല്ല, ഇന്ത്യയുടെ ശബ്ദം, നീലമൽസ്യങ്ങൾ തുടങ്ങിയ കവിതകളിൽ കാല്പനികതയുടെ പ്രവണതകൾ കാണാനാവും.

ആഗോളവൽക്കരണവും അതു സൃഷ്ടിച്ച സാമ്പത്തിക അസമത്വവും കച്ചവടപ്രവ ണതകളും ഉപഭോഗസംസ്കാരവും പ്രകൃതിചൂഷണവും വിഭാഗീയതയും മതതീവ്രവാദ വുമൊക്കെ മനുഷ്യസമൂഹത്തിൽ അശാന്തിപരത്തിയ ചുറ്റുപാടിലാണ് ഒ. എൻ. വി. യുടെ കാവ്യജീവിതത്തിലെ മൂന്നാംഘട്ടം കടന്നുവരുന്നത്. സമഗ്രമായ മാനവിക ദർശനം ഉൾക്കൊ ള്ളുന്ന കവിയെയാണ് ഇവിടെ കാണാനാവുക. ലോകമെങ്ങുമുള്ള മനുഷ്യരെ ബാധിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെയും നിലനില്പിനെപ്പറ്റിയുള്ള ആകുലതകളെയും പ്രതിഫലിപ്പി ക്കുന്നതിലൂടെ കവിയുടെ ആശയതലം ആകാശത്തിനു കീഴിലുള്ള സർവ്വ ഇടങ്ങളിലേക്കും വികസിക്കുന്നു. 'ഭൂമിക്കൊരു ചരമഗീതം, 'സൂര്യഗീതം', 'ശാർങ്ഗകപ്പക്ഷികൾ' തുടങ്ങിയ കവിതകൾ ഉദാഹരണം. കാല്പനികതയ്ക്കുശേഷം വന്ന പ്രവണതയായ നവകാല്പനിക തയുടെ ഘട്ടമാണിത്. ശക്തമായ നവോത്ഥാന ആശയങ്ങൾക്ക് കലയുടെ അനുഭൂതി പകരു ന്നു എന്നതാണ് നവകാല്പനികയുടെ പ്രത്യേകത.

അരിവാളും രാക്കുയിലും, മയിൽപ്പീലി, വളപ്പൊട്ടുകൾ, ചോറൂണ്, അക്ഷരം, ഉജ്ജയനി, കോതമ്പുമണികൾ, ഭൂമിക്കൊരു ചരമഗീതം, അമ്മ, കുഞ്ഞേടത്തി, ക്ഷണികം പക്ഷേ, ദിനാന്തം, ശാർങ്ഗകപ്പക്ഷികൾ, സ്നേഹിച്ചു തീരാത്തവർ, സൂര്യഗീതം, അനശ്വര തയിലേക്ക് തുടങ്ങിയവയാണ് പ്രധാന കവിതകൾ. 2011-ൽ ജ്ഞാനപീഠപുരസ്കാരം ലഭിച്ച ഒ.എൻ.വി ക്ക് പത്മശ്രീ പുരസ്കാരം, പത്മവിഭൂഷൻ പുരസ്കാരം എന്നിവയുൾപ്പെടെ നിര വധി കേരള-കേന്ദ്ര സാഹിത്യപുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. ഗാനരചനയ്ക്ക് പതിമൂന്നു തവണ സംസ്ഥാന ചലച്ചിത്ര അവാർഡുനേടിയിട്ടുണ്ട്.

## Keywords

കാല്പനിക കവിത - നവകാല്പനികത - പടപ്പാട്ടുകൾ - കാവ്യരചനയുടെ മൂന്ന് ചരിത്ര ഘട്ട ങ്ങൾ - കവിതകളിലെ രാഷ്ട്രീയം - ആഗോളവൽക്കരണം - പ്രകൃതിചൂഷണം.

## 3.2.1.Content

1987-ൽ പ്രസിദ്ധീകരിച്ച 'ശാർങ്ഗകപ്പ ക്ഷികൾ' കാല്പനിക കവിതകളുടെ ഗണത്തിൽ പ്പെടുന്നു. കലയെ മാനദണ്ഡങ്ങളുടെ അഥവാ രചനാനിയമങ്ങളുടെ ചട്ടക്കൂടുകളിൽ നിന്നും മോചിപ്പിച്ച് ഭാവനയുടെ ആകാശത്തേക്കു തു റന്നുവിടുന്നതാണ് കാല്പനികതയുടെ രീതി. ഇവിടെ സൗന്ദര്യത്തിനും ആന്തരികാനുഭൂതി ക്കും മനുഷ്യവികാരങ്ങൾക്കുമാണ് പ്രാധാന്യം. കാല്പനികതയേയും പാരമ്പര്യത്തേയും സമ ന്വയിപ്പിച്ചുകൊണ്ട് കവിത രചിച്ച ഒ.എൻ.വി. ആശയത്തിന്റെ കാര്യത്തിൽ കാലത്തോടു ചേർ ന്നുനില്ക്കുകയും കാവ്യശില്പം രൂപപ്പെടു ത്തുന്നതിൽ പാരമ്പര്യത്തെ കൂട്ടുപിടിക്കുകയും ചെയ്തു. അതിനുള്ള മികച്ച ഉദാഹരണമാണ് 'ശാർങ്ഗകപ്പക്ഷികൾ' എന്ന കവിത. കാലം വരുത്തിവച്ച ആപൽക്കരമായ ചുറ്റുപാടിൽ ലോ കത്തിനു നൽകുന്ന ജാഗ്രതാനിർദ്ദേശമാണ് കവിതയുടെ കേന്ദ്ര ആശയം.

'ശാർങ്ഗകപ്പക്ഷികൾ' എന്നത് ഗഹ നമായ ഒരു കാവ്യബിംബമാണ്. ഇങ്ങനെയൊ രു പക്ഷിയുണ്ടോ? ശകുന്തപ്പക്ഷി, കളഹംസം എന്നൊക്കെ കേട്ടിട്ടില്ലേ? ഇതൊക്കെ ആദിമ കവികൾ സൃഷ്ടിച്ച സാങ്കല്പികപ്പക്ഷികളാണ്. വ്യാസൻ സൃഷ്ടിച്ച സാങ്കല്പികപ്പക്ഷിയാണ് 'ശാർങ്ഗകപ്പക്ഷികൾ'. മഹാഭാരതത്തിലെ ഖാ ണ്ഡവദാഹ കഥയിലാണ് ശാർങ്ഗകപ്പക്ഷി യായ ജരിതയും കൊടുംതീയിലകപ്പെട്ടുപോയ പറക്കമുറ്റാത്ത കുഞ്ഞുങ്ങളും പ്രത്യക്ഷപ്പെടുന്ന ത്. ഖാണ്ഡവദാഹകഥയെ പ്രതീകമാക്കിക്കൊ ണ്ട് കവി താൻ ജീവിക്കുന്ന കാലത്തിന്റെ ആപ ൽകരമായ ചുറ്റുപാടിനെ ആവിഷ്കരിക്കുകയാ ണ്. ശാർങ്ഗകപ്പക്ഷികൾ ഇവിടെ പ്രധാനബിം ബമായി മാറുന്നു. നിലനില്പിനെക്കുറിച്ചുള്ള എല്ലാ ആശങ്കകളും സംഘർഷങ്ങളും ഇവിടെ പുരാണകഥയോട് ചേർത്തുനിർത്തിക്കൊണ്ട് അവതരിപ്പിച്ചിരിക്കുന്നു. സുരക്ഷിതമല്ലാത്ത അവസ്ഥയിൽ തന്റെ പത്നിക്കുറങ്ങാനായി കാ വലിരിക്കുന്ന കവിയുടെ ആത്മഗതങ്ങളായാണ് കവിത രൂപപ്പെടുത്തിയിരിക്കുന്നത്. ഏറ്റവും ലളിതവും ഭാവനാത്മകവുമായ കാവ്യസങ്കേത മാണ് ശാർങ്ഗകപ്പക്ഷികളുടെ രചനയിൽ കവി സ്വീകരിച്ചിട്ടുള്ളതെന്നു കാണാം.

ഈ കവിതയുടെ വൃത്തം കാകളിയാണ്. 'മാ ത്രയഞ്ചക്ഷരം മൂന്നിൽ വരുന്നൊരു ഗണങ്ങളെ എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെ ന്നു പേർ' എന്നാണ് കാകളിവൃത്തിന്റെ ലക്ഷ ണം. ഉൽപ്രേക്ഷ, ദീപകം, രൂപകം, പ്രതീപം, ദൃഷ്ടാന്തം, ഉദാത്തം തുടങ്ങിയ അലങ്കാരങ്ങൾ കവിതയിൽ ഉപയോഗിച്ചിട്ടുണ്ട്.

## വരികൾ

'ഇനി ഞാനുണർന്നിരിക്കാം,നീയുറങ്ങുക!.......
............ലൊട്ടു തലോടിയിരുന്നു മയങ്ങി നാം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഋതുഭേദങ്ങളേൽപ്പിച്ച | = | ജീവിതകാലത്തിനിടയിൽ അനുഭവിച്ച |
| പത്തിവിടർത്തിനിന്ന ശബ്ദങ്ങൾ | = | ഉച്ചത്തിലുള്ള ശബ്ദങ്ങൾ |
| ശ്രമതപ്തമാം പാദം | = | ഏറെ യാത്രചെയ്ത് തപിച്ച പാദങ്ങൾ |

## ആശയ വിശദീകരണം

ആപത്കരമായ ജീവിതപരിസരത്ത് ഉറങ്ങാനാവാത്ത അവസ്ഥയിൽ ഒരു ജാഗ്രതാമുന്നറിയിപ്പെന്നപോലെ കവി തന്റെ ജീവിതപങ്കാളിയോടു പറയുന്ന വാക്കുകളാണ് ഈ കാവ്യഭാഗത്തുള്ളത്. 'ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക' ഈ ജീവിതയാത്രയിൽ നിരവധി ഋതുഭേദങ്ങളിലൂടെ കടന്നു വന്നവരാണ് നാം, ജീവിതഭാരവും പേറിയുള്ള യാത്രയിൽ വഴികളൊരുപാടു താണ്ടിക്കഴിഞ്ഞിരിക്കുന്നു. കാലം ഏല്പിച്ച ശൈത്യവും താപവും (ജീവിതക്ലേശങ്ങൾ) നാം ഏറെ സഹിച്ചു. പല പല സ്ഥലങ്ങളിലായി നാം ജീവിതം കഴിച്ചുകൂട്ടി, വെയിലാറിയ തൊടിയിലും പ്രാവുകൾ ചേക്കേറുന്ന നാലുകെട്ടിന്റെ ചായ്പ്പിലും മാത്രമല്ല, പാതിയിടിഞ്ഞ കുളത്തിന്റെ കൽപ്പടവിൽ, പാതയോരത്തുള്ള ആൽത്തറയിൽ, മൺചുമരിലെ കൽവിളക്കിന്റെ പുകയുയരുന്ന തളത്തിൽ, ഉച്ചത്തിലുള്ള ശബ്ദങ്ങൾ നിദ്രയിലാണ്ട് ബഹളമൊഴിഞ്ഞ നഗരസത്രത്തിൽ, ആൾത്തിരക്കിന്റെ നടുവിൽ, നമ്മുടേതു മാത്രമായ ഏകാന്തതയുടെ ദ്വീപിലുമെല്ലാം നാം ദു:ഖങ്ങളും സന്തോഷങ്ങളും ഒരുമിച്ചു പങ്കുവച്ചു. ദുഃഖഭാരങ്ങളിറക്കിവയ്ക്കുവാൻ പരസ്പരം അത്താണിയായി നിന്നു. അവിടെയൊക്കെ നാം നമ്മുടെ കൊച്ചു സ്വപ്നങ്ങൾ കൊത്തിയുടച്ചു കൊറിച്ചുകൊണ്ടിരുന്നു. യാത്രചെയ്ത് തപിച്ച പാദങ്ങൾ തരളമായ കൈകളാൽ തലോടിക്കൊണ്ട് നാം മയങ്ങി. പരസ്പരം ആശ്വാസമായും താങ്ങായും നാം ഈ ജീവിതയാത്ര തുടർന്നു.

കവി തന്റെ പത്നിയോടു സംവദിക്കുന്ന രീതിയിലാണ് ഈ കവിതയുടെ കാവ്യഭാഷ രൂപപ്പെടുത്തിയിട്ടുള്ളത്. രൂപഭദ്രതയും ഭാവാത്മകതയുമാണ് വരികളിൽ കാണുന്ന ഏറ്റവും വലിയ ആകർഷണീയത. ശബ്ദാലങ്കാരത്തിന് വലിയ പ്രാധാന്യം കൊടുക്കാത്ത കവി പക്ഷേ, അർത്ഥാലങ്കാരത്തെ യഥേഷ്ടം കൂട്ടുപിടിച്ചിട്ടുണ്ട്. ജീവിതയാത്രയിൽ അനുഭവിച്ച ക്ലേശങ്ങളെ 'ഋതുഭേദങ്ങളേല്പിച്ച താപവും ശൈത്യവുമായി' കവി താദാത്മ്യപ്പെടുത്തിയിരിക്കുന്നിടത്ത് അലങ്കാരം രൂപകമാണ്. 'അവർണ്യത്തോടു വർണ്യത്തിന്നഭേദം ചൊൽക രൂപകം' എന്നാണ് രൂപകത്തിന്റെ ലക്ഷണം അതായത് പരസ്പര സാദൃശ്യമുള്ള ധർമ്മങ്ങളോടുകൂടിയ ഒരു വർണ്യത്തിനും അവർണ്യത്തിനും ഭേദമില്ലെന്നു കല്പിച്ചാൽ അലങ്കാരം രൂപകം. പരസ്പരം കാവലും രക്ഷയുമാകുന്ന സന്ദർഭം ദാമ്പത്യബന്ധത്തിന്റെ ശക്തിയെ സൂചിപ്പിക്കുന്നു.

## വരികൾ

'അല്പമാത്രങ്ങളാം/വിശ്രമവേളകൾ!
..........................................നീയുറങ്ങുക!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| തമ്മിൽ ചുമലൊത്ത് | = | തോളോടു തോൾ ചേർന്ന് |
| ഉൺമ | = | സത്യം |
| യാമം | = | സമയം |

## ആശയ വിശദീകരണം

ഈ ജീവിതയാത്രയ്ക്കിടയിൽ വിശ്രമിക്കാൻ നമുക്ക് അല്പമാത്രം ഇടവേളകളെ കിട്ടിയിട്ടുള്ളൂ. അതിനാൽ ഇപ്പോൾ നീയുറങ്ങുക, ഞാനുണർന്നിരിക്കാം. ഈ യാത്രയിൽ നമുക്കെത്തിച്ചേരേണ്ടയിടത്തേക്ക് ഇനിയെത്ര ദൂരമുണ്ടെന്നറിയില്ല. തോളോടുതോൾ ചേർന്ന്, സ്നേഹവും സന്തോഷവും വിഷാദവുമെല്ലാം പങ്കുവച്ചു, സഞ്ചരിക്കുന്നതിനിടയിൽ ഇതാ നമുക്കു വിശ്ര

മിക്കാനായി മറ്റൊരിടവേളകൂടി വന്നിരിക്കുന്നു. എല്ലാം മറന്നുറങ്ങിയ യാമങ്ങൾ എന്നന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്നിപ്പോൾ നമ്മളിലൊരാളുടെ നിദ്രയ്ക്ക് മറ്റെയാൾ കാവൽ നിന്നേ തീരൂ. അതിനാൽ നീയുറങ്ങുക. ഞാനുണർന്നിരിക്കാം.

ജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ച് കവി വരച്ചിടുന്ന ചിത്രം ശ്രദ്ധേയമാണ്. 'എത്തേണ്ടിടത്തെത്തു/വാനിനിയെത്രയുണ്ടെത്രയു/ണ്ടെന്നറി/യാത്തൊരീയാത്ര' എന്നാണ്, എത്തും പിടിയുമില്ലാത്ത ജീവിതയാത്രയെ വിശേഷിപ്പിച്ചിരിക്കുന്നത്. അതുപോലെ എല്ലാം മറന്നൊ/ന്നുറങ്ങിയ യാമങ്ങൾ/എന്നേക്കുമാ/യസ്തമിച്ചുപോയ്' എന്ന വരിയിൽ നിരാശയാണ് കാണാനാവുക. ശാന്തസുന്ദരമായ ഒരു കാലം ഇനിയൊരിക്കലും തിരിച്ചുവരാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് കവിയെ നിരാശയിലെത്തിച്ചത്. ഒരാൾക്കുറങ്ങണമെങ്കിൽ മറ്റെയാൾ കാവൽ നില്ക്കേണ്ട സാഹചര്യമാണിന്നുള്ളതെന്ന് അടിവരയിടുകയാണിവിടെ. ഇതിലൂടെ വർത്തമാനകാല സാഹചര്യം അത്രമേൽ സുരക്ഷിതത്വമില്ലാത്തതാണെന്ന സത്യം വിളിച്ചുപറയുകയാണ് കവി.

## വരികൾ

'മാമ്പൂവുരുക്കുന്ന വേനലിനെ.................
..........ചിത്രവടിയൂന്നിയൂന്നി /നടന്നു നാം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കരുണാമൂർത്തി | = | ഈശ്വരൻ |
| പലവില്ലൊടിച്ചു | = | പല സമരങ്ങളിലൂടെ (പ്രതിരോധത്തിലൂടെ) |
| സപ്തവർണ്ണാഞ്ചിതച്ചിത്രവടി | = | ഏഴു വർണ്ണങ്ങളുള്ള മനോഹരമായ ചിത്രവടി |

## ആശയ വിശദീകരണം

നമ്മുടെ ജീവിതത്തെ തല്ലിക്കെടുത്തുന്ന നിരവധി വിപത്തുകൾ ചുറ്റിനുമുണ്ടെന്ന് പ്രകൃതിയിൽനിന്നും ഉദാഹരണങ്ങൾ നിരത്തികൊണ്ട് ഇവിടെ കവി ചൂണ്ടിക്കാണിക്കുകയാണ്. മാമ്പൂക്കളെ ഉരുക്കിക്കളയുന്ന വേനലിനെപ്പോലെയും കണ്ണിമാങ്ങകൾ തല്ലിക്കൊഴിക്കുന്ന കാറ്റിനെപ്പോലെയും പ്രാവിൻകുഞ്ഞിനെ റാഞ്ചുന്ന പരുന്തിനെപ്പോലെയും കുരുന്നുപൂവിനെ കാർന്ന് നശിപ്പിക്കുന്ന പുഴുവിനെപ്പോലെയും കുഞ്ഞിന്റെ പൊക്കിളിൽ നോക്കി ചോരയൂറ്റുന്ന ഓന്തിനെ പോലെയുമൊക്കെയാണ് ആ വിപത്തുകൾ കടന്നുവരിക. പോത്തിൻ പുറത്തുവരുന്ന രൂപത്തെപ്പറ്റി (കാലനെ) ഓർക്കുമ്പോൾ കൊച്ചുകുട്ടികളെപ്പോലെ നടുങ്ങുന്നവരാണ് നാം. എങ്കിലും നാം ആ വിപത്തുകളെയെല്ലാം ഇതുവരെ അതിജീവിച്ചു. ഏതു ദുരിതത്തിലും നമ്മെ മുന്നോട്ടു നയിച്ചത് ജീവിതസ്വപ്നങ്ങളാണ്. കന്നിവെയിലിൽ നാം മകരക്കുളിരിനെ പ്രതീക്ഷിക്കുന്നു. കർക്കിടകത്തിലെ കറുത്ത വാവിൽ ചിങ്ങപ്പുലരിയെപ്പറ്റി കിനാവു കാണുന്നു. മൗനങ്ങളിൽനിന്ന് സംഗീതം പ്രതീക്ഷിക്കുന്നു. വറുതിയിൽ തിരുവോണമുണ്ണുന്നത് സ്വപ്നം കാണുന്നു. അതുപോലെ കല്ലിനുള്ളിൽ കരുണാമൂർത്തിയുണ്ടെന്നും നാം വിശ്വസിക്കുന്നു. നമ്മെ മുന്നോട്ടു നയിക്കുന്നത് സ്വപ്നങ്ങളാണ്. ഭയപ്പെടുത്തുന്ന ഇരുട്ടിലും സ്വപ്നമായി ഓടിയെത്തുന്ന വെളിച്ചത്തെ നമ്മുടെ പാട്ടുകളിൽ (സന്തോഷങ്ങളിൽ) ആവാഹിച്ച് നമ്മൾ നടന്നു. അങ്ങനെ ഓരോ പുലരിയും സ്വപ്നങ്ങൾ കണ്ടുവിടർന്നു. സ്വാതന്ത്ര്യം സ്വപ്നം കണ്ട നമ്മുടെ പൂർവ്വികർ നിരവധി സമരങ്ങളിലൂടെ അതു നേടിയെടുത്തു. സ്വപ്നങ്ങൾ നൽകിയ ഏഴു വർണ്ണങ്ങളുള്ള മനോഹരമായ ചിത്രവടി ഊന്നിയാണ് നാം ഇതുവരെ നടന്നുപോന്നത്.

ഒരു വസ്തുതയെ അവതരിപ്പിക്കുന്നതിന് നിരവധി ബിംബങ്ങളെ അണിനിരത്തിയിരിക്കുന്നത് ഈ വരികളിൽ കാണാം. മാമ്പൂക്കളെ ഉരുക്കിക്കളയുന്ന വേനലും കണ്ണിമാങ്ങകൾ തല്ലിക്കൊഴിക്കുന്ന കാറ്റുമൊക്കെ വിപത്തുകളെ സൂചിപ്പിക്കുന്ന ബിംബങ്ങളാണ്. ദീപകാലങ്കാരമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഇവിടെ വിപത്ത് അഥവാ നാശം എന്ന ഉപമേയത്തെ നിരവധി സാദൃശ്യബിംബങ്ങളുമായി ചേർത്തുവയ്ക്കുന്നു. പോത്തിൻ പുറത്തെത്തുന്ന രൂപം മരണത്തിന്റെ പ്രതീകമാണ്. ഏതു പ്രതിസന്ധി

യിലും നമ്മെ മുന്നോട്ടു നയിക്കുന്ന സ്വപ്നങ്ങളെ കവി ഏഴു വർണ്ണങ്ങളുള്ള മനോഹരമായ ചിത്രവടിയായി സങ്കല്പിച്ചിരിക്കുന്നു.

## വരികൾ

'കാലദേശങ്ങൾ തൻ/കാണാക്കരകളെ....

.................................................................

ഇനി ഞാനുണർന്നിരിക്കാം / നീയുറങ്ങുക'.

## അർഥ വിശദീകരണം

| | | |
|---|---|---|
| കാലദേശങ്ങൾതൻ കാണാക്കരകൾ | = | ഒരു നിശ്ചയവുമില്ലാത്ത ഭാവിജീവിതം |
| കാലടിപ്പാടുകൾ | = | ഭൂതകാലസ്മരണ |
| ഗാന്ധീവധാരി | = | അർജ്ജുനൻ |
| ജരിത | = | ഖാണ്ഡവദഹനത്തിലെ പക്ഷി |
| തമോബിന്ദു | = | ഇരുട്ടുനിറഞ്ഞ സ്ഥലം(ജീവിതപ്രതിസന്ധി) |

## ആശയ വിശദീകരണം

കടന്നുപോന്ന ഓരോ കാലവും ദേശവും കാലടിപ്പാടുകൾ നോക്കി അളന്നുകൊണ്ട് നാം ഈ യാത്ര തുടരുകയാണ് (ഇടയ്ക്കിടെ ഭൂതകാലത്തിലേക്കു നോക്കി ഓർമ്മകൾ പങ്കുവച്ചുകൊണ്ട്) ആശങ്കകളും ഉത്കണ്ഠകളും ഒക്കെ ഈ യാത്രയിൽ അനുഭൂതി നൽകുന്ന അത്ഭുതങ്ങളാകുന്നു. അതിനിടയിൽ ഇരുട്ടെത്തിക്കഴിഞ്ഞിരിക്കുന്നു. (ഇരുട്ട് എന്നതുകൊണ്ട് ജീവിതത്തിന്റെ വഴിയടഞ്ഞ അവസ്ഥയെ സൂചിപ്പിക്കുന്നു. ഇനിയെങ്ങോട്ടാണ് വഴി എന്ന് നാം പരസ്പരം ചോദിച്ചുപോകുന്നു. ഇപ്പോൾ നീ ഉറങ്ങുക ഞാൻ ഉണർന്നിരിക്കാം.

നമ്മൾ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത് ഏതു ഖാണ്ഡവവനത്തിലാണെന്നറിയില്ല. (മഹാഭാരതത്തിലെ ഖാണ്ഡവദഹന കഥയെ സൂചിപ്പിക്കുന്നു). എല്ലാം ഒരു നിമിഷംകൊണ്ട് ഭക്ഷിക്കുവാനായി അഗ്നി സൂക്ഷ്മാണുവായി എവിടെയോ ഒളിച്ചിരിക്കുന്നുണ്ട്. മഴ പെയ്യിച്ച് ഈ അഗ്നിയിൽനിന്ന് രക്ഷിക്കുവാൻ ഒരാൾ വരും (മഴ പെയ്യിച്ച് ഖാണ്ഡവവനത്തെ രക്ഷിച്ച ഇന്ദ്രനെ സൂചിപ്പിക്കുന്നു.) പക്ഷേ, അടുത്ത നിമിഷം തന്നെ ശരമാരി പെയ്യിച്ച് മഴയെ പ്രതിരോധിക്കുവാൻ ഗാണ്ഡീവധാരി (അർജ്ജുനനെ സൂചിപ്പിക്കുന്നു) എത്തും. ഇതിനിടയിൽ അകപ്പെട്ടുപോയ ശാർങ്ഗകപ്പക്ഷികളാണു നാം. നമുക്കു ജീവൻ തന്ന ഭൂമിയാകട്ടെ, തന്റെ പാവം മക്കളെയോർത്തു കരയുന്ന ജരിതപ്പക്ഷിയെ പോലെ തീ തിന്നുരുകുന്ന നെഞ്ചുമായി ഏതോ മുനമ്പിനെ ചുറ്റുന്നു. എല്ലാം മറന്നുറങ്ങിയ കാലം എന്നെന്നേക്കുമായി അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. (സുരക്ഷിതമായ ഒരു കാലം ഇനി സ്വപ്നം കാണേണ്ടതില്ല എന്നർത്ഥം). ഇനി നമ്മളിലൊരാളുടെ നിദ്രയ്ക്ക് മറ്റെയാൾ കാവലിരുന്നേതീരു. അതിനാൽ നീ ഉറങ്ങുക. ഞാൻ ഉണർന്നിരിക്കാം.

ഈ കവിതയിലെ ഏറ്റവും കാതലായ ഭാഗമാണിത്. സംഘർഷഭരിതമായ സന്ദർഭത്തെ അവതരിപ്പിക്കാനായി കവി പുരാണങ്ങളിൽ നിന്ന് ബിംബങ്ങളെടുത്ത് ഉദാഹരിക്കുന്നു. ആകസ്മികമായാണ് ഖാണ്ഡവവനം അഗ്നിക്കിരയായത്. ഇതുപോലെ വളരെ രഹസ്യമായിട്ടായിരിക്കും കൃശാണുവിന്റെ, അണുബോംബിന്റെ ആക്രമണമുണ്ടാവുക എന്ന് സൂചന. ഇവിടെ രക്ഷിക്കാനെത്തുന്നവരെ തടയാനാളുണ്ടാവുമെന്ന് കവി ഓർമ്മപ്പെടുത്തുന്നു. (എവിടെയും തല പൊക്കുന്ന വിഭാഗീയതയെ സൂചിപ്പിക്കുന്നു). കവി തന്റെ ആശയ നിവർത്തിക്കായി ഏറ്റവും ഉചിതമായ ഒരു പുരാവൃത്ത പരാമർശമാണ് ഇവിടെ വിളക്കിച്ചേർത്തിരിക്കുന്നത്. അതിനാൽ അലങ്കാരം ഉദാത്തം.

ലക്ഷണം

'പുരാവൃത്ത പരാമർശ-
മുദാത്തം ശ്രീ സമൃദ്ധിയും'

'കാലദേശങ്ങൾ തൻ കാണാക്കരകളെ' എന്ന വരിയിൽ വർണ്യവും അവർണ്യവും തമ്മിൽ ഭേദമില്ല. ജീവിതത്തിന്റെ ഭാവിയെയാണ് കാണാക്കരകളായി സങ്കല്പിച്ചിരിക്കുന്നത്. ഈ വരിയിലെ അലങ്കാരം രൂപകമാണ്. 'അവർണ്യത്തോടു വർണ്യത്തിന്നഭേദം ചൊൽക രൂപകം' എന്നാണ് ഈ അലങ്കാരത്തിന്റെ ലക്ഷണം.

## വരികൾ

'എത്രവേഗം നീ മയക്കത്തിലാഴുന്നു!..............

..............സത്യങ്ങളാവുകനാം!,സത്യാഗാഥകൾ!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| തളിർക്കുന്ന ജീവിതവൃക്ഷം | = | സന്താനസൗഭാഗ്യമുള്ള ദാമ്പത്യജീവിതം |
| ദിക്തടാകങ്ങൾ | = | ദിക്കുകളാകുന്ന തടാകങ്ങൾ (ജീവിതവഴി) |
| ദാവാഗ്നി | = | കാട്ടുതീയാകുന്ന അഗ്നി |

## ആശയ വിശദീകരണം

പെട്ടെന്നുതന്നെ ഉറക്കത്തിലേക്കാഴ്ന്നുപോയ പത്നിയെ നോക്കി നിന്റെ മുഖത്ത് എന്തൊരു ശാന്തതയാണെന്ന് കവി ചോദിക്കുന്നു. ഈ ജീവിതത്തിൽ നമുക്കു നഷ്ടമായ ശാന്തത. ഉറക്കത്തിൽ എല്ലാ ഭയവും മാറുന്നു. നീ ഉറക്കത്തിൽ ചിരിക്കുന്നുവല്ലോ. ഈ നിഗൂഢസ്മിതങ്ങളുടെ പിന്നിലെ സ്വപ്നങ്ങൾ എന്റേതു കൂടിയല്ലേ? നമ്മുടെ ജീവിതമാകുന്ന വൃക്ഷം തളിർക്കുകയും പൂക്കുകയും ചെയ്തു. ആ പുഷ്പങ്ങൾ നൗകകളെപ്പോലെ ഓരോ ഗൃഹങ്ങളായിത്തീരുന്നു. ആ ഗൃഹങ്ങളിൽ നമ്മുടെ കൊച്ചുമക്കൾ പൊട്ടിച്ചിരിക്കുന്നു. ഈ ജീവിതകാലത്തിന്റെ അറ്റങ്ങളെ ബന്ധിപ്പിക്കുന്ന പൊൻചങ്ങലയിലെ പൊട്ടാത്ത കണ്ണികളാണ് നമ്മൾ. നമ്മൾ ആരണ്യകത്തിനു നടുവിൽ അഗ്നിക്കിരയാകാതിരുന്ന ശാർങ്ഗകപ്പക്ഷികളെപ്പോലെ ആപത്തിൽ നിന്നും രക്ഷപ്പെട്ട് ഇവിടെ നില്ക്കുന്നു. നാം ഇനി സ്വപ്നങ്ങളുടെ ചൂടു പകർന്നു വിരിയിച്ച സത്യങ്ങളാവുകയാണ് വേണ്ടത്. ലോകത്തെ നേർവഴിക്കു നടത്താനുള്ള സത്യത്തിന്റെ മാർഗ്ഗം ഉപദേശിച്ചുകൊടുക്കുന്ന ധർമ്മമാണ് ഇനി നമുക്കു നിറവേറ്റാനുള്ളത്. അതായത് ആപത്തിൽനിന്നും ഭാഗ്യത്തിനു രക്ഷപ്പെട്ടവരാണ് നാം. അതിനാൽ ഈ ജീവിതത്തോടു നാം കടപ്പെട്ടവരാകണം. (ലോകനന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ടാവണം ആ കടപ്പാട് കാണിക്കേണ്ടതെന്ന് ആഹ്വാനം).

ജീവിതം നൽകിയ അനുഭൂതികളെ അയവിറക്കുന്ന കവിയുടെ ചിന്തകൾ കവിതയുടെ ഇതളുകളായി വിരിയുകയാണിവിടെ. തന്റെ ദാമ്പത്യ ജീവിതത്തിൽ സന്താനങ്ങളുണ്ടായതിനെ വൃക്ഷത്തിൽ പൂക്കളും കായ്കളും ഉണ്ടാവുന്നതിനോട് കവി താദാത്മ്യപ്പെടുത്തുന്നു. 'ജീവിത /വൃക്ഷം തളിർക്കുന്നു /പൂക്കുന്നു. പിന്നെയാ /പുഷ്പങ്ങൾ നൗകാ/ഗൃഹങ്ങളായ് മാറുന്നു./ ദിക്തടാകങ്ങളി/ ലൂടെയാഴുകുന്നു'. ഈ വരികളിലെ കാവ്യാർത്ഥം പ്രധാനമാണ് . അടുത്ത തലമുറ ജനിക്കുകയും കുടുംബങ്ങളായി വികാസം പ്രാപിക്കുന്നതുമായ പ്രതിഭാസത്തെ കവി ഉപമിച്ചിരിക്കുന്നത് നൗകാഗൃഹങ്ങളോടാണ്. തടാകത്തിൽ ശാന്തമായി തെന്നിനീങ്ങുന്നവയാണ് നൗകകൾ. പുതിയ കുടുംബങ്ങൾ മൂലകുടുംബത്തിൽനിന്ന് വിട്ടുപിരിയുന്നതും ഇങ്ങനെ ശാന്തവും സാവധാനവുമാണ്. ജീവിതമാകുന്ന വൃക്ഷമെന്നു പറയുമ്പോൾ അലങ്കാരം രൂപകമാണ്. ഇവിടെ ജീവിതത്തിനും വൃക്ഷത്തിനും തമ്മിൽ ഭേദമില്ല.

## വരികൾ

'നീ മയക്കത്തിലുമൊന്നു ഞരങ്ങിയോ?..........

..........ഇനിയും കിനാവുകൾകണ്ടു ചിരിക്കുക!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അസ്ത്രശീൽക്കാരം | = | അസ്ത്രം പായുമ്പോഴുള്ള ശബ്ദം |
| ദുശ്ശകുനപക്ഷി | = | ദുഷിച്ച ശകുനത്തിന് ഇടയാക്കുന്ന പക്ഷി (പുള്ള്) |
| പർണ്ണകുടീരം | = | ആശ്രമത്തിലെ കുടിൽ |
| ഭൂമിതൻ നന്ദിനി | = | സീത |

## ആശയ വിശദീകരണം

'മയക്കത്തിനിടെ നീ ഞരങ്ങിയോ?' എന്നു ചോദിക്കുന്ന കവി പെട്ടെന്നു പരിസരം ശ്രദ്ധിക്കുന്നു. മരച്ചില്ലകളിൽ കാറ്റു കലമ്പിയ

ശബ്ദത്തിന് കാതോർക്കുന്നു. താൻ ഭയന്നിരുന്ന അഗ്നി ഉണർന്നോയെന്ന് ഒരു നിമിഷം കവി ചിന്തിക്കുന്നു. ഇലച്ചാർത്തിനപ്പുറത്തെ അസ്ത മയത്തിന്റെ ചുവപ്പു കണ്ടപ്പോൾ ആ ഭയം മാറു ന്നു. അസ്ത്രത്തിന്റെ ശീൽക്കാരം പോലെ ഒരു ദു:ശ്ശകുനപ്പക്ഷി ചൂളമടിച്ചു പറന്നുപോയത് കവി ശ്രദ്ധിക്കുന്നു. ഇങ്ങനെ എത്രയോ ദുശ്രവണങ്ങ ളും ദുസ്സഹങ്ങളും ദയനീയവുമായ ദുരന്തങ്ങളും പിന്നിട്ടുപോന്നവരാണു നാം. പണ്ട് ഭൂമിപുത്രി യായ നന്ദിനി കൊടുംകാട്ടിലെ പർണകുടീരത്തി നുള്ളിൽ ശാന്തമായി കിടന്നുറങ്ങിയില്ലേ?. അതു പോലെ നീയും ഇപ്പോൾ ശാന്തമായി ഉറങ്ങുക. കണ്ണിമ പൂട്ടാതെ ഇവിടെ ഞാനുണർന്നിരിക്കാം. ഉറക്കത്തിൽ കിനാവുകൾ കണ്ടു ചിരിക്കുക.

കവി തന്റെ ആശങ്കകളും ഒപ്പം ആശ്വാ സവും പങ്കുവയ്ക്കുന്ന കാവ്യസന്ദർഭമാണിത്. ഭയം ഉള്ളിലുള്ളപ്പോൾ ഏതൊരു നേർത്ത ശബ്ദ വും ചലനവും മനസ്സിൽ ഭീതിയുണർത്തുന്നത് സ്വാഭാവികമാണ്. അസ്തമയസൂര്യനെക്കണ്ടു അഗ്നിയാണെന്നു ധരിച്ചതും ദുശ്ശകുനപ്പക്ഷി ചൂളമടിച്ചതു കേട്ട് അസ്ത്രസീൽക്കാരമായിരി ക്കുമെന്ന് ശങ്കിക്കുന്നതും അതുകൊണ്ടാണ്. പ്രകൃതിയിലെ ദുശ്രവണങ്ങളും ദുസ്സഹചിത്ര ങ്ങളും ദുരന്തസൂചനയായി സങ്കല്പിച്ചിരിക്കുന്ന തിനാൽ അലങ്കാരം ഉൽപ്രേക്ഷ. ധർമ്മത്തിലെ സാമ്യം കൊണ്ട് അതുതന്നെയല്ലേ ഇത് എന്ന ആശങ്ക തോന്നുന്നത് ഉൽപ്രേക്ഷയുടെ ലക്ഷണ മാണ്.

## കാവ്യാവലോകനം

ഒ.എൻ.വി.യെ സൗന്ദര്യാത്മകകവിയെ ന്ന് പൊതുവെ വിശേഷിപ്പിക്കാറുണ്ടെങ്കിലും സാ മൂഹികപ്രശ്നങ്ങളോട് കവിതയിലൂടെ നിരന്തരം പ്രതികരിക്കുന്ന കവിയാണദ്ദേഹം. കാലം സൃഷ് ടിച്ച സംഘർഷ ലോകത്ത് മനുഷ്യന്റെ നിലനിൽ പ്പ് അപകടത്തിലാണെന്നും ഏതു നിമിഷവും ആപത്ത് കടന്നുവരാമെന്നും അതിനാൽ ജാഗ്രത യോടെ ജീവിക്കണമെന്നുമുള്ള ആഹ്വാനമാണ് ഈ കവിതയിൽ ഉയർന്നുകേൾക്കുന്നത്. വിവിധ ബിംബങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് കവി തന്റെ ആശയം അവതരിപ്പിച്ചിരിക്കുന്നത്. ജീവിതത്തിൽ താണ്ടിയ വഴികളെക്കുറിച്ചുള്ള നിറമുള്ള ഓർമ്മകളും പോയകാലം ഇനി ഒരി ക്കലും തിരിച്ചുകിട്ടുകയില്ലെന്നുള്ള നിരാശയും ഏതു പ്രതിസന്ധിയിലും സ്വപ്നങ്ങളാകുന്ന ഊ ന്നുവടി ജീവിതത്തെ മുന്നോട്ടു നയിക്കുമെന്ന ശുഭാപ്തിവിശ്വാസവും കവി പങ്കുവയ്ക്കുന്നു.

ഖാണ്ഡവദാഹകഥ (മഹാഭാരതം) യെ പ്രതീകമാക്കിക്കൊണ്ട് കവി താൻ ജീവി ക്കുന്ന കാലത്തെ ആപൽക്കരമായ ചുറ്റുപാ ടിനെ ആവിഷ്കരിച്ചിരിക്കുന്നു. കാട്ടുതീയിൽ അകപ്പെടുകയും ഒരു ഘട്ടത്തിൽ ഭാഗ്യത്തിനു രക്ഷപ്പെടുകയും ചെയ്ത ശാർങ്ഗകപക്ഷി കളുടെ അവസ്ഥയോട് കവി സ്വന്തം ജീവിതാ നുഭവങ്ങളെ ചേർത്തുനിർത്തുന്നു. ഭാഗ്യംകൊ ണ്ട് രക്ഷപ്പെട്ട ആ പക്ഷികുടുംബത്തെപ്പോലെ തന്റെ കുടുംബവും എങ്ങനെയോ രക്ഷപ്പെട്ടി രിക്കുകയാണെന്ന് ആശ്വസിക്കുകയാണ് കവി. ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ, കച്ചവടത്വര, യുദ്ധഭീഷണി, സുരക്ഷിതമല്ലാത്ത ജീവിതസാഹചര്യം തുടങ്ങിയ വിഷയങ്ങളെ ക്കുറിച്ച് ഈ കവിത പരോക്ഷമായി സംവദിക്കു ന്നു. സംഘർഷഭരിതവും അശാന്തവുമായ ജീവി തത്തെ മുന്നോട്ടു നയിക്കുന്നത് പ്രതീക്ഷകളും സ്വപ്നങ്ങളുമാണെന്ന് പറഞ്ഞുവച്ചുകൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്. യുദ്ധക്കോപ്പു കളുടെ കച്ചവടത്തിലൂടെ മൂലധനമുണ്ടാക്കുന്ന അമേരിക്കയും മറ്റു സമ്പന്നരാജ്യങ്ങളും സദാ യുദ്ധഭീഷണി മുഴക്കുന്ന ഒരവസ്ഥ കവിമനസ്സി ലുണ്ടാക്കിയ സന്ദേഹമാണ് 'ശാർങ്ഗപക്ഷികൾ' എന്ന കവിതയ്ക്കു പ്രേരകമായതെന്ന് ഡോ.പി.സോമൻ നിരീക്ഷിച്ചിട്ടുണ്ട്. കവിയുടെ ആത്മസംഘർഷങ്ങൾ ഓരോ വരികളിലും പ്രതി ഫലിക്കുന്നുണ്ട്. മിസൈലുകളുടെയും ബോം ബുകളുടെയും രൂപത്തിൽ ആപത്ത് തൊട്ടരികെ എത്തിനില്ക്കുമ്പോൾ കവിക്ക് സമാധാനത്തോ ടെ ഉറങ്ങാനാവുന്നില്ല. 'അശാന്തിപർവ്വം' എന്ന കവിതയുടെ തുടർച്ചയാണ് ഈ കവിതയും. വിഭാഗീയത പോലുള്ള മൂല്യത്തകർച്ച സമൂഹ ത്തിൽ അശാന്തി സൃഷ്ടിക്കുന്ന സാഹചര്യത്തെ കവി ഇവിടെ അടയാളപ്പെടുത്തുന്നു.

'കാകളി' വൃത്തത്തിൽ ചിട്ടപ്പെടുത്തിയ കവിതയാണ് ശാർങ്ഗകപ്പക്ഷികൾ. പ്രകൃതിയുടെ ഈണവും നാട്ടുതാളവും ഒ.എൻ.വി കവിതകളുടെ സവിശേഷതയാണ്. രൂപത്തിലും ഭാവത്തിലും കാവ്യസൗന്ദര്യം തുളുമ്പിനില്ക്കുന്ന ഈ കവിതയിൽ ഉൽപ്രേക്ഷ, ദീപകം, രൂപകം, ദൃഷ്ടാന്തം, ഉദാത്തം തുടങ്ങിയ അലങ്കാരങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. ശബ്ദാലങ്കാരത്തിന് കവിതയിൽ വലിയ പ്രാധാന്യം നൽകിയിട്ടില്ലെങ്കിലും ഭാവാത്മകതകൊണ്ട് ആദ്യാവസാനം അനുഭൂതിയുടെ തലം സൃഷ്ടിച്ചിരിക്കുന്നു. വിഷാദം, ദുഃഖം, സംഘർഷം തുടങ്ങിയവ ഈ കവിതയിലാകമാനം നിഴലിക്കുന്നുണ്ട്. ആശങ്കയാണ് കവിതയിലെ മുഖ്യഭാവം. ഒരു പാരിസ്ഥിതിക കവിതയെന്ന നിലയിലും ചില നിരൂപകർ ഈ കവിതയെ വിലയിരുത്തിയിട്ടുണ്ട്. കവിതയിലെ പ്രധാന ബിംബമായ ഖാണ്ഡവദാഹം പ്രകൃതിയുടെ നാശത്തെയും ജീവജാലങ്ങളുടെ നിലനില്പിനു നേരെയുള്ള ഭീഷണിയെയും സൂചിപ്പിക്കുന്നു.

## Recap

- ആധുനികലോകത്തിലെ സംഘർഷഭരിതമായ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നു
- ആസന്നമായ ആപത്ത് മുന്നിൽ കണ്ട് കരുതലോടെ ജീവിക്കാനുള്ള ആഹ്വാനം
- ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ, നഷ്ടപ്പെട്ട നല്ല കാലത്തെക്കുറിച്ചുള്ള നിരാശ കാട്ടുതീയിൽപ്പെട്ട ശാർങ്ഗകപ്പക്ഷികളുടെ അവസ്ഥയോട് സ്വജീവിതത്തെ താരതമ്യപ്പെടുത്തുന്നു
- ദുശ്രവണങ്ങളും ദുസ്സഹചിത്രങ്ങളും അപകടങ്ങളാണെന്ന് കവി തെറ്റിദ്ധരിക്കുന്നു. ജീവിതാനുഭവങ്ങളിൽനിന്ന് ശുഭാപ്തിവിശ്വാസം കൈവരിക്കാനുള്ള ശ്രമം നടത്തുന്നു. ഏതാപത്തിലും രക്ഷപ്പെടാനാവുമെന്ന പ്രത്യാശ പങ്കുവയ്ക്കുന്നു
- നീണ്ട ജീവിതയാത്രയിൽ വിശ്രമവേളകൾ അപൂർവ്വമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ശാന്തസുന്ദരമായ കാലം എന്നേക്കുമായി നഷ്ടപ്പെട്ടതിലുള്ള നിരാശ പങ്കുവയ്ക്കുന്നു
- പ്രകൃതിയിൽനിന്ന് നാശത്തിന്റെ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വിപത്തുകളെ അതിജീവിക്കാൻ തുണയ്ക്കുന്നത് ജീവിതസ്വപ്നങ്ങളാണെന്ന് പ്രസ്താവിക്കുന്നു
- സ്വപ്നങ്ങളും ലക്ഷ്യങ്ങളുമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നതെന്ന് ഉദ്ബോധിപ്പിക്കുന്നു
- അപകടം പതിഞ്ഞിരിക്കുന്ന അജ്ഞാത സ്ഥലത്തെ ഖാണ്ഡവവനമായി സങ്കല്പിക്കുന്നു
- സൂക്ഷ്മാണുവായി ഒളിഞ്ഞിരിക്കുന്ന അഗ്നിയെക്കുറിച്ചുള്ള സൂചന നൽകുന്നു
- ഖാണ്ഡവദാഹത്തിലെ ഇന്ദ്രനും അർജ്ജുനനുംപോലെ ഒരേ സമയം രക്ഷയും പ്രതിരോധവും തീർക്കുന്നു
- ജരിതയുടെ അവസ്ഥയോട് കവി സ്വജീവിതത്തെ താരതമ്യപ്പെടുത്തുന്നു
- ദാമ്പത്യജീവിതത്തെ പൂക്കളും കായ്കളും നിറഞ്ഞ വൃക്ഷമായി സങ്കല്പിക്കുന്നു. തടാകത്തിലെ നൗകകളെന്നപോലെ തലമുറകളായി വഴിപിരിയുന്ന സന്തതിപരമ്പര. കുടുംബത്തെ ബന്ധിപ്പിക്കുന്ന ചങ്ങലക്കണ്ണികളാണ് തങ്ങളെന്ന് കവി സ്വയം കരുതുന്നു
- ആപത്തൊഴിഞ്ഞുപോയതിന്റെ ആശ്വാസം . ശിഷ്ടജീവിതം ലോകനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന ചിന്ത

## Objective Type Questions

1. 'ഞാനുണർന്നിരിക്കാം നീയുറങ്ങുക' എന്ന് കവി പറയുന്നത് ആരോടാണ്?
2. 'കാലം ഏല്പിച്ച ശൈത്യവും താപവും' - സൂചനയെന്ത്?
3. 'കൊത്തിയുടച്ചുകൊറിച്ചിരുന്നു' - എന്തിനെക്കുറിച്ചാണ് ഈ സൂചന?
4. അന്യോന്യം അത്താണിയായെന്നു പറയുന്നതെപ്പോഴാണ്?
5. 'ഋതുഭേദങ്ങളേല്പിച്ച താപവും ശൈത്യവു'മെന്ന വരിയിലെ അലങ്കാരം ഏതാണ്?
6. ജീവിതത്തിലെ വിശ്രമവേളകൾ അല്പമാത്രങ്ങളാണെന്ന് കവി പറയാൻ കാരണം എന്ത്?
7. എല്ലാം മറന്നുറങ്ങിയ യാമങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണെന്ന് പറയാനുണ്ടായ സാഹചര്യം എന്താണ്?
8. 'അല്പമാത്രങ്ങളാം/വിശ്രമവേളകൾ!. കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം!' എന്ന വരികളിൽ നിറഞ്ഞു നില്ക്കുന്ന ഭാവം ഏതാണ്?
9. പോത്തിൻ പുറത്തുവന്നെത്തുന്ന രൂപം - എന്തിനെയാണ് സൂചിപ്പിക്കുന്നത്?
10. കണ്ണിമാങ്ങകൾ തല്ലിക്കൊഴിക്കുന്ന കാറ്റ്. ഇതിലെ വിവക്ഷ എന്ത്?
11. 'വില്ലൊടിച്ചിങ്ങു-കൊണ്ടു കുടിവച്ചു'. ഇതിലെ സൂചനയെന്ത്?
12. 'സപ്തവർണ്ണാഞ്ചിത ചിത്രവടി'- എന്നതിലെ കാവ്യാർത്ഥം എന്ത്?
13. കല്ലിനുള്ളിലെ കരുണാമൂർത്തിയായി സങ്കല്പിച്ചിരിക്കുന്നത് എന്തിനെയാണ്?
14. 'പല വില്ലൊടിച്ചു' - എന്നതുകൊണ്ട് കവി അർത്ഥമാക്കുന്നതെന്ത്?
15. നാശത്തെ അഥവാ വിപത്തിനെ സൂചിപ്പിക്കുന്നതിനായി നിരവധി ബിംബങ്ങളെ ഉപയോഗിച്ചിരിക്കുന്നു. ഇവിടെ ഏതാണ് അലങ്കാരം?
16. കാലദേശങ്ങൾ തൻ കാണാക്കരകൾ- കാണാക്കരകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത്?
17. കാലടിപ്പാടുകൾ -എന്നത് എന്തിനെ സൂചിപ്പിക്കുന്നു?
18. തമോബിന്ദു എന്നതിലെ കാവ്യാർത്ഥമെന്ത്?
19. 'ശരമാരി പെയ്യിച്ച ഗാണ്ഡീവധാരി' ആരാണ് ഗാണ്ഡീവധാരി?
20. 'പാറിവന്നേതോ ദുരന്തമുനമ്പിനെ ചുറ്റുന്നു'- സൂചനയെന്ത്?
21. അപകടം പതിഞ്ഞിരിക്കുന്ന അജ്ഞാത സ്ഥലത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്.?
22. കവിതയിൽ ഭൂമിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
23. കവിയുടെ കാഴ്ചപ്പാടിൽ എപ്പോഴാണ് എല്ലാ ഭയങ്ങളും മാറിനില്ക്കുന്നത്?
24. വൃക്ഷവും പൂക്കളും കായകളും എന്നതുകൊണ്ട് കവി അർത്ഥമാക്കുന്നതെന്ത്?
25. നൗകാഗൃഹങ്ങളായി സങ്കല്പിച്ചിരിക്കുന്നത് എന്തിനെ?
26. 'പൊൻചങ്ങലയിലെ പൊട്ടാത്ത കണ്ണികൾ' എന്ന് ആരെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
27. 'സത്യങ്ങളാവുക നമ്മൾ, സത്യഗാഥകൾ' -സൂചന എന്ത്?

## Answers to Objective Type Questions

1. പത്നിയോട്
2. ജീവിതക്ലേശങ്ങൾ
3. കൊച്ചു സ്വപ്നങ്ങളെക്കുറിച്ച്
4. ദുഃഖഭാരങ്ങളിറക്കിവയ്ക്കുന്നതിൽ
5. രൂപകം
6. ജീവിതം തിരക്കേറിയതായതിനാൽ
7. സംഘർഷഭരിതകാലത്തെ സുരക്ഷിതത്വമില്ലായ്മ
8. നിരാശ
9. കാലനെ (മരണത്തെ)

10. നാശം
11. ഇന്ത്യയുടെ സ്വാതന്ത്ര്യം
12. സ്വപ്നങ്ങൾ
13. ഈശ്വരനെ
14. സ്വാതന്ത്ര്യത്തിനായി നടത്തിയ സമരങ്ങൾ
15. ദീപകം
16. ഒരു നിശ്ചയവുമില്ലാത്ത ഭാവിജീവിതം
17. ജീവിതത്തിലെ ഭൂതകാലം
18. ജീവിതയാത്രയിലെ പ്രതിസന്ധി
19. അർജ്ജുനൻ
20. ജരിതപ്പക്ഷി
21. ഖാണ്ഡവവനത്തോട്
22. ജരിതപ്പക്ഷിയോട്
23. ഉറക്കത്തിൽ
24. ദാമ്പത്യജീവിതം
25. തലമുറകളെ
26. കവിയെയും പത്നിയെയും
27. ലോകനന്മയ്ക്കായി പ്രവർത്തിക്കണം


## Assignments

- ഒ.എൻ.വി.യുടെ പാരിസ്ഥിതിക ദർശനം 'ശാർങ്ഗകപക്ഷി'കളെ മുൻനിർത്തി വിവരിക്കുക.
- ബിംബകല്പനയുടെ ലാവണ്യം 'ശാർങ്ഗകപക്ഷികളി'ൽ ഉൾച്ചേർന്നിരിക്കുന്നത് എങ്ങനെയെന്ന് ഉപന്യസിക്കുക.

## Reference


1. ഡോ. പി. സോമൻ - ശാർങ്ഗകപ്പക്ഷികൾ, ഉറങ്ങാത്ത കവിതകൾ, പഠനം-ഒ.എൻ.വി. കാവ്യസംസ്കൃതി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഗോപി നാരായണൻ - കാവ്യസൂര്യന്റെ യാത്ര, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. എഡി. എസ്. രാജശേഖരൻ - ഇനി ഞാനുണർന്നിരിക്കാം, ഒ.എൻ.വി. കവിത പഠനം- നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
4. ഒ. എൻ. വി - മാണിക്യവീണ (അവതാരിക പ്രഭാവർമ്മ) - ഡി.സി.ബുക്സ്, കോട്ടയം.
5. സുരേഷ് വെള്ളിമംഗലം- ഒ. എൻ. വി. കവിത-ഈണവും പൊരുളും, ഡി.സി.ബുക്സ്, കോട്ടയം.
6. ഒ. എൻ. വി-ഒ. എൻ. വി യുടെ കവിതകൾ ഒരു ബൃഹദ്സമാഹാരം, വോള്യം 1, 2 -വിവിധ അവതാരികകൾ, ഡി.സി.ബുക്സ്, കോട്ടയം.


## E-Content



ഒ.എൻ.വി.കുറുപ്പ്

https://ml.m.wikipedia.org/wiki/ഒ.എൻ.വി._ കുറുപ്പ്,
https://www.manoramaonline.com/literature/literaryworld/2021/02/13/remembering-onv-kurup-speical-story-by-jobin-k-joseph.html
https://youtu.be/-sPHK5lUd9w
https://emalayalee.com/vartha/231391

# യൂണിറ്റ് - 3
# മൃത്യുപൂജ

### അയ്യപ്പപ്പണിക്കർ

## Learning Outcomes

- ആധുനിക കവിതകളിൽ മൃത്യുപൂജയുടെ സവിശേഷത മനസ്സിലാക്കുന്നു
- അയ്യപ്പണിക്കരുടെ സാഹിത്യലോകത്തെ പരിചയപ്പെടുന്നു
- മൃത്യുപൂജ എന്ന കവിതയുടെ ആശയലോകം പഠിക്കുന്നു
- മൃത്യു, ജീവിതം എന്നിവയെക്കുറിച്ച് കൂടുതലറിയുന്നു
- അയ്യപ്പപ്പണിക്കരുടെ കാവ്യശൈലി പരിചയപ്പെടുന്നു
- ആധുനിക കവിത എന്ന പരികല്പനയെ മനസ്സിലാക്കുന്നു

## Prerequisites

മനുഷ്യനെ സംബന്ധിച്ച് ജീവിതത്തിൽ ഉറപ്പായും സംഭവിക്കാവുന്ന ഒരു കാര്യമേതാണെന്ന് ചോദിച്ചാൽ നമുക്ക് ഒറ്റ ഉത്തരമേയുണ്ടാവൂ. അത് മരണം എന്നായിരിക്കും. ജീവിതത്തിൽ ഒരിക്കലെങ്കിലും മരണത്തെക്കുറിച്ച് ചിന്തിക്കാത്തവരായി ആരുമുണ്ടാവില്ല. ജീവിതത്തിലെ പ്രതീക്ഷകളും സന്തോഷവും നഷ്ടപ്പെടുമ്പോഴാണല്ലോ നാം മരണത്തെക്കുറിച്ച് ചിന്തിക്കുന്നത്. സമൂഹത്തിന്റെ ജീർണ്ണതയും കാപട്യവും കാരണം ഭാവിജീവിതത്തിലെ പ്രതീക്ഷകൾ നഷ്ടപ്പെട്ട് നിരാശ ബാധിച്ച് മരണത്തെക്കുറിച്ച് ചിന്തിക്കുകയും മരണത്തെ പൂജിക്കുകയും പ്രണയിക്കുകയും ചെയ്യുന്ന മനുഷ്യാവസ്ഥയെക്കുറിച്ച് സങ്കല്പിച്ചു നോക്കൂ. അത്തരം മനുഷ്യാവസ്ഥ പ്രകടിപ്പിക്കുന്ന കവിതയാണ് ഡോ. കെ. അയ്യപ്പപ്പണിക്കരുടെ മൃത്യുപൂജ.

മലയാള കവിതാ ചരിത്രത്തിലെ ആധുനിക കവികളിൽ ഒരാളാണ് അയ്യപ്പപ്പണിക്കർ. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെട്ട സാമൂഹിക സാഹചര്യത്തെയാണ് നാം 'ആധുനികത' എന്നു വിളിക്കുന്നത്. ഇത് കലയിലും സാഹിത്യത്തിലും പുതിയ പരീക്ഷണങ്ങളുടെ കാലഘട്ടം കൂടിയായിരുന്നു. ഒന്നാം ലോക മഹായുദ്ധാനന്തരം യൂറോപ്പിൽ രൂപപ്പെട്ട അസ്തിത്വവാദചിന്തയും നഗരവല്ക്കരണം സൃഷ്ടിച്ച അന്യതാബോധവുമെല്ലാം ആധുനികതയുടെ സവിശേഷതയാണ്. പുതിയ സാമൂഹിക സാഹചര്യങ്ങളെയും അത് സൃഷ്ടിച്ച ജീവിതപ്രതിസന്ധികളെയും സാഹിത്യം അഭിസംബോധന ചെയ്തു തുടങ്ങിയതോടെയാണ് ലോകസാഹിത്യത്തിൽ 'ആധുനികത' ഉദയം ചെയ്യുന്നത്. ആധുനികത മലയാളകവിതയിൽ പ്രത്യക്ഷപ്പെടുന്നത് 1950-കളുടെ അവസാനത്തോടെയാണ്. മുഖ്യമായും പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കവും അന്ന് നിലനിന്ന കാല്പനികപ്രസ്ഥാനത്തിന്റെ പരിമിതികളും ആവർത്തനവിരസതയും പുതിയ കാവ്യധാരയിലേക്ക് കടക്കാൻ കവി

കളെ നിർബന്ധിതരാക്കി. പ്രമേയത്തിലും ഭാഷയിലും രൂപത്തിലും പുതിയ പരീക്ഷണങ്ങളിലേർപ്പെട്ടാണ് ആധുനിക കവിത മുന്നേറിയത്.

മലയാളകവിതയിലെ ആധുനികതയുടെ ശക്തനായ വക്താവും പ്രയോക്താവുമായിരുന്നു അയ്യപ്പപ്പണിക്കർ. കവി, നിരൂപകൻ, സൈദ്ധാന്തികൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു അദ്ദേഹം. ഭാഷയുടെയും ഭാവുകത്വത്തിന്റെയും പരിവർത്തനത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖനാണ്. നവബിംബകല്പനകളും വൃത്തമിശ്രണവും ഐറണിയും ചേർത്തുണ്ടാക്കുന്ന കാവ്യഭാഷയും അതുപയോഗിച്ച് സൃഷ്ടിക്കുന്ന ഹാസ്യവും അയ്യപ്പപ്പണിക്കരുടെ മുഖ്യകാവ്യസവിശേഷതയായിരുന്നു. എൻ.എൻ. കക്കാട്, മാധവൻ അയ്യപ്പത്ത്, ആർ. രാമചന്ദ്രൻ, ആറ്റൂർ രവിവർമ്മ, ഡി. വിനയചന്ദ്രൻ, കമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ തുടങ്ങിയവർ ഇക്കാലത്ത് കാവ്യരചന നടത്തിയവരാണ്. എന്നാൽ ആധുനികതയുടെ ഘട്ടത്തിലും വൈലോപ്പിള്ളി, ജി. ശങ്കരക്കുറുപ്പ് തുടങ്ങിയവർ ആധുനികതയുടെ പാത സ്വീകരിക്കാതെ സ്വന്തം വഴികളിലൂടെ സഞ്ചരിക്കുകയും കാവ്യരചന നടത്തുകയും ചെയ്തവരാണ്. അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രം എന്ന കവിതയാണ് മലയാള ആധുനികകവിതയുടെ ആധാരശില. അയ്യപ്പണിക്കരുടെ സാഹിത്യ ജീവിതം വളരെ വലുതാണ്. അയ്യപ്പപ്പണിക്കരുടെ കൃതികൾ (1969-81), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ, ഗോത്രയാനം(1981-89), കുരുക്ഷേത്രം, പത്തുമണിപ്പൂക്കൾ, പകലുകൾരാത്രികൾ, മൊഴിയും വഴിയും എന്നിവയാണ് പ്രധാന കൃതികൾ. സരസ്വതി സമ്മാൻ, കേന്ദ്ര സാഹിത്യ അക്കാദമിയുടെ കാവ്യ പുരസ്കാരം, കവിതയ്ക്കും നിരൂപണത്തിനുമുള്ള കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ആശാൻ പ്രൈസ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

## Key words

ആധുനികത - അസ്തിത്വവാദം - നഗരസംസ്കാരം - നവബിംബകല്പന - ഐറണി

## 3.3.1 Content

ആധുനിക കവിതയുടെ എല്ലാ ലക്ഷണങ്ങളും ഒത്തുചേർന്ന കവിതയാണ് അയ്യപ്പപ്പണിക്കരുടെ മൃത്യുപൂജ. സമൂഹത്തിന്റെ ജീർണ്ണതകളും കാപട്യങ്ങളും ജീവിതത്തിന്റെ പ്രതീക്ഷകൾ തല്ലിക്കെടുത്തുമ്പോൾ മരണത്തിൽ അഭയം കണ്ടെത്താൻ ശ്രമിക്കുന്ന മനുഷ്യാവസ്ഥയെയാണ് കവി ഇതിൽ ആവിഷ്ക്കരിക്കുന്നത്. മരണത്തെ പൂജിക്കുകയും കാമിക്കുകയും ചെയ്യുന്ന മാനസികാവസ്ഥയിലൂടെയാണ് കവി ഇതിൽ കടന്നുപോകുന്നത്. സമൂഹത്തിന്റെ ജീർണ്ണതകളിൽ അസ്വസ്ഥമാകുന്ന കവി ഒടുവിൽ മരണത്തെ അഭയമായി കാണുന്നു. മൃത്യുവിനെ പൂജിക്കുന്ന മാനസികാവസ്ഥയിലേക്ക് കവിയെ നയിക്കുന്ന സാഹചര്യമിതാണ്.

### വരികൾ

'മന്ദഗാമിനി ഹേമന്തയാമിനി..........
..................ചാലൂക്തി ചെവികളിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഹേമന്തയാമിനി | = | ഹേമന്ത മാസത്തിലെ രാത്രി, ഇളം കുളിരുകാലത്തെ രാത്രി |
| ഘനശ്യാമ രൂപിണി | = | കാർമേഘത്തിന്റെ രൂപമുള്ളവൾ |
| സന്ധ്യയുടെ രാഗം | = | സന്ധ്യയുടെ ചുവപ്പ് |
| സഹ്യാദ്രി | = | സഹ്യപർവ്വതം |
| താംബൂലം | = | മുറുക്കാൻ |

| | | |
|---|---|---|
| അണ്ഡവും കീടവും | = | മുട്ടയും ചെറുപ്രാണികളും |
| വിധുര സപ്തർഷികൾ | = | ദുഃഖിതരായ സപ്തർഷികൾ |
| ഭുജഭുജംഗവലയങ്ങൾ | = | കൈയാകുന്ന പാമ്പിന്റെ ചുറ്റൽ (ആലിംഗനം) |
| ചിരഞ്ജീവി | = | മരണമില്ലാത്തവൻ |

## ആശയ വിശദീകരണം

'മന്ദഗാമിനി ഹേമന്തയാമിനി' എന്ന് മരണത്തെ ക്ഷണിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. മരണത്തെ പതുക്കെപ്പതുക്കെ വരുന്നവളായും ഹേമന്തത്തിലെ രാത്രിയായും മേഘത്തിന്റെ രൂപമുള്ളവളായും കവി സങ്കല്പിക്കുന്നു. സന്ധ്യ അവസാനിച്ചു. സഹ്യപർവ്വതത്തിന്റെ തീരമിരുണ്ടു എന്ന സൂചനയിലൂടെ രാത്രിയുടെയും ഇരുട്ടിന്റെയും വരവിനെ സൂചിപ്പിക്കുന്നു. കവി മൃത്യുവിനോട് കുളിരിളകുന്ന ചെറുതെന്നലിലേറി വരാനും തളിരിലപോലുള്ള അധരത്തിലെ (കീഴ്ചുണ്ട്) താംബൂല മാധുരി തരാനും ആവശ്യപ്പെടുന്നു. പ്രപഞ്ചത്തിലെ കീടങ്ങൾ ഇരുളിൽ മറയുന്നു, ചിരഞ്ജീവികളായ സ്മൃതികളും ശ്രുതികളും മായുന്നു. നക്ഷത്രങ്ങൾ ഇരുട്ടിൽ അതിവേഗം അലിയുന്നു. ഘനശൈത്യമേ, അന്ധകാരമേ, മരണത്തിന്റെ മൂഢാനുരാഗമേ വരൂ എന്നു പറയുന്നു. തുടർന്ന് മൃത്യുവിനോട് തന്നെ ആലിംഗനം ചെയ്യാനും പ്രണയവചനങ്ങൾ കാതിൽ ചൊരിയാനും കവി ആവശ്യപ്പെടുന്നു. ഇവിടെ പ്രണയത്തിന്റെയും മരണത്തിന്റെയും ഭാവങ്ങളാണ് കവി ആവിഷ്ക്കരിക്കുന്നത്.

കവി മരണത്തെ തന്റെ ജീവിതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് മരണാഭിമുഖ്യം പ്രകടിപ്പിക്കുന്നു. ചുണ്ടിലെ മുറുക്കാന്റെ മാധുര്യം തരൂ എന്ന് പറയുന്നത് ചുംബനത്തിന്റെ സൂചനയാണ്. ഇവിടെ കവി മൃത്യുവിനെ കാമുകിയായി സങ്കല്പിക്കുന്നു. കവി ഒരേ സമയം മൃത്യുവിനെ പൂജിക്കുകയും കാമിക്കുകയും ചെയ്യുന്നതിലൂടെ മൃത്യുവിനെ ദേവതയായും കാമുകിയായും സങ്കല്പിക്കുന്നു. രാത്രിയുടെയും ഇരുട്ടിന്റെയും സൂചനകൾ നൽകി മരണത്തിന്റെ ഭാവം കവിതയിൽ ആവിഷ്കരിക്കുന്നു.

## വരികൾ

'ഭാവിയൊരു ഭൂതമായ ......................

.............ശരത്സ്വപ്ന കാമിനി വരു നീ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| മിഥ്യാപുരാണം | = | അർത്ഥമില്ലാത്ത പഴയ കഥകൾ |
| സ്വാതന്ത്ര്യഗായകൻ | = | സ്വാതന്ത്ര്യത്തെക്കുറിച്ച് പാടുന്നവൻ |
| കാതരഹൃദന്തം | = | ദുഃഖമുള്ള ഹൃദയം |

## ആശയ വിശദീകരണം

അനീതികൾ നടമാടുന്ന സമൂഹത്തിൽ മനുഷ്യന്റെ ഭാവി പ്രതീക്ഷയ്ക്ക് വക നൽകുന്നതല്ല. അനീതികൾ ഇല്ലാതാകാൻ നീതികഥകൾ ഈണമിട്ട് കേൾക്കാൻ ആരുണ്ടെന്ന് കവി ചോദിക്കുന്നു. നീതിയെക്കുറിച്ച് സംസാരിച്ചിരുന്ന പുണ്യപുരുഷന്മാർ മരിച്ചുപോയെന്നും ഭൂമിയുടെ പുണ്യമെന്നത് മിഥ്യയാണെന്നും കവി ആകുലപ്പെടുന്നു.

തന്റെ കാലത്തെ സ്വാതന്ത്ര്യഗായകന്റെയും കവിയുടെയും ധർമ്മപ്രവാചകന്റെയും കാപട്യം കവിയെ നിരാശനാക്കുന്നു. പാരതന്ത്ര്യത്തിനെതിരെ സ്വാതന്ത്ര്യഗീതം പാടേണ്ട സ്വാതന്ത്ര്യഗായകൻ തന്റെ പാട്ടിന് നാണയം പ്രതിഫലമായി ചോദിക്കുന്നു. യുദ്ധങ്ങളും ക്ഷാമവുമൊക്കെ മനുഷ്യജീവിതത്തെ ദുരന്തമാക്കിത്തീർക്കുന്നവയാണ്. മനുഷ്യജീവിതത്തെ ദുരന്തമാക്കുന്ന യുദ്ധത്തിനും ക്ഷാമത്തിനുമെതിരെ ശബ്ദിക്കേണ്ട കവികൾ അവയെ തങ്ങൾക്ക് കവിതയെഴുതി കാശുണ്ടാക്കാനുള്ള അവസരമാക്കി മാറ്റുന്നു. വിനയമൊരു നയമാക്കി ജനങ്ങളെപ്പറ്റിക്കുന്നവനാണ് കവിയുടെ കാലത്തെ ധർമ്മപ്രചാരകൻ. കവിയെ സംബന്ധിച്ചിടത്തോളം ശരീരം അനിത്യവും ആത്മാവ് നിത്യവുമാണ്. അതിനാൽ ആത്മാവിന്റെ സുഖത്തിലാണ് കവി തന്റെ സ്നേഹപ്രവാചകനെ കണ്ടെത്തുന്നത്. അനീതിയും അധർമ്മവും കാപട്യവും ചേർന്ന ചങ്ങല തന്റെ ഹൃദയമണിഞ്ഞിരിക്കുന്നു. ഇതിൽ നിന്നുള്ള മോചനത്തിനായി കവി മരണത്തെ വീണ്ടും ക്ഷണിക്കുന്നു.

കവി മൃത്യുവിനെ ക്ഷണിക്കുന്നതിന്റെ കാരണങ്ങളാണ് ഈ ഭാഗത്ത് വിശദമാക്കുന്നത്. മനുഷ്യവിമോചനം മുന്നോട്ടുവച്ച മതങ്ങളും തത്വശാസ്ത്രങ്ങളും പരാജയപ്പെടുകയും സമൂഹം ജീർണ്ണിക്കുകയും കാപട്യം പെരുകുകയും ചെയ്യുന്നതിന്റെ നിരാശയാണ് കവിയെ മൃത്യുവിനെ പുൽകാൻ പ്രേരിപ്പിക്കുന്നത്. പ്രതീക്ഷകൾ നഷ്ടപ്പെട്ട ജീവിതത്തിന് മരണം മാത്രമാണ് അഭയം എന്ന് കവി കരുതുന്നു.

### വരികൾ

'നിന്നുഗ്രശൈത്യ പരിപാകം ഗ്രസിക്കുന്ന......
......................................ഹേമന്തയാമിനി വരൂ നീ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| മീണ്ട് | = | രക്ഷപ്പെടുത്തി |
| മദോല്ലസിതം | = | അഹങ്കാരത്തിന്റെ ഉല്ലാസം നിറഞ്ഞത് |
| വിശ്വസിര | = | പ്രപഞ്ചത്തിന്റെ രക്തക്കുഴൽ |
| കല്പാന്തം | = | ലോകാവസാനം |

### ആശയ വിശദീകരണം

അധർമ്മത്തിന്റെ മൂർദ്ധന്യത്തിലെത്തിയ ലോകത്തിന്റെ പൂർണ്ണമായ നാശത്തെക്കുറിച്ചാണ് കവി തുടർന്ന് പറയുന്നത്. പൂർണ്ണനാശത്തിന് ശേഷം ലോകം വീണ്ടും പുനർജനിക്കുകയും മനുഷ്യവംശം വീണ്ടും ഉദ്ഭവിക്കുകയും ചെയ്യും. മനുഷ്യവംശത്തിന്റെ ഉത്ഭവത്തെ സൂചിപ്പിക്കാൻ കവി ബൈബിളിലെ ഉല്പത്തികഥയെയും ദശാവതാരസങ്കല്പത്തെയും കൂട്ടുപിടിക്കുന്നു. നിറച്ച് ഫലവൃക്ഷങ്ങളും നിറച്ച് വിഷപുഷ്പങ്ങളുമായി വീണ്ടും ജനിക്കുന്ന തോട്ടം ബൈബിളിലെ ഏദൻതോട്ടത്തെ സൂചിപ്പിക്കുന്നു. പെണ്ണും സർപ്പവും ദൈവവുമെല്ലാം ഏദൻകഥയെ ഓർമ്മിപ്പിക്കുന്നു. മനുഷ്യചരിത്രം വീണ്ടും ആവർത്തിക്കുമ്പോൾ വീണ്ടും ചതിയും യുദ്ധവും മരണവുമെല്ലാം ആവർത്തിക്കപ്പെട്ടേക്കാം. അതിനാൽ ഒന്നുമിനിവേണ്ട, മൃത്യു നീ വരൂ എന്നെന്നേക്കുമായി മൃത്യു നീ വരൂ എന്ന് കവി പറയുന്നു.

മൃത്യു വന്ന് സകല ജീവജാലങ്ങളെയും ഇല്ലാതാക്കുന്നു. ലോകം വീണ്ടും പുനർജനിക്കുന്നു. പുനർജനിക്കുന്ന ലോകത്തിൽ ജീവന്റെ ഉല്പത്തിയെ കുറിക്കാൻ ബൈബിളിലെയും ഹൈന്ദവസങ്കല്പത്തിലെയും ഉല്പത്തികഥകളെ സൂചിപ്പിക്കുന്നു. മനുഷ്യചരിത്രം വീണ്ടും ആവർത്തിക്കും. യുദ്ധവും കൊലപാതകങ്ങളും തുടർക്കഥയാവും. അതിനാൽ ഒന്നും വേണ്ട മരണം മാത്രം മതി.

### വരികൾ

'നമ്മുടെ വസുന്ധര തൊടുക്കും.......
......................................കൺകളെന്തിനിനി
യടഞ്ഞു കിടക്കുമവയെന്നും'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സ്നേഹോഷ്ണ വൈദ്യുതി | = | സ്നേഹമാകുന്ന താപവൈദ്യുതി |
| അഭിരാമം | = | മനോഹരമായ |
| വിരാട്പുരുഷൻ | = | പ്രപഞ്ചസൃഷ്ടിക്കായി ബ്രഹ്മാവ് സൃഷ്ടിച്ച പുരുഷചൈതന്യം |
| കൽക്കി | = | മഹാവിഷ്ണുവിന്റെ പത്താമത്തെ അവതാരം |
| കണ്ണാശുപത്രിയുടെ പർണ്ണാശ്രമം | = | ദർശനം കിട്ടാനുള്ള ആശ്രമം, മുനിവാടം മനക്കണ്ണിന്റെ ആശുപത്രിയാണ് |
| കടങ്കഥ | = | പൊരുള് വ്യക്തമാക്കാത്ത കഥകൾ |
| കല്പാന്തനിദ്ര | = | കല്പാന്തത്തിലെ ഉറക്കം, മരണം |

### ആശയ വിശദീകരണം

ഭൂമി തൊടുക്കുന്ന നവീന കാമബാണങ്ങളേറ്റ് ഉടൽ തളർന്ന നിലാവും ചന്ദ്രനും മയങ്ങിമറയുന്നു. സ്നേഹത്തിന്റെ താപം കൊണ്ടുപോലും ഉരുകാത്തവിധം മനുഷ്യഹൃദയങ്ങൾ ഉറയുന്നു. ഉറച്ചുപോയ മനുഷ്യമനസ്സുകളെ ആർദ്രമാക്കാൻ സ്നേഹത്തിനുപോലും കഴിയുന്നില്ല. ഓരോ ജീവിയും ഒരിക്കൽ കൊതിച്ച മരണം നിശ്ശബ്ദവും മനോഹരവുമായി വന്നെത്തി. സ്വന്തം കൈക്കുഞ്ഞിനെ വഴിയിലുപേക്ഷിച്ചുകൊണ്ട് ശരീരം വിൽക്കാൻ അമ്മ തയ്യാറാകുന്നു. വിൽക്കുന്ന മുലപ്പടത്തിൽ ദുഃഖവും ആർദ്രതയും വിസ്മൃത

മായിരിക്കുന്നു. മനുഷ്യഹൃദയങ്ങൾ നിരാർദ്രമായതിന്റെ വേദനയാണ് കവി പങ്കുവയ്ക്കുന്നത്. മാതൃത്വം എന്നത് ഏറ്റവും മഹത്തായ ഒന്നായി കണ്ടിരുന്ന കാലത്തുനിന്നും സ്വന്തം കുഞ്ഞിനെ വഴിയിൽ ഉപേക്ഷിക്കാൻ മടിയില്ലാത്ത അമ്മമാരുടെയോ അല്ലെങ്കിൽ അത്തരം ഒരു കൃത്യത്തിലേക്ക് അവരെ നയിക്കുന്ന കെട്ടകാലത്തിന്റെ ജീർണ്ണതകളിലേക്കും ഈ കല്പനയിലൂടെ കവി നമ്മെ കൂട്ടക്കൊണ്ടുപോകുന്നു. നാലുവേദങ്ങളും നിർവ്വേദമാകുമെന്ന ഒരൊറ്റ വേദത്തിലൊതുങ്ങി വിരാട്പുരുഷസങ്കല്പം തകർന്നുവീഴും. എല്ലാം തകർന്ന് പ്രപഞ്ചം മുഴുവൻ അന്ധകാരം നിറയും. കരളാകെ കരിനിറമായി മാറുകയും ഇരുളല വീണ് ഭൂമി മുഴുവൻ ഇരുൾ പരന്ന് ജനവാസമില്ലാത്ത നിശ്ശബ്ദ ഇടമായി മാറുകയും ചെയ്യും.

മനുഷ്യവംശത്തിന്റെ അവസാനത്തെക്കുറിച്ചുള്ള സൂചനകാണാം. ആഫ്രിക്കൻ വൻകരയിൽനിന്ന് ചീറിവരുന്ന ഉഗ്രവിഷം സമുദ്രത്തിലാകെ വ്യാപിച്ച് ഈ ഭൂമിയിലെ മനുഷ്യരെയെല്ലാം ഇല്ലാതാക്കി മാനവചരിത്രത്തിന് അറുതി വരുമോ എന്ന് കവി ചോദിക്കുന്നു. ഇവിടെ വിഷം എന്നത് മനുഷ്യ സമൂഹത്തിന്റെ ജീർണ്ണതയാണ്. മനുഷ്യൻ തന്റെ ക്രൂരതകൾക്ക് സാക്ഷിയാക്കുന്നത് ഈശ്വരനെയാണ്. മനുഷ്യൻ താൻ തന്നെ സൃഷ്ടിച്ച ഈശ്വരന്റെ പേരിൽ വഴക്കിടുന്നു.

മഹാവിഷ്ണുവിന്റെ കല്ക്കി അവതാരത്തിന്റെ വരവിന് സമയമായെന്ന് കവി കരുതുന്നു. മനുഷ്യന്റെ ചരിത്രത്തിന്റെ ഉദ്ഭവം സൂചിപ്പിക്കുമ്പോൾ മത്സ്യാവതാരമാണ് കവി ഉപയോഗിച്ചതെന്ന് ഓർക്കുക. മഹാവിഷ്ണുവിന്റെ പത്താമത്തെ അവതാരമായ കല്ക്കി, കലിയുഗം വരുന്നതോടെ ഭൂമിയിൽ ജനിക്കുകയും കലിയുഗത്തിലെ അധർമ്മങ്ങളെ ഇല്ലാതാക്കുകയും ചെയ്യുന്നതോടെ സത്യയുഗം ആരംഭിക്കും. പ്രപഞ്ചത്തിന്റെ ആരംഭത്തിലെ വാഗ്ദാനമോർത്ത് മലവാരത്ത് കാട്ടാനക്കൂട്ടമിറങ്ങുമെന്നതുപോലെ അന്ധകാരം ഭൂമിയാകെ പടരും. ഈശ്വരൻ ഭൂമിയിൽ വെളിച്ചം സൃഷ്ടിക്കുന്നതിന് മുമ്പ് ഭൂമിയാകെ ഉണ്ടായിരുന്ന അന്ധകാരം തിരിച്ചെത്തുമെന്നാണ് (ബൈബിളിലെ ഉല്പത്തിക്കഥ) കവി പറയുന്നത്.

കണ്ണുകൾ സംരക്ഷിക്കുന്നതിനാണ് മനുഷ്യന് കണ്ണാശുപതി. ആ കണ്ണാശുപത്രിയിൽ ഇരുന്നാണ് കല്പാന്തനിദ്ര (മരണം) പ്രാപിക്കുന്നത്. അത് വന്നു കഴിഞ്ഞാൽ പിന്നെ കണ്ണുകളുടെ ആവശ്യമില്ല, അവ എന്നെന്നേക്കുമായി അടഞ്ഞ് കിടക്കും എന്ന് കവി പറയുന്നു.

### വരികൾ

'ശംഖുമുഖത്തു പടിഞ്ഞാറൻ കടൽക്കരയി...
......................മർത്യൻ വിരിഞ്ഞുവരുമെന്നോ'

### അർത്ഥ വിശദീകരണം

ശംഖുമുഖം = തിരുവനന്തപുരത്തെ പ്രശസ്തമായ കടൽത്തീരം

### ആശയ വിശദീകരണം

എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട എല്ലാം നശിക്കട്ടെ എന്ന് പറഞ്ഞ് മരണത്തെ പുണരാൻ ആഗ്രഹിച്ചിരിക്കുന്ന നിമിഷത്തിൽ, ജീവിതത്തിന്റെ പ്രതീക്ഷയുടെ പുതിയ വെളിച്ചത്തിലേക്ക് കവി കടക്കുന്നു. ആരോ പറക്കുന്ന തളികയിൽ ഭൂമിയുടെ വേര് പറിച്ച് പുതുമോഹങ്ങൾ കെട്ടിയൊരു ഭാണ്ഡം കണക്കെ അവിടെയിരിക്കുന്നു. പുതിയ ഭൂമിയും പുതിയ ജീവിതവും കവി ആഗ്രഹിക്കുന്ന സന്ദർഭമാണിത്. പുത്തൻ ഗ്രഹങ്ങളിൽ ഒരിക്കൽ അവൻ ഈ വിത്തുകൾ വിതയ്ക്കും. വിളവു കൊയ്യാനവൻ കനിവ് കാണിക്കുമോ പുതിയ മനുഷ്യൻ വിരിഞ്ഞുയരുമെന്നോ ? എന്ന് കവി സ്വയം ചോദിക്കുന്നു. കവിതയിലിതുവരെ മുഴച്ചുനിന്ന മൃത്യുവാഞ്ജ ആദ്യമായി ജീവിതതൃഷ്ണയ്ക്ക് വഴിമാറുന്ന സന്ദർഭമാണിത്.

### വരികൾ

'ഞാനെന്റെ തംബുരുവി –...........................
.................മൃത്യു മൃത്യു ജയ മൃത്യു മൃത്യു'

### അർത്ഥ വിശദീകരണം

ജാനകി = സീത
പ്രണവം = ഓം എന്ന ശബ്ദം, ഓംകാരം

## ആശയ വിശദീകരണം

പുതിയ മനുഷ്യൻ വിരിഞ്ഞുയരുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ച ശേഷം കവി വീണ്ടും മൃത്യുവാഞ്ഛയിലേക്ക് മടങ്ങുന്നു. വിളക്കൊക്കെ ഊതിക്കഴിഞ്ഞിട്ടും വീണ്ടും വെളിച്ചമന്വേഷിക്കുന്ന മനുഷ്യന്റെ നാദമടങ്ങിക്കഴിഞ്ഞു എന്ന് കവി പറയുന്നു. അതോടൊപ്പം ഇന്ന് കേൾക്കുന്നത് വേറെ നാദമാണെന്നും പറയുന്നു. ഇത് പ്രതീക്ഷകൾ നഷ്ടപ്പെട്ട മനുഷ്യന്റെ സൂചനയാണ്. ഇരുട്ടിൽ വെളിച്ചമന്വേഷിക്കുന്ന മനുഷ്യൻ ഇല്ലാതായി. എന്നാൽ പ്രതീക്ഷകളുള്ള മനുഷ്യൻ ഇല്ലാതായി എന്നു തന്നെയാണർത്ഥം. ജാനകി തേങ്ങി മറഞ്ഞ ഭൂമിയുടെ ആഴങ്ങളിൽ നിന്ന് 'മൃത്യു ജയിക്കട്ടെ' എന്ന് പ്രണവമന്ത്രം ഉയർന്നു എന്നാണ് കവി പറയുന്നത്. ജീവിതത്തിന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ടപ്പോഴാണ് സീത ഭൂമിക്കടിയിലേക്ക് അന്തർദ്ധാനം നടത്തിയത്. ഇവിടെ പ്രതീക്ഷകൾ നഷ്ടപ്പെട്ട സീതയുടെ അവസ്ഥക്ക് തുല്യമാണ് മനുഷ്യന്റെ അവസ്ഥയെന്നും അതിനാൽ ഇനി മൃത്യുവാണ് അഭയം എന്നു കരുതുകയും ചെയ്യുന്നതുകൊണ്ടാണ് കവി 'മൃത്യു ജയിക്കട്ടെ' എന്ന മന്ത്രം ഉയർന്നതായി പറയുന്നത്.

## വരികൾ

'സ്വർഗ്ഗത്തിലേക്കുയരുവാൻ നിൽക്കേ

...,.....................................................

മമവൈദേഹിയെത്തരിക ധാത്രി!'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദാശരഥി | = | ദശരഥന്റെ പുത്രൻ രാമൻ |
| നക്തഞ്ചരേന്ദ്രൻ | = | രാക്ഷസൻ |
| വൈദേഹി | = | സീത |

## ആശയ വിശദീകരണം

കവിതയുടെ ആദ്യരൂപത്തിൽ ഇല്ലാതിരുന്നതാണ് ഈ വരികൾ. പിന്നീട് കൂട്ടിച്ചേർത്തതാണ്. ഇത്തരം ഒരു കൂട്ടിച്ചേർക്കലിലൂടെ കവി മരണാഭിമുഖ്യത്തെ തള്ളി വീണ്ടും ജീവിതത്തിന്റെ സാധ്യതകൾ തേടുകയാണ്. രാമന്റെ സ്വർഗ്ഗാരോഹണ സമയത്തെ തിരിച്ചറിവുകളും പശ്ചാത്താപവുമാണ് പ്രത്യക്ഷത്തിൽ ഈ വരികളിൽ സൂചിപ്പിക്കുന്നത്. താൻ നശിപ്പിച്ച അസുരത്വം തന്റെ ഉള്ളിൽ കുടിയേറി ജീവിതത്തിൽ സുഖദുഃഖങ്ങളിൽ തന്നോടൊപ്പം നിന്ന സീതയെ ഒഴിവാക്കുന്നതിൽ എത്തിച്ചു. അത് തെറ്റായിപ്പോയെന്ന് രാമൻ തിരിച്ചറിയുകയും പശ്ചാത്തപിക്കുകയും 'മമ വൈദേഹിയെ തിരികെത്തരൂ' എന്ന് ഭൂമിയോട് അപേക്ഷിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്താപം കവിയുടേതും കൂടിയാണ്. ഏത് ഇരുട്ടിലും വെളിച്ചം കണ്ടെത്താനുള്ള മനുഷ്യേച്ഛയാണ് ജീവിതത്തിൽ പ്രകടിപ്പിക്കേണ്ടതെന്നും അതിലൂടെ ജീവിതം തിരിച്ചുപിടിക്കുകയുമാണ് വേണ്ടതെന്നുമുള്ള തിരിച്ചറിവാണ് കവിയുടെ പശ്ചാത്താപത്തിന്റെ അടിസ്ഥാനം. ഈ വരികളിലൂടെ വീണ്ടും കവി ജീവിതാഭിമുഖ്യം പ്രകടിപ്പിക്കുന്നു.

## കാവ്യാവലോകനം

'മൃത്യുപൂജ'യുടെ ശില്പഘടന പരിശോധിക്കുമ്പോൾ മരണാഭിമുഖ്യവും ജീവിതതൃഷ്ണയും കവിതയിൽ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നതായി കാണാം. മരണാഭിമുഖ്യത്തിലേക്ക് നയിക്കുന്ന സാമൂഹിക ജീർണ്ണതയെ പ്രതിഫലിപ്പിക്കാൻ സ്വാതന്ത്ര്യഗായകൻ, ജനകീയകവി, കപടധർമ്മ പ്രചാരകൻ, നീചസ്നേഹ പ്രവാചകൻ, ഉറയുന്ന മനുഷ്യഹൃദയം, കുഞ്ഞിനെ കളഞ്ഞ ഗോപി, ദൈവത്തിന്റെ പേരിൽ തമ്മിലടിക്കുന്ന മനുഷ്യൻ എന്നീ കാവ്യബിംബങ്ങൾ കവി ഉപയോഗിക്കുന്നു. അതിനുശേഷം മനുഷ്യന്റെ ചരിത്രമെന്നതു തന്നെ ചതിയുടെയും വഞ്ചനയുടെയും ചരിത്രമാണെന്ന് പറയുന്നു. ഭാരതീയവും പാശ്ചാത്യവുമായ മിത്തുകളെ കോർത്തിണക്കിയാണ് മനുഷ്യചരിത്രത്തിന്റെ വഞ്ചനയുടെയും ചതിയുടെയും യുദ്ധത്തിന്റെയും കൊലപാതകങ്ങളുടെയുമെല്ലാം കഥ കവി ആവിഷ്ക്കരിക്കുന്നത്. ജീവിതത്തിന്റെ എല്ലാ പ്രതീക്ഷകളും നശിച്ചെന്നും കല്പാന്തനിദ്ര വരവായെന്നും പറയുന്ന കവി ശംഖുമുഖത്തെ പടിഞ്ഞാറൻ കടൽക്കരയിലിരിക്കുന്ന മനുഷ്യനിലൂടെ മരണത്തിൽ നിന്നും ജീവിതത്തിന്റെ പ്രതീക്ഷകളിലേക്ക് കടക്കുകയും പുതിയ മർത്യൻ വിരിഞ്ഞുയരുമെന്ന പ്രതീക്ഷ പങ്കുവയ്ക്കുകയും ചെയ്യുന്നു.

അടുത്ത ഘട്ടത്തിൽ കവി വീണ്ടും മരണാഭിമുഖ്യത്തിലേക്ക് മടങ്ങുകയും മൃത്യു ജയിക്കട്ടെ എന്ന മന്ത്രമുതിർക്കുകയും ചെയ്ത് കവിത അവസാനിപ്പിച്ചു. എന്നാൽ കവിതയുടെ ആദ്യഭാഗത്തില്ലാതിരുന്ന പുതിയ വരികൾ എഴുതിച്ചേർത്ത് വീണ്ടും ജീവിത തൃഷ്ണ പ്രകടിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ രാമന്റെ പശ്ചാത്താപമാണീ വരികളെങ്കിലും അത് കവിയുടെ ജീവിതത്തോടുള്ള സമീപനത്തിൽ വന്ന മാറ്റത്തെ കുറിക്കുന്നതാണ്. ബിംബകല്പനകളുടെ സമർത്ഥമായ ഉപയോഗവും ഭാവത്തിനനുസരിച്ചുള്ള പദങ്ങളുടെ തിരഞ്ഞെടുപ്പുമെല്ലാം മൃത്യുപൂജയുടെ സവിശേഷതകളാണ്. മിത്തുകളും പുരാണസന്ദർഭങ്ങളുമെല്ലാം സന്ദർഭോചിതമായി ഇണക്കിച്ചേർത്ത് അർത്ഥവ്യാപ്തി വരുത്തുന്നതിൽ കവി വിജയിച്ചിട്ടുണ്ട്. ആധുനികകവിതയുടെ മറ്റൊരു സവിശേഷതയായ വൃത്തത്തിന്റെ നിരാസം മൃത്യുപൂജയിലും കാണാം. കവി ഉപയോഗിക്കുന്ന താളം ദണ്ഡകരൂപത്തിന്റേതാണ്. എന്നാൽ പലപ്പോഴും സാമ്പ്രദായിക ദണ്ഡകങ്ങളുടെ ലക്ഷണങ്ങളെ കവി അതിലംഘിക്കുന്നുണ്ട്.

മനുഷ്യസമൂഹം ധാരാളം പ്രതിസന്ധികളെ അതിജീവിച്ചാണ് ഇന്നീ നിലയിൽ എത്തിയത്. ജീർണ്ണതയ്ക്കെതിരായി നിരന്തരം ജാഗ്രതയോടെ പ്രവർത്തിച്ചാണ് കൂടുതൽ മെച്ചപ്പെട്ട സമൂഹമായി മാറേണ്ടത്. പ്രതിസന്ധികളിൽ നിരാശ ബാധിച്ച് മരണത്തിൽ അഭയം കണ്ടെത്താൻ ശ്രമിക്കുന്നത് സാഹചര്യങ്ങളെ തനിക്ക് അനുകൂലമാക്കാനുള്ള മനുഷ്യന്റെ ഇച്ഛയുടെ നിരാകരണമാണ്. ആധുനികതയ്ക്കെതിരായ ഈ പൊതുവിമർശനം ഈ കവിതയ്ക്കും ബാധകമാണ്.

മരണമാണ് മൃത്യുപൂജയിലെ വിഷയം. മരണാഭിമുഖ്യത്തിൽ ആരംഭിക്കുന്ന കവിത പക്ഷേ അവസാനിക്കുന്നത് ജീവിതതൃഷ്ണയിലാണ്. മനുഷ്യസമൂഹത്തിന് സംഭവിച്ച ജീർണ്ണത മനുഷ്യന്റെ ഭാവിയിൽ ഇരുൾപടർത്തുമ്പോഴാണ് കവി മരണത്തെ പുൽകാൻ ആഗ്രഹിക്കുന്നത്.

## Recap

- മൃത്യുവാഞ്ഛ, മരണത്തെക്കുറിക്കുന്ന കാവ്യബിംബങ്ങൾ
- ബൈബിൾ, ഹൈന്ദവ മിത്തുകൾ
- ജീവിതത്തോടുള്ള സ്നേഹം
- മനുഷ്യരുടെ അക്രമവാസനകൾ
- മനുഷ്യരുടെ ജീവിതാസക്തികൾ, പ്രതീക്ഷകൾ
- രാമന്റെ പശ്ചാത്താപം

## Objective Type Questions

1. 'മൃത്യുപൂജ' എന്ന കവിതയിൽ കവി മൃത്യുവിനെ എന്തൊക്കെയായി സങ്കല്പിക്കുന്നു?
2. മൃത്യുവിനെ കാമുകിയായി സങ്കല്പ്പിക്കുന്നതിന്റെ സൂചനകൾ കവിതയിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെ?
3. മൃത്യുവിന് നൽകുന്ന വിശേഷണങ്ങൾ ഏവ?

4. സന്ധ്യയുടെ രാഗം പൊലിഞ്ഞു എന്നതിന്റെ അർത്ഥം എന്താണ്?
5. നാളെയുടെ പാട്ട് പാടിയതിന് നാണയം പ്രതിഫലം ചോദിക്കുന്നതാര്?
6. വിനയം ഒരു നയമാക്കി മാറ്റുന്നതാര്?
7. എവിടെയെങ്കിലും യുദ്ധമോ, ക്ഷാമമോ ഉണ്ടായാൽ കവിത എഴുതി കാശാക്കി മാറ്റുന്നു. ഇതിലൂടെ സൂചിപ്പിക്കുന്നതെന്ത്?
8. കവി തന്റെ സ്നേഹപ്രവാചകനെ കണ്ടെത്തുന്നത് എന്തിലാണ്?
9. 'ദൈവം ചതിക്കുമൊരു, സർപ്പം ചതിക്കുമൊരു, പെണ്ണു ചതിക്കും' - ഇത് എന്തിനെ സൂചിപ്പിക്കുന്നു?
10. 'പൊയ്പോയകാലവുമതിൽ പോയ ശക്തികളുമൊക്കെത്തിരിച്ചു വരുമപ്പോൾ' - ഇത് സൂചിപ്പിക്കുന്നതെന്താണ്?
11. ഒന്നുമിനി വേണ്ട മരണം മാത്രം മതി എന്ന് കവി പറയാൻ കാരണമെന്ത്?
12. സ്നേഹോഷ്ണ വൈദ്യുതിയിൽ ഉരുകാത്ത മട്ടിൽ ഉറഞ്ഞത് എന്താണ്?
13. കൈക്കുഞ്ഞിനെ വഴിയിലുപേക്ഷിച്ച് അമ്മയുടെ മുലപ്പടത്തിൽപ്പറ്റി നിൽക്കുന്നതെന്താണ്?
14. കല്പാന്തനിദ്ര വരവായ് കൺകളെന്തിനിനിയടഞ്ഞേ കിടക്കുമവയെന്നും - കല്പാന്തനിദ്ര എന്ന പദം സൂചിപ്പിക്കുന്നതെന്ത്?
15. പുതിയ മനുഷ്യൻ വിരിഞ്ഞുവരുമോ എന്ന് ചോദിക്കുന്നതിലൂടെ കവി ഉദ്ദേശിക്കുന്നതെന്ത്?
16. ശംഖുമുഖത്തെ കടൽക്കരയിലെ ദീപം എന്തിന്റെ സൂചനയാണ്?
17. നഷ്ടപ്പെട്ട മനുഷ്യാവസ്ഥ ആരുടെ ജീവിതാവസ്ഥയുമായാണ് കവി താരതമ്യം ചെയ്യുന്നത്?
18. സീത മറഞ്ഞ ഭൂമിയിൽനിന്ന് ഉയർന്ന മന്ത്രമെന്ത്?
19. തിരികെത്തരാൻ ഭൂമിയോട് ആവശ്യപ്പെട്ടതാര്?
20. തിരികെത്തരിക എന്ന ആവശ്യത്തിന്റെ അർത്ഥമെന്ത്?
21. രാമന്റെ തിരിച്ചറിവിലൂടെ കവി പറയാൻ ശ്രമിക്കുന്നതെന്ത്?
22. 'വിനയമൊരു നയമാക്കി മേൽമുണ്ടിനറ്റത്തു കസവുചിരി തുന്നുന്നു ധർമ്മപ്രചാരകൻ'- ഈ വരികളിലൂടെ കവി വിശദമാക്കാൻ ശ്രമിക്കുന്നതെന്ത്?
23. 'കാലടികൾ ചുറ്റിയൊരു ചങ്ങലയി, തിന്നെന്റെകാതരഹൃദന്തമണിയുന്നു' - കവി ഇങ്ങനെ വിലപിക്കാൻ കാരണമെന്ത്? വിശദമാക്കുക.
24. 'പുതിയ മർത്യൻ വിരിഞ്ഞുയരുമെന്നോ?' ഈ പ്രതീക്ഷയുടെ അടിസ്ഥാനമെന്താണ്?
25. 'വൈകാതെ നിന്നുദരവീര്യം പകർന്നു
മമവൈദേഹിയെത്തരിക ധാത്രി!'-
ഈ വരികൾക്ക് കവിതയിലുള്ള പ്രസക്തി വിശദമാക്കുക.

## Answers to Objective Type Questions

1. കാമുകി, ദേവത
2. പ്രണയം - മൃത്യുവിനെ കാമിനിയായി സങ്കല്പിക്കുന്നു
3. മന്ദഗാമിനി, ഹേമന്തയാമിനി, ഘനശ്യാമരൂപിണി
4. സന്ധ്യ കഴിഞ്ഞു രാത്രിയുടെ വരവ്

5. സ്വാതന്ത്ര്യഗായകൻ
6. ധർമ്മപ്രചാരകൻ
7. മനുഷ്യന്റെ കാപട്യം
8. ആത്മാവിന്റെ സുഖത്തിൽ
9. ബൈബിളിലെ ഉല്പത്തിക്കഥയെ
10. മനുഷ്യചരിത്രത്തിന്റെ ആവർത്തനം
11. യുദ്ധങ്ങളും ദുരന്തങ്ങളുമോർത്ത് മരണം മാത്രം മതി എന്ന് കവിപറയുന്നു
12. മനുഷ്യഹൃദയങ്ങൾ
13. നിരാർദ്രത
14. മരണം
15. പുതുജീവിതം സാധ്യമാണോ
16. പുതുജീവിതത്തിന്റെ
17. സീതയുടെ
18. മൃത്യു ജയിക്കട്ടെ
19. രാമൻ
20. പുതിയ ജീവിതമാണ് തിരികെ ചോദിക്കുന്നത്
21. മരണാഭിമുഖ്യമല്ല ജീവിതതൃഷ്ണയാണ് വേണ്ടത്
22. കാപട്യം, അധാർമികത
23. സമൂഹത്തിന് സംഭവിച്ച ജീർണ്ണത, കാപട്യം
24. ജീവിതം, പുതിയലോകം, പുതിയ മനുഷ്യൻ, പ്രതീക്ഷ
25. രാമന്റെ പശ്ചാത്താപം, ജീവിതം, കവിയുടെ തിരിച്ചറിവ്


## Assignments

- ആധുനിക കവിത എന്ന വിശേഷണം 'മൃത്യുപൂജ' എന്ന കവിതയ്ക്ക് എത്രത്തോളം യോജിക്കുന്നുണ്ട്.? പ്രമേയം, ഭാഷ, രൂപം എന്നിവയെ അടിസ്ഥാനപ്പെടുത്തി വിശദമാക്കുക.

## Reference


- സച്ചിദാനന്ദൻ - മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
- ഡോ. എം. ലീലാവതി - മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ


## E-content



കെ അയ്യപ്പപ്പണിക്കർ

https://ml.wikipedia.org/wiki/കെ._അയ്യപ്പപ്പണിക്കർ

മൃത്യുപൂജ കവിതാലപനം

https://www.youtube.com/watch?v=KtcAJoNpM8k

# യൂണിറ്റ് -4
## ഇവനെക്കൂടി

സച്ചിദാനന്ദൻ

### Learning Outcomes

- വിലാപകാവ്യങ്ങളുടെ പൊതുസ്വഭാവങ്ങൾ ചർച്ച ചെയ്യുന്നു
- വൈലോപ്പിള്ളി ശ്രീധരമേനോന്റെ കാവ്യജീവിതം പരിചയപ്പെടുന്നു
- മലയാളത്തിലെ പ്രശസ്തമായ വിലാപകാവ്യങ്ങളെ പരിചയപ്പെടുന്നു
- സച്ചിദാനന്ദന്റെ കാവ്യജീവിതത്തെ വിലയിരുത്തുന്നു
- കാല്പനികതയുടെ വേറിട്ട മുഖമായ വൈലോപ്പിള്ളിയുടെ കവിതകളെ സൂക്ഷ്മമായി വിവരിക്കുന്നു
- നവകാല്പനികതയുടെ പുതിയ രീതികൾ അവതരിപ്പിച്ചിരിക്കുന്നു

### Prerequisites

വൈലോപ്പിള്ളി ശ്രീധരമോനോന്റെ നിര്യാണത്തിൽ പ്രണാമമർപ്പിച്ചുകൊണ്ട് കവി സച്ചിദാനന്ദൻ എഴുതിയ വിലാപകവിതയാണ് 'ഇവനെക്കൂടി' എന്നത്. ഒരു കവിയുടെ വിയോഗത്തെക്കുറിച്ചോർത്തുള്ള മറ്റൊരു കവിയുടെ വിലാപമാണ് ഇത്. ഒരു കവിയ്ക്ക് ഏതെങ്കിലും വിധം പ്രിയപ്പെട്ട വ്യക്തിയുടെ വേർപാടിൽ വേദനിച്ചുകൊണ്ട് ആ ജീവിതത്തിന് നല്കുന്ന കാവ്യഭാഷ്യമാണ് വിലാപഗീതം. വിലാപകാവ്യങ്ങളിൽ ദുഃഖം ആവിഷ്ക്കരിക്കാനായി ഓരോ കാലത്തും പ്രത്യേകമായ സങ്കേതങ്ങളും ബിംബങ്ങളും അലങ്കാരങ്ങളും കവികൾ ഉപയോഗിച്ചിരുന്നു. മരണവും ദുഃഖവും മനുഷ്യനറിയുന്ന നിത്യസത്യമാണ്. ദുഃഖമില്ലാതെ വിലാപകാവ്യമില്ല. ഒരു പ്രതിഭാശാലി മരിക്കുമ്പോൾ ദുഃഖിക്കുക ജീവിക്കുന്നവരുടെ വിധിയാണ്. ആ വിലാപം കാവ്യരൂപമാകാം. രൂപം പുതിയതുമാകാം. വിലാപത്തിന് കാരണമാവുന്ന പശ്ചാത്തലരചന, യാഥാർത്ഥ്യവും ഭാവനയും കലർന്ന ഒരന്തരീക്ഷം, മരിച്ച വ്യക്തിയെക്കുറിച്ചുള്ള അനുസ്മരണം, ആ പ്രിയപ്പെട്ടയാളിന്റെ സവിശേഷ വ്യക്തിത്വത്തിന്റെ വർണ്ണനകൾ, മരണത്തിന്റെ അനിവാര്യതയെക്കുറിച്ചുള്ള ചിന്തകൾ, അന്തിമമായ സമാശ്വസിക്കൽ എന്നിവ വിലാപകാവ്യങ്ങളുടെ പൊതുഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ്. പ്രാചീന ഗ്രീക്കിൽ നിന്ന് തുടങ്ങി പാശ്ചാത്യസാഹിത്യത്തിൽ വ്യാപിച്ച വിലാപകാവ്യ മാതൃകകളുടെ സ്വാധീനതയുടെ ഫലമായാണ് മലയാളത്തിലും വിലാപകാവ്യങ്ങൾ എഴുതപ്പെട്ടത്. സി.എസ്.സുബ്രഹ്മണ്യൻപോറ്റി മകളുടെ വിയോഗത്തെ ആസ്പദമാക്കി എഴുതിയ ഒരുവിലാപമാണ് മലയാളത്തിലെ ആദ്യവിലാപകാവ്യം. എം.രാജരാജവർമ്മയുടെ പ്രിയവിലാപം (1904) അതിനുപിന്നാലെയെത്തി. വി.സി.ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം (1908) പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടു. എ.ആർ.രാജരാജവർമ്മയുടെ വിയോഗത്തെക്കുറിച്ച് കുമാരനാശാനെഴുതിയ പ്രരോദനം (1919) മലയാളത്തിലെ മികച്ച വിലാപകാവ്യങ്ങളിലൊന്നാണ്.

സ്വന്തം ജീവിതപങ്കാളിയുടെ വിയോഗത്തെ വിഷയമാക്കിയെഴുതിയ നാലപ്പാട്ട് നാരായണമേനോന്റെ കണ്ണുനീർത്തുള്ളി (1923) യും മികച്ച രചനകളിലൊന്നാണ്. പ്രിയ

സുഹൃത്തായിരുന്ന ഇടപ്പള്ളി രാഘവൻ പിള്ളയുടെ മരണത്തിൽ ദുഃഖിതനായി ചങ്ങമ്പുഴ എഴുതിയ രമണൻ (1936) മലയാളത്തിലെ ഏക ഗ്രാമീണ ഇടയ വിലാപകാവ്യമാണ്. മറ്റൊരു പ്രശസ്ത വിലാപകാവ്യമാണ് കെ.കെ.രാജായുടെ ബാഷ്പാഞ്ലി. ഒരു കവിയുടെ വിയോഗത്തിൽ ജീവിച്ചിരിക്കുന്ന മറ്റൊരു കവിയുടെ സങ്കടാവിഷ്കാരങ്ങളെന്ന രീതിയിലുള്ള രണ്ട് വിലാപകാവ്യങ്ങളാണ് കുമാരനാശാന്റെ പ്രരോദനവും, ചങ്ങമ്പുഴയുടെ രമണനും.

1986 ലായിരുന്നു മലയാള കവിതയ്ക്ക് നഷ്ടമായിത്തീർന്ന വൈലോപ്പിള്ളിയുടെ വേർപാട്. 1987 മാർച്ച് 15 നാണ് ഈ വിലാപകവിത പ്രസിദ്ധീകരിച്ചത്. 1989 ൽ കവിതയ്ക്കുള്ള കേരളസാഹിത്യ അക്കാദമി പുരസ്കാരം 'ഇവനെക്കൂടി' എന്ന കൃതിയ്ക്ക് ലഭിച്ചു. ചരിത്രവും സംസ്കാരവും സാഹിത്യവും വ്യക്തിജീവിതവും യാഥാർത്ഥ്യവും ഭാവനയും സച്ചിദാനന്ദന്റെ ഈ കവിതയിൽ ഇഴകോർത്തു കിടക്കുന്നു.

സച്ചിദാനന്ദൻ കൊടുങ്ങല്ലൂരിലെ പുല്ലൂറ്റ് ഗ്രാമത്തിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽനിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടി. ക്രൈസ്റ്റ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകൻ, ഇന്ത്യൻ ലിറ്ററേച്ചറിന്റെ എഡിറ്റർ, കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറി, ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പരിഭാഷാവകുപ്പ് പ്രൊഫസർ, ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരളസാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ആശാൻ പുരസ്കാരം, ഉള്ളൂർ പുരസ്കാരം, കടമ്മനിട്ട അവാർഡ്, പി. കുഞ്ഞിരാമൻനായർ പുരസ്കാരം തുടങ്ങിയവ ലഭിച്ചു.

**സച്ചിദാനന്ദന്റെ പ്രധാനകൃതികൾ**

എഴുത്തച്ഛനെഴുതുമ്പോൾ, സച്ചിദാനന്ദന്റെ കവിതകൾ, ദേശാടനം, ഇവനെക്കൂടി, കയറ്റം, സാക്ഷ്യങ്ങൾ, അപൂർണ്ണം, വിക്ക്, മറന്നു വച്ച വസ്തുക്കൾ, വീടുമാറ്റം, കവിബുദ്ധൻ, മലയാളം, സംഭാഷണത്തിനൊരുശ്രമം, അഞ്ചുസൂര്യൻ, പീഡനകാലം, ഒന്നാംപാഠം, അനന്തം, വേനൽമഴ തുടങ്ങി ഇരുപത് കവിതാസമാഹാരങ്ങൾ, 1965 മുതൽ 2005 വരെ എഴുതിയ തെരഞ്ഞെടുത്ത കവിതകൾ അകം, മൊഴി എന്നിങ്ങനെ രണ്ട് സമാഹാരങ്ങളായി ഡി.സി. ബുക്സ് 2006 ൽ പ്രസിദ്ധീകരിച്ചു.

**വിവർത്തനങ്ങൾ** - പടിഞ്ഞാറൻ കവിതകൾ, മൂന്നാംലോക കവിത, ഇന്ത്യൻ കവിത. മാർക്സിയൻ സൗന്ദര്യശാസ്ത്രം: ഒരു മുഖവുര തുടങ്ങി ലേഖനസമാഹാരങ്ങൾ.

## Keywords

വിലാപഗീതം - പ്രതീകവല്ക്കരിക്കൽ - വിഷാദാത്മകത - വ്യക്തിപരത - നവകാല്പനികത

## 3.4.1 Content

വൈലോപ്പിള്ളിയുടെ നിര്യാണത്തിൽ പ്രണമിച്ചു കൊണ്ട് കവി സച്ചിദാനന്ദൻ എഴുതിയ വിലാപകവിതയാണ് 'ഇവനെക്കൂടി'. വൈലോപ്പിള്ളിയുടെ കാവ്യജീവിതവും അദ്ദേഹത്തിന്റെ വേർപാടിൽ സാഹിത്യലോകത്തുണ്ടായ വേദനയുമാണ് കവിതയുടെ മുഖ്യപ്രമേയം.

'ഇവനെക്കൂടിസ്സ്വീകരിക്കുക ഹേമന്തത്താൽ
മെലിഞ്ഞ കുളിർനീരിൻ കൈകളാൽ നിളാനദി'

എന്ന് കവി സച്ചിദാനന്ദൻ നിളാനദിയോടു നടത്തുന്ന അപേക്ഷയിൽ നിന്നാണ് കവിത ആരംഭിക്കുന്നത്. പ്രശസ്തരും അപ്രശസ്തരുമായ അനേകായിരങ്ങളെ സംസ്കരിക്കുകയും അവരെയെല്ലാം ഏറ്റുവാങ്ങുകയും ചെയ്തിട്ടുള്ള ഇടമാണ് നിളാനദി. വൈലോപ്പിള്ളിയുടെ മരണാനന്തര കർമ്മങ്ങളും നിളയുടെ തീരത്താണ് നടന്നത്. കവിതയിൽ വൈലോപ്പിള്ളിയുടെ

കാവ്യജീവിതം മാത്രമല്ല, കാലവും ചരിത്രവും മിത്തും ആചാരങ്ങളും സംസ്കാരവും സാഹിത്യ വുമെല്ലാം ശാന്തമായൊഴുകുന്ന നിളയെപ്പോലെ, ഇടകലർന്ന് തെളിയുന്നു.

### വരികൾ

'ഇവനെക്കൂടിസ്സ്വീകരിക്കുക............
...........ദേവതാത്മാവാം സഹ്യൻ!'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| നിള | = | ഭാരതപ്പുഴ |
| ഹേമന്തം | = | ഒരു ഋതു (ഡിസംബർ മാസം) |
| പഞ്ചാരി | = | വാദ്യമേളം |
| പൂരം | = | ഉത്സവം |
| ധനുരാവ് | = | ധനുമാസത്തിലെ രാത്രി |
| സഹ്യൻ | = | സഹ്യപർവ്വതം |
| പുനർജനി | = | തിരുവില്വാമല ക്ഷേത്രത്തിലെ ഗുഹ |

### ആശയ വിശദീകരണം

ഭാരതപ്പുഴേ, ഹേമന്തത്തിലെ മെലിഞ്ഞ, (ഒഴുക്കു കുറഞ്ഞ) കുളിർനീരിൻ കൈകൾ കൊണ്ട്, ഇവനേക്കൂടി (അന്തരിച്ച വൈ ലോപ്പിള്ളിയെക്കൂടി) സ്വീകരിക്കുക. പൂരപ്പ റമ്പിലെ ആലിൻ ചുവട്ടിൽ പഞ്ചാരിമേളം കേട്ട് ചെവിയാട്ടിക്കൊണ്ടിരിക്കുന്ന കാറ്റേ, ഇവനു വേണ്ടി തുമ്പിക്കൈ ഉയർത്തുക. അല്ലയോ ധനുമാസരാത്രീ, തിരുവില്വാമലയിലെ 'പുന ർജ്ജനി'യെന്ന ഗുഹയിലൂടെ നൂണ്ടുവരുന്ന നിലാവുകൊണ്ട് ഈ ജഡത്തെ മൂടുക. സ്വപ്ന ങ്ങൾ കൊണ്ട് അസ്വസ്ഥമായ ഈ നെറ്റിയിൽ ചുംബിക്കുന്നതിന് നിളയും ദേവതാത്മാവായ സഹ്യനും കുനിയുക.

ഇവിടെ കവി ആലിൻ ചുവട്ടിലെ കാറ്റിനെ ആനയായി കല്പിച്ചിരിക്കുന്നു. അതിലൂടെ 'സഹ്യന്റെ മകൻ' എന്ന വൈലോപ്പിള്ളിയുടെ ആനക്കവിതയെക്കൂടി സൂചിപ്പിക്കുന്നു. ആ നക്കവിതകൾ എഴുതിയ വൈലോപ്പിള്ളി വിട വാങ്ങുന്ന സമയം തുമ്പിക്കൈ ഉയർത്തി ബഹുമാനം നല്കൂ, ആദരവ് നല്കൂ എന്ന് കവി ആവശ്യപ്പെടുന്നു.

'ഇവനായുയർത്തുക തുമ്പിക്കൈ പഞ്ചാരിക്കു
ചെവിയാട്ടിടുമാലിൻ ചോട്ടിലെപ്പൂരക്കാറ്റേ!'-

ഈ വരികളിൽ, ആനയ്ക്കാണ് തുമ്പിക്കൈയും ചെവിയാട്ടലും ഉള്ളത്. എന്നാൽ ആനയെന്ന പദം ഇവിടെ ഉപയോഗിച്ചിട്ടില്ല. ആനയുടെയും പൂരക്കാറ്റിന്റെയും ധർമ്മങ്ങൾ ഒന്നുതന്നെയെന്ന് പറയുന്നു. ആനയെന്ന ഉപമേയത്തെ മറച്ചു വയ്ക്കുന്നു. കാറ്റെന്ന ഉപമാനം മാത്രം പറയുന്നു. അതിനാൽ അലങ്കാരം രൂപകാതിശയോക്തി.

ലക്ഷണം- 'നിഗീര്യാധ്യവസാനം താൻ
രൂപകാതിശയോക്തിയാം'

രൂപകവും അതിശയോക്തിയും ചേർന്ന അലങ്കാരമാണ് രൂപകാതിശയോക്തി. രണ്ട് വസ്തുക്കൾ തമ്മിലാണല്ലോ സാദൃശ്യം നട ത്തുക. അതിൽ ഏതിന് സാദൃശ്യം കല്പിക്കു ന്നുവോ അതാണ് ഉപമേയം. ഏതിനോട് സാ ദൃശ്യം കല്പിക്കുന്നുവോ അത് ഉപമാനം. ഉപ മാനോപമേയങ്ങൾ തമ്മിൽ വ്യത്യാസമില്ലാത്ത അവസ്ഥയാണ് രൂപകാതിശയോക്തി. ഉപ മേയത്തെ കാണിക്കാതെ, മറച്ചുവെച്ച്, പക രം ഉപമാനത്തെത്തന്നെ പ്രയോഗിക്കുന്നത് നിഗീര്യാധ്യവസാനം എന്നു പറയും. ഉപമാ നോപമേയങ്ങളെ അതിശയോക്തികൊണ്ട് ബന്ധിപ്പിക്കുന്നു. അതാണ് രൂപകാതിശയോ ക്തി.

### വരികൾ

'ഇവനേ ഞങ്ങൾക്കോണ..........
.............മുളങ്കാടിന്നു കുറുങ്കുഴൽ.'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| സൂര്യോത്സവം | = | വെണ്മ, സൂര്യപ്രകാശം |
| ആതിരാച്ചന്ദ്രൻ | = | തിരുവാതിര രാത്രിയിലെ ചന്ദ്രൻ |
| മുറിവിൽ മൂർച്ഛ | = | വലിയ വേദന അനുഭവിച്ച |
| കുറുങ്കുഴൽ | = | ഒരു മംഗള വാദ്യം |

### ആശയ വിശദീകരണം

ഇവൻ (വൈലോപ്പിള്ളി) ഞങ്ങൾക്ക് ഓണപ്പാട്ടിനു ചുവടുവെയ്പായിരുന്നു ('ഓണപ്പാട്ടുകാർ' എന്ന കവിതയുടെ സൂചന). കന്നിവയലിൽ പുതുനെല്ലിന്റെ പാലായി

നിറഞ്ഞവനായിരുന്നു ('കന്നിക്കൊയ്ത്ത്' എന്ന കവിതയുടെ സൂചന). തെക്കൻ പാട്ടിന്റെ വീര്യമായിരുന്നു. പാതിരാപ്പൂവിൽ തേൻനിറച്ചത് ഇവനാണ് ('ലില്ലിപ്പൂക്കൾ' എന്ന കവിതയുടെ സൂചന). കാക്കയുടെ ചിറകുകളിൽ സൂര്യോത്സവം കണ്ടതും ഇവനാണ് ('കാക്ക' എന്ന കവിതയുടെ സൂചന).

ഇളന്നീരിൽ ശൈശവം കണ്ടതും, അറിവിൽ പച്ചയായിരുന്നവനും, നിത്യഹരിത സസ്യത്തെപ്പോലെ, നിത്യം വളർന്ന വിജ്ഞാനമായിരുന്നവനും കൈതപ്പൂവിൽ തിരുവാതിരച്ചന്ദ്രനായതും - തിരുവാതിര രാത്രികളിൽ തണുത്തവെളിച്ചം തരുന്ന ചന്ദ്രനെപ്പോലെ കൈതപ്പൂവിലെ ശാന്തമായ വെൺനിറമായതും - ഇവനായിരുന്നു. മുറിവിൽ മൂർച്ചയേറിയ, വലിയ വേദന അനുഭവിച്ചവനും കവിയാണ്. ദാമ്പത്യജീവിതത്തിലും ഒറ്റയ്ക്ക് കഴിയേണ്ടിവന്നപ്പോഴും കവി അനുഭവിച്ച മാനസികവേദനകൾ വലുതായിരുന്നു - മുളങ്കാടിന്നു മംഗളവാദ്യമായവനും ഇവനായിരുന്നു.

'ഇവനേ ഞങ്ങൾക്കോണപ്പാട്ടിനു
ചോടായ്, കന്നി-:......................
മുറിവിൽ മൂർച്ച, മുളങ്കാടിന്നു കുറുങ്കുഴൽ'

എന്ന വരികളിൽ ഉപമേയത്തിന്റെ ഗുണങ്ങളെ പലതായി കല്പിക്കുകയാണ്. ഉപമേയത്തിന്റെ ഗുണങ്ങളെ പലതായി കല്പിച്ചാൽ അലങ്കാരം ഉല്ലേഖം.

ലക്ഷണം - 'ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ'

## വരികൾ

'ഇവനെക്കൂടിസ്സ്വീകരിക്കുക കപിലർതൻ
..............................ചുരത്തിൽ പാണത്തുടി'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചിലമ്പൊലി | = | ചിലമ്പിന്റെ ശബ്ദം |
| പുള്ളുവക്കുടം | = | പുള്ളുവപ്പാട്ട് പാടുന്നവരുടെ സംഗീതോപകരണം |
| പാണത്തുടി | = | ഉടുക്കുപോലുള്ള ഒരു വാദ്യം |
| ഉറവ | = | ഊറ്റ്, ഉത്ഭവ സ്ഥാനം |

## ആശയ വിശദീകരണം

കപിലരെന്ന സംഘകാലകവിയുടെ മരുതത്തെയും ഇലഞ്ഞിയെയും നനച്ചൊഴുകിയ തായ്നദിയാണ് നിള. (വലിയ വളർച്ചയുള്ള മരമാണ് മരുത്, മണമുള്ള പൂക്കളുള്ള മരമാണ് ഇലഞ്ഞി. കുറിഞ്ചിയെക്കുറിച്ച് കപിലരുടെ പാട്ടുകളുമുണ്ട്). അങ്ങനെയുള്ള നിളാനദിയോട് വൈലോപ്പിള്ളിയുടെ ഭൗതികശരീരം കൂടി സ്വീകരിക്കുക എന്ന് കവി പറയുകയാണ്. നീ ഒരു ദിവസം അച്ഛന്റെ തോളിൽ നിന്നിറങ്ങി, നീലക്കുറിഞ്ഞിക്കാടിന്റെ മിന്നൽപ്പിണർ പോലെയുള്ള പുഴയായി മാറി. നിന്റെ ചിലമ്പൊലി മഞ്ഞിന്റെ പടികളിറങ്ങി (മലമുകളിൽനിന്ന് താഴേയ്ക്ക് പതിക്കുന്ന നദിയുടെ ശബ്ദവും മഞ്ഞുപോലെ ഉയരുന്ന ജലകണങ്ങളും, ചിലമ്പൊലിയും 'ചിലപ്പതികാര'കാവ്യത്തെ സൂചിപ്പിക്കുന്നു). കാട്ടിൽ പുള്ളുവക്കുടമായും ഇടവഴികളിൽ പാണത്തുടിയായും നീ മാറി. (പുള്ളുവക്കുടവും പാണത്തുടിയും സമ്പന്നമായ കേരളീയ നാടോടിഗാനപാരമ്പര്യത്തെയും സൂചിപ്പിക്കുന്നു).

സംഘകാലത്തെ ഐന്തിണ സങ്കല്പങ്ങളെക്കടന്ന് വർത്തമാനകാലത്തിലൂടെ ഒഴുകുകയാണ് നിള. സംസ്കാരങ്ങളെ സ്വാധീനിക്കുന്ന ഒരു കാവ്യനദിയായി നിള മാറിയിരിക്കുന്നു. കാലദേശങ്ങൾ കടന്നൊഴുകി ജീവിതരീതികളെ സ്വാധീനിച്ച് രൂപാന്തരപ്പെടുത്തുന്ന വലിയൊരു ചാലകശക്തിയായി നിളയെ കവി കാണുന്നു. 'കപിലർതൻ മരുതുമിലഞ്ഞിയും നനച്ചൊരെൻ തായ് നദീ'-എന്ന് കവി നിളാനദിയെ വിശേഷിപ്പിക്കുന്നത് ശ്രദ്ധേയമാണ്. കപിലർ സംഘകാലത്ത് സാഹിത്യം, സംഗീതം, നൃത്തകല എന്നിവയിൽ പ്രഗത്ഭനും ഇരുന്നൂറ്റിയഞ്ച് കവിതകൾ രചിച്ച വിഖ്യാത തമിഴ്കവിയുമായിരുന്നു. സംഘകാലത്ത് ഒറ്റയ്ക്ക് ഏറ്റവും കൂടുതൽ കവിതകളെഴുതിയ കവി എന്ന അംഗീകാരം കപിലർക്ക് ലഭിച്ചിരുന്നു. കുറിഞ്ചിപ്പാട്ട് എന്ന പത്ത് ഇടയകവിതകളിൽ 261 വരികൾ കപിലരുടേതാണ്.

പുറനാനൂറിലും കപിലരുടെ സംഭാവന യുണ്ട്. കാലങ്ങൾ കടന്നൊഴുകിവരുന്ന പൈ തൃകസംസ്കാരത്തിന്റെയും ഭാഷയുടെയും രൂപാന്തരങ്ങളായി കവി നിളയെ കാണുന്നു. നിള നമ്മുടെ സാഹിത്യത്തെയും കലയെയും എക്കാലവും സ്വാധീനിച്ചിരുന്നു. കുഞ്ചൻന മ്പ്യാർ, എഴുത്തച്ഛൻ, എം.ടി., എം.ഗോവിന്ദൻ, വി.കെ.എൻ. തുടങ്ങിയ എഴുത്തുകാർ നിളയുടെ നാട്ടുകാരാണ്. കേരള കലാമണ്ഡലം നിളയുടെ തീരത്തിനടുത്താണ്. പണ്ട്, മാമാങ്കം ആഘോഷിച്ചിരുന്ന തിരുനാവായ നിളയുടെ അടുത്താണ്. അത്തരത്തിൽ ചരിത്രവും പാരമ്പര്യവും കൊണ്ട് സമ്പന്നമായ നിളാ നദിയോട് വൈലോപ്പിള്ളിയെകൂടി സ്വീകരിക്കാൻ കവി ആവശ്യപ്പെടുകയാണ്.

(മരുതം: മരുതം തിണയെന്നാൽ വളക്കൂറുള്ള കൃഷിഭൂമിയാണ്. പുഴയും തോപ്പും, പൊയ്കയും നെൽപ്പാടവും ചേർന്ന തിണസങ്കല്പമാണ് മരുതം. തൊൽക്കാപ്പിയത്തിലെ, സംഘകാല തിണ സങ്കല്പമനുസരിച്ച്, ഭൂമിയുടെ കിടപ്പനുസരിച്ച് സ്ഥലങ്ങളെ അഞ്ചായി തിരിച്ചിരുന്നു. മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെ യ്തൽ എന്നതാണവ. ഇലഞ്ഞിയും- ഇത് തിണ സങ്കല്പത്തിലെ കുറിഞ്ചിയാകണം. മലപ്രദേശമാണ് കുറിഞ്ചി).

## വരികൾ

'പ്രായമായ് കരിമ്പന..................
....................പാലങ്ങൾ നരിച്ചീർപോൽ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| തീണ്ടാനാഴി | = | മുക്കുറ്റി, ഒരു ചെടി |
| മലവാരത്തിൽ | = | മലഞ്ചെരിവിൽ |
| സാനുക്കളിൽ | = | പർവ്വത ശിഖരങ്ങളിൽ |
| പൊരുൾതേടി | = | ജീവിതസത്യം തേടി |
| വെന്നു | = | വിജയിച്ചു |

## ആശയ വിശദീകരണം

കാവ്യനിളയുടെ സഞ്ചാരവഴികൾ നീളുന്നു. വളർന്നുമുറ്റിയ കരിമ്പനയും (ആദ്യകാല യക്ഷിക്കഥകളുടെ സൂചന), അവയ്ക്ക് നടുവിൽ മുക്കുറ്റികളും, സീതയെപ്പോലെ വിറയ്ക്കുന്ന മലഞ്ചെരിവുകളും കടന്നു (എഴുത്തച്ഛന്റെ രാമാ യണം കിളിപ്പാട്ടിലെ സീതാദുഃഖം സൂചന) നീ, നീറി നിന്ന ജനവാസമില്ലാത്തയിടങ്ങളിലും, ദമയന്തിയുടെ കീറിയെടുക്കപ്പെട്ട പാതിവ സ്ത്രത്തിലും (ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയിലെ,വനത്തിൽ നളനാൽ പകുതി വസ്ത്രം മുറിച്ചെടുക്കപ്പെട്ടശേഷം ഉപേക്ഷിക്കപ്പെട്ട ദമയന്തിയുടെ കഥ സൂചിപ്പിക്കുന്നു). പർവ്വതശിഖരങ്ങളിലും, താഴ്വ രകളിലും അലഞ്ഞു ജീവിതസത്യം തേടി (കുമാരനാശാന്റെ കാവ്യ ങ്ങളിലെ ജീവിതാശയ ഗഹനതകൾ കണ്ടു).

പൂതത്തെ മാതൃത്വം പ രാജയപ്പെടുത്തിയതും (മാതൃത്വത്തിന്റെ മഹത്വത്തിനുമുമ്പിൽ പരാജയപ്പെട്ട പൂതത്തിന്റെ കഥ പറയുന്ന ഇടശ്ശേരിയുടെ 'പൂതപ്പാട്ടി'ലെ സാംസ്കാരികതലങ്ങളും) ജീവിതനരകത്തിന്റെ പാലങ്ങളിലൂടെ നരിച്ചീറിനെ പോലെ പാതിരാകളിൽ നുഴ ഞ്ഞുപോയതും കണ്ട് നിന്റെ വഴികൾ നീണ്ടു (അശാന്തനായി അലഞ്ഞ, ഏകാന്തപഥികനായ പി.കുഞ്ഞിരാമൻനായരുടെ കാവ്യജീവിതം സൂചിപ്പിക്കുന്നു). വൈലോപ്പിള്ളി കടന്നുവന്ന സാഹിത്യ പാരമ്പര്യത്തെ സൂചിപ്പിക്കുകയാണ് കവി. നിളാനദിയുടെ സഞ്ചാരവഴികളിൽ നിന്ന് മലയാള കവിതാലോകത്തെ സച്ചിദാനന്ദൻ കണ്ടെത്തുന്നു.

## വരികൾ

'അപ്പൊഴാണിവനെത്തീ.....
.........വേവിന്നാൽത്തണലാകാൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പട്ടട | = | ചുടുകാട് |
| വെണ്ണീറ് | = | ചാരം |
| ഉദകക്രിയ | = | മരിച്ചവരുടെ സദ്ഗതിക്കായി ചെയ്യുന്ന കർമ്മം |
| ആചമനം | = | ബ്രാഹ്മണർ ജലംകൊണ്ട് ചെയ്യുന്ന ശരീരശുദ്ധി |
| വേവിന്ന് | = | ദുഃഖങ്ങൾക്ക് |

### ആശയ വിശദീകരണം

അപ്പോഴാണ് ഇവൻ (വൈലോപ്പിള്ളി) എത്തിയത്. എട്ടുകെട്ടുകൾ കത്തി ചുടുകാടായ ചാരത്തിൽ തന്റെ നെല്ലിക്കു നീർ കോരുവാൻ (വൈലോപ്പിള്ളിയെഴുതിയ 'കുടിയൊഴിക്കലിനെ' സൂചിപ്പിക്കുന്നു) ഇവൻ എത്തി. നിന്റെ-ജീവിതമാകുന്ന കരയിലെ കണ്ണീർപ്പാടത്തിന്റെ തീരത്തിരുന്ന് ആ ജലം ഉള്ളം കൈയിലെടുത്ത് ശരീരശുദ്ധി നടത്തി ('കണ്ണീർപ്പാടം' എന്ന കവിത സൂചിപ്പിക്കുന്നു). ഇനിവരുന്ന കുഞ്ഞുങ്ങൾക്ക് അമൃത് നല്കാൻവേണ്ടി, തന്റെ തടവറ-ജീവിത-ക്കിണ്ണത്തിൽ ഇന്നേ കാളകൂടവിഷം ഇവൻ കഴിച്ചു (ഭാവി തലമുറകൾക്ക്-കാവ്യ അമൃത് നല്കാൻവേണ്ടി, ജീവിതദുഃഖങ്ങൾ അനവധി അനുഭവിച്ചു. വലിയ ദുഃഖങ്ങളിൽ നിന്നേ മികച്ച കവിതകൾ ഉണ്ടാവൂ എന്ന് സൂചന). വീട് ഒഴിഞ്ഞുപോകുന്നവരുടെ ദുഃഖങ്ങൾക്ക് ('കുടിയൊഴിക്കൽ') ആൽമരത്തണൽ പോലെ ആശ്വാസമാകാൻ കവിക്ക് കഴിഞ്ഞു.

(കാളകൂടവിഷം: കാലനെക്കൂടി ദഹിപ്പിക്കുന്ന കഠിനവിഷം. അമൃതിനുവേണ്ടി പാല്ക്കടൽ കടഞ്ഞപ്പോൾ ആദ്യം പുറത്തുവന്ന ദുഷ്ടാംശമായ കാളകൂടവിഷം ദേവന്മാരുടെ രക്ഷയെക്കരുതി ശിവൻ സ്വയം കഴിച്ചതായ പുരാണകഥയുടെ സൂചന).

(എട്ടുകെട്ടുകൾ : നാലുദിക്കിനെ എട്ടായി തിരിച്ചാൽ, അതിന്റെ നടുമുറ്റത്തിന്റെ ചുറ്റിലുമായി എട്ടുവശവും പുരകളുള്ള ഭവനങ്ങൾ, കേരളത്തിലെ കഴിഞ്ഞകാല പ്രതാപവും ജന്മിത്തവും സൂചിപ്പിക്കുന്നു).

### വരികൾ

'ഇവനെക്കൂടിസ്സ്വീകരിക്കുക..............
.................കലികാലത്തിൻ തോറ്റം'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആറാട്ട് | = | ആറ്റിലെ സ്നാനം |
| നിരാഭരണൻ | = | ആഭരണങ്ങളില്ലാത്തവൻ |
| നാദാകാരൻ | = | കാവ്യസംഗീതത്തോടു സദൃശൻ |
| കൊടിത്തൂവ്വ | = | തൊട്ടാൽ ചൊറിയുന്ന ഒരു ചെടി |
| തിരുവാട | = | തിരുവസ്ത്രം |
| കനലാഴി | = | അഗ്നിസമുദ്രം |
| വചനമപ്പം | = | വാക്കുകളാണ് ഭക്ഷണം |
| കുറവർ | = | കാക്കാലർ, കാലക്ഷേപത്തിന് വഴിയില്ലാത്തവർ |
| പെരുമാൾ | = | പെരുമയുള്ള ആൾ, (രാജാവ്) |
| തോറ്റം | = | തോന്നൽ (ഭദ്രകാളിപ്പാട്ട്) |

### ആശയ വിശദീകരണം

നിളേ, വൈലോപ്പിള്ളിയെക്കൂടി സ്വീകരിക്കുക. ഇവൻ ആറാട്ടിനു വരുന്നു. ആഭരണങ്ങളില്ലാത്തവനും നാദരൂപനുമാണ്. ഇവന്റെ കൊടി റോസാച്ചെടിയുടെ മുള്ളിൽ പടർന്നുകയറുന്ന ഒരു കയ്പവല്ലരിയാണ്. ('പനിനീർപ്പൂവിനോട്', 'കയ്പവല്ലരി' എന്നീ കവിതകൾ സൂചിപ്പിക്കുന്നു). വാഹനം കടൽക്കാക്കയാണ്. ('കടൽക്കാക്കകൾ' എന്ന കവിത സൂചിപ്പിക്കുന്നു). പുലി നേരിടാൻ വരുമ്പോൾ ഓണവില്ലാണു ദിവ്യായുധം. (ഓണക്കവിതകളെ ഓർമ്മിപ്പിക്കുന്നു). കുരുത്തോലയും കൊടിത്തൂവ്വയുമാണ് തിരുവസ്ത്രങ്ങൾ. അഗ്നിസമുദ്രത്തിലാണ് നൃത്തം. (ശിവന്റെ നൃത്തത്തെ ഓർമ്മിപ്പിക്കുന്നു). വാക്കുകളാണ് ഭക്ഷണം. (വചനദൈവമായ ക്രിസ്തുവിനെ ഓർമ്മിപ്പിക്കുന്നു). കുരുമുളകുകൊണ്ടാണ് അലങ്കാരത്തിനുള്ള വിശേഷമാല ഉണ്ടാ

ക്കുന്നത്. (കാവുകളിലെ പൂജാകർമ്മങ്ങളെ ഓർമ്മിപ്പിക്കുന്നു) പൂജിക്കുന്നത് കുറവരാണ്.

മലയുടെ മകനാണ്, വിളിപ്പുറത്തു മുറിവേറ്റ വനങ്ങളും (ശ്രീ ശാസ്താവിനെ ഓർമ്മിപ്പിക്കുന്ന സൂചനകൾ). മനസ്സിലെ മൃഗങ്ങൾ വിളിച്ചാൽ, നേരായ വാക്കിനും വടക്കിനും ഇവൻ രാജാവാണ്. (വടക്കൻപാട്ടുകളെക്കുറിച്ചുള്ള സൂചന). ഇവന് വളരെ പ്രിയപ്പെട്ടത് കലികാലത്തിന്റെ തോറ്റമാണ്. ഈ ഖണ്ഡത്തിൽ കവിയെ രാജതുല്യനായി കല്പിച്ചിരിക്കുന്നു. 'അപാരേ കാവ്യസംസാരേ, കവിരേവ പ്രജാപതി' - അപാരമായ കാവ്യലോകത്ത് കവി മാത്രമാണ് രാജാവ് - എന്ന കവിയെക്കുറിച്ചുള്ള ഭാരതീയ സങ്കല്പം ഓർക്കുക. (ആറാട്ട് - ഉത്സവം അവസാനിക്കുമ്പോൾ ദേവവിഗ്രഹം പുണ്യനദികളിൽ കുളിപ്പിച്ചെടുക്കുന്ന ചടങ്ങാണ്. രാജാക്കൻമാരുടെ മരണാനന്തരവും ഇപ്രകാരം കുളിപ്പിക്കുന്ന ചടങ്ങുണ്ടായിരുന്നു. അതുപോലെ, വൈലോപ്പിള്ളിയുടെ ജീവിതോത്സവം അവസാനിച്ചിരിക്കുന്നു. വൈലോപ്പിള്ളിയുടെ ഭൗതികശരീരം ആറാട്ടിനു കൊണ്ടു വന്നിരിക്കുന്നു. ഇവൻ രാജതുല്യനാണ്, ദേവതുല്യനാണ് എന്ന് സൂചന).

## വരികൾ

'ഇവനെക്കൂടിസ്സ്വീകരിക്കുക.......
.......................മസ്വസ്ഥയുവരക്തം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| പുരങ്ങൾ | = | നഗരങ്ങൾ |
| ചുരപ്പുന്ന | = | ഒരു തരം മരം |
| പ്ലാശ് | = | ഒരു തരം മരം |
| മൃത്യു | = | മരണം |
| വിഷുക്കണി | = | വിഷുദിവസത്തെ ആദ്യകാഴ്ച |

## ആശയ വിശദീകരണം

വെള്ളത്തിന്റെ നിരപ്പ് താണുപോയാലും വരണ്ടുപോകാതെ ഇന്നും കടൽതേടിപ്പോകുന്ന നിളാനദി ഇവനെക്കൂടി സ്വീകരിക്കുക. നഗരങ്ങൾ നിന്നിലേക്ക് വിഷം തുപ്പുന്നു. (ഫാക്ടറികളിലെയും വ്യവസായശാലകളിലെയും വീടുകളിലെയും വിഷമാലിന്യങ്ങളെല്ലാം നദിയിൽ കൊണ്ടുതള്ളുന്നു, നദി ഒരു വിഷവാഹിനിയായി മാറുന്നു. പുഴയ്ക്ക് കുറുകെ കെട്ടിയ അണകളും, അനധികൃതമായ മണൽവാരലും നദിയെ നാശത്തിലെത്തിച്ചു). പരണന്റെ ചുരപ്പുന്നയും പ്ലാശും പയ്നിയും -വിഷജലംകുടിച്ച് - തളരുന്നു. ചുമച്ചുനിൽക്കുന്ന (രോഗഗ്രസ്തമായ) മരണം വളയുന്ന ഗ്രാമങ്ങളെ വേട്ടക്കാർ മയക്കുവെടിവെച്ചു വീഴ്ത്തുന്നു. കാവിയിലും, വെളുപ്പിലും ആത്മാക്കൾക്കു വിലപേശി, നമ്മളൊഴിപ്പിച്ചുവിട്ട പിശാചുക്കൾ (ദുർദ്ദേവതകൾ, ദുരാത്മാക്കൾ) വീണ്ടും കൂടിവരുന്നു. വാമനൻ ഓണത്തിലുണരുന്നു. പാളത്തിൽ നിത്യവും വീണുകൊണ്ടിരിക്കുന്ന അസ്വസ്ഥരായ യുവാക്കളുടെ രക്തമാണ് വിഷുക്കണിയാവുന്നത്. ('വിഷുക്കണി' എന്ന കവിതയുടെ സൂചന). നിളയുടെ ഇപ്പോഴത്തെ അവസ്ഥയോർത്ത് കവി അസ്വസ്ഥനാവുന്നു.

(പരണർ: ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സംഘകാല കവിയായിരുന്നു പരണർ. സംഘകാലത്തെ വിഖ്യാതകവിയായ, കപിലരുടെ സുഹൃത്തായിരുന്നു പരണർ. പല രാജാക്കൻമാരെ പുകഴ്ത്തിയും പരണർ കവിതകളെഴുതി. കുറുന്തൊകൈയിൽ 17, നറ്റിണൈയിൽ 12, അകനാനൂറിൽ 32, പുറനാനൂറിൽ 13, പതിറ്റുപ്പത്തിൽ 10, തിരുവള്ളുവമാലൈയിൽ ഒന്നും വീതം 85 പദ്യകൃതികൾ പരണർ എഴുതിയതായി കാണുന്നു. തന്റെ ജീവിത കാലത്തെ ചരിത്രസംഭവങ്ങളെ കാവ്യരൂപത്തിലാക്കിയ പരണരെ പില്ക്കാല കവിയായ നക്കിനാർ അഗസ്ത്യ ഋഷിയോടാണ് ഉപമിക്കുന്നത്. തമിഴിലെ ആദ്യ ചരിത്രകവി എന്നും പരണർ അറിയപ്പെടുന്നു. കപിലരുടെയും പരണരുടെയും കവിതകൾ ഭക്തിയുടെ തലത്തിലും ഉയർന്നു നില്ക്കുന്നവയാണ്). (സൂചിതകഥ- വാമനൻ : മഹാബലിയെ പാതാളത്തിലയച്ച വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം. മഹാബലിയുടെ

ഐശ്വര്യപൂർണ്ണമായ ഭരണത്തിൽ അസൂയപൂണ്ട ദേവന്മാരുടെ ആഗ്രഹം സാധിച്ചുകൊടുക്കാനായി, അദി തിയുടെ പുത്രനായി ജനിച്ച്, മഹാബലിയുടെ യാഗശാലയിലെത്തി മുനികുമാരന്റെ വേഷത്തിൽ വാമനൻ മൂന്നടി സ്ഥലം ചോദിച്ചതും, അതുസമ്മതിച്ച മഹാബലിയുടെ മുമ്പിൽ ഒരടികൊണ്ട് ഭൂമിയും രണ്ടാമത്തെ അടികൊണ്ട് സ്വർഗ്ഗവും അളന്നെടുക്കുകയും, മൂന്നാമത്തെ അടിയ്ക്കായി സ്വന്തം ശരീരം കാട്ടിക്കൊടുത്തപ്പോൾ വിഷ്ണു മഹാബലിയെ ശിരസ്സിൽ ചവിട്ടി പാതാളത്തിൽ താഴ്ത്തിയ വാമനാവതാരകഥ).

### വരികൾ

'ആതിരാ രാവിൻ രുദ്ര..........
...................നീലമാം കലവറ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ആതിരരാവ് | = | തിരുവാതിര രാത്രി |
| രുദ്ര | = | ഭയങ്കരമായ, ശിവനെ സംബന്ധിച്ച |
| കീർത്തനം | = | സ്തുതി, വാഴ്ത്തൽ |
| ദംഷ്ട്ര | = | തേറ്റപോലുള്ള പല്ല് |
| മാതുലൻ | = | അമ്മാവൻ |
| തഴുതിട്ടത് | = | അടച്ചുപൂട്ടിയത്, മരിച്ചതെന്ന് സന്ദർഭാർത്ഥം |
| പരുഷത | = | അപ്രിയം, മാർദ്ദവമില്ലായ്മ |
| കലവറ | = | സംഭരണശാല |

### ആശയ വിശദീകരണം

തിരുവാതിര രാത്രിയിൽ ഭയങ്കരമായ ശിവസ്തുതികളുടെ ഒപ്പം തൂക്കിൽ ആടിക്കൊണ്ടിരിക്കുന്ന (ദേവതാ പ്രീതിയ്ക്കായി ശരീരത്തിൽ രണ്ട് ചൂണ്ടകോർത്ത് ചരടിൽ കെട്ടിത്തൂങ്ങിയാടുന്നതിന്റെ സൂചന) പ്രിയപ്പെട്ട ഉണ്ണിയുടെ വായിൽ വലിയ തേറ്റപ്പല്ലും നെറ്റിയിൽ (മൂന്നാം) കണ്ണും. (തമോഗുണ, സംഹാരമൂർത്തിയായ ശിവനെപ്പോലെ മൂന്നാം കണ്ണുകളുള്ള ഉണ്ണികൾ ആടിക്കളിക്കുന്ന കാലമാണ്). വാക്കിലും മനസ്സിലും പരുഷത പെരുകുന്നു. അമ്മാവാ, ക്ഷമിച്ചാലും, മാമ്പഴക്കാലം അവസാനിച്ചു. (ആർദ്രതയുടെയും സ്നേഹത്തിന്റെയും ആ നല്ലകാലങ്ങൾ തീർന്നിരിക്കുന്നു. 'മാമ്പഴം' എന്ന കവിതയുടെ സൂചന). എന്റെ ഭാഷയുടെ നെഞ്ചിന്റെ മിടിപ്പാണ് താഴുന്നത്. എന്റെ യുവത്വത്തെ തന്നെയാണ് ഇറക്കിക്കിടത്തിയതും. നീതിയുടെ കണ്ണുകളാണ് തിരുമ്മിയടച്ചത്. സ്നേഹത്തിന്റെ (ഇഷ്ടങ്ങളുടെ, പ്രണയത്തിന്റെ) കലവറയാണ് ഇല്ലാതായത്.

### വരികൾ

'ചിതയിൽപ്പൊട്ടുന്നതെൻ.........................
..................പൂർണചന്ദ്രനായവൻ വീണ്ടും'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| മലർകാലം | = | പൂക്കാലം |
| വാനിൽ | = | ആകാശത്ത് |

### ആശയവിശദീകരണം

എന്റെ നാടിന്റെ നട്ടെല്ലാണ് ചിതയിൽ പൊട്ടുന്നത്. ഒരു മലർകാലമാണ് മണലിൽ എരിഞ്ഞ് അമരുന്നത്. പ്രകാശം അസ്തമിക്കുന്നു. (സൂര്യൻ മറയുന്നു, സന്ധ്യയാവുന്നു, ഒരു കാവ്യജീവിതം അവസാനിക്കുന്നു). തണുപ്പ് വർദ്ധിക്കുന്നു. അവസാനമായി മാവിൻകൂട് അണയുന്ന ഒറ്റക്കിളി ശബ്ദിക്കുന്നു. പാവം ഇവൻ ഈ നാടിന്റെ സ്വർണ്ണക്കിണ്ണമായിരുന്നു. (വളരെ വിലപിടിപ്പുള്ള പാത്രം) ദാ, ആകാശത്തിലേക്ക് നോക്കൂ; അവൻ വീണ്ടും പൂർണചന്ദ്രനായി മാറിയിരിക്കുന്നു. കവി എല്ലാവർക്കും വെളിച്ചം നല്കാനായി പൂർണചന്ദ്രനെപ്പോലെ ആകാശത്തിൽ വീണ്ടും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യകൃതികളിലൂടെ നിത്യം ജീവിക്കുന്നു. പിൻമുറക്കാരായ കവികളിലൂടെ ആ കാവ്യഗംഗ ഇനിയും തുടർന്ന് ഒഴുകും.

### കാവ്യാവലോകനം

അന്തരിച്ച വ്യക്തി തങ്ങൾക്ക് ആരായിരുന്നുവെന്നവിധം കവിയുടെ അപദാനങ്ങൾ വാഴ്ത്തുന്നു. ഞങ്ങൾക്ക് ഓണപ്പാട്ടിനു ചുവടുവെയ്പും കന്നിവയലിൽ പുതുനെല്ലിന്റെ പാലും തെക്കൻപാട്ടിന്റെ വീര്യവുമായിരുന്നു. പാതിരാപ്പൂവിൽ തേൻനിറച്ചു,

കാക്കച്ചിറകിൽ സൂര്യോത്സവം കണ്ടു, മുറിവിൽ മൂർച്ചയേറിയ വേദനയനുഭവിച്ചു, മുളങ്കാടിന്റെ മംഗളവാദ്യവുമായിരുന്നു എന്നിങ്ങനെ ആ വിടനല്കൽ വാഴ്ത്തുകൾ നീളുന്നു. തുടർന്ന് കവിയെ സ്വീകരിക്കേണ്ട, സംസ്കാരങ്ങളെ സ്വാധീനിക്കുന്ന നിളയോട് പറയുന്നു. നിളേ, കപിലരുടെ മരുതത്തെയും ഇലഞ്ഞിയെയും നനച്ചൊഴുകി, നീ നീലക്കുറിഞ്ഞിക്കാടുകളിലൂടെ പുഴയായി. നിന്റെ ചിലമ്പൊലി മഞ്ഞിന്റെ പ ടികളിറങ്ങിയതും കാട്ടിൽ പുള്ളുവക്കുടമായതും ഇടവഴികളിൽ പാണത്തുടിയായതും കരിമ്പന യും മുക്കുറ്റികളും മലഞ്ചെരിവുകളും കടന്ന് നീ ജീവിതസത്യം തേടിയതും അറിയുന്നു. സം സ്കാരങ്ങളെ, കലകളെ നിർമ്മിച്ചും മായ്ച്ചും നിന്റെ വഴികൾ നീണ്ടു.

തുടർന്ന് കവി കാവ്യ-സംസ്കാര ചരിത്രത്തിൽ വൈലോപ്പിള്ളിയെ അടയാള പ്പെടുത്തുന്നു. എട്ടുകെട്ടുകൾ കത്തിയ ചാരത്തിൽ, തന്റെ നെല്ലിക്കു ഉദകക്രിയ ചെയ്തുകൊണ്ട്, വൈലോപ്പിള്ളി എത്തി. കണ്ണീർപ്പാടത്തെ തീരത്തിരുന്ന് ശരീരശുദ്ധി വരുത്തി. ഇനി വരുന്ന കുഞ്ഞുങ്ങൾക്ക് അമൃത് പകരാൻവേണ്ടി, തന്റെ തടവറക്കിണ്ണത്തിൽ ഇന്നേ കാളകൂടവിഷം കുടിച്ചു. വീട് ഒഴിയുന്നവരുടെ ദുഃഖങ്ങൾക്ക് ആശ്വാസമായി. വൈലോപ്പിള്ളിയെ ആറാട്ടിനെത്തുന്ന രാജാ വിനോട് താരതമ്യപ്പെടുത്തുന്നു. നിളേ, ഇവൻ ആഭരണങ്ങളില്ലാത്തവനും നാദരൂ പനുമാണ്. ഇവന്റെ കൊടി കയ്പവല്ലരിയാണ്. വാഹനം കടൽകാക്കയാണ്. വാക്കുകളാണ് ഭക്ഷണം. പൂജിക്കുന്നത് കുറവരാണ്. മലയുടെ മകനാണ്. വിളിപ്പുറത്തു മുറിവേറ്റ വനങ്ങളും. ഇവനു പ്രിയപ്പെട്ടത് കലികാലത്തോറ്റമാണ്. വിഷവാഹിനിയാവുന്ന നിളയെ ഓർത്ത് കവി പരിതപിക്കുന്നു. നിളയിൽ നഗരങ്ങൾ വിഷം തുപ്പുന്നതും ഒരു സംസ്കാരം നശിക്കുന്നതും കവി കാണുന്നു.

അവസാനം, നഷ്ടങ്ങളെണ്ണി ആശ്വാസത്തി ലെത്തുന്നു. മാമ്പഴക്കാലം അവസാനിച്ചത് കാണുന്നു. ഭാഷയുടെ നെഞ്ചിടിപ്പ് താണതും, ഒരു മലർകാലം അവസാനിച്ചതും പ്രകാശം അസ്തമിച്ചതും, തണുപ്പ് വർദ്ധിക്കുന്നതും അറിയുന്നു. മാവിൻകൂടണയുന്ന ഒറ്റക്കിളി ശബ്ദിക്കുന്നത് കേൾക്കുന്നു. 'പാവം ഇവൻ ഈ നാടിന്റെ സ്വർണ്ണക്കിണ്ണമായിരുന്നു. ദാ, ആകാശത്തേക്ക് നോക്കൂ; അവൻ വീണ്ടും പൂർണചന്ദ്രനായി മാറിയിരിക്കുന്നു'. മരണം മറ്റൊരു പുനർജ്ജനിയായെന്ന് കവി ആശ്വ സിക്കുന്നു. കവിതയിൽ ഒരു കാലത്തിന്റെ കലയും സംസ്കാരവും നിളയെപ്പോലെ ഒഴുകിക്കൊണ്ടിരിക്കുന്നു. സംസ്കാരങ്ങളെ നിർമ്മിച്ചുകൊണ്ടൊഴുകുന്ന നിളയെപ്പോലെ, ആദിമമായ ഒരു കാവ്യചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും തുടർച്ചയുടെ ഭാഗമായി വൈലോപ്പിള്ളിയെ കാണുകയും അദ്ദേഹത്തിന്റെ വേർപാടിനെ അത്തരമൊരു ഭൂമികയിൽ അടയാളപ്പെടുത്തുകയുമാണ് സച്ചിദാനന്ദൻ ചെയ്തത്.

## Recap

- നിളേ, കുളിർനീരിൻ കൈകൾകൊണ്ട്, വൈലോപ്പിള്ളിയെക്കൂടി സ്വീകരിക്കുക
- പഞ്ചാരിമേളം കേട്ട് ചെവിയാട്ടുന്ന കാറ്റേ, വൈലോപ്പിള്ളിയെ ആദരിക്കാൻ തുമ്പിക്കൈ ഉയർത്തുക
- ധനുമാസരാത്രീ, 'പുനർജ്ജനി' ഗുഹയിലൂടെ വരുന്ന നിലാവുകൊണ്ട് ഈ ജഡത്തെ മൂടുക
- സ്വപ്നങ്ങൾ കൊണ്ട് അസ്വസ്ഥമായ കവിയുടെ നെറ്റിയിൽ ചുംബിക്കുന്നതിന് നിളയും ദേവതാത്മാവായ സഹ്യനും കുനിയുക
- ഇവൻ ഞങ്ങൾക്ക് ഓണപ്പാട്ടിനു ചുവടുവെയ്പായും, കന്നിവയലിൽ പുതുനെല്ലിന്റെ പാലായും നിറഞ്ഞവനായിരുന്നു
- കാക്കയുടെ ചിറകുകളിൽ സൂര്യോത്സവം കണ്ടതും മുളങ്കാടിന്നു മംഗളവാദ്യമായിരുന്നതും വൈലോപ്പിള്ളിയാണ്
- കപില കവിയുടെ മരുതവും ഇലഞ്ഞിയും നനച്ച തായ്നദി നീലക്കുറിഞ്ഞിക്കാടുകളിലൂടെ മിന്നൽപ്പിണർപോലുള്ള പുഴയായി
- നിളയുടെ ചിലമ്പൊലി കാട്ടിൽ പുള്ളുവക്കുടമായി. നിളയുടെ ചിലമ്പൊലി ഇടവഴികളിൽ പാണത്തുടിയായി
- കരിമ്പനയും മുക്കുറ്റികളും, സീതയെപ്പോലെ വിറയ്ക്കുന്ന മലഞ്ചെരിവുകളും
- പൂതപ്പാട്ടിലെ മഹത്വം കണ്ടു
- എട്ടുകെട്ടുകൾ കത്തിയ ചാരത്തിൽ തന്റെ നെല്ലിക്കു ഉദകക്രിയചെയ്തു
- കണ്ണീർപ്പാടത്തിന്റെ തീരത്തിരുന്ന് ശരീരശുദ്ധി നടത്തി
- തടവറക്കിണ്ണത്തിലെ കാളകൂടവിഷം കുടിച്ചു
- വീട് ഒഴിയുന്നവരുടെ ദുഃഖങ്ങൾക്ക് ആൽമരത്തണൽപോലെ ആശ്വാസമായി
- ശിവസ്തുതികളിലാടുന്ന ഉണ്ണികൾ തേറ്റപ്പല്ലും നെറ്റിക്കണ്ണുമുള്ള സംഹാര മൂർത്തികളാവുന്നു
- വാക്കിലും മനസ്സിലും പരുഷത പെരുകുന്നു
- പല നിലയിൽ മലിനമായ നിളാനദി
- കവിയുടെ ഭൗതികശരീരം എരിഞ്ഞ് തീരുന്നു. നാടിന്റെ പ്രകാശം അസ്തമിക്കുന്നു
- ആകാശത്തിൽ അവൻ വീണ്ടും പൂർണചന്ദ്രനായിരിക്കുന്നു
- വൈലോപ്പിള്ളിയുടെ കൃതികളെ ഇവിടെ സ്മരിക്കുന്നു
- നിളയോട് ഇവനെക്കൂടി സ്വീകരിക്കാൻ പറയുന്നു
- വടക്കൻപാട്ടുകളെ ഓർമ്മിപ്പിക്കുന്നു
- വൈലോപ്പിള്ളിയെ രാജാവിനോട്, ദേവനോട് സാദൃശ്യപ്പെടുത്തി അവതരിപ്പിക്കുന്നു
- 'കവിരേവ പ്രജാപതി' എന്ന കാവ്യസങ്കല്പവുമായി വൈലോപ്പിള്ളിയെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു

## Objective Type Questions

1. 'ഇവനെക്കൂടിസ്സ്വീകരിക്കുക.' കവി ആരെക്കുറിച്ച്, ആരോടാണ് ഇത് പറയുന്നത്?
2. 'ഇവനേ ഞങ്ങൾക്കോണപ്പാട്ടിനു ചോടായ്' - ആരെക്കുറിച്ചാണ് സൂചന? ഏത്കവിതയെക്കുറിച്ചാണ് സൂചന?
3. 'ഇവനേ നിറച്ചു തേൻ പാതിരാപ്പൂവിൽ'- ആരുടെ ഏത് കവിതയെക്കുറിച്ചാണ് സൂചന?
4. 'ഒരുനാൾ പിതാവിൻ തോൾവിട്ടിറങ്ങി നീ' - ആരെക്കുറിച്ചാണ് സൂചന?
5. 'മഞ്ഞിന്റെ പടവുകളിറങ്ങീ ചിലമ്പൊലി' - സൂചനയെന്ത്?
6. 'സാനുക്കളിലലഞ്ഞു' - സൂചനയെന്ത്?
7. 'പൂതത്തെ മുലപ്പാലാൽ വെന്നു' - സൂചനയെന്ത്?
8. 'തന്നുള്ളക്കൈയിൻ നിൻ തീരക്കണ്ണീർപ്പാടം' - ഏതു കവിതയെക്കുറിച്ചുള്ള സൂചന കൂടിയാണിത്?
9. 'ആറാട്ടിന്നു വരവായിവൻ, നിരാഭരണൻ, നാദാകാരൻ'- ആരെക്കുറിച്ചുള്ള പരാമർശമാണിത്?
10. 'പെരുമാളിവൻ നേരാംവാക്കിനും വടക്കിനും'- ആരെക്കുറിച്ചുള്ള പരാമർശമാണിത്?
11. 'പുരങ്ങൾ നിന്നിൽ വിഷംതുപ്പുന്നു' - പുരങ്ങൾ വിഷംതുപ്പുന്നത് എവിടെയെന്നാണ് കവി പറയുന്നത്?
12. 'മയക്കുവെടിവെച്ചു വീഴ്ത്തുന്നു നായാട്ടുകാർ' - ആരെ?
13. 'ഏറുന്നു വീണ്ടും നമ്മളൊഴിച്ച പിശാചുകൾ' - ആരെക്കുറിച്ചുള്ള സൂചനയാണിത്?
14. വിഷുക്കണിയെന്ന് കവി വിശേഷിപ്പിക്കുന്നത് എന്ത്?
15. 'മാതുലാ, പൊറുത്താലും- തീർന്നു മാമ്പഴക്കാലം'- ആര്, ആരോട് പറയുന്നു?
16. 'മിടിപ്പു താഴുന്നതെൻ ഭാഷതൻ നെഞ്ചിന്നല്ലോ' - ആര്, ആരെക്കുറിച്ചോർത്താണ് ഇപ്രകാരം പരിതപിക്കുന്നത്?
17. 'ചിതയിൽപ്പൊട്ടുന്നതെൻ നാടിന്റെ നട്ടെല്ലല്ലോ'. - ആര്, ആരെക്കുറിച്ചാണ് ഇപ്രകാരം വിലപിക്കുന്നത്?
18. 'പാവമീ നാടിൻ സ്വർണ്ണക്കിണ്ണമായിരുന്നിവൻ' - ആരെക്കുറിച്ചുള്ള സൂചനയാണിത്?

## Answers to Objective Type Questions

1. വൈലോപ്പിള്ളി ശ്രീധരമേനോനെക്കുറിച്ച്, നിളാനദിയോട്
2. വൈലോപ്പിള്ളിയെക്കുറിച്ച്, 'ഓണപ്പാട്ടുകാർ' എന്ന കവിതയുടെ സൂചന
3. വൈലോപ്പിള്ളിയുടെ 'ലില്ലിപ്പൂക്കൾ' എന്ന കവിതയെക്കുറിച്ച്
4. നിളാനദിയെക്കുറിച്ച്
5. നിളയുടെ ഒഴുക്കും, ചിലപ്പതികാരകാവ്യവും സൂചിപ്പിക്കുന്നു
6. കുമാരനാശാന്റെ കാവ്യങ്ങളിലെ ഗഹനമായ ജീവിതാശയങ്ങൾ
7. ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ മാതൃത്വം വിജയിച്ച കഥ
8. കണ്ണീർപ്പാടം എന്ന കവിത
9. വൈലോപ്പിള്ളിയെക്കുറിച്ച്
10. വൈലോപ്പിള്ളിയെക്കുറിച്ച്

11. നിളാനദിയിൽ
12. മരണംവളയുന്ന ഗ്രാമങ്ങളെ
13. ആത്മാക്കൾക്കു വിലപേശുന്ന ആത്മീയാചാര്യന്മാർ
14. പാളത്തിൽ വീഴുന്ന അസ്വസ്ഥരായ യുവാക്കളുടെ രക്തം
15. കവി, വൈലോപ്പിള്ളിയോട് പറയുന്നു
16. കവി, വൈലോപ്പിള്ളിയെക്കുറിച്ച് ഓർത്ത്
17. കവി, വൈലോപ്പിള്ളിയെക്കുറിച്ച്
18. വൈലോപ്പിള്ളിയെക്കുറിച്ച്


## Assignments

- 'ഇവനെക്കൂടി' എന്ന രചനയെ ഒരു വിലാപകവിതയെന്ന നിലയിൽ വിലയിരുത്തുക.
- 'ഇവനെക്കൂടി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## Reference


1. എം. ലീലാവതി, മലയാളകവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. നെല്ലിക്കൽ മുരളീധരൻ, കവിതയിലെ പുതുവഴികൾ, എൻ. ബി. എസ്., കോട്ടയം.
3. എൻ .അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
4. എസ്. രാജശേഖരൻ, കവിത വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
5. സച്ചിദാനന്ദൻ - മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
6. സച്ചിദാനന്ദൻ - കവിതയുടെ എൺപതുകൾ: അന്വേഷണങ്ങൾ, ബോധി പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്
7. ഡോ.കെ.എം. ജോർജ്ജ് - ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.


## E- Content


സച്ചിദാനന്ദൻ

https://ml.wikipedia.org/wiki/സച്ചിദാനന്ദൻ
https://youtu.be/ALEbvBfkOkc
https://youtu.be/HZb-uVbTnUE

# യൂണിറ്റ് - 5
# കടമ്മനിട്ട

**കടമ്മനിട്ട രാമകൃഷ്ണൻ**

## Learning Outcomes

- ആധുനികതാപ്രസ്ഥാനത്തെക്കുറിച്ചുള്ള സാമാന്യ ധാരണ
- കടമ്മനിട്ട രാമകൃഷ്ണൻ എന്ന കവിയെയും കവിതകളെയും പരിചയപ്പെടുന്നു
- കടമ്മനിട്ട എന്ന കവിതയെ സവിശേഷമായി മനസ്സിലാക്കുന്നു
- അസ്തിത്വദുഃഖം, വ്യർത്ഥതാബോധം, അന്യതാബോധം, ദുരന്താവബോധം, ശൂന്യതാവാദം മുതലായവ ആധുനിക സാഹിത്യത്തിന്റെ സവിശേഷതകളാണ് എന്ന തിരിച്ചറിവ്
- ഗദ്യരൂപത്തിലേക്ക് മാറിയ കാവ്യരചനാരീതിയെ മനസ്സിലാക്കുന്നു
- പ്രതീകങ്ങളും ആദിരൂപങ്ങളും ആധുനിക ബിംബങ്ങളും വ്യക്തിബിംബങ്ങളും കവിതയിൽ കടന്നുവരുന്നതിനെ പരിചയപ്പെടുന്നു

## Prerequisites

ആധുനികതാപ്രസ്ഥാനം മലയാളത്തിൽ ശക്തിപ്രാപിക്കുന്നത് 1960 കളിലാണ്. ലോകമഹായുദ്ധാനന്തരം എവിടെയും വലിയ മൂല്യത്തകർച്ച സംഭവിച്ചു കഴിഞ്ഞിരുന്ന കാലം. രാജ്യങ്ങളുടെ അതിർത്തികൾ ഉടഞ്ഞുപോയിരുന്നു. സംസ്കാരങ്ങൾ കൂടിക്കലർന്നിരുന്നു. ജീവിതരീതികൾ പരസ്പരം സ്വാധീനിച്ചു കൊണ്ടിരുന്ന കാലം. ലോകജനത ചിന്തകളിലും പെരുമാറ്റങ്ങളിലും സമാനതയുള്ളവരായി മാറിക്കൊണ്ടിരുന്ന സന്ദർഭം. സാഹിത്യത്തിലും കലകളിലും ചില പൊതുവീക്ഷണങ്ങൾ രൂപപ്പെട്ടുകൊണ്ടിരുന്നു. അരക്ഷിതത്വം നിറഞ്ഞ സാഹചര്യങ്ങളും, തൊഴിലില്ലായ്മയുടെ വർദ്ധനവും, ഒരു നല്ലകാലം പ്രത്യാശിക്കാൻ കഴിയാതെ വിഷമിച്ച യുവത്വത്തിന്റെ പ്രതിസന്ധികളും സമൂഹത്തിൽ വർദ്ധിച്ചുവന്ന കാലം. അവ നമ്മുടെ സംസ്കാരത്തിലും അവയുടെ പ്രതിഫലനമായ സാഹിത്യത്തിലും കലകളിലും മുദ്രകൾ പതിപ്പിച്ചുതുടങ്ങി.

ജീവിതത്തെക്കുറിച്ചുള്ള വ്യത്യസ്ത ദർശനങ്ങൾ ആധുനികതയ്ക്ക് ഊർജ്ജം പകർന്നു. അസ്ഥിത്വദുഃഖം, വ്യർത്ഥതാബോധം, അന്യതാബോധം, ദുരന്താവബോധം, ശൂന്യതാവാദം തുടങ്ങിയവയെല്ലാം അതിന്റെ ലക്ഷണങ്ങളായിരുന്നു. സോറൻ കീർക്കെഗാഡ്, ജീൻ പോൾ സാർത്രെ, ആൽബർട്ട് കാമ്യുസ്, ഫ്രെഡറിക് നീഷെ, ഫ്രാൻസ് കാഫ്ക തുടങ്ങിയവരായിരുന്നു ആധുനികതയുടെ പ്രധാന ചിന്തകർ. അറുപതുകളിലും എഴുപതുകളിലും രചിക്കപ്പെട്ട മലയാള കവിതയുടെ രൂപഭാവങ്ങളെ ആധുനികത അടയാളപ്പെടുത്തി. ആധുനികതയുടെ വക്താക്കളായി അക്കിത്തം, എൻ.വി., മാധവൻ അയ്യപ്പത്ത്, കെ.അയ്യപ്പപണിക്കർ, എൻ.എൻ. കക്കാട്, ആറ്റൂർ തുടങ്ങിയവർ അറിയപ്പെട്ടു. മാധവൻ അയ്യപ്പത്തി

ന്റെ മണിയറക്കവിതകളാണ് ഇതിന് തുടക്കംകുറിച്ചത്. അയ്യപ്പപണിക്കരുടെ കുരുക്ഷേത്ര വും എൻ.എൻ.കക്കാടിന്റെ നഗരകവിതകളും മാറുന്ന കാലത്തിന്റെ മുദ്രകളെ വാക്കുകളുടെ ശ്ലഥചിത്രങ്ങളാൽ പകർത്തിവച്ചു. വൃത്തരൂപം ഉപേക്ഷിച്ച് കവിത ഗദ്യരൂപത്തിലേക്ക് മാറി. സങ്കീർണ്ണവും, വൃത്തത്തിൽ പറയാൻ കഴിയാത്തതുമായ പരുക്കൻ ജീവിതാവസ്ഥകളെ ഗദ്യ ത്തിന്റെ പത്രഭാഷകൾക്ക് ഇണങ്ങുംവിധം അവതരിപ്പിക്കാൻ അവർ ശ്രമിച്ചു. പ്രതീകങ്ങളും ആദിരൂപങ്ങളും ആധുനിക ബിംബങ്ങളും വ്യക്തിബിംബങ്ങളും കവിതയുടെ ഘടനയിൽ കടന്നുവന്നു. ഗ്രാമസംസ്കാരത്തിന്റെ പ്രക്ഷുബ്ധ സ്വരങ്ങളുമായി കടമ്മനിട്ട അക്കാലത്ത് രം ഗത്തു വന്നിരുന്നു. മലയാളകവിത ആധുനിക ഘട്ടത്തിൽ വലിയ മാറ്റങ്ങൾക്ക് വേദിയായി രുന്നു.

ദ്രാവിഡ സംസ്കാരത്തിന്റെ ചില സവിശേഷതകൾക്ക് ആധുനിക മലയാളകവിത യിൽ പുനർജ്ജന്മം നല്കിയ കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. അനുകരണങ്ങൾക്കതീ തനായി നിന്നുകൊണ്ട് സ്വന്തമായൊരു കാവ്യപാത കടമ്മനിട്ട രൂപപ്പെടുത്തി. ജന്മഗ്രാമമായ കടമ്മനിട്ടയിലും സമീപത്തുമൊക്കെ നടത്തിയിരുന്ന പടയണിയുടെ താളവിശേഷങ്ങളും ഈണങ്ങളും അനുഷ്ഠാന ആവിഷ്ക്കാരങ്ങളുടെ ചടുലതകളുമെല്ലാം കടമ്മനിട്ടക്കവിതയെ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യകേന്ദ്രീകൃതമായിരുന്നു കടമ്മനിട്ടയുടെ കവിതകൾ. കടമ്മനിട്ട കവിതയിലെ രൗദ്രസ്ത്രീഭാവങ്ങൾ ജന്മഗ്രാമത്തിലെ ആചാരാനുഷ്ഠാനങ്ങളിലെ കാളീസ ങ്കല്പത്തിന്റെയും അമ്മ ദൈവാരാധനയുടെയും സ്വാധീനമുള്ളതാണ്. ദ്രാവിഡതാളങ്ങളി ലൂടെ, ഗതകാലചരിത്രത്തിലെ ഗോത്ര സ്മൃതികളിലുള്ള ആദിരൂപങ്ങളോളം പഴക്കമുള്ള ബിംബങ്ങളും സ്ത്രീസങ്കല്പങ്ങളും കടമ്മനിട്ട അവതരിപ്പിക്കുന്നുണ്ട്.

1935 മാർച്ച് 22-ന് പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിലാണ് കവി ജനിച്ചത്. 1959-മു തൽ പോസ്റ്റൽ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് വകുപ്പിൽ ജോലിചെയ്തു. 1967 മുതൽ 1992 ൽ വിരമിക്കുന്നതുവരെ തിരുവനന്തപുരത്തായിരുന്നു ജോലി. 1970 കൾക്കുശേഷം കേരള ത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ സാംസ്കാരിക സംഘടനകളിൽ പ്രവർത്തകനായി. ആറന്മുള നിയമസഭാമണ്ഡലത്തിൽ നിന്ന് ഒരു തവണ കേരള നിയമസഭാംഗമായി. കേരള ഗ്രന്ഥശാലാസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്നു. 2008 മാർച്ച് 31-ന് അന്തരിച്ചു. കാവ്യഭാ ഷാപരമായ സഭ്യതയെയും സദാചാരകാപട്യങ്ങളെയും ചോദ്യം ചെയ്ത കവിതകളായിരു ന്നു കടമ്മനിട്ടയുടേത്. ആധുനിക കവിതയുടെ സവിശേഷതകളിൽ നിന്നുകൊണ്ട്, കേരളീ യവും ദ്രാവിഡീയവുമായ ഒരു കാവ്യാനുഭവം നിർമ്മിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പാശ്ചാത്യ അനുകരണമാണ് ആധുനിക കവിത എന്ന് വാദിച്ചവർ പോലും കടമ്മനിട്ടക്ക വിതയിലെ അന്തർഭാവങ്ങളുടെ തനിമ തിരിച്ചറിഞ്ഞു. പത്തനംതിട്ട ജില്ലയിലുള്ള കടമ്മ നിട്ട എന്ന സ്വന്തം ഗ്രാമത്തെക്കുറിച്ച് എഴുതിയതാണ് ഈ കവിത. സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചശേഷം, വാർദ്ധക്യത്തോടടുത്ത ഒരു ഘട്ടം. കവി തന്റെ ബാല്യകൗമാരങ്ങൾ പിന്നിട്ട, കടമ്മനിട്ടയിലെ നാട്ടുവഴികളിലൂടെയും വയലുകളിലൂടെയും കുന്നിൻചരിവുകളി ലൂടെയും നടക്കുന്നു. അപ്പോൾ പോയകാലത്തെ ചില സംഭവങ്ങൾ ഓർമ്മകളിലെത്തുന്നു. ആ ഗ്രാമത്തിനു സംഭവിച്ച വേദനിപ്പിക്കുന്ന വലിയ മാറ്റങ്ങൾ കാണുന്നു. പ്രാദേശികവും സ്വകാര്യവുമായ ചില ഇമേജുകളുടെ കൂടി സമന്വയത്തിലൂടെ, അവയെ നാടകീയവും ചല നാത്മകവുമായ ഒരു ആവിഷ്കാരമാക്കി മാറ്റി കവി.

**ആധുനികതയുടെ ചില കാവ്യസങ്കല്പങ്ങൾ:** അസ്തിത്വദുഃഖം- നിലനില്പിനും വ്യക്തി ത്വത്തിനും പ്രാധാന്യം നല്കുന്ന ചിന്ത. വിധിയല്ല മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കു

ന്നത്. ജീവിതം അർത്ഥശൂന്യമാണ്. സാന്മാർഗ്ഗികമൂല്യങ്ങൾക്ക് പ്രസക്തിയില്ല. മരണം പിന്നിലുണ്ടെന്ന ദുഃഖചിന്ത. സോറൻ കീർക്കെഗാഡ്, ജീൻ പോൾ സാർത്രെ, ആൽബർട്ട് കാമ്യൂസ്, ഫ്രെഡറിക് നീഷെ, ഫ്രാൻസ് കാഫ്ക തുടങ്ങിയവരാണ് പ്രധാനചിന്തകർ

**ഛന്ദോമുക്തകവിത** -

ആധുനിക മനുഷ്യജീവിതം സങ്കീർണ്ണമാണ്. വൃത്തത്തിൽ, താളത്തിൽ അവതരിപ്പിക്കാൻ കഴിയാത്ത പരുക്കൻ ജീവിതാവസ്ഥകളുണ്ടായി. സങ്കീർണ്ണ ജീവിതത്തിന് ഇണങ്ങുന്ന വൃത്തമുക്തമായ ഘടന, ഗദ്യത്തിന്റെ രൂപം കവിതയ്ക്ക് നല്കാൻ ശ്രമിച്ചു.

**കടമ്മനിട്ടയുടെ കവിതാസമാഹാരങ്ങൾ –**

കുറത്തി, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, കടമ്മനിട്ടയുടെ കവിതകൾ, മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു, കോഴി, വെള്ളിവെളിച്ചം, സൂര്യശില -ഒക്ടോവിയോ പാസിന്റെ സൺസ്റ്റോൺ എന്ന കൃതിയുടെ വിവർത്തനം, ഗോദോയെ കാത്ത് (നാടകം) – സാമുവൽ ബക്കറ്റിന്റെ വെയിറ്റിംഗ് ഫോർ ഗോദോയുടെ വിവർത്തനം.

## Keywords

അസ്തിത്വദുഃഖം – വ്യർത്ഥതാബോധം – അന്യതാബോധം – ശൂന്യതാവാദം

## 3.5.1 Content

കടമ്മനിട്ട എന്ന കവിത, ഭാവനയും യാഥാർത്ഥ്യവും കലർന്ന ഒരാവിഷ്ക്കാരമാണ്. ഗ്രാമീണമായ ഒരു താളമുണ്ടെങ്കിലും വൃത്തത്തിലെഴുതിയ കവിതയല്ല. ഛന്ദോമുക്തമായ രചനയാണ്. വൃത്തരൂപത്തിൽ അവതരിപ്പിക്കാൻ കഴിയാത്ത സങ്കീർണ്ണമായ ജീവിതാവസ്ഥകളാണ്, വിഷയങ്ങളാണ് ഗദ്യത്തിന്റെ ഘടന നല്കി ഇത്തരത്തിൽ അവതരിപ്പിക്കുന്നത്. ആധുനികതയുടെ വക്താവായിരിക്കെ, ഗ്രാമീണതാളങ്ങളെ കവിതയുടെ ജീവതാളമാക്കിയ കവിയാണ് കടമ്മനിട്ട. മനുഷ്യ കേന്ദ്രീകൃതരചനകളെ, പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ശബ്ദങ്ങളെ പുതിയ സ്വരത്തിൽ കടമ്മനിട്ട കവിതയാക്കി.

### വരികൾ

'നെല്ലിൻതണ്ടു മണക്കും..........
................നോക്കി നടന്നൂ ഞാൻ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| തവളകൾ നാമം ചൊല്ലുന്നു | = | തവളകളുടെ ശബ്ദം കേൾക്കുന്നു |
| ആട | = | വസ്ത്രം |

### ആശയ വിശദീകരണം

പാടത്തിൽ ഇപ്പോഴും നെൽകൃഷി കാണാം. വഴികളിൽ നിന്ന് നെല്ലിൻതണ്ടിന്റെ മണം ഒഴുകി വരുന്നു. വയലുകളിൽ വിതച്ച എള്ളിൻവിത്തുകൾ നാമ്പിട്ട് കുരുത്തുവരുന്നു. പോയകാലത്തെ അനേകം സംഭവങ്ങളുടെ ഓർമ്മകൾ മനസ്സിൽ തെളിയുന്നു. കുന്നിൻചരിവിലുള്ള മാവിൻകൊമ്പിൽ വീണ്ടും ഉണ്ണികൾ വിരിഞ്ഞിരിക്കുന്നു. കുളത്തിൽ, വിടരാറായ താമരമൊട്ടുകൾ തന്നിഷ്ടംപോലെ വളഞ്ഞ് വളർന്നു കിടക്കുന്നു. കുളത്തിൻകടവിൽ കല്പടവുകൾ എല്ലാം ഇടിഞ്ഞുപൊളിഞ്ഞിരിക്കുന്നു. കല്പടവുകളിലെ കല്ലിന്നടിയിൽ കാലും നീട്ടിയിരുന്ന് തള്ളത്തവളകൾ കരയുന്നു. ശരീരത്തിൽ പുരട്ടാൻ എണ്ണ നിറച്ചൊരു കിണ്ണവുമായി തോർത്തും ഉടുത്തുകൊണ്ട് പ്രഭാതം കുളിക്കാൻ വരുന്നു. പുൽക്കൊടികളെ നോക്കി, കുട്ടികളെപ്പോലെ- പൂക്കളുടെ ദളങ്ങൾ വിടർത്തി നോക്കി നടന്നു. കാലിലെ മുറിവിൽ കൊണ്ടുവേദനിപ്പിച്ച, കുശപ്പുല്ലിൽ നിന്ന് ഒരു മുന ഊരിയെടുത്ത് പല്ലിട കുത്തി മണത്തുകൊണ്ട് നടന്നു. അസൂയകൊണ്ട്, പിണക്കം ഭാവിച്ച് കുളക്കോഴിയുടെ പിട ചിറകുകൾ

വിടർത്തി അടിച്ച് പടിഞ്ഞാറേ ദിക്കിലേക്ക് ഓടിപ്പോകുന്നതു നോക്കിക്കൊണ്ട് ഞാൻ നടന്നു. കവിയുടെ യാത്ര കിഴക്കേ ദിക്കിലേക്കെന്ന് വ്യക്തം.

ഈ കവിതയ്ക്ക് സമകാലികവും സാർവ്വകാലികവുമായ പ്രസക്തിയുണ്ട്. മദ്ധ്യവയസ്സ് പിന്നിടുന്ന ഏതൊരാൾക്കും അവർ ചെറുപ്പത്തിൽ ജീവിച്ച നാടിനോട് ഒരുതരം ഗൃഹാതുരത്വം കലർന്ന അടുപ്പം ഉണ്ടാവുക സ്വാഭാവികമാണ്. കാലങ്ങൾക്കുശേഷം അതേവഴികളിലൂടെ പോകേണ്ടിവരുമ്പോൾ അവിടെ വന്ന പല മാറ്റങ്ങളും, പണ്ടുണ്ടായ പല സംഭവങ്ങളും ഓർമ്മകളും വരാറുണ്ട്. അത്തരത്തിൽ സ്വന്തം നാട്ടിലൂടെ കാലങ്ങൾക്കുശേഷം നടക്കാനിടയായ കവിയുടെ അനുഭവക്കുറിപ്പു കൂടിയാണിത്.

### വരികൾ

'മുള്ളിലുടക്കിപ്പോറിയ............
....................................നടന്നൂ ഞാൻ'

### അർത്ഥ വിശദീകരണം

വായ്ക്കരി = മരിച്ചവരെ സംസ്കരിക്കുന്നതിനുമുമ്പ് മൃതശരീരത്തിന്റെ വായിലിടുന്ന അരി

### ആശയ വിശദീകരണം

വഴിയരികിൽ മുള്ളുകൾ വളർന്നുനില്ക്കുന്നത് കണ്ടു. മുമ്പെ, കൊണ്ടുപോയവരിൽ നിന്നും വഴിച്ചാലുകളിൽ ചിതറിവീണ് പാഴ്മുളപൊട്ടാറായ ചെളിപുരണ്ട നെൽമണികൾ പെറുക്കിയെടുത്തു. മനസ്സിലെ ഓലത്തുഞ്ചത്ത് ഊഞ്ഞാലാടുന്ന കുരുവിയുടെ കൂട്ടിൽ - (അതായത് ഓർമ്മയിൽ) കൊക്കും പിളർത്തി തള്ളയുടെ ശ്രദ്ധയാകർഷിച്ച്, സന്തോഷസൂചകമായി പൂട വിരുത്തി തീറ്റ പ്രതീക്ഷിച്ച് ഇരിക്കുന്ന കിളിയുടെ വായിലേക്ക് ആ അരിയിട്ടുകൊടുത്തുകൊണ്ട് ഞാൻ നടന്നു.

### വരികൾ

'ഓലഞ്ഞാലിക്കിളിയുടെ.............
....................ആടുകടിച്ചതിലത്ഭുതമിന്നോ!'

### ആശയ വിശദീകരണം

ഒമ്പതുശീലക്കൊടികൾ കെട്ടിയപോലെയുള്ള ഓലഞ്ഞാലിക്കിളിയുടെ വാൽ - മനോഹരമായ വർണ്ണങ്ങളുള്ള വാൽ. മഴയത്ത്, ഓല വിരികളായത് ഓർത്തുകൊണ്ട് കവി കുനിഞ്ഞ് നടന്നു. ഒരു വയലിന്റെ കരയിലെത്തി. ഭദ്രകാളിക്ഷേത്രത്തിൽ ഏകാദശിവ്രതവും മറ്റുമുള്ള ഒരു കാലം. രാവിലെ തന്നെ, കൈതച്ചെടിയുടെ മറവിലിറങ്ങി ഇലകോട്ടി തെച്ചിപ്പൂങ്കുല പിച്ചിനിറച്ചുകൊണ്ട് അവൾ നിവർന്നു. അപ്പോൾ അവളുടെ കണ്ണിൽ കരടുവീണു. അവൾക്ക് അന്ന് കണ്ണ് തിരുമ്മിക്കൊടുത്തത് ഓർത്തു. അവളുടെ തലമുടിമണം കവിയുടെ മൂക്കിൽ നിറഞ്ഞു നിന്നു. കവിയുടെ ചെയ്തികൾ അവൾക്ക് ഇഷ്ടപ്പെട്ടിട്ടുണ്ടാവില്ല. അവൾ കവിയുടെ നെഞ്ചത്ത് അഞ്ചാറുതവണ മാന്തിമുറിച്ചു. ആ മുറിവുണങ്ങാൻ പച്ചിലയാണ് മരുന്നാക്കിയത്. ആ പച്ചില ആടുതിന്നുന്നതിൽ അത്ഭുതപ്പെടേണ്ടതുണ്ടോ?

### വരികൾ

'കളഭം തൊട്ടു കരിക്കു ............
...................വക്കു മുറിഞ്ഞോ പാത്രം!'

### ആശയവിശദീകരണം

നടന്ന് കുറേക്കൂടി മുന്നോട്ടേക്ക് നീങ്ങി. ചന്ദനക്കുറിതൊട്ട്, കരിക്കും നിവേദിച്ച് അവൾ അമ്പലമുറ്റത്ത് നിന്നു. തങ്ങളെച്ചേർത്ത് ചിലർ അപവാദങ്ങൾ പറഞ്ഞുനടന്നു. അവൾക്ക് മാനക്കേടും നാണക്കേടുമായി. ആ ഓർമ്മകൾ മൂത്തുനരച്ച് മുതുക് കൂനുപോലായി. അന്ന് കവിയുടെ പ്രണയം മാനക്കേടും നാണക്കേടുമായി തോന്നിയ അവൾ ഇന്ന് ഓലപ്പുരയുടെ ഉള്ളിൽ ഉടുതുണിയില്ലാതെ നാളേയ്ക്കുള്ള അരി വാങ്ങാൻ വേണ്ടി, ശരീരം വില്ക്കേണ്ടിവരുന്ന അവസ്ഥയിലെത്തി. ആ നാളുകളുടെ നാമ്പുകൾ കരിഞ്ഞുപോയി. കണ്ണടയ്ക്കുക, കണ്ണീരൊപ്പുക - കത്തുന്ന ജീവിതസത്യം കുപ്പിയിൽ വാറ്റിയെടുത്തു. അത് ഇന്ന് ഒഴിഞ്ഞുകിടക്കുന്നു. ജീവിതപാത്രത്തിന്റെ വക്കുടഞ്ഞുവോ?

## വരികൾ

'കച്ചിയറുത്തു.................................................
.........പരുങ്ങും കാഴ്ചകൾ കണ്ടു നടന്നൂ ഞാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| എരുതിൻവാൽ | = | കാളയുടെ വാൽ |
| വിശപ്പിൻ നെഞ്ചത്താഞ്ഞുതൊഴിച്ചു | = | വിശപ്പിനെ അവഗണിച്ചു |

## ആശയ വിശദീകരണം

കച്ചി അറുത്തും കലപ്പ പിടിച്ചും തരിശുനിലങ്ങളിൽ കാളയുടെ വാലിൽ തൂങ്ങി നടക്കുന്ന വായാടികളുടെ കറുത്ത കൊച്ചുകുട്ടികൾ ആഞ്ഞിലിമൂട്ടിലിരുന്ന് മണ്ണപ്പം ചുടുന്നു. അവരിൽ ചിലർ ആറ്റിലെ വെള്ളത്തിലിറങ്ങി മൂത്രമൊഴിക്കുന്നു. വിശപ്പുസഹിച്ച് കറുത്തവരായി അവർ വളർന്നുവരുന്നത് കണ്ടുകൊണ്ട് നടന്നു. മറ്റൊരു ദൃശ്യം. നാടിന്റെ നന്മ കുടിച്ചു മരിച്ച ഒരു കുളം. അതിൽ ഭഗവതി മാത്രം പാതിരനോക്കി നീരാട്ടാടുന്നു. കുളത്തിൽ പായലും പാഴ്ച്ചെടിയും മൂടിക്കിടക്കുന്നു. പാലക്കൊമ്പിന്റെ നിഴലുകൾമാത്രം കുളത്തിലേക്ക് വീണ് വിറച്ച് പരുങ്ങുന്നതും കണ്ടുകൊണ്ട് കവി നടന്നു.

## വരികൾ

'വാക്കുകൾ വാചകമാക്കി...............
.................വിയർത്തു നടന്നൂ ഞാൻ'

## ആശയ വിശദീകരണം

കുറേക്കൂടി മുന്നിലെത്തി. അയൽദേശത്തെ തെരുവുകളിൽ തൊഴിലെടുക്കുന്ന ദുർമ്മാർഗ്ഗികൾ നാട്ടിലയയ്ക്കുന്ന കത്തിനും കാശിനും പോസ്റ്റോഫീസുകളിൽ നോക്കിയിരുന്നു മുടിഞ്ഞവർ. വിദേശമലയാളികളുടെ പണംകൊണ്ട് മാതാപിതാക്കൾ കെട്ടിയുയർത്തിയ വലിയ വീടുകളും ചുറ്റു മതിലുകളും കണ്ടു വിയർത്തുകൊണ്ട് ഞാൻ നടന്നു.

## വരികൾ

'പല്ലു ഞെറുമ്മി പ്രാകും.............
.....................വാർത്തകൾ കേട്ടു നടന്നൂ ഞാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വാതോരാതെ | = | വാപൂട്ടാതെ. |
| കൊദ്രസാക്കൊള്ളിക്കാരൻ | = | ഉപദ്രവകാരിയായവൻ, തടസ്സക്കാരൻ. |

## ആശയ വിശദീകരണം

മുന്നോട്ടു നടന്നപ്പോൾ നാട്ടുമ്പുറത്തെ ഒരു വ്യഭിചാരവാർത്ത കേട്ടു. ഒരു പശു പല്ല് ഇറുമ്മി പ്രാകുന്നു. ആ പശുവിന്റെ ഭർത്താവ് ഇന്നലെ രാത്രി വാഴത്തോപ്പിലിറങ്ങി കട്ടുവെന്ന് പറയുന്നു. കട്ടത് ഏതോ മച്ചിപ്പയ്യിന് (പ്രസവിക്കാത്ത പശുവിന്) കൊണ്ടുകൊടുത്തു. തണുപ്പിന് അവർ തമ്മിലടുത്തു കിടന്ന് പുതച്ചുവെന്ന് പറയുന്നു. ചൂടിൽ മയങ്ങിപ്പോയി. തുടയുടെ കീഴിൽ അമർന്നു കിടന്നു മരിച്ചുവെന്ന് (ബോധംകെട്ട് ഉറങ്ങിയെന്ന്) പറയുന്നു. നേരം പുലർന്നപ്പോൾ പോലീസെത്തി അന്വേഷിച്ചു കണ്ടുപിടിച്ചു. രണ്ടു കുളമ്പിലും ആമംവെച്ചു (രണ്ടുകൈയിലും വിലങ്ങുവച്ചു) തളച്ചുവെന്ന് പറയുന്നു. മുക്കിൽ, മുറുക്കാൻ കടയുടെ പടിയിൽ കുത്തിയിരുന്ന് കുശുമ്പ് പറയുന്ന ഉപദ്രവകാരിയായ കാറ്റിന്റെ കൈയിൽ വാർത്ത പറന്നെത്തി. കാറ്റ് അത് വാപൂട്ടാതെ വേഗം പറഞ്ഞ് പരത്തി. പാവം പശുവിന്റെ ചെവിയിലും ആ വാർത്തയെത്തി. അവൾ നാറുന്ന തെറിയുടെ അഴുക്കുചാലിലിട്ട് മച്ചിപ്പയ്യിനെ വലിച്ചുവെന്ന് പറയുന്നു. വായ്നാറ്റത്തിന് ഔഷധമാണെന്ന് ഓർത്ത് അവളും വെറ്റക്കറപിടിച്ച മോണ തൊലിച്ചുവത്രേ. അവളും തിരികെ ചീത്തവിളിച്ചു. നാട്ടിൻപുറത്തെ ചിലരുടെ വ്യഭിചാരവാർത്തകൾ കേട്ട് ഞാൻ നടന്നു.

ഇവിടെ ഒരു വ്യഭിചാരവാർത്തയെ പശുവിന്റെ കഥയിലൂടെ അവതരിപ്പിക്കുന്നു. പശു, പശുവിന്റെ ഭർത്താവ്, രാത്രിയിലെ കളവ്, കളവുമുതൽ മച്ചിപ്പയ്യിന് കൊടുക്കൽ, കുശുമ്പ്

പരത്തുന്ന കാറ്റ്, പോലീസ്, ആമംവെച്ചു തളയ്ക്കൽ, പശുവിന്റെ തെറിവിളി, മച്ചിപ്പയ്യിന്റെ തിരികെയുള്ള തെറിവിളി തുടങ്ങിയതെല്ലാം അതിലുൾപ്പെട്ട നാട്ടുമ്പുറത്തെ സാധാരണക്കാരായ കഥാപാത്രങ്ങളെ പ്രതീകമാക്കിയിരിക്കയാണ്.

### വരികൾ

'എല്ലിൻകാവടി ..............
..................ചുടുനീർക്കുളമോ?'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചുടലക്കളം | = | ചുടുകാട് |
| ചുടുനീർക്കുളം | = | കണ്ണീർ കുളം |

### ആശയ വിശദീകരണം

എല്ല് കൊണ്ടുള്ള കാവടിപോലെ വളഞ്ഞുകുത്തി, തീപോലത്തെ എരിവെയിലിൽ വിയർത്ത് തൊഴിലെടുത്ത് മരിക്കുന്നവരെ കവി കണ്ടു. തീയുടെ മീതേ എണ്ണയൊഴിച്ച് കത്തുന്ന വിറകിട്ട് കണ്ണുകലങ്ങി തുലയുന്നവർ. അവർ മരിച്ചു, മണ്ണിലടിഞ്ഞു പൊടിഞ്ഞു, ചീഞ്ഞളിയുന്നതു കണ്ടു നടന്നൂ ഞാൻ. പ്രേതം നക്കി, മാടന്റെ അടികൊണ്ട്, മാരകരോഗം ആസനത്തിൽ പരുവായ്, മുഖത്ത് വൈരൂപ്യത്തിന്റെ ഭീകരമറുകായും മാറി, നീറുന്ന ഉഷ്ണപ്പുണ്ണു പിടിച്ച രോഗഗ്രസ്തരായ ചെറുപ്പക്കാരുടെ നാശവും കണ്ടു ഞാൻ നടന്നു. (ഇവിടം ജീവിതയുദ്ധത്തിന്റെ ചുടുകാടാണോ? കണ്ണീർ കുളമാണോ?)

### വരികൾ

'ചന്തം തേട്ടിച്ചമയം................
................കണ്ണു തിരുമ്മിക്കോട്ടെ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| അറവാതുക്കൽ | = | നെല്ലും മറ്റും സൂക്ഷിക്കുന്ന മുറിയുടെ വാതിൽ |
| ദീപമുഴിഞ്ഞു വഴിഞ്ഞപ്രകാശം | = | ആകാശത്തും അമ്പലത്തിലും ദീപങ്ങൾ ഉഴിയുമ്പോഴുള്ള ഒഴുകുന്ന പ്രകാശം (നിലാവ്) |

### ആശയ വിശദീകരണം

ഗ്രാമം ചുറ്റി സന്ധ്യയാവോളം ഒരു നടത്തം. സൗന്ദര്യം അന്വേഷിച്ച്, വേഷം കെട്ടി നടന്നു. ചന്ദനഗന്ധം നിറഞ്ഞ സായംസന്ധ്യകളിലൂടെയുള്ള യാത്ര. ആകാശത്തും അമ്പലത്തിലും ദീപങ്ങൾ ഉഴിയുമ്പോഴുള്ള ഒഴുകുന്ന പ്രകാശം- നിലാവ് മുറിവാതിക്കൽ (നെല്ലും മറ്റും സൂക്ഷിക്കുന്ന) അളവുപാത്രങ്ങൾ മറിഞ്ഞു ചിതറിയപോലെ കാണുന്ന ആകാശത്തെ നക്ഷത്രങ്ങൾ പോലെ എന്റെ ഓർമ്മകൾ ഉറങ്ങട്ടെ. നിലാവുള്ള ഈ വഴിയിൽ - ജീവിതത്തിൽ - ഇത്തിരി നേരം ഇരുന്ന് ഞാൻ എന്റെ കണ്ണ് തിരുമ്മിക്കോട്ടെ. സങ്കടം തീർത്തോട്ടെ.

### കാവ്യാവലോകനം

കടമ്മനിട്ട രാമകൃഷ്ണന്റെ വളരെ സങ്കീർണ്ണമായ ഛന്ദോമുക്ത രചനയാണ് 'കടമ്മനിട്ട' എന്ന കവിത. ഒരു ഗ്രാമത്തിൽ കാണപ്പെടുന്ന സങ്കീർണ്ണങ്ങളായ ചില വാങ്മയചിത്രങ്ങളിലൂടെ, കേരളത്തിലെ മാത്രമല്ല, ലോകത്തെവിടെയും കാണപ്പെടാവുന്ന, സംഭവിക്കാവുന്ന സാംസ്കാരികച്യുതിയുടെ സാദ്ധ്യതകളാണ് ഈ കവിതയിലൂടെ കടമ്മനിട്ട അവതരിപ്പിക്കുന്നത്. കടമ്മനിട്ടയെന്ന ഗ്രാമത്തിന്റെ മറഞ്ഞുകൊണ്ടിരിക്കുന്ന ഭൂപടത്തെ ഓർമ്മകളിലൂടെയും വർത്തമാനകാല കാഴ്ചകളിലൂടെയും അടയാളപ്പെടുത്തുന്നു കടമ്മനിട്ട.

ജീവിതം ഒരുപാട് മാറി. അത് നിരന്തരം മാറുന്നു. ജീവിതത്തോടൊപ്പം, മനുഷ്യമനസ്സും സങ്കീർണ്ണമാവുന്നു. ടെക്നോളജിയുടെയും എണ്ണമറ്റ ശാസ്ത്രവിജ്ഞാന ശാഖകളുടെയും വരവ് ജീവിതത്തെയും, മനുഷ്യമനസ്സിനെയും ലളിതമാക്കുകയല്ല, കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്തത്. അത്യാധുനികമായ ആശയവിനിമയ സാദ്ധ്യതകൾ വികസിക്കുമ്പോഴും കച്ചവടാധിഷ്ഠിതമായി സമൂഹം രൂപപ്പെടുമ്പോഴും

അതിൽ നിന്ന് കുതറിമാറി, ജീവിതത്തെ ശാന്തമായി സമീപിക്കുകയാണ് കടമ്മനിട്ട.

ഇതിലെ നാട്ടുവഴികളിൽ, കവിയുടെ ബാല്യകാല സ്മരണകൾ നിറഞ്ഞുകിടക്കുന്നു. നാട്ടുവഴികളിലൂടെയുള്ള സഞ്ചാരത്തിനിടയിലാണ് കവി പലതും ഓർക്കുന്നതും കാണുന്നതും. നെല്ലിൻതണ്ടിന്റെ മണവും, എള്ളു കുരുക്കുന്ന വയലും, മാവും, കാവും അമ്പലവുമെല്ലാം. കുളത്തിലെ താമരമൊട്ടുകളും പൊളിഞ്ഞ കല്പടവും ഗൃഹാതുരതയുണർത്തുന്നു. പുൽക്കൊടികളും പൂക്കളും ചെളിപുരണ്ട നെൽമണികളും മഴക്കാലത്ത് ബഹളം കൂട്ടി മഴവെള്ളം ചെപ്പി നടന്നതുമെല്ലാം കവി ഓർത്തുപോയി. കണ്ണിൽ കരടുവീണ പെണ്ണിനെ അതെടുക്കാൻ സഹായിച്ചത്, അവൾ നെഞ്ച് അള്ളി മുറിച്ചത്, മുറിവിന് പച്ചില മരുന്നാക്കിയത്, തങ്ങളെച്ചേർത്ത് ചിലർ അപരാധങ്ങൾ പറഞ്ഞത്, അവൾക്കത് മാനക്കേടായത്, ജീവിക്കാൻ വേണ്ടി വ്യഭിചരിക്കുന്ന ഇന്നത്തെ അവളുടെ അവസ്ഥയും തുടങ്ങി ഓർമ്മകൾ അനവധിയാണ്. വിദേശമലയാളികളുടെ പണം കൊണ്ട് കെട്ടിയ വലിയ വീടുകളും കവി കാണാനിടയാവുന്നു. നാട്ടുമ്പുറത്തെ ഒരു വ്യഭിചാരവാർത്തയും കേൾക്കാനിടയായി. വൈചിത്ര്യമാർന്നൊരു സാംസ്കാരികഭൂപടം കവി വാക്കുകളിൽ അടയാളപ്പെടുത്തുന്നു.

## Recap

- പത്തനംതിട്ടയിലെ കടമ്മനിട്ട എന്ന ഗ്രാമത്തെക്കുറിച്ചാണ് കവിത
- നാടിന്റെ മായുന്ന ഭൂതകാല ഭൂപടത്തെ അടയാളപ്പെടുത്തുന്നു കടമ്മനിട്ട
- മഴക്കാലത്ത് ബഹളം കൂട്ടി മഴവെള്ളം ചെപ്പി നടന്നത് ഓർക്കുന്നു
- കണ്ണിൽ കരടുകുരുങ്ങിയ യുവതിയെ സഹായിച്ചത് ഓർക്കുന്നു
- ജീവിക്കാൻവേണ്ടി വ്യഭിചരിക്കുന്ന ഇന്നത്തെ അവളുടെ അവസ്ഥ
- പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്രരുടെ കാഴ്ചകൾ
- വൈവിദ്ധ്യമാർന്ന സാംസ്കാരികഭൂപടം കവി വാക്കുകളിൽ അടയാളപ്പെടുത്തുന്നു

## Objective Type Questions

1. കുന്നിൻചരിവിൽ മാവിൻകൊമ്പിൽ കവി കണ്ടതെന്ത്?
2. തള്ളത്തവളകൾ എന്തുചെയ്യുന്നതായാണ് കവി പറയുന്നത്?
3. വായ്ക്കരിയിട്ടുകൊടുത്തു നടന്നൂ ഞാൻ-ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്?.
4. നെഞ്ചത്തഞ്ചാറള്ളീ, മുറിവിനു പച്ചില- ആരുടെ മുറിവിനാണ് പച്ചില മരുന്നാക്കിയത്?
5. ആരോ അപരാധങ്ങൾ പറഞ്ഞു നടന്നത് മാനക്കേടായ് നാണക്കേടായ്- ആരെക്കുറിച്ചൊക്കെയാണ് അപരാധങ്ങൾ പറഞ്ഞു നടന്നത്?
6. വിശപ്പിൻ നെഞ്ചത്താഞ്ഞുതൊഴിച്ചത് ആര്?
7. ഭഗവതിമാത്രം പാതിരനോക്കി നീരാട്ടാടി - എവിടെ?
8. മച്ചിപ്പയ്യിനെ നാറും തെറിയുടെ ഓടയിലിട്ടു വലിച്ചൂപോലും - ആര്, ആരെയാണ് നാറും തെറിയുടെ ഓടയിലിട്ടു വലിച്ചത്?
9. അവളും വെറ്റക്കറയുടെ മോണതൊലിച്ചൂപോലും- ആരെക്കുറിച്ചാണ് സൂചന?
10. ഉരുകിക്കരിയും കാഴ്ചകൾ കണ്ടു നടന്നൂ ഞാൻ - ആരാണ് ഉരുകിക്കരിയുന്നത്?

11. ഞാനീവഴിയിലൊരിത്തിരിനേര
മിരുന്നെൻ കണ്ണുതിരുമ്മിക്കോട്ടെ- വഴി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
12. അറവാതുക്കൽ പറവകൾ മറിഞ്ഞു നിറഞ്ഞ നിലാവത്ത്- എന്തിനെക്കുറിച്ചാണ് സൂചന?

## Answers to Objective Type Questions

1. വീണ്ടും ഉണ്ണികൾ വിരിഞ്ഞിരിക്കുന്നു
2. കല്ലിന്നടിയിൽ നാമംചൊല്ലുന്നു
3. കവി
4. കവിയുടെ
5. കവിയെയും ആ യുവതിയേയും കുറിച്ച് .
6. കറുത്ത കൊച്ചുകുരുന്നുകൾ
7. നാടിന്റെ നന്മകുടിച്ചു മരിച്ച കുളത്തിൽ
8. പശുവാണ്, മച്ചിപ്പയ്യിനെ
9. മച്ചിപ്പയ്യിനെക്കുറിച്ച്
10. ഉഷ്ണപ്പുണ്ണുപിടിച്ച രോഗഗ്രസ്തരായവർ
11. ഈ ജീവിതത്തിൽ എന്നാണർത്ഥം
12. ആകാശത്ത് ചിതറിക്കാണുന്ന നക്ഷത്രങ്ങൾ


## Assignments

1. തന്റെ ഗ്രാമത്തിന്റെ ഹൃദയം തൊട്ടറിയുന്ന സഞ്ചാരമാണ് 'കടമ്മനിട്ട' എന്ന കവിത. നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.
2. കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.

## Reference


1. എം. ലീലാവതി, മലയാളകവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. നെല്ലിക്കൽ മുരളീധരൻ, കവിതയിലെ പുതുവഴികൾ, എൻ. ബി. എസ്., കോട്ടയം.
3. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, കോട്ടയം.
4. എസ്. രാജശേഖരൻ, കവിത വിതയും കൊയ്ത്തും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം


## E- Content


കടമ്മനിട്ട

http://malayalamkeralam.blogspot.com/p/blog-page_0.html
https://ml.wikipedia.org/wiki/ കടമ്മനിട്ട_രാമകൃഷ്ണൻ

# യൂണിറ്റ് - 6
# കൊച്ചിയിലെ വൃക്ഷങ്ങൾ

**കെ. ജി. ശങ്കരപ്പിള്ള**

## Learning Outcomes

- കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകളുടെ പരിചയം
- കെ. ജി. ശങ്കരപ്പിള്ള കവിതയിൽ സാധ്യമാക്കിയ വഴിമാറിനടക്കലിനെ കുറിച്ച് സാമാന്യധാരണ
- വൃത്തത്തിനും താളത്തിനുമപ്പുറത്തുള്ള ഗദ്യകവിതയെ മനസ്സിലാക്കൽ
- ദേശവും ദേശചരിത്രവും കവിതയിൽ പ്രത്യക്ഷപ്പെടുന്നു എന്ന അറിവ്

## Prerequisites

മലയാളത്തിൽ ആധുനികത ശക്തമായി നിന്ന കാലത്ത് എഴുപതുകളിൽ ആണ് കെ. ജി. ശങ്കരപ്പിള്ള കവിതയിലേക്കെത്തുന്നത്. ബംഗാൾ എന്ന കവിതയുമായുള്ള രംഗപ്രവേശനം തന്നെ ഏറെ ശ്രദ്ധ നേടിയ ഒന്നായിരുന്നു. രാഷ്ട്രീയത്തിനുമപ്പുറത്താണ് /അരാഷ്ട്രീയമായാണ് ആധുനികതയിലെ സൃഷ്ടികൾ സംസാരിക്കേണ്ടതെന്ന നിലനിന്ന ധാരണയെ ആ കവിത റദ്ദ് ചെയ്തു. എഴുതിയ കാലത്തെല്ലാം മുഖ്യധാരാ പ്രവണതകളിൽ നിന്ന് അകന്നുമാറി സഞ്ചരിച്ച കാവ്യഭാവുകത്വത്തിന് കൂടിയാണ് ഇതോടെ തുടക്കമായത്.

1948ൽ കൊല്ലം ജില്ലയിലെ ചവറയിലാണ് കെ. ജി. എസ്. എന്നറിയപ്പെട്ട കെ. ജി. ശങ്കരപ്പിള്ള ജനിച്ചത്. വിവിധ ഗവൺമെന്റ് കോളേജുകളിൽ മലയാളം അധ്യാപകനായിരുന്നു. കൊച്ചിയിലെ വൃക്ഷങ്ങൾ, കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ കെ. ജി. എസ്. കവിതകൾ എന്നിങ്ങനെയുള്ള സമാഹാരങ്ങളിലായി നിരവധി ശ്രദ്ധേയ കവിതകൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. നിരവധി ഇന്ത്യൻ, വിദേശഭാഷകളിലേക്ക് അദ്ദേഹത്തിന്റെ കവിതകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അന്യഭാഷകളിൽ നിന്ന് നിരവധി കവിതകൾ മലയാളത്തിൽ മുതൽക്കൂട്ടുന്ന ശ്രദ്ധേയനായ വിവർത്തകൻ കൂടിയാണ് കെ. ജി. ശങ്കരപ്പിള്ള. പ്രസക്തി, സമകാലീന കവിത തുടങ്ങിയ സാഹിത്യപ്രസിദ്ധീകരണങ്ങളുടെ പിന്നണിയിലൂടെയും സാഹിത്യ രംഗത്ത് അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളടക്കം നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ച അദ്ദേഹം സാംസ്കാരിക രംഗത്ത് ഇപ്പോഴും സജീവ സാന്നിധ്യമാണ്.

വൃത്ത - താളങ്ങൾക്കപ്പുറത്ത് ആവിഷ്കരിക്കപ്പെടേണ്ട വിഷയത്തിനനുസൃതമായി മൂർച്ചയുള്ള വാക്കുകളെയാണ് കെ. ജി. എസ്. കവിതകളിൽ നിന്ന് കണ്ടെടുക്കാനാവുക. പദ്യരൂപത്തേക്കാളുപരി ഗദ്യകവിതയെന്ന വിളിപ്പേരിന് അർഹതയുളവാക്കുന്നതും ഈ രീതി മൂലമാണ്. കൃത്യമായ ഘടനയോടെയാണ് കവിതകളുണ്ടായത്. തുടക്കവും ഒടുക്കവു

മുള്ള രചനാരീതി. സാമ്പ്രദായികരീതിയിൽ നിന്ന് ഭിന്നമായ പരുക്കൻ വാക്കുകളാണ് കവിതയിൽ നിറയുക. ദേശവും അതിന്റെ ചരിത്രവും വർത്തമാനവുമെല്ലാം ഇങ്ങനെ മെരുങ്ങാത്ത ഭാഷ കൊണ്ട് കെ. ജി. എസ്. കവിതകളിൽ ആവിഷ്ക്കരിച്ചു. തീവ്ര ഇടതുപക്ഷ മുന്നേറ്റത്തിന്റെ പ്രതീക്ഷകളും പാരിസ്ഥിതിക വിഭവങ്ങളുടെ ഉപയോഗത്തിലെ സമത്വബോധവും വ്യക്തികളുടെ അടങ്ങാത്ത ആത്മാനുരാഗത്തോടുള്ള വിയോജിപ്പും കവിതയിൽ വിഷയമായി. വ്യത്യസ്ത വായനാ - വ്യാഖ്യാന സാധ്യതകൾ തുറന്നിടുന്ന കെ.ജി.എസ് കവിതകളിൽ പ്രധാനപ്പെട്ടതാണ് കൊച്ചിയിലെ വൃക്ഷങ്ങൾ. അതേ പേരിലുള്ള സമാഹാരത്തിലാണ് ഈ കവിത ഉൾപ്പെട്ടിട്ടുള്ളത്.

## Keywords

ഗദ്യകവിത - ആധുനികത - പരിസ്ഥിതി - സാംസ്കാരിക പരിണാമം - ദേശചരിത്രം

## 3.6.1 Contents

1984ൽ ആണ് കൊച്ചിയിലെ വൃക്ഷങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നത്. മലയാളത്തിൽ ആധുനികതാവാദ പ്രവണതകൾ അവസാനിച്ചു തുടങ്ങുന്ന സമയമാണത്. ആധുനികത മുന്നോട്ടുവെച്ച അരാഷ്ട്രീയ ദർശനത്തോട് അതിന്റെ പ്രഭവകാലത്ത് തന്നെ വിയോജിച്ച കെ. ജി. ശങ്കരപ്പിള്ള ഭാഷയിലും രൂപത്തിലുമെല്ലാം വ്യതിരിക്ത സമീപനവുമായാണ് മുന്നോട്ടുപോയത്. 'കൊച്ചിയിലെ വൃക്ഷങ്ങളു'ടെ കാലത്ത് ഉത്തരാധുനികതയുടെ പൊതുപ്രവണതകൾ മലയാളത്തിൽ വ്യാപകമായി തുടങ്ങിയിട്ടില്ല. എന്നാൽ ബഹുമുഖങ്ങളിലേക്കും പല പ്രതലങ്ങളിലേക്കും കവിത പടരുന്ന അനുഭവം ഈ കവിതയിലുണ്ട്.

പാരിസ്ഥിതികാവബോധം പുതിയ കാഴ്ചകളായി കവിതയിൽ മാറുന്നു. സ്വസ്ഥമായി മുന്നേറിയിരുന്ന ഒരു ദേശഭൂപടത്തിൽ കാലം വരുത്തുന്ന മാറ്റങ്ങളെ പറയുകവഴി അധിനിവേശം ചെയ്യപ്പെടുന്ന ഭൂമി തന്നെയാണ് വിഷയമാകുന്നത്. തെളിമയുള്ള ഭൂതകാലത്തിൽ നിന്നും വർത്തമാനത്തിലേക്കെത്തുമ്പോൾ കലങ്ങിമറിഞ്ഞ കൊച്ചിയാണ് കവിതയുടെ കേന്ദ്രം. ഒരു സ്ഥലത്ത് നങ്കൂരമിട്ട് കാഴ്ചകളെല്ലാം നോക്കിക്കാണുന്ന റിയലിസ്റ്റ് രീതിയിൽ നിന്ന് മാറി ദൃശ്യകേന്ദ്രം അടിക്കടി മാറ്റുന്ന നിലയാണ് കവിതയുള്ളത്.

### വരികൾ

'ഒരുകാലത്ത് തൃക്കാക്കര മുതൽ
.............................................................
നമിക്കുന്നതു കാണാം'

### ആശയ വിശദീകരണം

ഒരുകാലത്ത് തൃക്കാക്കര മുതൽ കൊച്ചി വരെയുള്ള വഴി നേർവരപോലെ വിശ്വാസം നിറഞ്ഞതായിരുന്നു. അതുകൊണ്ട് തന്നെ കൊച്ചി തുറമുഖത്ത് നിന്നാൽ തൃക്കാക്കര വിളക്ക് കാണാം. തിരിച്ച് തൃക്കാക്കര വിളക്കിന് കൊച്ചി തുറമുഖത്തെ നീലനിറത്തിലുള്ള തിരമാലയുടെ ഇളക്കവും കാണാം.

### വരികൾ

'പണ്ടാണ്,/ടിപ്പു, ഗാമ കൊച്ചി വാണവർമ്മമാർ
.............................................................
നാട്ടു വെളിച്ചം നിറഞ്ഞതായിരുന്നു.

### അർത്ഥ വിശദീകരണം

വാണ = ഭരിച്ച

അലോപ്പതി = ആധുനിക വൈദ്യചികിത്സ

### ആശയ വിശദീകരണം

പണ്ടത്തെ കാര്യമാണ്.ടിപ്പു സുൽത്താനും വാസ്കോഡഗാമയ്ക്കും കൊച്ചി രാജവംശത്തിനും മുമ്പത്തെ കാര്യം. കള്ളവും ചതിയും

പൊളിവചനവുമില്ലാതെ ഭരിച്ച മഹാബലി, മത പരിവർത്തനവുമായി വന്ന വിദേശികൾ തുടങ്ങിയ വളവുകൾ ഉണ്ടാകുന്നതിന് മുൻപ്, അച്ചടി കണ്ടുപിടിക്കുന്നതിനും ഇംഗ്ലീഷ് പ്രചാരത്തിലാകുന്നതിനും ആധുനിക വൈദ്യശാസ്ത്രത്തെ പരിചയപ്പെടുന്നതിനും മുമ്പത്തെ കാലം. അന്ന് തൃക്കാക്കര മുതൽ കൊച്ചിത്തുറമുഖം വരെയുള്ള വഴി ഒരു പഴഞ്ചൊല്ലു പോലെ നാട്ടുവെളിച്ചം നിറഞ്ഞതായിരുന്നു.

### വരികൾ

'ആ വഴിയുടെ ഇരുപാടുമോ

.................................................................

കഴുക്കോലും ചിത്രവാതിലുമായി'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പിതൃക്കൾ | = | പൂർവ്വികർ |
| ദംഷ്ട്ര | = | കോമ്പല്ല് |
| മുക്കാലി | = | കുറ്റക്കാരെ കെട്ടി അടിക്കുന്ന മൂന്ന് കമ്പുകളുള്ള ഒരു ഉപകരണം |

### ആശയ വിശദീകരണം

തൃക്കാക്കര മുതൽ കൊച്ചി തുറമുഖം വരെയുള്ള വഴിയുടെ ഇരുവശത്തും നിരനിരയായി കൂറ്റൻ മരങ്ങൾ വളർന്നുനിന്നിരുന്നു. ആ വഴിയിലൂടെ സഞ്ചരിക്കുന്നവർക്ക് മരച്ചില്ലകൾ തങ്ങളുടെ പൂർവ്വികർ അനുഗ്രഹിക്കുന്ന കൈകൾ പോലെ തണലേകി. രാമനാമങ്ങളായും ദേവരൂപങ്ങളായും കൂർത്ത പല്ലുകളായും വിളക്കുമരങ്ങളായും പിന്നീടവ രൂപം മാറി. കുറ്റവാളികളെ കെട്ടിയിട്ടടിക്കുന്ന മുക്കാലിയായും ധനാഢ്യർക്ക് സഞ്ചരിക്കാനുള്ള പല്ലക്കായും മരത്തെ ഉപയോഗിച്ചു. വീടുനിർമ്മാണത്തിനാവശ്യമായ കഴുക്കോലായും ചിത്രവാതിലായും രൂപാന്തരപ്പെട്ടവയുമുണ്ട്.

### വരികൾ

'ഈജിപ്റ്റിലോ ഗ്രീസിലോ

.........................................

ചിലത് കഴുമരങ്ങളായി'

### ആശയ വിശദീകരണം

വഴിയിലുണ്ടായിരുന്ന ചില മരങ്ങൾ ഈജിപ്റ്റിലേക്കും ഗ്രീസിലേക്കും ചന്ദനഗന്ധത്തിനായി കയറ്റി അയക്കപ്പെട്ടു. ചിലതിനെ ചെണ്ടയിലെ കോലാക്കി. ഉയിരുണർത്തുന്ന കിളിപ്പാട്ടിനും പടിഞ്ഞാറൻകാറ്റിന് വീണ മീട്ടാനും ചില്ലകൾ വേദിയൊരുക്കി. പൊക്കവും പടർച്ചയുമുള്ള സന്തതികളും കാര്യമായ ഉൾക്കാമ്പില്ലാത്ത സന്തതിപരമ്പരയും ഉയരം കുറഞ്ഞവയുമുണ്ടായി. കൊടിമരങ്ങളും കഴുമരങ്ങളുമുണ്ടായി.

### വരികൾ

'ചുടുകാട്ടിൽ ചുടല ഭൂതം പോലെ

...................................................

ക്രൂര കാരുണ്യ ചുംബനം കാത്തുകാത്ത്'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പതിത | = | തോൽപ്പിക്കപ്പെട്ട, വീണ, അധഃപതിച്ച |
| മുക്തി | = | മോചനം |
| ചുടുകാട് | = | ശ്മശാനം |

### ആശയ വിശദീകരണം

ശ്മശാനത്തിൽ ഇലകൾ പൊഴിഞ്ഞ് ചുടലഭൂതത്തെ പോലെ നിന്ന ബോധിമരത്തിന്റെ ചുവട്ടിൽ വെട്ടിനുറുക്കപ്പെട്ട സൗന്ദര്യവുമായി ഒരു പതിതകാലം കിടന്നു. ചുടലക്കാട്ടിൽ വെട്ടിനുറുക്കപ്പെട്ട് കിടന്ന സുന്ദരിയായ വാസവദത്തയെ കവി ഇവിടെ ഓർമ്മിപ്പിക്കുന്നു. അവൾ നയിച്ച ജീവിതത്തെ പതിതകാലമായി കവി സങ്കല്പിക്കുന്നു. മോക്ഷത്തിനായി യോഗിയുടെ ക്രൂരമായ എന്നാൽ കാരുണ്യത്തോടെയുമുള്ള ചുംബനത്തിനായി വാസവദത്ത കാത്തു കിടക്കുകയായിരുന്നു.

### വരികൾ

'അഭയത്തിന്റെ വീര രൂപ ശിഖരത്തിൽ

.............................................................

വളവുകളും ഉദ്വേഗങ്ങളും വളർന്നു.'

### ആശയ വിശദീകരണം

അഭയത്തിന്റെ ശിഖരത്തിൽ ഇടപ്പള്ളി രാഘവൻപിള്ള ദയനീയതയുടെ അടയാളമായി. ഭൂമിയിലും ആകാശത്തും പക്ഷിക്കൂട്ടം പോലെ

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള തഴച്ചു. വേരിൽ നിന്ന് കനിയിലേക്ക് മുറുകിയ രാത്രിയിൽ വൈലോപ്പിള്ളി ശ്രീധരമേനോൻ വൈദ്യുതിയായി മാറി. വാക്കുകളിൽ വസന്തം നിറച്ച് പാതാളവൃക്ഷമായി വാക്കുകളുടെ മഹാബലിയായ പി കുഞ്ഞിരാമൻ നായർ മാറി. കാൽപ്പാടുകളിലൂടെ വഴിയും വഴികളിലൂടെ കാലുകളും പരസ്പരം വളർന്നു. നരകത്തിലെയും സ്വർഗത്തിലെയും പോലെ വളവുകളും ഉദ്വേഗങ്ങളും വളർന്നു.

### വരികൾ

'ആ വഴിയുടെ ഇരുപാടുമോ

..........................................................

വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി'

### ആശയ വിശദീകരണം

വഴിയുടെ ഇരുവശത്തും ചെറുതും വലുതുമായ വ്യവസായശാലകളുടെ പുകക്കുഴലുകളുണ്ടായി. വളംനിർമ്മാണശാല, മരുന്നുനിർമ്മാണശാല, സർവ്വകലാശാല, അവിടെയുള്ള സാഹിത്യശില്പശാല, പരീക്ഷണശാല എന്നിങ്ങനെ ശ്രേഷ്ഠമായ പുതിയ തറവാടുകളുണ്ടായി. അവിടെ നിന്ന് നിലംതൊടാതെ ഉയരുന്ന പുക വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി മാറുന്നു.

### വരികൾ

'പണ്ടെന്റെ ചെറിയ കുളത്തിലെ

..................................................

സമയമുല്ലോ വേണ്ടുവോളം'

### അർത്ഥ വിശദീകരണം

വിഷം = കടുത്ത പുക

### ആശയ വിശദീകരണം

പണ്ട് എനിക്കുണ്ടായിരുന്ന കുളത്തിൽ ഓടിനടന്ന മീനിനെയും നക്ഷത്രം പോലെ തിളങ്ങുന്ന മണലിനെയും മറച്ച് ഉയർന്നുപൊങ്ങി വന്ന പായലുപോലെയാണ് പുക ഇപ്പോൾ പടരുന്നത്.കാറ്റിനനുസരിച്ച് ഗതിയും രൂപവും മാറിയും, ദാർശനികമായി നാടോടിത്തമായി, പകയോടെ ഇര തേടിയും എല്ലായിടത്തും ആ പുക വ്യാപിക്കുകയാണ്. ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒഴികഴിവുകൾ പച്ചവിറകുകളായി നമ്മുടെ ശവദാഹം നടത്തും. പുക വ്യാപിക്കുന്നതിന് നാം ഓരോരുത്തരും കാരണക്കാരാണ്. പുകയെക്കുറിച്ചുള്ള ഈ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞു മാറുമ്പോൾ നമുക്കുള്ള പട്ടട നാം തന്നെ ഒരുക്കുകയാണ്. കണ്ണും മൂക്കും നാവും അടങ്ങിയ ശരീരഭാഗങ്ങളിലും നമ്മുടെ ശാഠ്യങ്ങളിലും വാച്ചിലും ബാഗിലും ഭാവിസ്വപ്നങ്ങളിൽ ചെരിപ്പുപയോഗിക്കും മുന്നേയുള്ള കുഞ്ഞിക്കാലടികളിലുമെല്ലാം പുക ഒരു തുമ്പിക്കൈ പോലെ ചുറ്റിപ്പടരുകയാണ്. പുക ജനിച്ചു വീഴുന്ന പിഞ്ചുകുഞ്ഞിനെപ്പോലും ചുറ്റിപ്പടരുകയാണ്. എന്നിട്ടും ആരും വേണ്ട വിധം പ്രതികരിക്കാതെ ഇരിക്കുന്നതു കണ്ട കവി എണീക്കാൻ ധൃതിപ്പെടേണ്ടതില്ല, ധാരാളം സമയമുണ്ട് എന്ന് വ്യംഗ്യാർത്ഥ സൂചകമായി പറയുന്നു.

### കാവ്യാവലോകനം

കവിത എഴുതപ്പെട്ട കാലത്തെ പ്രകൃതിയുമായി ബന്ധപ്പെട്ട പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കുന്ന രചനയായാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ' വായിക്കപ്പെടാറുള്ളത്. പഴഞ്ചൊല്ലുപോലെ നാട്ടുവെളിച്ചം നിറഞ്ഞതും നേർരേഖയിലുണ്ടായിരുന്നതുമായ തൃക്കാക്കര മുതൽ കൊച്ചി തുറമുഖം വരെയുള്ള വഴിയുടെ ഓർമ്മയും വർത്തമാനവുമാണ് ഈ കവിത. പണ്ട് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ പല നിർണ്ണായക ഘട്ടങ്ങൾക്കും മുമ്പ് പാതയ്ക്കിരുവശവും മുഴുവൻ മരം നിറഞ്ഞുനിന്നിരുന്നു. മാറിയ കാലത്ത് ഇലപ്പടർപ്പുകൾക്ക് പകരം പുകച്ചുരുളുകൾ വളർന്ന് പൊന്തുന്ന കാഴ്ചയാണ് ഉള്ളത്. അടങ്ങാത്ത പകയുടെ പുകച്ചുരുളിൽ അമർന്നൊടുങ്ങുമ്പോഴും പ്രതിരോധിക്കണമെന്ന് തിരിച്ചറിയാതെ ഉറങ്ങുന്നവരോടുള്ള പരിഹാസത്തോടെയാണ് കവിത അവസാനിക്കുന്നത്.

കൊച്ചിയുടെ സാംസ്കാരിക ചരിത്രത്തിലേക്കുള്ള പ്രവേശികയായി കവിത മാറുന്നു. സഞ്ചാരികളും എഴുത്തുകാരും ഭരണാധികാരികളും പല നിലയിൽ ഇടപെട്ട ദേശത്ത് പിന്നീട് പ്രാമുഖ്യം നേടുന്നത് പുതിയ കാലത്തിന്റെ സ്ഥാപനങ്ങളാണ്. അവയിൽ ഫാക്ടറികളും വിദ്യാഭ്യാസസ്ഥാപനങ്ങളുമെല്ലാമുണ്ട്. പ്രത്യ

ക്ഷത്തിൽ വിഭിന്ന ധർമ്മം പുലർത്തുന്ന സ്ഥാപനങ്ങൾപോലും പ്രകൃതിയെ ശത്രുപക്ഷത്ത് പരിചരിക്കുന്ന കാര്യത്തിൽ ഒന്നിക്കുന്നു എന്ന അർത്ഥത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്.

കൊച്ചിയുടെ സാംസ്കാരിക പരിണാമത്തെ സൂചിപ്പിക്കാൻ 'വൃക്ഷം' എന്ന ബിംബത്തെ കവി ഉപയോഗിക്കുന്നു. ഒരിടത്ത് മാത്രമായി ഒതുങ്ങിനിൽക്കാതെ ചലനാത്മകമായി പല ദൃശ്യങ്ങളിലേക്ക് പടരുമ്പോഴും വൃക്ഷം എന്ന ബിംബം എല്ലായിടത്തും പ്രത്യക്ഷപ്പെടുന്നുണ്ട്. വിരുദ്ധോക്തിയെ സമർത്ഥമായി ഉപയോഗിച്ചാണ് കവിതാവസാനത്തിലുള്ള പരിഹാസത്തെയടക്കം കവി വിമർശനത്തിനുള്ള ഉപകരണമാക്കുന്നത്.

## Recap

- തൃക്കാക്കര മുതൽ കൊച്ചി തുറമുഖം വരെയുള്ള വഴി
- നാട്ടുവെളിച്ചവും വിശ്വാസവും നിറഞ്ഞ നേർവഴി
- വഴിപോക്കർക്ക് തണലായി മാറിയ ചില്ലകൾ
- പല ദേശങ്ങളിൽ പല രൂപങ്ങളിലേക്ക് മാറിയ ചില്ലകൾ
- പുതിയ പാതയിൽ നിറയെ ശാലകൾ
- ഇലപ്പടർപ്പുകൾക്ക് പകരം പുകച്ചുരുളുകൾ
- കാര്യം തിരിച്ചറിയാത്തവരുടെ നേർക്കുള്ള പരിഹാസം

## Objective Type Questions

1. കവിതയിൽ പറയുന്ന വഴി ഏത് സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ്?
2. മഹാമരങ്ങൾ ചെവിയാട്ടി പറയുന്നതെന്താണ്?
3. വഴിപോക്കർക്ക് മൺമറഞ്ഞ പിതൃക്കളുടെ അനുഗ്രഹിക്കുന്ന കൈകളായി മരങ്ങൾ മാറിയത് എന്തുകൊണ്ടാണ്?
4. 'വാക്കുകളുടെ മഹാബലി' എന്ന് കവിതയിൽ വിശേഷിപ്പിക്കുന്നതാരെ?
5. പുതിയ കാലത്ത് വഴിയിൽ ഉള്ള സ്ഥാപനങ്ങൾ എന്തെല്ലാം?
6. ദൈന്യത്തിന്റെ പതാകയായി മാറിയ കവി ആരാണ്?
7. വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി പ്രത്യക്ഷപ്പെടുന്നതെന്ത്?
8. കുളത്തിൽ പുക പടരുന്നതിനെ എന്തിനോടാണ് കവി ഉപമിച്ചിരിക്കുന്നത്?
9. 'കണ്ണിൽ,മൂക്കിൽ, നാക്കിൽ നാം പിടിച്ച മുയൽക്കൊമ്പിൽ' പടരുന്നതെന്താണ്?
10. 'പൊക്കവും പടർച്ചയും കൂടിയ മക്കളായി കാതലും ഫലവും ക്ഷയിച്ച പരമ്പരയായി' പ്രത്യക്ഷപ്പെടുന്നത് ആരാണ് ?
11. തൃക്കാക്കര വിളക്ക് കാണുന്ന കാഴ്ച എന്താണ്?
12. കവിതയിൽ പരാമർശിക്കുന്ന വിദേശ സഞ്ചാരി ആര്?
13. ചന്ദനഗന്ധത്തിനായി മരങ്ങൾ കയറ്റി അയക്കപ്പെട്ട വിദേശരാജ്യങ്ങൾ ഏതെല്ലാം?
14. 'മണ്ണിലും വിണ്ണിലും പക്ഷിക്കൂട്ടം പോലെ' തഴച്ചത് ആരാണ്?

## Answers to Objective Type Questions

1. തൃക്കാക്കരയെയും കൊച്ചി തുറമുഖത്തെയും ബന്ധിപ്പിക്കുന്ന വഴി
2. രംമരം മരമരം മരമരം
3. അവ തണൽ നൽകിയതിനാൽ
4. പി. കുഞ്ഞിരാമൻ നായരെ
5. വ്യവസായ ശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും

6. ഇടപ്പള്ളി രാഘവൻ പിള്ള
7. പുകച്ചുരുളുകൾ
8. പായലിനോട്
9. പുക
10. മരം
11. കൊച്ചി തുറമുഖത്ത് തിരമാലകളിളകുന്നത്
12. വാസ്കോ ഡ ഗാമ
13. ഈജിപ്റ്റ്, ഗ്രീസ്
14. ചങ്ങമ്പുഴ കൃഷ്ണപ്പിള്ള


## Assignments

- ഗദ്യകവിതകളുടെ പ്രത്യേകതകൾ
- പാരിസ്ഥിതിക നാശത്തിന്റെ മുന്നറിയിപ്പ് മലയാള കവിതയിൽ

## Reference


1. നരേന്ദ്രൻ കെ. എം. – 'കെ. ജി. എസ്. കവിതകൾ', കെ. ജി. എസ്. കവിതകൾ 1997–2007, ഡി.സി. ബുക്സ്, കോട്ടയം.
2. കൽപ്പറ്റ നാരായണൻ – കവിതയുടെ ജീവചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. രാജശേഖരൻ എസ്. – നവോത്ഥാനാനന്തര കവിത, എൻ. ബി. എസ്. കോട്ടയം.
4. ഡോ. പി. കെ. രാജശേഖരൻ – 'വെളിവിന്റെ സൂക്ഷമശ്രുതി', കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ 1969–1996, ഡി.സി. ബുക്സ്, കോട്ടയം.
5. രാമകൃഷ്ണൻ ഇ. വി. – 'കവിതയും പ്രവർത്തനവും', മൾബറി, കോഴിക്കോട്.
6. ലീലാവതി എം. – കൊച്ചിയിലെ വൃക്ഷങ്ങൾ ഒരു പാരായണം, എൻ.ബി.എസ്, കോട്ടയം.


## E- Content



കെ ജി ശങ്കരപ്പിള്ള

- കെ ജി ശങ്കരപ്പിള്ളയുമായുള്ള അഭിമുഖം. https://youtu.be/ExIyYrBfC1A
- കെ ജി ശങ്കരപ്പിള്ളയുടെ കവിതാലാപനം – https://fb.watch/fGnDgSZb-C/

# യൂണിറ്റ് - 7
# നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ

**ആറ്റൂർ രവിവർമ്മ**

## Learning Outcomes

- ആധുനിക കവിതയുടെ രചനാസവിശേഷതകൾ മനസ്സിലാക്കുന്നു
- ആറ്റൂരിന്റെ കാവ്യശൈലി പരിചയപ്പെടുന്നു
- ആറ്റൂർ എന്ന കവിയുടെ സാഹിത്യ ലോകത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- പ്രവാസ ജീവിതത്തെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നു
- ആറ്റൂരിന്റെ സമകാലിക കവികളെ പരിചയപ്പെടുന്നു
- ശിവൻ എന്ന ഹൈന്ദവദൈവത്തെക്കുറിച്ചുള്ള മിത്ത് മനസ്സിലാക്കുന്നു
- ആഖ്യാനകവിതകളുടെ സവിശേഷത തിരിച്ചറിയുന്നു

## Prerequisits

നാട്ടിൽ നിന്നും അകന്നുള്ള ജീവിതം എല്ലാവർക്കും പ്രയാസമേറിയതാണ്. കേരളത്തിന്റെ പ്രത്യേക ചരിത്ര സാഹചര്യങ്ങളിൽ ഗൾഫ് നാടുകളിലേക്ക് കുടിയേറിയവർ ഏറെയാണ്. പ്രവാസജീവിതം പലപ്പോഴും സാഹിത്യത്തിന് വിഷയമായിട്ടുണ്ട്. കവിതയിലും കഥയിലും നോവലിലും അതിന് ഏറെ ഉദാഹരണങ്ങൾ കാണാൻ കഴിയും. ബെന്യാമിന്റെ 'ആടുജീവിതം' ഇത്തരത്തിൽ ഏറെ വായിക്കപ്പെട്ട കൃതിയാണ്. സ്വന്തം നാട്ടിൽ നിന്നും ഏതു രാജ്യത്തേക്ക് കുടിയേറിയാലും ജന്മനാടിന്റെ ഓർമ്മകൾ നമ്മെ നിരന്തരം പിന്മടങ്ങാൻ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കും. ഇത്തരത്തിൽ പിന്മടങ്ങാനുള്ള ആഗ്രഹത്തിനെക്കുറിച്ച് പറയുന്ന കവിതയാണ് ആറ്റൂർ രവിവർമ്മയുടെ 'നാട്ടിൽ പാർക്കാത്ത ഇന്ത്യാക്കാരൻ'

മലയാളത്തിലെ ആധുനികകവികളിൽ വ്യത്യസ്തമായ കാവ്യവ്യക്തിത്വം പുലർത്തിയ കവിയാണ് ആറ്റൂർ രവിവർമ്മ. മലയാളസാഹിത്യത്തിൽ ആധുനികതാപ്രസ്ഥാനത്തിനു തുടക്കമിട്ട അറുപതുകളിലാണ് ആറ്റൂർ രവിവർമ്മ കാവ്യലോകത്ത് പ്രതിഷ്ഠ നേടുന്നത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ സാമൂഹ്യപരിവർത്തനങ്ങൾ അദ്ദേഹത്തിന്റെ കവിതയിൽ പ്രകടമാണ്. കച്ചവടസംസ്കാരം, നഗരവൽക്കരണം, പുതിയ തൊഴിൽ മേഖലകൾ, സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ തുടങ്ങിയ പുതിയ പരിസരങ്ങളിൽനിന്നാണ് അദ്ദേഹം തന്റെ കവിതകൾക്കുള്ള ആശയം കണ്ടെത്തിയത്. എഴുപതുകളിൽ ഇന്ത്യയുടെ രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിൽ ശക്തിപ്പെടാൻ തുടങ്ങിയ ഹിംസാത്മക പ്രവണതകൾ, പുരോഗമനാശയങ്ങൾ, ഇടതുപക്ഷചിന്താധാരകൾ, കമ്മ്യൂണിസത്തിന്റെ മുന്നേറ്റം, ജന്മിത്തത്തിന്റെ ക്ഷയം, കൂട്ടുകുടുംബങ്ങളുടെ ശൈഥില്യം തുടങ്ങിയവ ആറ്റൂരിലെ കവിയെ സ്വാധീനിച്ച ഘടകങ്ങളാണ്. ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരുന്ന സാമൂഹ്യമാറ്റങ്ങളോട് കവി എങ്ങനെ പ്രതികരിച്ചു എന്നതിന് തെളിവാണ് എഴുപതുകളിലെ കവിതകൾ.



SREENARAYANAGURU OPEN UNIVERSITY

പൂന്താനം, വെൺമണി, കുഞ്ചൂർ തുടങ്ങിയവരുടെ കാവ്യപാരമ്പര്യത്തെ അനുധാവനം ചെയ്തു കടന്നുവന്ന ആറ്റൂരിന്റെ കവിതകളിൽ പഴമയുടെ വേരാഴങ്ങളും പുതുമയുടെ തുടിപ്പും പ്രകടമാണ്. എൻ.എൻ.കക്കാട്, എൻ.ഗോവിന്ദൻ, പാലൂർ, കടമ്മനിട്ട, എൻ.വി.കൃഷ്ണവാര്യർ, അക്കിത്തം, സുഗതകുമാരി, അയ്യപ്പപ്പണിക്കർ, വിഷ്ണുനാരായണൻ നമ്പൂതിരി തുടങ്ങിയ വലിയൊരു നിര ആറ്റൂരിന്റെ സമകാലികരായുണ്ട്. മലയാളകവിത പുതുവഴികളിലൂടെ സഞ്ചരിക്കുന്ന ആധുനികതാപ്രസ്ഥാനത്തിന്റെ ആവിർഭാവമായിരുന്നു ആറ്റൂർ പ്രതിനിധാനം ചെയ്ത കാലഘട്ടത്തിലെ മുഖ്യകാവ്യധാര. അറുപതുകളിൽ അയ്യപ്പപ്പണിക്കർ, എൻ.വി.കൃഷ്ണവാര്യർ, അക്കിത്തം എന്നിവർ തുടക്കമിട്ട ആധുനികതാപ്രസ്ഥാനത്തിന്റെ ചുവടുപറ്റി കവിതയെ നിയാമകമായ രചനാരീതികളിൽനിന്ന് മോചിപ്പിച്ച് സ്വതന്ത്രമായ പുതുപാതകളിലേക്കു തിരിച്ചുവിട്ട ഈ പുതിയ കാവ്യധാര ഒരുവശത്തും കാല്പനികതയുടെയും റിയലിസത്തിന്റെയും സമ്മിശ്രഭാവങ്ങൾ ഉൾക്കൊണ്ട് പാരമ്പര്യരീതി പിൻതുടർന്ന ഒ.എൻ.വി., സുഗതകുമാരി, കക്കാട് തുടങ്ങിയവരുടെ രചനകൾ മറ്റൊരു വശത്തും നിലനില്ക്കുന്നുണ്ടായിരുന്നു. ഇവിടെ ആധുനികതയെയും ദ്രാവിഡപാരമ്പര്യത്തെയും സമന്വയിപ്പിച്ചുകൊണ്ട് കവിതയിൽ പുതിയൊരു ഭാവുകത്വം സൃഷ്ടിച്ചു എന്നതാണ് സമകാലിക കവികളിൽനിന്നും ആറ്റൂരിനെ വേറിട്ടുനിർത്തുന്നത്.

1930-ൽ തൃശ്ശൂരിലെ ആറ്റൂരിലാണ് രവിവർമ്മയുടെ ജനനം. കവി, വിവർത്തകൻ, അദ്ധ്യാപകൻ, സംഗീതജ്ഞൻ എന്നീ നിലകളിൽ പ്രശസ്തനായ ആറ്റൂർ അറുപതുകൾക്കു ശേഷമാണ് കാവ്യരചനയിൽ കൂടുതൽ വ്യാപൃതനാകുന്നത്. ആധുനികതാപ്രസ്ഥാനത്തിന്റെ ഘട്ടത്തിൽ വേറിട്ട പാതയിലൂടെ സഞ്ചരിച്ച ഈ കവി എഴുപതാണ്ടിനിടയിൽ 150-ൽ പരം കവിതകളും നിരവധി വിവർത്തനകൃതികളും രചിച്ചു. ഇക്കൂട്ടത്തിൽ ഏറെ ശ്രദ്ധേയമായ കവിതകളാണ് നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ, മേഘരൂപൻ, നഗരത്തിലൊരു യക്ഷൻ, സംക്രമണം, ഗൃഹപാഠം, വിളക്കുമരം, അർക്കം, പിതൃഗമനം, ഓട്ടോവിൻ പാട്ട്, മക്കൾ, കര -തിര, ഭാരതദർശനം, പന്തങ്ങൾ, സഹ്യനേക്കാൾ തലപ്പൊക്കം തുടങ്ങിയവ. കവിതയ്ക്കും വിവർത്തനത്തിനും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. ആശാൻ പ്രൈസ്, മഹാകവി പി.കുഞ്ഞിരാമൻ നായർ അവാർഡ്, പന്തളം കേരളവർമ്മ അവാർഡ്, പ്രേംജി അവാർഡ്, ഒളപ്പമണ്ണ അവാർഡ്, ഇ. കെ. ദിവാകരൻ പോറ്റി അവാർഡ് എന്നീ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

## Key words

ആധുനിക കവിത - പ്രവാസജീവിതം - ആധുനിക കാവ്യ പ്രമേയങ്ങൾ - കാവ്യശൈലികൾ - ആഖ്യാനകവിത

## 3.7.1 Content

ആഖ്യാനകവിതകളുടെ വിഭാഗത്തിൽപ്പെടുന്ന കവിതയാണ് ആറ്റൂർ രവിവർമ്മയുടെ 1994-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ'. ആധുനികതയുടെ പ്രവണതയുൾക്കൊണ്ട് രചിക്കപ്പെട്ട ഈ കവിതയിൽ കാലത്തിന്റെ പ്രതിസ്പന്ദനങ്ങളിലേക്ക് കാതോർക്കുന്ന കവിയെയാണ് കാണുക. ആധുനികതയുടെ ഘട്ടത്തിൽ രചിക്കപ്പെട്ടതെങ്കിലും ഉത്തരാധുനിക കവിതയുടെ എല്ലാ സവിശേഷതകളുമുള്ള കവിതയാണിത്. പ്രവാസജീവിതം നയിക്കുന്ന ആധുനിക മനുഷ്യന്റെ ദുരവസ്ഥയാണ് കവിതയുടെ കേന്ദ്രം. ശിവൻ എന്ന മൂർ

ത്തിയെ പ്രതീകമാക്കിക്കൊണ്ട് പരദേശിയുടെ അന്യതാബോധവും സ്വത്വാന്വേഷണവും ഈ കവിത പങ്കുവയ്ക്കുന്നു. എൺപതുകളിലെ കേരളീയ സാമൂഹ്യസാഹചര്യത്തിലേക്ക് വെളിച്ചം വീശുന്ന ഈ കവിതയുടെ കാവ്യസങ്കല്പം രൂപപ്പെടുത്തിയിരിക്കുന്നത് പരമശിവനെ പ്രധാന ബിംബമാക്കിക്കൊണ്ടാണ്. സ്വത്വാന്വേഷണത്തിന്റെ പല ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന കവിതയിൽ പൈതൃകത്തെക്കുറിച്ചുള്ള ചിന്തകളും ആധുനിക മനുഷ്യന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള ആശങ്കകളും പ്രവാസജീവിതത്തിന്റെ സംഘർഷങ്ങളും ഒറ്റപ്പെടലും നിസ്സഹായതയുമൊക്കെ വെളിപ്പെടുത്തുന്നു.

താളവും ഭാവവും അനുഭൂതിയും നിറഞ്ഞ ആഖ്യാനകവിതയാണ് നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ. പുറമെ വൃത്തബദ്ധമെന്നു പറയാനാവില്ലെങ്കിലും ഈ കവിതയുടെ ഉൾത്താളം അനുഭവവേദ്യമാണ്. 'പിതൃയാനം' മുതലുള്ള ആറ്റൂർക്കവിതകളിൽ വൃത്തങ്ങളെ മുറിച്ചും ചേർത്തും പാകപ്പെടുത്തി ഉപയോഗിക്കുന്ന രീതിയാണ് പിൻതുടരുന്നത്. ഏറ്റവും ലളിതമായ ഭാഷയിൽ, തീവ്രമായ അനുഭവങ്ങൾ കവിതയിൽ ആവിഷ്കരിക്കുന്നതിലെ കരവിരുതാണ് 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ' എന്ന കവിതയിലെ മുഖ്യ ആകർഷണം. ഉപമ, രൂപകം തുടങ്ങിയ അലങ്കാരങ്ങളാണ് ഈ കവിതയിൽ കൂടുതൽ ഉപയോഗിച്ചിട്ടുള്ളത്.

## വരികൾ

'ആരുമില്ലാത്തകക്കോവിലിനുള്ളിൽ

കെടാറായ വിളക്കത്ത്

........................................................

മുക്കണ്ണനർദ്ധനാരീശൻ നടേശൻ
തനിച്ചേ പുറപ്പെട്ടു'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അകക്കോവിൽ | = | ശ്രീകോവിൽ |
| സുന്ദരമൂർത്തി | = | ശിവൻ |
| കരിംപൊന്ന് | = | കുരുമുളക് |
| കൽക്കന്യമാർ | = | കൽത്തൂണുകളിലെ കന്യകമാരുടെ ശില്പങ്ങൾ |
| തുമ്പിക്കരത്തുമ്പ് | = | ഗണപതിയുടെ തുമ്പിക്കൈയുടെ അറ്റം |

## ആശയ വിശദീകരണം

തമിഴ്നാട്ടിലെ ഒരു ശിവക്ഷേത്രത്തിലെ പ്രതിഷ്ഠയായ ശിവന്റെ അവസ്ഥയെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. വിജനമായ ശ്രീകോവിലിനുള്ളിൽ, ഉറക്കം വരാത്ത ഒരുരാത്രിയിൽ, സുന്ദരമൂർത്തിയായ ശിവൻ, കെടാറായ വിളക്കുവെട്ടത്തിലിരുന്ന്, തുടിയെടുത്ത് ശക്തിയായി കൊട്ടുകയാണ്. അശാന്തവും അസ്വസ്ഥജനകവുമായ ചുറ്റുപാടിൽ ജീവിതം തള്ളിനീക്കുന്ന ഒരു ശിവനെയാണ് കവി ചൂണ്ടിക്കാണിച്ചുതരുന്നത്. എന്തായിരിക്കാം ഈ അശാന്തിക്കു പിന്നിൽ എന്ന അന്വേഷണമാണ് ഈ കവിത.

ആ അന്വേഷണത്തിൽ കവി കണ്ടെത്തുന്ന പ്രധാനപ്പെട്ട വസ്തുത, പ്രകൃതിയിൽ സംഭവിച്ച പാരിസ്ഥിതികമായ ക്ഷയങ്ങളും സാമ്പത്തിക പ്രതിസന്ധികളും ദാരിദ്ര്യവുമൊക്കെയാണ്. പരമശിവനുവേണ്ടി നൈവേദ്യമൊരുക്കുവാനുള്ള നെല്ലും കരിമ്പും പഴങ്ങളുമൊക്കെ കുന്നുകൂട്ടിയിട്ടിരിക്കുന്ന നിലങ്ങൾ ഇല്ലാതായിരിക്കുന്നു. മാത്രമല്ല, കറുത്ത പൊന്നാകുന്ന കുരുമുളകും കുന്തിരിക്കവും ആനകളുമുള്ള മലകൾ മാഞ്ഞുപോയിരിക്കുന്നു. ശിവന് ആറാടാനുള്ള നീർച്ചാലുകളും സങ്കീർത്തനങ്ങൾ മുഴങ്ങുന്ന ദിക്കുകളും ഇന്നില്ല. ചുരുക്കത്തിൽ ശിവന്റെ നിലനില്പ് തന്നെ പ്രതിസന്ധിയിലായിരിക്കുന്നു. ഈറനായ അമ്പിളിക്കീറു വച്ചും – ചന്ദ്രക്കല ചൂടിയ മുടിക്കെട്ട് തലയുടെ ചൂട് അടങ്ങാതെ ചിന്താഭാരത്താൽ തലപുകഞ്ഞുനില്ക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നു – നർത്തകന്റെ മനോഹരമായ കാൽച്ചുവടുകളോടെ, ശിവൻ സോപാനപ്പടവുകൾ ഇറങ്ങുന്നു. ക്ഷേത്രത്തിന്റെ കരിങ്കൽത്തൂണുകളിൽ കൊത്തിവച്ചിട്ടുള്ള, ഈരിലപോലെ നീണ്ട മിഴികളുള്ള കറുപ്പഴകുള്ള

കന്യകമാരുടെ, കാൽച്ചുവടുകൾകൊണ്ടു മിനുത്ത കരിങ്കല്ലു പാകിയ പാതയിലൂടെ ശിവൻ ചുവടുവച്ചു. ശിവൻ ചുറ്റമ്പലത്തിണ്ണയിലെത്തിയപ്പോൾ അവിടെ 63 ശൈവസിദ്ധരുടെ ശിലാലോഹവിഗ്രഹങ്ങൾ തൊഴുതുനില്ക്കുന്ന കാഴ്ച കണ്ടു. തൊഴിലിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ വ്യത്യാസമില്ലാതെ തുല്യപദവി നല്കി പ്രതിഷ്ഠിച്ചിട്ടുള്ള ആ വിഗ്രഹങ്ങളിൽ രാജാവു മുതൽ മുക്കവൻ വരെയുണ്ട്. ശിവന്റെ പുത്രനായ ഉണ്ണിഗണപതിയാകട്ടെ തന്റെ തുമ്പിക്കൈകൊണ്ട് വായുവിൽ എന്തോ മണം പിടിച്ചുകൊണ്ട് നില്ക്കുകയാണ്. മറ്റൊരു ശൈവപുത്രനായ അറുമുഖൻ (സുബ്രഹ്മണ്യൻ, വേൽമുരുകൾ, വേലായുധൻ എന്നും പേരുകളുണ്ട്) - പടക്കോപ്പുകളോമനിച്ചുകൊണ്ടു (വേൽ ആയുധമാക്കിയ വേലായുധന്റെ യുദ്ധപ്രിയത്തെ സൂചിപ്പിക്കുന്നു) നിൽക്കവെ, മുക്കണ്ണനായ ആ അർദ്ധനാരീശ്വരൻ എങ്ങോട്ടെന്നില്ലാതെ തനിച്ച് പുറപ്പെട്ടു. ശിവന്റെ പുത്രന്മാരായ ഗണപതിയും സുബ്ഹ്മണ്യനും ഇവിടെ നിലനില്പിനായി നാടുവിടുന്നവന്റെ ജീവിതത്തിൽ സംഭവിക്കുന്ന നഷ്ടപ്പെടുന്ന സ്നേഹവാൽസല്യങ്ങളുടെ പ്രതീകമാണ്.

## വരികൾ

'മിന്നലിലൊന്നു വിളറുന്നു

പല്ലവചോളപാണ്ഡ്യന്മാർ

..........................................

പുത്തനാം നാലുരുൾ വണ്ടിയിലേക്ക്
താനേ വിവർത്തനം ചെയ്തു'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കന്ന് | = | നന്ദികേശൻ എന്ന കാള |
| മുക്കോണമിഴി | = | മൂന്നാംകണ്ണ് |
| വ്യാളി | = | ഐതിഹ്യ പ്രസിദ്ധമായ ഒരു ഭീകര ജന്തു |
| ആയം | = | ബലം |

## ആശയ വിശദീകരണം

ശ്രീകോവിൽ വിട്ട് പുറത്തിറങ്ങിയ ശിവന്റെ കൺമുന്നിൽ തെളിയുന്ന തെരുവോരക്കാഴ്ചകൾ വിവരിക്കുകയാണ് കവി ഇവിടെ. ഒരു മിന്നലിന്റെ വെട്ടത്തിൽ പല്ലവ ചോളപാണ്ഡ്യന്മാർ - മൂന്നു രാജവംശങ്ങളിൽ നിന്നുള്ള രാജാക്കന്മാരെ സൂചിപ്പിക്കുന്നു. അവർ എഴുന്നള്ളാറുള്ള ഗോപുരങ്ങൾ അദ്ദേഹം കണ്ടു. രാത്രിയാകുന്ന അപാരതയുടെ അകിടു കുടിക്കുന്നവരെയും കണ്ടു. (പൗർണ്ണമിരാവിൽ ആകാശത്ത് പരന്ന പാൽനിലാവ് ആസ്വദിക്കുന്നതിനെ സൂചിപ്പിക്കുന്നു) എല്ലാ പ്രതാപങ്ങളും അഴിച്ചുവച്ച് ഒരു സാധാരണ മനുഷ്യനായാണ് ഇവിടെ സഞ്ചരിക്കുന്നത്. ഭേരിയോ അകമ്പടിയോ ഇല്ലാതെ, വാഹനത്തിൽ കയറാതെ ഉറക്കത്തിലിറങ്ങി നടക്കുന്നവനെപോലെയാണ് ശിവന്റെ പോക്ക്. അതു കണ്ടപ്പോൾ കൂറ്റൻ കരിങ്കല്ലിനുമുകളിലിരുന്ന കന്നുകുട്ടിയുടെ രൂപത്തിലുള്ള നന്ദി പോലും സ്തംഭനായി. പിന്നെ കാണുന്നത് ശിവൻ ചിന്തയുടെ നാട്യമുദ്ര അവതരിപ്പിക്കുന്നതാണ്. (മൂന്നു കണ്ണുകളുമടച്ച്, വലംകൈ വിലങ്ങനെ കമഴ്ത്തിപ്പിടിച്ച്, പെരുവിരലും ചൂണ്ടാണിവിരലും ചേർത്തുവച്ചുകൊണ്ടുള്ള നാട്യമുദ്ര)

ഒരു നിമിഷം ചിന്തയിലാണ്ടുപോയ ശിവന്റെ മനസ്സിലേക്ക് പോയകാലത്തിന്റെ ചിത്രങ്ങൾ ഓരോന്നായി തെളിഞ്ഞുവന്നു. വളരെയകലെയാണെങ്കിലും അടുത്തുകാണുമ്പോലെ തോന്നി ആ കാഴ്ചകൾ. പൊന്നും പവിഴവും രത്നക്കല്ലുകളും കൊണ്ടു പണിതീർത്ത ശില്പങ്ങളുടെ തിളക്കവും, പൂക്കൾ കൊണ്ടുള്ള അലങ്കാരങ്ങളിൽ നിന്നുയരുന്ന സുഗന്ധങ്ങളും, കളിയരങ്ങുകളിലേക്കു പോകുന്നവരുടെ കണങ്കാലിൽ നിന്നുയരുന്ന ഒരേ താളത്തിലുള്ള കിലുക്കങ്ങളും, ഭിക്ഷുക്കളുടെ - സന്യാസിമാരുടെ - തൊണ്ടയിൽ നിന്നുയരുന്ന മന്ത്രോച്ചാരണങ്ങളും, കൊട്ടും കുഴലൂത്തും കൊമ്പുവിളികളും, തൂക്കിയിട്ട മണികളിൽ നിന്നുള്ള മുഴക്കങ്ങളും കൊണ്ട് കുത്തിമറിഞ്ഞ് നിറഞ്ഞൊഴുകിയിരുന്ന ഒരു മഹാപ്രവാഹം തന്നെയായിരുന്നു തന്റെ ജീവിതപരിസരമെന്ന് ശിവൻ ചിന്തിച്ചു.

ചിന്തയിൽ നിന്നുണർന്ന ശിവൻ തന്റെ മൂന്നു കണ്ണുകളും തുറന്ന് ചുറ്റിനും നോക്കിയപ്പോൾ ആദ്യം കണ്ടത് തെരുവുവിളക്കിന്റെ വെളിച്ചത്തിൽ അയവിറക്കിക്കൊണ്ടുകിടന്ന കൂറ്റൻ നന്ദിയെയാണ്. വെൺപാറപോലുള്ള ആ കൂറ്റൻ കാളയെ ശിവൻ കൈകൊണ്ട് മാടിവിളിച്ചു. വ്യാകരണച്ചൊല്ലുകൾ - വ്യക്തമായ സ്വരങ്ങൾ ഉടുക്കിൽ ഉതിർത്തപ്പോൾ, ആ മനസ്സ് വ്യാളിയുടെ ബലവും കുതിരകളുടെ കുതിപ്പും രഥവേഗവുമുള്ള പുതിയ കാലത്തിന്റെ നാലുചക്രവണ്ടിയിലേക്ക് സ്വയം പരിവർത്തനം ചെയ്തു. കുതിപ്പും വേഗതയും നാലുചക്രവുമുള്ള വണ്ടി പുതിയ കാലത്തെ സൂചിപ്പിക്കുന്നു.

## വരികൾ

'മൂക്കിന്നു നേർപ്പാതയിലൂടെ,
വളയും നിലാവിൽ, പരന്നൊഴുകുന്ന
,.........................................................
പുത്തൻമഴയിൽ കടമ്പിനെപ്പോലൊന്നു
പൂത്തു;പുറപ്പെട്ടു താനും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| പെരുംപുരി | = | മഹാനഗരം |
| ഗർഭഗൃഹം | = | വിഗ്രഹം പ്രതിഷ്ഠിച്ചിട്ടുള്ള ശ്രീകോവിൽ |
| പുതുതെരുക്കൂത്ത് | = | തെരുക്കൂത്തിന്റെ പുതിയ രൂപം |
| ചുടലപ്പണി | = | ശ്മശാനത്തിലെ ജോലി |

## ആശയ വിശദീകരണം

പുത്തൻ ലോകത്തിന്റെ ജീവിതക്രമത്തിലേക്ക് സ്വയം പരിവർത്തനം ചെയ്യപ്പെട്ട ശിവൻ എങ്ങോട്ടെന്നില്ലാതെ ഇറങ്ങിനടക്കുന്നു. നിലാവെളിച്ചത്തിൽ മൂക്കിനു നേരെയുള്ള പാതയിലൂടെനടന്ന്, കരിമ്പും ചോളവും പകുത്തുമാറ്റി, ജമന്തിയും മുല്ലയും കൃഷിചെയ്യുന്ന പൂപ്പാടത്തിന്റെ കാറ്റും കൊണ്ട്, പെണ്ണാറും മണലാറും കടന്ന് ശിവൻ പുലർച്ചയായപ്പോഴേക്കും പൊടിയും പുകയും ദുർഗന്ധവും വമിക്കുന്ന മഹാനഗരത്തിലെത്തുന്നു. ആ വലിയ നഗരത്തിൽ ശിവൻ കാണുന്ന കാഴ്ചകളാണ് ഇനി വിവരിക്കുന്നത്. പാതവക്കത്ത് തിക്കിത്തിരക്കിയിരിക്കുന്ന ദൈവങ്ങളും - മുട്ടിനുമുട്ടിനു കാണുന്ന ക്ഷേത്രങ്ങളെ സൂചിപ്പിക്കുന്നു - വാർത്ത മേൽക്കൂരകളും - കോൺക്രീറ്റ് കെട്ടിടങ്ങൾ - പങ്കകളുള്ള മുറികൾ, പൂട്ടുള്ള ഉരുക്കു കൊണ്ടുള്ള കാണിക്കവഞ്ചികളും, വില്പനയ്ക്ക് വച്ചിരിക്കുന്ന പ്രസാദങ്ങളും, ഉച്ചഭാഷണിയിലൂടെയുയരുന്ന മംഗളഗീതവും ശിവന്റെ കാഴ്ചവട്ടത്തിലേക്കു കടന്നുവരുന്നു. പക്ഷേ, ശിവനാണെങ്കിലോ തിരക്കുള്ള ആ നഗരവീഥിയിൽ കുളിക്കാതെയും ഉടയാട മാറാതെയും തുറന്ന സ്ഥലത്തുനിന്നുകൊണ്ട് വളരെ വിഷമത്തോടെ ഭക്ഷണം കഴിക്കുന്നു. നടപ്പാതയിലൂടെ ഒറ്റയാനായി അലഞ്ഞുനടക്കുന്ന ശിവൻ, നഗരത്തിലെ സമ്പന്നർ പാർക്കുന്ന ഭാഗത്തെത്തിയപ്പോഴാകട്ടെ, ഒരു ആദിവാസിയെ കണ്ട കൗതുകത്തോടെ ശിവനെ ആളുകൾ നോക്കി.

ആ മഹാനഗരത്തിലെ ഒരു തെരുക്കൂത്തിൽ പങ്കുകൊണ്ട് ശിവന് ആ നഗരത്തിൽ ശ്മശാനത്തിലെ തൊഴിൽ ലഭിക്കുന്നു. തുടർന്ന് അഞ്ചു നക്ഷത്രങ്ങൾ കൊത്തിവച്ച വാതിലിൽ (പഞ്ചനക്ഷത്ര ഹോട്ടലിനെ സൂചിപ്പിക്കുന്നു) കാവൽ ജോലി ലഭിക്കുന്നു. അപ്പോൾ ശ്രീകോവിലിനുള്ളിൽ താൻ ഇങ്ങനെ നിന്നു ശീലിച്ചിട്ടുള്ളതാണല്ലോയെന്ന് ഒരു നിമിഷം ശിവൻ ചിന്തിച്ചുപോവുകുന്നു. ആ ഘട്ടവും കഴിഞ്ഞ് ഒരു നാൾ ശിവൻ ഒരു പീടികത്തിണ്ണയിൽ കഞ്ചാവടിച്ച് (കഞ്ചാവും മദ്യവും സേവിക്കുന്നവനാണ് ശിവൻ, കഞ്ചാവിന് ശിവമൂലി എന്നും പേരുണ്ട്) ഒറ്റയ്ക്ക് അന്തംവിട്ടിരിക്കുമ്പോൾ, ഒരാൾ അദ്ദേഹത്തിന്റെ തോളത്തു തൊട്ടുണർത്തി. പളുങ്കു കണ്ണുകളുള്ള, പൊക്കം കൂടിയ അയാൾ വിദേശച്ചുവയുള്ള സംസ്കൃതത്തിലാണ് സംസാരിക്കുന്നത്. (സംസ്കൃതം സംസാരിക്കുന്ന വിദേശിയെ അവതരിപ്പിക്കുന്നതിലൂടെ കവി ഭാരതീയ പൈതൃകസമ്പത്തിന്റെ കടത്തലിനെയാണ് സൂചിപ്പിക്കുന്നത്) ശിവനെ തിരിച്ചറിഞ്ഞ ആ വിദേശി, അങ്ങ് എവിടെയിരിക്കേണ്ടവനാണെന്നും ഈ പുറംകോലായി എവിടെക്കിടക്കുന്നുവെന്നും പറഞ്ഞ് ആ മഹാനടനെ തന്റെ പിതൃദേശത്തേക്ക് സ്വാഗതം ചെയ്തു. അവിടെ കഥകളിൽ

കാണുന്നതുപോലെ വിശപ്പും ദാരിദ്ര്യവുമൊന്നുമില്ലെന്നും ധ്യാന തപസ്സിനായി - സമ ശീതോഷ്ണമുറികൾ - എയർകണ്ടീഷൻ മുറികൾ ഉണ്ടെന്നും ലോകത്തിലെ സമ്പന്നരാജ്യമായ തന്റെ ദേശത്ത് ശക്തിയുടെ നൃത്തം ചവുട്ടി അങ്ങേക്ക് വാഴാമെന്നും പറഞ്ഞ് ആ വിദേശി ശിവനെ ഭക്ത്യാദരപൂർവ്വം ക്ഷണിച്ചു. ഈ വാഗ്ദാനങ്ങൾ കേട്ടപ്പോൾ സന്തോഷാധിക്യത്താൽ പുതുമഴയിൽ കടമ്പുപൂത്തതുപോലെ അടിമുടി പൂത്ത ശിവൻ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു.

## വരികൾ

'ഭൂമിതന്നോങ്കാരരാഗവിസ്താരം

പോലുയരുന്നു പിന്നോക്കമകലുന്നു

...............................................................

സമ്മാനിതനാം ചെറുകവിപോലെയോ,
ഒന്നു പകച്ചുവെന്നാലും സുഖിച്ചുതാൻ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഓംകാരരാഗ വിസ്താരം | = | പ്രണവമന്ത്രം |
| തിരുമന്തിരം | = | തിരുമൂലം നായനാർ രചിച്ച ശൈവകൃതി |
| ആളിറങ്ങാത്ത നെടുംപാത | = | വിജനമായ നീണ്ട വഴി |
| തെരുച്ചതുരങ്ങൾ | = | തെരുവിലെ ചത്വരങ്ങൾ |
| പരന്ത്രീസ് | = | ഫ്രഞ്ച് |
| വടമൊഴി | = | സംസ്കൃതം |

## ആശയ വിശദീകരണം

പുതിയ ദേശത്തേക്കുള്ള യാത്രയിൽ ശിവന്റെ മുന്നിലെത്തുന്ന ദൃശ്യാനുഭവങ്ങളാണ് കവി ഇവിടെ പങ്കുവയ്ക്കുന്നത്. വിമാനം ഉയരുമ്പോൾ പ്രണവമന്ത്രം പോലെയുള്ള ഒരു ശബ്ദം ശിവൻ കേട്ടു. യാത്രയിൽ കാലത്തിന്റെ തിരയടിയേറ്റ് ഇടിഞ്ഞ - പുരാതനമായ - നിരവധി നഗരങ്ങളും വലിയ ക്ഷേത്രങ്ങളും തേരുരുളുന്ന പാതകളും പിന്നിടുന്നു. തന്റെ സ്തുതിഗീതങ്ങൾ കേട്ടും ക്ഷേത്രനടയിലെ വിളക്കുകളുടെ പ്രകാശം കണ്ടും മുന്നോട്ടു പോകുന്ന ശിവന് നേരത്തു ഭക്ഷണമില്ലെന്നായിരിക്കുന്നു. ഉദ്വേഗത്താൽ ഉള്ള് കാളുമ്പോൾ വിശപ്പും ഉറക്കവുമില്ലാത്ത അവസ്ഥയായി.

അതിനിടയിൽ ഒരു നിമിഷം ശിവന്റെ കാൽപാദം പുതിയ ഭൂമിയെ സ്പർശിച്ചു. ഓരോ നിമിഷവും പുതിയ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ശിവന് കാണുന്നതെല്ലാം പുതിയ കാഴ്ചകളാണ്. പുതിയ നിറം, പുതിയ തിളക്കം, പുതിയ മണം. പുലരിമഞ്ഞിൽ വഴിയോരങ്ങളിലെ മരങ്ങൾ വെൺമയുള്ള പുഞ്ചിരി തൂകിനില്ക്കുന്നു-തണുപ്പുരാജ്യമെന്ന സൂചന. വിജനമായ നീണ്ട പാതകളും വരിവരിയായി ക്രമീകരിക്കപ്പെട്ട കെട്ടിടങ്ങളോടുകൂടിയ നഗരവീഥികളുമൊക്കെ അപാരമായ നിശബ്ദതയിൽ പാശ്ചാത്യരാജ്യങ്ങളിലെ നിശ്ശബ്ദമായ അന്തരീക്ഷത്തെ സൂചിപ്പിക്കുന്നു. ആ പുതുഭൂമി ശിവനെ സ്വാഗതം ചെയ്തു. പ്രദർശനനഗരിയിലെത്തിച്ച ശിവനെ അവർ ഊർദ്ധ്വനിലയിലുള്ള നടരാജവിഗ്രഹം പോലെ നിർത്തി. വലതുകാൽ കുത്തനെ മേൽപ്പോട്ടുയർത്തി, പ്രഭാമണ്ഡലം വച്ച്, മുദ്രകാണിപ്പിച്ചുകൊണ്ട് അവർ ശിവനെ ജീവനുള്ള വിഗ്രഹമാക്കി മാറ്റി. തിങ്കൾക്കലയിലും മുക്കണ്ണിലും നാഗത്തലയിലും വിളക്കുകൾ തെളിച്ചു. പ്രദർശനകവാടത്തിനു പുറത്ത് തന്റെ പേരും ചരിത്രവും മുദ്രണം ചെയ്തു വച്ചിരിക്കുന്നത് പരസ്യബോർഡിലെ എഴുത്ത് ശിവൻ കാണുന്നു. ശിവൻ നോക്കുന്നിടത്തെല്ലാം ജനത്തിരക്കാണ്. വെളുത്തവരും തുടുത്തവരും കറുത്തവർഗ്ഗക്കാരുമായ ജനങ്ങൾ. തന്നെക്കുറിച്ച് ചിലർ ഇംഗ്ലീഷിലും ചിലർ ജർമ്മനിലും മറ്റു ചിലർ ഫ്രഞ്ചിലും മുഖസ്തുതി പറയുന്നത് ശിവൻ കേട്ടു. ചിലർ തന്നെ നോക്കി ചിത്രം വരയ്ക്കുന്നതും മിന്നൽ വെളിച്ചങ്ങൾ കൊണ്ടുഴിയുന്നതും തന്റെ നില്പ്പ് ഒരു സ്ത്രീ അനുകരിക്കുന്നതും ശിവൻ കണ്ടു. തനിക്ക് അംഗീകാരം ലഭിക്കുന്നുവെന്നു മനസ്സിലായപ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷം ശിവന് അനുഭവപ്പെട്ടു. വിശന്നു വന്നവൻ സദ്യക്കു മുമ്പിലെത്തിയതുപോലെ, വിവാഹവേദിയിൽ നില്ക്കുന്ന വധുവിനെപ്പോലെ, സമ്മാനം ലഭിച്ച ഒരു കൊച്ചു കവിയെപ്പോലെ, ഒന്നു പകച്ചുപോയെങ്കിലും പ്രതീക്ഷിക്കാത്ത

അംഗീകാരത്തിലുണ്ടായ അമ്പരപ്പ് തന്റെയുള്ളിൽ ആനന്ദമുണ്ടായെന്ന് ശിവൻ വെളിപ്പെടുത്തുകയാണ്. തന്റെ സ്വത്വം ഒളിപ്പിച്ചു വച്ച് മറുനാട്ടിൽ അന്യനെപ്പോലെ നിൽക്കേണ്ടി വരുന്ന ഓരോ പ്രവാസിയുടെയും അവസ്ഥയാണ് കവി ശിവനിലൂടെ ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യരുടെ ചോരയും നീരും കൊണ്ട് കെട്ടിപ്പൊക്കിയ നഗരത്തിന്റെ തിളക്കം ദൂരെ നിന്നു കാണാൻ മാത്രമാണ് പ്രവാസിയുടെ വിധിയെന്നും കവി സൂചിപ്പിക്കുന്നു.

## വരികൾ

'പിന്നെയും വന്നു ശരത്ത്, ഹേമന്തവും
വേനലുമന്നു ശിവരാത്രിയാകണം-
..,..............................................
കഴുത്തിൽ കരുതിയ വിഷവും
ഫലിക്കയില്ലെന്ന്
ഇടിവെട്ടുന്നു കടുന്തുടി'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കന്യാമുന | = | കന്യാകുമാരി മുനമ്പ് |
| വിണ്ണാറ് | = | ആകാശഗംഗ |
| മുരശ് | = | പെരുമ്പറ |
| കുളിർമലപ്പെണ്ണ് | = | ശിവന്റെ ആദ്യഭാര്യയായ സതി |
| മൃത്യുഞ്ജയൻ | = | മരണത്തെ ജയിക്കുന്നവൻ |

## ആശയ വിശദീകരണം

നാടുവിട്ടു കഴിയുന്ന ശിവന്റെ ജീവിതം ഓരോ ഋതുഭേദങ്ങളിലൂടെ കടന്നുപോയി. ഹേമന്തത്തിന്റെ ഒടുവിൽ, വേനലിൽ ശിവരാത്രി മഹോത്സവമെത്തി. കന്യാകുമാരി മുതൽ കൈലാസം വരെയും ഉറക്കമൊഴിയുന്ന ദിവസമാണത്. തന്റെ മുന്നിലിരുന്നുള്ള നാമജപങ്ങൾ തേൻമൊഴികൾ പോലെ കാതിലേക്കിറ്റു വീഴുന്നതായി ശിവനു തോന്നി. കാവേരിയുടെ തീരത്തെ തേൻകരിമ്പിന്റെ ചാറുപോലുള്ള മൊഴികളായിരുന്നു അത്. അപ്പോൾ നന്ദികേശന്റെ അമറലും ഗണേശന്റെ ചിന്നംവിളിയും തലച്ചോറിന്റെ ഇടകളിൽ മാറ്റൊലിക്കുന്നതുപോലെ ശിവന് അനുഭവപ്പെട്ടു. ഇപ്പോൾ ചുറ്റിലും കാണുന്നത് തൊണ്ടയും വായും തുറന്നുകൊണ്ടുള്ള സ്വാതന്ത്ര്യത്തിന്റെ ആഘോഷങ്ങളാണ്. ഉടലുകൾ ഇളകിമറിയുന്നതിൽനിന്നും കമ്പികൊണ്ടും തോലുകൊണ്ടുമുള്ള ഊത്തുവാദ്യങ്ങളിൽ നിന്നും ഉയരുന്നത് രക്തവും മാംസവും തമ്മിലുള്ള വാഴ്ത്തുപാട്ടുകളാണ്.

കൊടുംകാടുകൾ പൂക്കുന്നതുപോലെയും തിരയാകുന്ന മതിലുകൾ മറിയുന്നതുപോലെയുമാണ് ആ കാഴ്ചകൾ. അതുകണ്ടപ്പോൾ ശിവൻ തന്റെ പൂർവ്വകാലത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിച്ചു പോകുന്നു. തനിക്കുമുണ്ടായിരുന്നു സ്വാതന്ത്ര്യത്തിന്റെ മധുരം ആവോളം ആസ്വദിച്ചു നടന്ന നാളുകൾ. തലയോട്ടിയിൽ സോമരസം - (മദ്യം) നിറച്ചു കുടിച്ചതും കാളുന്ന ചിതയിൽ തീ കായുന്നതും ആകാശഗംഗയുടെ ചുവട്ടിൽ നിന്ന് കുളിച്ചതും ഉളിപോലെ കൂർത്ത കല്ലുകൾക്കു മുകളിൽ നിന്ന് നൃത്തം ചവിട്ടിയിരുന്നതുമായ നാളുകളിലൂടെ ശിവന്റെ ചിന്തകൾ കടന്നുപോയി. തനിക്കു ചുറ്റും ആണും പെണ്ണും വള്ളിയും മരങ്ങളും പോലെ തമ്മിൽ പിണയുന്നത് സഭ്യതയില്ലാത്ത നൃത്തത്തെ സൂചിപ്പിക്കുന്നു. മറ്റൊരു ലോകത്തു കഴിയുന്ന ഈ മനുഷ്യർ ഉള്ളിലൊന്നുമില്ലാത്തവരും (അർദ്ധനഗ്നരായി നിന്ന് നൃത്തം ചെയ്യുന്ന വിദേശികൾ തുറന്ന മനസ്സുള്ളവരാണെന്നാണ് പൊതുവെയുള്ള ധാരണ) കാലുകൾ നീട്ടി നടക്കുന്നവരുമാണെന്ന് ശിവൻ വിലയിരുത്തുന്നു. താനാകട്ടെ, ഇന്നിപ്പോൾ ദേശവും കാലവുമൊന്നുമില്ലാത്തവനായിരിക്കുന്നു. അന്യനെപ്പോലെ ഈ സമൂഹത്തിനു പുറത്തു നില്ക്കുകയാണ് താൻ. സദസ്സിനു മുന്നിലെ കോമാളിയായിപ്പോയ താനിന്ന് കടലിലകപ്പെട്ട മരം പോലെ കര കാണാതലയുന്നവനും ചാട്ടം പിഴച്ചവനുമാണ്.

ഹൃദയത്തിന്റെ ആഴങ്ങളിൽ തീപിടിക്കുന്നതുപോലുള്ള അവസ്ഥയിലാണ് ശിവനിപ്പോൾ. നീലകണ്ഠനായ ശിവന്റെ തൊണ്ടയിൽ എന്തോ കട്ടപിടിക്കുന്നതുപോലെയും വലിയ കാന്തം കൊണ്ടു പിടിച്ചു വലിക്കുന്നതുപോലെയും തന്റെ നെഞ്ചിൽ ആരോ പെരുമ്പറയുടെ കോലുകൊണ്ട് അടിക്കുന്നതുപോലെയും

ശിവനു തോന്നി. അപ്പോൾ വീണക്കമ്പിയിൽ ഇറ്റുകൂടിയ സ്വരംപോലെ ശിവന്റെ മൂന്നു കണ്ണു കളും നനഞ്ഞു. പണ്ട് ശൂർപ്പകനാൽ വേട്ടയാ ടപ്പെട്ട് (കാമദേവന്റെ ശത്രുവായ ഒരു അസു രനാണ് ശൂർപ്പകൻ) മൂന്നു ലോകങ്ങളിലും ഓടിയപ്പോഴും സതി തീയിലിറങ്ങി ചാരക്കൂമ്പാ രമായി കിടന്നപ്പോഴും (ദക്ഷയാഗകഥയെ സൂ ചിപ്പിക്കുന്നു) വൈഷ്ണവഭക്തരും ശിവഭക്തരും തമ്മിൽ കലഹിച്ചപ്പോഴും ബുദ്ധന്മാരുടെ എതിർ പ്പിനെ നേരിട്ടപ്പോഴും മുഹമ്മദീയർ തനിക്കെതി രായി നിന്നപ്പോഴും ഒട്ടും നനയാതിരുന്ന കണ്ണു കളാണ് തന്റേതെന്ന് ശിവനപ്പോൾ ഓർത്തു. ഒടുവിൽ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്ന് പൂർവ്വ കാല പ്രതാപത്തിലേക്ക് എന്നെങ്കിലുമൊരു മട ക്കമുണ്ടാകുമോയെന്ന ആശങ്ക ശിവന്റെയുള്ളിൽ രൂപപ്പെടുന്നു. തന്നെ ചൂഴ്ന്നുനിന്ന കളിയും ചി രിയും മാന്ത്രികവിദ്യകളും ഗ്രന്ഥങ്ങളും തന്ത്രങ്ങ ളും സിദ്ധാന്തങ്ങളും പടകളും പടക്കോപ്പുകളും പയറ്റുകളുമെല്ലാം വെറുതെയായിപ്പോയെന്ന് ശിവൻ തിരിച്ചറിയുന്നു. മരണത്തെ അതിജീവി ക്കുന്നവനാകയാൽ കഴുത്തിൽ കരുതിയ വിഷം പോലും ഫലിക്കുകയില്ലെന്ന് മനസ്സിലായ നിമി ഷത്തിൽ ശിവന്റെ ഹൃദയത്തിൽ നിന്ന് ഇടിവെ ട്ടുന്നതുപോലെ കടുംതുടിയുയർന്നു.

### കാവ്യാവലോകനം

നിലനില്പിനുവേണ്ടിയുള്ള അലച്ചിലിൽ വേരറ്റുപോകുന്നവന്റെ വേദന പങ്കുവയ്ക്കുന്ന കവി സ്വന്തം മണ്ണിന്റെ മണവും നിറവും രുചിയും താളവും സൗന്ദര്യവും കവിതയിൽ നിറച്ചിരിക്കു ന്നു. തീക്ഷ്ണമായ ചിന്തകളുടെയും ഏതൊ രാൾക്കും അമൃതാകുന്ന സ്വന്തം ഭാഷയുടെയും മനസ്സിന്റെ ബാഹ്യപ്രകടനമായ നൃത്തത്തിന്റെ യും പ്രപഞ്ചനിഗൂഢതയുടെയും പ്രകൃതിസൗ ന്ദര്യത്തിന്റെയും ആദിമൂലമാണ് ശിവൻ എന്ന മൂർത്തി. അങ്ങനെ ശിവൻ എന്ന പ്രതീകത്തിലൂ ടെ ആധുനിക ജീവിതത്തിന്റെ മിടിപ്പും തുടിപ്പും ആധിയും സന്ദേഹവും സൗന്ദര്യാത്മകമായി അവതരിപ്പിച്ചിരിക്കുന്ന ഈ കവിതയുടെ അനു ഭൂതിതലം അളവുകൾക്കതീതമാണ്. സ്വന്തം കാ ലത്തിന്റെ സ്പന്ദനങ്ങൾ തൊട്ടെടുക്കുന്ന കവി പൈതൃകത്തിന്റെ വേരാഴങ്ങളിലേക്കും കടന്നു ചെല്ലുന്നു. ഓരോ മനുഷ്യന്റെയും ഉള്ളിൽ തുടി കൊട്ടുന്ന സ്വത്വബോധത്തിന്റെ രൂപഘടന കവി ഇവിടെ വരച്ചുകാട്ടുന്നു.

താനാരാണെന്ന അന്വേഷണവുമായുള്ള യാത്രയാണ് ഓരോ ജീവിതവും എന്ന തിരിച്ച റിവിലേക്ക് കവി അനുവാചകനെ എത്തിക്കു ന്നു. കവിതയുടെ സംക്ഷിപ്തം, സ്വന്തം നാടു വിട്ട് അന്യനാട്ടിലേക്കുപോയ ശിവനാണ് ഈ കാവ്യാഖ്യായികയിലെ മുഖ്യബിംബം. ദ്രാവി ഡദേശമായ തമിഴകത്തിന്റെ ശ്രീകോവിലിൽ നിന്നാണ് ശിവൻ എന്ന സുന്ദരമൂർത്തിയെ കവി വാർത്തെടുത്തിരിക്കുന്നത്. ആരും വരാത്ത അകക്കോവിലിന്നുള്ളിൽ ഉറക്കം വരാത്ത രാത്രി യിൽ സുന്ദരമൂർത്തിയായ ശിവൻ ഏകാന്തതയു ടെ ഇരുട്ടിൽ അസ്വസ്ഥപ്പെടുന്നിടത്തുനിന്നാണ് കവിത ആരംഭിക്കുന്നത്. പുരോഗമനാശയങ്ങളു ടെ സ്വാധീനഫലമായി സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരുന്ന മാറ്റങ്ങളെ കവി ഇവിടെ സൂചിപ്പി ക്കുന്നുണ്ട്. പല ക്ഷേത്രങ്ങളും ജീർണ്ണതയിലേ ക്കടിഞ്ഞു കൊണ്ടിരുന്ന ആ കാലത്ത് കോവിലി ലെ പ്രതിഷ്ഠയ്ക്ക് എന്തു സംഭവിച്ചു എന്നാണ് കവി അന്വേഷിക്കുന്നത്. ആരും തിരിഞ്ഞു നോ ക്കാതായ കോവിലിലിരുന്ന് ശിവൻ എന്ന മൂർ ത്തി അസ്വസ്ഥപ്പെടുന്നതാണ് കവി കണ്ടത്. ഈറനായ അമ്പിളി ശിരസ്സിലുണ്ടായിട്ടും തല ച്ചൂട് അടങ്ങാത്തതിനാൽ ശിവൻ സോപാനപ്പ ടവുകളിറങ്ങി കോവിലിന്റെ പുറത്തേക്കിറങ്ങി. അവിടെ ഒരു നിമിഷം ചിന്തയുടെ മുദ്രപിടിച്ച് നിന്നുപോകുന്നു. ആ നിമിഷത്തിൽ എത്രയോ അകലെയായിക്കഴിഞ്ഞ നല്ല കാലത്തിന്റെ ഓർ മ്മകൾ ആ മനസ്സിൽ തെളിയുന്നു. അവിടെനി ന്ന് നഗരവീഥിയിലെത്തുന്ന ശിവന്റെ മുന്നിൽ പുതിയ കാലത്തിന്റെ കാഴ്ചകൾ തെളിയുന്നു. അഞ്ചു നക്ഷത്രങ്ങളുള്ള വാതിലിനു പുറത്തെ അഞ്ചുനക്ഷത്രങ്ങൾ എന്നത് പഞ്ചനക്ഷത്ര ഹോ ട്ടലിനെ സൂചിപ്പിക്കുന്നു. ചുടലയിലെ പണിയും കാവൽപ്പണിയും ചെയ്ത് നിലനില്പിനായി ശിവൻ കഷ്ടപ്പെടുന്നു. വേഷം കൊണ്ടും രൂപം കൊണ്ടും ആദിവാസിയായി കാണപ്പെട്ട ശിവൻ നഗരവാസികളുടെ കൗതുകക്കാഴ്ചയായിത്തീരു

ന്നു. അവിടെനിന്ന് സംസ്കൃതത്തിൽ സംസാരിക്കുന്ന ഒരു വിദേശിയോട് സംസാരിക്കുന്നതിലൂടെ നാടുകടത്തിക്കൊണ്ടു പോകുന്ന ഭാരതീയ വിജ്ഞാനത്തെയാണ് കവി സൂചിപ്പിക്കുന്നത്. ക്ഷണപ്രകാരം ശിവൻ ആകാശമാർഗ്ഗം സമ്പന്നതയുടെ തിളക്കമുള്ള ഭൂമിയിലേക്കു പോകുന്നു. അവിടെ പ്രദർശനനഗരിയിൽ തന്റെ സ്വരൂപം ആരാധിക്കപ്പെടുന്നതു കണ്ട് ശിവൻ അഭിരമിക്കുന്നു. പക്ഷേ, ശരത്കാലഹേമന്തങ്ങൾ കഴിഞ്ഞപ്പോഴേക്കും ശിവനെ നാട് മാടിവിളിക്കാൻ തുടങ്ങി. അപ്പോഴേക്കും മടങ്ങിപ്പോകാനാകാത്ത അവസ്ഥയിലാണ് താനെന്ന് കണ്ണീരോടെ ശിവൻ തിരിച്ചറിയുന്നു. 'ഉണ്ടോ മടക്കം തനിക്കിനി' എന്ന് ഇടിവെട്ടുന്നതുപോലെയുള്ള കടുംതുടിയിലൂടെ ശിവൻ തന്നോടുതന്നെ ചോദിക്കുന്നിടത്ത് കവിത അവസാനിക്കുന്നു.

## Recap

- ആഖ്യാനകവിതകളുടെ വിഭാഗത്തിൽപ്പെടുന്ന കവിത
- ശിവനെ ബിംബമാക്കിക്കൊണ്ട് രൂപപ്പെടുത്തിയ കാവ്യസങ്കല്പം
- പാരമ്പര്യവൃത്തങ്ങളെ മുറിച്ചും ചേർത്തും പ്രയോഗിച്ചിരിക്കുന്ന താളക്രമം
- ശിവന്റെ കാഴ്ചപ്പാടിലൂടെ പുതിയ കാലത്തിന്റെ കാഴ്ചകൾ ആവിഷ്കരിക്കുന്നു
- പ്രവാസജീവിതത്തിന്റെ ഒറ്റപ്പെടലും അന്യതാബോധവും അനാഥത്വവും പങ്കുവയ്ക്കുന്നു
- തമിഴ്നാട്ടിലെ ഒരു ശിവക്ഷേത്രം കാവ്യപശ്ചാത്തലം
- അശാന്തമായ ചുറ്റുപാടിൽ അസ്വസ്ഥനാകുന്ന ശിവൻ
- ശിവന്റെ നിലനില്പ് അപകടത്തിലായിരിക്കുന്ന അവസ്ഥ
- ശ്രീകോവിൽ വിട്ട് സോപാനപ്പടവുകളിറങ്ങി നാടുവിടുന്ന ശിവൻ
- സ്വത്വവും സ്നേഹവും നഷ്ടപ്പെടുന്നവന്റെ പ്രതീകം. നാടുവിട്ട ശിവന്റെ കൺമുന്നിലെത്തുന്ന തെരുവോരക്കാഴ്ചകൾ
- കുതിപ്പും വേഗതയും നാലുചക്രമുള്ള വണ്ടിയുമുള്ള പുതിയ കാലത്തേക്ക് പരിവർത്തനം ചെയ്യുന്ന ശിവൻ
- പുത്തൻ ലോകത്തിന്റെ ജീവിതക്രമത്തിലേക്ക് മാറിയ ശിവൻ മഹാനഗരത്തിലെത്തുന്നു
- കുളിക്കാതെയും വസ്ത്രം മാറാതെയും നടപ്പാതയിൽ നിന്ന് ഭക്ഷണം കഴിക്കുന്ന ശിവൻ.
- സമ്പന്നർ പാർക്കുന്ന ഭാഗത്തെത്തിയപ്പോൾ ആളുകൾക്ക് ആദിവാസിയെ കണ്ട കൗതുകം
- ശ്മശാനത്തിലെ തൊഴിലും പഞ്ചനക്ഷത്ര ഹോട്ടലിലെ കാവൽ ജോലിയും ശിവൻ ഏറ്റെടുത്തു
- ശിവനെ തിരിച്ചറിഞ്ഞ വിദേശി തന്റെ പിതൃദേശത്തേക്കു ക്ഷണിക്കുന്നു
- പുതിയ ഭൂമിയിലെ പുത്തൻ കാഴ്ചകളും അനുഭവങ്ങളും
- ജീവനുള്ളൊരു പ്രതിഷ്ഠപോലെ വിദേശികൾ ശിവനെ ഊർദ്ധ്വനിലയിൽ നിർത്തി. ശിവൻ ആളുകളുടെ ആരാധന ആസ്വദിക്കുന്നു
- കാലം കടന്നുപോകവേ, ശിവന്റെ മനസ്സ് സ്വദേശത്തേക്കു മടങ്ങിയെത്തുന്നു. പൂർവ്വകാലസ്മരണകൾ ശിവന്റെ സ്വത്വബോധത്തെ തട്ടിയുണർത്തുന്നു
- വൈദേശിക സംസ്കാരത്തിന്റെ കൊഴുപ്പും തിളക്കവും ശിവനെ ശ്വാസം മുട്ടിക്കുന്നു. പരാജയബോധം ശിവനെ അലട്ടുന്നു. ഹൃദയം നൊന്ത് മുക്കണ്ണും നിറഞ്ഞൊഴുകുന്നു

- അങ്ങേയറ്റം മനഃശ്ശക്തിയുള്ള താൻ മുമ്പൊരിക്കലും ഇതുപോലെ സങ്കടമനുഭവിച്ചിട്ടില്ലെന്ന് ശിവൻ ചിന്തിക്കുന്നു. പോയകാലം ഇനി ഒരിക്കലും തിരിച്ചുകിട്ടുകയില്ലെന്ന തിരിച്ചറിവുണ്ടായപ്പോൾ ശിവന്റെ ഹൃദയത്തിൽ ഇടിവെട്ടുപോലെ കടുംതുടിയുയരുന്നു.

## Objective Type Questions

1. ആരുമില്ലാത്ത അകക്കോവിലിനുള്ളിൽ ഉറക്കം വരാതെ കടുംതുടികൊട്ടിയിരുന്ന സുന്ദരമൂർത്തി ആരാണ്?
2. എന്തുകൊണ്ടാണ് ശിവൻ ശ്രീകോവിലിനുള്ളിൽ അസ്വസ്ഥനായി കാണപ്പെട്ടത്?
3. ഈറനാകുന്ന അമ്പിളിക്കീറു വച്ച തലയുടെ ചൂടടങ്ങാതിരുന്നതെന്തുകൊണ്ട്?
4. ശിവനു നേരെ നീളുന്ന ഈരിലക്കണ്ണുകൾ ആരുടേതാണ്?
5. സോപാനപ്പടവുകളിൽ കൊത്തിവച്ച അറുപത്തിമൂന്നു ശൈവസിദ്ധരുടെ പ്രത്യേകതയെന്താണ്?
6. ഉണ്ണിഗണപതി എന്തിന്റെ പ്രതീകമാണ്?
7. തനിച്ചു പുറപ്പെട്ട ശിവനെ കവി വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെയാണ്?
8. മിന്നലിൽ വിളറിയത് എങ്ങനെയുള്ള ഗോപുരങ്ങളാണ്?
9. ശിവന്റെ പോക്കുകണ്ട് കുന്നിൻ മുകളിലുള്ള കന്ന് സ്തംഭിച്ചുപോയത് എന്തുകൊണ്ടാണ്?
10. ശിവൻ പ്രകടിപ്പിച്ചത് ഏതു നാട്യമുദ്രയാണ്?
11. ശിവന്റെ ചിന്തകളിൽ തെളിഞ്ഞ ചിത്രമെന്ത്?
12. പ്രതാപം നിറഞ്ഞ ജീവിതത്തെ കവി എന്തിനോടാണുപമിച്ചിരിക്കുന്നത്?
13. നേരം പുലർന്നപ്പോൾ ശിവൻ എത്തിയത് എവിടെയാണ്?
14. നടപ്പാതയിൽ നിന്ന് ഭക്ഷണം കഴിക്കുന്ന ശിവന് സങ്കടം വന്നതെന്തുകൊണ്ടാണ്?
15. ശിവനെ കണ്ടപ്പോൾ സമ്പന്നർ താമസിക്കുന്ന ഭാഗത്തുള്ളവരുടെ ഭാവമെന്തായിരുന്നു?
16. നഗരത്തിൽ ശിവനു ലഭിച്ച തൊഴിലുകളെന്തൊക്കെയായിരുന്നു?
17. പീടികത്തിണ്ണയിൽ കഞ്ചാവടിച്ചിരിക്കുന്ന ശിവനെ തോളത്തു തൊട്ടുണർത്തിയത് ആരാണ്?
18. തന്റെ പിതൃഭൂമിയിലേക്കു ക്ഷണിച്ച് ശിവന് വിദേശി എന്തു വാഗ്ദാനമാണ് നല്കിയത്?
19. വിദേശിയുടെ വാഗ്ദാനം കേട്ട ശിവന്റെ ഭാവം കവി എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
20. ഭൂമിതന്നാകാര രാഗവിസ്താരം പോലുയരുന്നു ഇതിലെ സൂചനയെന്ത്?
21. അതിരില്ലാത്ത നിശ്ശബ്ദത ശിവന് എവിടെയാണ് അനുഭവപ്പെട്ടത്?
22. മുദ്ര കാണിപ്പിച്ച് അരങ്ങിൽ ഊർദ്ധ്വനിലയിൽ നിർത്തിയത് ആരെയാണ്?
23. മിന്നൽ വെളിച്ചങ്ങൾ കൊണ്ടുഴിയുന്നു എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?
24. അമ്പരപ്പുണ്ടെങ്കിലും ഉള്ളിൽ സുഖമനുവഭിക്കുന്ന ശിവന്റെ ഭാവം കവി ഉപമിച്ചിരിക്കുന്നതെങ്ങനെയാണ്?
25. ശിവരാത്രിദിനത്തിൽ ശിവന്റെ മനസ്സിനെ പൂർവ്വസ്മരണകളിലേക്ക് ആനയിക്കാനിടയാക്കിയ സംഭവമെന്തായിരുന്നു?
26. ഉടലിളക്കങ്ങൾ എന്നതുകൊണ്ട് കവി എന്താണ് ഉദ്ദേശിച്ചത്?
27. തമ്മിലൊട്ടുന്ന വള്ളിമരങ്ങളെപ്പോലിവർ-ആരെയാണ് സൂചിപ്പിക്കുന്നത്?
28. ആരാണ് നീണ്ട കാൽവയ്പ്പുകളുള്ളവർ ?
29. താൻ ചാട്ടം പിഴച്ചവനാണെന്ന് ശിവൻ പറയാൻ കാരണമെന്ത്?
30. മുക്കണ്ണുകൾ നനഞ്ഞതിനെ കവി എന്തിനോടാണുപമിച്ചിരിക്കുന്നത്?
31. കയ്യിൽ കരുതിയ വിഷം പോലും ഉപകരിക്കില്ലെന്ന് ശിവൻ പറയാൻ കാരണമെന്ത്?

## Answers to Objective Type Questions

1. ശിവൻ
2. നിലനിൽപ്പ് അപകടത്തിലായതിനാൽ
3. ചിന്താഭാരംകൊണ്ട്
4. കല്ലിൽ കൊത്തിവച്ച കന്യകമാരുടെ
5. തൊഴിൽ-ജാതി വ്യത്യാസങ്ങളില്ലാതെ എല്ലാ മനുഷ്യരെയും സമഭാവനയോടെ നോക്കിക്കാണാനുള്ള സന്ദേശം നൽകുന്നു
6. നഷ്ടപ്പെടുന്ന സ്നേഹവാത്സല്യങ്ങളുടെ
7. മുക്കണ്ണനും അർദ്ധനാരീശ്വരനുമായ നടേശൻ എന്ന്
8. പല്ലവചോളപാണ്ഡ്യന്മാർ എഴുന്നള്ളുന്ന ഗോപുരങ്ങൾ
9. ഭേരിയും അകമ്പടിയുമില്ലാതെയും വാഹനമേറാതെയും ശിവൻ ഉറക്കത്തിലിറങ്ങി നടക്കുന്നവനെപ്പോലെ പോകുന്നതു കണ്ടിട്ട്
10. ചിന്തയുടെ നാട്യമുദ്ര
11. പോയകാലത്തെ പ്രതാപജീവിതത്തിന്റെ ചിത്രം
12. കുത്തിമറിഞ്ഞു നിറഞ്ഞൊഴുകിയ മഹാനദിയോട്
13. പൊടിയും മണവും പുകയും നിറഞ്ഞ മഹാനഗരത്തിൽ
14. കുളിക്കാതെയും അണിയാതെയും തിരക്കേറിയ തുറന്ന സ്ഥലത്തുനിന്ന് ഭക്ഷിക്കേണ്ടി വന്നതുകൊണ്ട്
15. ആദിവാസിയെ കണ്ട കൗതുകം
16. ചുടലക്കളത്തിലെ ജോലിയും പഞ്ചനക്ഷത്ര ഹോട്ടലിലെ കാവൽ ജോലിയും
17. പളുങ്കുകണ്ണുകളുള്ള വിദേശി
18. പ്രദർശനനഗരികളിൽ ശക്തിയുടെ നൃത്തം ചവുട്ടി ജീവിക്കാമെന്ന വാഗ്ദാനം
19. പുത്തൻമഴയിൽ കടമ്പു പൂത്തതുപോലെ
20. വിമാനം പറന്നുയരുമ്പോഴുണ്ടാകുന്ന ശബ്ദം
21. വിദേശത്തെ പുതിയ ഭൂമിയിൽ
22. ശിവനെ
23. ക്യാമറയിൽ നിന്നുള്ള ഫ്ളാഷ്
24. സദ്യക്കുമുമ്പിൽ വിശന്നവനെപ്പോലെയും വേളിയരങ്ങിലെ വധുവിനെപ്പോലെയും സമ്മാനം ലഭിച്ച ചെറുകവിയെപ്പോലെയും
25. കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള ഭക്തർ ശിവന്റെ മന്ത്രജപങ്ങൾ ഉരുവിടുന്ന കാഴ്ച
26. വിദേശീയരുടെ നൃത്തചലനങ്ങൾ
27. ആലിംഗനത്തിലായ സ്ത്രീ-പുരുഷന്മാരെ
28. വിദേശികൾ
29. പരദേശത്ത് താൻ അന്യനാണെന്ന് തിരിച്ചറിവുണ്ടായതിനാൽ
30. വീണക്കമ്പിയിലിറ്റുകൂടുന്ന സ്വരത്തോട്
31. മൃത്യുഞ്ജയനായതിനാൽ


## Assignments

- 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ' എന്ന കവിതക്ക് ആസ്വാദനം എഴുതുക.
- ആറ്റൂരിന്റെ സാഹിത്യലോകത്തെക്കുറിച്ച് ഉപന്യസിക്കുക.

## Reference


1. കെ. സി. നാരായണൻ – സഹ്യനേക്കാൾ തലപ്പൊക്കം – പഠനം, ആറ്റൂർ കവിതകൾ (കവിതാസമാഹാരം), 2012, ഡി.സി.ബുക്സ്, കോട്ടയം .
2. എം. ഗംഗാധരൻ – ആഴത്തിന്റെ താളം, അവതാരിക, കവിത, ഒന്നാം പതിപ്പ്, 1977, ശ്രീമുദ്രാലയം, കൊച്ചി
3. കല്പറ്റ നാരായണൻ – വഴികാട്ടി – അവതാരിക, ആറ്റൂർ രവിവർമ്മയുടെ കവിതകൾ, ഭാഗം രണ്ട്, 2003,ഡി.സി.ബുക്സ്, കോട്ടയം.
4. കല്പറ്റ നാരായണൻ – വിളവെടുപ്പ്, അവതാരിക, ആറ്റൂർ രവിവർമ്മ, മലയാളത്തിന്റെ പ്രിയകവിതകൾ, 2016,ഗ്രീൻ ബുക്സ്, തൃശൂർ.


## E-content


ആറ്റൂർ രവിവർമ്മ

ആറ്റൂർരവിവർമ്മ - വിക്കിപീഡിയ
https://ml.wikipedia.org/wiki/ആറ്റൂർ_രവിവർമ്മ

ആറ്റൂരിന്റെ കവിതകൾ പഠനം
http://www.sydneymalayalamlive.com/article.php?id=ps-vijayakumar-2515

# യൂണിറ്റ് - 8
# ബുദ്ധനും ആട്ടിൻകുട്ടിയും

**എ. അയ്യപ്പൻ**

## Learning Outcomes

- ആധുനിക കവിതയുടെ പ്രത്യേകതകൾ - അസ്തിത്വദുഃഖം, അരാജകത്വം, സംഘർഷാത്മകത, കമ്പോളവത്കരണം, സ്വത്വാന്വേഷണം, നഗരവത്കരണം ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കുന്ന കവിതകൾ പരിചയപ്പെടുന്നു.
- മലയാളത്തിലെ പ്രസിദ്ധരായ ആധുനിക കവിതാവക്താക്കളെയും അവരുടെ പ്രധാന കൃതികളെയും മനസ്സിലാക്കുന്നു
- എ. അയ്യപ്പന്റെ പ്രധാന കവിതകളും കവിതാരീതികളും അറിയുന്നു, ആധുനിക കവിതയെന്ന നിലയിൽ 'ബുദ്ധനും ആട്ടിൻകുട്ടിയും' എന്ന കവിത പഠിക്കുന്നു.

## Prerequisites

'കാറപകടത്തിൽപ്പെട്ടു
..................................................
ഇന്നത്താഴം ഇതു കൊണ്ടാകാം'

പ്രസിദ്ധമായ ഈ വരികൾ കേട്ടിട്ടുണ്ടോ? എ.അയ്യപ്പന്റെ അത്താഴം എന്ന കവിതയിൽ ഉള്ളതാണ്. എ.അയ്യപ്പന്റെ കവിതകൾ സർറിയലിസ്റ്റിക് സ്വഭാവമുള്ളവയാണ്. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും മാനസിക വ്യാപാരങ്ങളെ അവതരിപ്പിക്കുന്ന സമ്പ്രദായമാണിത്. ആധുനിക കവികൾ പ്രദാനം ചെയ്യുന്ന തലം ഇടത്തരക്കാരുടെ ജീവിത സംഘർഷങ്ങളാണ്. വ്യക്തി നിസ്സാരനാകുന്ന അവസ്ഥ, ദാരിദ്ര്യദുഃഖം, സംഘർഷാത്മകത, അരാജകത്വം, കുടുംബ ശൈഥില്യം, അസ്തിത്വദുഃഖം എന്നിങ്ങനെ മനുഷ്യർ നേരിടുന്ന സർവ്വ സാഹചര്യങ്ങളും ആധുനിക കവിതകൾക്ക് വിഷയമായി. ആധുനിക കവിത ക്ലാസിക്ക് കാവ്യ സങ്കല്പങ്ങളായ വൃത്തം, അലങ്കാരം എന്നിവയെ നിരാകരിക്കുന്നു. പാരമ്പര്യ കഥാഖ്യാനത്തെ ഈ കവികൾ എതിർക്കുന്നു. ആക്ഷേപഹാസ്യത്തിലൂടെ നഗര വിഹ്വലതകളെ വ്യക്തി കേന്ദ്രിതമാക്കി അവതരിപ്പിക്കുകയാണ് ആധുനികകവിത ചെയ്യുന്നത്. അയ്യപ്പപ്പണിക്കർ ,എൻ.എൻ.കക്കാട്, കടമ്മനിട്ട, എൻ.വി.കൃഷ്ണവാര്യർ എന്നിവരും ആ കാവ്യ സാഹചര്യത്തിലെ എഴുത്തുകാരാണ്. എ.അയ്യപ്പന്റെ മറ്റു കവിതകൾ പരിചയപ്പെടുന്നു. വെയിൽ തിന്നുന്ന പക്ഷി, എന്റെ ശവപ്പെട്ടി ചുമക്കുന്നവർ, ശവശരീരത്തിലെ പൂക്കൾ, മാളമില്ലാത്ത പാമ്പ്, അത്താഴം, ഗ്രീഷ്മമേ സഖി എന്നിവയാണ്. 1999-ലെ കേരള സാഹിത്യ അക്കാദമി അവാർഡും 2010-ലെ ആശാൻ കവിതാപുരസ്കാരവും എ.അയ്യപ്പനു ലഭിച്ചിട്ടുണ്ട്

## Key words

കവിതയിലെ ആധുനികത - അസ്തിത്വദുഃഖം - അരാജകത്വം - സ്വത്വാന്വേഷണം - ആത്മരതി - സംഘർഷാത്മകത - കമ്പോളവത്കരണം - നഗരവത്കരണം - ബിംബാത്മകത - പ്രതീകാത്മകത

## 3.8.1 Content

'ബുദ്ധനും ആട്ടിൻകുട്ടിയും' എന്ന വൈരുദ്ധ്യാത്മക കവിത എ. അയ്യപ്പന്റെ പ്രസിദ്ധ കൃതിയാണ്. അദ്ദേഹത്തിന്റെ കവിതകളിൽ നിരവധി ബിംബങ്ങൾ കടന്നുവരുന്നുണ്ട്. അയ്യപ്പന്റെ കവിതകളെ 'മുറിവുകളുടെ വസന്തം' എന്നു വിശേഷിപ്പിക്കുന്നു. കല്ലേറു കൊണ്ടു കണ്ണു പൊട്ടിയ ഒരു ആട്ടിൻകുട്ടി ബുദ്ധസമക്ഷം എത്തി തന്റെ വിഷമതകൾ ശ്രീ ബുദ്ധനോട് പറയുന്നതാണ് പാഠസന്ദർഭം. ലഹരിയുടെ പക്ഷികൾ കൊത്തിത്തീർത്ത കരളുമായി, തെറ്റിയോടുന്ന സെക്കന്റ് സൂചി പോലെ, ജീവിതത്തിൽ, ആധുനിക കവികളിൽ വളരെ വ്യത്യസ്തനായി കാവ്യജീവിതം നയിച്ച കവിയാണ് എ.അയ്യപ്പൻ. പിയ്ക്ക് ശേഷം കാവ്യലോകത്ത് അലഞ്ഞ് തിരിഞ്ഞുനടന്ന കവിയാണ് അദ്ദേഹം. ആധുനികത വരുത്തി തീർത്ത വികസന തൃഷ്ണയുടെ ആപത്തിനെക്കുറിച്ചും പരിസ്ഥിതി നാശത്തെക്കുറിച്ചും കവിതകൊണ്ട് ശക്തമായി കലഹിച്ച കവിയാണ് അയ്യപ്പൻ. ബലിക്കുറിപ്പുകൾ, പ്രവാസിയുടെ ഗീതം, ചിത്തരോഗാശുപത്രിയിലെ ദിനങ്ങൾ, ബുദ്ധനും ആട്ടിൻകുട്ടിയും തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കവിതാസമാഹാരങ്ങൾ. 'നെഞ്ചിൽ അട്ടിയട്ടിയായി വൻ ഭാരങ്ങൾ കേറ്റി വച്ചതിന്നടിയിൽക്കിടന്നു ഞെരിയുന്നുവെന്ന ദുഃസ്വപ്നത്തിന്റെ പാരമ്യത്തിൽ വിയർത്തു കുളിച്ചു ഞെട്ടിയുണരുന്ന അനുഭവത്തെ പുനഃസൃഷ്ടിക്കുന്ന കൽപ്പനാപരമ്പര എന്ന് അയ്യപ്പന്റെ കൃതികളിലെ ബിംബാവലിയെ വിശേഷിപ്പിക്കാ' മെന്ന് ഡോ.എം.ലീലാവതി അഭിപ്രായപ്പെടുന്നു. കവിതയിൽ അത്രമാത്രം ബിംബങ്ങളെ കൊണ്ടുവരികയും അവയെ കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കവി കവിതയിലൂടെ മാനവികതയുടെ പുതിയ ലോകം അന്വേഷിക്കുന്നു. അവിടെ കവി പീഡിതമനുഷ്യന്റെ ആത്മവേദനകൾ സ്വയമേറ്റു വാങ്ങുന്നത് കാണാവുന്നതാണ്.

### വരികൾ

'ബുദ്ധാ ഞാനാട്ടിൻ കുട്ടി
..................................................................
നിൻ ആൽത്തറ കാണുവാനൊട്ടും വയ്യ'

### ആശയ വിശദീകരണം

ആട്ടിൻകുട്ടി ഇവിടെ നിസ്സാഹയതയുടെയും പരിശുദ്ധിയുടെയും പ്രതീകമാണ്. തന്നെ ഉപദ്രവിക്കുന്നവരെപ്പോലും എതിർക്കുവാൻ ശേഷിയില്ലാത്ത ഒരു സാധുജീവി. കവി തന്റെ നിസ്സഹായാവസ്ഥ ആട്ടിൻകുട്ടിയിൽ പ്രതീകവത്കരിക്കുന്നു. ബുദ്ധനെ അഭിസംബോധന ചെയ്തുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. കല്ലേറുകൊണ്ട് കണ്ണു നഷ്ടപ്പെട്ട ആട്ടിൻകുട്ടി ബുദ്ധസമക്ഷം നിൽക്കുന്നു. അന്ധനായ തനിക്ക് ബുദ്ധന്റെ ആൽത്തറ കാണുവാൻ കഴിയുന്നില്ല എന്നു ആട്ടിൻകുട്ടി വിലപിക്കുന്നു. ബുദ്ധന് തന്റെ ഉൾകണ്ണിനു കാഴ്ച ( ബോധോദയം) ലഭിച്ചത് ബോധിവൃക്ഷ ചുവട്ടിലായിരുന്നല്ലോ. അവിടെയാണ് ആട്ടിൻകുട്ടി കണ്ണു നഷ്ടപ്പെട്ടു വിലപിക്കുന്നത്. ആൽത്തറയും ബുദ്ധനെയുമൊന്നും അതിനു കാണാൻ കഴിയുന്നില്ല. ഹിംസയുടെ ഇരയായ ആട്ടിൻകുട്ടി അഹിംസയുടെ പ്രതിരൂപമായ ബുദ്ധനെ സമീപിക്കുന്നു .... പക്ഷേ അദ്ദേഹത്തെ കാണാൻ പോലും അതിനു കഴിയുന്നില്ല. ബുദ്ധന്റെ സാന്നിധ്യം തനിക്ക് ആശ്വാസം നൽകുമെന്ന ആട്ടിൻകുട്ടിയുടെ വിശ്വാസമാണ് ഇവിടെ തകരുന്നത്. കാരുണ്യമൂർത്തിയും അഭയകേന്ദ്രവുമായ ബുദ്ധനും ആൽത്തറയും കാണാതെ വിലപിക്കുന്ന നിരാശ്രയയായ ആട്ടിൻകുട്ടി എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് നിരാലംബരായ ജനതയെയാണ്.

### വരികൾ

'കൃപാധാമമേ ബുദ്ധാ,
കാണുവാനൊട്ടും വയ്യ

..............................................
തുണ നീ മാത്രം ബുദ്ധാ,
അലിവിന്നുറവു നീ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കൃപാധാമം | = | കാരുണ്യത്തിന്റെ ഇരിപ്പിടം |
| പ്രഭാതീരം | = | ധർമ്മരശ്മി ചൊരിയുന്ന തീരം |
| അലിവിന്നുറവ | = | കരുണയുടെ ഉറവ |

## ആശയ വിശദീകരണം

കൃപാനിധിയായ ബുദ്ധഭഗവാനേ... എനിക്ക് അങ്ങയെയോ നമ്മെ നയിക്കുമെന്നു കരുതുന്ന പ്രഭാതീരമോ ഒന്നും കാണാൻ കഴിയുന്നില്ല എന്ന ആട്ടിൻകുട്ടിയുടെ വിലാപം നിരാലംബരായ ജനതയുടേതാണ്. ഒരു പ്രഭാതീരവും പ്രതീക്ഷയും യാഥാർത്ഥ്യമാവില്ലായെന്നും നാമെപ്പൊഴും അനാഥരായി ഇരുട്ടിൽ ദിശയറിയാതെ ഉഴറുന്ന ജനതയാണെന്നു ബോധ്യപ്പെടുത്തുന്നു. ഇടയൻ നഷ്ടപ്പെട്ട കുഞ്ഞാടാണ് ഞാൻ, എനിക്ക് ശരണം നീ മാത്രമാണ്. അലിവിന്നുറവയായ ബുദ്ധാ ... നീ ഞങ്ങളെ നയിക്കേണമേ ... രക്ഷിക്കേണമേ ...എന്നുള്ള പ്രാർത്ഥനയാണീ വരികൾ.

## വരികൾ

'കണ്ണിലെച്ചോര വീഴും

പാതയിൽ നീ നിൽക്കുമ

..............................................
കണ്ണിന്റെ കനിവെല്ലാം
കാണുവാൻ കഴിയുമോ'

## ആശയ വിശദീകരണം

ആട്ടിൻകുട്ടി സന്ദേഹപ്പെടുന്നു. നീ എന്നെ സഹായിക്കുമോ? എന്റെ കണ്ണിലെ ചോര വീഴുന്നിടത്ത്, എനിക്ക് ജീവിതത്തിൽ ദുരിതങ്ങൾ വരുമ്പോൾ, പ്രതിസന്ധി വരുമ്പോൾ നീ എന്നെ രക്ഷിക്കില്ലേ എന്നാണ് ആട്ടിൻകുട്ടി ചോദിക്കുന്നത്. പണ്ട് ബിംബിസാരന്റെ മുടന്തനായ ആട്ടിൻകുട്ടിയെ രക്ഷിച്ചതു പോലെ എന്റെ കണ്ണുകളിൽ ചുംബിച്ചെന്നെ തോളിലേറ്റുമോയെന്ന് ദയാവായ്പ്പോടെ ചോദിക്കുന്നു. അങ്ങയുടെ കാരുണ്യത്തിന്റെ കരങ്ങൾ, രശ്മികൾ എന്നെ തലോടുമോ .... ആ കനവെല്ലാം എനിക്ക് കാണാൻ കഴിയുമോ. എന്നീ സന്ദേഹങ്ങളെല്ലാം കവിയുടേതു കൂടിയാണ്.

## വരികൾ

'മുള്ളുകൾ തറയ്ക്കുന്നു കാലുകൾ മുടന്തുന്നു
...............................................................പൊന്നു വാഗ്
ദാനം വീണ്ടും കേൾക്കുമോ തഥാഗതം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിണ്ണ് | = | ആകാശം |
| വൈഖരി | = | സാർത്ഥകമായ ശബ്ദം |
| തഥാഗതൻ | = | ഗൗതമബുദ്ധൻ |

## ആശയ വിശദീകരണം

കാലിൽ മുള്ളുകൾ തറഞ്ഞു കയറി കാലു മുടന്തിക്കൊണ്ട് പ്രതീക്ഷയോടെ വീണ്ടും ആട്ടിൻകുട്ടി ചോദിക്കുന്നു. ഇനി മുന്നോട്ടുള്ള യാത്ര അസഹനീയമാണ്. ആകാശത്തിലേക്കുയരുന്ന ശബ്ദം പോലെ അങ്ങയുടെ കാരുണ്യം നിറഞ്ഞ വാഗ്ദാനങ്ങൾ വീണ്ടും കേൾക്കുമോ? അവയൊക്കെ നിറവേറ്റിത്തരാൻ അങ്ങു വരുമോയെന്നും ചോദിക്കുന്നു.

## വരികൾ

'മിണ്ടാത്ത നിൻ വെങ്കല

പ്രതിമയെങ്ങാണാവോ..........

......................................................

നിൻ പേരു വിളിച്ചും കൊണ്ടെൻ

ചോരക്കണ്ണടയവേ'

## ആശയ വിശദീകരണം

ഇന്ന് ബുദ്ധവിഗ്രഹം അതിന്റെ ചൈതന്യം നഷ്ടപ്പെട്ട അവസ്ഥയിലാണ്. മിണ്ടാത്ത, പ്രതികരിക്കാത്ത ഒരു വെങ്കല പ്രതിമ മാത്രമാണ് ഇന്ന് നീയെന്നും കവി പരിതപിക്കുന്നു. ആ

നിസ്സഹായാവസ്ഥയിൽ നിന്നും ബുദ്ധനെ ഉണർത്താൻ ആത്മബലിക്കുപോലും കവി തയ്യാറാകുന്നു. ആ കുരുതി രക്തം (ബലിച്ചോര) കൊണ്ട് സ്നേഹശൂന്യമായ ഈ ഭൂമിയിൽ കാരുണ്യവും നന്മയും തിരിച്ചു കൊണ്ടുവരാമെന്നും നവജീവന്റെ തുടിപ്പുകൾ ഉണർത്താമെന്നും കവി പ്രത്യാശിക്കുന്നു.

## വരികൾ

'പുൽക്കൊടിത്താഴ്വരകൾ
കാതിൽപ്പറഞ്ഞുയെന്നെ..
...............................................
കല്ലെറിഞ്ഞവനൊരു
സിദ്ധാർത്ഥനെന്ന കുട്ടി'

## ആശയ വിശദീകരണം

ആട്ടിൻകുട്ടി മനസിലാക്കുന്നു അല്ലെങ്കിൽ പുൽക്കൊടിത്താഴ്വരകൾ അതിനെ ബോധ്യപ്പെടുത്തുന്നു. തന്നെ കല്ലെറിഞ്ഞവൻ, ആ കുട്ടിയുടെ പേര് സിദ്ധാർത്ഥൻ എന്നാകുന്നുവെന്ന്. ഇവിടെ ഒരു വൈരുദ്ധ്യാത്മകതയുണ്ട്. അഹിംസാത്മകതയുടെ പ്രതിരൂപമായ ശ്രീബുദ്ധന്റെ ബാല്യകാലത്തിലെ പേര് സിദ്ധാർത്ഥൻ എന്നായിരുന്നു. ആ പേരിലുള്ള ഒരു കുട്ടിയാണ് ഇവിടെ അക്രമം കാട്ടിയിരിക്കുന്നത്. രക്ഷകനാകേണ്ടവർ ശിക്ഷകരാകുന്ന സാഹചര്യങ്ങളെ ഇവിടെ ഓർമ്മപ്പെടുത്തുന്നു. ആധുനിക സമൂഹത്തിലെ ബുദ്ധാവതാരങ്ങൾ അശരണരുടെ നിലവിളി കേൾക്കുന്നില്ല. നിന്റെ കാരുണത്തിന്റെ കരസ്പർശമേൽക്കാതെ, എന്റെ കണ്ണടയുന്ന നിമിഷത്തിലാണ് അറിയുന്നതു എന്നെ കല്ലെറിഞ്ഞത് സിദ്ധാർത്ഥനെന്ന കുട്ടിയാണെന്ന്. പ്രച്ഛന്ന വേഷക്കാരായ ശിക്ഷകരോടാണ് താൻ സങ്കടം ബോധിപ്പിച്ചതെന്ന ആട്ടിൻകുട്ടിയുടെ തിരിച്ചറിവിലൂടെ കവിത അവസാനിക്കുന്നു.

## കാവ്യാവലോകനം

മലയാള കവിതയിൽ ആധുനിക പ്രസ്ഥാനത്തിന് ജനകീയ മുഖം സമ്മാനിച്ച കവികളിൽ പ്രഥമഗണനീയനായിരുന്നു കവി. ജനകീയ പ്രസ്ഥാനത്തിന്റെ പ്രമുഖൻ ചങ്ങമ്പുഴയോളമാവില്ലെങ്കിലും ആധുനിക ജനകീയ കാവ്യപ്രപഞ്ചത്തിൽ അവദൂതഭാവം കൈവരുത്താനായിരുന്നു കവി അയ്യപ്പൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നത്. അതാണ് ജീവിതത്തിലും അവദൂതദർശനം പോലെ ഒരു തുണ്ട് പേപ്പറിൽ ഒരു കവിതാശകലമെഴുതി ഷർട്ടിന്റെ കൈച്ചുരുട്ടിൽ തിരുകിവച്ചിരുന്നത്. അയ്യപ്പൻ കവിതകൾ ഈ കാലഘട്ടത്തിന്റെ തന്നെ മനുഷ്യചേതനയെ പ്രചോദിപ്പിക്കാനും, മനുഷ്യമനസ്സിനെ തൊട്ടുണർത്താനും പോന്ന വൈഭവം ആവാഹിച്ചിരുന്നു. അയ്യപ്പൻ കവിതകൾക്ക് മറ്റാരിലും കാണാത്തത്ര മൂർച്ചയേറിയതും അതു കൊണ്ടായിരുന്നിരിക്കണം. കവിതയെഴുത്ത് അയ്യപ്പനെ സംബന്ധിച്ചിടത്തോളം ഒരു തരം ഭ്രാന്തമായ ആവേശമായിരുന്നു. തെരുവോരങ്ങളിലും, കടലോരങ്ങളിലും, വഴിയമ്പലങ്ങളിലും നടന്നലഞ്ഞാണ് തന്റെ സൃഷ്ടികൾ മുഴുവൻ കുത്തിക്കുറിച്ചെടുത്തിരുന്നത്. ഇരുന്നും കിടന്നും തലയിൽ കൈവച്ചും അയ്യപ്പൻ സൃഷ്ടിയുടെ പേറ്റ്നോവ് ശരിക്കും അനുഭവിച്ചു. നഗരങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്ക് കവി അലഞ്ഞു നടന്നിരുന്നത്, പിറക്കാൻ പോകുന്ന കവിതയുടെ പേറ്റ്നോവും പേറിയായിരുന്നുവെന്ന രഹസ്യം മറ്റാർക്കുമറിയില്ല. വെറുതെ എന്തിനാണ് കവി ഇങ്ങനെ നടന്നലയുന്നതെന്ന് കാഴ്ചക്കാർക്ക് തോന്നാമെങ്കിലും പുതിയൊരു കവിത തേടിയുള്ള പാച്ചിലാണത്. ഈ അനന്തമായ അലച്ചിലിനെക്കുറിച്ച് കവി അയ്യപ്പൻ തന്നെ ഒരവസരത്തിൽ പറഞ്ഞത് ഇങ്ങനെ: 'ഞാൻ വെറുതെ അലയുന്നതല്ല. മനസ്സിൽ കവിത രൂപം കൊള്ളുന്നത് ഇങ്ങനെ വെറുതെ നടക്കുമ്പോഴാണ്. കവിത മനസ്സാകുന്ന ഗർഭപാത്രത്തിൽ ജനിച്ചുകഴിഞ്ഞാൽ അതിന്റെ ആലസ്യത്തിൽപ്പെട്ട് നോവും വേവും അനുഭവിക്കുമ്പോഴെ പൂർണമായ ഒരു കവിത ജനിക്കുന്നുള്ളു'.

ആർജിത സംസ്കാരവും അടിസ്ഥാന ചോദനകളും തമ്മിലുള്ള സംഘർഷം കവിയെ എന്നും വേട്ടയാടിയിരുന്നു. ബുദ്ധനും ബുദ്ധതത്വങ്ങളും മലയാള കവിതയിൽ എല്ലാ കാലത്തും വിഷയമായി ഭവിച്ചിട്ടുണ്ട്. എ. അയ്യപ്പന്റെ 'ബുദ്ധനും ആട്ടിൻകുട്ടിയു'മെന്ന കവിത ഈയൊരു വിഷയത്തെ പുതിയ രീതിയിൽ സമീ

പിക്കുന്നു. ഈ കവിതയിൽ ഇടയൻ നഷ്ടപ്പെട്ട കുഞ്ഞാടായി ബുദ്ധന്റെ മുന്നിൽ കവി നിൽക്കുന്നു. കല്ലേറു കൊണ്ട് കണ്ണു പൊട്ടിയ കവി അശരണർക്കെല്ലാം ആശ്രയമായ ബുദ്ധന്റെ കണ്ണിന്റെ കനിവ് കാത്തു നിൽക്കുന്നു. ബുദ്ധന്റെ കരുണ, സ്നേഹ പ്രബോധനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട്, 'വിണ്ണിലേക്കുയരുന്ന വൈഖരി', പോലെ ബുദ്ധന്റെ വാഗ്ദാനം വീണ്ടും കേൾക്കുമോയെന്നാണ് കവി ചോദിക്കുന്നത്. ബുദ്ധപ്രതിമയ്ക്കു മുന്നിൽ തന്റെ തലമണ്ട പൊട്ടിച്ച് കുരുതി നടത്താനൊരുങ്ങുന്ന കവി മറ്റൊരു സത്യം കൂടി തിരിച്ചറിയുന്നു. സിദ്ധാർത്ഥനെന്ന കുട്ടിയാണ് തന്നെ കല്ലെറിഞ്ഞത്. സിദ്ധാർത്ഥൻ തനിക്ക് ഉണ്ടാക്കിയ മുറിവുണക്കാൻ ബുദ്ധനെ ആശ്രയിക്കേണ്ടി വരുന്ന വൈപരീത്യത്തിന്റെ ഒരു ലോകത്താണ് കവിയ്ക്ക് ജീവിക്കേണ്ടി വരുന്നത്. ബുദ്ധനും ആട്ടിൻകുട്ടിയും - എന്ന കവിതയിലൂടെ പീഡിതത്വത്തിന്റെ ഒരു വിപരീതദർശനമിവിടെ വ്യക്തമാകുന്നു. ഈ കവിതയിൽ പീഡിതത്വത്തിന്റെ പ്രതീകമായാണ് കല്ലേറു കൊണ്ട ആട്ടിൻ കുട്ടിയെ അവതരിപ്പിച്ചിരിക്കുന്നത്.

## Recap

- ആധുനിക കവിതയുടെ പ്രത്യേകതകൾ പ്രകടമാകുന്ന കവിതയാണ് 'ബുദ്ധനും ആട്ടിൻകുട്ടിയും'
- സ്വകാര്യ ബിംബങ്ങൾ നിറഞ്ഞതും സാമൂഹ്യ അരാജകത്വത്തെ പ്രതിനിധീകരിക്കുന്ന അയ്യപ്പൻ കവിതയുടെ സ്വഭാവങ്ങൾ ഈ കവിതയിൽ ദർശിക്കാം
- അഹിംസയുടെ പ്രവാചകനായ ശ്രീബുദ്ധന്റെ മാഹാത്മ്യം വെളിവാക്കുന്ന ബിംബിസാരന്റെ കഥ സൂചിപ്പിക്കുന്നു
- സമകാലിക സാമൂഹിക സാഹചര്യങ്ങളിലെ കപടരക്ഷകരുടെ മുഖം വെളിവാകുന്നു
- എ.അയ്യപ്പന്റെ കവിതകളുടെ സ്വഭാവസവിശേഷതകൾ വ്യക്തമാകുന്നു

## Objective Type Questions

1. ബുദ്ധനും ആട്ടിൻകുട്ടിയും എന്ന കവിതയിൽ ആട്ടിൻകുട്ടിക്ക് സംഭവിച്ചതെന്ത്?
2. ആരുടെ സമക്ഷമാണ് ആട്ടിൻകുട്ടി എത്തിച്ചേർന്നത്?
3. ആട്ടിൻകുട്ടിക്ക് എന്തൊക്കെ കാണാൻ കഴിയുന്നില്ലായെന്നാണു പറയുന്നത്?
4. ഇടയൻ നഷ്ടപ്പെട്ട തനിക്ക് ആരുടെ ആശ്രയമാണു വേണ്ടതെന്നാണ് ആട്ടിൻകുട്ടി പറയുന്നത്?
5. ബുദ്ധൻ എപ്രകാരം തന്നെ സഹായിക്കുമെന്നാണ് ആട്ടിൻകുട്ടി പ്രത്യാശിക്കുന്നത്?
6. മുന്നോട്ടുള്ള യാത്ര അസഹനീയമാണെന്ന് ആട്ടിൻകുട്ടി പറയാൻ കാരണമെന്ത്?
7. ബുദ്ധപ്രതിമയെ ഉണർത്താൻ എന്തു ചെയ്യാമെന്നാണ് പറയുന്നത്?
8. തന്നെ കല്ലെറിഞ്ഞത് ആരാണെന്നാണ് ആട്ടിൻകുട്ടി തിരിച്ചറിഞ്ഞത്?
9. നിരാലംബരായ ജനതയുടെയും നിസ്സഹായനായ കവിയുടെയും പ്രതിബിംബമായി കവിതയിലതരിപ്പിച്ചിരിക്കുന്നതാരെ?
10. എ.അയ്യപ്പനു ലഭിച്ച പുരസ്കാരങ്ങൾ ഏതെല്ലാം?

## Answers to Objective Type Questions

1. കല്ലേറു കൊണ്ട് കണ്ണു പോയി
2. ശ്രീബുദ്ധന്റെ ആൽത്തറയിൽ
3. ആൽത്തറ, ബുദ്ധൻ, പ്രഭാതീരം., പുൽപ്പാത എന്നിവ
4. കാരുണ്യവാനായ ബുദ്ധന്റെ
5. കണ്ണിനെ ചുംബിച്ചു തോളിലേറ്റുമെന്ന്
6. കാലിൽ മുള്ളു തറച്ചതിനാൽ
7. കുരുതിരക്തം കൊണ്ട് ആത്മബലി നൽകാമെന്ന്
8. സിദ്ധാർത്ഥനെന്ന ബാലൻ
9. ആട്ടിൻകുട്ടിയെ
10. 1999 ലെ കേരള സാഹിത്യ അക്കാദമി അവാർഡും 2010ലെ ആശാൻ കവിതാപുരസ്കാരവും

## Assignments


- ആധുനിക കവിതകളുടെ പൊതുസ്വഭാവങ്ങൾ ചർച്ച ചെയ്യുക.
- സമകാലിക സംഭവങ്ങളെ പ്രതിബിംബാത്മകമായി വരച്ചു കാട്ടാൻ, 'ബുദ്ധനും ആട്ടിൻകുട്ടിയും' എന്ന കവിതയിലൂടെ കവിക്ക് കഴിഞ്ഞിട്ടുണ്ട്. വിലയിരുത്തുക

## Reference


1. ഡോ.എം.ലീലാവതി - മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഡോ.കെ.എം. ജോർജ് - ആധുനിക സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.
3. ഡോ. പത്മന രാമചന്ദ്രൻ നായർ - സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, ഡി.സി.ബുക്സ്, കോട്ടയം


## E-Content

▶ ഭ



എ.അയ്യപ്പൻ

https://fb.watch/gYiJaXzMUd/

https://ml.wikipedia.org/wiki/എ_അയ്യപ്പൻ

# യൂണിറ്റ് -9
# ഇഷ്ടമുടിക്കായൽ

**കുരീപ്പുഴ ശ്രീകുമാർ**

## Learning outcomes

- കുരീപ്പുഴ ശ്രീകുമാർ എന്ന കവിയെയും കൃതികളെയും പരിചയപ്പെടുന്നു
- കായൽ സൗന്ദര്യം വിവരിക്കുന്ന കവിതകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- പ്രാദേശിക ചരിത്രമെങ്ങനെ കവിതയിൽ ഉൾച്ചേരുന്നു എന്നു മനസ്സിലാക്കുന്നു
- കുരീപ്പുഴ ശ്രീകുമാറിന്റെ കാവ്യശൈലിയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു

## Prerequisites

പ്രകൃതി എക്കാലവും കവിതക്ക് വിഷയമായിട്ടുണ്ട്. പ്രകൃതിയെക്കുറിച്ചു വർണ്ണിക്കാത്ത കവികളില്ല എന്നു തന്നെ പറയാം. ആദിമകാവ്യം മുതൽ ഉത്തരാധുനിക കവിതകൾ വരെ പ്രകൃതിയെ വർണ്ണിക്കുന്നവയാണ്. കേരളത്തിന്റെ ഭൂപ്രകൃതി വളരെ മനോഹരമാണ്. പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള പൂക്കളും മലകളും കാടുകളും കായലും പുഴയും കടലും എല്ലാം കവിതക്ക് വിഷയമായിട്ടുണ്ട്. പുഴകളെയും കാടുകളെയുമെല്ലാം കാല്പനികതയുടെ ഘട്ടത്തിൽ കവികൾ ഭംഗിയായി വർണ്ണിച്ചിട്ടുണ്ട്. ഏതു സാഹിത്യപ്രസ്ഥാനങ്ങളുടെ പ്രഭാവകാലത്തും പ്രകൃതിയെക്കുറിച്ചുള്ള വിവരണങ്ങൾ കവിതയിലുണ്ടായിട്ടുണ്ട്. അത് ഏറിനിന്ന ഒരു കാലഘട്ടം കാൽപനികതയുടേതായിരുന്നു എന്നു മാത്രം. നിളയെന്ന പുഴയെ കവിതകളിൽ വർണ്ണിച്ചുകൊണ്ട് 'നിളയുടെ കാമുകൻ' എന്ന വിശേഷണം നേടിയ ആളാണ് പി. കുഞ്ഞിരാമൻ നായർ. കായലിന്റെ സൗന്ദര്യത്തെ വർണ്ണിച്ച കവിയാണ് തിരുനെല്ലൂർ കരുണാകരൻ. ഈ പാരമ്പര്യത്തിലേക്ക് എത്തിച്ചേർന്ന ഉത്തരാധുനിക കവിയാണ് കുരീപ്പുഴ ശ്രീകുമാർ. 'ആലപ്പുഴവെള്ളം' എന്ന കവിതയിലൂടെ ഉത്തരാധുനിക ഘട്ടത്തിലെ ശ്രദ്ധേയയായ കവയിത്രി അനിതാ തമ്പിയും കായൽ സംസ്കാരത്തെ ഒപ്പിയെടുത്തു. അടിയന്തിരാവസ്ഥ സൃഷ്ടിച്ച സംഘർഷങ്ങളും അനശ്ചിതത്വവും നിലനിൽക്കുന്ന കലുഷിതമായ കാലത്തിലൂടെ കടന്നുവന്ന കവിയാണ് കുരീപ്പുഴ ശ്രീകുമാർ.

1955-ൽ കൊല്ലം ജില്ലയിലെ കുരീപ്പുഴയിൽ ജനിച്ച ശ്രീകുമാർ എഴുപതുകളിലാണ് എഴുതിത്തുടങ്ങിയത്. എഴുപതുകളിലെയും എൺപതുകളിലെയും യുവത്വത്തെ നിരാശയിലാഴ്ത്തിയ തൊഴിലില്ലായ്മയുടെയും ജീവിതപ്രതിസന്ധികളുടെയും സംഘർഷങ്ങൾ കുരീപ്പുഴയുടെ കവിമനസ്സിനെ സ്വാധീനിച്ചിട്ടുണ്ട്. വീണവില്പനക്കാരൻ, ആത്മഹത്യാമുനമ്പ്, ദുഃഖപ്പാട്ട്, ശ്രീകുമാറിന്റെ ദുഃഖങ്ങൾ, കാഴ്ച, തുമ്പപ്പൂവിനൊരു കത്ത്, ചോരക്കലാശം തുടങ്ങിയ ആദ്യകാല കവിതകളിലെല്ലാം ദുഃഖവും നിരാശയും സന്ദേഹവും നിറഞ്ഞ

യുവഹൃദയത്തിന്റെ നിശ്വാസങ്ങളാണുള്ളത്. എൺപതുകളിൽ കേരളത്തിലെ കലാലയാന്ത രീക്ഷത്തിൽ നിറഞ്ഞുനിന്ന 'ജെസ്സി' എന്ന കവിതയും 2000-ൽ രചിച്ച 'കീഴാളനു'മാണ് കുരീപ്പുഴയുടെ ഏറ്റവും പ്രശസ്തമായ കവിതകൾ. കപടഭക്തിയെയും അന്ധവിശ്വാസത്തെയും ആചാരങ്ങളെയും പച്ചയായി എതിർക്കുന്ന 'ചാർവ്വാകൻ' എന്ന കവിത കുരീപ്പുഴ ശ്രീകുമാർ എന്ന മനുഷ്യവാദിയെ തുറന്നുകാട്ടുന്നുണ്ട്. സോഷ്യലിസ്റ്റ് ആദർശങ്ങൾക്കൊപ്പം നിലകൊണ്ട് രാഷ്ട്രീയത്തിന്റെ തൂണുകൾ കടപുഴകുമെന്നായപ്പോൾ കമ്മ്യൂണിസ്റ്റ്കവിയായ കുരീപ്പുഴ ഇങ്ങനെ എഴുതി: 'ആകെ മടുത്തു സഖാവേ സഹിക്കുവാനാകാത്ത വാചകത്തെയ്യങ്ങളാടവേ...' ഇങ്ങനെ സാഹചര്യങ്ങളോട് അപ്പപ്പോൾ പ്രതികരിക്കുന്ന കവിയാണ് കുരിപ്പുഴ ശ്രീകുമാർ. അടുത്ത കാലത്ത് ഹിന്ദുഫാസിസത്തിനെതിരെ പ്രതികരിച്ച അദ്ദേഹത്തിനു നേരെ വർഗ്ഗീയശക്തികൾ വധഭീഷണി ഉയർത്തിയപ്പോൾ 'വാക്കിന്റെ നാക്കരിയാനാവില്ല മക്കളേ' എന്ന് പ്രതികരിച്ച അദ്ദേഹത്തിന്റെ ധീരത ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു.

ഇരുനൂറിൽപ്പരം കവിതകളെഴുതിയ അദ്ദേഹത്തിന്റെ പ്രധാന കവിതാസമാഹാരങ്ങളാണ് ശ്രീകുമാറിന്റെ ദുഃഖങ്ങൾ, രാഹുലൻ ഉറങ്ങുന്നില്ല, ഹബീബിന്റെ ദിനക്കുറിപ്പുകൾ, അമ്മമലയാളം, ഇഷ്ടമുടിക്കായൽ, കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ എന്നിവ. ആധുനികതയുടേയും ഉത്തരാധുനികതയുടേയും ഘട്ടങ്ങളിൽ കാവ്യസാന്നിദ്ധ്യമുറപ്പിച്ച കവിയാണ് കുരീപ്പുഴ ശ്രീകുമാർ. കാവ്യരചനയുടെ സാമ്പ്രദായിക രീതികളോട് ചേർന്നും ചേരാതെയും സഞ്ചരിക്കുന്ന അദ്ദേഹം ചൊൽക്കവിതകളിലൂടെയാണ് ജനകീയകവിയായത്. അയ്യപ്പപ്പണിക്കരോട് ചേർത്തുനിർത്താവുന്ന രചനാശൈലിയും എൻ.വി.കൃഷ്ണവാരിയരുടെ യഥാതഥാരീതിയും കുഞ്ചൻനമ്പ്യാരുടെ നർമ്മവും കൂടിച്ചേർന്നതാണ് കുരീപ്പുഴയുടെ കവിതകൾ എന്ന് പ്രൊഫ. ആദിനാട് ഗോപി എന്ന നിരൂപകൻ വിലയിരുത്തിയിട്ടുണ്ട്. ആധുനികതയുടെയും ഉത്തരാധുനികതയുടെയും കാവ്യധാരകൾക്കൊപ്പമാണ് കുരീപ്പുഴയുടെ കവിതകൾ സഞ്ചരിക്കുന്നത്. ഒ.എൻ.വി., സുഗതകുമാരി, അയ്യപ്പപ്പണിക്കർ, ആറ്റൂർ തുടങ്ങിയ കവികളെ പിൻതുടർന്നെത്തിയ കുരീപ്പുഴ ശ്രീകുമാറിന്റെ കാവ്യശൈലിയോട് ചേർന്നുപോകുന്ന ഉത്തരാധുനിക ഘട്ടത്തിലെ സമകാലിക കവികളാണ് ഏഴാച്ചേരി രാമചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, മുരുകൻ കാട്ടാക്കട തുടങ്ങിയവർ.

## Keywords

പ്രകൃതിസ്നേഹി - ഉത്തരാധുനികത - ആധുനികത - സോഷ്യലിസ്റ്റ് കവി - കുരീപ്പുഴയുടെ കൃതികൾ.

## 3.9.1 Content

ഉത്തരാധുനിക കവിതയുടെ ഗണത്തിൽപ്പെടുന്ന കവിതയാണ് കുരീപ്പുഴ ശ്രീകുമാറിന്റെ 'ഇഷ്ടമുടിക്കായൽ' (2002). കവിയെ ചിരിപ്പിക്കുകയും കരയിക്കുകയും മോഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന അഷ്ടമുടിക്കായലിന്റെ ഉൾത്തുടിപ്പുകളാണ് കവിതയുടെ കേന്ദ്ര പ്രമേയം. കായൽത്തീരത്തു ജനിച്ചുവളർന്ന കവിയിൽ കായൽ സൃഷ്ടിച്ച സ്വാധീനത്തിന്റെ ദൃഷ്ടാന്തമാണ് ഈ കവിത. അഷ്ടമുടിക്കായലിന്റെ വിവിധ ഭാവങ്ങളും സവിശേഷതകളും പങ്കുവയ്ക്കുന്ന ഈ കവിതയിൽ കായലിനെ കാമുകിയായും അമ്മയായും കവി സങ്കല്പിക്കുന്നു. വഞ്ചിപ്പാട്ടിന്റെ താളമായ നതോന്നതയാണ് ഈ കവിതയുടെ വൃത്തം.

'ഗണം ദ്വ്യക്ഷരമെട്ടെണ്ണമൊന്നാം പാദത്തിൽ,
മറ്റതിൽ ഗണമാറര; നില്ക്കേണം

രണ്ടുമെട്ടാമതക്ഷരേ,
ഗുരുതന്നെയെഴുത്തെല്ലാ-
മിശ്ശീലിൻ പേർ നതോന്നതാ'

എന്നതാണ് നതോന്നതയുടെ ലക്ഷണം. അതു പ്രകാരം ഒന്നാമത്തെ വരിയിൽ രണ്ടക്ഷരം വീത മുള്ള എട്ടു ഗണങ്ങളും (പതിനാറക്ഷരം) രണ്ടാമത്തെ വരിയിൽ രണ്ടക്ഷരം വീതമുള്ള ആറര ഗണവും (പതിമൂന്നക്ഷരം) എന്ന തോതിലാണ് പദ്യം വാർക്കുക. ഇഷ്ടമുടിക്കായലിന്റെ താളക്രമത്തിൽ ആദ്യത്തെ രണ്ടു പാദങ്ങളിലും ഒരേ അക്ഷരക്രമവും മൂന്നാം പാദത്തിൽ പതിമൂന്നക്ഷരവുമായി നേരിയ വ്യതിയാനം വരുത്തിയിട്ടുണ്ട്.

പ്രാദേശിക വിജ്ഞാനങ്ങളും കായലറിവുകളും പകർന്നുനൽകുന്ന ഈ കവിതയുടെ ഏറ്റവും വലിയ ആകർഷണം അതിന്റെ ശില്പഭംഗിതന്നെയാണ്. രൂപസൗന്ദര്യത്തിനും ഭാവസൗന്ദര്യത്തിനും ഒരേ സ്ഥാനമാണ് കവി നൽകിയിരിക്കുന്നത്. അഷ്ടമുടിക്കായലിന്റെ കിടപ്പും എടുപ്പും വിവരിച്ചുകൊണ്ട് തുടങ്ങുന്ന കവിത കായലിന്റെ എല്ലാ ഭാവങ്ങളെയും ആവിഷ്കരിക്കുന്നു. ഉൾത്തുടിപ്പുകളുടെ അനുഭൂതി പകരുന്ന ഈ കവിത കവിയും കായലും തമ്മിലുള്ള വൈകാരികബന്ധത്തിന്റെ ബഹിർസ്ഫുരണമായി മാറുന്നു.

## വരികൾ

'മുടിയെട്ടും കോർത്തുകെട്ടി
വിരൽനൂറാൽ കാറ്റൊതുക്കി
..................................................
പാച്ചിക്കരഞ്ഞാണം വിളക്കുന്ന
വെയിൽക്കിന്നാരം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| മുടിയെട്ടും | = | എട്ടു മുടികളുള്ള അഷ്ടമുടിക്കായൽ |
| അമരത്ത് | = | മുൻഭാഗത്ത് |
| അണിയത്ത് | = | പിൻഭാഗത്ത് |
| പള്ളിവേട്ട | = | സൂര്യാസ്തമയം |
| റാണി | = | തിരുനെല്ലൂർ കരുണാകരന്റെ പ്രശസ്തമായ കവിത |
| തിരപ്പൂഞ്ചൂര് | = | കായൽത്തിരയിൽ നിന്നുയരുന്ന മണം |
| കൂഴാലി | = | അഷ്ടമുടിക്കായലിൽ കാണുന്ന ഒരിനം മത്സ്യം |
| ജലശ്ശീല | = | ജലമാകുന്ന വിരിപ്പ് |
| പ്രാച്ചി | = | ഒരിനം മത്സ്യം |

## ആശയ വിശദീകരണം

അഷ്ടമുടിക്കായലിനോടുള്ള കവിയുടെ ഇഷ്ടം പ്രകടമാക്കുന്ന കവിതയാണ് 'ഇഷ്ടമുടിക്കായൽ'. കായലിനെ കാമുകിയായി സങ്കല്പിക്കുന്ന കവി അവളുടെ വിവിധ ഭാവങ്ങൾ പകർത്തുകയാണ് ഈ വരികളിലൂടെ, എട്ടു മുടികൾ (ശാഖകൾ) ചേർന്നതാണ് അഷ്ടമുടിക്കായൽ, തിരകളാകുന്ന വിരൽകൊണ്ട് കാറ്റിനെ ഒതുക്കി കിഴക്കോട്ടു തിരിഞ്ഞ്, വിരിഞ്ഞു കിടക്കുന്ന അവൾ കവിയുടെ തുഴത്തണ്ടിന്റെ താളത്തിനൊപ്പം തുടിക്കുകയാണ്.

അമരത്ത് (മുൻപിൽ) മുകിൽക്കൂട്ടവും അണിയത്ത് (പിന്നിൽ) കറുത്ത കക്കകളുമായി സഞ്ചരിക്കുന്ന തോണിയിലെ യാത്രക്കാരനായി മാറുകയാണ് കവി. തീരങ്ങൾ നിറഞ്ഞ് സാവകാശം തുഴഞ്ഞുപോകവേ, ആ കായൽപ്പെണ്ണിനോടു കവി പറയുകയാണ്; 'എന്റെ ജലക്കൂട്ടേ, നിറക്കൂട്ടേ, നീ നിറഞ്ഞുനില്ക്ക്. ദൂരെ സംഭവിക്കാൻ പോകുന്ന പകലോന്റെ (സൂര്യന്റെ) പള്ളിവേട്ടയ്ക്കായി (അസ്തമനം) ഒരുങ്ങിനില്ക്ക്'. ഇനി രാത്രികാലത്തെ കായലിന്റെ ഭാവപ്പകർച്ചയാണ് കവി പകർത്തുന്നത്. അഴുകിയ തൊണ്ടുകളെല്ലാം ഇരിഞ്ഞുവച്ചശേഷം തിരുനെല്ലൂരിന്റെ കവിതയിലെ കഥാപാത്രമായ റാണി (കയറുപിരിക്കുന്ന തൊഴിലാളി സ്ത്രീകളെ ആസ്പദമാക്കിയുള്ള കവിത) രാവിന്റെ സ്വാതന്ത്ര്യം ആസ്വദിക്കുകയാണ്. പാദസരം കിലുക്കി അവൾ തിടുക്കത്തിൽ നടക്കുന്ന പൂനിലാവത്ത്, തിരുനെല്ലൂർ എന്ന കവി ഉറക്കത്തിൽ നിന്ന് ഉണരുന്നു. എന്നിട്ട് കായലിന്റെ മടിക്കുത്തിൽ വയ്ക്കാനായി പൂപോലെ പതയുന്ന തീരയുടെ ചൂരുള്ള തൊഴിൽപ്പാട്ടുകൾ സമ്മാനിക്കുന്നു.

തിരുനെല്ലൂർ കരുണാകരൻ എന്ന കവിയുടെ റാണി എന്ന കഥാപാത്രം തന്റെ കവിതയ്ക്ക് പ്രചോദനമായി മാറിയ അനുഭവത്തെക്കുറിച്ചാണ് കുരീപ്പുഴ സൂചിപ്പിക്കുന്നത്. കമ്മ്യൂണിസ്റ്റ് കവിയായിരുന്ന തിരുനെല്ലൂരിന്റെ വിപ്ലവഗാനങ്ങളെയാണ് തൊഴിൽപ്പാട്ടുകളെന്ന് പരാമർശിക്കുന്നത്. തുടർന്ന് അഷ്ടമുടിക്കായലിലെ സവിശേഷമായ കാഴ്ചകളിലേക്കാണ് കവി അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നത്. ഇവിടെ മഴക്കാലത്തുണ്ടാകുന്ന കൂഴാലി എന്ന അപൂർവമത്സ്യമുള്ളതായി കവി ചൂണ്ടിക്കാണിക്കുന്നു. കായൽജലമാകുന്ന തിരശ്ശീലയ്ക്കപ്പുറത്ത് (കർട്ടൻ, വിരി) തിളക്കമുള്ള മണൽക്കണ്ണാടി (വെയിലത്ത് കണ്ണാടി പോലെ തിളങ്ങുന്ന മണൽ) കാണാം. കായലിൽ നിന്നുയരുന്ന തിരകൾ മണൽവിരിപ്പുമായി സംഗമിക്കുമ്പോഴുണ്ടാകുന്ന നിഴലിന്റെ കൂമ്പാരവും പ്രാച്ചിമീനുകൾക്ക് അരഞ്ഞാണം വിളക്കുന്ന (വെയിൽ തട്ടുമ്പോൾ പ്രാച്ചിമീനുകളുടെ അരയുടെ ഭാഗത്ത് കാണപ്പെടുന്ന തിളക്കം) വെയിലിന്റെ കിന്നാരവും കവി കാണിച്ചുതരുന്നു.

അഷ്ടമുടിക്കായലിന്റെ മാറിമാറി വരുന്ന ഭാവങ്ങളെ കുട്ടനാടൻ ജീവിതത്തിന്റെ തുടിപ്പുകളുമായി കോർത്തുകെട്ടി ആവിഷ്കരിച്ചിട്ടുള്ള കവിതയാണ് ഇഷ്ടമുടിക്കായൽ. കായലിനെ സ്ത്രീയായും കാമുകിയായും സങ്കല്പിച്ചുകൊണ്ട്, അവളുടെ രൂപവും ഭാവവും അവൾ നൽകുന്ന പ്രചോദനവും ചുറ്റുപാടുമുള്ള കാഴ്ചകളും കവി പങ്കുവയ്ക്കുന്നു. വഞ്ചിപ്പാട്ടിന്റെ താളമായ നതോന്നത വൃത്തത്തിലാണ് ഈ കവിത ചിട്ടപ്പെടുത്തിയിരിക്കുന്നത്.

കായലിനെ കാമുകിയായി സങ്കല്പിച്ചിരിക്കുന്ന കവിതയിലെ പ്രധാന അലങ്കാരം രൂപകമാണ്. 'അവർണ്യത്തോടു വർണ്യത്തിന്നഭേദം ചൊൽക രൂപകം' എന്നാണ് അലങ്കാരലക്ഷണം. പരസ്പര സാദൃശ്യമുള്ള ധർമ്മങ്ങളോടുകൂടിയ ഒരു വർണ്യത്തിനും അവർണ്യത്തിനും ഭേദമില്ലെന്നു വരുന്നത് അഥവാ ഉപമാനത്തിന്റെയും ഉപമേയത്തിന്റെയും സമ്പൂർണ്ണ ചേർച്ചയാണ് രൂപകം.

## വരികൾ

'വീരഭദ്രൻ

കണ്ടുനിൽ കുളിച്ചു വന്ന്.

....................................

ത്രസിക്കുമ്പോൾ ചിങ്ങരാവേ
കഥിച്ചു നില്ല്.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വീരഭദ്രൻ | = | പരമശിവൻ |
| ഉരുക്കൾ | = | കാളകൾ |
| മറുത | = | യക്ഷി |
| കോൽക്കുതിര | = | സൂര്യൻ |
| കരിഞ്ചെല്ലി | = | തെങ്ങു നശിപ്പിക്കുന്ന ചെള്ള് |
| കടുംപാറാൻ | = | മരപ്പട്ടി |

## ആശയ വിശദീകരണം

കായൽക്കരയിലെ ക്ഷേത്രത്തിൽ നിന്ന് വീരഭദ്രൻ (ശിവന്റെ ജടയിൽനിന്നുത്ഭവിച്ച മൂർത്തി) നോക്കിനിൽക്കേ, കുളിച്ചുവന്ന് കരയിലെ ഉരുക്കൾക്കുവേണ്ടി പശുക്കൾക്കുവേണ്ടി കർഷകർ മണ്ണിൽ ഉരുണ്ട് (പശുക്കളുടെ ആരോഗ്യത്തിനുവേണ്ടി ഭക്തർ നടത്തുന്ന വഴിപാട്) വഴിപാട് നടത്തുന്നു. കൃഷി നശിക്കുമ്പോൾ കടബാധ്യതയിൽ കുടുങ്ങിയ കർഷകർ പിടിച്ചു നില്ക്കുവാൻ നിവൃത്തിയില്ലാതെ തങ്ങളുടെ ഉരുക്കളെ വില്ക്കുന്നതും ആ ഉരുക്കളുടെ കയർ കാലിൽ ചുറ്റി (ഉരുക്കളെ വാങ്ങുന്നവർ പുതിയ കയറുമായാണ് പോകാറ്. ഉരുവിനെ വിറ്റയാൾക്ക് പഴയ കയർ എന്നത് അനിശ്ചിതത്വത്തിന്റെയും നിരാശയുടെയും ചിഹ്നമാണ്) സ്തംഭിച്ചുനില്ക്കുന്നതും കായൽക്കരയിലെ കർഷകർക്കിടയിൽ കാണുന്ന പതിവുകാഴ്ചയാണ്. ഇത്രയും ആർദ്രതയോടെ തന്റെ മക്കളെ സ്നേഹിക്കുന്ന കായലാകുന്ന അമ്മയോട് കവി ക്ഷമാപണം നടത്തുകയാണ് അടുത്ത വരികളിൽ. 'നീ പോറ്റി വളർത്തിയ ആ ഉരുക്കളെ ഇറച്ചിയാക്കി കള്ളും ചേർത്ത് ഭക്ഷിക്കാൻ പുറപ്പെടുന്ന നിന്റെ തെറിച്ച മക്കളോട് അന്തിക്കള്ളും കുടിച്ച് അലസ ജീവിതം നയിക്കുന്നവരോട് അമ്മേ നീ പൊറുക്കുക എന്നതാണ് ആ ക്ഷമാപണം.

മുഖം പൊള്ളിച്ചശേഷം വലിച്ചെറിഞ്ഞ പെൺശവത്തെ (പീഡിപ്പിച്ചു കൊലപ്പെടുത്തിയ ശേഷം സ്ത്രീശരീരങ്ങൾ രാത്രിയുടെ മറവിൽ അഷ്ടമുടിക്കായലിലേക്കു വലിച്ചെറിയുന്നത് ഒരുകാലത്ത് പതിവുസംഭവമായിരുന്നു. ശവം തിരിച്ചറിയാതിരിക്കാൻ മുഖം കത്തിച്ച് വികൃതമാക്കുന്ന പതിവുമുണ്ടായിരുന്നു) മറികടന്ന് മറുതീരത്തണയുന്ന ഇടവക്കാറ്റിനോട് കവി ഉപദേശിക്കുകയാണ്; മറുതാൽ ദുർദേവതയ്ക്ക് പിറന്ന ചെറ്റകൾ തോന്നിവാസികൾ ശിങ്കരിക്കുന്ന ആ തുരുത്തിൽ നിന്റെ കരുത്തുള്ള കൈ ഒളിപ്പിച്ചുവയ്ക്കും. പ്രേതബാധയേറ്റതുപോലെ കൂവിവിളിച്ചുകൊണ്ട് ദൂരെ രാത്രിവണ്ടി കടന്നുപോകുമ്പോൾ (പാലത്തിനു മുകളിലൂടെ തീവണ്ടി പോകുമ്പോഴുണ്ടാകുന്ന ഭീകരമായ ശബ്ദത്തെ സൂചിപ്പിക്കുന്നു) പാലവും അതിനുമുകളിൽ നില്ക്കുന്ന കേളനും ബലമുള്ള പാലവും കരുത്തുള്ള മനുഷ്യനും - കുലുങ്ങുന്നില്ല എന്ന വാസ്തവം കവി ചൂണ്ടിക്കാണിച്ചുതരുന്നു. (പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല എന്ന ചൊല്ല് ചേർത്തുവയ്ക്കുന്നു). ഇനി പെരുമൺതേരു (പെരുമൺ ക്ഷേത്രത്തിലെ തേര് എഴുന്നള്ളിപ്പ്) കാണാനായി പോകുന്ന വെള്ളിമൺകാറ്റിന്റെ സഞ്ചാരമാണ് കവി കാണിച്ചുതരുന്നത്. ഉച്ചതിരിഞ്ഞ് നേരത്ത് പ്രാക്കുളം എന്ന സ്ഥലത്തെ പനിക്കുന്ന പ്രാക്കളോടൊപ്പമാണ് (പനിപിടിച്ച് പ്രാവുകളുടെ കുറുകലിന് പ്രത്യേക ശബ്ദമാണ്) അതിന്റെ സഞ്ചാരം. തീവണ്ടിയപകടത്തിൽ മുങ്ങിമരിച്ചവരുടെ ആത്മാക്കളും (പെരുമൺ ദുരന്തത്തെ സൂചിപ്പിക്കുന്നു) ആ വെള്ളിമൺകാറ്റിനൊപ്പം കൂടുന്നുണ്ട്.

സന്ധ്യയാകുംമുമ്പേ ചങ്ങാടത്തിൽ കയറി കടവൂരിലേക്കു (അഷ്ടമുടിക്കായലിന്റെ തീരത്തുള്ള ഒരു സ്ഥലം) പുറപ്പെടുന്ന കോൽക്കുതിരയ്ക്ക് (ജലോത്സവത്തിനെഴുന്നള്ളിക്കുന്ന അലങ്കരിച്ച കുതിരക്കോലം) അകമ്പടി പോകുന്ന പരുന്തിന്റെ കണ്ണിൽ തുളുമ്പുന്നത് കായലോളമാണ്. കോൽക്കുതിരയെ വഹിക്കുന്നവർ 'ചരോ വരോ' എന്ന് താളം പിടിക്കുമ്പോൾ ആ ശബ്ദത്തിനൊപ്പം കായൽ തിളയ്ക്കുകയും കാഞ്ഞിരോട്ടു കരിമീൻ (അഷ്ടമുടിക്കായലിലെ ഒരു ഭാഗമാണ് കാഞ്ഞിരോട്. ഈ ഭാഗത്തുള്ള കരിമീൻ വിശിഷ്ടമാണ്) തൃക്കളിയാട്ടം - പുളച്ചു മറിയുന്നത് -നടത്തുകയും ചെയ്യുന്നു. ഇവിടെ നിന്ന് കായലോരത്തെ കാർഷികഭൂമിയിലേക്കാണ് കവി ചെന്നെത്തുന്നത്. കരിക്കും വെള്ളയും കൊഴിഞ്ഞുപോയ തെങ്ങുകളാണിവിടെയുള്ളത്. കായലോരത്തെ തെങ്ങുകളുടെ ശോഷിച്ച അവസ്ഥയെ വരച്ചുകാട്ടുകയാണ് കവി. തെങ്ങിൻതോപ്പുകളിൽ കരിഞ്ചെല്ലി, (വെള്ളയ്ക്കയുടെ നീര് ഊറ്റിക്കുടിക്കുന്ന ഒരുതരം ചെള്ള്) കാവലിരിക്കുന്ന രാത്രികളിൽ കടുംപാറാൻ (മരപ്പട്ടി) കരിക്കിൻ വെള്ളം ഊറ്റിക്കുടിച്ച് തൊഴിച്ചു കളഞ്ഞ തൊണ്ണാൻ (വെള്ളയ്ക്ക) നെരിപ്പോടുമാട നെയ്ത് (കൊല്ലനുണ്ടാക്കിയ പാര) കുത്തിനിർത്തിയിരിക്കുകയാണ്. ഇങ്ങനെയുള്ള ചുറ്റുപാടിൽ കായൽ ത്രസിച്ചു നിൽക്കുമ്പോൾ, കവി ചിങ്ങരാവിനോടു കഥ പറയുവാൻ ആവശ്യപ്പെടുകയാണ്.

## വരികൾ

'ദുരവസ്ഥക്കവിയെ നീയൊടുക്കം കണ്ടു
..............................................................
മഹാലോകം തൊട്ടതായിട്ടറിയുന്നുണ്ട്'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ദുരവസ്ഥക്കവി | = | 'ദുരവസ്ഥ' എന്ന കവിതയെഴുതിയ കുമാരനാശാൻ |
| അരുൾ | = | കല്പന, അനുഗ്രഹം |
| കൂന്തൽ | = | ഒരു തരം മത്സ്യം |
| കാട്ടുമാക്കാൻ | = | കുറുക്കൻ |
| കുരിച്ചിൽ | = | മത്സ്യത്തിന്റെ മുള്ള് |
| ചൂട | = | ഒരു തരം മത്സ്യം |

## ആശയ വിശദീകരണം

ആ ചിങ്ങരാവ് കായലിനോടു പറയുന്ന കഥ ഇതാണ്. ദുരവസ്ഥക്കവിയെ - കുമാരനാശാനെ - അവസാനമായി കണ്ടവളാണ് (ബോട്ടു മുങ്ങി കുമാരനാശാൻ മരിച്ച സംഭവത്തെ സൂചിപ്പിക്കുന്നു) നീ. ഗുരുവിന്റെ -ശ്രീനാരായണഗുരുവിന്റെ - കല്പനകളുമായുള്ള വരവു നീ കണ്ടു.

വയൽ പെറ്റ ധന്യമാർക്ക് - കർഷകസ്ത്രീകൾക്ക് - റൗക്കയും സ്നേഹവുമായി വില്ലുവണ്ടിയെത്തുന്ന കാഴ്ചയ്ക്കും നീ സാക്ഷിയായി (നവോത്ഥാന ആശയങ്ങളുടെ പ്രചാരണത്തിനായി അയ്യങ്കാളി നടത്തിയ വില്ലുവണ്ടിയാത്രയെ സൂചിപ്പിക്കുന്നു. റൗക്ക വിതരണം ചെയ്തുകൊണ്ടാണ് അദ്ദേഹം സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശത്തിനായി പോരാടിയത്). മണ്ണിൽ കുരുത്താന് - മണ്ണിൽ പണിയെടുക്കുന്നവർക്ക് - വഴി നടക്കാനും പഠിക്കാനുമായുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കുരുത്തോലപ്പന്തലിട്ടതിന്റെ നടുക്കം നീ കേട്ടു. (നവോത്ഥാന പ്രസ്ഥാനചരിത്രത്തിലെ വിപ്ലവമുന്നേറ്റങ്ങളെ സൂചിപ്പിക്കുന്നു).

ഒരിക്കൽ അഷ്ടമുടിക്കായലിലെ സാമ്പ്രാണിക്കോടി എന്ന ഭാഗത്തുവച്ച് കവിയും കായലാകുന്ന കാമുകിയും തമ്മിലുണ്ടായ സംഗമത്തെക്കുറിച്ച് കവി ഓർക്കുകയാണ്; "നിന്റെ മടിത്തട്ട് കണ്ട് ഞാൻ ഇറങ്ങിവന്നു. അപ്പോൾ ആഴമെല്ലാം ഒളിപ്പിച്ചുവച്ച് നീയെന്നിൽ മോഹം -പ്രണയം-ഉണർത്തി. നിന്റെ പൂവയറ്റിൽ ജനിച്ച തൊഴിലാളി വർഗ്ഗത്തിന് വിപ്ലവവീര്യം പകരാൻ ഞണ്ടും കൂന്തലും വേണം."

കായൽക്കരയിലെ അരക്ഷിതാവസ്ഥയിൽ കഴിയുന്ന ജീവിതങ്ങളിലേക്കാണ് അടുത്തതായി കവിയുടെ കാഴ്ച കടന്നുചെല്ലുന്നത്. കണ്ടവർക്കു പിറന്നോനും (ജാരസന്തതികളെ സൂചിപ്പിക്കുന്നു) കാട്ടുമാക്കാൻ കടിച്ചോനുമായ (വീടും കുടുംബവമില്ലാത്തവരുടെ വന്യമായ ജീവിതത്തെ സൂചിപ്പിക്കുന്നു). ഒരുത്തന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് 'കടവിലെ കല്യാണി നിന്റെ അച്ചിയല്ലേ' എന്നുചോദിക്കുകയാണ് കവി. ബാല്യത്തിൽ പാട്ടുപാടി തിമിർത്തുനടന്ന തന്റെയുള്ളിലെ നതോന്നത - നദിയൊഴുകുന്നതുപോലുള്ള ജീവിതതാളം - ഇന്ന് നഷ്ടമായിരിക്കുന്നു. കുറുക്കിൽ മീനിന്റെ മുള്ള് തൊണ്ടയിൽ കുത്തിയതിനാൽ തന്റെ തൊണ്ട അടഞ്ഞുപോയിരിക്കുന്നു. ജീവിതത്തിൽ തനിക്കുണ്ടായ നഷ്ടങ്ങളുടെ കണക്കു നിരത്തുകയാണ് കവി. വീണ്ടും കവി അഷ്ടമുടിക്കായലിനെ നോക്കി ഇങ്ങനെ പാടുന്നു; "വേനലിൽ കര കരിഞ്ഞുണങ്ങുമ്പോൾ കരയുന്നവളേ, ചീനവലയ്ക്കുള്ളിൽ ചൂടമീനിനെയിട്ടിട്ട് ചിരിക്കുന്നവളേ, ജയപാലപണിക്കർ എന്ന വിഖ്യാത ചിത്രകാരനുവേണ്ടി ഇളം നീലയും ചുവപ്പും പച്ചയുമായ വർണ്ണങ്ങൾ ചാലിച്ചൊരുക്കിക്കൊടുത്തവളേ, (ചിത്രകാരന് പ്രചോദനമേകിയവളാണ് അഷ്ടമുടിക്കായൽ എന്ന സൂചന. കായൽപ്പരപ്പിനുമുകളിൽ വെയിൽ തട്ടുമ്പോൾ ഈ നിറങ്ങൾ പ്രത്യക്ഷപ്പെടാറുണ്ട്.) നിന്റെ നഖത്തുമ്പുകൊണ്ട് സമുദ്രത്തിന്റെ കഴുത്തിൽ തൊടുമ്പോൾ (കടലും കായലും സംഗമിക്കുന്ന രംഗം) ഞാനും എന്റെ ദുഃഖങ്ങളും ഈ മഹാലോകത്തെ സ്പർശിക്കുന്നതായി ഞാനറിയുന്നു. (അഷ്ടമുടിക്കായൽ അറബിക്കടലിനെ സ്പർശിക്കുന്നതിലൂടെ ഇന്ത്യൻ മഹാസമുദ്രവുമായും മറ്റു മഹാസമുദ്രങ്ങളുമായും തൊട്ടുരുമ്മുന്നു എന്ന വസ്തുത).

## കാവ്യാവലോകനം

അഷ്ടമുടിക്കായലിന്റെ കാറ്റും മണവും കാഴ്ചകളും അനുഭവിച്ചു വളർന്ന കവിയുടെ മനസ്സിൽ കായൽ വലിയൊരു പ്രചോദനമാണ്. എട്ടുമുടിയും കോർത്തുകെട്ടിയ അവൾ തന്റെ നൂറുവിരലുകൾ കൊണ്ട് കാറ്റിനെ ഒതുക്കി, വിരിഞ്ഞും പരന്നും, തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന കാഴ്ച വിവരിച്ചുകൊണ്ടാണ് 'ഇഷ്ടമുടിക്കായൽ' എന്ന കവിത ആരംഭിക്കുന്നത്.

കാർമുകിൽക്കൂട്ടത്തെ അമരത്തും കരിങ്കക്കകൾ അണിയത്തും വച്ചുകൊണ്ട് തടംതിങ്ങി തുഴഞ്ഞുപോകുന്ന തോണിയിലെ യാത്രക്കാരനായ കവി, പകലോന്റെ പള്ളിവേട്ടയ്ക്കായി ഒരുങ്ങി നിൽക്കൂ എന്നു പറഞ്ഞുകൊണ്ട് കായലാകുന്ന പ്രണയിനിയെ സംബോധന ചെയ്യുന്നു. തുടർന്ന് വ്യത്യസ്തങ്ങളായ കായൽക്കാഴ്ചകളിലൂടെയും ഓർമ്മകളിലൂടെയും സഞ്ചരിക്കുകയാണ് കവി.

രാത്രിയിൽ, അഷ്ടമുടിയുടെ തീരത്തെ കയർത്തൊഴിലാളിയായ റാണിയുടെ പാദസ്സരങ്ങൾ കിലുങ്ങുന്നതുകേട്ടുണർന്ന തിരുനെല്ലൂർ കരുണാകരൻ എന്ന കവിക്ക് അത് കാവ്യപ്രചോദനമായി മാറിയതും അങ്ങനെ തൊഴിൽപ്പാട്ടുകളുടെ പൂത്തിരകൾ സൃഷ്ടിക്കപ്പെട്ടതും കവി അനുസ്മരിക്കുന്നു. മഴക്കോളു കാണുമ്പോൾ പിറക്കുന്ന നറുംകൂഴാലിയും കായലോരത്തെ

തിളക്കമുള്ള മണലും വെയിലേൽക്കുമ്പോൾ അരഞ്ഞാണമിട്ടപോലെ തിളക്കമുള്ള വരകൾ പ്രത്യക്ഷപ്പെടുന്ന പ്രാച്ചിമീനുമൊക്കെ കവി കാണിച്ചുതരുന്ന കായൽക്കാഴ്ചകളാണ്. ഉരുക്കൾക്കുവേണ്ടി വീരഭദ്രക്ഷേത്രത്തിൽ വഴിപാടു നടത്തുന്നുണ്ടെങ്കിലും കർഷകരുടെ പ്രയാസങ്ങൾ ഒരിക്കലും തീരുന്നില്ല എന്ന് ഉരുക്കളെ വില്ക്കുന്ന രംഗത്തിലൂടെ സൂചിപ്പിക്കുന്നു. ഇറച്ചിയും കള്ളുമായി അലസജീവിതം നയിക്കുന്നവരോടു പൊറുക്കണമെന്ന് അവരുടെ അമ്മയായ കായലിനോട് കവി അപേക്ഷിക്കുന്നു.

നയനാനന്ദകരമായ കാഴ്ചകൾ മാത്രമല്ല, ഭീകരമായ കായൽക്കാഴ്ചകളിലേക്കും കവി ചെന്നെത്തുന്നുണ്ട്. മുഖം പൊള്ളിച്ചശേഷം കായലിലേക്കു വലിച്ചെറിയുന്ന പെൺശവങ്ങളും പ്രേതബാധയേറ്റപോലുള്ള രാത്രിവണ്ടികളുടെ കൂവലും പെരുമൺ തീവണ്ടി ദുരന്തത്തിൽ മരിച്ചവരുടെ ആത്മാക്കളുമൊക്കെ അത്തരം കാഴ്ചകളാണ്. ഉത്സവത്തിന്നെഴുന്നള്ളിക്കുന്ന കോൽക്കുതിരയും അതിനെ വഹിക്കുന്നവരുടെ താളം പിടിക്കലും അതുകേട്ട് പുളയ്ക്കുന്ന കാഞ്ഞിരോട്ടു കരിമീനുമൊക്കെ അഷ്ടമുടിയിലെ കൗതുകക്കാഴ്ചകളിൽപ്പെടുന്നു. കായഫലമില്ലാതെ നിൽക്കുന്ന തെങ്ങിൻതോപ്പിന്റെ ചിത്രം കൃഷിനാശത്തെ സൂചിപ്പിക്കുന്നു. ഇവിടെനിന്ന് അഷ്ടമുടിയുടെ ചരിത്രമുറങ്ങുന്ന മണ്ണിലൂടെ സഞ്ചരിക്കുന്ന കവി ബോട്ടു മുങ്ങി മരിച്ച കുമാരനാശാനെയും നവോത്ഥാനത്തിന്റെ കല്പനകളുമായി വന്ന ശ്രീനാരായണഗുരുവിനെയും അധഃസ്ഥിതരുടെ മോചനത്തിനായി പ്രവർത്തിച്ച അയ്യങ്കാളിയെയും സ്മരിക്കുന്നു. ഒരിക്കൽ പ്രണയിനിയായ കായൽ തന്നെ മോഹിപ്പിച്ച കഥ ഓർക്കുന്ന കവി അവൾ പ്രസവിച്ച സന്തതികളുടെ തോന്ന്യാസങ്ങൾ എണ്ണിയെണ്ണിപ്പറയുന്നു. വേനലിൽ കരിയുന്ന കരയും, കരയുകയും ചിരിപ്പിക്കുകയും ചെയ്യുന്ന കായൽ കടലുമായി സംഗമിക്കുന്ന ചിത്രം കവി ചൂണ്ടിക്കാണിക്കുന്നു. ആ പ്രതിഭാസത്തിലൂടെ അഷ്ടമുടിക്കായലിന്റെ ഭാഗമായ താൻ സമുദ്രങ്ങൾ തമ്മിലുള്ള ബന്ധത്തിലൂടെ ലോകത്തെ തൊട്ടറിയുന്നതായി ഒടുവിൽ കവി സാക്ഷ്യപ്പെടുത്തുന്നു.

## Recap

- ഉത്തരാധുനിക കവിതയുടെ ഗണത്തിൽപ്പെടുന്ന കവിത
- കാവ്യപ്രചോദനമായ അഷ്ടമുടിക്കായലിന്റെ ഉൾത്തുടിപ്പുകൾ പകർത്തിയ കവിത
- അഷ്ടമുടിക്കായലിന്റെ വിവിധ ഭാവങ്ങളും സവിശേഷതകളും പങ്കുവയ്ക്കുന്നു
- കവിതയുടെ വൃത്തം - നതോന്നത
- പ്രാദേശിക വിജ്ഞാനങ്ങളുടെയും കായലറിവുകളുടെയും ശേഖരം
- രൂപസൗന്ദര്യവും ഭാവസൗന്ദര്യവും ഒത്തിണങ്ങിയ കവിത
- കവിയും കായലും തമ്മിലുള്ള വൈകാരികബന്ധത്തിന്റെ ബഹിർസ്ഫുരണങ്ങൾ
- അഷ്ടമുടിക്കായലിനെ കാമുകിയായി സങ്കൽപിച്ചിരിക്കുന്നു
- അഷ്ടമുടിക്കായലിന്റെ സ്ഥാനവും കിടപ്പും അടയാളപ്പെടുത്തുന്നു
- കായലിനെ കവി ഒരു തോണിയായി സങ്കൽപ്പിക്കുന്നു
- തിരുനെല്ലൂർ കരുണാകരന്റെ 'റാണി' എന്ന പ്രശസ്തമായ കവിതയെ പരാമർശിക്കുന്നു
- കായൽക്കരയിലെ കാഴ്ചകൾ വിവരിക്കുന്നു
- വീരഭദ്രക്ഷേത്രത്തിൽ ഉരുക്കൾക്കായി നടത്തുന്ന വഴിപാടുകൾ
- കായലോരത്തെ അലസജീവിതം നയിക്കുന്നവർക്കുവേണ്ടി മാപ്പിരക്കുന്ന കവി
- ഭീകരമായ കായൽക്കാഴ്ചകൾ വിവരിക്കുന്നു
- പെരുമൺ ദുരന്തത്തെക്കുറിച്ചുള്ള സൂചന നൽകുന്നു

- കായലോരത്തെ ഉത്സവക്കാഴ്ചകൾ വിവരിക്കുന്നു
- കാഞ്ഞിരോട്ടു കരിമീനിന്റെ സവിശേഷതയെക്കുറിച്ചുള്ള സൂചന
- കായൽത്തീരത്തെ കാർഷികഭൂമിയുടെ ചിത്രം
- കൃഷിനാശത്തിന്റെ സൂചനയായി കരിക്കും വെള്ളയ്ക്കയും കൊഴിഞ്ഞ തെങ്ങുകൾ
- ആശാന്റെ മരണവും ശ്രീനാരായണഗുരുവിന്റെ വരവും കണ്ടവളാണ് അഷ്ടമുടിക്കായൽ
- അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്രയ്ക്ക് സാക്ഷിയായവൾ
- കായൽക്കരയിലെ അലസജീവിതം നയിക്കുന്ന മനുഷ്യരെക്കുറിച്ച് സൂചന നൽകുന്നു
- ഋതുക്കൾ മാറുമ്പോൾ കായലിലുണ്ടാകുന്ന ഭാവഭേദങ്ങളെക്കുറിച്ച് വർണ്ണിക്കുന്നു
- ജയപാലപ്പണിക്കർ എന്ന ചിത്രകാരന് പ്രചോദനമായ കായൽ
- കായലും കടലും സംഗമിക്കുന്ന പ്രതിഭാസത്തിലൂടെ കവി ലോകത്തെ സ്പർശിക്കുന്നു

## Objective Type Questions

1. 'മുടിയെട്ടും കോർത്തുകെട്ടി' എന്നതിലെ സൂചനയെന്ത്?
2. 'എന്റെ തുഴത്തണ്ടിൽ താളമിട്ട് തുടിക്കുന്നോള്.'-ആരെയാണ് കവി ഉദ്ദേശിക്കുന്നത്?
3. കായലിനെ ഒരു തോണിയാക്കി സങ്കൽപിക്കുന്ന കവി അതിന്റെ അമരത്തും അണിയത്തും ചൂണ്ടിക്കാണിച്ചുതരുന്നത് എന്തൊക്കെയാണ്?
4. 'പകലോന്റെ പള്ളിവേട്ട' എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ്?
5. 'റാണി' എന്ന പരാമർശം ആരെക്കുറിച്ചാണ്?
6. അഷ്ടമുടിക്കായലിൽ മഴക്കോളിൽ പിറക്കുന്ന മൽസ്യം ഏതാണ്?
7. 'മണൽക്കണ്ണാടി' എന്ന പരാമർശം എന്തിനെക്കുറിച്ചാണ്?
8. വീരഭദ്രക്ഷേത്രത്തിനു മുമ്പിൽ ഉരുക്കൾക്കായി കർഷകർ നടത്തുന്ന വഴിപാട് എന്താണ്?
9. 'കയർച്ചുറ്റിൽ കാലുടക്കി ദ്രവിച്ചുനിന്ന്' – ഇതിലെ സൂചനയെന്ത്?
10. 'മുഖം പൊള്ളിച്ചെറിഞ്ഞ പെൺശവം' എന്നതുകൊണ്ട് കവി ഉദ്ദേശിച്ചതെന്താണ്?
11. 'വണ്ടിമുങ്ങിമരിച്ചോർ' എന്ന പ്രയോഗത്തിലൂടെ കവി ഓർമ്മിപ്പിക്കുന്നതെന്താണ്?
12. 'പരുന്തിൻ കണ്ണുകൾ' അകമ്പടി പോകുന്നത് ആരുടെയൊപ്പമാണ്?
13. ചാവാ എന്നത് എന്തിന്റെ താളമാണ്?
14. കായൽ തിളയ്ക്കുമ്പോൾ തൃക്കളിയാട്ടം നടത്തുന്ന മത്സ്യമേതാണ്?
15. തെങ്ങുകളുടെ ശോച്യാവസ്ഥ എങ്ങനെയാണ് കവി ചിത്രീകരിച്ചിരിക്കുന്നത്?
16. കായൽ ത്രസിച്ചു നില്ക്കുമ്പോൾ കവി കഥ പറയാൻ ആവശ്യപ്പെടുന്നതാരോടാണ്?
17. ആരാണ് ദുരവസ്ഥക്കവി?
18. കൽപനകളുമായി വന്ന ഗുരു ആരാണ്?
19. റൗക്കയും സ്നേഹവുമായി വില്ലുവണ്ടി – ആരെ സൂചിപ്പിക്കുന്നു?
20. കുരുത്തോലപ്പന്തലിന്റെ നടുക്കം സൂചനയെന്ത്?
21. കായൽ കവിയെ മോഹിപ്പിച്ചത് എവിടെ വച്ചാണ്?
22. ഞണ്ടും കൂന്തലും വേണ്ടത് ആർക്കാണ്?
23. 'കടവിൽ കല്യാണി നിന്റെ അച്ചിയാടാ'– കവി ആരോടാണ് ഇങ്ങനെ ചോദിക്കുന്നത്?
24. നതോന്നത നനഞ്ഞുപോയി ഇതിലെ കാവ്യാർത്ഥമെന്ത്?
25. ആർക്കാണ് കായൽ നിറങ്ങൾ ചാലിച്ചു നൽകിയത്?
26. കവി മഹാലോകം തൊട്ടറിയുന്നതെങ്ങനെയാണ്?

## Answers to Objective Type Questions

1. എട്ടു കായലുകൾ ചേർന്നത്
2. കാമുകിയാകുന്ന അഷ്ടമുടിക്കായലിനെ
3. കരിങ്കക്ക മുകിൽക്കൂട്ടം
4. സൂര്യാസ്തമനം
5. തിരുനെല്ലൂർ കരുണാകരന്റെ കവിതയിലെ നായികയെക്കുറിച്ച്
6. കുഴലി
7. അഷ്ടമുടിക്കായലിന്റെ തീരത്തെ കണ്ണാടിയുണ്ടാക്കാനുപയോഗിക്കുന്ന തിളക്കമുള്ള മണൽ
8. നിലത്തുരുളുന്ന വഴിപാട്
9. പ്രതിസന്ധിയിൽ പശുവിനെ വിൽക്കേണ്ടിവരുന്ന കർഷകന്റെ മാനസികാവസ്ഥ
10. കൊലചെയ്യപ്പെട്ട് കായലിലെറിയുന്ന സ്ത്രീയുടെ ശവം തിരിച്ചറിയാതിരിക്കാനായി മുഖം പൊള്ളിച്ചുവികൃതമാക്കുന്ന ക്രൂരതയെക്കുറിച്ചുള്ള സൂചന
11. പെരുമൺ തീവണ്ടിയപകടത്തിൽ മരിച്ചവരെക്കുറിച്ച്
12. ഉത്സവത്തിന് എഴുന്നള്ളിക്കുന്ന കോൽക്കുതിരയ്ക്കൊപ്പം
13. കോൽക്കുതിരയെ വഹിക്കുന്നവർ പുറപ്പെടുവിക്കുന്ന താളം
14. കാഞ്ഞിരോട്ടു കരിമീൻ
15. കരിക്കും വെള്ളയ്ക്കയും പെയ്തൊഴിഞ്ഞതും കരിഞ്ചെല്ലിയും കടുംപാറാനും ഇളനീർ ഊറ്റിക്കുടിക്കുന്നതുമായ തെങ്ങുകൾ
16. ചിങ്ങരാവിനോട്
17. കുമാരനാശാൻ
18. ശ്രീനാരായണഗുരു
19. അയ്യങ്കാളിയെ
20. നവോത്ഥാന ചരിത്രത്തിലെ വിപ്ലവമുന്നേറ്റം
21. സാമ്പ്രാണിക്കോടിക്കടുത്തുവച്ച്
22. കായലിന്റെ മക്കളായ തൊഴിലാളികൾക്ക്
23. കായൽത്തീരത്ത് അലസമായ ജീവിതം നയിക്കുന്ന ഒരുവനോട്
24. പുഴയൊഴുകും പോലുള്ള ജീവിതതാളം
25. ജയപാലപ്പണിക്കർ എന്ന ചിത്രകാരന്
26. അഷ്ടമുടിക്കായൽ അറബിക്കടലിനെ സ്പർശിക്കുന്നതിലൂടെ

## Assignments

- കായൽ സംസ്കാരത്തിന്റെ തരംഗങ്ങൾ ഇഷ്ടമുടിക്കായലിൽ
- നാട്ടുഭാഷയും കാവ്യസൗന്ദര്യവും ഇഷ്ടമുടിക്കായലിൽ
- 'ഇഷ്ടമുടിക്കായൽ' കവിത – ഒരാസ്വാദനം

## Reference


1. കുരീപ്പുഴ ശ്രീകുമാർ - കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ, കവിതാസമാഹാരം, 2009, ഡി. സി. ബുക്സ്, കോട്ടയം.
2. ആദിനാട് ഗോപി - കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളിലൂടെ, ലേഖനം, മലയാള കവിത പരിണാമങ്ങളിലൂടെ, 2009, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. മണർകാട് ശശികുമാർ - ശ്രീകുമാർ ഒരനുഭവം, ലേഖനം, കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ എന്ന സമാഹാരത്തിന്റെ അനുബന്ധം
4. ഡോ.എം.ലീലാവതി -മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. ഡോ.കെ.എം. ജോർജ്ജ് - ആധുനിക സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.


## E- Content



കുരീപ്പുഴ ശ്രീകുമാർ

http://malayalam-krithikal.blogspot.com/2011/01/blog-post.html
http://desinganad.blogspot.com/2008/08/blog-post_25
https://www.youtube.com/watch?v=mtC-1QbhMmw

# യൂണിറ്റ് - 10
# കാട്

## ഡി. വിനയചന്ദ്രൻ

## Learning outcomes

- ഡി. വിനയചന്ദ്രന്റെ സാഹിത്യലോകത്തെ പരിചയപ്പെടുന്നു
- 'ആധുനിക കവിത' എന്ന പരികല്പനയെ മനസ്സിലാക്കുന്നു
- 'ആധുനിക കവിത' എന്ന നിലയിൽ 'കാട്' എന്ന കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- ഡി. വിനയചന്ദ്രന്റെ സമകാലികരായ കവികളെ പരിചയപ്പെടുന്നു
- ചൊൽക്കവിതകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു

## Prerequisites

കാട് ഒരനുഭവമാകാത്തവരായി ആരും തന്നെ കാണില്ല. മനുഷ്യരാശിയുടെ നിലനിൽപ്പിന് കാട് അനിവാര്യമായ ഘടകമാണ്. വാക്കുകളിലും വരകളിലും കാടിനെക്കുറിച്ചുള്ള നിരവധി വർണ്ണനകളുണ്ട്. കാടു കാണുന്ന ഓരോരുത്തർക്കും ഓരോ അനുഭവങ്ങളാണ് കാട് സമ്മാനിക്കുന്നത്. സാഹിത്യത്തിലും കാട് പ്രമേയമാകാറുണ്ട്. ആദിമകാവ്യം എന്നറിയപ്പെടുന്ന രാമായണത്തിലും മറ്റു ഇതിഹാസ പുരാണങ്ങളിലും കാട് പ്രമേയമാകുന്നുണ്ട്. ആരണ്യകാണ്ഡം എന്നൊരു അധ്യായം തന്നെ രാമായണത്തിലുണ്ട്. മഹാഭാരതത്തിലെ വനപർവ്വവും ഇതിനുദാഹരണമായെടുക്കാം. ഈ കൃതികളിലെ കാടിനെക്കുറിച്ചുള്ള വർണ്ണനകൾ ആധുനിക കാലത്തും കവികളെ പ്രചോദിപ്പിക്കാറുണ്ട്. അങ്ങനെ പ്രചോദിക്കപ്പെട്ട ഒരാളാണ് ഡി.വിനയചന്ദ്രൻ. മഹാഭാരതത്തിലെ വനപർവ്വം വായിച്ചപ്പോൾ അതിനെ അവലംബമാക്കി ഒരു കവിത രചിക്കണമെന്ന് കവിക്കു തോന്നിയതു കൊണ്ടാണ് 'കാട്' എന്ന കവിത പിറന്നത്. അദ്ദേഹത്തിന്റെ കവിതകളിൽ കാട്, പ്രകൃതി, പുഴ, മഴ, പ്രണയം എന്നിവ ആവർത്തിച്ചു വരുന്ന കാവ്യബിംബങ്ങളാണ്.

മുഖ്യധാരയിൽ നിന്ന് തെന്നിമാറി, ഒരു വ്യവസ്ഥിതിയുടെയും ചട്ടക്കൂടിൽ ഒതുങ്ങാതെ സഞ്ചരിച്ച കവിതകളായിരുന്നു വിനയചന്ദ്രന്റേത്. ആ കവിതകൾ ചിലപ്പോഴൊക്കെ അടിച്ചമർത്തപ്പെട്ടവരുടെയും കീഴാളരുടെയും ശബ്ദവും നാവുമായിരുന്നു. കറുപ്പിന്റെയും വെളുപ്പിന്റെയും വിവിധ ശ്രേണികളിലേക്ക് ലോകത്തെ വിഭജിച്ചു നിർത്തിയ അധികാര മൂല്യവ്യവസ്ഥകൾക്ക് എതിരെ അറുപതുകളിലും എഴുപതുകളിലും ലോകമെങ്ങും സംഭവിച്ച ഭാവുകത്വ പരിവർത്തനത്തിൽ പങ്കാളിയായിരുന്നു വിനയചന്ദ്രൻ എന്ന കവി. മലയാള കവിതയിൽ നാടൻ താളങ്ങളുടെയും ഈണങ്ങളുടെയും വായ്മൊഴിപാരമ്പര്യത്തിന്റെയും ആരാധകനായിരുന്നു ഡി.വിനയചന്ദ്രൻ. ആധുനിക കവിതയുടെ ഭാഷാസങ്കീർണതയിൽ മലയാളകവിത നട്ടം

തിരിഞ്ഞപ്പോൾ അയ്യപ്പപ്പണിക്കർക്കും കടമ്മനിട്ടയ്ക്കുമൊപ്പം അനുഷ്ഠാനമുറയോടെ വിനയചന്ദ്രൻ കവിത ചൊല്ലിയിട്ടുണ്ട്. നാടൻപാട്ട്, നാടൻ വഴക്കങ്ങൾ എന്നിവ തന്റെ കവിതയിലേക്ക് സന്നിവേശിപ്പിച്ച അദ്ദേഹം കവിതാപാരായണത്തെ ഒരു അനുഷ്ഠാന കലാരൂപത്തിന്റെ മേളക്കൊഴുപ്പാക്കി മാറ്റി. ചൊൽക്കവിതകളും വായ്ത്താരിയും കൊണ്ട് കവിത ഒരു പ്രകടന കലാരൂപമായി മാറി. ചൊൽക്കാഴ്ചകളിലൂടെ കവിതയിലേക്ക് വായനക്കാരെ കൊണ്ട് പോയ ആധുനിക കവികൾ വളരെ കുറച്ചേ നമുക്കുള്ളൂ. അതിലൊരാളായിരുന്നു വിനയചന്ദ്രൻ. ബിംബങ്ങളുടെ സമൃദ്ധി കൊണ്ടും, പദഘടന കൊണ്ടും, താളങ്ങൾ കൊണ്ടും ശ്രദ്ധിക്കപ്പെട്ട കവിയാണ് അദ്ദേഹം. കടമ്മനിട്ടയും മധുസൂദനൻ നായരും, ബാലചന്ദ്രൻ ചുള്ളിക്കാടും, കുരീപ്പുഴയും പിന്തുടർന്ന വഴികളിലൂടെയാണ് വിനയചന്ദ്രന്റെ കവിതയും സഞ്ചരിക്കുന്നത്.

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലടയിലാണ് ഡി. വിനയചന്ദ്രന്റെ ജനനം. അധ്യാപകനായിരുന്നു. നരകം ഒരു പ്രേമ കവിത എഴുതുന്നു, ഡി. വിനയചന്ദ്രന്റെ കവിതകൾ, ദിശാസൂചി, കായിക്കരയിലെ കടൽ, വീട്ടിലേക്കുള്ള വഴി, സമയമാനസം, സമസ്ത കേരളം പി.ഒ, പൊടിച്ചി, ഉപരിക്കുന്ന് (നോവൽ), പേരറിയാത്ത മരങ്ങൾ (കഥകൾ), വംശഗാഥ (ഖണ്ഡകാവ്യം), കണ്ണൻ, ആഫ്രിക്കൻ നാടോടിക്കഥകൾ, ദിഗംബര കവിതകൾ (പരിഭാഷ), സെർഗെ എസെനിൻ കവിതകൾ (റഷ്യൻ കവിതകളുടെ പരിഭാഷ), തുടങ്ങിയവയാണ് പ്രധാന കൃതികൾ. യൂണിവേഴ്സിറ്റി കോളേജ് കവിതകൾ, കർപ്പൂരമഴ (പി.യുടെ കവിതകൾ), ഇടശ്ശേരിയുടെ തിരഞ്ഞെടുത്ത കവിതകൾ എന്നീ കൃതികൾ എഡിറ്റ് ചെയ്തിട്ടുണ്ട്. നരകം ഒരു പ്രേമ കവിത എഴുതുന്നു എന്ന കവിതാ സമാഹാരത്തിന് 1992 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 2006 ലെ ആശാൻ കവിതാ പുരസ്കാരം, യെസീനിൻ പുരസ്കാരം, തുടങ്ങി ഒട്ടനേകം അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.


## Keywords

ആധുനികത - ചൊൽക്കവിതകൾ - പ്രകടനരൂപമായ കവിത - പ്രകൃതിസ്നേഹം


## 3.10.1 Content

ഡി. വിനയചന്ദ്രൻ ചൊൽക്കവിതകളിൽ പ്രധാനമായ 'കാട്' എന്ന കവിത കാടനുഭവങ്ങളെ പകർന്നു നൽകുന്നു. കാടിന് ഞാനെന്തു പേരിടും എന്ന ചോദ്യവും അതിന് കവി കണ്ടെത്തുന്ന ഉത്തരവുമാണ് കവിതയുടെ കേന്ദ്രപ്രമേയം. കവിതയിൽ കാട് ജീവന്റെയും, ഉൽപ്പത്തിയുടെയും, ജൈവവൈവിധ്യങ്ങളുടെയും കേന്ദ്ര ഇടമാണ്. ജനിമൃതികളുടെയും പൗരാണികതയുടെയും ഓർമ്മപ്പെടുത്തൽ കൂടിയാണ് കാട്. കാടിന് ഞാനെന്തു പേരിടും എന്നു ചോദിച്ചുകൊണ്ട് തുടങ്ങുന്ന കവിതയുടെ അവസാന ഭാഗങ്ങളിൽ കാടിനു ഞാനെന്റെ പേരിടും എന്ന് കവി പറയുന്നു. കാടും താനും തമ്മിൽ യാതൊരു വ്യത്യാസങ്ങളുമില്ലെന്നും ഞാൻ തന്നെയാണ് കാടെന്നും തിരിച്ചറിയുന്നതോടെ ശാന്തിയുടെ മേഖലകളിലേക്ക് കവി എത്തിപ്പെടുന്നു.

### വരികൾ

'ഞാനെന്തു പേരിടും?..........................

.........തെറ്റിനില്ക്കുന്ന താഴ്വാരങ്ങൾ മേടുകൾ'

### ആശയ വിശദീകരണം

കാടിനെ കണ്ട കവി കാടിന് ഞാനെന്തു പേരിടും? കാട്ടിലെ കാരണവന്മാർക്ക് എന്ത്

പേരിടും? എന്നു ചോദിക്കുന്നു. അ - ആ എന്ന് ഒന്നു തുടങ്ങാം, എന്നുവച്ചാൽപ്പിന്നെയും ആദ്യ മേ തുടങ്ങുന്നു (അവസാനമില്ലാതെ) മരങ്ങളും പടർപ്പുകളും. എണ്ണാമെന്നു വെച്ചാൽ കോടാനു കോടി, ആവർത്തിച്ച് എണ്ണിയാലും കോടികൾക്ക് അവസാനമില്ലാത്ത കല്ലുകളാണ് ഇവിടെയുള്ളത്. കേറിക്കേറി വരുന്തോറും പ്രണയത്തിന് കൂടുതൽ ധൈര്യം നൽകുന്ന കുന്നും കൊടുമുടികളും, ചുറ്റിയിറങ്ങി കറങ്ങി തളർന്നു പോയാലും തെറ്റിനില്ക്കുന്ന (അവസാനമില്ലാത്ത) താഴ്വാരങ്ങളും മേടുകളുമാണ് ഇവിടെയുള്ളത് എന്ന് കവി പറയുന്നു.

## വരികൾ

'ഞാനെന്തു പേരിടും?.................................
......സമ്പൂർണ്ണമാകാത്ത രതി പ്രകാണ്ഡങ്ങളും'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| വിരക്തം | = | വേറിട്ട |
| ധ്യാന ഖണ്ഡങ്ങൾ | = | ധ്യാനദേശങ്ങൾ |
| പ്രകാണ്ഡങ്ങൾ | = | തായ്ത്തടി, വൃക്ഷത്തിന്റെ തടി |

## ആശയവിശദീകരണം

കവി വീണ്ടും ചോദിക്കുന്നു. കാടിനു ഞാനെന്തു പേരിടും? കാട്ടിലെ കൂട്ടുകാർക്ക് ഞാനെന്തു പേരിടും? ഇവിടെ ഞാനിതുവരെ കാണാത്ത വർണ്ണങ്ങൾ കാണുന്നു (പൂക്കൾ, ഇലകൾ എന്നിവ കാട്ടിൽ തീർത്ത വർണ്ണവസന്തം). കേൾക്കാത്ത ശബ്ദങ്ങൾ കേൾക്കുന്നു (കാട്ടിലെ ചരാചരങ്ങളുടെ നിരവധിയായ ശബ്ദങ്ങൾ). രാപകലുകൾ ഇരുന്നെണ്ണിയാലും അവസാനിക്കാത്ത ഗന്ധങ്ങൾ, മഴയും വെയിലും മാറി മാറി എണ്ണിയാലും തീരാത്ത അത്ര കാറ്റുകൾ, പൂർണ്ണമായും വിരക്തമായ (ശാന്തമായ) ധ്യാന പ്രദേശങ്ങൾ, സമ്പൂർണ്ണമാകാത്ത രതിയുടെ തായ്വൃക്ഷങ്ങൾ എന്നിവയും ഇവിടെ കാണാനാകുമെന്ന് കവി പറയുന്നു.

## വരികൾ

'ഞാനെന്തു പേരിടും?......................................
......കാടിന്റെ കാലം വരുന്നതോ പോന്നതോ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| കാട്ടു ദൈവങ്ങൾ | = | കാട്ടിലെ ദൈവങ്ങൾ |
| ചാറ്റുകൾ | = | മന്ത്രവാദപ്പാട്ടുകൾ |

## ആശയ വിശദീകരണം

കാടിന് ഞാനെന്തു പേരിടും? കാട്ടിലെ കുട്ടികൾക്ക് ഞാൻ എന്ത് പേരാണ് ഇടുക? വെയിലിന്റെ പൂക്കളങ്ങളാണ് ഓരോ നിഴലുകളും. ഓരോ വളവുകളിലും പൂക്കുന്ന പൂതങ്ങൾ, കാട്ടു ദൈവങ്ങൾ, പരേതർ, ജനിക്കാത്ത കൂട്ടുകുടുംബങ്ങൾ, അവർക്കായി ചാറ്റുകൾ, തോറ്റങ്ങൾ എന്നിവയുമുണ്ട്. (കാട്ടിലെ ദൈവങ്ങളും പരേതാത്മാക്കളും പൂതങ്ങളും എല്ലാം കുടികൊള്ളുന്നത് ഓരോരോ പൂക്കുന്ന മരങ്ങൾക്കു താഴെയായാണ്. അവിടെ അമ്പലങ്ങളില്ല). കാട്ടുതീ കണ്ണെഴുതുന്ന (പടരുന്ന) സന്ധ്യകളും കാട്ടാളവേഷം പകരുന്ന രാത്രികളുമുണ്ട്. കാട്ടുതീ പടരുമ്പോൾ അവിടെ അമ്മയാര്, അച്ഛനാര്, അച്ഛന്റെ പെങ്ങളാര്, തമ്പിയാര്, പെണ്ണിന്റെ ചെറുക്കനാര് എന്നതെല്ലാം ഒരു പ്രസക്തിയും ഉള്ള കാര്യമല്ല. കാട് കൊഴിയുമ്പോൾ (കാട്ടുതീ പടരുമ്പോൾ) കാടുവിരിയുന്ന (വസന്തം) കാടിന്റെ കാലം വരുന്നതോ പോകുന്നതോ എന്നതും വ്യക്തമല്ല.

## വരികൾ

'കാട്ടിൽ നിലാവുണ്ടു നട്ടുച്ച നേരവും
..............................................................
വേദങ്ങൾ നമ്മൾ, യുഗങ്ങൾ, മൺപുറ്റുകൾ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ബഡവ | = | പെൺകുതിര |
| കാളുക | = | കരയുക |

### ആശയ വിശദീകരണം

കാട്ടിൽ നട്ടുച്ച നേരത്തു പോലും നിലാവുണ്ട്. (നിലാവുപോലെയുള്ള വെയിലാണ് കാട്ടിനകത്ത് വരുന്നതെന്ന് സാരം). രാത്രിയിൽ സൂര്യന്റെ തേരും വെളിച്ചവുമുണ്ട്. കന്യാകുളത്തിൽ ഞാനൊന്ന് മുങ്ങി നിവരുമ്പോഴേക്കും ജനനവും മരണവും എത്രയോ നടക്കുന്നുണ്ട്. പേടി മാറ്റാൻ തീയിട്ടത് തീക്കുണ്ഡമായി മാറി. ശത്രുക്കൾക്ക് ഭയത്തെ നൽകുന്ന ശിവന്റെ പെരുമ്പറ ശബ്ദം, ഉൾക്കണ്ണിൽ പ്രളയസമുദ്രമായി മാറി. കാടും കടലായി മാറി. (എല്ലാം കത്തിയമർന്ന് പുതിയ ജീവൻ ഭൂമിയുടെ ആദിയിലെന്നവണ്ണം സമുദ്രത്തിൽ നിന്നും ഉണ്ടാകുന്നു എന്ന സൂചന). ആദിയിൽ മത്സ്യ-കൂർമ്മങ്ങളും കരയുന്ന പെൺകുതിരകളും, മൈനാകപർവ്വതവും, ദൈവങ്ങളും, നോഹ, മനു, പ്രളയം, കൃഷ്ണാവതാരവും ലീലകളും, നാവികരായ നമ്മൾ, നക്ഷത്രങ്ങൾ, തോണികൾ- ഇങ്ങനെ കാടും കടലായി മാറി എന്ന് കവി പറയുന്നു. കാട്ടിൽ നമ്മളും പ്രളയത്തിലെന്നവണ്ണം മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നു. വേദങ്ങൾ, യുഗങ്ങൾ, മൺപുറ്റുകൾ എല്ലാം നമ്മളാകുന്നു. (ഭൂമിയിലെ ജീവജാലങ്ങളുടെ ഉദയത്തെ സംബന്ധിച്ച ഹൈന്ദവ കഥ, പ്രളയകാലത്ത് ജീവജാലങ്ങളെ സംരക്ഷിച്ച നോഹയുടെ പെട്ടകം എന്നിവ കവിതയിൽ വിഷയമാകുന്നു)

### വരികൾ

'കാടിനു ഞാനെന്തു പേരിടും, കാട്ടിലെ

................................................................

നാമെന്തറിയുന്നു നമ്മളെക്കൂടിയും?'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പർജ്ജന്യൻ | = | ഇന്ദ്രൻ |
| ഭാഗീരഥി | = | ഗംഗാനദി |
| ഋക്കുകൾ | = | ഋഗ്വേദം |
| ഭല്ലൂകങ്ങൾ | = | കരടി, ഹിംസിക്കുന്നത് |

### ആശയ വിശദീകരണം.

കാടിനു ഞാനെന്തു പേരിടും? കാട്ടിലെ കൂട്ടിനും കൂട്ടിന്റെ കൂട്ടിനും ബന്ധുക്കൾ, നാട്ടുകാർ, മക്കൾ, പിതൃക്കൾ ഋതുക്കൾ ഇതിനെല്ലാം ഞാനെന്തു പേരിടും. ഇവർ ലക്ഷ്മണനല്ല, ദ്രൗപദിയല്ല, ഇന്ദ്രനല്ല, ഗംഗയല്ല, ഋഗ്വേദ - യജൂർവേദ - സാമവേദങ്ങളല്ല, വസ്തുവിവേക വിശ്വാസങ്ങളുമല്ല. ഭയാനകങ്ങളായ ആന, സിംഹം, വ്യാളി, കരടി മുതലായ ക്രൂരമൃഗങ്ങൾ, ദേവദാരുക്കൾ, അരയാൽ, തേക്കുമരം, പൂവുകൾ, ചോലകൾ, പക്ഷികൾ, യാമങ്ങൾ ഇവയെല്ലാം പൂർവ്വജന്മങ്ങളെ പുൽകി നിൽക്കുന്നവരാണ്. പേരിട്ടു വിളിക്കാൻ നമുക്കറിയാത്തവയാണ്. അല്ലെങ്കിലും നമുക്കെന്താണ് അറിയുക - നമുക്ക് നമ്മളെപ്പോലും അറിയില്ലല്ലോ?

### വരികൾ

'ഞാനെന്തു പേരിടുമാകാശനക്ഷത്ര

.........................................................

കാലമുന്മേഷനിമേഷണം കൊള്ളുന്നു'

### ആശയ വിശദീകരണം

കാടിനു ഞാനെന്തു പേരിടുമെന്ന് കവി വീണ്ടും ആവർത്തിക്കുന്നു. ആകാശത്തിലെ നക്ഷത്രപീഠത്തിൽ ലീലാരസത്തിൽ മുഴുകി ധ്യാനിച്ചിരുന്ന് വീണ വായിക്കുന്ന പ്രപഞ്ചമാതാവിന്റെ പാദസരങ്ങളിൽ ഒന്നിന്റെ ചിഞ്ചില ശബ്ദമാണ് കാട്. പ്രപഞ്ചമാതാവ് കാലൊന്നിളക്കി നിവരുമ്പോൾ കാലം ക്ഷണനേരത്തിൽ ഉന്മേഷം കൊള്ളുന്നു എന്ന് ആശയം.

### വരികൾ

'കാടിനു ഞാനെന്തു പേരിടും?

...............................................................

പേരുകൾ സൂര്യന്റെ കൂടെ നടക്കുന്നു'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| വാരാശി | = | സമുദ്രം |
| രാഹുഗളസ്തം | = | രാഹുവിന്റെ കഴുത്ത് |
| ഫുല്ല പ്രഭാവം | = | വർദ്ധിച്ച ശോഭ |
| സംജ്ഞ, ഛായ | = | സൂര്യന്റെ ഭാര്യമാർ |
| ഗീര് | = | വാക്ക്, സ്തുതി, ഭാഷണം |

### ആശയ വിശദീകരണം.

കാടിനു ഞാനെന്തു പേരിടും എന്ന് ചോദിച്ച കവി കാടിന് ഞാനെന്റെ പേരിടും എന്ന് തീരുമാനിക്കുന്നു. പേരുകൾ സൂര്യന്റെ

ചലനം പോലെ സൂര്യന്റെ ഒപ്പം നടക്കുന്നു എന്നു കവി പറയുന്നു. പന്ത്രണ്ടുരാശിയിലും ഉത്തര - ദക്ഷിണ സ്വർഗ്ഗത്തിലും സമുദ്രത്തിലും കുറച്ചു നേരം രാഹുവിന്റെ കഴുത്തിലായിക്കൊണ്ടും പിന്നെയും വർദ്ധിച്ച കാന്തിയോടെ ഏഴു പച്ചക്കുതിരകൾ വലിക്കുന്ന തേരിൽ, മുൻപേ നടക്കുന്ന ഉഷസ്സിന്റെ പിന്നിലായി വമ്പനായ ഗരുഡന്റെ സഹോദരൻ അരുണൻ തേരാളിയായ രഥത്തിൽ ഇരുന്നാണ് സൂര്യൻ യാത്ര ചെയ്യുന്നത്. ആ വേളയിൽ, മുനിഗണങ്ങൾ നാനാവിധമായ സ്തുതിഗീതങ്ങൾ കൊണ്ടും സന്തോഷം നൽകുന്ന ഗന്ധർവ്വഗാനം കൊണ്ടും അപ്സരസ്സുകളുടെയും യക്ഷകിന്നരൻമാരുടെയും നൃത്തഭംഗികൊണ്ടും സൂര്യന്റെ സന്തോഷത്തെ വർദ്ധിപ്പിച്ചു. സംജ്ഞ, ഛായ എന്നീ സൂര്യപത്നിമാർ ഭർത്താവിന് പ്രിയമുള്ളവരായി പ്രവർത്തിച്ചു. ബാലഖില്യന്മാരാൽ സേവിക്കപ്പെട്ടും അനുഗമിക്കപ്പെട്ടും രാവിലെയും ഉച്ചക്കും വൈകിട്ടും സ്തുതിഭാഷണങ്ങൾ നടത്തിക്കൊണ്ട് മാനസസരസ്സിലും അവസാനമില്ലാത്ത ധ്രുവപ്രദേശങ്ങളിലും പേരുകൾ സൂര്യന്റെ കൂടെ നടക്കുന്നു.

## വരികൾ

'കാടിനു ഞാനെന്നു പേരിടും?

..................................................................

പേരുകൾ ചന്ദ്രന്റെ കൂടെ നടക്കുന്നു.'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ശുക്ല കൃഷ്ണ പക്ഷം | = | ശുക്ലമാസത്തിലെ കൃഷ്ണപക്ഷം, ഒരു ദിനം |
| വൃദ്ധിക്ഷയം | = | അഭിവൃദ്ധിയില്ലായ്മ |
| ഓഷധീ പോഷകം | = | ഔഷധിയാൽ പോഷിപ്പിക്കപ്പെട്ട |

## ആശയ വിശദീകരണം

ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളാകുന്ന ശുക്ല കൃഷ്ണ പക്ഷങ്ങളായി ഏഴും ഇരുപതും മണ്ഡലങ്ങളെ ദീപ്തമാക്കിക്കൊണ്ട് രോഹിണി, ശുക്രൻ, ബുധൻ തുടങ്ങിയ ബന്ധുക്കളാൽ ശക്തനായി, ഔഷധിയാൽ പോഷിപ്പിക്കപ്പെട്ട കാരുണ്യമായി, സൃഷ്ടികൾക്കൊക്കെ പ്രചോദനമായ ശരീരവുമായി, രാത്രിയാകുന്ന പിതൃക്കൾക്ക് ഒരു സത്രമായി, വഴിയമ്പലമായി, കൂട്ടുകാരിയായി, സ്വപ്നമായി, കാവ്യധനുസ്സുമായി കാവ്യഹംസങ്ങൾക്ക് ശ്രീ രാജഹംസമായി, പേരുകളെല്ലാം ചന്ദ്രന്റെ കൂടെ നടക്കുന്നു.

## വരികൾ

'കാടിനു ഞാനെന്നു പേരിടും?

..................................................................

പൂർണ്ണമേ ശേഷിപ്പൂ, ശാന്തി ഓം ശാന്തി ഓം'

## ആശയ വിശദീകരണം

കാടിനു ഞാനെന്തു പേരിടും? കാടിനു ഞാനെന്റെ പേരു തന്നെ ഇടും എന്ന് കവി പറയുന്നു. പേരുകളാണ് എല്ലായിടത്തും. സൂര്യനും ചന്ദ്രനും ഭൂമിയും എന്നു വേണ്ട പേരുകളാണ് സർവ്വചരാചരങ്ങളെയും അടയാളപ്പെടുത്തുന്നത്. പേരുകൾക്കുള്ളിലാണ് ദൈവം ഇരിക്കുന്നത്. പേരും ദൈവവും ഒന്നു തന്നെയല്ലേ?. ഞാനും നിങ്ങളും ഈ കാടും കിനാവുകളും അണ്ഡകടാഹവും ഒന്നുതന്നെയല്ലയോ?. പൂർണ്ണമതേ ഇതു പൂർണ്ണം. മനോവസ്തു (മനസ്സ്) പൂർണ്ണത്തിൽ നിന്നും ഒരു പൂർണ്ണമുണ്ടാകുന്നു. പൂർണ്ണത്തിൽ നിന്നും ഒരു പൂർണ്ണമെടുത്താലും പൂർണ്ണം തന്നെയാണ് ബാക്കിയുണ്ടാവുക. ശാന്തി ഓം ശാന്തി ഓം എന്ന് കവി പറയുന്നു.

## കാവ്യാവലോകനം

പ്രകൃതിയെ വളരെയധികം സ്നേഹിച്ച കവിയാണ് ഡി.വിനയചന്ദ്രൻ. കാട് എന്നത് അദ്ദേഹത്തിന്റെ കവിതകളിൽ ആവർത്തിച്ചു വരുന്ന ബിംബമാണ്. 'കാടിന് ഞാനെന്ത് പേരിടും' എന്നു ചോദിച്ച കവി തന്നെ കാടിനു ഞാനെന്റെ പേരിടും എന്ന ഗഹനമായ ഉത്തരവും കണ്ടെത്തുന്നുണ്ട്. കാട് എന്നത് നിരവധി മരങ്ങളും പടർപ്പുകളും അവസാനമില്ലാത്ത കല്ലുകളും കുന്നുകളും കൊടുമുടികളും താഴ്വാരങ്ങളും മേടുകളും ചേർന്ന ഒരിടമാണ് എന്ന് കവി നമ്മെ ഓർമ്മിപ്പിക്കുന്നു. കാട് കവിക്ക് അനുഭവമാകുന്നത് നിരവധി ശബ്ദങ്ങളും ഗന്ധങ്ങളും കാറ്റു

കളും കൊണ്ടാണ്. കാട്ടുതീ വന്നു കാടെല്ലാം നശിക്കുമ്പോൾ പ്രളയം കൊണ്ട് ഭൂമി വീണ്ടും പുനർജ്ജനിക്കുന്നു. ആദിയിലെന്നവണ്ണം മത്സ്യവും കൂർമ്മവും ബഡവകളും മൈനാകപർവ്വതവും നക്ഷത്രങ്ങളും വേദങ്ങളും നോഹയും മനുവും എല്ലാം പുതുതായി ഉയർന്നുവരുന്നു. കാട്ടിൽ പൂർവ്വജന്മങ്ങളെ പുൽകി നിൽക്കുന്ന നാമരൂപത്താൽ നാമറിയാത്ത അനേകം ജീവികളും ബന്ധുമിത്രാദികളും വൃക്ഷങ്ങളും പൂവുകളും പക്ഷികളുമുണ്ട്. കാട് പ്രപഞ്ചമാതാവിന്റെ പാദസരങ്ങളിലൊന്നാണ്. അതിന് ഉണ്ടാകുന്ന മാറ്റം കാലത്തിന് ഉന്മേഷം നൽകുന്നു. കാടിനുണ്ടാകുന്ന മാറ്റങ്ങളാണ് കാലത്തിനു തന്നെ മാറ്റങ്ങളാവുന്നത്. കാടെന്നാൽ ഞാൻ തന്നെയാണ്. എന്റെ പേരാണ് കാടിനും ചേരുന്നത്. സൂര്യനൊപ്പവും ചന്ദ്രനൊപ്പവും സഞ്ചരിക്കുന്നത് ഈ പേരുകളാണ്. സർവ്വചരാചരങ്ങളെയും ഉൾക്കൊള്ളുന്ന കാട് എന്ന പേരും ദൈവമെന്ന പേരും ഒന്നു തന്നെയാണ്. ഞാനും നിങ്ങളും കാടും അണ്ഡകടാഹവുമെല്ലാം ഒന്നു തന്നെയാണെന്ന് തിരിച്ചറിയുന്ന പൂർണ്ണതയിൽ നിന്ന് ശാന്തി ലഭിക്കുന്നു എന്ന് കവി കവിതയിലൂടെ ഉത്ഘോഷിക്കുന്നു.

## Recap

- ഡി. വിനയചന്ദ്രന്റെ സാഹിത്യലോകം
- ഡി. വിനയചന്ദ്രന്റെ കവിതകളുടെ സവിശേഷതകൾ
- ഡി. വിനയചന്ദ്രന്റെ സമകാലിക കവികൾ
- കാട് എന്ന കവിതയുടെ സാരാംശം
- കാട് കവിക്കു നൽകുന്ന അനുഭൂതികൾ, ബിംബങ്ങൾ
- കാടിനു ഞാനെന്തു പേരിടും എന്ന ചിന്ത
- കാട് ഉൾക്കൊള്ളുന്ന ജീവജാലങ്ങളുടെ പേരുകൾ
- പ്രളയത്തിനു ശേഷമുയിർകൊള്ളുന്ന സർവ്വചരാചരങ്ങളുടെയും സൂചന
- ഹൈന്ദവ - ക്രൈസ്തവ ഉല്പത്തികഥകളുടെ സംലയനം
- സൂര്യന്റെയും ചന്ദ്രന്റെയും രഥവേഗസഞ്ചാരഗതികൾ, പേരിനൊപ്പം നടക്കുന്ന സൂര്യചന്ദ്രൻമാർ
- ഞാനും കാടും നിങ്ങളും ഒന്നു തന്നെയാണ് എന്ന തിരിച്ചറിവ് നൽകുന്ന പൂർണ്ണത

## Objective Type Questions

1. 'കായിക്കരയിലെ കടൽ' എന്ന കവിതാ സമാഹാരം എഴുതിയതാര്?
2. വീട്ടിലേക്കുള്ള വഴി, സമയമാനസം, സമസ്ത കേരളം പി.ഒ എന്നീ കവിതാസമാഹാരങ്ങൾ ആരുടേതാണ്?
3. രാപകലെണ്ണിയടങ്ങാത്തതായി എന്താണ് കവി അനുഭവിക്കുന്നത്?
4. ഓരോ നിഴലും എന്തായാണ് കവി സങ്കല്പിക്കുന്നത്?
5. കാട്ടിൽ നട്ടുച്ചനേരത്തും എന്താണുള്ളത്?
6. കാടിനെ എന്തായാണ് കവി നിർവചിക്കുന്നത്?
7. സൂര്യന്റെ തേരാളിയാര്?
8. സംജ്ഞാ, ഛായ എന്നിവർ ആരാണ്?
9. കാവ്യഹംസങ്ങൾക്കു ശ്രീരാജഹംസമായി ചന്ദ്രന്റെ കൂടെ നടക്കുന്നതെന്ത്?
10. സൂര്യനും ചന്ദ്രനും ഭൂമിയും അണ്ഡകടാഹവും ഞാനും കാടും എന്താണെന്നാണ് കവി പറയുന്നത്?
11. കാട്ടിൽ നട്ടുച്ചനേരത്തും എന്തുണ്ടെന്നാണ് കവി പറയുന്നത്?
12. കാട്ടിൽ സൂര്യന്റെ തേരും വെളിച്ചവുമുള്ളത് എപ്പോഴാണെന്നാണ് കവി പറയുന്നത്?

13. ആർക്കാണ് കവി അദ്ദേഹത്തിന്റെ പേരിടുന്നത്?
14. എവിടെയാണ് പെരുമാളിരിക്കുന്നത്?
15. എന്തിനെയാണ് കവി വെയിലിന്റെ പൂക്കളായി കാണുന്നത് ?

## Answers to Objective Type Questions

1. ഡി. വിനയചന്ദ്രൻ
2. ഡി. വിനയചന്ദ്രൻ
3. ഗന്ധങ്ങൾ
4. വെയിലിന്റെ പൂക്കളം
5. നിലാവ്
6. പ്രപഞ്ചമാതാവിന്റെ പദസരങ്ങളിൽ ഒന്നിന്റെ ശബ്ദം
7. അരുണൻ
8. സൂര്യന്റെ പത്നിമാർ
9. പേരുകൾ
10. എല്ലാം ഒന്നു തന്നെയാണ് എന്നാണ് കവി പറയുന്നത്
11. നിലാവ്
12. രാത്രിയിൽ
13. കാടിന്
14. പേരുകൾക്കുള്ളിൽ
15. നിഴലിനെ

## Assignments topics

- ആധുനിക കവിതകളുടെ സവിശേഷതകൾ വിവരിക്കുക.
- ഡി.വിനയചന്ദ്രന്റെ കാവ്യജീവിതത്തെക്കുറിച്ച് കുറിപ്പെഴുതുക

## Reference


- രവീന്ദ്രൻ പി. പി. – 'ഇടയില്ലായ്മയിൽ ഒരിടം' – ഹാരിസ് വി.സി, ഉമർ തറമേൽ, എഡിറ്റേഴ്സ്, ശ്രദ്ധ – 2004, റെയ്ൻബോ ബുക്സ്, ചെങ്ങന്നൂർ.
- ഉണ്ണിക്കൃഷ്ണൻ വി. കെ. 'ശിവനടനത്തിന്റെ വാഗർത്ഥ ദീപ്തി' – ഹാരിസ് വി. സി., ഉമർ തറമേൽ, എഡിറ്റേഴ്സ്, ശ്രദ്ധ – 2004, റെയ്ൻബോ ബുക്സ്, ചെങ്ങന്നൂർ
- ഡോ.എം.ലീലാവതി -മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


## E- Content


ഡി.വിനയചന്ദ്രൻ

1. https://azhimukham.com/archive/d-vinayachandran-love-poems-memory-safiya/cid3352414.htm
2. https://navamalayali.com/2015/11/15/dvinayachandranpoetry-divyadharmadaththan/
3. https://navamalayali.com/2015/11/15/dvinayachandranpoetry-divyadharmadaththan

BLOCK-04

# സമകാലിക കവിത

# യൂണിറ്റ് - 1
# കാണെക്കാണെ

**പി. പി. രാമചന്ദ്രൻ**

## Learning Outcomes

- പി.പി രാമചന്ദ്രന്റെ കാവ്യജീവിതത്തെ പരിചപ്പെടുന്നു
- മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ 'കാണെക്കാണെ' എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ മനസിലാക്കുന്നു
- പുതുകവിതകളുടെ രൂപപരവും ഭാവപരവുമായ മാറ്റം മനസിലാക്കുന്നു

## Prerequisites

കേരളത്തിലെ പോലീസ് സ്റ്റേഷനുകളുടെ ചുറ്റുവട്ടത്തേക്കൊന്നു കണ്ണോടിച്ചാൽ കാണുന്ന ഒരു കാഴ്ചയുണ്ട്; കാടും വള്ളിപ്പടർപ്പുകളും മൂടിക്കിടക്കുന്ന തുരുമ്പെടുത്ത വാഹനങ്ങളുടെ കാഴ്ച. കോടികൾ വിലവരുന്ന ഈ വാഹനങ്ങൾ പതിറ്റാണ്ടുകളായി അനാഥമായി കിടക്കുന്നതു കാണുമ്പോൾ നമുക്ക് ആശങ്കയും അസ്വസ്ഥതയുമുണ്ടാവുക സ്വാഭാവികമാണ്. അതുപോലെയാണ് ഉപേക്ഷിക്കപ്പെടുന്ന തീവണ്ടിമുറികളുടെ അവസ്ഥയും. അപകടത്താൽ ഉപേക്ഷിക്കപ്പെട്ട ഒരു തീവണ്ടിബോഗിയിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്ന കവിതയാണ് പി. പി. രാമചന്ദ്രന്റെ 'കാണെക്കാണെ'.

ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കുമിടയിൽ കാവ്യരംഗത്തേക്കു കടന്നുവന്ന കവിയാണ് പി. പി. രാമചന്ദ്രൻ. അദ്ദേഹം ശക്തമായ പ്രമേയം കൊണ്ടും മൂർച്ചയുള്ള വാക്കുകൾകൊണ്ടും കവനകലയിൽ വേറിട്ടൊരു വ്യക്തിത്വം രൂപപ്പെടുത്തി. അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരമാണ് കാണെക്കാണെ (1997). കറുത്ത ചങ്ങാതിക്ക്, ഇടശ്ശേരിക്കാലം, ഇര, പാളങ്ങൾ, ബസ്സ്റ്റാന്റിലെ തൂപ്പുകാരി, മാമ്പഴക്കാലം, രണ്ടു പൂച്ചകൾ, കാഴ്ച, ലോപസന്ധി, ലളിതം തുടങ്ങി അമ്പത്താറ് കവിതകളാണ് ഈ സമാഹാരത്തിലുള്ളത്. കത്തുകൾ, കൊമ്പ്, തെങ്ങുമൊഴി, രണ്ടായി മുറിച്ചത്, ശബ്ദങ്ങൾ, കാറ്റേ കടലേ, ഒരു മുറുക്കാൻ പൊതിയുടെ ഓർമ്മയ്ക്ക് തുടങ്ങിയ കവിതകൾ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. നൂറ്റമ്പതോളം കവിതകൾ രചിച്ചു കഴിഞ്ഞ അദ്ദേഹത്തിന് ചെറുകാട് അവാർഡ്, ചെറുശ്ശേരി അവാർഡ്, മഹാകവി പി.സ്മാരക പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ബാലസാഹിത്യരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള ഈ കവി 'പൂതപ്പാട്ടി'ന്റെ പുനരാഖ്യാനവും 'മരക്കുതിര' എന്ന പേരിൽ ചീനക്കഥകളുടെ പരിഭാഷയും നിർവഹിച്ചിട്ടുണ്ട്.

**ഉത്തരാധുനിക കവിതയും പി. പി. രാമചന്ദ്രനും**

മാറുന്ന കാലത്തെയും ലോകത്തെയും മുന്നിൽ കണ്ടുകൊണ്ടാണ് പുതിയ കവികൾ തങ്ങളുടെ സർഗ്ഗസൃഷ്ടി നടത്തുന്നത്. അതിവേഗം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ലോകം ഇന്നത്തെ കവിയുടെ മുമ്പിൽ ആശയങ്ങളുടെ അനേകം ഭാണ്ഡങ്ങൾ ചുമന്നു നില്ക്കുകയാണ്. ആധുനികവൽക്കരണം, നഗരവൽക്കരണം, ആഗോളവൽക്കരണം, വികസനത്വര, കച്ചവടത്വര, പ്രവാസജീവിതം, അധിനിവേശം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉത്തരാധുനിക കവിത ബഹുസ്വരതയുടേതായി മാറുന്നത് സ്വാഭാവികമാണ്

നീണ്ട കാവ്യാഖ്യാനങ്ങൾക്കു പകരം കുറുക്കിയെടുത്ത കവിതകളാണ് ഉത്തരാധുനികതയുടെ മറ്റൊരു പ്രത്യേകത. അത് ഗദ്യത്തിലും പദ്യത്തിലും ഒരുപോലെ കൈകോർക്കുന്നു. പുതിയ കാലഘട്ടത്തിന്റെ ചിത്രീകരണവും നടുക്കുന്ന സംഭവങ്ങളുടെ ആവിഷ്കാങ്ങളും പുതുകവിതകളിൽ നിരന്തരം കടന്നുവരുന്നുണ്ട്. പി.പി.രാമചന്ദ്രന്റെ കവിതകളിൽ ഉത്തരാധുനികതയുടെ ചില സവിശേഷതകൾ ഇടയ്ക്കിടെ പ്രത്യക്ഷമാകുന്നുണ്ടെങ്കിലും മുൻതലമുറക്കവികളുടെ വിശാലമാനവികതയും ദീർഘമായ ആഖ്യാനവും അവയെ വേറിട്ടതാക്കുന്നു. ആ നിലയ്ക്ക് പരിശോധിക്കുമ്പോൾ പി.പി.രാമചന്ദ്രന്റെ സ്ഥാനം ഉത്തരാധുനികതയിൽ തളച്ചിടാനാവുന്നതല്ല. പുതിയ ലോകത്തുനിന്ന് ആശയങ്ങൾ സ്വീകരിക്കുന്ന കവി പല അവസരങ്ങളിലും മലയാളകവിതയുടെ പാരമ്പര്യം കൈവിടാതെ ഒപ്പം നിർത്തുന്നുണ്ട്.

ഇടശ്ശേരിയുടെയും പി. കുഞ്ഞിരാമൻ നായരുടെയും വൈലോപ്പിള്ളിയുടെയും പാത പിന്തുടർന്നുകൊണ്ടാണ് പി. പി. രാമചന്ദ്രൻ മലയാള കവിതയിൽ ഇടം കണ്ടെത്തുന്നത്. അദ്ദേഹം ആധുനിക മനുഷ്യന്റെ മുഖംമൂടിയെ വിമർശിക്കുന്നതിലും ആശങ്കാജനകമായ പരിസ്ഥിതി പ്രശ്നങ്ങളെ ഗൗരവത്തോടെ അവതരിപ്പിക്കുന്നതിലും ഏറെ ശ്രദ്ധ പുലർത്തി. റഫീക് അഹമ്മദ്, കല്പറ്റ നാരായണൻ, പി.രാമൻ, ടി. പി. രാജീവൻ, എസ്.ജോസഫ്, മോഹനകൃഷ്ണൻ കാലടി, പി. കെ. ഗോപി, അനിത തമ്പി, പി. എൻ. ഗോപീകൃഷ്ണൻ, എം. ആർ. രേണുകുമാർ, പി.രാമൻ, വീരാൻകുട്ടി തുടങ്ങിയവർ പി. പി. രാമചന്ദ്രന്റെ അതേ പാതയിൽ സഞ്ചരിക്കുന്ന സമകാലിക കവികളാണ്.

## Keywords

ഉത്തരാധുനികതയുടെ പ്രാരംഭഘട്ടം - പാരമ്പര്യത്തിന്റെ തുടർച്ച - പരിസ്ഥിതി ദർശനം-ബഹുസ്വരത - ബിംബകല്പന - വൈയക്തികത - സൂക്ഷ്മദർശനം

## 4.1.1 Content

സിഗ്നൽ കിട്ടാതിരുന്നതിനാൽ പാളം തെറ്റിപ്പോയ ഒരു തീവണ്ടി പാടത്തേക്കിറങ്ങുന്ന കുണ്ടനിടവഴിയിൽ വന്നു നില്ക്കുന്നിടത്തുനിന്നാണ് 'കാണെക്കാണെ' എന്ന കവിത ആരംഭിക്കുന്നത്. പാടത്തേക്കിറങ്ങുന്ന കുണ്ടനിടവഴിയും തീവണ്ടിയും അതിനു ചുറ്റുമുള്ള ലോകവുമാണ് കവിതയുടെ പ്രധാന പശ്ചാത്തലം. തീവണ്ടി ഒരു കൂറ്റൻ ബിംബമായി ആവിഷ്കരിക്കപ്പെടുന്ന ഈ കവിതയിൽ ആധുനികജീവിതത്തിന്റെ കുതിപ്പും മിടിപ്പും നൈമിഷകതയുമാണ് കേന്ദ്ര ആശയം.

### വരികൾ

'സിഗ്നൽ മാറിയതിനാൽ

.........................................

ഗ്രാമം തലപൊക്കിനോക്കി'

## ആശയ വിശദീകരണം

സിഗ്നൽ മാറിപ്പോയതിനാൽ പാളം തെറ്റിപ്പോയ ഒരു തീവണ്ടി പുലർച്ചേ പാടത്തേക്കിറങ്ങുന്ന കുണ്ടനിടവഴിയിൽ വന്നു നിൽക്കുന്നു. വണ്ടി ബ്രേക്കിട്ടപ്പോൾ അപരിചിതമായ ഇരുമ്പുചക്രങ്ങളുടെ അലർച്ച കേട്ടു ചുറ്റുപാടുമുള്ള ജീവജാലങ്ങൾ പ്രതികരിച്ചു. നായ്ക്കൾ കുരക്കുകയും പൂച്ചകളുടെ രോമങ്ങൾ ഭയത്താൽ വില്ലുപോലെ ഉയർന്നുനിൽക്കുകയും ചെയ്തു. കുഞ്ഞുകുഞ്ഞു കൗതുകങ്ങളെ ചിറകിൻ കീഴിലൊതുക്കി ഗ്രാമം തലപൊക്കി നോക്കി.

തീവണ്ടി എന്നത് ഒരു കൂറ്റൻ പ്രയാണത്തിന്റെയും കുതിപ്പിന്റെയും കൃത്യമായ ലക്ഷ്യത്തിന്റെയുമൊക്കെ പ്രതീകമാണ്. ഒരു തീവണ്ടിക്ക് അതിന്റെ യാത്രയിലുടനീളം നിരവധി ഇടത്താവളങ്ങളുണ്ട്. ഇന്ധനം നിറയ്ക്കാനും വെള്ളം കുടിക്കാനും വിശ്രമിക്കാനുമൊക്കെ കൃത്യമായ ഇടവേളകളുണ്ട്. അതിന്റെ തലച്ചോറ് സദാ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. രാത്രിയിലും ഉറക്കമൊഴിച്ചിരുന്ന് തന്റെ ജോലി ചെയ്യുന്ന ആ കൂറ്റൻ വണ്ടി സിഗ്നൽ മാറിയതിനാൽ പാളം തെറ്റുന്നു. അതു വന്നു നിന്നത് അപരിചിതമായതും വിജനമായതും ഇടുങ്ങിയതുമായ ഒരു കുണ്ടനിടവഴിയിലാണ്. എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയായിരുന്നു അതിന്റെ യാത്ര. എന്നിട്ടും ഒരപകടം പറ്റിയപ്പോൾ ഒന്നും പ്രയോജനപ്പെട്ടില്ല. തീവണ്ടിയെ ബിംബവത്ക്കരിച്ചുകൊണ്ട് മനുഷ്യജീവിതത്തിന്റെ ആകസ്മികമായ പതനത്തെ ആവിഷ്കരിച്ചിരിക്കുകയാണ് കവി. പക്ഷിമൃഗാദികൾ ആ അപകടത്തെ തിരിച്ചറിയുകയും ഉത്ക്കണ്ഠപ്പെടുകയും ചെയ്തിട്ടും മനുഷ്യരാരും അതു കണ്ടതായി കവി പറയുന്നില്ല.

കാണെക്കാണെ, കീയോകീയോ, കുണ്ടനിടവഴി, മണപ്പിച്ചും മൂത്രിച്ചും, കാത്തുകാത്ത് തുടങ്ങിയ പ്രയോഗങ്ങളിലൂടെ കവി തീവണ്ടിയുടെ അനുഭവത്തെ പകർന്നു നൽകുന്നു. ചുരുങ്ങിയ വാക്കുകളിൽ ആശയങ്ങളുടെ വിശാലമായ ആകാശം സൃഷ്ടിക്കുന്നതിലുള്ള പി.പി. രാമചന്ദ്രന്റെ രചനാവൈഭവം ശ്രദ്ധേയമാണ്. നായകളുടെ നിർത്താത്ത കുരയും വില്ലുകുലച്ചതു പോലെയുള്ള രോമങ്ങളുമായി നിൽക്കുന്ന പൂച്ചകളും കവിയുടെ സൂക്ഷ്മനിരീക്ഷണത്തിനു ഉത്തമ ഉദാഹരണങ്ങളാണ്.

## വരികൾ

'വേലിമുള്ളും
മരക്കൊമ്പുകളും തട്ടി
............................
വാതിൽക്കലെത്തി'

## ആശയ വിശദീകരണം

വണ്ടിക്കു സംഭവിച്ച നിസാരമായ പരിക്കുകളെയാണ് കവി ഈ വരികളിൽ അവതരിപ്പിച്ചിരിക്കുന്നത്. മുള്ളുവേലിയിലും മരക്കൊമ്പിലും തട്ടി ഏ.സി സ്ലീപ്പർ കോച്ചുകളുടെ പുറംതൊലി അങ്ങിങ്ങായി കീറിയിരിക്കുന്നു. റിസർവേഷൻ കമ്പാർട്ടുമെന്റിന്റെ പുറത്തൊട്ടിച്ച ചാർട്ടു നോക്കി ഒരു അണ്ണാൻ ഉറക്കെ യാത്രക്കാരുടെ പേരുകൾ വായിക്കുകയാണ്, ഒരാൾ മാത്രം വണ്ടി നിർത്തിയ സ്റ്റേഷൻ ഏതാണെന്ന് നോക്കാനായി വാതിൽക്കലെത്തി. മേല്പറഞ്ഞ വരികളിൽ നിന്ന് അവിടെ സംഭവിച്ചത് തീവണ്ടി അപകടമല്ലെന്നും പാളം തെറ്റൽ മാത്രമാണെന്നും മനസ്സിലാക്കാം.

എല്ലാ ആധുനിക സംവിധാനവുമുള്ള എ.സി.സ്ലീപ്പർ കോച്ചാണ് പാളം തെറ്റിയിരിക്കുന്നത്. റിസർവേഷൻ കമ്പാർട്ടുമെന്റിന്റെ പുറത്തൊട്ടിച്ച ചാർട്ടിൽ നോക്കി അണ്ണാൻ പേരുകൾ വായിക്കുന്നതിൽ നിന്ന് കവി തീവണ്ടിയിൽ യാത്രക്കാരുണ്ടെന്നുള്ള സൂചനയാണ് നൽകുന്നത്. ദീർഘയാത്രയുടെ മുഷിച്ചിലോടെ ഒരാൾ മാത്രമാണ് വാതിൽക്കലെത്തി നോക്കിയത്. കെട്ടനാറ്റം എന്നത് മുഷിഞ്ഞ യാത്രക്കാരനെ സൂചിപ്പിക്കുന്നു. അയാളാകട്ടെ വണ്ടി നിർത്തിയിട്ടിരിക്കുന്ന സ്റ്റേഷൻ ഏതാണെന്നാണ് നോക്കുന്നത്. അതിർത്ഥം കുണ്ടനിടവഴിയിലാണ് വണ്ടി കിടക്കുന്നതെന്ന് അയാൾക്ക് മനസ്സിലായിട്ടില്ല എന്നാണ്. ഒരു അപായം സംഭവിച്ചാൽ മനുഷ്യരൊഴികെ ചുറ്റുമുള്ള ഇതര ജീവജാലങ്ങൾ അത് ഉടൻ തിരിച്ചറിയുന്നതായും അതേസമയം എ.സി.കോച്ചിൽ സുഖമായുറങ്ങുന്ന മനുഷ്യൻ

ഒന്നുമറിയുന്നില്ലെന്നുമുള്ള വസ്തുത കവി ഇവിടെ അടിവരയിടുകയാണ്. ആധുനിക സൗകര്യങ്ങളുടെ ശീതികരിച്ച മുറി പുതിയ കാലത്തിന്റെ പ്രതീകമാണ്. തങ്ങൾ സഞ്ചരിക്കുന്ന പാതയിൽ ഉണ്ടാകുന്ന അപകടം പോലും തിരിച്ചറിയാതെ ജീവിക്കുന്ന പുതിയ മനുഷ്യന്റെ ജീവിതത്തെ കവി ഈ വരികളിൽ വ്യക്തമായി അവതരിപ്പിക്കുന്നു.

### വരികൾ

'സിഗ്നൽ കാത്തുകാത്ത്

........................................

ചെല്ലം തുറന്നു'

### ആശയ വിശദീകരണം

സിഗ്നൽ കാത്തു മടുത്ത ഡ്രൈവർ, എഞ്ചിൻബോഗിയിൽ നിന്ന് തൊട്ടടുത്ത പറമ്പിലേക്ക് ചാടി, ഒരു പഴുത്ത അടയ്ക്കായുമെടുത്ത് വെറ്റില ചെല്ലം തുറക്കുന്നു എന്ന് ആശയം. കാത്തിരിപ്പിന്റെ നിസ്സംഗതയെക്കുറിച്ചാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

'സിഗ്നൽ കാത്തുകാത്ത് മടുത്തവർ' എന്നത് റെയിൽവെയുടെ അനാസ്ഥയെ സൂചിപ്പിക്കുന്നു. 'കാത്തുകാത്ത്' എന്ന വാക്ക് പിന്നിട്ട സമയത്തെയാണ് സൂചിപ്പിക്കുന്നത്. കുണ്ടനിടവഴിയിൽ കിടക്കുന്ന വണ്ടി പാളത്തിലേക്കു വലിച്ചുകയറ്റേണ്ടതും, യാത്രക്കാരെ സുരക്ഷിതമായി എത്തിക്കേണ്ടതും റെയിൽവെയുടെ ഉത്തരവാദിത്തമാണെങ്കിലും യാതൊരു നടപടിയുമുണ്ടാകുന്നില്ല എന്ന് സാരം. എഞ്ചിൻബോഗിയിൽ നിന്ന് തൊട്ടടുത്ത പറമ്പിലേക്കു ചാടി പഴുത്തടയ്ക്ക പെറുക്കിവന്ന് മുറുക്കാൻ തയ്യാറാക്കുന്ന എഞ്ചിൻഡ്രൈവറുടെ മനോഭാവം നിസ്സംഗതയുടെ മറ്റൊരു കാഴ്ചയാണ്. തീവണ്ടി എപ്പോൾ പുറപ്പെട്ടാലും തനിക്കൊന്നുമില്ലെന്ന മട്ടിലാണ് അയാൾ പെരുമാറുന്നത്. മാത്രമല്ല, അവസരം മുതലാക്കിക്കൊണ്ട് തന്റെ മുറുക്കാൻ ചെല്ലം തുറക്കാനാണ് അയാൾ ജാഗ്രത കാണിച്ചത്. അവരവരുടെ സന്തോഷങ്ങളിലെക്കും അവസരങ്ങളിലെക്കും മാത്രമായി ചുരുങ്ങിപ്പോകുകയാണ് കാലം എന്ന് കവിത വ്യക്തമാക്കുന്നു.

### വരികൾ

'കാണെക്കാണെ കൗതുകം പോയി

........................................................

കീയോ കീയോ കേട്ടു തുടങ്ങി'

### ആശയ വിശദീകരണം

പാളം തെറ്റിയ തീവണ്ടി ഉപേക്ഷിക്കപ്പെട്ട നിലയിൽ അവിടെത്തന്നെ നിശ്ചലമായി കിടക്കുന്നതിന്റെ ചിത്രമാണ് കവി ഈ വരികളിലൂടെ കാണിച്ചുതരുന്നത്. 'കാണെക്കാണേ കൗതുകം പോയി' എന്നതിൽ നിന്നും കുണ്ടനിടവഴിയിൽ പാളം തെറ്റിക്കിടക്കുന്ന കൂറ്റൻ തീവണ്ടി ഒരു പതിവുകാഴ്ചയായി എന്നു മനസ്സിലാക്കാം. 'നായ്ക്കൾ മണപ്പിച്ചും മൂത്രിച്ചും വണ്ടി ഒരു വീട്ടുകോലായിയാക്കി' എന്നാണ് അനാഥമായ വണ്ടിയുടെ അവസ്ഥയെ കവി ചിത്രീകരിച്ചിരിക്കുന്നത്. അതായത് തീവണ്ടി ഇപ്പോൾ ചുറ്റുപാടുമുള്ള ജീവികൾക്ക് വിജനമായൊരു വീടുപോലെ അഭയകേന്ദ്രമായി മാറിയിരിക്കുന്നു. ബോഗികൾക്കുള്ളിൽ നിന്നുമുയരുന്ന 'കീയോ കീയോ' വിളി പിറവിയുടെ പ്രതീകമാണ്. നിശ്ചലമായി കിടക്കുന്ന തീവണ്ടി ജീവജാലങ്ങൾക്ക് ഈറ്റില്ലമായിരിക്കുന്നു.

### വരികൾ

'പിന്നീടെപ്പോഴാണ്

..........................................

വലിച്ചുകൊണ്ടുപോവുകയാണ്
അതിനെ'

### ആശയ വിശദീകരണം

അനിശ്ചിതത്വത്തിന്റെ ഇടവഴിയിൽ ജീവനറ്റുകിടന്ന ഒരു കൂറ്റൻ ജീവിയെപ്പോലെ കണ്ട തീവണ്ടി പിന്നീടെപ്പോഴോ തോട്ടുവരമ്പത്തുകൂടെ കടന്നുപോകുന്ന ദൃശ്യമാണ് കവി ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. പക്ഷേ, ആവിയോ പുകയോ ശബ്ദമോ ഇല്ലാതെയാണ് അതിന്റെ പോക്ക്. ഒരുകൂട്ടം ഉറുമ്പുകൾ അതിനെ വലിച്ചുകൊണ്ടുപോവുകയാണെന്നും കവി ചൂണ്ടിക്കാണിക്കുന്നു.

ഉറുമ്പുകൾ വലിച്ചുകൊണ്ടുപോകുന്ന തീവണ്ടിയെ ചേതനയറ്റൊരു മനുഷ്യശരീരമായി സങ്കൽപിക്കുമ്പോൾ, ദാർശനികമായ മറ്റൊരു ആശയം കൂടി ചുരുൾ നിവരുന്നതു കാണാം. ആധുനിക ജീവിതത്തിന്റെ തീവണ്ടിക്കുതിപ്പിന് പൊടുന്നനെ വീഴ്ച സംഭവിക്കുന്നതും അവിടെനിന്ന് നിവരാനാകാതെ ആ ജീവിതത്തിന്റെ അന്ത്യമാകുന്നതും എല്ലാ ശക്തിയും മിടിപ്പും നഷ്ടപ്പെട്ട മൃതശരീരം പ്രകൃതിയിലെ ഒരു വിറകുകൊള്ളിക്കു സമാനമായി മാറുന്നതുമാണ് ഇവിടെ കണ്ട കാഴ്ചയുടെ പൊരുൾ. ഒരു കഥ പറയുന്നതുപോലെയാണ് ജീവിതവും അതിന്റെ അന്ത്യവും കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

## കാവ്യാവലോകനം

പ്രമേയപരമായും ആശയപരമായും ഔന്നിദ്ധ്യം പുലർത്തുന്ന കവിതയാണ് 'കാണെക്കാണെ'. ബിംബകൽപനയകളുടെ ഔചിത്യവും ആശയത്തിന്റെ പ്രസക്തിയും അവതരണത്തിന്റെ പ്രത്യേകതയും ഈ കവിതയെ ശ്രദ്ധേയമാക്കിയ ഘടകങ്ങളാണ്. 'കാണെക്കാണെ' എന്ന കവിതയുടെ മറ്റൊരു സവിശേഷത അതിന്റെ ബഹുസ്വരതയാണ്. പാളം തെറ്റിക്കിടക്കുന്ന ഒരു തീവണ്ടിയെ ബിംബമാക്കിക്കൊണ്ട് അനേകം പ്രശ്നമുഖങ്ങളെ മുന്നോട്ടുവയ്ക്കുകയാണ് ഈ കവി. ആധുനിക മനുഷ്യന്റെ ജീവിതവുമായി ചേർത്തുവച്ചു കൊണ്ടുള്ള കവിതയുടെ ചരടിൽ മനുഷ്യന്റെ നിസ്സംഗഭാവം, സ്വാർത്ഥത, റെയിൽവേയുടെ അനാസ്ഥ, മനുഷ്യജീവികളും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം, അജൈവ മാലിന്യമായി മാറിയ തീവണ്ടി പ്രകൃതിക്കു ഭീഷണിയായിത്തീരുന്നത് തുടങ്ങി ബഹുമുഖമായ വിഷയങ്ങളെ സൂക്ഷ്മമായി കോർത്തിണക്കിയിരിക്കുന്നതു കാണാം.

തീവണ്ടി എന്നത് പി.പി.രാമചന്ദ്രന്റെ ബിംബകല്പനകളിൽ മുമ്പും കടന്നുവന്നിട്ടുണ്ട്. 'ഷൊർണൂർ – നിലമ്പൂർ പാസഞ്ചർ' എന്ന കവിതയിലും മുഖ്യകഥാപാത്രം തീവണ്ടിയാണ്. നാറാണത്തുഭ്രാന്തന്റെ കല്ലുരുട്ടൽപോലെ വ്യർത്ഥമായൊരു അഭ്യാസമായിട്ടാണ് ഈ പാസഞ്ചറിനെ കവി സങ്കല്പിച്ചിരിക്കുന്നത്. ഒടുവിൽ നാറാണത്തുഭ്രാന്തനും ആ പാസഞ്ചർ വണ്ടിയും താൻ തന്നെയാണെന്ന വെളിപ്പെടുത്തലും കവി നടത്തുന്നുണ്ട്. 'സൈക്കിൾ', 'കട്ടപ്പുറത്തെ കാർ' എന്നീ കവിതകളിലും മനുഷ്യജീവിതത്തിന്റെ വിവിധ അവസ്ഥകളെ കവി അവതരിപ്പിക്കുന്നത് വാഹനങ്ങളെ ബിംബമാക്കിക്കൊണ്ടാണ്.

പ്രകൃതിയുടെ സാന്നിദ്ധ്യം രാമചന്ദ്രന്റെ കവിതകളുടെ ഒരു പ്രത്യേകതയാണ്. ഇത് ആദ്യം പ്രത്യക്ഷമായ കവിതയാണ് 'മാമ്പഴക്കാലം'. 'പട്ടാമ്പിപ്പുഴമണലിൽ' എന്ന കവിതയുടെ പ്രമേയം ഒരു പുഴയുടെ ക്ഷയവും അതുവഴി ജീവന്റെ ക്ഷയവുമാണ്. റോഡു പണിക്കുപോകുന്ന കുന്നുകളെ കഥാപാത്രങ്ങളാക്കിയ 'കാറ്റേ, കടലേ' എന്ന കവിത പാരിസ്ഥിതിക ആഘാതത്തിന്റെ പരിഛേദമാണ്. 'കാണെക്കാണെ' എന്ന കവിതയിലെ പാരിസ്ഥിതികദർശനം പാടത്തേക്കുള്ള ഇടവഴിയിൽ ഉപേക്ഷിക്കപ്പെട്ട കൂറ്റൻ തീവണ്ടിയുടെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കുന്നത്. ഒടുവിൽ ഉറുമ്പുകൾ വലിച്ചു കൊണ്ടുപോകുന്ന തീവണ്ടിയെ കാട്ടിതന്നുകൊണ്ടാണ് കവിത അവസാനിക്കുന്നത്. ഒരു കൂറ്റൻ അജൈവമാലിന്യത്തെ പ്രകൃതിയുടെ ഭാഗമാക്കാൻ ജൈവശക്തി നടത്തുന്ന വിഫലമായ ശ്രമമാണ് ഇതെന്ന് വ്യാഖ്യാനിക്കാം

## Recap

- ആധുനികതയിൽ നിന്നും ഉത്തരാധുനികതയിലേക്കുള്ള തുടർച്ച
- വ്യക്തിപരതയിൽ മാത്രം ഒതുങ്ങിനില്ക്കാത്ത കവിത
- തീവണ്ടി പ്രധാന കാവ്യബിംബം

- കാവ്യസങ്കല്പം: മാനവിക ദർശനവും പ്രകൃതി ദർശനവും
- ആധുനിക മനുഷ്യന്റെ നിസ്സംഗത,സ്വാർത്ഥത, അനാസ്ഥ
- താളംതെറ്റിയ ജീവിതത്തെ ഓർമ്മപ്പെടുത്തുന്നു
- യന്ത്രത്തിന്റെ ജൈവികതയിലേക്കുള്ള രൂപാന്തരത്വം
- തീവണ്ടി അജൈവമാലിന്യമായിത്തീരുന്ന കാഴ്ച
- കാലവും പ്രകൃതിയും മാനവികചിന്തകളും സമന്വയിക്കുന്ന അനുഭവലോകം
- സമകാലിക കവിതയുടെ മുഖം

## Objective Type Questions

1. 'കാണെക്കാണെ' എന്ന കവിതയിലെ പ്രധാന കാവ്യബിംബം ഏതാണ്?
2. എങ്ങനെയാണു തീവണ്ടി പാളം തെറ്റിയത്?
3. പാളംതെറ്റിയ തീവണ്ടി എവിടെയാണ് ചെന്നു നിന്നത്?
4. ആരാണ് റിസർവേഷൻ ചാർട്ടിലെ പേര് ഉറക്കെ വായിച്ചത്?
5. എഞ്ചിൻ ഡ്രൈവർ തൊട്ടടുത്ത പറമ്പിലേക്കു ചാടിയത് എന്തിനാണ്?
6. കാണെക്കാണെ കാഴ്ച്ചയിൽ നിന്ന് എന്താണ് പോയത്?
7. തെളിഞ്ഞും ചുരുണ്ടും പൂച്ചകൾ എന്താണ് അടുപ്പുതിണ്ണയാക്കിയത്?
8. മണപ്പിച്ചും മൂത്രിച്ചും ആരാണ് വണ്ടി വീട്ടുകോലായയാക്കിയത്?
9. രോമ വില്ലുകുലച്ചത് ആര്?
10. ഒടുവിൽ വണ്ടിയെ വലിച്ചുകൊണ്ട് പോയത് ആര്?
11. പാടത്തേയ്ക്കുള്ള കുണ്ടനിടവഴിയിൽ എന്താണ് കിടക്കുന്നത്?
12. കെട്ട നാറ്റം എന്തിനെ സൂചിപ്പിക്കുന്നു?
13. എന്തിന്റെ പുറംതൊലിയാണ് കീറിയിരിക്കുന്നത്?
14. എന്തിലെല്ലാം തട്ടിയിട്ടാണ് സ്ലീപ്പർ കോച്ചുകളുടെ തൊലി പോയത്?
15. കീയോ കീയോ കൗതുകങ്ങളെ ചിറകിൻ കീഴിലൊതുക്കി തലപൊക്കിനോക്കിയതാര്?
16. കൂറ്റൻ ബോഗികൾക്കിടയിൽ നിന്നും എന്താണ് കേട്ടു തുടങ്ങിയത്?

## Answers to Objective Type Questions

1. തീവണ്ടി
2. സിഗ്നൽ തെറ്റിയതിനാൽ
3. പാടത്തേക്കിറങ്ങുന്ന കുണ്ടനിടവഴിയിൽ
4. അണ്ണാൻ
5. പഴുത്ത അടയ്ക്ക പെറുക്കാൻ
6. കൗതുകം
7. ബർത്ത്
8. നായകൾ
9. പൂച്ചകൾ
10. ഒരുകൂട്ടം ഉറുമ്പുകൾ
11. തീവണ്ടി
12. മുഷിഞ്ഞ യാത്രക്കാരൻ
13. ഏ.സി സ്ലീപ്പർ കോച്ചുകളുടെ
14. വേലി മുള്ളും മരക്കൊമ്പുകളും തട്ടി
15. ഗ്രാമം
16. കീയോ കീയോ ശബ്ദം

## Assignments

1. 'കാണെക്കാണെ'യിലെ കാവ്യബിംബങ്ങൾ - കുറിപ്പെഴുതുക.
2. ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ വിവരിക്കുക.
3. പി. പി. രാമചന്ദ്രന്റെ കാവ്യജീവിതം പരിചയപ്പെടുത്തുക.
4. പി. പി. രാമചന്ദ്രന്റെ കവിതകളിലെ പ്രകൃതി ദർശനം - ഉപന്യസിക്കുക.

## Reference


- ശ്രീകുമാർ ടി. ടി. - ഉത്തരാധുനികതയ്ക്കപ്പുറം, ഡി.സി ബുക്സ്, കോട്ടയം.
- പി. പവിത്രൻ - ആധുനികതയുടെ കുറ്റസമ്മതം, എസ്.പി.സി.എസ്., കോട്ടയം.
- എം. ലീലാവതി -മലയാളകവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
- പി. കെ. പോക്കർ - ആധുനികോത്തരതയുടെ കേരളീയ പരിസരം, എസ്.പി.സി.എസ്, കോട്ടയം.
- പോൾ.എം.എസ്, ഉത്തരാധുനിക കവിതാപഠനങ്ങൾ, റെയിൻബോ ബുക്സ്, കോഴിക്കോട്.
- സച്ചിദാനന്ദൻ, മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോട്ടയം.


## E-content


പി. പി. രാമചന്ദ്രൻ

https://youtu.be/LI5fMSioptg
https://kavyamsugeyam.blogspot.com/search/label/P.P.%20RAMACHANDRAN?m=0
https://youtu.be/lY0Wv_nk9IU

# യൂണിറ്റ് - 2
# മൃഗശിക്ഷകൻ

**വിജയലക്ഷ്മി**

## Leraning Outcomes

- മലയാള കവിതയിലെ ആധുനിക പ്രവണതകൾ മനസ്സിലാക്കുന്നു
- മലയാള സാഹിത്യത്തിലെ സ്ത്രീപക്ഷ രചനാ പ്രസ്ഥാനത്തെക്കുറിച്ച് അറിയുന്നു
- പാശ്ചാത്യലോകത്ത് ഉദയം ചെയ്ത പ്രസ്ഥാനമായ ആധുനികത സർവ്വമേഖലകളിലും സമൂലമായ മാറ്റങ്ങൾ വരുത്തുന്ന പ്രസ്ഥാനമാണെന്നു തിരിച്ചറിയുന്നു
- പരമ്പരാഗതചിന്തകളെയും മൂല്യങ്ങളെയും തകർത്തെറിഞ്ഞു കൊണ്ട് വ്യക്ത്യാധിഷ്ഠിത മായ വീക്ഷണത്തോടെ വളർന്നു വന്ന ആധുനികതയെ മനസ്സിലാക്കുന്നു
- സ്ത്രീശാക്തീകരണത്തിനും ലിംഗനീതി ഉറപ്പുവരുത്തുന്നതിനുമായി രൂപംകൊണ്ട പ്രസ്ഥാനമെന്ന നിലയിൽ സ്ത്രീപക്ഷ രചനാപ്രസ്ഥാനത്തെ വിലയിരുത്തുന്നു
- സ്ത്രീ സ്വത്വബോധത്തിന്റെ ഏകകങ്ങളായി വിജയലക്ഷ്മിയുടെ കവിതകളെ വിലയിരുത്തുന്നു

## Prerequisites

പ്രായഭേദമന്യേ ഏവരെയും ആകർഷിക്കുന്നതാണ് സർക്കസ്സ്. സർക്കസ്സ് കാണാത്തവർ വിരളമായിരിക്കും. സർക്കസ്സിലെ അനേകം കൗതുക കാഴ്ചകളോടൊപ്പം വന്യമൃഗങ്ങളെ പേടിപ്പിച്ചും, ശിക്ഷിച്ചും അനുസരിപ്പിക്കുന്ന ദൃശ്യങ്ങൾ നിങ്ങൾ കണ്ടിട്ടില്ലേ? മൃഗശിക്ഷകൻ തന്റെ ചാട്ടവാറുപയോഗിച്ചു ക്രൂരമായ ശിക്ഷാവിധികളാൽ, വന്യമൃഗങ്ങളെ തന്റെ വരുതിയിൽ നിർത്തിയാണ് അനുസരിപ്പിക്കുന്നത്. അവിടെ എത്ര ഭീകരനായ കാട്ടുമൃഗമാണെങ്കിലും ശിക്ഷകനെ അത് അനുസരിക്കുന്നത് ഭയം മൂലമാണ്. ഇത്തരത്തിൽ ഒരു ശിക്ഷകന്റെ വാക്കനുസ്സരിച്ചു ചലിക്കേണ്ടി വരുന്ന മനുഷ്യാവസ്ഥയെയാണ് വിജയലക്ഷ്മി 'മൃഗശിക്ഷകൻ' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നത്. പെൺപക്ഷ കവിതയെന്ന് വിലയിരുത്തുമ്പോൾ ഇവിടെ പെണ്ണിന്റെ പ്രാതിനിധ്യം വന്യമൃഗത്തിന്റെ ചിന്തകളിലൂടെ വായിച്ചെടുക്കാവുന്നതാണ്. സ്ത്രീസ്വത്വാവബോധത്തിന്റെയും നിർമിതിയുടെയും ഏകകങ്ങളാണ് വിജയലക്ഷ്മിയുടെ കവിതകൾ. സർക്കസ് കൂടാരത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട നിരവധി കഥകളും ചലച്ചിത്രങ്ങളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. മനുഷ്യേതര കഥാപാത്രങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള കൃതികളും നിരവധിയുണ്ട്.

സ്ത്രീപക്ഷരചനാപ്രസ്ഥാനം ആധുനികതയുമായി ബന്ധപ്പെട്ടാണ് രൂപം കൊണ്ടത്. സമകാലികാന്തരീക്ഷത്തിൽ സ്ത്രീകളുടെ അവസ്ഥകളെ സത്യസന്ധമായി അവതരിപ്പിക്കുന്നതിനു ഏറ്റവും അനുയോജ്യമായ പ്രസ്ഥാനമാണിത്. സ്ത്രീവാദം, സ്ത്രീവാദപ്രസ്ഥാനം,

സ്ത്രീപ്രാതിനിധ്യം തുടങ്ങിയ പദങ്ങൾ കൊണ്ട് സൂചിപ്പിക്കുന്ന സാമൂഹികപ്രസ്ഥാനമാണ് സ്ത്രീപക്ഷവാദപ്രസ്ഥാനം. ഒരിക്കലും ഒരു സിദ്ധാന്തത്തിന്റെ മാറാപ്പ് അണിയുന്നില്ല. മറിച്ച് അതിനെ സാമൂഹിക, ബൗദ്ധിക മുന്നേറ്റമായാണ് വിലയിരുത്തേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇതൊരു പ്രയോഗപദ്ധതിയാണ്. ലിംഗപരമായ അസമത്വവും മേധാവിത്വവും ഒഴിവാക്കിക്കൊണ്ട് ലിംഗസമത്വം ആവശ്യപ്പെടുകയാണ് ഈ പ്രസ്ഥാനം ചെയ്യുന്നത്. സ്ത്രീയുടെ സാമൂഹികധർമത്തെ ഉയർത്തിപ്പിടിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ മുഖ്യമായ പ്രവർത്തനപദ്ധതി. ഇരുപതാം നൂറ്റാണ്ടിൽ ബ്രിട്ടനിലും അമേരിക്കയിലും രൂപംകൊണ്ട ലോകമെമ്പാടും പന്തലിച്ച ഈ പ്രസ്ഥാനം രണ്ടായി തിരിഞ്ഞിട്ടുണ്ട്. അവ ഒന്നാംതരംഗമെന്നും രണ്ടാംതരംഗമെന്നും രണ്ടു ഘട്ടങ്ങളായി അറിയപ്പെട്ടു. വെർജീനിയ വൂൾഫ്, സിമോൺദേബുവ എന്നിവർ ഒന്നാം തരംഗത്തിലും ബെറ്റിഫ്രൈഡന്റെ രചനകൾ രണ്ടാം തരംഗത്തിലും ഉൾപ്പെടുന്നവയാണ്.

മലയാളസാഹിത്യത്തിൽ സാറാജോസഫ്, സി. എസ്. ചന്ദ്രിക, പി. ഗീത, കെ. ശാരദക്കുട്ടി, വിജയലക്ഷ്മി, വി. എം. ഗിരിജ, റോസ്മേരി, സിതാര എസ്., പ്രിയ എ. എസ്., ഇന്ദു മേനോൻ, അനിതാതമ്പി തുടങ്ങിയവർ സ്ത്രീപക്ഷ എഴുത്തുകാരാണ്. മലയാളത്തിൽ 'പെണ്ണെഴുത്ത്'എന്നാണ് ഈ പ്രസ്ഥാനം അറിയപ്പെടുന്നത്. സാറാജോസഫിന്റെ 'പാപത്തറ' എന്ന കഥാസമാഹാരത്തിനു സച്ചിദാനന്ദൻ എഴുതിയ അവതാരികയിലാണ് മലയാളത്തിൽ 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി പ്രയോഗിച്ചത്.

**പ്രധാനകൃതികൾ**

മൃഗശിക്ഷകൻ, തച്ചന്റെ മകൾ, മഴതൻ മറ്റേതോ മുഖം, ഹിമസമാധി, അന്ത്യപ്രലോഭനം, കുറ്റമണൽത്തരി, അന്ന അഖ് മതോവിന്റെ കവിതകൾ (വിവർത്തനം), അന്ധകന്യക, മഴയ്ക്കപ്പുറം, വിജയലക്ഷ്മിയുടെ കവിതകൾ, ജ്ഞാന മഗ്ദലന, സീതാദർശനം, വിജയലക്ഷ്മിയുടെ പ്രണയ കവിതകൾ.

**പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ**

കുഞ്ഞുപിള്ള പുരസ്കാരം, ലളിതാംബികഅന്തർജ്ജനം സ്മാരകപുരസ്കാരം, അങ്കണം സാഹിത്യപുരസ്കാരം, കേരളസാഹിത്യഅക്കാദമി പുരസ്കാരം, ചങ്ങമ്പുഴ പുരസ്കാരം, വൈലോപ്പിള്ളി പുരസ്കാരം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം, പദ്മപ്രഭാ പുരസ്കാരം, ഒ.വി. വിജയൻ സാഹിത്യ പുരസ്കാരം, ഇന്ദിരാഗാന്ധി സാഹിത്യപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ കൗൺസിലിലും അംഗമായിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ പബ്ലിക്കേഷൻ കമ്മിറ്റി കൺവീനർ, കേന്ദ്രസാഹിത്യ അക്കാദമി അഡ്വൈസറി ബോർഡ് അംഗം, സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യഅക്കാദമി പുരസ്കാരം (1994 ) ഈ കൃതിയ്ക്കു ലഭിച്ചിട്ടുണ്ട്.

## Keywords

മലയാള കവിതയിലെ ആധുനിക പ്രവണതകൾ - സ്ത്രീപക്ഷ രചനാപ്രസ്ഥാനം സ്ത്രീശക്തീകരണം - ലിംഗനീതിസമത്വം - വ്യക്ത്യാധിഷ്ഠിതവീക്ഷണം - പാരമ്പര്യമൂല്യനിഷേധം - വിജയലക്ഷ്മിയുടെ കവിതാ പ്രത്യേകതകൾ

## 4.2.1 Content

അതിശക്തനായിരുന്നിട്ടും ഭയം മൂലം തന്റെ സ്വത്വബോധം ഒളിപ്പിച്ചു ശിക്ഷിതനായി കഴിയേണ്ടിവന്ന മൃഗരാജന്റെ ചിന്തകളാണ് മൃഗശിക്ഷകന്റെ പ്രമേയം. മൃഗശിക്ഷകൻ ഒരു സ്ത്രീപക്ഷ രചനയായ് പരിഗണിക്കാവുന്നതാണ്. 'മൃഗശിക്ഷകൻ' എന്ന കവിതയിലെ നായകൻ സർക്കസ് കൂടാരത്തിലെ വന്യമൃഗമാണ്. ഇവിടെ ഭയം മൂലം അധികാരത്തിനും അധീശത്വത്തിനും ഇടയിൽ അടിമജീവിതം നയിക്കേണ്ടി വരുന്ന സ്ത്രീകളെയാണ് കവിതയിൽ പ്രതിപാദിച്ചിരിക്കുന്നത്.

### വരികൾ

'ഭയമാണങ്ങയെ,
പുളയുന്നചാട്ടമിഴികളിൽ,
..............................................................
ചൊല്ലുന്നേൻ ഭയമാണങ്ങയെ.'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| പുളയുന്ന ചാട്ടമിഴി | = | തീഷ്ണമായ നോട്ടം |
| വിരൽമുനകളിൽ ശിക്ഷാ മുറകൾ | = | കഠിനമായ ശിക്ഷാമുറ കൾ |

### ആശയ വിശദീകരണം

ഭയങ്കരമായ പീഡനങ്ങൾക്കിരയായി സർക്കസ് കൂടാരത്തിൽ ജീവിക്കേണ്ടി വരുന്ന മൃഗരാജന്റെ ആത്മരോദനമാണ് ഈ കവിത. ശിക്ഷകന്റെ വാക്ക് തെറ്റിക്കാനുള്ള ശക്തി ഉണ്ടായിട്ടുപോലും ഭയത്താൽ മൃഗം എന്തും ചെയ്യാൻ തയ്യാറാകുന്നു. ശിക്ഷകൻ തരുന്ന വലയത്തിനു പുറത്തേക്കു ചാടാനും ശിക്ഷകനെ തന്നെ ശിക്ഷിക്കുവാനും കരുത്തും ശൗര്യവുമുള്ള മൃഗം പക്ഷേ ഒന്നിനും തയ്യാറാകുന്നില്ല. തന്റെ പ്രവൃത്തികളെ, കിനാവിനെപ്പോലും അടക്കി തീവലയത്തിലൂടെ ചാടാൻ സ്വയം പരുവപ്പെടുന്നത് ഭയം ഒന്നുകൊണ്ടു മാത്രമാണെന്ന് അത് ഉറപ്പിച്ചു പറയുന്നു. തന്റെ ശിക്ഷകന് തന്റെ നേർക്ക് കുറച്ചെങ്കിലും ആർദ്രഭാവമുണ്ടോ എന്ന് ആലോചിക്കുവാൻ പോലും അത് ഒരിക്കലും ധൈര്യപ്പെടുന്നില്ല. ഭയമാണങ്ങയെ എന്ന് മൃഗശിക്ഷകന്റെ അടുക്കൽ പറയാൻ പോലും ആ മൃഗം ധൈര്യപ്പെടുന്നില്ല എന്ന് സാരം. ഭയം മൂലം തന്റെ സ്വത്വത്തെ ഒളിപ്പിച്ചു വെച്ച് സർക്കസ് കൂടാരത്തിലെ മൃഗശിക്ഷകനെ അനുസരിക്കേണ്ടി വരുന്ന മൃഗരാജ ചിന്തകളാണിതൊക്കെ. മൃഗശിക്ഷകനെ ഭയമാണെന്നു പറയാൻ പേടിക്കുന്നതിനു കാരണം ശിക്ഷകന്റെ മർദ്ദനമുറകളാണ്. മൃഗരാജൻ യഥാർത്ഥത്തിൽ സ്ത്രീത്വത്തിന്റെ പ്രതിബിംബമാണ്.

### വരികൾ

'വനത്തിലേയ്ക്കെന്റെ വപുസ്സു പായുവാൻ
..............................................................................
ഇടയ്ക്കെൻ തൃഷ്ണകൾ കുതറിച്ചാടുന്നു'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| വപുസ്സ് | = | ശരീരം |
| തീചക്രം | = | സർക്കസ്സിൽ മൃഗങ്ങളെ പരിശീലിപ്പിക്കുവാൻ ഉപയോഗിക്കുന്ന ചക്രം |
| തൃഷ്ണ | = | ആഗ്രഹം |

### ആശയ വിശദീകരണം

മൃഗം ചിന്തിക്കുന്നു, വനത്തിലേക്ക് പോകാൻ എന്റെ ശരീരം വിറയ്ക്കുകയാണ്. പക്ഷേ എന്റെ നിറകണ്മുന്നിലുള്ളത് ഈ ചുവന്നതീച്ചക്രം മാത്രമാണ്. മൃഗശിക്ഷകന്റെ ആജ്ഞയനുസരിച്ച് ഇടംവലം നോക്കാതെ വലയത്തിനകത്ത് എടുത്തു ചാടണം. എത്രയോ കാലം കൊണ്ട് ഞാൻ ചെയ്യുന്ന ജോലിയാണിത്. പക്ഷേ ഇതെന്റെ വെറും ജോലി മാത്രമാണ്. ഇടയ്ക്ക് എന്റെ തീവ്രമായ ആഗ്രഹം കുതറി ചാടുകയാണ് ചെയ്യുന്നത്. ഇവിടെ ഗോത്രമനസ്സിന്റെ സ്വാതന്ത്ര്യനിഷേധത്തെ ചോദ്യം ചെയ്യുന്നു. മൃഗത്തിന്റെ ചിന്തയിൽ ബലമായി തന്നെ അനുസരിപ്പിക്കുന്നതിന്റെ അമർഷവും മറ്റു ഗത്യന്തരമില്ലാത്തതിന്റെ നിസ്സഹായാവസ്ഥയും വേദനയും എല്ലാം പ്രകടമാകുന്നു. വനത്തിലേക്കു പോകണമെന്ന്

ആത്മാർത്ഥമായി ആ മൃഗം ആഗ്രഹിക്കുന്നു. അതിന്റെ നിറകണ്ണിലുള്ളത് ചുവന്ന തീച്ച ക്രമാണ്. അത് മൃഗത്തിനു പരാക്രമം കൂട്ടുന്നു. മൃഗത്തിന്റെ നിസ്സഹായതയും അമർഷവും ഇവിടെ പ്രകടമാകുന്നു. സ്ത്രീയെ അടിമമൃഗമായി കരുതി തീച്ചക്രത്തിലൂടെ ചാടിക്കുന്ന പുരുഷ ശിക്ഷകരുടെ സർക്കസ് കൂടാരങ്ങളാണ് നാം ചുറ്റും കാണുന്നത്. പുരുഷകാമനകളുടെയും ആജ്ഞകളുടെയും ആക്രോശങ്ങളിൽ വിറച്ച് സ്ത്രീയാകുന്ന അടിമമൃഗത്തിന് ഒന്നു മാത്രമേ പറയാനുള്ളൂ - ഭയമാണങ്ങയെ.

## വരികൾ

'മുളങ്കാടിൻ പിന്നിൽക്കരിമ്പാറയ്ക്കുമേൽ

.............................................................................

എന്തൊരപൂർവ്വസുന്ദരഗംഭീരമെൻ മുഖം!'

## ആശയ വിശദീകരണം

മൃഗം തന്റെ വനത്തിലെ ചിന്തകളെ ഭൂതകാലവുമായി ബന്ധപ്പെടുത്തി ഓർമ്മിക്കുന്നു. അപൂർവ്വ സുന്ദരഗംഭീരമായ തന്റെ മുഖം പ്രതിബിംബിക്കുന്ന അരുവിയും മുളങ്കാടിനു പിന്നിലായി കരിമ്പാറയ്ക്കു മേൽ മഞ്ഞയും കറുപ്പും രേഖകൾ തെളിയുന്നതും, തന്റെ അപൂർവ്വ സുന്ദരഗംഭീരമായ മുഖത്തെയും അവൻ ഓർത്തെടുക്കുന്നു. മൃഗം തന്റെ ഭൂതകാലത്തെക്കുറിച്ചു ഓർമ്മിക്കുന്നു. അന്ന് അരുവിയിൽ കണ്ട തന്റെ സുന്ദരമുഖത്തെയും ശരീരത്തെയും കുറിച്ചോർത്ത് ഇന്ന് അത് വിഷമിക്കുന്നു. ഇന്നത്തെ തന്റെ ദയനീയാവസ്ഥയെ കുറിച്ചോർത്ത് വിലപിക്കുന്നു. ഈ അടിമ ചുറ്റും കാണുന്ന സ്ത്രീയാണ്. അടിമയാക്കപ്പെടും മുൻപ് അവൾക്കുമുണ്ടായിരുന്നു സ്വന്തമായി ഒരു മുഖം. കാട്ടിലെ അരുവിയിൽ ഒരിക്കൽ പ്രതിബിംബിച്ചു കണ്ടപ്പോൾ സുന്ദരമെന്നു തോന്നി. ഇന്ന് അസ്വാതന്ത്ര്യത്തിന്റെ ചട്ടങ്ങളിലാണവൾ ജീവിക്കുന്നത്. ചാട്ടയും തീയും ഭയന്ന് അവളെല്ലാം അനുസരിക്കുന്നു.

## വരികൾ

'തണുത്ത ചന്ദ്രികയുറഞ്ഞ പച്ചില-

പ്പടർപ്പിൻ കൂടാരം,

.............................................................................

ശബ്ദമുയരാതുള്ളിൽ ഞാൻ മുരളുന്നിങ്ങനെ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| താന്തശയനം | = | ക്ഷീണം കൊണ്ടുള്ള മയക്കം |
| മർമ്മരം | = | തീരെ ചെറിയ ഒച്ച |
| ദേഹമെരിയുന്നു | = | ശരീരത്തിന്റെ ചുട്ടുപൊള്ളൽ |

## ആശയ വിശദീകരണം

അരുവിയും, പച്ചിലപ്പടർപ്പിലെ കൂടാരവും പ്രിയയുമൊത്തുള്ള ആനന്ദനിമിഷങ്ങളും കുരുന്നുകളുടെ കളിക്കാഴ്ചയുമെല്ലാം കവിതയിലെ മൃഗത്തെ കാടിന്റെ വന്യതയിലേയ്ക്കും ശീതളച്ഛായയിലേയ്ക്കും പലപ്പോഴായി ആകർഷിക്കുന്നു. എന്നാൽ ആ മധുരചിന്തയിൽ ഇരിക്കുമ്പോൾ ദേഹത്തു പതിയുന്ന ശിക്ഷകന്റെ ചാട്ടവാർ ഓർമ്മിപ്പിക്കുന്നത് താനൊരു അടിമമൃഗമാണെന്നാണ്. ഭയമെന്ന അടിമഭാവത്തിലേയ്ക്ക് അവനെ കൊണ്ടെത്തിക്കുന്നതാകട്ടെ ശിക്ഷകന്റെ രൂക്ഷനേത്രമാണെന്നും മൃഗം പറയുന്നു. ശാസനയേറ്റ് പുളയുന്നതും ദേഹമെരിയുമ്പോൾ തോളിലിടിഞ്ഞു താഴുന്ന അഭിമാനവും അവൻ അറിയുന്നു. പക്ഷേ ശബ്ദമുയരാതെ ഉള്ളിൽ മുരളാൻ മാത്രമേ അവന് കഴിയുന്നുള്ളൂ. കാടിന്റെ വന്യതയിലേക്ക് മൃഗത്തിന്റെ ഓർമ്മകൾ കടന്നു ചെല്ലുന്നു. തന്റെ പ്രിയപ്പെട്ടവളെയും കുട്ടികളെയും ഓർക്കുന്നു. പ്രിയപ്പെട്ടവരോടൊപ്പമുള്ള നിമിഷങ്ങൾ അത് ദുഃഖത്തോടെ ഓർക്കുന്നു. അതേസമയം ശിക്ഷകനോടുള്ള ഭയവും ഓർക്കുന്നു. ശാസനയേറ്റ് അഭിമാനം നഷ്ടപ്പെടുമ്പോഴും ഉള്ളിൽ ഉയരാതെ മുരളുന്നത് ഭയമാണങ്ങയെ എന്നാണ്. നിസ്സഹായയായ സ്ത്രീയുടെ അവസ്ഥയാണിവിടെ മൃഗത്തിന്റെ ചിന്തകളിലൂടെ അവതരിപ്പിക്കുന്നത്.

### വരികൾ

'ഭയമാണങ്ങയെ
ശിലാമനുഷ്യന്റെ കഠിനനേത്ര -
............................................................................
മുന്നിലവരെ കൊല്ലുവാനുടൻ ത്രസിക്കുന്നു'

### ആശയ വിശദീകരണം

കൊടിയ പീഡനത്തിന് വശപ്പെട്ട് ചട്ടവും ചാട്ടവും പഠിക്കേണ്ടി വരുന്ന മൃഗത്തിന്റെ ആത്മ ഭാഷണമാണ് ഈ കവിത. ശിക്ഷകനെ മാത്രമല്ല, തീവലയത്തിലൂടെയുള്ള തന്റെ ചാട്ടം കണ്ടു രസിക്കുന്നവരേയും കൊന്നു തിന്നാനുള്ള അമർഷം അവന്റെ സിരകളിൽ പുകയുന്നുണ്ട്. അവരെ കൊന്നുതിന്നാൻ അവൻ ത്രസിക്കുകയും ചെയ്യുന്നുവെന്ന് കവി പറയുന്നു. പക്ഷേ ഭയം എല്ലാത്തിനും ഉപരിയായി അവനെ കീഴടക്കുന്നു. വീണ്ടും അടിമജീവിതത്തിന് സ്വയം വിധേയനാകുന്നു. ശിലാമനുഷ്യന്റെ നേത്രത്തെ ഭയക്കുന്നതായി മൃഗം പറയുന്നു. തന്നെ പീഡിപ്പിക്കുന്നവരെയും അത് കണ്ടു രസിക്കുന്നവരെയും കൊന്നു തിന്നാനുള്ള ദേഷ്യം അവനുണ്ടാകുന്നു. പക്ഷേ ഭയം എന്ന വികാരം അവനെ ജീവിതത്തിനു വിധേയമാക്കുന്നു. പുരുഷകാമനകളുടെയും ആജ്ഞകളുടെയും ആക്രോശങ്ങളിൽ വിറച്ച് സ്ത്രീയാകുന്ന അടിമമൃഗത്തിന് ഒന്നു മാത്രമേ പറയാനുള്ളൂ- ഭയമാണങ്ങയെ.

### വരികൾ

'പറയൂ പാവയോ മൃഗം? മെരുങ്ങിയാലടിമയെ
.......................................................................
ഇനിയീക്കൺകൾ ഞാൻ പിഴുതുമാറ്റട്ടെ'

### അർത്ഥവിശദീകരണം

| | | |
|---|---|---|
| മൃഗപൗരാണികൻ | = | മൃഗപൂർവികൻ |
| തേജസ്വി | = | ചൈതന്യമുള്ളവൻ |

### ആശയ വിശദീകരണം

കവിതയിലെ മൃഗം ചോദിക്കുന്നു. ഞാൻ പാവയാണോ, ഞാൻ അടിമയെക്കണക്കുമെരുങ്ങുമെങ്കിലും ഇടയ്ക്ക് എന്റെ വന്യചേതസ്സിൽ മൃഗപൗരാണികൻ കുടഞ്ഞെണീക്കുന്നു. അവൻ അതിപുരാതനൻ ആണ്. അവൻ ഇലച്ചാർത്തിൻ മേലെ കുതിക്കാറുണ്ട്. സൂര്യനെ പിടിക്കാൻ പോലും ചാടാറുണ്ട്. അങ്ങനെയുള്ള അവന്റെ നോട്ടത്തിൽ താൻ തളരുന്നുവെന്ന് മൃഗം പറയുന്നു. അവന്റെ ചിരിയിൽ ഞാൻ തൊഴുതു പോകുകയാണ്. മൃഗം പറയുന്നു തന്നെ നോക്കരുത്. തന്റെ കണ്ണുകൾ ഉടഞ്ഞുപോകും. അതിനു മുൻപ് താൻ തന്നെ തന്റെ നഖമുനകളാൽ തന്റെ കണ്ണുകൾ പിഴുതുമാറ്റട്ടെയെന്ന്. സർവ്വശക്തനായ മൃഗം തന്റെ വ്യക്തിത്വത്തെ ഭയം മൂലം മറച്ചു വയ്ക്കുന്നു. തന്നെ സംഭീതനാക്കുന്ന മൃഗപൗരാണികന്റെ തേജസ്സുറ്റ നയനങ്ങൾ പിന്തുടരുന്നതിനു മുൻപ് തന്റെ നയനങ്ങൾ നശിപ്പിക്കാൻ അവൻ ഒരുങ്ങുന്നു. അമർഷത്തോടെങ്കിലും അടിമജീവിതത്തിന് വിധേയനാകാൻ അവൻ സ്വയം തീരുമാനിക്കുന്നു. താൻ ഒരു പാവയാണോയെന്നും വന്യചേതസ്സിലെ മൃഗപൗരാണികന്റെ തീഷ്ണനോട്ടത്തിൽ താൻ തളരുന്നുവെന്നും ആ നോട്ടം എത്തും മുൻപ് തന്റെ നഖമുനകളാൽ കണ്ണുകൾ മാറ്റണമെന്നും മൃഗം പറയുന്നു. കവിതയ്ക്കകത്തെ മൃഗവും മൃഗശിക്ഷകനും കവിതയുടെ പുറത്ത് ശിക്ഷിക്കപ്പെടുന്ന സ്ത്രീയും ശിക്ഷിക്കുന്ന പുരുഷനും എന്നായി മാറി.

### വരികൾ

'അതിനും വയ്യല്ലോ! ഭയം, ഭയം മാത്രമടിമ
.......................................................................................
വലയത്തിൽച്ചാടാനുണർന്നിരിപ്പുഞാൻ '

### ആശയ വിശദീകരണം

ഒന്നിനും വയ്യ, ഭയം മൂലം അത് തോറ്റതായി പറയുന്നു. താൻ വെറുമൊരു അടിമമാത്രമാണെന്നും അത് അതികഠിനമായ വിഷമത്തോടെ പറയുന്നു. ഞാൻ എന്നെന്നേക്കുമായി തോറ്റിരിക്കുന്നു, തന്റെ മുതുകിൽ ചാട്ടയുലച്ചുകൊൾക, വലയത്തിൽ ചാടാനും താൻ തയ്യാറാണ് എന്നിങ്ങനെ അത് പറയുന്നു. കീഴടങ്ങലിന്റെ സ്വരമാണ്, ഇന്നതിന്റെ കൈമുതൽ ഭയമാണെന്നും പറയുന്നു. സ്വാതന്ത്ര്യത്തിലേക്കു

കടക്കാൻ അതിനിനിയും ഒട്ടേറെ കാലം കാത്തിരിക്കേണ്ടിവരുമെന്നും പറയുന്നു; ഈ കവിതയെ സ്ത്രീപക്ഷരചനയായി വിലയിരുത്താവുന്നതാണ്. എഴുതപ്പെട്ട കാലത്തേക്കാൾ തീവ്രതരമായി പീഡകന്റെ ചാട്ടയേയും തീച്ചക്രത്തെയും തെല്ലും ഭയക്കാതെ സ്വാതന്ത്ര്യത്തിന്റെ കാട്ടുദൂരങ്ങളെ കൈയേൽക്കുന്നതിന് അടിമയായ സ്ത്രീകൾക്ക് ഇനിയും കാത്തിരിക്കേണ്ടിവരും.

## കാവ്യാവലോകനം

അതിഭയങ്കരമായ പീഡനങ്ങൾക്കിരയായി സർക്കസ് കൂടാരത്തിൽ ജീവിക്കേണ്ടിവരുന്ന മൃഗരാജന്റെ ആത്മരോദനമാണ് ഈ കവിത. അടിമയായി ജീവിക്കേണ്ടിവരുമ്പോഴും ഇടയ്ക്കിടെ അതിന്റെ സ്വാതന്ത്ര്യബോധം കുതിച്ചുചാടുന്നു. പക്ഷെ ഭയവും കഠിനശിക്ഷകളും കാരണം അത്തരത്തിൽ ചിന്തിക്കുവാൻ പോലും അത് തയ്യാറാകുന്നില്ല. അങ്ങയെ, എന്ന് ശിക്ഷകനെ അഭിസംബോധന ചെയ്യുമ്പോൾ പോലും മൃഗവും ശിക്ഷകനും തമ്മിലുള്ള ബന്ധം ഉപചാരത്തിന്റെയും ഭയത്തിന്റെയുമാണെന്നു തെളിയുന്നു. വനാന്തരങ്ങളിൽ കുടുംബവുമൊത്തുള്ള നല്ല ഓർമ്മകൾ ഇന്നതിന് അന്യമാണ്. കാട്ടിൽനിന്നും ബലം പ്രയോഗിച്ചു കൊണ്ടുവന്ന ആ നിരാലംബമൃഗത്തിന് തന്റെ ആദിമചോദനയിലേക്കു തിരികെ മടങ്ങാൻ മനസ്സ് വെമ്പൽ കൊള്ളുന്നു. താൻ അടിമയായി വന്നപ്പോൾ തനിക്കു നഷ്ടമായത് തന്റെ സൗന്ദര്യം മാത്രമല്ല തന്റെ സ്വത്വം കൂടിയാണെന്ന് ഞെട്ടലോടെ മൃഗം തിരിച്ചറിയുന്നു. കാട്ടിലെ അരുവിയിൽ ഒരിക്കൽ തന്റെ മുഖം കണ്ടപ്പോൾ എന്തൊരപൂർവ്വസുന്ദരമാണ് തന്റെ മുഖം എന്ന് പ്രശംസിച്ചത് മൃഗം ഓർമിക്കുന്നു. എന്നാൽ തനിക്ക് ഇന്നാമുഖം അന്യമാണെന്നു കൂടി പറയുന്നു. ഇന്നാമൃഗം കഴിയുന്നത് ചട്ടങ്ങളുടെയും ചാട്ടവാറിന്റെയും ലോകത്താണ്. ഇന്നതിന്റെ കൈമുതൽ കേവലം ഭയം മാത്രമാണ്. എങ്കിലും വനത്തിലേക്ക് അതിന്റെ തൃഷ്ണകൾ ചിലപ്പോഴൊക്കെ പാഞ്ഞു പോകുന്നു. ഇന്നതിനെ പിന്തുടരുന്നത് ശിക്ഷയും ശാസനകളുമാണ്. ശിക്ഷകനെ പല്ലിൽകൊരുക്കാനും അവന്റെ ചോരയിൽ മുഖം കഴുകുവാനും ആ മൃഗം കൊതിക്കുന്നു. ഭയം തന്നെ പിന്തിരിപ്പിക്കുന്നു എന്നത് മനസിലാക്കുന്നു. മൃഗപൗരാണികന്റെ നോട്ടം തനിക്കു താങ്ങാൻ കഴിയില്ലായെന്നും ആ തീഷ്ണമായ നോട്ടം തന്നിൽ പതിക്കും മുൻപേ നഖമുനകളാൽ തന്റെ കണ്ണുകളെ പിഴുതെറിയണമെന്നും ആ മൃഗം പറയുന്നു. സ്വാതന്ത്ര്യത്തിലേക്കു കടക്കാൻ അതിനിനിയും ഒട്ടേറെ കാലം കാത്തിരിക്കേണ്ടിവരും. അത് പറയുന്നു; ഭയമാണങ്ങയെ. ഈ കവിതയെ സ്ത്രീപക്ഷരചനയായി വിലയിരുത്താവുന്നതാണ്. ഇവിടെ മൃഗത്തെ സ്ത്രീയെന്നും ശിക്ഷകനെ പുരുഷനെന്നും വിവക്ഷിക്കാവുന്നതാണ്. അത്തരത്തിൽ സ്ത്രീയെ അടിമമൃഗമാക്കി ഭയപ്പെടുത്തി തീചക്രത്തിലൂടെ ചാട്ടം പരിശീലിപ്പിക്കുന്ന പുരുഷശിക്ഷകരുടെ സർക്കസ് കൂടാരമായി ഈ ലോകത്തെ സൂചിപ്പിക്കാവുന്നതാണ്. ശിക്ഷകന്റെ രൂക്ഷനോട്ടവും ശാസനകളും സദാ അവളെ പിന്തുടരുന്നു. പാവയാണോ താൻ എന്ന മൃഗത്തിന്റെ ചോദ്യം എന്തും അനുസരിക്കുന്നവൾ എന്ന വിശേഷണമുള്ള സ്ത്രീയുടെ ചോദ്യമായി ചേർത്ത് വായിക്കാവുന്നതാണ്. ശിക്ഷകനെ നശിപ്പിക്കുവാനുള്ള ചോദന എല്ലാവരിലുമുണ്ട്. പക്ഷെ അതിനു തടസ്സം ഭയവും, ആത്മവിശ്വാസക്കുറവുമാണ്. അതിവിടെ മൃഗത്തിനും സ്ത്രീയ്ക്കും ഒന്നുപോലെയാണെന്നും ഈ കവിതയിൽനിന്നും വായിക്കാവുന്നതാണ്.

## Recap

- കൊടിയ പീഡനത്തിനു വശപ്പെട്ട് ചട്ടവും ചാട്ടവും പഠിക്കേണ്ടി വരുന്ന ഒരു മൃഗത്തിന്റെ ആത്മഭാഷണമായി വിലയിരുത്തുന്നു മൃഗശിക്ഷകൻ എന്ന ആധുനികകവിത
- സർക്കസ് കൂടാരത്തിലെ മൃഗത്തെ അവതരിപ്പിച്ചു കൊണ്ട് സ്ത്രീയെ അടിമമൃഗമായി പ്രതീകവൽക്കരിക്കുന്നു
- ഈ കവിതയുടെ അടിസ്ഥാന വികാരമായി ഭയത്തെ അവതരിപ്പിച്ചിരിക്കുന്നു
- കവിത ഒരു സ്ത്രീപക്ഷരചനയായി വിലയിരുത്തുന്നു
- അടിമയാകും മുൻപ് സുന്ദരമായ മുഖമുണ്ടായിരുന്ന സ്ത്രീ (അടിമമൃഗം) യുടെ മുഖം വെളിയിൽ കാണാൻ അനുവദിക്കാത്ത ചട്ടങ്ങളുടെ കീഴിൽ ജീവിക്കേണ്ടി വരുന്ന ഭീകരാവസ്ഥയാണ് കവിത ചൂണ്ടിക്കാണിക്കുന്നത്
- പുരുഷകേന്ദ്രീകൃത ലോകത്ത് സ്ത്രീ അനുഭവിക്കുന്ന വ്യഥകളാണ് ശിക്ഷകന്റെ ആജ്ഞ അനുസരിച്ച് ഇടംവലം നോക്കാതെ ചാട്ടയും തീയും ഭയന്ന് അടിമമൃഗം അനുസരിക്കുന്നതിലൂടെ കാട്ടിത്തരുന്നത്
- സ്വത്വബോധത്തെ ഭയം മൂലം ഒളിപ്പിച്ചു കൊണ്ട് ഒരു സർക്കസ്സ് കൂടാരത്തിൽ കഴിയേണ്ടി വരുന്ന വന്യമൃഗത്തിന്റെ നിസ്സഹായാവസ്ഥ കവിത ചൂണ്ടിക്കാട്ടുന്നു.
- പാരതന്ത്ര്യവും, അടിച്ചമർത്തലിന്റെ വേദനയുമെല്ലാം ആ മൃഗം തീഷ്ണമായി അനുഭവിക്കുന്നത് കവിത വരച്ചു കാട്ടുന്നു.
- സംഹാരത്തിനാഗ്രഹമുണ്ടെങ്കിലും അടിമമൃഗം അവസാനം സഹനത്തിലേക്ക് എത്തുന്ന നിസ്സഹായാവസ്ഥ ഇന്നത്തെ സ്ത്രീയുടെ അവസ്ഥയായി കാട്ടിത്തരുന്നു
- മൃഗശിക്ഷകന്റെ രൂക്ഷമായ നോട്ടം ആദിമഭാവത്തിലേക്കും അതുവഴി ഭയമെന്ന വികാരത്തിലേക്കും അടിമമൃഗത്തെ കൊണ്ടെത്തിക്കുന്നതാണ് കവിതയിൽ കാണാൻ കഴിയുന്നത്

## Objective Type Questions

1. മൃഗശിക്ഷകൻ എന്ന കവിതയിൽ ആരുടെ ചാട്ടവാറാകുന്ന മിഴികളെയാണ് മൃഗം പേടിക്കുന്നത്?
2. ആർദ്രമായ ഹൃദയത്തോടെ മൃഗം തന്റെ ശിക്ഷകനോട് എന്താണ് പറയുന്നത്?
3. വനത്തിലേക്ക് പോകാൻ വെമ്പുന്ന അവസരത്തിലും മൃഗരാജന്റെ കണ്ണിൽ തെളിയുന്നത് എന്താണ്?
4. മൃഗത്തിന്റെ തൃഷ്ണകൾ കുതറി ചാടുന്നത് എന്തിനു വേണ്ടി?
5. ശബ്ദം ഉയരാതെ ഉള്ളിൽ മുരളാൻ മാത്രമേ മൃഗത്തിന് സാധിക്കുന്നുള്ളൂ എന്ന് പറയാൻ കാരണമെന്ത്?
6. കവിതയിൽ അടിമമൃഗം എന്ത് ചെയ്യാനാണ് കൊതിക്കുന്നത്?
7. മൃഗശിക്ഷകൻ എന്ന കവിതയിൽ സർവ്വരെയും കൊന്നു തിന്നണമെന്ന് കരുതുമ്പോഴും അവനെ കീഴടക്കുന്ന വികാരം എന്താണ്?
8. ആരുടെ നോട്ടത്തെയും ചിരിയെയുമാണ് തനിക്ക് താങ്ങാനാവുന്നില്ല എന്നു മൃഗം പറയുന്നത്?
9. മൃഗം താൻ അടിമയാണെന്നും തോറ്റു കുനിഞ്ഞിരിക്കാൻ വിധിക്കപ്പെട്ടവനാണെന്നും പറയാൻ കാരണമെന്ത് ?
10. 1994 -ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച വിജയലക്ഷ്മിയുടെ കൃതി ഏത്?

11. പെണ്ണെഴുത്ത് - എന്ന വാക്ക് മലയാളത്തിലാദ്യമായി പ്രയോഗിച്ചതാരാണ്?
12. ഏതു കൃതിയുടെ അവതാരികയിലാണ് ആദ്യമായി പെണ്ണെഴുത്ത്-എന്ന വാക്കുപയോഗിച്ചത് ?
13. ഈ കവിതയിലെ അടിമമൃഗത്തെ കവയിത്രി എന്തിനോടാണ് പ്രതീകവൽക്കരിച്ചിരിക്കുന്നത്?
14. കാടിന്റെ വന്യതയിൽ മൃഗത്തിന്റെ മധുരമായ ഓർമ്മകളെന്തായിരുന്നു?

## Answers to Objective Type Questions

1. മൃഗശിക്ഷകന്റെ മിഴികളെ
2. ഭയമാണങ്ങയെ എന്ന്
3. മൃഗശിക്ഷകൻ പരിശീലിപ്പിക്കുന്ന തീച്ചക്രം
4. വനത്തിലേക്ക് പോകുവാനാണ്
5. അടിമയാണെന്ന ബോധവും അഭിമാനക്ഷതവും മൂലം
6. ഇരയെകാൽച്ചുവട്ടിൽഅമർത്തുവാനും അതിനെ പല്ലുകോർത്തുടയ്ക്കുവാനും
7. ഭയം
8. മൃഗപൗരാണികന്റെ
9. ചാട്ടവാറടിയേയും ചട്ടങ്ങളേയും ഭയപ്പെട്ട അടിമയായതു കൊണ്ട്
10. മൃഗശിക്ഷകൻ
11. കവി സച്ചിദാനന്ദൻ
12. സാറാ ജോസഫിന്റെ പാപത്തറ എന്ന കഥാ സമാഹാരത്തിന്റെ
13. നിസ്സഹായയായ സ്ത്രീയോട്
14. തന്റെ പ്രിയപ്പെട്ടവളേയും കുട്ടികളെയും കുറിച്ചുള്ള ചിന്ത

## Assignments

- മൃഗശിക്ഷകൻ - ഫെമിനിസ്റ്റ് സ്വഭാവമുള്ള കവിതയാണോ? പാഠഭാഗം മുൻനിർത്തി വിശദീകരിക്കുക
- മൃഗശിക്ഷകൻ - സ്ത്രീപക്ഷ രചനയായിരിക്കുമ്പോഴും അതിലെ സാമൂഹ്യ പ്രതിഫലനം ശക്തമാണ്, വിശദീകരിക്കുക

## Reference


1. വിജയലക്ഷ്മി -മൃഗശിക്ഷകൻ (കവിതാസമാഹാരം) ഡി.സി. ബുക്സ്, കോട്ടയം.
2. ജയലക്ഷ്മി വി. ജീവൻ - മൃഗശിക്ഷകൻ വീണ്ടും വായിക്കുമ്പോൾ - പുഴ, കോം.
3. രാജേന്ദ്രൻ എടത്തുകര - അവൾ പറയുന്നു , ഭയമാണങ്ങയെ, ഡി.സി. ബുക്സ്, കോട്ടയം.

4. ഡോ.കെ. എം. ജോർജ്ജ്, (എഡി) - ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ഡി.സി. ബുക്സ്, കോട്ടയം.
5. ഡോ. എം. ലീലാവതി -മലയാള കവിതാസാഹിത്യചരിത്രം - കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. എൻ. അജയകുമാർ -ആധുനികത മലയാളകവിതയിൽ - കറന്റ് ബുക്സ്, കോട്ടയം.
7. എസ്സ്. രാജശേഖരൻ -പരിസ്ഥിതിദർശനം മലയാളകവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## E-content



വിജയലക്ഷ്മി

https://youtu.be/bwVxGRzGr4c

https://www.dcbooks.com/mrugasikshakan-book-review-by-rajendran-edathumkara.html

# യൂണിറ്റ് - 3
# കുന്തി

**വി. എം. ഗിരിജ**

## Learning Outcomes

- വി. എം. ഗിരിജയുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു.
- വി. എം. ഗിരിജയുടെ കാവ്യജീവിതത്തിൽ 'കുന്തി' എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- മലയാളത്തിലെ സ്ത്രീപക്ഷ കവിതകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു

## Prerequisites

ഉത്തരാധുനിക കവിതയുടെ പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് അത് അരികുവത്ക്കരിക്കപ്പെട്ടിരുന്ന മനുഷ്യരുടെ ദൃശ്യതയെ കണ്ടെടുക്കുകയും അവരുടെ കർത്തൃത്വപദവിയെ ഉറപ്പിക്കുകയും ചെയ്തു എന്നുള്ളതാണ്. അതുവരെ കീഴാളത കൽപ്പിച്ചിരുന്ന എല്ലാ ഇടങ്ങളിലേക്കും കവിത കടന്നു ചെന്നു. അതോടെ സ്ത്രീ-പരിസ്ഥിതി-ദളിത് വിഷയങ്ങൾ മുഖ്യപ്രമേയങ്ങളായി മാറി, എന്നു മാത്രമല്ല അതുവരെ മാറ്റിനിർത്തപ്പെട്ടിരുന്ന ജനത അവരുടെ സാഹിത്യവുമായി മുന്നോട്ടു വരികയും എഴുത്തധികാരത്തിന്റെ ഭാഗമാകുകയും ചെയ്തു. മലയാളത്തിൽ സ്ത്രീപക്ഷ കവിതകൾക്ക് സ്വതന്ത്രമായ ഇടം കിട്ടിത്തുടങ്ങിയത് ഇക്കാലത്താണ്. സ്ത്രീയെ സൗന്ദര്യ സ്തംഭമായി മാത്രം ചിത്രീകരിച്ചുപോന്ന കാവ്യപാരമ്പര്യത്തെ അട്ടിമറിച്ചുകൊണ്ടാണ് സ്ത്രീപക്ഷ കവിതകൾ വികാസം പ്രാപിച്ചത്. ലോകമെങ്ങും സ്ത്രീപക്ഷ സാഹിത്യം ശക്തിപ്പെട്ടപ്പോൾ അതിന്റെ അലകൾ കേരളത്തിലേക്കും കടന്നുവന്നു. സ്ത്രീജീവിതത്തിലെ വിവിധ പ്രശ്നമുഖങ്ങൾ കവിതയിലേക്കു പകർത്താൻ എഴുത്തുകാരികൾ മുന്നോട്ടുവന്നു.

കവിത ആധുനികാനന്തര ഘട്ടത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചരിത്രഘട്ടത്തിലാണ് വി. എം. ഗിരിജ എഴുതിത്തുടങ്ങിയത്. അവരുടെ ശ്രദ്ധേയമായ ഒരു സ്ത്രീപക്ഷ കവിതയാണ് 'കുന്തി'. വി. എം ഗിരിജയുടെ കവിതകളിലെ പ്രധാനപ്പെട്ട സവിശേഷതകളിൽ ഒന്ന് അതിൽ അവർ സ്വീകരിക്കുന്ന സ്ത്രീപക്ഷ നിലപാടാണ്. സ്ത്രീസ്വത്വത്തിന്റെ ഉയിർത്തെഴുന്നേല്പ് എന്ന സ്വപ്നം പുരാണ നായികമാരിലൂടെ ആവിഷ്കരിക്കുന്ന പരീക്ഷണമാണ് ഗിരിജയുടെ കവിതകളെ വേറിട്ടുനിർത്തുന്ന ഒരു ഘടകം. കുന്തി, അഹല്യ, സീത, ശൂർപ്പണഖ, ഗാന്ധാരി, ശർമ്മിഷ്ഠ തുടങ്ങിയ നായികമാരെ ഉത്തരാധുനികതയുടെ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് വി. എം. ഗിരിജയുടെ കവിതകളുടെ ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ്. പുരുഷാധിപത്യ മൂല്യവ്യവസ്ഥകളോടുള്ള കലഹമാണ് ഗിരിജയുടെ കവിതകളുടെ പൊതുസ്വഭാവം. സ്ത്രീമനസിന്റെ സങ്കൽപ്പങ്ങൾക്ക് വിപരീതമാണ് അവളുടെ ജീവിത യാഥാർത്ഥ്യങ്ങളെന്നു ആ കവിതകൾ വെളിപ്പെടുത്തുന്നു. ഇല, ദാഹജലം തിരയുന്ന പുഴ, പ്രണയം, സ്പർശഭിക്ഷ, ശൂർപ്പണഖ, ചിത്ര, ശാപം, ശൂന്യം,

കാമം, അഹല്യ, ജീവജലം, പെണ്ണും വനഋഷഭവും, മാംസനിബദ്ധമോ രാഗം, രാത്രിമരം തുടങ്ങിയവ ഉദാഹരണം. ഈ കവിതകളിൽ പ്രണയം, രതി എന്നിവ സ്ത്രീയുടെ അടിമത്തത്തെ സൂചിപ്പിക്കുന്ന ബിംബങ്ങളായി കടന്നുവരുന്നുണ്ട്. 1997-ൽ പ്രസിദ്ധീകരിച്ച 'പ്രണയം ഒരാൽബമാണ്' ആദ്യ കവിതാസമാഹാരം. ജീവജലം, പാവയൂണ്, പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ, ഒരിടത്തൊരിടത്ത്, പൂച്ചയുറക്കം, കടലോരവീട്, ഇരുപക്ഷംപെടുമിന്ദുവല്ല ഞാൻ, മൂന്നു ദീർഘകവിതകൾ എന്നിവയാണ് പ്രധാന കൃതികൾ. ചങ്ങമ്പുഴ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് (2018), ബഷീർ, അമ്മ മലയാളം പുരസ്കാരം എന്നിങ്ങനെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മലയാളത്തിന് ഒരുപിടി സ്ത്രീപക്ഷ കവിതകൾ സമ്മാനിച്ച സുഗതകുമാരി, വിജയലക്ഷ്മി, റോസ് മേരി, അനിത തമ്പി തുടങ്ങിയ കവയിത്രികളുടെ പട്ടികയിലാണ് വി.എം.ഗിരിജയുടെ സ്ഥാനം. സ്ത്രീസമൂഹത്തിന്റെ നിശ്ശബ്ദരോദനങ്ങളും സംഘർഷങ്ങളും കവിതയിൽ ആവിഷ്കരിക്കുന്ന സ്ത്രീപക്ഷ രചനയ്ക്കൊപ്പമാണ് ഈ എഴുത്തുകാരിയുടെ കാവ്യസഞ്ചാരം.

## Keywords

ഉത്തരാധുനികത - സ്ത്രീപക്ഷ കവിതകൾ - പുരാണകഥാപാത്രങ്ങളുടെ പുനർവായന - സാമൂഹ്യ യാഥാർത്ഥ്യം - ബിംബങ്ങൾ

## 4.3.1 Content

സ്ത്രീമനസ്സിനെക്കുറിച്ചുള്ള സങ്കല്പങ്ങളും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം കുന്തിയുടെ ആത്മസഞ്ചാരത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്നു എന്നതാണ് 'കുന്തി' എന്ന കവിതയുടെ കേന്ദ്രാശയം. 1989-ൽ പ്രസിദ്ധീകരിച്ച ഈ കവിത വി.എം.ഗിരിജയുടെ 'പ്രണയം ഒരാൽബം' എന്ന ആദ്യകവിതാസമാഹാരത്തിൽ നിന്നുള്ളതാണ്.

കുന്തീദേവി ദുർവ്വാസാവു മഹർഷിയിൽ നിന്നു തനിക്കു ലഭിച്ച വരമനുസരിച്ച് സന്താനലബ്ധിക്കായി യമൻ, വായു, ഇന്ദ്രൻ എന്നീ ദേവന്മാരെയും കൗമാരത്തിൽ സൂര്യനെയും പ്രാപിച്ച് ശക്തന്മാരായ പുത്രന്മാരെ നേടുന്ന മഹാഭാരത കഥയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ആശയമാണ് ഈ കവിതയുടേത്. പാണ്ഡവരിൽ ഏറ്റവും കരുത്തനായ ഭീമസേനന്റെ ജനയിതാവ് വായുഭഗവാനെയാണ് കവി ഇവിടെ കാറ്റായി അവതരിപ്പിരിക്കുന്നത്. പ്രണയിനിയായ കുന്തിയും കാറ്റും തമ്മിലുള്ള അനുരാഗത്തിന്റെ പൂർവ്വസ്മരണ പങ്കിട്ടുകൊണ്ട് ആരംഭിക്കുന്ന കവിതയിൽ കാറ്റിന്റെ പ്രണയം കരുത്തായി അവളുടെ മുന്നിലെത്തുന്നു. തന്റെ കരുത്തിനൊപ്പം വീശിപ്പരക്കാൻ ക്ഷണിച്ചുകൊണ്ട്, തന്നോടൊപ്പം സഹവസിക്കുമ്പോൾ ലഭിക്കുന്ന സ്വർഗ്ഗീയ അനുഭൂതികളെപ്പറ്റി വിവരിച്ചുകൊണ്ട് കാറ്റ് അവളെ അനുരാഗത്തിന്റെ അനുഭൂതികളിലേക്ക് ക്ഷണിക്കുകയാണ്.

സൂര്യൻ കിഴക്കാകുന്ന തന്റെ സിംഹാസനത്തിലിരുത്താമെന്നു പറഞ്ഞ് അവളെ ക്ഷണിക്കുന്നതാണ് കവിതയുടെ അടുത്ത ഭാഗം. എന്റെ അഗ്നികിരീടവും കത്തുന്ന കരളും നിന്റെ പാദങ്ങളിൽ വയ്ക്കാമെന്നു പറഞ്ഞ് സൂര്യൻ അവളെ സ്വപ്നരഥത്തിലേറ്റുന്നു. തുടർന്ന് യമദേവൻ അവളെ വിദൂരതയിലെ തണുത്ത നിശ്ശബ്ദതയിലേക്കു ക്ഷണിക്കുന്നു. അതുപോലെ രത്നം കൊണ്ടു മേഞ്ഞ മനോഹരമായ കൊട്ടാരങ്ങളും സുവർണ്ണകവാടങ്ങളുമുള്ള തന്റെ ലോകത്തേക്ക് ഇന്ദ്രനും അവളെ ക്ഷണിക്കുന്നു. ഒടുവിൽ അവൾ ഒരു വലിയ യാഥാർത്ഥ്യം തിരിച്ചറിയുന്നു. ഏറെ മധുരമുണ്ടായിരുന്ന തന്റെ ചുണ്ടിൽ ഇന്ന് കയ്പുമാത്രമാണ് ഊറുന്നതെന്ന് അവൾ തിരിച്ചറിയുന്നു. വിളവുമുഴുവൻ കൊയ്തെടുത്ത വയലിന്റെ വിഫലരോദനം മാത്രമാണ് ഇന്ന് തന്റെയുള്ളിൽ നിന്നുയരുന്നതെന്ന് കുന്തി വെളി

പ്പെടുത്തുന്നു. തന്നെക്കൊണ്ട് ഇങ്ങനെയൊക്കെ ചിന്തിപ്പിക്കുന്നത് തന്റെയുള്ളിലെ ഉന്മത്തതയാണോ, താൻ തനിച്ചാണെന്ന ആധിയാണോ അതോ കാമമാണോ എന്ന ചോദ്യമുയർത്തുന്ന കുന്തിയിൽ കവിത അവസാനിക്കുന്നു.

### വരികൾ

'കാറ്റു പറയുന്നു കരുത്തായ് പറക്കുക
..................................................
മാഷാഢരാവുപോൽ നീ വരൂ'

### അർത്ഥവിശദീകരണം

| | | |
|---|---|---|
| വാഴ്വ് | = | ജീവിതം |
| മാരിമുടി | = | മഴയാകുന്ന മുടി |
| ആഷാഢരാവ് | = | കർക്കിടകത്തിലെ മഴക്കാലരാത്രി |

### ആശയ വിശദീകരണം

കാറ്റിന്റെ കരുത്തിന് വഴങ്ങിക്കൊടുക്കുന്ന ഭൂമിയായാണ് കുന്തിയെ ഈ വരികളിൽ അവതരിപ്പിച്ചിരിക്കുന്നത്. തന്റെ കരുത്തിനൊപ്പം വീശിപ്പരക്കാൻ കാറ്റ് അവളെ ക്ഷണിക്കുന്നു. തന്നോടൊപ്പം സഞ്ചരിക്കുമ്പോൾ ലഭിക്കുന്ന അനുഭൂതികളെപ്പറ്റി വിവരിച്ചുകൊണ്ട് കാറ്റ് അവളെ പ്രലോഭിപ്പിക്കുന്നു. തന്റെ കരുത്തിൽ ലയിക്കുകയാണെങ്കിൽ കാടുലച്ചുകൊണ്ട് നമുക്കു പറക്കാമെന്നും മരുപ്പച്ച കുടിക്കാമെന്നും മാനത്തുറങ്ങാമെന്നും കാറ്റ് പറയുന്നു. ആറ്റിൽ തുടിച്ചുല്ലസിച്ചും കടൽ നീന്തിയും അനുഭൂതികൾ നിറഞ്ഞുതുളുമ്പുന്ന ഒരു ജീവിതം നീ നേടുക എന്നു പറഞ്ഞുകൊണ്ട് കാറ്റ് അവളെ ഉന്മാദത്തിന്റെ മാസ്മരിക ലോകത്തേക്ക് വിളിക്കുകയാണ്. മഴയാകുന്ന മുടി അഴിച്ചാടുന്ന കർക്കിടക രാവിനെപ്പോലെ അവളോട് ഉന്മാദിനിയാകാനാണ് കാറ്റിന്റെ പ്രലോഭനം.

ബിംബകല്പനയുടെ ലാവണ്യമാണ് ഈ വരികളുടെ കാവ്യഭംഗിക്കാധാരം. കാറ്റിനെ പൗരുഷത്തിന്റെ കരുത്തായും കുന്തിയെ സ്ത്രീയുടെ പ്രണയസങ്കല്പമായും ചിത്രീകരിക്കുന്നു. ആകർഷണവലയങ്ങൾ ഒരുക്കി സ്ത്രീയെ പ്രലോഭനങ്ങൾക്ക് വിധേയമാക്കാനുള്ള പുരുഷവാസനയെക്കുറിച്ച് കവി ഇവിടെ പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട്. കിട്ടാക്കനികളെയാണ് ഭൂമിയിലെ പച്ചപ്പെന്നു (മരുപ്പച്ചകളെന്ന്) കവി സങ്കൽപ്പിച്ചിരിക്കുന്നത്. ഉന്മാദത്തിന്റെ ലഹരിയെ ആഷാഢത്തിലെ മഴയോട് താദാത്മ്യപ്പെടുത്തുന്ന വരിയിൽ അലങ്കാരം രൂപകം. സാമ്പ്രദായികമായ ഏതെങ്കിലും വൃത്തവുമായി നിബദ്ധിച്ചിട്ടില്ലെങ്കിൽ പോലും ഈ വരികളിലെ താളവും ഈണവും കവിതയെ ഭാവാർദ്രമാക്കുന്നു. പദപ്രയോഗങ്ങളിലെ കൂർമ്മതയും സൂക്ഷ്മതയും വരികൾക്കിടയിലെ ശബ്ദാർത്ഥസൗകുമാര്യവും കവിതയുടെ ഘടനയെ രൂപഭദ്രമാക്കിയിരിക്കുന്നു.

### വരികൾ

'സൂര്യൻ പറവൂ:
വരൂ നീ
....................................
ആളുമൊരഗ്നിയായെന്നെപ്പൊതിയൂ
ജ്വലിക്കൂ....ജ്വലിക്കൂ....'

### ആശയ വിശദീകരണം

കൗമാരത്തിൽ കുന്തീദേവി രജസ്വലയായപ്പോൾ ഉന്മാദലഹരിയിലായ അവൾ ദുർവ്വാസാവ് മഹർഷിയിൽനിന്നു ലഭിച്ച വരം പരീക്ഷിക്കാനായി സൂര്യനെ ആവാഹിച്ചുവരുത്തുകയും സൂര്യനുമായി രമിച്ചതിലൂടെ കർണ്ണൻ ജനിക്കുകയും ചെയ്ത കഥയാണ് പരാമർശം.

ഉന്മത്തനായ സൂര്യൻ അവളെ തന്റേതു മാത്രമായ ലോകത്തേക്ക് ക്ഷണിക്കുന്നത് ഒരുപാട് സ്വപ്നങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടാണ്. തെളിവെയിലാകുന്ന ഓളങ്ങളിളകുന്ന പകലിന്റെ പൊയ്കയിൽ നമുക്കൊരുമിച്ചു കൈകോർത്തു തുഴയാമെന്നും തിളയ്ക്കുന്ന പൊൻവെയിലിനൊപ്പം ജ്വലിക്കുന്ന നട്ടുച്ചയ്ക്ക് പച്ചിലക്കുമ്പിളിൽ മോന്താമെന്നും കിഴക്കാകുന്ന സിംഹാസനത്തിൽ നിന്നെ ഞാൻ ഒപ്പമിരുത്താമെന്നും (തുല്യസ്ഥാനം നൽകാമെന്ന് സൂചന) അവിടെ എന്റെ അഗ്നികിരീടവും കത്തുന്ന കരളും വെളിച്ചത്തിന്റെ ചെരിപ്പണിഞ്ഞു നിന്റെ

പാദങ്ങളിൽ വയ്ക്കാമെന്നും (തന്റെ പദവിയും ഹൃദയവും അടിയറവയ്ക്കാമെന്ന വാഗ്ദാനം) പറഞ്ഞാണ് സൂര്യൻ അവളെ തന്റെ ലോകത്തേക്ക് ക്ഷണിക്കുന്നത്. തുടർന്ന് സൂര്യൻ അവളോട് ഇപ്രകാരം കെഞ്ചുന്നു. 'മതിവരാതെ കൊതിയോടെ താൻ തീക്കടൽ കോരിക്കുടിച്ചുകൊണ്ടിരിക്കുമ്പോൾ, വെയിലാകുന്ന കടൽ ഓളമിളക്കിക്കൊണ്ട് നിന്നെ വിളിക്കുകയാണ്. ഉന്മാദലഹരിയിൽ വിവസ്ത്രരായി നമുക്ക് ഈ ഭൂമിയാകെ കറങ്ങാം. സൗരയൂഥങ്ങളിലും നക്ഷത്രഭൂമിയിലും അന്തിയുറങ്ങാം. കൈലാസത്തിലെ ശിവപാർവ്വതിമാരെപ്പോലെ നമുക്ക് തമ്മിൽ മനസ്സിലാക്കിയും പങ്കുവച്ചും ഒരിക്കലും അവസാനിക്കാത്ത രാവുകൾ ആസ്വദിക്കാം. ആളുന്ന അഗ്നിയായി നീ എന്നെ പൊതിയുക' എന്നും സൂര്യൻ പറയുകയാണ്.

## വരികൾ

'മൃത്യു ക്ഷണിക്കുന്നു....
നീ വരൂ, പോരു
.............................
സ്വൈര്യമുറങ്ങാം
വരൂ നീ...ശ്യാമ മൃത്യു വിളിക്കുന്നു'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| തമാലവനങ്ങൾ | = | പച്ചിലമരങ്ങൾ |
| ഗൂഢപഥങ്ങൾ | = | നിഗൂഢമായ വഴികൾ |

## ആശയവിശദീകരണം

തന്റെ മൂന്നാമത്തെ വരമനുസരിച്ച് കുന്തി കാലത്തിന്റെ ദേവനായ യമദേവനെ, മൃത്യുവിനെ ധ്യാനിക്കുകയും ആ സംഗമത്തിലൂടെ ധർമ്മപുത്രർ ജനിക്കുകയും ചെയ്തു. ഈ കഥയുടെ പശ്ചാത്തലത്തിൽ കവി കുന്തിയുടെ മനസ്സ് തുറക്കുന്നതാണ് ഈ ഭാഗം. കറുത്ത രാത്രിയിലേക്കു കൂട്ടിക്കൊണ്ടുപോകാനായി മൃത്യു അവളെ ക്ഷണിക്കുന്നു. തമാലവനങ്ങളിലെപ്പോലെ ഈ രാവിൽ നീലക്കുയിലുകളായി രണ്ടു ചിറകുകൾകൊണ്ടു (രണ്ടുപേർക്കുംകൂടി രണ്ടു ചിറകുകൾ എന്നതിന് ഒരു ശരീരമായിത്തീരാം എന്നർത്ഥം)മഴക്കാർ മൂടിയ ആകാശത്ത് പൂവുപോലെ, നക്ഷത്രങ്ങളെന്നപോലെ പറക്കാമെന്നുപറഞ്ഞ് മൃത്യൂ അവളെ വിളിക്കുന്നു. മഞ്ഞുതിരുന്ന മലകളിലും തണൽവഴികളിലും സന്ധ്യയാകുന്ന നിഗൂഢവഴികളിലും കാറ്റുറങ്ങുന്ന തണുപ്പിലും നിലാവുള്ള ആകാശത്തിന്റെ വിദൂരങ്ങളിലും ഒറ്റയ്ക്ക്, നിശ്ശബ്ദരായി സ്വൈര്യമായിട്ടുറങ്ങാമെന്നു പറഞ്ഞാണ് യമദേവൻ അവളെ പ്രലോഭിപ്പിക്കുന്നത്.

## വരികൾ

'ഇന്ദ്രൻ വിളിക്കുന്നു...
വരിക നീയോമലാളേ
.................................
നുകർന്നീടാമീർഷകം
നിത്യയൗവ്വനം തീർത്ത
പൊൻഭാജനം'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| ചാരുപുരങ്ങൾ | = | മനോഹരനഗരങ്ങൾ |
| സുവർണ്ണമണൽത്തരി | = | നക്ഷത്രങ്ങൾ |
| പൊൻഭാജനം | = | ചന്ദ്രൻ |

## ആശയ വിശദീകരണം

ഇന്ദ്രദേവനെ പരിണയിച്ച കുന്തിക്ക് അർജ്ജുനൻ എന്ന പുത്രൻ ജനിച്ച കഥയാണ് ഇവിടെ പരാമർശം. ഇന്ദ്രൻ അവളെ വിളിക്കുന്നത് ആകാശത്തിന്റെ സമൃദ്ധിയിലേക്കാണ്. ചന്ദ്രനും നിലാവും നക്ഷത്രങ്ങളും മിന്നലും മേഘങ്ങളുമൊക്കെ നിറഞ്ഞ ആകാശം സമൃദ്ധമാണെന്ന് കവിഭാവന. ഒരിക്കലും നശിക്കാത്ത ജീവന്റെ സിദ്ധിയായ യൗവ്വനം ആസ്വദിക്കാനാണ് ഇന്ദ്രന്റെ ക്ഷണം. രത്നം കൊണ്ടു മേഞ്ഞ മനോഹരമായ കൊട്ടാരങ്ങളും സുവർണ്ണ കവാടങ്ങളുമുള്ള തന്റെ ലോകത്തേക്കു വന്നാൽ പാനപാത്രത്തിന്റെയുള്ളിലെ ചുവന്നു തുളുമ്പുന്ന അമൃതുനുകരാമെന്നു പറഞ്ഞ് ഇന്ദ്രൻ അവളെ മോഹവലയത്തിലാക്കുന്നു. മിന്നലുപോലുള്ള നിന്റെ അരഞ്ഞാണം പൊട്ടിച്ചിതറിയും മുടിയഴിഞ്ഞും മേഘങ്ങളാകുന്ന നീലവിരി ചുളിഞ്ഞുമുള്ള അവസ്ഥയിൽ, നമുക്ക് പാരിജാതപ്പൂക്കൾ

കൊണ്ട് മൂടി മതിയാവോളം കിടക്കാമെന്നു പറഞ്ഞ് ഇന്ദ്രൻ അവളെ പ്രണയാനുഭൂതികൾ പങ്കുവയ്ക്കാനായി വിളിക്കുന്നു. 'അനന്തമായ കാലത്തിന്റെ വാടാമലരുകളാണ് നാമെന്നു' പറഞ്ഞു ഇന്ദ്രൻ അവളെ ആകാശഗംഗയ്ക്കരികിലേക്കു ക്ഷണിക്കുകയാണ്. അവിടെ നിലാവിന്റെ മുത്തുമാലകൾ കോർത്തും നക്ഷത്രങ്ങളാകുന്ന മണൽത്തരികൾ വാരിയെറിഞ്ഞും നമുക്ക് നിത്യയൗവ്വനമാകുന്ന പാനപാത്രത്തിലെ പൊൻഭാജനം നുകരാമെന്നും ഇന്ദ്രൻ കുന്തിയോട് പറയുന്നു.

## വരികൾ

'ചുണ്ടിലാകെയൂറുന്നത്
കയ്പുമാത്രം
..........................
ആരറിവൂ സ്വയം എന്ന ചോദ്യം ബാക്കി....'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| രഥ്യ | = | വഴി |
| വിൺപൂവ് | = | ആകാശത്തിലെ പൂവ്, നക്ഷത്രം |
| ദേവവധുക്കൾ | = | അപ്സരകന്യകമാർ |
| മുണ്ഡിത | = | ക്ഷൗരം ചെയ്യപ്പെട്ട |

## ആശയ വിശദീകരണം

ഏറെ മധുരമുള്ള തന്റെ ചുണ്ടിൽ ഇന്ന് കയ്പ്പുമാത്രമാണ് ഊറുന്നതെന്ന് കുന്തി തിരിച്ചറിയുന്നതാണ് ഈ വരികളിലേ പ്രധാന ആശയം. കുന്തിക്കു ലഭിച്ച വരമനുസരിച്ച് സൂര്യനും യമദേവനും വായുദേവനും ഇന്ദ്രനും പ്രത്യക്ഷപ്പെട്ട് അവളുടെ ഇംഗിതപ്രകാരം അവളെ പ്രാപിക്കുകയും കർണ്ണൻ, ധർമ്മപുത്രർ, ഭീമസേനൻ, അർജ്ജുനൻ എന്നീ പുത്രന്മാൻ ജനിക്കുകയും ചെയ്തു. പക്ഷേ, പിന്നീടുള്ള ജീവിതത്തിൽ കുന്തിക്ക് ആ ദേവന്മാരെ ഒരു നിമിഷത്തേക്കുപോലും കാണാൻ അവസരമുണ്ടായില്ല. തങ്ങളുടെ മക്കളുടെ പിതൃത്വത്തിനുത്തരവാദികളായ ദേവന്മാർക്കൊത്ത് ദാമ്പത്യജീവിതം സ്വപ്നം കാണാൻപോലും കുന്തിക്കു ഭാഗ്യമുണ്ടായില്ല. കർണ്ണന്റെ ജനനം ഒരു വലിയ സ്വകാര്യതയായി കുന്തിക്കു ജീവിതം മുഴുവൻ കൊണ്ടുനടക്കേണ്ടിവന്നു. കർണ്ണന്റെ ജനനത്തെക്കുറിച്ച് ഭാരതയുദ്ധത്തിന്റെ അവസാനഘട്ടത്തിൽ മാത്രമാണ് കുന്തി വെളിപ്പെടുത്തിയത്. ജന്മം നൽകിയ മാതാവിനെ സംബന്ധിച്ച് തന്റെ കുഞ്ഞുങ്ങളുടെ പിതാവിന്റെ സാമീപ്യം ലഭിക്കാതെ വരുന്നത് അങ്ങേയറ്റം വേദനാജനകമാണ്. ഈ ആഗ്രഹം മനസ്സിലൊതുക്കി കഴിയേണ്ടിവന്ന അവസ്ഥയെയാണ് ചുണ്ടിലൂറുന്ന കയ്പ്പായി കവി ചിത്രീകരിച്ചിരിക്കുന്നത്.

വിളവുമുഴുവൻ കൊയ്തെടുത്ത വയലിന്റെ തേങ്ങൽ മാത്രമാണ് ഇന്ന് തന്റെയുള്ളിൽ നിന്നുയരുന്നതെന്നും ആരും അലിവുകൊണ്ട് ഉടച്ചെടുക്കാതിരുന്നതിനാൽ നെഞ്ചിലെ ഭാരം അമർത്തിപ്പിടിച്ച കരച്ചിലായി മാറിയിരിക്കുകയാണെന്നും കുന്തി വെളിപ്പെടുത്തുന്നു. എങ്കിലും അവൾ സൂര്യനിൽ നിന്നും ലഭിച്ച ആ അനുഭൂതികളെ ഓർക്കുന്നു. സൂര്യനോട് അവൾ പറയുകയാണ്; 'നിന്റെ അലിവിന്റെ ചൂടിൽ എന്റെ ശരീരം ആദ്യമായ് തളിർത്ത നിമിഷവും ആ വാനവിരിപ്പിൽ നിന്റെ അലിവിനാൽ തീവെയിൽ ച്ചൂടിനെ നിലാവാക്കി മാറ്റിയപ്പോൾ ഉരുകിയ ഹൃദയത്തുടിപ്പും ഞാനിന്നുമോർക്കുന്നു. എങ്കിലും നിന്റെ വെളിച്ചമെത്താത്തതിനാൽ ഇന്ന് എന്റെയുള്ളിലെ ഇരുട്ട് വാതിലടയ്ക്കുകയാണ്. മഞ്ഞുകൊണ്ട് എന്നെ നിശ്ശബ്ദം പൊതിയുകയാണ്, മരവിച്ച മനസ്സുമായി കഴിയുകയാണ് എന്ന് സൂചന.

അവൾ മൃത്യുവിനോട് ഇപ്രകാരം ആവലാതിപ്പെടുന്നു. 'കുളിർത്തണൽപോലുള്ള നിന്റെ ഏകാന്തവഴികളിൽ അന്ന് ഞാൻ വീണുറങ്ങി. പാതിരപോലുള്ള ഇരുട്ടിൽ നീ എന്നെ ഒറ്റയ്ക്കു താങ്ങിയെടുത്തു കിടത്തി. ആ ഏകാന്തതയും നിശ്ശബ്ദതയും സമ്പൂർണ്ണ വിശ്രമവും സ്വപ്നമില്ലാത്ത ഉറക്കവും മരണത്തെ സൂചിപ്പിക്കുന്നു. ഞാൻ ഏറെ കൊതിച്ചതാണ്, എങ്കിലും നിന്റെ മനസ്സിന്റെ അഗാധതയിലേക്ക് നീയെന്നെ കൊണ്ടുപോകാതിരുന്നതെന്താണ്? ഒരു കാട്ടുപൂ പോലും നീ പറിക്കാഞ്ഞതെന്താണ്? ഇതൊക്കെയോർത്ത് ഞാനിന്ന് തേങ്ങുകയാണ്.' തനിക്ക് ആ മനസ്സിൽ ഇടംകിട്ടിയില്ലല്ലോ എന്നാണ്

കുന്തിയുടെ ആവലാതി. 'എന്റെ മനസ്സാകുന്ന ഇരുണ്ട വനത്തിൽനിന്ന്' എന്ന് പറയുന്നതിലൂടെ ഏകാന്തമായ മനസ്സിനെ ഇരുണ്ട വനമായി സങ്കല്പിച്ചിരിക്കുന്നു.

തുടർന്ന് അവൾ ഇന്ദ്രനോടു പറയുന്നു; 'ഞാൻ ഒരിക്കലും നിത്യയൗവ്വനം കൊതിച്ചിട്ടില്ല. ഭൂമിയിലേക്കു കൊഴിഞ്ഞുവീഴാത്ത നക്ഷത്രങ്ങളുടെ കേളിയോ അവസാനിക്കാത്ത രാത്രിയുടെ മദിരോത്സവങ്ങളോ രത്നസൗധങ്ങളോ ആഗ്രഹിച്ചിട്ടില്ല. എന്റെ ജീവിതത്തിൽ നിറഞ്ഞുനില്ക്കുന്നത് നീ കോരിനിറച്ച ആ സംഗീതധാരയും സന്ധ്യയിൽ ഗന്ധർവ്വൻ പാടുന്ന അപൂർവ്വരാഗങ്ങളുടെ മനോഹാരിതയും അപ്സരകന്യകമാരുടെ നൃത്തത്തിന്റെ താളവുമൊക്കെയാണ്. ആ നിമിഷത്തെ എന്റെ ആത്മാവ് പൂചൂടിയതുപോലെ ചൂടി. അന്നേരം ഞാൻ മറ്റൊരു പൂവായി വിരിഞ്ഞു. പക്ഷേ, ആ സമയത്ത് കേവലമൊരു മനുഷ്യസ്ത്രീയായ എന്നിൽ തുളുമ്പിയ സ്നേഹത്തിന്റെ നിത്യോത്സവം നീ അറിയാതെ പോയി. രാത്രിയിലെ കാമാർത്തയായ കുയിലിന്റെ നിശബ്ദരോദനവും പ്രണയദാഹവും നീ അറിഞ്ഞില്ല. അങ്ങനെയങ്ങനെ എന്റെ ഓരോ കിനാവിലും കയ്പും മധുരവുമായി മനസ്സിന്റെ കോണിൽ നീ ഇരിക്കുന്നുണ്ട്. മൗനിയും മുണ്ഡിതയുമായ എന്നിലെ പാതിജീവൻ ഇന്നും നിന്നെ ജപിച്ചുകൊണ്ടിരിക്കുന്നു. എന്റെ ഈ പാതിശരീരത്തിലെ കരൾ ഇന്നും പച്ചപ്പു തേടുകയാണ്. പ്രതീക്ഷയുടെ ജ്വാലകൾ ആടിയുലയുകയാണ്. ഈ പാതിജീവിതത്തിൽ ഞാൻ ഒറ്റപ്പെടുകയാണ്. ആയിരം പേർ മോഹിച്ച നീയാകുന്ന കിനാവ്' എന്ന് പറയുന്നതിലൂടെ കവി ഇന്ദ്രനെ മോഹിച്ച സ്ത്രീകളെ സൂചിപ്പിക്കുന്നു.

തുടർന്ന് അവൾ വായുദേവനോടു ഇപ്രകാരം പറയുന്നു. 'നിന്റെ കരുത്തറിഞ്ഞ നിമിഷം ഞാനോർക്കുന്നു'. പച്ചമൂടിയ താഴ്വരയിലെ പുല്ലിൽ, ആ പുലരിത്തുടുപ്പിൽ നീ നല്കിയ ചുംബനവും 'നീ എന്റേതാണെന്നു പറഞ്ഞുകൊണ്ട് ആടിയുലച്ചു കൊണ്ടു നടത്തിയ ആലിംഗനവും, ഒരു നിമിഷംകൊണ്ട് മണ്ണിൽ വിത്തുകിളിർത്ത് ഇലവീശി ഒരു ആൽമരമാകെ തണലിന്റെ തണുപ്പേകിയ സാഫല്യവും ഞാനിന്നോർക്കുന്നു. പക്ഷേ, എല്ലാം ഒരു നിമിഷത്തേക്കു മാത്രമായിരുന്നു. കാറ്റാകുന്ന നീ കാറ്റായി എന്നിൽ നിന്നകന്നുപോയി. ആ നിമിഷം എന്റെയുള്ളിൽ കരുത്തനായ ഒരു ഉണ്ണി (ഭീമസേനൻ) പിറന്നു. എന്റെ ജന്മം വെറുതെയായല്ലോയെന്ന് ഞാനിപ്പോഴും പഴിക്കുകയാണോ? എന്തുന്മത്തതയാണ് എന്റെയുള്ളിലിപ്പോഴുള്ളത്? തന്നെക്കൊണ്ട് ഇങ്ങനെയൊക്കെ ചിന്തിപ്പിക്കുന്നതിനു പിന്നിൽ താൻ ഏകയാണെന്ന്, പൊള്ളുന്ന ഓർമ്മയാണോ അതോ കാമമാണോ? എന്നും കുന്തി ചോദിക്കുകയാണ്.

## കാവ്യാവലോകനം

കവിതയിൽ രതിയെ സ്ത്രീയുടെ അടിമത്തത്തിന്റെ ബിംബമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. പഞ്ചപാണ്ഡവന്മാരിലെ ധർമ്മപുത്രർ, ഭീമൻ, അർജ്ജുനൻ എന്നിവരുടെയും സൂര്യപുത്രനായ കർണ്ണന്റെയും ജനനത്തിനു മുമ്പും പിമ്പുമുള്ള കുന്തീഹൃദയത്തിന്റെ വിഭിന്ന ഭാവങ്ങളെ ഈ കവിത തുറന്നുകാട്ടുന്നു. പുത്രലബ്ധിക്കായി നടന്ന ദേവസംഗമവേളകളിൽ താൻ സ്വകാര്യമായി അനുഭവിച്ച ആനന്ദനിർവൃതിയുടെയും തന്റെ മക്കൾക്കു പിതൃത്വം നൽകിയശേഷം കടന്നുപോയ ആ ദേവന്മാരെയോർത്തുള്ള നിശ്ശബ്ദരോദനത്തിന്റെയും അനുഭവങ്ങൾ കുന്തി പങ്കുവയ്ക്കുന്നു.

ഭൂമിയും ആകാശവും സ്ത്രീയും പുരുഷനുമാണെന്നാണ് സങ്കല്പം. സൂര്യൻ, മൃത്യു, വായു, ഇന്ദ്രൻ എന്നിവ ഈ കവിതയിൽ വിവിധ പുരുഷഭാവങ്ങളെ പ്രതിഫലിപ്പിക്കുന്ന ബിംബങ്ങളാണ്. കുന്തിയുടെ ജീവിതചക്രം ഭൂമിയുടേതെന്ന പോലെ ഋതുഭേദങ്ങളുടെ അരങ്ങായിത്തീരുന്ന കാഴ്ചയാണ് മഹാഭാരതകഥയിൽ കാണാൻ കഴിയുന്നത്. സ്ത്രീസ്വാതന്ത്ര്യത്തിന്റെ അദൃശ്യബന്ധനങ്ങളെ തുറന്നുകാണിക്കാനായി പ്രണയത്തെയാണ് കവി ഇവിടെ ഉപാധിയാക്കുന്നത്. സ്ത്രീകൾ പൊതുസമൂഹത്തിന്റെ ഭാഗമായി മാറിയ ഇന്നത്തെ സാഹചര്യത്തിൽ കവിത സ്ത്രീയുടെ യഥാർത്ഥ പ്രശ്നങ്ങളുടെ നേരെ അതിന്റെ കണ്ണാടി എടുത്തു പിടിക്കുമ്പോൾ 'കുന്തി' എന്ന കവിതയിലൂടെ സംവദിക്കുന്നതും

സ്ത്രീമനസ്സിന്റെ നിശ്ശബ്ദരോദനങ്ങളാണ്. ഏതു വരണ്ട ജീവിത സാഹചര്യത്തിലും സ്ത്രീമനസ്സിന്റെ ആഴങ്ങളിൽ പ്രണയത്തിന്റെ നനവുള്ള മണ്ണുണ്ട് എന്ന വസ്തുത ഈ കവിത പങ്കുവയ്ക്കുന്നുണ്ട്. പ്രണയത്തിന്റെ പ്രകടഭാവമായ രതിയിലേക്ക് പെൺമനസ്സിനെ ആകർഷിക്കാനും അനുഭൂതികളിൽ ആറാടാനുമുള്ള പുരുഷമനസ്സിന്റെ പ്രവണതയെ ഇവിടെ കാറ്റ്, കാലം, ഇന്ദ്രൻ, സൂര്യൻ എന്നീ ബിംബങ്ങളിലൂടെ വെളിപ്പെടുത്തുന്നു.

ഗഹനമായ ആശയവും ലളിതമായ ആവിഷ്കാരവുമാണ് 'കുന്തി' എന്ന കവിതയെ ശ്രദ്ധേയമാക്കുന്നത്. പ്രകൃതിയെയും സ്ത്രീയെയും നേർരേഖയിൽ കൊണ്ടുവരുന്ന ഈ കവിതയുടെ മറ്റൊരു ആകർഷണം അസാമാന്യമായ ബിംബകല്പനയാണ്. സ്ത്രീയുടെ എല്ലാ ഭാവങ്ങളെയും പ്രകടിപ്പിക്കാൻ പോന്ന ബിംബമാണ് കുന്തി. മഹാഭാരതത്തിൽ ധർമ്മാധർമ്മങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളുടെ പ്രകമ്പനങ്ങളാണ് കുന്തിയുടെ ഹൃദയത്തിലൂടെ കടന്നുപോകുന്നതെങ്കിൽ ഗിരിജയുടെ കുന്തിയിൽ കാണുന്നത് സ്ത്രീമനസ്സിന്റെ യഥാർത്ഥ ഭാവങ്ങളാണ്. സ്ത്രീ നേരിടുന്ന അടിമത്തത്തെ 'രതി' എന്ന ബിംബത്തിലൂടെയാണ് കവി ചിത്രീകരിക്കുന്നത്. രതി ഇവിടെ പുരുഷാധിപത്യത്തിന്റെ രൂപകമായി മാറുന്നു. പുരുഷൻ തന്റെ കാമസംതൃപ്തിക്കുവേണ്ടി സ്ത്രീയെ പ്രലോഭിപ്പിച്ച് ഒപ്പം കൂട്ടുകയും ആവശ്യാനന്തരം സൗകര്യപൂർവം തഴയുകയും ചെയ്യുമ്പോൾ സ്ത്രീമനസ്സിലുണ്ടാകുന്ന വേദനകളെയാണ് ഗിരിജയുടെ 'കുന്തി' പകർത്തുന്നത്.

## Recap

- ഉത്തരാധുനിക കവിതകളുടെ സവിശേഷത, പുരാണ കഥകളുടെ പുനർവായന
- സ്ത്രീപക്ഷ ആശയങ്ങളുടെ ശക്തമായ സാന്നിധ്യം
- കുന്തിയുടെ ആത്മസഞ്ചാരങ്ങൾ, നിശബ്ദരോദനം
- രതിയും പ്രണയവും അടിമത്തത്തിന്റെ ബിംബങ്ങൾ
- മനസിന്റെ സങ്കൽപങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള അന്തരം
- ബിംബഭാഷ, പ്രകൃതിയെയും സ്ത്രീയെയും സമാനമായി കൽപ്പിക്കുന്നു
- പുരുഷ മനസിന്റെ പ്രണയഭാവങ്ങളും കപടതയും
- മോഹന വാഗ്ദാനങ്ങൾ നൽകുന്ന കാമുകന്മാർ
- ഉൾതാളവും ഈണവും കൊണ്ട് ഭാവഭദ്രമായ കവിത

## Objective Type Questions

1. കരുത്തായി പറക്കുക എന്ന് പറഞ്ഞതാര്?
2. മാരിമുടിയഴിച്ചാടീടുമാഷാഢ രാവിലേയ്ക്ക് കാറ്റ് ആരെയാണ് ക്ഷണിക്കുന്നത്?
3. ഉന്മാദത്തിന്റെ ലഹരിയെ എന്തിനോടാണ് താദാത്മ്യപ്പെടുത്തിയിരിക്കുന്നത്?
4. ആളുമൊരഗ്നിയായി എന്നെ പൊതിയൂ എന്ന് പറയുന്നതാര്?
5. തെളിവെയിലാകുന്ന ഓളങ്ങളിളകുന്ന എവിടേയ്ക്കാണ് സൂര്യൻ തന്റെ കാമുകിയെ ക്ഷണിക്കുന്നത്?
6. തണുപ്പായി കണ്ണീരുപ്പായി സൈ്വര്യമായുറങ്ങാനായി കാമുകിയെ ക്ഷണിക്കുന്നതാര്?
7. ഒരിക്കലും നശിക്കാത്ത ജീവന്റെ സിദ്ധിയെന്ന് ഇന്ദ്രൻ പറയുന്നത് എന്തിനെയാണ്?
8. രത്നങ്ങൾ മേഞ്ഞ മനോഹരമായ കൊട്ടാരത്തിലേയ്ക്ക് ക്ഷണിക്കുന്നതാര്?
9. വി.എം ഗിരിജയുടെ ആദ്യ കവിതാസമാഹാരം ഏത്?

10. ജീവജലം, രാത്രിമരം ആരുടെ കവിതകളാണ്?
11. എങ്ങനെയുറങ്ങനാണ് മൃത്യു വിളിക്കുന്നത്?
12. 'പോരിക നീയോമലാളേ' എന്ന് വിളിയ്ക്കുന്നതാര്?
13. ചുണ്ടിലാകെയൂറുന്നത് എന്താണ്?
14. വിളവാകെയെടുത്ത വയലിന്റെ നിഷ്ഫല രോദനം പോലെ കേട്ടത് എന്താണ്?
15. എങ്ങനെയുള്ള ചാരുപുരങ്ങളെക്കുറിച്ചാണ് കവി പറയുന്നത്?

## Answers to Objective Type Questions

1. കാറ്റ്
2. കുന്തിയെ
3. ആഷാഢത്തിലെ പേമാരിയോട്
4. സൂര്യൻ
5. പൊയ്കയിലേയ്ക്ക്
6. മൃത്യു
7. യൗവ്വനത്തെ
8. ഇന്ദ്രൻ
9. പ്രണയം ഒരാൽബമാണ്
10. വി. എം. ഗിരിജ
11. കറുപ്പായി, കണ്ണീരുപ്പായ്
12. ഇന്ദ്രൻ
13. കയ്പ്
14. തേങ്ങൽ
15. രത്നം മേഞ്ഞ

## Assignments

1. മലയാളത്തിലെ സ്ത്രീപക്ഷ കവിതകൾ - ഉപന്യസിക്കുക
2. സ്ത്രീസങ്കൽപങ്ങളും സാമൂഹ്യയാഥാർത്ഥ്യങ്ങളും വി.എം.ഗിരിജയുടെ കവിതകളിൽ - ഉപന്യസിക്കുക

## Reference


1. വി. എം. ഗിരിജ - പ്രണയം ഒരാൽബം, കവിതാസമാഹാരം, ചിത്തിര പബ്ലിഷേഴ്സ്.
2. വി. എം. ഗിരിജ - ജീവജലം, കവിതാസമാഹാരം, കറന്റ് ബുക്സ്,തൃശൂർ.
3. ഡോ. എം. ലീലാവതി - അവതാരിക, മൂന്ന് ദീർഘകവിതകൾ, കവിതാ സമാഹാരം, വി. എം. ഗിരിജ, ഡി.സി. ബുക്സ്, കോട്ടയം.
4. സച്ചിദാനന്ദൻ - മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.


## E-content


വി. എം. ഗിരിജ

https://ml.sayahna.org/index.php/വി_എം_ഗിരിജ
https://www.manoramaonline.com/literature/literaryworld/2021/11/02/varthanam-a-talk-with-writers-vm-girija-and-p-raman.html
https://www.thoughtco.com/feminist-theory-3026624v

# യൂണിറ്റ് - 4
# ഭാഷക്ക് മുമ്പ്

**പി. രാമൻ**

## Learning Outcomes

- പി. രാമന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- പി രാമന്റെ കവിതകളിൽ 'ഭാഷക്കു മുമ്പ്' എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- പുതുകവിതകളുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisites

ശിശുക്കളുടെ ഭാഷയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ലിപിയോ വ്യാകരണത്തിന്റെ ചട്ടക്കൂടുകളോ ഇല്ലാതെ അവർ ചിരിക്കുകയും കരയുകയും ചെയ്യുന്ന അലിഖിതവും അനന്തവുമായ അവരുടെ ഭാഷ. അത്ര എളുപ്പത്തിൽ മുതിർന്നവർക്ക് ആ ഭാഷ വശപ്പെടണമെന്നില്ല. അവരുടെ ലോകത്തേയ്ക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്നവർക്ക് മാത്രം തിരിച്ചറിയാൻ കഴിയുന്ന ഒരു ഭാഷയെ അവർ സ്വന്തമായി നിർമ്മിക്കുന്നു. അതിലൂടെ അവർ ലോകത്തെ കാണുകയും അറിയുകയും ചെയ്യുന്നു. കിളികളുടെയും മരങ്ങളുടെയും മണ്ണിന്റെയും ഭാഷ ഗ്രഹിച്ചിരുന്ന ബാല്യത്തിൽനിന്ന് നാം പതിയെ അകന്നുപോകുന്നു. വ്യാകരണ നിർമ്മിതമായ ചട്ടക്കൂടുകളുടെ ഭാഗമാകുന്നതോടെ ശിശുവിന്റെ ഭാഷ നമുക്ക് കൈമോശം വരുന്നു. വലുതാകും തോറും നമുക്ക് നഷ്ടമാകുന്നതും നാം മറന്നു പോകുന്നതുമായ ഒരു ഭാഷയിലേയ്ക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്ന കവിതയാണ് പി.രാമന്റെ ഭാഷയ്ക്കു മുമ്പ്.

ഉത്തരാധുനിക കവികളുടെ ശ്രേണിയിൽ ശ്രദ്ധേയമായ ഇടമുള്ള കവിയാണ് പി രാമൻ. കവിതയെ നിരന്തരം പുതുക്കുകയും കവിതയിൽ പുതുപരീക്ഷണങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്ത കവിയാണ് പി. രാമൻ. അദ്ദേഹം പുതുകവിതയുടെ ഭാവുകത്വപരിണാമത്തെ നിരീക്ഷിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആധുനികതയുടെ ചുവടുപിടിച്ച് മലയാള കവിതയിലേയ്ക്ക് കടന്നു വന്ന കവിയാണ് പി. രാമൻ. ഉത്തരാധുനികതയുടെ ആരംഭഘട്ടത്തെ അദ്ദേഹത്തിന്റെ കവിതകൾ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. കാഴ്ചയുടെ കാണാപ്പുറങ്ങളിലേയ്ക്ക് കടന്നു ചെല്ലാനും പുതുവാക്ക് കണ്ടെത്താനും പി.രാമൻ നിരന്തരം ശ്രമിയ്ക്കുന്നുണ്ട്. കനം, തുരുമ്പ്, ഭാഷയും കുഞ്ഞും, രാത്രി പന്ത്രണ്ടരയ്ക്ക് ഒരു താരാട്ട് എന്നിവ പ്രധാനപ്പെട്ട കവിതാസമാഹാരങ്ങളാണ്. 'കനം' എന്ന കൃതിക്ക് 2001 - ലെ കേരള സാഹിത്യ അക്കാദമി കനകശ്രീ എൻഡോവ്മെന്റ് പുരസ്കാരവും 'രാത്രി പന്ത്രണ്ടരയ്ക്ക് ഒരു താരാട്ട്' എന്ന കൃതിക്ക് 2019-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു.

## Keywords

ഉത്തരാധുനികത - വാങ്മയം - ബഹുസ്വരത - ബിംബകൽപ്പനകൾ - ഭാഷയുടെ രാഷ്ട്രീയം

## 4.4.1 Content

വയസൊന്നു കഴിഞ്ഞിട്ടും ഉരിയാടാത്ത കുഞ്ഞിനെക്കൊണ്ട് അമ്മേ എന്ന് വിളിപ്പിക്കാൻ ശ്രമിക്കുകയാണ് രക്ഷകർത്താക്കൾ. പക്ഷേ കുഞ്ഞാകട്ടെ ജനൽപ്പാളിയിലൂടെ മാത്രം കാണുന്ന അടുത്ത വീട്ടിലെ വേലക്കാരിയുടെ ആംഗ്യങ്ങളും അപശബ്ദങ്ങൾക്കനുസരിച്ച് ചുവടുവെയ്ക്കുകയാണ്. കുഞ്ഞിനെയും അടുത്ത വീട്ടിലെ വേലക്കാരിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജനൽപ്പാളി കൊട്ടിയടച്ചു കൊണ്ട് അച്ഛനമ്മമാർ പ്രതിരോധം തീർക്കാൻ ശ്രമിച്ചു. എന്നിട്ടും കുഞ്ഞ് അമ്മേ എന്ന് വിളിച്ചില്ല. നിലത്തുരുണ്ടു കേഴുന്ന ഭാഷയെത്താത്ത പൊന്നുമകളിലാണ് കവിത അവസാനിക്കുന്നത്.

### വരികൾ

'വയസൊന്നു കഴിഞ്ഞിട്ടും

..............................................................

വേലക്കാരിയോടുളളിണക്കമായ്'

### ആശയ വിശദീകരണം

ഒരു വയസ് പൂർത്തിയായിട്ടും സംസാരിക്കാൻ തുടങ്ങിയിട്ടില്ലാത്ത പൊന്നുമകൾ, അടുത്ത വീട്ടിലെ വേലക്കാരിയുമായി ഇണക്കത്തിലാകുന്നു. കുട്ടിയുടെ ഉള്ള് വേലക്കാരിയോട് അടുക്കുന്നു എന്ന് കവി പറയുന്നു. ഒരു വയസ്സാകുമ്പോൾ കുട്ടികൾ ചെറുതായി വർത്തമാനം പറയാൻ ശ്രമിക്കാറുണ്ട്. അമ്മ, അച്ഛൻ എന്നിങ്ങനെ പല വിളികളിലൂടെ രക്ഷകർത്താക്കൾ അവരെ ഭാഷയുടെ ലോകത്തേയ്ക്ക് കടത്തിക്കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്. കുട്ടികൾ മുതിർന്നവരെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക വഴി അവരുടെ ഭാഷയെ സ്വന്തമാക്കാൻ ശ്രമിക്കുന്നു. മനുഷ്യരെ തമ്മിൽ കൂട്ടിയിണക്കുന്ന പ്രധാനപ്പെട്ട കണ്ണികളിലൊന്നായി ഭാഷ പ്രവർത്തിക്കുന്നു എന്ന പൊതുബോധത്തെ ഭാഷയ്ക്കും അപ്പുറം നിൽക്കുന്ന ബന്ധവ്യവസ്ഥകളിലൂടെ കണ്ടെത്താൻ ശ്രമിക്കുകയാണ് കവി. വയസൊന്നു കഴിഞ്ഞിട്ടും ഉരിയാടാഞ്ഞ പൊന്നുമകൾക്ക്, അയൽവീട്ടിലെ വേലക്കാരിയോട് അടുപ്പമുണ്ടാകുന്നു. അതിനു പിന്നിലെ കാര്യകാരണങ്ങളിലേയ്ക്ക് കവിത കടന്നു ചെല്ലുന്നു. കവിതയിൽ പൊന്നുമോൾ എന്നത് നാമവിശേഷണമാണ്.

### വരികൾ

'ഊമയാണവർ, ആംഗ്യങ്ങ-

....................................

കുഞ്ഞിക്കാലടി മെല്ലനെ'

### ആശയ വിശദീകരണം

ഊമയായ അവൾ ആംഗ്യഭാഷയിലൂടെ മീട്ടുന്ന അപശബ്ദത്തിന്റെ ലയത്തിൽ കുഞ്ഞിക്കാലടികൾ മെല്ലെ നീങ്ങുകയാണെന്ന് ആശയം. അയലത്തെ വീട്ടിലെ വേലക്കാരി സംസാരശേഷിയില്ലാത്തവളാണെന്ന് കവി പറയുന്നു. അവൾ ആംഗ്യഭാഷയിലൂടെ മീട്ടുന്ന ശബ്ദങ്ങളുടെ ലയത്തിൽ 'കുഞ്ഞിന്റെ കാലടികൾ അവളിലേയ്ക്ക് നീങ്ങുകയാണ്. അവളുടെ ഭാഷ കുഞ്ഞിന് മനസ്സിലാകുന്നു എന്ന് സാരം. ഭാഷയ്ക്കും അപ്പുറം നിൽക്കുന്ന സ്നേഹത്തിന്റെ അർത്ഥതലങ്ങളിലേയ്ക്ക് ആശയം കടന്നു ചെല്ലുന്നു.

### വരികൾ

'അമ്മയെന്നു വിളിപ്പിക്കാൻ

..............................................

നിന്നുലഞ്ഞു കുലുങ്ങുവോൾ'

### ആശയ വിശദീകരണം

കുഞ്ഞിനെക്കൊണ്ട് 'അമ്മേ' എന്ന് വിളിപ്പിയ്ക്കാൻ ശ്രമിച്ച് ഞങ്ങൾ കുഴഞ്ഞു. കുഞ്ഞാകട്ടെ, ജനലിനപ്പുറം ചൂണ്ടി നിന്നുലഞ്ഞു കിലുങ്ങുകയാണ് എന്ന് കവി പറയുന്നു. ഊമയായ വേലക്കാരിയും കുഞ്ഞും തമ്മിൽ ഉടലെടുക്കുന്ന അനിർവചനീയമായ സ്നേഹബന്ധത്തെ കവി ഈ വരികളിലൂടെ നിർവചിക്കുകയാണ്. 'അമ്മേ' എന്ന് കുഞ്ഞ് വിളിക്കുന്നത് കേൾക്കാൻ രക്ഷകർത്താക്കൾ കൊതിയ്ക്കുകയാണ്. എന്നാൽ കുഞ്ഞാകട്ടെ അവരെ 'അമ്മേ' എന്ന്

വിളിയ്ക്കുന്നില്ല. പകരം ജനലിനപ്പുറം നിൽക്കുന്ന വേലക്കാരിയെ ചൂണ്ടിക്കൊണ്ട് ഉലഞ്ഞുകിലുങ്ങുകയാണ്. 'ഉലഞ്ഞുകിലുങ്ങുന്നു' എന്ന് പറയുന്നതിലൂടെ കവി കുഞ്ഞിന്റെ ചലനങ്ങളെയും സ്നേഹപ്രകടനത്തെയും സൂചിപ്പിക്കുന്നു. കുഞ്ഞിന് വേലക്കാരിയെയാണ് അമ്മയായി തോന്നുന്നത് എന്ന് സാരം. അവളിലേയ്ക്കുള്ള കുഞ്ഞിന്റെ സഞ്ചാരത്തെ അമ്മ-മകൾ ബന്ധമായി കവി പകർത്തുകയാണ്.

### വരികൾ

'അവളെ ശ്രദ്ധയാകർഷി-

.................................

യടച്ചൂജാലകപ്പൊളി'

### ആശയ വിശദീകരണം

ഇവളുടെ ശ്രദ്ധ ആകർഷിക്കാനായി എന്തോ മുരണ്ടു എന്നും അയൽ വീട്ടിലെ വേലക്കാരി ഇങ്ങു നോക്കിയതും ഞങ്ങൾ ജനൽപ്പാളി കൊട്ടിയടച്ചു എന്നും ആശയം. വേലക്കാരിയിൽ നിന്ന് കുട്ടിയുടെ ശ്രദ്ധയെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതാണ് സന്ദർഭം. കുഞ്ഞുങ്ങൾ ശ്രദ്ധയാകർഷിക്കാനായി പുറപ്പെടുവിപ്പിക്കുന്ന ചെറിയ ഒച്ചയെയാണ് 'മുരണ്ടു' എന്ന പ്രയോഗം കൊണ്ട് കവി അർത്ഥമാക്കിയിരിക്കുന്നത്. ജാലകപ്പൊളി കൊട്ടിയടച്ചു എന്ന് പറയുന്നതിലൂടെ വേലക്കാരിയെ കുഞ്ഞിൽ നിന്ന് അടർത്തിമാറ്റുകയും അപമാനിക്കുകയുമാണ് ചെയ്തത്. കുഞ്ഞിനും വേലക്കാരിയ്ക്കുമിടയിലെ ഒറ്റ വഴിയാണ് കവിതയിൽ ജനൽപ്പാളി. അതിലൂടെയാണ് അവർ സംവദിക്കുന്നത്. കുട്ടിയ്ക്കും വേലക്കാരിയ്ക്കും ഇടയിലെ സഞ്ചാരപാത കൊട്ടിയടയ്ക്കപ്പെടുന്നതോടെ കുഞ്ഞിന് വേലിക്കാരിയോടു തോന്നിയ അടുപ്പം ഇല്ലാതാകുമെന്ന് സാരം.

### വരികൾ

'അമ്മയെന്നു വിളിപ്പിക്കാൻ

.......................................................

ഭാഷയെത്താത്ത പൊന്നുമോൾ'

### ആശയ വിശദീകരണം

അമ്മയെന്നു വിളിപ്പിക്കാൻ ശ്രമിച്ച ഞങ്ങൾ തോറ്റു പോയതിനാൽ ഭയപ്പെട്ടിരിയ്ക്കുകയാണ്. ഭാഷ എത്താത്ത കുഞ്ഞാകട്ടെ നിലത്തുരുണ്ടു കരയുകയാണ് എന്ന് ആശയം. കുഞ്ഞിനെക്കൊണ്ട് അമ്മയെന്നു വിളിപ്പിക്കാൻ ശ്രമിച്ച് രക്ഷകർത്താക്കൾ പരാജയപ്പെട്ടു. കുഞ്ഞിനും വേലക്കാരിയ്ക്കുമിടയിലെ ജനൽപ്പാളി കൊട്ടിയടച്ചു കൊണ്ട് രക്ഷകർത്താക്കൾ തീർത്ത പ്രതിരോധത്തിനെതിരേ കുഞ്ഞും അവളുടെ പ്രതിഷേധം അറിയിക്കുന്നതായി സൂചിപ്പിച്ചു കൊണ്ടാണ് കവിത അവസാനിക്കുന്നത്.

### കാവ്യാവലോകനം

ഭാഷയെക്കുറിച്ചുള്ള ഭിന്നമായ ആലോചനകളിലേയ്ക്ക് വായനക്കാരെ കൊണ്ടുപോകുന്ന കവിതയാണ് പി.രാമന്റെ ഭാഷക്കു മുമ്പ്. കവിതയുടെ ശീർഷകത്തെ അർത്ഥപൂർണമാക്കുന്ന ഒരു സന്ദർഭത്തിലേയ്ക്കാണ് കവി വായനക്കാരെ കൊണ്ടുപോകുന്നത്. കുഞ്ഞും അടുത്ത വീട്ടിലെ വേലക്കാരിയും ഭിന്നമായ പദവികളെ പങ്കുവെയ്ക്കുന്ന ബിംബങ്ങളാണ്. ബഹുസ്വരമായ വായനാസാധ്യതകൾ മുന്നോട്ടുവെക്കുന്ന കവിതയാണ് ഭാഷക്കു മുമ്പ്. അമ്മ, മാതൃത്വം തുടങ്ങിയ പദങ്ങളിൽ നിന്ന് മാതൃഭാഷയുടെ വ്യത്യസ്തമായ വ്യാഖ്യാനങ്ങളിലേയ്ക്കാണ് കവിത കടന്നുചെല്ലുന്നത്.

'ദാന്തെ' എന്ന ചിന്തകനാണ് മാതൃഭാഷയെ അതിന്റെ സമൂഹികമായ അർത്ഥപരിസരത്തെ മുൻനിർത്തി ആദ്യമായി നിർവ്വചിച്ചത്. അമ്മയുടെ ഭാഷയല്ല, ആയയുടെ ഭാഷയാണ് മാതൃഭാഷ എന്ന് അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. അദ്ദേഹം മാതൃഭാഷയുടെ രാഷ്ട്രീയത്തെ അതിന്റെ ജനിതകപരമായ നിർവചനങ്ങളിൽ നിന്നു മോചിപ്പിക്കുകയും സാമൂഹികമായ വ്യവഹാരങ്ങളാൽ നിർമ്മിതമായ ബന്ധവ്യവസ്ഥയായി വ്യാഖ്യാനിക്കുകയും ചെയ്യുകയുണ്ടായി. ഭാഷക്കു മുമ്പ് എന്ന കവിതയിലെ കുഞ്ഞും അയലത്തെ വേലക്കാരിയും സംവദിക്കാൻ ശ്രമിക്കുന്ന ആശയത്തെ ദാന്തെയുടെ നിരീക്ഷണങ്ങ

ളുമായി ചേർത്തു നിർത്തി വ്യാഖ്യാനിക്കാവുന്ന താണ്. ഏകമാനമായ ഒരു വായനാ തലമല്ല ഈ കവിത മുന്നോട്ടു വെയ്ക്കുന്നത് എന്നതാണ് അതിന്റെ പ്രധാനപ്പെട്ട സവിശേഷത. ലിപിയി ല്ലാത്തതിനാൽ അരികുവത്ക്കരിക്കപ്പെട്ട ഭാഷക ളുടെ ബിംബമായി കവിതയിലെ വേലക്കാരിയെ കാണാവുന്നതാണ്. ഭാഷക്കു മുൻപേ മനുഷ്യർ പരസ്പരം കൈമാറി വന്ന സ്നേഹമെന്ന ഭാവത്തെ നമുക്ക് കവിതയിൽ നിന്ന് കണ്ടെ ത്താം. അമ്മേ എന്ന് വിളിക്കാത്ത കുഞ്ഞും വി ളിപ്പിക്കാൻ ശ്രമിക്കുന്ന രക്ഷകർത്താക്കളും അവ രുടെ ഭയവും കവിതയെ കൂടുതൽ ഗഹനമായ വായനയിലേയ്ക്ക് കൊണ്ടുപോകുന്നു. ദൃശ്യഭാ ഷയുടെ സാധ്യതകൾ കവിതയിൽ നിന്ന് കണ്ടെ ത്താൻ കഴിയും. ആംഗ്യഭാഷ, അപശബ്ദങ്ങൾ, കൊട്ടിയടച്ച ജനൽ, കരയുന്ന കുട്ടി ഇവയെല്ലാം ഒരു ചിത്രത്തിലെന്നപോലെ അവതരിപ്പിച്ചിരി ക്കുന്നത് കവിയുടെ സൂക്ഷ്മഭാവനയ്ക്ക് ഉദാഹ രണമാണ്.

## Recap

- ഉത്തരാധുനിക കവിത - ലളിതഭാഷ
- ബഹുസ്വര വായനയുടെ സാധ്യതകൾ
- അമൂർത്തമായ വാങ്മയ ചിത്രങ്ങൾ, ബിംബകൽപ്പനകൾ
- കുറഞ്ഞ വരികളിൽ നിന്ന് ഗഹനമായ ആശയങ്ങൾ
- മുൻപിൻ വിവരണങ്ങളോ പശ്ചാത്തലമോ ഇല്ല
- മാതൃഭാഷയുടെ രാഷ്ട്രീയം, മാതൃഭാഷ - സങ്കൽപ്പങ്ങളെ പ്രശ്നവത്ക്കരിക്കുന്നു
- സാമൂഹിക ബന്ധവ്യവസ്ഥയും കുഞ്ഞും വേലക്കാരിയും
- ഭാഷയ്ക്ക് മുൻപുള്ള ഭാഷ, സ്നേഹത്തിന്റെ ഭാഷ

## Objective Type Questions

1. വയസൊന്നു കഴിഞ്ഞിട്ടും ഉരിയാടാത്തത് ആരാണ്?
2. അടുത്ത വീട്ടിലെ മകൾ ആരോടാണ് ഇണക്കമായത്?
3. എവിടുത്തെ വേലക്കാരിയോടാണ് മകൾ ഇണക്കമായത്?
4. വേലക്കാരിയോട് ഇണക്കമായത് ആരാണ്?
5. 'ഊമയാണവർ' ആര്?
6. 'ആംഗ്യങ്ങളപശബ്ദങ്ങൾ മീട്ടുവോൾ' ആരെക്കുറിച്ചാണ് കവി പറയുന്നത്?
7. 'അതിൻലയത്തിൽ നീങ്ങുന്നു' ആരുടെ കാലടികളാണ് നീങ്ങുന്നത് ?
8. ആരുടെ ആംഗ്യങ്ങളപശബ്ദങ്ങൾ കേൾക്കുമ്പോഴാണ് കുഞ്ഞിക്കാലടി നീങ്ങുന്നത്?
9. എന്തു കേൾക്കുമ്പോഴാണ് കുഞ്ഞിക്കാലടികൾ മെല്ലനെ നീങ്ങുന്നത്?
10. 'നമ്മൾ നോറ്റുകുഴങ്ങവേ '- നോറ്റുകുഴങ്ങുന്നതെന്തിന്?
11. ജനലിനപ്പുറം ചൂണ്ടി നിന്നുലഞ്ഞു കുലുങ്ങുന്നതാര്?
12. ജനലിനപ്പുറം കുഞ്ഞ് ആരെയാണ് നോക്കുന്നത്?
13. 'ശ്രദ്ധയാകർഷിക്കാനെന്തോ മുരണ്ടു നാം' -ആരുടെ ശ്രദ്ധയാണ് ആകർഷിക്കേണ്ടത്?
14. എന്തിനു വേണ്ടിയാണ് മുരണ്ടത്?
15. ഇങ്ങു നോക്കിയതും എന്താണ് കൊട്ടിയടച്ചത്?
16. ഇങ്ങു നോക്കിയതും ജാലകപ്പൊളിയെ എന്താണ് ചെയ്തത്?
17. എന്തു വിളിപ്പിക്കാൻ ശ്രമിച്ചാണ് അവർ തോറ്റത്?
18. നിലത്തുരുണ്ടു കേഴുന്നതാര്?
19. അമ്മയെന്നു വിളിപ്പിക്കാൻ ശ്രമിച്ചു തോറ്റു പോയതാര്?
20. ഭാഷയും കുഞ്ഞും ആരുടെ കവിതാ സമാഹാരമാണ്?

## Answers to Objective Type Questions

1. പൊന്നുമോൾ
2. വേലക്കാരിയോട്
3. അടുത്ത വീട്ടിലെ
4. മകൾ
5. വേലക്കാരി
6. വേലക്കാരിയെ
7. കുഞ്ഞിന്റെ
8. വേലക്കാരിയുടെ
9. ആംഗ്യങ്ങളപശബ്ദങ്ങൾ
10. അമ്മേ എന്നു വിളിപ്പിക്കാൻ
11. കുഞ്ഞ്
12. വേലക്കാരിയെ
13. കുഞ്ഞിന്റെ
14. ശ്രദ്ധ ആകർഷിക്കാൻ വേണ്ടി
15. ജാലകപ്പൊളി
16. കൊട്ടിയടച്ചു
17. അമ്മയെന്നു
18. പൊന്നുമോൾ
19. രക്ഷകർത്താക്കൾ
20. പി രാമൻ

## Assignments

- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ പി.രാമന്റെ 'ഭാഷക്കു മുമ്പ്' എന്ന കവിതയിൽ നിന്ന് കണ്ടെത്തി ഉപന്യസിക്കുക.
- പുതുകവിതയും പി. രാമനും - ഉപന്യാസം തയ്യാറാക്കുക


## Reference


- ശ്രീകുമർ ടി. ടി - ഉത്തരാധുനികതയ്ക്കപ്പുറം, ഡി. സി ബുക്സ്, കോട്ടയം.
- പി. പവിത്രൻ - ആധുനികതയുടെ കുറ്റസമ്മതം, എസ്. പി. സി. എസ്., കോട്ടയം.
- എം. ലീലാവതി - മലയാളകവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
- പി. കെ. പോക്കർ - ആധുനികോത്തരതയുടെ കേരളീയ പരിസരം, എസ്.പി.സി.എസ്, കോട്ടയം.
- പോൾ. എം. എസ് - ഉത്തരാധുനികകവിതാ പഠനങ്ങൾ, റെയിൻബോ ബുക്സ്, കോഴിക്കോട്.
- സച്ചിദാനന്ദൻ - മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോട്ടയം.


## E-content




പി. രാമൻ









https://youtu.be/5ihf8LQTODw, https://youtu.be/VjJBz_LAWQI
https://youtu.be/aBxFl8mL0W8

# യൂണിറ്റ് -5
# ഹൊഗനേക്കൽ
### ടി. പി. രാജീവൻ

## Learning Outcomes

- ടി. പി. രാജീവൻ എന്ന കവിയുടെ കവിതാശൈലി പരിചയപ്പെടുന്നു
- ടി. പി. രാജീവന്റെ സാഹിത്യസംഭാവനകളെക്കുറിച്ച് അറിവുനേടുന്നു
- ആധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- ആധുനിക കവിതകളിൽ ടി.പി.രാജീവന്റെ കവിതയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു

## Prerequisites

വിനോദയാത്രകൾ എല്ലാവർക്കും ഇഷ്ടമാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്നതിനു കാരണം തന്നെ കേരളത്തിന്റെ ഭൂപ്രകൃതിയാണ്. ധാരാളം വിനോദസഞ്ചാരികൾ വർഷം തോറും കേരളത്തിലെത്താറുണ്ട്. കേരളത്തിനകത്തും പുറത്തുമായി നിരവധി വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉണ്ട്. വിനോദയാത്രകൾ സാഹിത്യത്തിന് വിഷയമാകാറുണ്ട്. മനുഷ്യനും പ്രകൃതിയുമായി ബന്ധപെട്ടവ സാഹിത്യത്തിന്റെ പരിധിയിൽ വരാറുണ്ട്. അത്തരത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രത്തിന്റെ പേരിലുള്ള കവിതയാണ് ഹൊഗനേക്കൽ. ഈ കവിത എഴുതിയത് ടി. പി. രാജീവനാണ്. ഹൊഗനേക്കൽ എന്നത് ഒരു വെള്ളച്ചാട്ടത്തിന്റെ പേരാണ്. തമിഴ്നാട്ടിലെ ധർമ്മപുരി ജില്ലയിലാണ് ഈ വെള്ളച്ചാട്ടം. തമിഴ്നാട് കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തിയിൽ കാവേരി നദിയിലാണ് ഈ വെള്ളച്ചാട്ടം. ഈ വിനോദസഞ്ചാരകേന്ദ്രത്തെ അത്യാകർഷകമാക്കുന്നത് നദിയിലൂടെ കുട്ടവഞ്ചിയിലുള്ള ജലയാത്രയാണ്.

മലയാള സാഹിത്യത്തിൽ ആധുനിക കവികളിൽ പ്രശസ്തനാണ് ടി. പി. രാജീവൻ. മുഴുവൻ പേര് തച്ചംപൊയിൽ രാജീവൻ. 'ഹൊഗനേക്കൽ' എന്ന കവിത 'വയൽക്കരെ ഇപ്പോഴില്ലാത്ത' എന്ന കവിതാസമാഹാരത്തിൽ നിന്നുള്ളതാണ്. ആധുനിക കവിതയുടെ എല്ലാ സവിശേഷതകളും ഒത്തിണങ്ങിയ കവിതയാണ് ഹൊഗനേക്കൽ. ജലം എന്ന കാവ്യബിംബത്തെ വ്യത്യസ്തമായ മാനങ്ങളിലൂടെ പ്രയോഗിച്ച് പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കാൻ ടി. പി. രാജീവനു കഴിഞ്ഞു. മലയാളത്തിലെന്ന പോലെ ഇംഗ്ലീഷിലും രാജീവൻ സാഹിത്യ സംഭാവനകൾ നൽകിയിട്ടുണ്ട്. നോവലിസ്റ്റ്, നിരൂപകൻ എന്നീ നിലകളിലും ഇദ്ദേഹം പ്രവർത്തിച്ചു വരുന്നു. മലയാള കവിതയെ ആഗോളതലത്തിൽ അവതരിപ്പിച്ചതിൽ രാജീവന്റെ പങ്ക് വളരെ വലുതാണ്. ഫ്രഞ്ച്, ഇറ്റാലിയൻ, പോളിഷ് തുടങ്ങിയ അനേകം ഭാഷകളിൽ ടി. പി. രാജീവന്റെ കൃതികൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പാലേരി മാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ, കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും എന്നീ നോവലുകൾ സിനിമയാക്കിയിട്ടിട്ടുണ്ട്. വാതിൽ, രാഷ്ട്രതന്ത്രം, കോരിത്തരിച്ച നാൾ, വയൽക്കരെ ഇപ്പോളില്ലാത്ത, യാത്രാവിവരണം, പുറപ്പെട്ടു പോകുന്ന വാക്ക്, ക്രിയാശേഷം തുടങ്ങിയവയാണ് പ്രധാനകൃതികൾ. 2022 നവംബർ 2 ന് അദ്ദേഹം അന്തരിച്ചു.



SREENARAYANAGURU OPEN UNIVERSITY

## Keywords

ആധുനിക കവിത - വിനോദസഞ്ചാരകേന്ദ്രങ്ങൾ - ഹൊഗനേക്കൽ - ജലം എന്ന കാവ്യബിംബം

## 4.5.1 Content

ആധുനിക കവിതാപ്രസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കവിതയാണ് ഹൊഗനേക്കൽ. വെള്ളത്തിന്റെ വിവിധ അവസ്ഥകളിലൂടെ കവി മനുഷ്യഹൃദയങ്ങളിലേക്കും അവിടത്തെ പ്രശ്നങ്ങളിലേക്കും ഇറങ്ങിച്ചെല്ലുന്നു.

### വരികൾ

'കിണറ്റിലെ വെള്ളം വേനലിൽ എങ്ങോട്ടാണ്

........................................................................

വാതത്തെയും അവയുടെ വിധിക്കുവിട്ട്'

### ആശയ വിശദീകരണം

വേനൽക്കാലത്ത് തന്റെ കിണറ്റിലെ വെള്ളം എങ്ങോട്ടാണ് പോകുന്നതെന്ന് തനിക്ക് ഇപ്പോൾ അറിയാമെന്ന് കവി പറയുന്നു. അതായത് അതിനെക്കുറിച്ചറിയാത്ത നാളുകൾ തനിക്കുണ്ടായിരുന്നുവെന്നും കവി ഇവിടെ സമ്മതിക്കുന്നു. സ്കൂളടച്ചാൽ അമ്മ തന്റെ തറവാട്ടിലേക്ക് പോകുന്നപോലെയാണ് വെള്ളവും പോകുന്നത്. അമ്മയുടെ ആ യാത്ര തനിക്ക് പ്രിയപ്പെട്ട പലതിനെയും ഉപേക്ഷിച്ചുകൊണ്ടായിരുന്നു. കോഴി, പശു, ആട്, അടുക്കളപ്പുറത്തെ കുമ്പളവള്ളി, വീടിന്റെ ഐശ്വര്യമായ തെക്കേടത്ത് ഭഗവതി, എപ്പോൾ വേണമെങ്കിലും കോപിക്കാവുന്ന അച്ഛന്റെ വാതം എന്നിങ്ങനെ തനിക്ക് പ്രിയപ്പെട്ടതും എന്നാൽ അതുപോലെ തന്നെ വിഷമിപ്പിക്കുന്നതുമായ പലതിനെയും ഉപേക്ഷിച്ചാണ് ആ യാത്ര. അതായത് തറവാട്ടിലേക്കുള്ള ആ യാത്ര സർവ്വതന്ത്ര സ്വതന്ത്രമായ ഒരു യാത്രയാണെന്നു സാരം. അതുപോലെയാണ് കിണറ്റിലെ ജലവും യാത്രക്കൊരുങ്ങുന്നത്.

### വരികൾ

'എന്നെയും അനിയത്തിയെയും
ഞങ്ങളുടെ പാവകളെയും

.................................................................
അവിടെയെത്തുമ്പോൾ അമ്മയ്ക്ക്
പത്തു വയസ്സ് കുറവ്'

### ആശയ വിശദീകരണം

അമ്മ ഈ യാത്രയിൽ ഒപ്പം കൂട്ടുന്നത് കവിയെയും, അനിയത്തിയെയും, മരിച്ചുപോയ അനിയന്റെ ഓർമ്മകളെയും ഞങ്ങൾക്ക് പ്രിയപ്പെട്ട പാവകളെയുമാണെന്നു കവി ഇവിടെ പറയുന്നു. അതായത് മക്കളെയും അവരുടെ പ്രിയപ്പെട്ടതിനെയും അമ്മ ഒഴിവാക്കുന്നില്ല. ഏതൊരു പ്രതിസന്ധികാലത്തും അമ്മയുടെ സ്നേഹവും സാമീപ്യവും എന്നും കുട്ടികൾക്ക് തണലുതന്നെയാണെന്ന് സാരം. ബസ്സിറങ്ങിയാൽ ഏഴുനാഴിക നടന്നെത്താവുന്ന തറവാട്ടിലേക്ക് പോകുന്ന അമ്മയെപ്പോലെ വെള്ളവും അതിന്റെ നാട്ടിലേക്കും വീട്ടിലേക്കും പോകുന്നുവെന്നും കവി പറയുന്നു. ഇവിടെ വെള്ളം വരുന്നത് വളർത്തു മീനുകളെയും തവളകളെയും സ്വന്തം നിഴലായ പായലുകളെയും ഉപേക്ഷിച്ചാണെന്നു മാത്രം. വയൽക്കരെയുള്ള അമ്മയുടെ വീട്ടിലെത്തുമ്പോൾ അമ്മയ്ക്ക് പത്തു വയസ്സ് കുറയുമെന്നും കവി പറയുന്നു .

### വരികൾ

'മലമടക്കിൽ, ഇതാ വെള്ളത്തിന്റേത്
ഇവിടെ വെള്ളത്തിന് വയസ്സേയില്ല
............................................................
മകളുടെ കുഴിമാടത്തിൽ
ഒരു 'അമ്മ വെള്ളം തലതല്ലിവീഴുന്നു'

### ആശയ വിശദീകരണം

കവി പറയുന്നു സ്വന്തം സ്ഥലത്തെത്തുമ്പോൾ അമ്മയെപ്പോലെ തന്നെ വെള്ളത്തിനും

വയസ്സില്ലായെന്ന്. അത് പിറന്നപടി നീർമരുതണലിൽ കിടക്കുന്നു. കൂടാതെ വെളിച്ചത്തിനൊപ്പം നൃത്തം ചെയ്യുന്നുണ്ട്. അത് തനിക്ക് ചെയ്യേണ്ടുന്ന കാര്യങ്ങളെ സ്വപ്നം കാണുകയും ചെയ്യുന്നു. ഇവിടെ വെള്ളത്തിനേയും മനുഷ്യനേയും കവി താദാത്മ്യം ചെയ്യുന്നതായി കാണാം. കൽപ്പടവിൽ കാലുനീട്ടിയിരുന്ന് ഒരു മുത്തശ്ശി വെള്ളം പേരക്കുട്ടിയുടെ മുടി ചീകിയൊതുക്കുന്നു. മരുഭൂമി വശീകരിച്ചു കൊണ്ടു പോയി എല്ലും തോലുമാക്കി തിരിച്ചയച്ച മകളുടെ കുഴിമാടത്തിൽ തലതല്ലി കേഴുന്ന ഒരു അമ്മ വെള്ളത്തെയും കവി ഇവിടെ കാണുന്നു.

## വരികൾ

'പട്ടണത്തിലേക്ക് കല്യാണം കഴിഞ്ഞുപോയ ഒരു പാവം വെള്ളം

..................................................................

യന്ത്രനാവുകളെയും ഓർത്ത് ഞെട്ടിയുണരുന്നു'

## ആശയ വിശദീകരണം

ഈ വരികളിൽ തെളിയുന്ന വെള്ളത്തിന്റെ നിസ്സഹായാവസ്ഥ കവിയുടെ അമ്മയുടേതു കൂടിയാണ്. പട്ടണത്തിലേക്ക് കല്യാണം കഴിച്ചയക്കപ്പെട്ട ആ പാവം വെള്ളം തന്റെ അമ്മൂമ്മയോടും വല്യമ്മയോടും ചെറിയമ്മയോടും സിമന്റ് കിണറിലെ സങ്കടങ്ങൾ പറഞ്ഞു കരയുന്നു. ഓർക്കാപ്പുറത്ത് മാറിലും നാഭിയിലും അരക്കെട്ടിലും പാതാളക്കരണ്ടികൾ പിളർന്നിറങ്ങുകയും യന്ത്രനാവുകൾ അവസാന തുള്ളി വെള്ളം വരെ കുടിച്ചു വറ്റിക്കുകയും ചെയ്യുന്നതോർത്ത് വെള്ളം ഞെട്ടിയുണരുന്നു. ഇവിടെ പട്ടണത്തിലേക്കു കല്യാണം കഴിഞ്ഞുപോയതും അവിടത്തെ ദുരിതങ്ങൾ പറഞ്ഞു കരയുന്നതും വെള്ളമാണെന്ന് പറയുന്നുണ്ടെങ്കിലും അത് സൂചിപ്പിക്കുന്നത് കവിയുടെ അമ്മയുടെ ദയനീയമായ അവസ്ഥയെ തന്നെയാണ്. അമ്മയ്ക്ക് ഭർതൃവീട്ടിൽ അനുഭവിക്കേണ്ടി വന്ന ദുരിതത്തെയാണ് കവി ഈ വരികളിൽ സൂചിപ്പിക്കുന്നത്.

## വരികൾ

'കുന്നിൻ മുകളിലിരുന്ന് ഒരു അനാഥവെള്ളം

പ്രാർഥിക്കുന്നു

..................................................................

ഞങ്ങൾക്ക് ദാഹം തീർക്കാൻ വെള്ളവും;'

## ആശയ വിശദീകരണം

കുന്നിൻ മുകളിലിരുന്ന് അതായത് ദുഖങ്ങളുടെ കൂമ്പാരത്തിലിരുന്നാണ് വെള്ളവും അതുപോലെ അമ്മയും പ്രാർത്ഥിക്കുന്നത്. വെള്ളവും അമ്മയും ഒരുപോലെ അനാഥത്വം അനുഭവിക്കുന്നുണ്ടെന്നും ഇവിടെ വ്യക്തമാണ്. അവരുടെ പ്രാർത്ഥന ഇതാണ്; ദൈവമേ നിന്നെപ്പോലെ ഞങ്ങൾക്കുമില്ലേ സ്വാതന്ത്ര്യം. നിന്റെ ദേവലയങ്ങളും ഞങ്ങളുടെ സംഭരണികളും കുന്നിൻ മുകളിലാണ്. ഞങ്ങളുടെ യാത്ര ഇരുട്ടിൽ നിന്നും ഇരുട്ടിലേക്കാണ്, ആഴത്തിൽ നിന്നും ആഴത്തിലേക്കാണ്. അതായത് ദുഃഖങ്ങളിൽ നിന്ന് ദുഃഖങ്ങളിലേക്കാണ് പലായനം എന്നു സാരം. ഇവിടെ നിനക്ക് അഭയസ്ഥാനമെന്ന നിലയിൽ പ്രാർഥിക്കാൻ അമ്പലങ്ങളോ ഞങ്ങൾക്ക് ആശ്രയകേന്ദ്രമെന്ന നിലയിൽ സംഭരണികളോ ഇല്ലായെന്നാണ്. അതായത് ഒറ്റപ്പെടലിന്റെയും അവഗണനയുടെയും അവസ്ഥ രണ്ട് കൂട്ടർക്കും ഉണ്ടെന്നു കവി പറയുന്നു.

## വരികൾ

'ഒന്ന്പിഴച്ചാൽ കണിക പോലും കിട്ടാത്ത ആമുനമ്പിൽ

..................................................................

എന്റെ കിണറിലേക്ക് ഇനി വരാതിരിക്കുമോ അതും'

## ആശയ വിശദീകരണം

ഇവിടെ വെള്ളത്തിന്റെ സ്വത്വം അന്വേഷിക്കുകയാണ് കവി ചെയ്യുന്നത്. ഒന്നു പിഴച്ചാൽ ഒരു കണിക പോലും കിട്ടാത്ത ആ മുന

മ്പിൽ തുള്ളിത്തുളുമ്പുന്ന ജലകണങ്ങളാകുന്ന സഹോദരിമാരിൽ ഏതായിരിക്കും എന്റെ കിണറ്റിലെ വെള്ളം. ഈ പാറവിള്ളലുകളിൽ എവിടെയായിരിക്കും അതിന്റെ വീട്. തന്റെ കിണറ്റിലെ വെള്ളത്തിന്റെ വീട് അന്വേഷിക്കുന്ന കവി തിരയുന്നത് അമ്മയുടെ സ്വത്വം തന്നെയാണ്. സ്കൂൾ തുറന്നിട്ടും, അച്ഛൻ വന്നു വിളിച്ചിട്ടും, മക്കൾ കരഞ്ഞിട്ടും അമ്മ ഒരിക്കലും തന്റെ വേരിനെ അല്ലെങ്കിൽ അസ്തിത്വത്തെ വിട്ട് വരാൻ തയ്യാറാകാത്തത് പോലെ തന്റെ കിണറ്റിലെ വെള്ളവും ഇനി വരില്ലേയെന്നും കവി സന്ദേഹപ്പെടുന്നു.

### കാവ്യാവലോകനം

ആധുനിക കവിതാപ്രസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കവിതയാണ് ടി.പി. രാജീവൻ എഴുതിയ ഹൊഗേനക്കൽ എന്ന കവിത. ജലം എന്ന കാവ്യബിംബത്തെ വ്യത്യസ്ത മാനങ്ങളിലൂടെ പ്രയോഗിച്ച് പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കുകയാണ് ഈ കവിതയിലൂടെ ടി. പി .രാജീവൻ. വെള്ളത്തിന്റെ വിവിധ അവസ്ഥകളിലൂടെ കവി മനുഷ്യഹൃദയത്തിലേക്കും അവരുടെ വൈവിധ്യം നിറഞ്ഞ ജീവിത പ്രശ്നങ്ങളിലേക്കും ഇറങ്ങിച്ചെല്ലുന്നു. വെള്ളത്തിന്റെ വിവിധ അവസ്ഥകളെയും മനുഷ്യജീവിതാവസ്ഥകളെയും തമ്മിൽ കവി കൂട്ടിക്കെട്ടുന്നു. അതിലൂടെ സ്വത്വമന്വേഷിച്ച് പായുന്ന മനുഷ്യർക്ക് സംഭവിക്കുന്ന മാറ്റങ്ങളെ അമ്മ - വെള്ളം എന്നീ ദ്വന്ദ്വങ്ങളിലൂടെ കവി അവതരിപ്പിച്ചിരിക്കുന്നു. ഒറ്റപ്പെടലും അനാഥത്വവുമാണ് ഇവരെ രണ്ടു പേരേയും ഒന്നിപ്പിക്കുന്നത് എന്ന് കവി പറയുന്നു. സ്വത്വം തേടി സ്വന്തം വീട്ടിലേക്കു പോയ അമ്മയെപ്പോലെ തന്റെ കിണറ്റിലെ വെള്ളവും ഇനിയൊരിക്കലും തിരിച്ചു വരാതെയിരിക്കുമോ എന്ന ആശങ്ക പങ്കുവെച്ചു കൊണ്ടാണ് കവി കവിത അവസാനിപ്പിക്കുന്നത്. സ്ത്രീജീവിതങ്ങളുടെ സ്വത്വസംഘർഷങ്ങളുടെ ലോകത്തെയാണ് കവി, വെള്ളം - അമ്മ എന്നീ ബിംബങ്ങളിലൂടെ വായനക്കാരനു മുൻപിൽ തുറന്നിടുന്നത്.

## Recap

- ആധുനികകവികളിലൊരാളായ ടി. പി. രാജീവൻ എഴുതിയ കവിതയാണ് ഹൊഗനേക്കൽ
- 'ഹൊഗനേക്കൽ' എന്ന കവിത 'വയൽക്കരെ ഇപ്പോഴില്ലാത്ത' എന്ന കവിതാസമാഹാരത്തിൽ നിന്നുള്ളതാണ്
- കിണറ്റിലെ വെള്ളത്തിനേയും അമ്മയുടെ സ്വത്വത്തെയും ഒരുമിച്ചു ചേർത്ത് കാവ്യബിംബങ്ങൾ കൊണ്ട് രണ്ടുപേരുടേയും അവസ്ഥകളെ വായനക്കാർക്കു മുൻപിൽ തുറന്നിടുന്നു
- മനുഷ്യരുടെയും വെള്ളത്തിന്റെയും വേദനകൾ ഒരുപോലെയെന്ന് കവി പറയുന്നു
- സ്വത്വമന്വേഷിച്ചു പോകുന്ന മനുഷ്യരെപ്പോലെ കിണറ്റിലെ വെള്ളവും തിരിച്ചു വരാതിരിക്കുമോ എന്നു കവി സന്ദേഹിക്കുന്നു

## Objective Type Questions

1. 'ഹൊഗനേക്കൽ' എന്ന കവിത ഏത് കവിതാപ്രസ്ഥാനത്തിൽപെടുന്നു?
2. 'ഹൊഗനേക്കൽ' എന്ന കവിത ഏത് കവിതാസമാഹാരത്തിൽ നിന്നുള്ളതാണ് ?
3. 'പാലേരി മാണിക്യം ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ'ആരെഴുതിയ നോവലാണ്?
4. സ്ക്കൂളടച്ചാൽ അമ്മ തനിക്ക് പ്രിയപ്പെട്ടതിനെപ്പോലും വിട്ട് കുട്ടികളെയും കൂട്ടി പോകുന്നതെങ്ങോട്ടാണ്?
5. എവിടെയെത്തുമ്പോഴാണ് അമ്മക്ക് പത്തു വയസ്സു കുറയുമെന്ന് കവി പറയുന്നത്?
6. കൽപ്പടവിൽ കാല് നീട്ടിയിരുന്ന് പേരക്കുട്ടിയുടെ തലമുടി ചീകുന്നതാര്?

7. മകളുടെ കുഴിമാടത്തിൽ തലതല്ലിക്കരയുന്നതാര്?
8. കുന്നിൻ മുകളിലിരുന്ന് പ്രാർത്ഥിച്ചതാര്?'
9. ദൈവത്തിന്റെ ആലയങ്ങളും ജലസംഭരണികളും എവിടെയെന്നാണ് കവി പറയുന്നത്?
10. ടി. പി. രാജീവൻ മരണപ്പെട്ടതെന്ന്?

## Answers to Objective Type Questions

1. ആധുനിക മലയാളകവിതാപ്രസ്ഥാനം
2. വയൽക്കരെ ഇപ്പോഴില്ലാത്ത
3. ടി. പി. രാജീവൻ
4. അമ്മയുടെ തറവാട്ടിലേക്ക്
5. അമ്മയുടെ തറവാട്ടിലേക്കെത്തുമ്പോൾ
6. മുത്തശ്ശി വെള്ളം
7. അമ്മ വെള്ളം
8. അനാഥ വെള്ളം
9. കുന്നിൻ മുകളിൽ
10. 2022 നവംബർ 2

## Assignments

1. ആധുനിക മലയാള കവിതകളുടെ പൊതുസ്വഭാവത്തെ മുൻനിർത്തി ടി. പി. രാജീവന്റെ 'ഹൊഗനേക്കൽ' എന്ന കവിതയെ അപഗ്രഥിക്കുക.
2. ടി. പി. രാജീവന്റെ 'ഹൊഗനേക്കൽ' എന്ന കവിതയിൽ വെള്ളം പ്രതിനിധീകരിക്കുന്നത് ആധുനികമനുഷ്യന്റെ ജീവിത സങ്കീർണാവസ്ഥകളെ തന്നെയാണ്. വിലയിരുത്തുക.

## Reference


1. ഡോ. എം. ലീലാവതി, കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. ഡോ. എൻ. സാം, സമകാല മലയാള സാഹിത്യം, കറന്റ് ബുക്സ് തൃശൂർ.
3. ഡോ. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, കറന്റ് ബുക്സ്, തൃശൂർ.
4. പോൾ. എം. എസ്. ഉത്തരാധുന കവിതാപഠനങ്ങൾ, റെയിൻബോ ബുക്സ്, കോഴിക്കോട്.


## E - content



**ടി. പി. രാജീവൻ**

https://ml.m.wikipedia.org/wiki/ടി.പി.ബരാജീവൻ
https://ml.m.wikipedia.org/wiki/പാലേരിമാണിക്യംബഒരുബപാതിരാക്കൊലപാതകത്തിന്റെബകഥ

# യൂണിറ്റ് - 6
# ആലപ്പുഴവെള്ളം

അനിത തമ്പി

## Learning Outcomes

- അനിത തമ്പിയുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- അനിത തമ്പിയുടെ കവിതകളിൽ ആലപ്പുഴവെള്ളത്തിനുള്ള ഇടം കണ്ടെത്തുന്നു
- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- മലയാള കവിതയിൽ ഉത്തരാധുനികത നിർമ്മിച്ച രൂപപരവും ഭാവപരവുമായ മാറ്റം മനസ്സിലാക്കുന്നു

## Prerequisites

കേരളത്തിൽ ഏറ്റവും കൂടുതൽ ജലസാന്നിദ്ധ്യമുള്ള പ്രദേശമാണ് ആലപ്പുഴ. സംസ്ഥാനത്തെ ഏറ്റവും വലിയ കായലായ വേമ്പനട്ടുകായലും അതിന്റെ കൈവഴികളായ തോടുകളുമടക്കം അനേകം ജലാശയങ്ങളുടെ നനവേറ്റുകിടക്കുന്ന ഈ നാടിന് വേറിട്ട നിരവധി പ്രത്യേകതകളുണ്ട്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ സമുദ്രനിരപ്പിൽനിന്നും താഴെയാണ് ആലപ്പുഴയുടെ സ്ഥാനം. കായലും കടലും കൂടിച്ചേരുന്ന പ്രദേശമാണിത്. മലകളില്ലാത്ത ഈ സമതലഭൂമിയിലാണ് ഉയർന്ന പ്രദേശങ്ങളിൽനിന്ന് ഒഴുകിയെത്തുന്ന ജലം അടിഞ്ഞുകൂടുന്നത്. അതുകൊണ്ടുതന്നെ വെള്ളപ്പൊക്കം ഇവിടെ സർവ്വസാധാരണമാണ്. ഞരമ്പുകൾ പോലെ കാണപ്പെടുന്ന കൈത്തോടുകളിലധികവും ജലയാനങ്ങളാണ്. 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ഈ നാടിന്റെ കച്ചവടവും ഗതാഗതവും ജീവനോപാധിയുമെല്ലാം ജലത്തെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. കേരളത്തിന്റെ നെല്ലറയായ കുട്ടനാടും ജലോൽസവങ്ങളും ക്ഷേത്രങ്ങളും റാട്ടുകളുടെ താളവും വഞ്ചിപ്പാട്ടിന്റെ ഈണവുമൊക്കെ ആലപ്പുഴയുടെ ആഹ്ളാദങ്ങളാവുമ്പോൾ, ജലം എന്നത് ഇവിടുത്തെ മനുഷ്യർക്ക് സിരകളിലും ആത്മാവിലും വ്യാപിച്ചിരിക്കുന്ന അനുഭൂതിയാണ്. അഥവാ പേരറിയാത്തൊരു വികാരമാണ്. വെള്ളം എന്നത് ആലപ്പുഴക്കാർക്ക് ഒരേസമയം വേദനയും ആനന്ദവുമാണ്. അതെല്ലാം ചേർന്നു രൂപപ്പെട്ട കവിതയാണ് അനിത തമ്പിയുടെ 'ആലപ്പുഴവെള്ളം'.

സമകാലിക മലയാളകവിതയിലെ ശക്തമായ സാന്നിദ്ധ്യമാണ് അനിത തമ്പി. ആധുനികാനന്തര കവിതയിലെ ബഹുസ്വരത, ലിംഗനീതി, പരിസ്ഥിതി, സാമൂഹ്യ-സാമ്പത്തിക അന്തരം, പ്രവാസ ജീവിതത്തിന്റെ മരവിപ്പും ഒറ്റപ്പെടലും, സ്ത്രീപക്ഷചിന്ത തുടങ്ങിയ വിഷയങ്ങളെ അനിത തമ്പിയിലെ കവി ശക്തമായിത്തന്നെ അഭിമുഖീകരിക്കുന്നുണ്ട്. പഴമയുടെ ജീർണ്ണിച്ച സംസ്കാരങ്ങളെ കുടഞ്ഞെറിയാനുള്ള ബോധപൂർവ്വമായ ശ്രമം പുതുകവികളിൽ കാണുന്ന ഒരു പ്രവണതയാണ്. അനിത തമ്പിയിലും ഈ പ്രവണതകൾ ഇടയ്ക്കിടെ കടന്നുവരുന്നതായി കാണാം. കവി, പരിഭാഷക, വാഗ്മി എന്നീ നിലകളിൽ ശ്രദ്ധേയയായ അനിത തമ്പി ആലപ്പുഴയി

ലാണ് ജനിച്ചത്. 'മുറ്റമടിക്കുമ്പോൾ', 'അഴകില്ലാത്തവയെല്ലാം', 'ആലപ്പുഴവെള്ളം' എന്നിവ പ്രധാനപ്പെട്ട കവിതാസമാഹാരങ്ങളാണ്. വൈലോപ്പിള്ളിയുടെ 'പെണ്ണും പുലിയും' പുനരാഖ്യാനം നടത്തിയിട്ടുണ്ട്. ഓസ്ട്രേലിയൻ കവിയായ ലെസ്മ റെയുടെയും പലസ്തീൻ കവി മുരീദ് ബർഗുടിയുടെയും കവിതകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. പി. പി. രാമചന്ദ്രൻ, റോസ് മേരി, വി. എം. ഗിരിജ, എസ്. ജോസഫ്, ടി. പി. രാജീവൻ, പി. രാമൻ, ആര്യാംബിക, റഫീക് അഹമ്മദ്, അൻവർ അലി തുടങ്ങിയവർ അനിത തമ്പിയുടെ സമകാലികരായ കവികളാണ്.

കവിതയുടെ രൂപഘടനയോട് ആഭിമുഖ്യം കാണിക്കാത്തതും കവിതയെ വൃത്തനിയമങ്ങൾക്കുള്ളിൽ തളച്ചിടാത്തതും ചമൽക്കാരങ്ങൾ കൊണ്ട് കവിതയിൽ നിറം ചേർക്കാത്തതുമായ പുതുപ്രവണതയ്ക്കൊപ്പമാണ് അനിത തമ്പിയുടെ കവിതകളും സഞ്ചരിക്കുന്നത്. എങ്കിലും ബിംബകല്പനയിലൂടെ സൗന്ദര്യാവിഷ്കാരം നടത്താനും ഗദ്യകവിതയ്ക്കും താളസ്ഥിതി നൽകാനും ഏറെ ശ്രദ്ധിക്കുന്നുണ്ട് കവി. മാത്രകളും യതിയും വൃത്തവും ഒളിഞ്ഞിരിക്കുന്ന തരത്തിൽ കവിതയുടെ രൂപഘടന ഗദ്യത്തിൽ വാർക്കുന്നതാണ് അനിത തമ്പിയുടെ കവിതകളുടെ ഒരു പ്രത്യേകത. വരികൾ മുറിക്കുന്നിടത്ത് നവീനസങ്കല്പത്തെ അനുധാവനം ചെയ്യുന്നു എന്നേയുള്ളൂ. ബഹുസ്വരത അനിത തമ്പിയുടെ കവിതകളുടെ സവിശേഷതയാണ്. പുരുഷഭാവനയിലൂടെ വാർക്കപ്പെട്ടുപോന്ന കാവ്യപാരമ്പര്യത്തെ മറികടന്ന് സ്ത്രീയുടെ യഥാർത്ഥ ജീവിതാവസ്ഥ തുറന്നുകാട്ടാനുള്ള വ്യഗ്രത അനിതയുടെ കവിതകളിലുണ്ട്. നിശ്ശബ്ദമായ പ്രതിഷേധങ്ങളായാണ് ആ കവിതകൾ രൂപപ്പെടുന്നതെങ്കിലും അകത്ത് ഉഗ്രസ്ഫോടകശേഷിയുള്ള മൂലകങ്ങളാണ് നീറിപ്പിടിക്കുന്നത്. 'മുറ്റമടിക്കുമ്പോൾ' എന്ന കവിത അതിനു ഉദാഹരണമാണ്. ഗ്രാമത്തിന്റെ പച്ചപ്പും പ്രകൃതിയുടെ കനിവും ഭൂതകാലസ്മൃതികളും ഉൾക്കൊള്ളുന്ന കവിതയാണ് 'ഊണ്'. മേശപ്പുറത്ത് വിളമ്പിവച്ച ഊണിൽ നിന്ന് സർഗ്ഗാത്മകതയുടെ ആവിയും മണവുമുയരുന്ന ഈ കവിത ബഹുസ്വരതക്ക് ഒരു ഉദാഹരണമാണ്.

അതുവരെ അപ്രധാനം കൽപ്പിച്ചിരുന്ന കാഴ്ചകളിൽ നിന്ന് കവിതയെ കടഞ്ഞെടുക്കുന്നത് ഉത്തരാധുനിതകയുടെ ഒരു പ്രവണതയാണ്. 'അഴകില്ലാത്തവയെല്ലാം' എന്ന കവിതയിൽ മീൻകുട്ടകൾ, കരിച്ചട്ടികൾ, നാവുന്തിയ ചിരവ, കീറപ്പായ കുറത്തുണി, കോങ്കണ്ണൻ കാക്ക, ചൊറി മൂടിയ പാവയ്ക്ക തുടങ്ങി കാണാൻ കൊള്ളാത്ത വസ്തുക്കളുടെ ഒരു ഘോഷയാത്രതന്നെയുണ്ട്. ഇവരെല്ലാവരും കൂടി ഒരുനാൾ മഴവില്ലിന്റെ വീട്ടിൽ വിരുന്നുപോയപ്പോൾ കണ്ട കാഴ്ചയെന്താണെന്നോ? താഴെ ഭൂമിയതാ, നീലിച്ച ഒരു വട്ടമായി, പലകോടി ജന്മത്തിന്റെ ജീവന്റെ കാട്ടമായി നില്കുന്നു. അപ്പോൾ അഴകില്ലാത്തവയെപ്പറ്റി പറയാൻ ഭൂമിയിൽ ആർക്കാണ് യോഗ്യത? എന്നാണ് കവി പരോക്ഷമായി ഉയർത്തുന്ന ചോദ്യം. കവിതയുടെ ആന്തരിക ശക്തിയിലും യഥാതഥസങ്കല്പത്തിലുമൂന്നിക്കൊണ്ടാണ് ഈ കവി തന്റെ സർഗ്ഗപ്രപഞ്ചത്തിന് അസ്തിവാരം പണിയുന്നത്.

## Keywords

ഉത്തരാധുനികത - ബഹുസ്വരത - കാവ്യബിംബങ്ങൾ - ആത്മാവിഷ്ക്കാരം - കാവ്യാലങ്കാരം- വൃത്തങ്ങൾ- ആത്മാഭിമാനവും സ്വത്വബോധവും

## 4.6.1 Content

ആലപ്പുഴവെള്ളത്തിന്റെ പൊരുൾ തേടിപ്പോകുന്ന കവി ജലത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്നുകൊണ്ട് നടത്തുന്ന ആത്മാവിഷ്കാരമാണ് ഈ കവിതയുടെ കേന്ദ്രാശയം. തന്റെ രൂപത്തിലും ഭാവത്തിലും ആത്മാവിലും ആലപ്പുഴവെള്ളത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്ന കവി താൻ ജലം തന്നെയാണെന്ന സങ്കല്പത്തിലേക്ക് എത്തിച്ചേരുന്നു. അമ്മയുടെ ഗർഭപാത്രത്തിലെന്നപോലെയാണ് ജലാശയങ്ങൾക്കു നടുവിൽ കുട്ടനാടിന്റെ കിടപ്പ്. ആ മണ്ണിന്റെ കരുത്തും നിറവും ജീവവായുവുമെല്ലാം ജലം എന്ന മാതൃശരീരത്തിൽനിന്നും വലിച്ചെടുക്കപ്പെട്ടതാണ്. ആലപ്പുഴയുടെ സന്തതിയായ താൻ ജലത്തിന്റെ മകളാണെന്നും ആ കലശുവെള്ളത്തിന്റെ എല്ലാ രൂപഭാവങ്ങളും തന്നിലും പ്രകടമാണെന്നും ഉറക്കെ പ്രഖ്യാപിക്കുന്ന കവി തന്റെ സ്വത്വത്തെ ആവിഷ്കരിക്കുകയാണ് 'ആലപ്പുഴവെള്ളം' എന്ന കവിതയിൽ. ആലപ്പുഴവെള്ളത്തിന്റെ പൊരുളറിയാനുള്ള അന്വേഷണം കൂടിയാണ് ഈ കവിതയിലൂടെ നടത്തുന്നത്.

ഒട്ടേറെ പ്രത്യേകതകളുള്ള ആലപ്പുഴ വെള്ളത്തിന്റെ ഭാഗമാണ് താനുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആരംഭിക്കുന്ന കവിതയിൽ കവി തന്നെത്തന്നെ കണ്ടെത്താനുള്ള ശ്രമമാണ് നടത്തുന്നത്. തന്റെ ഉടലും ആത്മാവും ആലപ്പുഴയിലെ മണ്ണും ജലവും ചേർന്നുണ്ടായതാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് കവി ആലപ്പുഴയിലെ കലശുവെള്ളത്തിന്റെ പൊരുൾ തേടിയുള്ള യാത്ര ആരംഭിക്കുന്നു. ഈ യാതയിൽ തെളിനീർ എന്ന കിട്ടാക്കനിയെക്കുറിച്ചുള്ള കവിയുടെ സങ്കല്പങ്ങൾ ചുരുൾ നിവരുന്നു. ഒരു ഘട്ടത്തിൽ ദേവതയായി മാറുന്ന ജലം പിന്നീട് ഋതുമതിയായ പെണ്ണിന്റെ സർവ്വഭാവവും കൈവരിക്കുന്നു. തുടർന്ന് ജലത്താൽ ചുറ്റപ്പെട്ട ആലപ്പുഴയുടെ ജീവിതതാളം വിവരിക്കുന്ന കവി ആ ഭൂമികയുടെ ചിത്രവും ചരിത്രസ്ഥലികളും കവിതയിൽ വരച്ചുചേർക്കുന്നു. ഒടുവിൽ ജന്മനാടു വിട്ട് മറ്റൊരു നാട്ടിലേക്കു ജീവിതം പറിച്ചുനട്ട കവിമനസ്സിൽ സ്വന്തം നാട് ഒരു വിദൂരചിത്രമായി തെളിയുന്നു.

ആലപ്പുഴവെള്ളത്തിന്റെ നിറവും മണവും പേറുന്ന കവി തന്റെ ഓർമ്മകളിലൂടെ ഊളിയിട്ടുകൊണ്ട് പിടികിട്ടാത്ത ഒരു സമസ്യയുടെ ഉത്തരം തേടുകയാണ് ഈ കവിതയിൽ. തേച്ചാലുമുരച്ചാലും പോകാത്ത ചെതുമ്പൽ പോലെ പാത്രങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കലശുവെള്ളത്തിന്റെ കറയുടെ പിന്നിലെ പൊരുളാണ് കവിയ്ക്കറിയേണ്ടത്. ഈ കറ വെള്ളത്തിന്റെ വേദനയായി സങ്കല്പിക്കുന്ന കവിക്ക് ഇനിയും ആ പൊരുൾ കണ്ടെത്താനാവുന്നില്ല. അതറിയാനുള്ള ദാഹം കവിയുടെ തൊണ്ടയിൽ ഒരു നീറ്റലായി അവശേഷിക്കുന്നു.

### വരികൾ

'ആലപ്പുഴ നാട്ടുകാരി
 കരിമണ്ണുനിറക്കാരി
....................................
സമതലങ്ങൾവാടി
ക്കിടന്നുപോകാത്തത്'

### ആശയ വിശദീകരണം

ജലത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ആലപ്പുഴയിലെ കരിമണ്ണിന്റെ നിറമുള്ള താൻ ആത്യന്തികമായി ജലം തന്നെയാണെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. തന്നിലെ കവിയും ജലം തന്നെയാണെന്ന് കവി ഉറപ്പിച്ചു പറയുന്നു. 'വെള്ളം അല്ലേ നല്ലത്?' എന്ന ആറ്റൂരിന്റെ ചോദ്യത്തിൽ നിന്നും ആ ജലസങ്കല്പത്തെ കുറേക്കൂടി ബലപ്പെടുത്തുന്നുണ്ട്. 'ജലം' എന്ന പദത്തിനു പകരം 'വെള്ളം' ആകുമ്പോൾ അത് ആത്മാവിൽ നിന്നുയരുന്ന, ജീവിതത്തോടു ചേർന്നുനിന്ന, മണ്ണിന്റെ മണമുള്ള കവിതയായി മാറുന്നു. ജലത്തേക്കാൾ ജനകീയമായ പദമാണല്ലോ വെള്ളം. കവിത ജനകീയമാകണമെന്ന കവിയുടെ സൗമ്യമായ ഉപദേശം കൂടിയാണത്.

ആലപ്പുഴക്കാർക്ക് വെള്ളം എന്നത് അവരുടെ ജീവനാഡിയിലൂടെ ഒഴുകുന്ന രക്തംപോലെ ജീവിതത്തിന്റെ ഭാഗമാണ്. തന്റെ ശരീരവും

ആത്മാവും ആലപ്പുഴയിലെ മണ്ണും ജലവും ചേർന്നുണ്ടായതാണെന്ന വെളിപ്പെടുത്തലാണ് അടുത്തതായി കവി നടത്തുന്നത്. തനിക്ക് മെടഞ്ഞ ഓല പോലുള്ള മുടിയും തൊണ്ടുചീഞ്ഞ മണവും ഉപ്പിന്റെ രുചിയുമാണുള്ളതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ വ്യക്തിത്വത്തെ സ്വയം നിർവ്വചിക്കുകയാണ് കവി. ആലപ്പുഴയിലെ സ്ത്രീകൾക്ക് പൊതുവെ മുടി മെടഞ്ഞുകെട്ടുന്ന ശീലമാണുള്ളത്. കടുംചായനിറമുള്ള കലക്കവെള്ളത്തിന്റെ മകളാണ് താനെന്ന് വിളിച്ചുപറയുന്നതിലൂടെ ആലപ്പുഴക്കാരിയായ ഈ കവി സ്വന്തം നാടിനെക്കുറിച്ചുള്ള ആത്മാഭിമാനവും സ്വത്വബോധവുമാണ് ഇവിടെ പ്രകടമാകുന്നത്.

തെളിനീർ എന്നത് ആലപ്പുഴക്കാർക്ക് എക്കാലവും ഒരു വിദൂരസ്വപ്നമാണ്. കാണാക്കനിയായ ജീവജലത്തെ കവി വൈകാരികമായി നോക്കിക്കാണുകയാണ് അടുത്ത വരിയിൽ. മലനാട്ടിലും ഇടനാട്ടിലും വാഴുന്ന കിട്ടാക്കനിയാണവൾക്ക് ജലം. വിണ്ണിൽ നിന്നടർന്നുവീണ് നിലംതൊടും മുമ്പേയുള്ള കാഴ്ച മാത്രമാണത്. ആലപ്പുഴക്കാർ മഴക്കാലത്ത് തുണി വിരിച്ചുകെട്ടി മഴവെള്ളം ശേഖരിച്ച് വലിയ പാത്രങ്ങളിൽ കരുതിവയ്ക്കാറുണ്ട്. നിറമോ മണമോ ഇല്ലാത്ത, മണ്ണിന്റെ ആഴങ്ങളിലേക്ക് കിനിഞ്ഞിറങ്ങുന്ന, ഉയരങ്ങളും ദൂരങ്ങളും കാണുന്ന ജലം, മേഘമായി ആകാശത്ത് സഞ്ചരിക്കുന്നതും പുഴയായി ഒഴുകുന്നതും സൂചിപ്പിക്കുന്നു. സമതലങ്ങളെ വാടിക്കടന്നുപോകാൻ അനുവദിക്കാത്ത, പച്ചപ്പു കാത്തുസൂക്ഷിക്കുന്ന അമൂല്യനിധിയാണ് തനിക്ക് തെളിനീർ എന്ന് കവി പറഞ്ഞുവയ്ക്കുന്നു.

വാക്കിനുള്ളിൽ വാക്കു വിരിയുന്നതും വരികൾക്കുള്ളിൽ ആശയം നിറയുന്നതുമായ ഈ കവിത വിത്തിനുള്ളിലെ വൃക്ഷം പോലെ ഉയരവും പടർപ്പുമുള്ള ശിഖരങ്ങൾകൊണ്ട് സമൃദ്ധമാണ്.

## വരികൾ

'അതിന്നുണ്ട് ദേവതകൾ
..........................................
കലക്കമാണതിന്നുള്ളം'

## ആശയ വിശദീകരണം

പഞ്ചഭൂതങ്ങളിലൊന്നായ ജലത്തിന്റെ ദേവതാസങ്കല്പത്തെയും ഒപ്പം സ്ത്രീസങ്കല്പത്തെയും എടുത്തുകാണിക്കുന്ന വരികളാണിത്. ജലദേവതയ്ക്കായി നിത്യപൂജയും നൈവേദ്യവുമൊക്കെയുള്ള മനോഹരമായ ക്ഷേത്രങ്ങളുണ്ടെന്നും കൊമ്പനാനകൾ അണിനിരക്കുന്ന, തുമ്പിയാട്ട് അരങ്ങേറുന്ന, ജനം തിങ്ങിനിറയുന്ന ഉത്സവങ്ങൾ കൊടിയേറുന്ന ക്ഷേത്രങ്ങളാണവയെന്നും കവി ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ നിത്യവും പൂജിക്കപ്പെടുന്ന ഈ ജലദേവതയ്ക്ക് കവിതയിൽ പെട്ടെന്ന് രൂപാന്തരം സംഭവിക്കുന്നതാണ് തുടർന്നു കവി പറയുന്നത്. സ്ത്രീസങ്കല്പവുമായി ചേർത്തുനിർത്തി ജലത്തെ നിർവചിക്കാനുള്ള ശ്രമമാണിവിടെ നടത്തുന്നത്. അതുപ്രകാരം കറപിടിച്ച ആലപ്പുഴവെള്ളം അവിടുത്തെ പൂഴിമണ്ണ് തിരളുന്നതാണെന്നാണ് കവിഭാവന. സ്ത്രീ ഭൂമിയാണെന്ന സങ്കല്പത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് ഈ കാഴ്ചപ്പാട്. മണ്ണും ജലവും സ്ത്രീയും തമ്മിലുള്ള പാരസ്പര്യത്തെയും ഈ വരികൾ പ്രതിഫലിപ്പിക്കുന്നുണ്ട്.

ആലപ്പുഴവെള്ളത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ ഋതുമതിയായ സ്ത്രീയവസ്ഥയുമായി ഇഴചേർക്കുകയാണ് അടുത്ത വരികളിൽ. തിരണ്ടപെണ്ണിന്റെ നനയും കുളിയും (അശുദ്ധിയും ശുദ്ധിയും) ആലപ്പുഴ വെള്ളത്തിലും സംഭവിക്കുന്നു. വേനലിൽ കറുത്തുകുറുകി മലീമസമാകുന്ന കായൽ ജലം വർഷകാലത്ത് നനയും കുളിയും നടത്തി ശുദ്ധിവരുത്തുന്ന പ്രതിഭാസത്തെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതുപോലെ മേഘമാകുന്ന ഗർഭപാത്രവും പേറി സഞ്ചരിക്കുന്ന ജലം കാലവർഷത്തിന്റെ തുടക്കത്തിൽ പേറ്റുനോവനുഭവിക്കുകയും നൊന്തുകിടക്കുകയും എഴുന്നേറ്റു നടക്കുകയും ചെയ്യുന്നു. എഴുന്നേറ്റു നടക്കുന്നു എന്നതിലൂടെ കായലിൽ ഉയരുന്ന തിരമാലകളെയാണ് സൂചിപ്പിക്കുന്നത്. ഇണവെള്ളം തീണ്ടാതെ, ഉറങ്ങാതെ കിടക്കുന്ന ജലത്തിന് പ്രസവിച്ചുകിടക്കുന്ന പെണ്ണിന്റെ അതേ സ്വഭാവമാണെന്ന് കവി ചൂണ്ടിക്കാണിക്കുന്നു. വർഷകാലത്ത് പൊഴിമുറിഞ്ഞ് കായലും

കടലും ഒന്നാവുന്ന പ്രതിഭാസം ആലപ്പുഴവെള്ളത്തിന്റെ ഒരു സവിശേഷതയാണ്. ഈ സംഗമത്തെയാണ് ഇണവെള്ളം തീണ്ടലായി കവി സങ്കല്പിച്ചിരിക്കുന്നത്. കായൽജലത്തിൽ സദാ തിരമാലകൾ ഉയർന്നു പൊങ്ങുന്ന സമയമാണിത്. ഈ തിരയിളക്കത്തെ ഉറങ്ങാതെ കിടക്കുന്ന പെണ്ണായി ചിത്രീകരിച്ചിരിക്കുന്നു.

'അരമുള്ള നാവുള്ള മെരുക്കമില്ലാത്ത വെള്ളം' എന്ന പരാമർശം ആലപ്പുഴവെള്ളത്തിന്റെ ശക്തിഭാവങ്ങളെ നിർണ്ണയിക്കുന്നതാണ്. ഇവിടുത്തെ സ്ത്രീകളുടെ വ്യക്തിത്വത്തെ പരോക്ഷമായി അടയാളപ്പെടുത്തുന്നുണ്ട് ഈ വരികളിൽ. വേമ്പനാട്ടുകായലിലെ ഓളങ്ങളുടെ അലർച്ചയെയാണ് അരമുള്ള നാവായി സങ്കല്പിച്ചിരിക്കുന്നത്. കെ. ആർ. ഗൗരിയമ്മ, സുശീലാ ഗോപാലൻ തുടങ്ങി ധീരരായ നിരവധി വിപ്ലവ നായികമാരെ സൃഷ്ടിച്ചിട്ടുള്ള നാടാണ് ആലപ്പുഴ. അതുപോലെ മെരുക്കമില്ലാത്തതാണ് ആലപ്പുഴ വെള്ളമെന്ന് കവി കണ്ടെത്തുന്നു. മറ്റു പ്രദേശങ്ങളിലെ പോലെ തടയണ കെട്ടി നിയന്ത്രിക്കാനാവാത്തതാണ് സമതലഭൂമിയായ ആലപ്പുഴയിലെ വെള്ളത്തിന്റെ പ്രകൃതം. മലകളുടെ താങ്ങില്ലാത്തതാണ് അതിനു കാരണം. ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് അമിതമായെത്തുന്ന ജലത്തെ താങ്ങാൻ ഈ നാടിനാവില്ല. അടുത്തകാലത്തുണ്ടായ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിൽ ആലപ്പുഴ പൂർണ്ണമായും മുങ്ങിയതിനു പിന്നിൽ സ്വാഭാവിക ഒഴുക്കു തടഞ്ഞുകൊണ്ടു നിർമ്മിച്ച ബണ്ടുറോഡുകളാണെന്ന് കണ്ടെത്തൽ ഇവിടെ ചേർത്തുവായിക്കാവുന്നതാണ്.

ഇവിടെയും കവി പരോക്ഷമായി ആലപ്പുഴയിലെ സ്ത്രീയുടെ സ്വത്വത്തെ ആവിഷ്കരിക്കുന്നുണ്ട്. പ്രളയജലത്തോടും തിരകളോടും ആഴങ്ങളോടും ഏറ്റുമുട്ടി ശീലിച്ച ആലപ്പുഴപ്പെണ്ണുങ്ങളുടെ ചങ്കുറപ്പിനെയാണ് 'മെരുക്കമില്ലാത്ത' എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത്. 'തെളിയാൻ കൂട്ടാക്കാത്ത കലക്കമാണതിന്നുള്ളം' എന്ന വിശേഷണത്തിലുമുണ്ട് ആലപ്പുഴ സ്ത്രീയുടെ വ്യക്തിത്വത്തിന്റെ അടയാളങ്ങൾ. കെ. ആർ. ഗൗരിയമ്മ എന്ന വിപ്ലവനായികയുടെ മരണത്തെത്തുടർന്ന് അനിത തമ്പി രചിച്ച 'ഗൗരി' എന്ന കവിതയിലെ വരികളിലും ഇതേ ഭാവമാണുള്ളത്. മെരുക്കമില്ലാത്തതും തെളിയാൻ കൂട്ടാക്കാത്തതും ഉള്ളം കലങ്ങിയതുമായ ആലപ്പുഴവെള്ളം സ്ത്രീശക്തിയുടെ പര്യായമായി മാറുകയാണ് ഇവിടെ.

## വരികൾ

'അവനവൻ ദേവത

.......................................

തൊണ്ട് ദാഹിക്കുന്നു'

## ആശയ വിശദീകരണം

ആലപ്പുഴ പ്രദേശത്തിന്റെ ബാഹ്യമായ സവിശേഷകളെക്കുറിച്ച് വിവരിക്കുന്ന ഭാഗമാണിത്. ക്ഷേത്രങ്ങൾക്കു പേരുകേട്ട നാടാണ് ആലപ്പുഴ. 'അഹം ബ്രഹ്മാസ്മി' അഥവാ ഞാൻ തന്നെയാണ് ദൈവം എന്ന വാക്യം ഇവിടുത്തെ മിക്ക ക്ഷേത്രങ്ങളിലും ആലേഖനം ചെയ്തിട്ടുണ്ട്. ദൈവത്തെ മനുഷ്യമനസ്സുകളിൽ ദർശിക്കുന്ന കമ്മ്യൂണിസ്റ്റ് ആദർശം പിൻതുടരുന്നവരുടെ നാടെന്ന പരോക്ഷമായ സൂചനയും ഈ വരികളിൽ കാണാം. 'അവനവൻ ദേവത അകം പുറം ബലിത്തറ' എന്ന വരികളിലും അതേ സങ്കല്പമടങ്ങിയിട്ടുണ്ട്. ഇവിടെ മനുഷ്യരുടെ മനസ്സും ശരീരവും തന്നെയാണ് ബലിത്തറയാകുന്നത്.

തൊഴിലാളിജീവിതത്തിന്റെ സ്പന്ദനങ്ങൾ അടയാളപ്പെടുത്തുന്നതാണ് 'തുഴച്ചക്രം, റാട്ടുകൾ...' എന്ന വരികൾ. ആലപ്പുഴയിലെ മനുഷ്യരുടെ ജീവിതം ജലവുമായി ബന്ധപ്പെട്ട തൊഴിലുകളുമായി ചേർന്നു നില്ക്കുന്നതാണ്. തുഴയുടെയും ബോട്ടുചക്രത്തിന്റെയും കയറു പിരിക്കുന്ന റാട്ടുകളുടെയും താളമാണ് അവരുടെയും ജീവിതതാളം. 'ഗൗരി' എന്ന കവിതയിലെ 'തച്ചും മെതിച്ചും ചതചതച്ചും മെയ്യാഴം പോലും നുറുങ്ങി വീണു' എന്ന വരിയിലും അദ്ധ്വാനവിഭാഗത്തിന്റെ ചിത്രമാണ് തെളിയുന്നത്. 'ചങ്കുപൊട്ടിപ്പാട്ടുകൾ' എന്ന പ്രയോഗം ആലപ്പുഴയുടെ ആകാശത്ത് അലയടിച്ചുയരുന്ന തൊഴിൽപ്പാട്ടുകളുടെയും വഞ്ചിപ്പാട്ടുകളുടെയും

വിപ്ലവഗാനങ്ങളുടെയും സൂചനയാണ് നൽകുന്നത്. ഓളങ്ങളുടെ അലർച്ചയെ മറികടക്കുന്ന തരത്തിൽ ഉച്ചത്തിൽ പാടുകയും പറയുകയും ചെയ്യുന്ന രീതിയാണ് ആലപ്പുഴക്കാർക്കിടയിലുള്ളത്.

'മണ്ടപോയ കൊടിമരം' ഒരു വലിയ സമരചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണിനെ അടയാളപ്പെടുത്തുന്നു. പുന്നപ്ര-വയലാർ സമരകാലത്ത് നിരവധി തെങ്ങുകൾ വെടിയേറ്റ് കരിഞ്ഞുപോവുകയുണ്ടായി. വാരിക്കുന്തങ്ങളുമായി പ്രതിരോധം സൃഷ്ടിച്ച് ആയിരക്കണക്കിനു തൊഴിലാളികൾ ബ്രിട്ടീഷ് വെടിയുണ്ടകൾക്കുമുമ്പിൽ രക്തസാക്ഷികളായിത്തീർന്ന മണ്ണാണത്. പരാജയപ്പെട്ട സമരമെന്ന അർത്ഥത്തിലും 'മണ്ടപോയ കൊടിമരം' എന്ന പ്രയോഗത്തെ കാണാനാവും. ഓരുവെള്ളം കയറുന്ന ആലപ്പുഴ മണ്ണിൽ നെൽപ്പാടങ്ങളും തെങ്ങുകളും പച്ചപ്പുകെട്ട് മഞ്ഞച്ചു നില്ക്കുന്ന കാഴ്ച 'മാലച്ചെവിയാട്ടം' എന്ന വരിയിലൂടെ കവി കാണിച്ചുതരുന്നു. വലിയ കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഓരോ തവണയും ഇവിടെ വേനലും വർഷവും കടന്നുപോകുന്നത്. തുറയിലെ ചാകരപോലെയാണ് മഴക്കാലത്ത് വെള്ളം തുള്ളുന്നതെന്നു കവി ഉപമിക്കുന്നുണ്ട്. ജലപ്പരപ്പിനു മുകളിലേക്കു ജലത്തുള്ളികൾ പതിക്കുമ്പോഴുള്ള അവസ്ഥയെയാണ് ഇവിടെ ചിത്രീകരിക്കുന്നത്. വേനലിലാവട്ടെ, ആലപ്പുഴയിലെ ചൊരിമണൽ പഴുത്ത് തീതുപ്പുന്ന അവസ്ഥയിലേക്കു മാറുന്നു. അങ്ങനെ വർഷകാലത്ത് കവിഞ്ഞും വേനലിൽ കുറുകിയും കഴിച്ചിലാകുന്ന, നിലകൊള്ളുന്ന വെള്ളമാണ് ആലപ്പുഴവെള്ളം. അടുത്ത വരിയിൽ തന്റെയും താനാകുന്ന ആലപ്പുഴവെള്ളത്തിന്റെയും തീരാവേദനയെക്കുറിച്ചാണ് കവി സൂചിപ്പിക്കുന്നത്. കുടിവെള്ളം ശേഖരിച്ചുവയ്ക്കുന്ന പാത്രങ്ങളിലെ കറ തേച്ചാലുമുരച്ചാലും പോകാത്ത ചെതുമ്പലായി അവശേഷിക്കുമ്പോൾ അത് വെള്ളത്തിന്റെ വേദനയായിട്ടാണ് കവിക്കു തോന്നുന്നത്.

ആലപ്പുഴയുടെ ഭൂമിക കവിതയിൽ വരച്ചുചേർക്കുന്നതാണ് ഇനി കാണുക. കനാലുകളും ബോട്ടുജെട്ടികളും കല്ലിലും ഇരുമ്പിലും പണിത പാലങ്ങളും നിറഞ്ഞതാണ് ഈ പ്രദേശം. കുളവും കായലും പായൽപരപ്പുകളും പൂത്തുനില്ക്കുന്ന കുളവാഴകളുമൊക്കെ ഇവിടുത്തെ പതിവുകാഴ്ചകളാണ്. പൊൻനിറമുള്ള ചകിരിയുടെ പ്രകാശവും ഇരുമ്പിന്റെ ചുവയും വിയർപ്പിന്റെ വെക്കയുമുള്ളതാണ് ആലപ്പുഴവെള്ളമെന്നാണ് കവി വിശേഷിപ്പിച്ചിരിക്കുന്നത്. തെക്കൻ നാട്ടിലേക്കു കൂടുമാറിയ കവിക്ക് ആ ജലം ഇന്ന് ദൂരക്കാഴ്ചയായി മാറിയിരിക്കുകയാണ്. അത് ഇളകിയും മങ്ങിയും ദൂരത്തേക്കകലുകയാണ്. 'പറവകൾ കാണുന്ന പാടങ്ങൾ'പോലെയാണെന്ന് കവി പറയുന്നു . പക്ഷികൾ ആകാശത്തുനിന്നു താഴേക്കു നോക്കുമ്പോൾ ഭൂമി ഒരു ചിത്രം പോലെ കാണപ്പെടുന്നു എന്ന സങ്കല്പം ഒരു ദൂരക്കാഴ്ചയെ കുറിക്കുന്നു. അതുപോലെയാണ് തെക്കൻ നാട്ടിൽ താമസിക്കുന്ന കവിക്കിപ്പോൾ തന്റെ ജന്മനാട്. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും തന്നിലെ കവിക്കിന്നും ആലപ്പുഴയുടെ രൂപവും ഭാവവുമാണെന്ന് വ്യക്തമാക്കുകയാണ് 'പതിറ്റാണ്ടുകൾ കഴിഞ്ഞു, തെക്കൻ നീരിലുറച്ചു...' എന്ന വരിയിൽ. എങ്കിലും ആലപ്പുഴ വെള്ളത്തിന്റെ പൊരുളെന്താണെന്ന് തനിക്കിന്നും മനസ്സിലായിട്ടില്ലെന്നു പറഞ്ഞുകൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്. 'തൊണ്ട ദാഹിക്കുന്നു' എന്ന വരിയിൽ ആ പൊരുളറിയാനുള്ള കവിയുടെ ആന്തരികദാഹം ഒളിഞ്ഞിരിക്കുന്നുണ്ട്.

## കാവ്യാവലോകനം

ബഹുസ്വരതയുടെ സാധ്യതകളിലാണ് സമകാലിക മലയാള കവിതയുടെ ഭാവി. ഇതുവരെ കടന്നുവരാൻ മടിച്ചുനിന്ന പ്രയോഗങ്ങളും, കാല-സന്ധി-സമാസ-പ്രത്യയങ്ങളുടെ കൊളുത്തുകളില്ലാത്ത ഭാഷയും, പരുക്കൻ ശബ്ദങ്ങളും, വളവും തിരിവുമില്ലാത്ത ആവിഷ്കാരവും, അലങ്കാരങ്ങളുടെ നിറപ്പകിട്ടില്ലാത്ത ധ്വനികളുമൊക്കെയാണ് പുതുകവിതയുടെ സ്വത്വത്തെ നിർണ്ണയിക്കുന്നത്. ഇതുവരെ കാണാതെപോയ ഇടങ്ങളിലേക്കും വ്യക്തികളിലേക്കും ജീവിതങ്ങളിലേക്കും ഇന്നിന്റെ കവി കടന്നുചെല്ലുന്നു. ലോകം, ഭൂഖണ്ഡം, രാജ്യം എന്നിങ്ങനെ വിശാലമായ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചിരുന്ന കവിത

ഇന്ന് ചെറുപ്രദേശങ്ങളിലും ഇടവഴികളിലും ബസ്റ്റാന്റിലും പാർക്കിലും ബീച്ചിലും റെസ്റ്റാറന്റിലുമൊക്കെ പീലി വിടർത്തുന്നു. കേരളത്തിലെ ഒരു ചെറുപ്രദേശത്തിന്റെ ചൂടും നനവും താളവും തേങ്ങലും ഒപ്പിയെടുത്തതാണ് അനിത തമ്പിയുടെ 'ആലപ്പുഴവെള്ളം' എന്ന കവിത.

സമകാലിക കവികൾക്കിടയിൽ അനിത തമ്പിയെ വേറിട്ടുനിർത്തുന്നതും ആലപ്പുഴ മണ്ണിന്റെ ഉപ്പും കറുപ്പും അതുപോലെ തെളിയാൻ കൂട്ടാക്കാത്ത കലക്കവെള്ളത്തിന്റെ കടുംപിടുത്തവുമാണ്. പുറമേ ശാന്തമെന്നു തോന്നുമെങ്കിലും ശക്തമായ അടിയൊഴുക്കുകളുള്ളതാണ് അനിതയുടെ കവിതകൾ. കറപിടിച്ച് ആലപ്പുഴവെള്ളത്തിന്റെ അറിയാപ്പൊരുൾപോലെ ഉത്തരം കിട്ടാൻ ബുദ്ധിമുട്ടുള്ള സമസ്യകൾ അവരുടെ പല കവിതകളിലും കാണാം.

കലശുവെള്ളത്തിൽനിന്ന് അരിച്ചെടുത്ത കവിത. വെള്ളത്തിന്റെ എല്ലാ സവിശേഷതകളും ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്ന കവിതയാണ് ആലപ്പുഴവെള്ളം. തന്റെ മണ്ണിലെ വെള്ളത്തിന്റെ പൊരുൾ തേടിയുള്ള ഈ കാവ്യയാത്രയിലൂടെ കവി തന്നിലെ വ്യക്തിത്വത്തെ കണ്ടെത്താനുള്ള ശ്രമമാണ് നടത്തുന്നത്. ഒരു ബഹിരാകാശ യാത്രികയ്ക്ക് ഭൂമിയെ ദർശിക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയാണ് പ്രവാസജീവിതം നയിക്കുന്ന കവിയുടെ മനസ്സിലേക്ക് ജന്മനാടിന്റെ സ്മൃതികൾ കടന്നുവന്നപ്പോഴുണ്ടായത്. ജന്മനാടിന്റെ രൂപവും ഭാവവും ജീവിതതാളവും വികാരങ്ങളും ആചാരങ്ങളുമെല്ലാം കവി ജലത്തിന്റെ ആഴങ്ങളിൽനിന്ന് മുങ്ങിയെടുത്ത് അവതരിപ്പിക്കുകയാണ് ഈ കവിതയിൽ.

'വെള്ളം വെള്ളം സർവ്വത്ര, ഇല്ല കുടിക്കാനൊരുതുള്ളി' എന്നു പറഞ്ഞതുപോലെയാണ് ആലപ്പുഴക്കാർക്ക് എക്കാലവും കുടിവെള്ളത്തിന്റെ കാര്യം. കിണറ്റിലും കുളത്തിലും തോട്ടിലും കായലിലുമെല്ലാം കറ പിടിച്ച വെള്ളമാണുള്ളത്. അതിൽ തന്നെ തെളിനീർ എന്നത് അവരുടെ സ്വപ്നമാണ്. കിട്ടാക്കനിയായ ജീവജലത്തിനുവേണ്ടിയുള്ള ദാഹമാണ് 'ജലം എന്നാലവൾക്കത് വയനാട്ടിൽ നിളനാട്ടിൽ...' എന്ന വരിയിലുള്ളത്.

അനിത തമ്പിയുടെ 'അഴകില്ലാത്തവയെല്ലാം' എന്ന സമാഹാരത്തിലും ജലത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും ചിന്തകളും പങ്കുവയ്ക്കുന്ന കവിതകളുണ്ട്. വെള്ളം ദേവതയും ഋതുമതിയായ പെണ്ണുമൊക്കെയായി രൂപാന്തരപ്പെടുന്ന 'ആലപ്പുഴവെള്ളം' എന്ന കവിതയുടെ അവസാനം വെള്ളത്തിന്റെ വേദനയും കവിയുടെ വേദനയും ഒന്നായിത്തീരുകയാണ്. തേച്ചാലുമുരച്ചാലും പോകാത്ത ചെതുമ്പൽ പോലെ പാത്രങ്ങളിലും തന്റെ ഹൃദയത്തിലും പറ്റിച്ചേർന്നിരിക്കുന്ന കലശുവെള്ളത്തിന്റെ കറയാണ് ആ വേദന. ആ വെള്ളത്തിൽ തന്നെ തന്നെ നോക്കിക്കാണുന്ന കവി ഇവിടെ സ്വത്വാവിഷ്കാരം നടത്തുകയാണ് ചെയ്യുന്നത്.

## ബിംബകല്പന

'ആലപ്പുഴവെള്ളം' എന്ന കവിതയിലെ പ്രധാന ബിംബം ജലമാണ്. കവി തന്റെ സ്വത്വത്തെ അന്വേഷിക്കുന്നിടത്ത് മെടഞ്ഞാല മുടിക്കാരി, തൊണ്ടു ചീഞ്ഞ മണവും ഉപ്പുവെള്ളത്തിന്റെ രുചിയുള്ളവൾ, കലശുവെള്ളത്തിന്റെ മകൾ എന്നൊക്കെ പ്രയോഗിക്കുന്നുണ്ട്. ആലപ്പുഴ എന്ന നാടിന്റെ സവിശേഷതകൾ തന്റെയും അവിടുത്തെ മറ്റു മനുഷ്യരുടെയും രൂപത്തിലും സ്വഭാവത്തിലുമുണ്ടെന്ന് ബിംബങ്ങളിലൂടെ ചിത്രീകരിക്കുകയാണിവിടെ.

'ആലപ്പുഴ മണ്ണ് തിരളുന്നതാണ് വെള്ളം' എന്ന വരിയിൽ ഋതുമതിയായ പെണ്ണിനെ അവതരിപ്പിക്കുന്നത് കലശുവെള്ളം എന്ന ബിംബത്തിലൂടെയാണ്. ഇണവെള്ളം, മെരുക്കമില്ലാത്ത വെള്ളം, അരമുള്ള, നാവുള്ള വെള്ളം എന്നിവയെല്ലാം ആലപ്പുഴയിലെ സ്ത്രീകളുടെ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്ന ബിംബങ്ങളാണ്.

ആലപ്പുഴക്കാരുടെ ആത്മീയതയും വിശ്വാസവും ആചാരങ്ങളുമെല്ലാം കവി ബിംബങ്ങളിലൂടെയാണ് ആവിഷ്കരിക്കുന്നത്. അവനവൻ ദേവത, അകംപുറം, ബലിത്തറ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. തുഴ, ചക്രം, റാട്ട് ഇവ ആലപ്പുഴക്കാരുടെ ജീവനോപാധിയെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്. 'മണ്ടപോയ കൊടിമര'ത്തിലൂടെ വലിയൊരു സമരചരിത്രത്തിലേ

ക്ക് കവി നമ്മെ എത്തിക്കുന്നു. 'മാല'യിലൂടെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നത് കൃഷിക്കു വിനാശമാകുന്ന ഓരുവെള്ളത്തിന്റെ സാന്നിദ്ധ്യത്തെയാണ്. അതുപോലെതന്നെ ആലപ്പുഴ വെള്ളത്തിന്റെ പൊരുളറിയാനുള്ള ജിജ്ഞാസയെയും അറിവിനായുള്ള ആഗ്രഹത്തെയുമാണ് തൊണ്ടയിലെ നീറ്റലും ദാഹവുമായി കവി സങ്കല്പിക്കുന്നത്. ചുരുക്കത്തിൽ അലങ്കാരങ്ങൾക്കു പകരം ബിംബങ്ങൾകൊണ്ട് വികാസം പ്രാപിക്കുന്ന കവിതയാണ് ആലപ്പുഴവെള്ളം. ബിംബകല്പനയിലും താളത്തിലും വാക്കിന്റെ രൂഢതയിലുമാണ് ഈ കവിതയുടെ കാവ്യസൗന്ദര്യം ദർശിക്കാനാവുക.

'ആലപ്പുഴവെള്ളം' എന്ന കവിതയുടെ രൂപഘടന ഗദ്യമാണെങ്കിലും സൂക്ഷ്മവായനയിൽ വഞ്ചിപ്പാട്ടിന്റെ താളമായ നതോന്നത വൃത്തമാണെന്ന് മനസ്സിലാവും. മാത്രകളിലും യതിയും വൃത്തവും ഒളിച്ചിരിക്കുന്ന തരത്തിൽ കവിതയുടെ രൂപഘടന ഗദ്യത്തിൽ വാർക്കുന്നതാണ് കവിതയുടെ മറ്റൊരു പ്രത്യേകത.

## ദേശചരിത്രവും ഭൂമിശാസ്ത്രവും

ആലപ്പുഴയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചരിത്രവും ആറ്റിക്കുറുക്കിയെടുത്ത കവിതയാണ് ആലപ്പുഴവെള്ളം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശം എന്നതാണ് ആലപ്പുഴയുടെ ഏറ്റവും വലിയ പ്രത്യേകത. ഏറ്റവും വലിയ കായലായ വേമ്പനാട്ടു കായലും അതിന്റെ നിരവധി കൈവഴികളുമടങ്ങുന്ന ഈ കടലോരപ്രദേശം കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണിയാണെന്നും മലമ്പ്രദേശങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളം ആലപ്പുഴയിലാണ് അടിഞ്ഞുകൂടുന്നതെന്നും കാണിച്ചുതരുന്ന വരികളാണ്,

'ജലമെന്നാലവൾക്കത്
വയനാട്ടിൽ നിളനാട്ടിൽ
മലനാട്ടിൽ തെക്കൻ നാട്ടിൽ
വാഴുന്ന തെളിനീര്' (ആലപ്പുഴവെള്ളം)

ഈ വരികളിൽ ആലപ്പുഴവെള്ളത്തിന്റെ ഘടന വ്യക്തമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ട് ഈ സമതലഭൂമിയിലേക്ക് പലപ്പോഴും ഉൾക്കൊള്ളാനാവുന്നതിനേക്കാൾ വെള്ളം ഒഴുകിയെത്താറുണ്ട്. അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും ഇവിടെ സർവ്വസാധാരണമാണ്. കടലും കായലും ഒന്നുചേരുന്ന പ്രതിഭാസവും ഇവിടെയുണ്ടാവുന്നു.

ആലപ്പുഴയെ മറ്റു പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ നിരവധിയാണ്. കലശുവെള്ളത്തിന്റെ കറയും ചീഞ്ഞ മണവും ആലപ്പുഴവെള്ളത്തിന്റെ പ്രത്യേകതകളിൽ എടുത്തുപറയേണ്ടവയാണ്. കനാലുകൾ, ബോട്ടുജെട്ടി, കല്ലിരുമ്പുപാലങ്ങൾ, കുളം, കായൽ, പായൽവിരിപ്പുകൾ, കുളവാഴകൾ, മണ്ടപോയ തെങ്ങുകൾ തുടങ്ങിയവയെല്ലാം ആലപ്പുഴയെ അടയാളപ്പെടുത്തുന്ന മുദ്രകളാണ്. ആലപ്പുഴവെള്ളത്തിന്റെ പരപ്പും ആഴവും ഒഴുക്കും ഉയരവും അളന്നു കാണിക്കുന്ന ഈ കവിതയിൽ ഇവിടുത്തെ മണ്ണും ആകാശവുമെല്ലാം കടന്നുവരുന്നുണ്ട്.

ഏറ്റവും വലിയ തൊഴിലാളി സമരങ്ങളുടെ ചരിത്രമുറങ്ങുന്ന മണ്ണാണ് ആലപ്പുഴ. 'മണ്ടപോയ കൊടിമരം' എന്ന വരിയിൽ പുന്നപ്ര-വയലാർ സമരചരിത്രത്തിന്റെ ആരവമുണ്ട്. അമർച്ച ചെയ്യാൻ നടത്തിയ വെടിവെപ്പിൽ ബ്രിട്ടീഷുകാരുടെ വെടിയുണ്ട തറച്ച് അനേകം തെങ്ങുകൾക്ക് നാശം സംഭവിക്കുകയുണ്ടായി. അടിച്ചമർത്തപ്പെട്ട ആ സമരത്തിൽ തൊഴിലാളിവർഗ്ഗശക്തിയുടേതായ കൊടിയും നിലംപൊത്തിയെന്നാണ് ചരിത്രം. അതാണ് 'മണ്ടപോയ കൊടിമരം'.

ആലപ്പുഴജീവിതത്തിന്റെ സാമ്പത്തിക ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന വരികളും 'ആലപ്പുഴവെള്ളം' എന്ന കവിതയിൽ കാണാം. ജന്മിത്തമോ മുതലാളിത്തമോ ഈ മണ്ണിൽ വേരുറയ്ക്കാതിരുന്നതിനാൽ സാമൂഹ്യ-സാമ്പത്തിക ഉയർച്ചതാഴ്ചകൾ ഇവിടെ കാണാനില്ല. 'ചങ്കുപൊട്ടിപ്പാട്ടുകൾ', 'വിയർപ്പിന്റെ വെക്കയുള്ള ആലപ്പുഴവെള്ളം' തുടങ്ങിയവ ഇവിടുത്തെ തൊഴിലാളിജീവിതത്തെ അടയാളപ്പെടുത്തുന്നു. ഓരോ ഋതുക്കളിലും മാറി വരുന്ന ആലപ്പുഴവെള്ളത്തിന്റെ ഭാവഭേദങ്ങളും അത് ആലപ്പുഴക്കാരുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന ആഹ്ളാദവിഷാ

ദങ്ങളും ഈ കവിത പകർത്തിവയ്ക്കുന്നു. ചുരുക്കത്തിൽ ഒരു നാടിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പശ്ചാത്തലവും ഭൗതികസാഹചര്യങ്ങളും ഉൾക്കൊള്ളുന്ന കവിത എന്ന വിശേഷണത്തിനർഹമാണ് അനിത തമ്പിയുടെ 'ആലപ്പുഴവെള്ളം'.

## Recap

- ആലപ്പുഴ പ്രദേശത്തിന്റെ ബഹുമുഖമായ പ്രത്യേകതകൾ
- തൊഴിലാളിജീവിതത്തിന്റെ സ്പന്ദനങ്ങൾ
- ഋതുഭേദങ്ങൾക്കനുസരിച്ച് ആലപ്പുഴവെള്ളത്തിലുണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ
- കവിയുടെ സ്മരണകൾ - പൊരുൾ തേടുന്നു
- മലനാട്ടിലും നിളനാട്ടിലും വാഴുന്ന തെളിനീർ കവിയുടെ വിദൂരസ്വപ്നം
- വൈകാരികത, ആത്മാവിഷ്കാരം, സ്വത്വബോധം
- ജലം - ദേവതാസങ്കല്പവും സ്ത്രീസങ്കല്പവും
- ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചരിത്രവും
- അലങ്കാരങ്ങൾക്കു പകരം ബിംബങ്ങൾ കൊണ്ട് കാവ്യസൗന്ദര്യം സൃഷ്ടിക്കുന്നു

## Objective Type Questions

1. 'ആലപ്പുഴ വെള്ളം' എന്ന കവിതയുടെ വൃത്തം ഏതാണ്?
2. 'ആലപ്പുഴവെള്ളം' എന്ന കവിതയിലെ പ്രധാന കാവ്യബിംബം ഏതാണ്?
3. വിണ്ണിൽ നിന്നടർന്നുവീണ് നിലംതൊടുംമുമ്പേയുള്ള കാഴ്ച എന്നത് എന്തിനെ സൂചിപ്പിക്കുന്നു?
4. ഏതു നാട്ടുകാരിയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് കവിത ആരംഭിക്കുന്നത്?
5. ആലപ്പുഴ നാട്ടുകാരിക്ക് ഏതു മണ്ണിന്റെ നിറമാണെന്നാണ് കവി പറയുന്നത്?
6. കവിതയിൽ മലനാട്ടിലും ഇടനാട്ടിലും വാഴുന്ന കിട്ടാക്കനി എന്താണ്?
7. ഇണ വെള്ളം  തീണ്ടാതെ നൊന്തു കിടക്കുന്നത് എന്ത്?
8. 'അതിനുണ്ട് ദേവതകൾ' എന്നതിലെ സൂചനയെന്ത്?
9. തിരിയാതെ തിരിയുമ്പോൾ എന്താണ് ദാഹിക്കുന്നത്?
10. തേച്ചാലുമുരച്ചാലും പോകാത്ത വെള്ളത്തിന്റെ കറ എന്താണ്?
11. 'മണ്ടപോയ കൊടിമരം' എന്തിനെ സൂചിപ്പിക്കുന്നു?
12. 'വെള്ളം അല്ലേ നല്ലത്?' എന്നു ചോദിച്ചത് ആര്?
13. ഇങ്ങനെയുള്ള മുടിക്കാരിയാണ് ആലപ്പുഴ നാട്ടുകാരി?
14. 'തെളിയാൻ കൂട്ടാക്കാത്ത അതിനുള്ളം' - അതിനുള്ളം എന്താണ്?

## Answers to Objective Type Questions

1. വഞ്ചിപ്പാട്ടിന്റെ വൃത്തമായ നതോന്നത
2. ജലം
3. തെളിനീർ അഥവാ മഴവെള്ളം

4. ആലപ്പുഴ നാട്ടുകാരിയെ
5. കരിമണ്ണിന്റെ
6. ജലം
7. ആലപ്പുഴയിലെ വെള്ളം
8. ജലദേവത എന്ന സങ്കല്പം
9. തൊണ്ട
10. വേദന
11. മങ്ങിപ്പോയ തൊഴിലാളി സമരചരിത്രത്തെ
12. ആറ്റൂർ
13. മെടഞ്ഞോല മുടിക്കാരി
14. കലക്കമാണതിനുള്ളം

## Assignments

1. ആലപ്പുഴവെള്ളം സ്വത്വാവിഷ്കാരത്തിന്റെ കവിത – ഉപന്യസിക്കുക.
2. ഭൂപ്രദേശ നിർമ്മിതിയും, ബിംബകല്പനയും രൂപഘടനയും : ആലപ്പുഴവെള്ളം എന്ന കവിതയിൽ – കുറിപ്പെഴുതുക.
3. ഉത്തരാധുനികതയുടെ പ്രവണതകൾ അനിത തമ്പിയുടെ കവിതകളിൽ: ആലപ്പുഴവെള്ളം എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

## Reference


1. അനിത തമ്പി – മുറ്റമടിക്കുമ്പോൾ (കവിതാസമാഹാരം), കറന്റ് ബുക്സ്, തൃശൂർ.
2. അനിത തമ്പി – അഴകില്ലാത്തവയെല്ലാം, (കവിതാസമാഹാരം), കറന്റ് ബുക്സ്, തൃശൂർ.
3. അനിത തമ്പി – ആലപ്പുഴ വെള്ളം (കവിതാസമാഹാരം), ഡി.സി.ബുക്സ്, കോട്ടയം.
4. അനിത തമ്പി – ഗൗരി (കവിത), മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 16, 2021 ജൂലൈ 4.


## E-content



അനിത തമ്പി

https://m.soundcloud.com/sereena-rafi-978335683/npprzt2uuyrt
http://kadhaakavithakkoodu.blogspot.com/2015/11/blog-post_3.html
https://www.lyrikline.org/en/poems/11986
https://m.facebook.com/108509157elk612019/photos
/a.129756992153902/159473385848929/?type=3
https://youtu.be/VbDjc-eMvg
https://youtu.be/Lg3iIXtN8y4
https://youtu.be/7oGqCbDJssU

# യൂണിറ്റ് - 7
# കൊതിയൻ
## എം. ആർ. രേണുകുമാർ

## Learning Outcomes

- എം. ആർ രേണുകുമാറിന്റെ കാവ്യജീവിതം പരിചയപ്പെടുന്നു
- ദളിത് സാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- ഉത്തരാധുനിക കവിതകളിൽ 'കൊതിയനു'ള്ള സ്ഥാനം കണ്ടെത്തുന്നു
- 'കൊതിയനി'ലെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisites

ലോകമെമ്പാടുമുള്ള ജനങ്ങൾ ഇന്ന് ഉപഭോഗസംസ്കാരത്തിന്റെ അടിമകളായിക്കൊണ്ടിരിക്കുകയാണ്. കച്ചവടവൽക്കരണത്തിന്റെ ഭാഗമായി മനുഷ്യരെ വിവിധതരം രുചികൾക്ക് അടിമയാക്കുന്ന തന്ത്രം കമ്പോളബുദ്ധികൾ മെനഞ്ഞുകൊണ്ടിരിക്കുന്നു. നാം എന്തു ഭക്ഷിക്കണമെന്നും എന്തു ധരിക്കണമെന്നും തീരുമാനിക്കുന്നത് ഇന്നത്തെ കമ്പോള താല്പര്യങ്ങളാണ്. കൊതി ജനിപ്പിക്കുന്ന പരസ്യവാചകങ്ങളിലൂടെ മനുഷ്യമനസ്സിനെ കീഴടക്കാൻ ലോകവിപണിക്കാവുന്നുണ്ട് എന്നതാണ് പരമാർത്ഥം. ലോകം പലതരം രുചികളുടെയും കൊതികളുടെയും പലതരം അനുഭവങ്ങളിലേക്കും രാഷ്ട്രീയത്തിലേക്കും കടന്നു ചെല്ലുന്ന ഈ സാഹചര്യത്തിൽ എം.ആർ.രേണുകുമാറിന്റെ 'കൊതിയൻ' എന്ന കവിതയ്ക്ക് വലിയ പ്രസക്തിയുണ്ടെന്നു കാണാം.

അരികുവത്കരിക്കപ്പെട്ട ജനതയുടെ ഉറച്ചശബ്ദത്തെ കവിതയിലേക്ക് പകർത്തിയ എഴുത്തുകാരനാണ് എം.ആർ. രേണുകുമാർ. രേണുകുമാറിന് കവിത രാഷ്ട്രീയവും സമരവും പ്രതിരോധവുമാണ്. മലയാളത്തിൽ ദളിത് സാഹിത്യത്തിനായി വേറിട്ടപാത വെട്ടിത്തെളിച്ച അദ്ദേഹം രണ്ടു പതിറ്റാണ്ടിലേറെയായി സമകാലിക കവിതയിലെ ഉറച്ച ശബ്ദമായി നിലകൊള്ളുന്നു. പറയപ്പെടാത്ത ചരിത്രവും മാനുഷികവാദവും ചേരുന്നതാണ് രേണുകുമാർ ആവിഷ്കരിക്കുന്ന ദളിത് സാഹിത്യത്തിന്റെ ആന്തരികഭാവം. സ്വന്തം ജീവിതം തന്നെയാണ് രേണുകുമാറിന്റെ കവിതകൾ. കീഴാളവർഗ്ഗം അനുഭവിച്ചുപോരുന്ന അടിമത്തവും അവഗണനയും പാർശ്വവൽക്കരണവും ജനാധിപത്യസമൂഹത്തിലെ ഒരു പൗരന്റെ ആത്മാവിലുണ്ടാക്കിയ മുറിവുകളാണ് രേണുകുമാരക്കവിതകളിലെ വികാരം. സാമൂഹ്യനവോത്ഥാനത്തിന് ഊർജം പകർന്ന പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളും അയ്യങ്കാളിയുടെ കവിതകളും കവിയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുള്ളതായി കാണാം. എം.ആർ. രേണുകുമാറിന്റെ കവിതകളിൽ പ്രകൃതി വെറും കാഴ്ചവസ്തുക്കൾ മാത്രമല്ല, സൂക്ഷ്മമായ അനുഭവങ്ങളാണ്. പ്രകൃതിയുടെ ആത്മാവറിയുന്ന കവിയാണ് എം. ആർ. രേണുകുമാർ എന്നതിന് ഉദാഹരണമാണ് 'ഖേദപൂർവ്വം മരങ്ങൾ' എന്ന കവിത. ഗ്രാമ്യഭാഷയുടെ ലാവണ്യമാണ് രേണുകുമാർക്കവിതകളുടെ മറ്റൊരു ആകർഷണം.

ഉത്തരാധുനികതയുടെ കാവ്യധാരയിൽപ്പെടുന്ന കവിതകളാണ് എം. ആർ. രേണുകുമാറിന്റേത്. പൊയ്കയിൽ അപ്പച്ചനും അയ്യങ്കാളിയും വെട്ടിയൊരുക്കിയ പാതയിലൂടെ ചരിത്രപരമായ സാമൂഹ്യ ഇടപെടലുകൾ നടത്തിക്കൊണ്ട് മുന്നേറുന്ന ഈ കവി, സാഹിത്യത്തിലെ യാഥാസ്ഥിതികതയെ നിരന്തരം വെല്ലുവിളിക്കുന്നുണ്ട്. മുഖ്യധാരാസാഹിത്യം വകഞ്ഞുമാറ്റിക്കളഞ്ഞ ജീവിതങ്ങളെ ചേർത്തുനിർത്താനാണ് കവിയുടെ ശ്രമം.

കോട്ടയം ജില്ലയിലെ കാരാപ്പുഴയിലാണ് എം. ആർ. രേണുകുമാറിന്റെ ജനനം. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽനിന്നും എം. ഫിൽ ബിരുദം നേടിയശേഷം സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചു. 1998-ൽ ആദ്യകവിതയായ 'മുഴുമിപ്പിക്കാത്ത മുപ്പതുകളിൽ' പ്രസിദ്ധീകരിച്ചു. രണ്ടു പതിറ്റാണ്ടിനകം നാലു കവിതാസമാഹാരങ്ങളിലായി നൂറ്റമ്പതോളം കവിതകൾ പ്രസിദ്ധീകരിച്ചു. കെണിനിലങ്ങളിൽ, വെഷക്കായ, പച്ചക്കുപ്പി, കൊതിയൻ, എന്നിവയാണ് കവിതാസമാഹാരങ്ങൾ. നാലാം ക്ലാസ്സിലെ വരാൽ, അരസൈക്കിൾ, കൂട്ടുകൂടുന്ന കഥകൾ എന്നിങ്ങനെ ബാലസാഹിത്യശാഖയിൽ മൂന്ന് കഥാസമാഹാരങ്ങൾ. പൊയ്കയിൽ യോഹന്നാന്റെ ജീവചരിത്രവും, അടിമത്തകേരളം എന്ന ചരിത്രപുസ്തകവും രചിച്ചിട്ടുണ്ട്. സംസ്ഥാന ബാലസാഹിത്യ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## Key words

അരികുജീവിതം - ഉത്തരാധുനിക കാലം - ബഹുസ്വരത - ദളിത് പക്ഷ കാവ്യഭാഷ - കാവ്യശില്പം - ആശയസംവേദനം - ബിംബകല്പന - സ്വത്വാന്വേഷണം.

## 4.7.1 Content

സമകാലിക കവിതകളുടെ വിഭാഗത്തിൽപ്പെടുന്ന കവിതയാണ് എം.ആർ.രേണുകുമാറിന്റെ 'കൊതിയൻ'. ഉത്തരാധുനിക കവിതയുടെ പ്രവണതകൾ പലതും ഉൾച്ചേർന്ന കവിതയാണിത്. മനുഷ്യന്റെയുള്ളിൽ കുടികൊള്ളുന്ന ജീവിതകാമനകളോടുള്ള അടങ്ങാത്ത ആസക്തിയെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ് കവിതയുടെ കേന്ദ്രാശയം. മീൻ എന്ന ബിംബത്തെ മുൻനിർത്തിക്കൊണ്ടാണ് 'കൊതിയൻ' എന്ന കവിതയുടെ കാവ്യസങ്കല്പം രൂപപ്പെടുത്തിയിരിക്കുന്നത്. മീൻ എന്നത് കവിയെ അടിമപ്പെടുത്തുന്ന കൊതിയാണ് അഥവാ അഭിനിവേശമാണ്.

ബാങ്കുദ്യോഗസ്ഥനായ ഒരു കുട്ടനാട്ടുകാരന്റെ മീൻകൊതിയെ പ്രമേയമാക്കിക്കൊണ്ടാണ് എം.ആർ. രേണുകുമാർ 'കൊതിയൻ' എന്ന കവിത രചിച്ചിട്ടുള്ളത്. ഇവിടെ മീൻ എന്നത് കാവ്യബിംബവും ബാങ്കുദ്യോഗസ്ഥൻ കവിയുടെ തന്നെ പ്രതിബിംബവുമാണ്. മീൻകൊതിയിലൂടെ കവി മുന്നോട്ടുവയ്ക്കുന്ന യാഥാർത്ഥ്യം ജീവിതകാമനകളോടുള്ള മനുഷ്യന്റെ അടങ്ങാത്ത അഭിനിവേശമാണ്. കുട്ടനാടൻ ജീവിതപരിസരവും ശീലങ്ങളും കവിയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ഈ കവിത പറഞ്ഞുവയ്ക്കുന്നുണ്ട്. കണ്ടവും തോടും കുളവും നിറഞ്ഞ കുട്ടനാടൻ പ്രകൃതിയിൽ തോട്ടുമീൻ എന്നത് അവിടുത്തെ നാട്ടുജീവിതത്തിന്റെ ഭാഗമാണ്.

ഒരു ബാങ്കുദ്യോഗസ്ഥനെ കഥാപാത്രമാക്കിക്കൊണ്ടാണ് കൊതിയൻ എന്ന കവിതയുടെ ആഖ്യാനം. മീൻ എന്നത് അയാളുടെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത വിഭവവും രക്തത്തിൽ അലിഞ്ഞ ആവേശവുമായി മാറുന്നതാണ് കവി കാണിച്ചുതരുന്നത്. പരുപരാ വെളുക്കുമ്പോൾ എഴുന്നേറ്റ് ചൂണ്ടയിടാൻ പോകുന്ന അയാൾ വിവിധതരം തോട്ടുമീനുകളെ

ചൂണ്ടയിട്ട് പിടിക്കുന്നതിൽ നിന്നാണ് കവിതയുടെ തുടക്കം. മീനുകൾ ഈർക്കിലിയിൽ കൊരുത്ത് തോട്ടിറമ്പിലൂടെ വീട്ടിലേക്കു പോവുന്നതു കണ്ടാൽ അയാളൊരു ബാങ്കുദ്യോഗസ്ഥനാണെന്ന് ആരും പറയുകയില്ലെന്ന് കവി അഭിപ്രായപ്പെടുന്നു. അതുപോലെ ആധുനികമായ ഓഫീസ് മുറിയിൽ പദവിക്കൊത്ത തലയെടുപ്പോടെയിരുന്ന് ജോലി ചെയ്യുന്ന ആ ഉദ്യോഗസ്ഥനെ കണ്ടാൽ അയാളൊരു മീൻകൊതിയനാണെന്ന് ആർക്കും മനസ്സിലാവുകയില്ലെന്നും കവി സൂചിപ്പിക്കുന്നു. മനുഷ്യനിലെ ദ്വിമുഖവ്യക്തിത്വത്തെയാണ് ഈ കവിത എടുത്തുകാട്ടുന്നത്.

പലതരം മീൻവിഭവങ്ങൾ ചേർത്തുള്ള ഊണും കഴിഞ്ഞ് വിശ്രമിക്കുമ്പോഴാകട്ടെ മീൻ അയാളുടെ വിനോദത്തിലേക്കു കടന്നുവരുന്നു. തുടർന്ന് ഉച്ചമയക്കത്തിലേക്കു വഴുതി വീഴുമ്പോൾ അയാൾ കിനാവു കാണുന്നത് മീനുകളെവച്ച് ചതുരംഗം കളിക്കുന്നതാണ്. ആ ചതുരംഗക്കളിയിൽ വിവിധതരം മീനുകൾ രാജാവും മന്ത്രിയും തേരും കുതിരയും കാലാളുമായൊക്കെ പ്രത്യക്ഷപ്പെടുന്നു. കവിതയുടെ അവസാനത്തിൽ, കിടപ്പറയിൽ അന്തിയുറങ്ങാനെത്തുന്ന ആ മീൻകൊതിയൻ ഭാര്യയുടെ ശരീരത്തെ കാണുന്നത് ചെതുമ്പലുകൾ നിറഞ്ഞ ഒരു മീനായിട്ടാണ്. അവളുടെ ചെതുമ്പലുകളിൽ ചെവിചേർത്തുവച്ച് അയാൾ ചോദിക്കുന്നത് 'നമ്മുടെ പാർപ്പുകളെവിടെ പെണ്ണേ' എന്നാണ് (വരാലിന്റെ കുഞ്ഞുങ്ങളെ കുട്ടനാട്ടുകാർ 'പാർപ്പുകൾ' എന്നാണ് വിളിക്കുന്നത്). കുട്ടനാടൻ മണ്ണിൽ ജനിച്ചുവളർന്ന ഒരുവന്റെ ജീവിതം മീനുമായി എത്രമാത്രം ചേർന്നു നില്ക്കുന്നു എന്ന നേർചിത്രം അവതരിപ്പിക്കുന്നതിലൂടെ, ജീവിതകാമനകൾ മനുഷ്യനെ നിരന്തരം പ്രലോഭിപ്പിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യമാണ് കൊതിയൻ എന്ന കവിത വെളിപ്പെടുത്തുന്നത്.

## വരികൾ

'പരുപരാ വെളുക്കുമ്പം
എണീറ്റ് ചൂണ്ടയിടാൻ പോകും
.......................................................
ഒരു മീൻകൊതിയനാണെന്ന്'

## ആശയ വിശദീകരണം

വെളുപ്പാൻ കാലത്ത് ചൂണ്ടയിടാൻ പോകുന്ന ഒരാളെക്കുറിച്ചാണ് അയാൾ തോട്ടിൽ നിന്ന് കാരി, കൂരി, കല്ലട, ചില്ലാൻ, പള്ളത്തി, പരൽ, പൂളാൻ, മനഞ്ഞിൽ, അറിഞ്ഞിൽ, ആരകൻ തുടങ്ങിയ മീനുകളെ തുരുതുരാന്ന് വലിച്ചുകയറ്റുന്നു. ഈർക്കിലിയിൽ കോർത്ത മീനുകളും ചൂണ്ടയുമായി തോട്ടിറമ്പിലൂടെ അയാൾ വീട്ടിലേക്കു പോകുന്നതു കണ്ടാൽ ഒരു ബാങ്കുദ്യോഗസ്ഥനാണതെന്ന് ആരും പറയുകയില്ല. അതുപോലെ സ്വർണ്ണഫ്രെയിമുള്ള കണ്ണട വച്ച്, മുന്തിയ ഇനം സുഗന്ധവും പൂശി ആധുനികമായ ഓഫീസ് മുറിയിലെ ചക്രക്കസേരയിലിരുന്ന് കമ്പ്യൂട്ടറിൽ ജോലി ചെയ്യുന്ന ആ മനുഷ്യനെ കണ്ടാൽ അതൊരു മീൻകൊതിയനാണെന്ന് ആരും പറയുകയില്ല. വളരെ സാധാരണവും നിസ്സാരവുമായ ഒരു കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്. എന്നാൽ ഇതിലൂടെ കവി പറയാൻ ശ്രമിക്കുന്നത്, താൻ മറച്ചുവയ്ക്കാൻ ശ്രമിക്കുമ്പോഴും അറിയാതെ പുറത്തുവരുന്ന ആസക്തിയെക്കുറിച്ചാണ്.

മീനുകൾ എന്നത് മനുഷ്യന്റെ ജീവിതകാമനകളുടെയെല്ലാം ബിംബമായിട്ടാണ് കവി അവതരിപ്പിക്കുന്നത്. ഒരോരുത്തരുടെയും വ്യക്തിത്വത്തിൽ ഒളിഞ്ഞിരിക്കുന്ന ചില സ്വഭാവങ്ങളുണ്ട്. അയാളുടെ വ്യക്തിത്വത്തിന് കടകവിരുദ്ധമായ സ്വഭാവമായിരിക്കാം അത്. ഇവിടെ കവി ഊന്നിപ്പറയുന്നത് കൊതി അഥവാ ആസക്തി എന്ന സ്വഭാവത്തെപ്പറ്റിയാണ്. ആഗ്രഹം മനുഷ്യസഹജമാണ്. എന്നാൽ ആസക്തി അനിയന്ത്രിതവും സംസ്കാരശൂന്യവുമായ ഒരു ഭാവമാണ്. ഭക്ഷണം, ധനം, കാമം, പ്രശസ്തി തുടങ്ങിയവയിലുള്ള മനുഷ്യന്റെ ആസക്തിയെ മോശം പ്രവണതയായിട്ടാണ് പൊതുവെ കരുതപ്പെടുന്നത്. മാനുഷികമൂല്യങ്ങൾക്കും സംസ്കാരത്തിനും നിരക്കാത്ത ഒന്നായി സമൂഹം കൊതിയെ കാണുന്നു. അതുകൊണ്ടുതന്നെ ഇത്തരം പ്രവണതകളെ മനുഷ്യർ മറച്ചുപിടിക്കാൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്.

ഈ കവിതയിലെ കഥാപാത്രമായ ബാങ്കുദ്യോഗസ്ഥന് തോട്ടുമീനുകളോടുള്ള ഭ്രമം അടക്കാനാവാത്തതാണ്. അതുകൊണ്ടാണ് ജോലിക്കു പോകുന്നതിനു മുമ്പേതന്നെ അയാൾ ചൂണ്ടയുമായി തോട്ടിലേക്കു പോകുന്നത്. പര പരാ വെളുപ്പിനാണ് അയാൾ ചൂണ്ടയിടാൻ പോകുന്നത്. തന്റെ കൊതി മറച്ചുപിടിക്കേണ്ടതായ ഒരു മോശം സ്വഭാവമാണെന്ന ബോധ്യം അയാൾക്കുണ്ട്. അതുകൊണ്ടാണ് ആളുകൾ പുറത്തിറങ്ങാൻ തുടങ്ങും മുമ്പ് എഴുന്നേറ്റ് ചൂണ്ടയിടാൻ പോകുന്നത്. സമൂഹം നിർമ്മിച്ച ജാതിപദവികളുടെ അടിത്തട്ടിലേക്കാണ് കൊതിയൻ എന്ന കവിത ഇറങ്ങിച്ചെല്ലുന്നത്. സാംസ്കാരിക മൂലധനവും അധികാരവും കൊതിയെ പ്രശ്നവല്ക്കരിക്കേണ്ട താക്കോൽ വാക്കുകളാകുന്നു. പൊയ്മുഖങ്ങളെ അഥവാ മുഖം മൂടിയണിഞ്ഞ വ്യക്തിത്വങ്ങളെ വെളിച്ചത്തു കൊണ്ടുവരികയാണ് കവിയുടെ അടുത്ത ലക്ഷ്യം. ആഢംബരത്തിന് ഒരു കുറവുമില്ലാത്ത ആളാണ് അത്യാധുനികമായ ഓഫീസ് മുറിയിലെ ചക്രക്കസേരയിലിരുന്ന് കറങ്ങുന്ന ആ ബാങ്കുദ്യോഗസ്ഥൻ. 'അയാളെ കണ്ടാൽ ആരും പറയുകേലാ അയാളൊരു മീൻകൊതിയനാണെന്ന്' എന്ന വരിയിലൂടെ കവി ഉന്നം വയ്ക്കുന്നത് അയാളുടെ മുഖംമൂടിയിലേക്കാണ്. അയാൾ മറച്ചുവച്ചിരിക്കുന്ന അഥവാ മറച്ചു പിടിക്കേണ്ടി വരുന്ന ആസക്തിക്ക് പിന്നിലെ രാഷ്ട്രീയമാണ് ഈ വരികളിലെ കേന്ദ്രാശയം.

## വരികൾ

'എന്നാൽ
മീൻകറിവച്ചതും
..................................
നമ്മുടെ പാർപ്പുകളെന്ത്യേ പെണ്ണേ'

## അർത്ഥ വിശദീകരണം

| | | |
|---|---|---|
| അറുപത്തിനാലു കളങ്ങൾ | = | ചതുരംഗപ്പലകയിലെ കള്ളികൾ |
| ചെക്കുവയ്ക്കുക | = | ചതുരംഗക്കളിയിലെ എതിരാളിയെ പരാജയപ്പെടുത്തുന്നതിന്റെസൂചന |
| പാർപ്പുകൾ | = | വരാൽ എന്ന മത്സ്യത്തിന്റെ കുഞ്ഞുങ്ങൾ |

## ആശയ വിശദീകരണം

ഈ വരികളിൽ കവി ഊന്നിപ്പറയുന്നത് മീൻകൊതിയനായ ബാങ്കുദ്യോഗസ്ഥന്റെ വിനോദത്തിൽ പോലും മീൻ കടന്നുവരുന്നതാണ്. പലതരം മീൻവിഭവങ്ങൾ ചേർത്തു കഴിച്ച ഉച്ചയൂണിനു ശേഷമുള്ള ഇടവേളയിൽ മേശപ്പുറത്ത് തീപ്പെട്ടിക്കോലുകൾ കൊണ്ട് അയാൾ ഇടത്തോട്ടു പോകുന്ന ഒരു മീനിന്റെ രൂപമുണ്ടാക്കുന്നു. അപ്പോൾ അങ്ങോട്ടു കടന്നുവരുന്ന ആരോടും അയാൾ ചോദിക്കുന്ന ചോദ്യം 'ഇടത്തോട്ട് പോകുന്ന മീനിനെ മൂന്നു തീപ്പെട്ടിക്കോലുകൾ മാത്രം ഉപയോഗിച്ച് വലത്തോട്ടാക്കാമോ?' എന്നാണ്. അയാളുടെ തിരക്കേറിയ ഔദ്യോഗിക ജീവിതത്തിലെ ഇടവേളകളിൽ പോലും മീൻ മനസ്സിലേക്കു കടന്നുവരുന്നത് വളരെ വിചിത്രമായ കാഴ്ചയാണ്.

അതുപോലെതന്നെ ഉച്ചമയക്കത്തിലേക്കു വീഴുന്ന അയാളുടെ സ്വപ്നങ്ങളിലും മീൻ കടന്നുവരുന്നു. സ്വപ്നത്തിൽ ചതുരംഗം കളിക്കുന്ന കഥാപാത്രത്തിന്റെ മുന്നിലെ കറുത്ത കള്ളികളെല്ലാം കരയായി മാറുന്നു. വെളുത്ത കള്ളികൾ കുളമായും. ചതുരംഗക്കളിയിലെ രാജാവും മന്ത്രിയും ആനയും തേരും കുതിരയും കാലാളുമൊക്കെ പല തരത്തിലുള്ള മീനുകളായി എത്തുന്നു. ഇവിടെ ആരും ആരെയും വെട്ടുന്നില്ല. ഒരു കുളത്തിലെ സഹജീവികളായ അവ പരസ്പരം ഉമ്മവച്ചുകളിക്കുന്നതേയുള്ളൂ. ഈ കളിയിലെ ഉപകരണങ്ങളായ ആ മീനുകൾ കണ്ണുകൾ കൊണ്ടാണ് ചെക്കുവയ്ക്കുന്നതെന്നും കവി നിരീക്ഷിക്കുന്നു.

ഒടുവിൽ അന്തിയുറങ്ങാൻ കിടക്കുന്ന അയാളുടെ മുന്നിൽ ഭാര്യയും ഒരു മീനായി മാറുന്നു. അവളുടെ ചെതുമ്പലുകളിൽ ചെവി ചേർത്തുവച്ചുകൊണ്ട് അയാൾ ചോദിക്കുന്നത്

മക്കളെക്കുറിച്ചാണ്. കുട്ടനാട്ടുകാർ വരാലിന്റെ കുഞ്ഞുങ്ങളെ വിളിക്കുന്നത് 'പാർപ്പുകൾ' എന്നാണ്. നമ്മുടെ മക്കളെവിടെ എന്നു ചോദിക്കുന്നതിനു പകരം 'പാർപ്പുകളെന്ത്യേ പെണ്ണേ' എന്നാണ് അയാൾ ഭാര്യയോട് ചോദിക്കുന്നത്.

ഒരു ദിവസത്തിന്റെ വിവിധ ഘട്ടങ്ങളിൽ കഥാപാത്രത്തിന്റെ ജീവിതമുഹൂർത്തങ്ങളിലേക്ക് പല രൂപത്തിലും ഭാവത്തിലും മീൻ കടന്നുവരുന്നതിന്റെ രംഗങ്ങളാണ് കവി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. മീൻ പിടിക്കുന്നതും അതിന്റെ രുചി ആസ്വദിക്കുന്നതും കവി സൂക്ഷ്മമായി അവതരിപ്പിച്ചിരിക്കുന്നു. മീൻ അയാളുടെ വിനോദത്തിലും കിനാവിലും രതിയിലും നിറഞ്ഞു നില്ക്കുന്നു. ഒടുവിൽ അയാൾ സ്വയം ഒരു മീനായിത്തീരുന്നു. ഭാര്യയുടെ ശരീരമാകെ ചെകിളകളാണെന്ന് അയാൾക്കു തോന്നുന്നു. വരാലിന്റെ കുഞ്ഞുങ്ങളുടെ രൂപത്തിലാണ് അയാൾ സ്വന്തം കുഞ്ഞുങ്ങളെ കാണുന്നത്. ചുരുക്കത്തിൽ അയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഒരു വികാരമായി മീൻ മാറുന്നു. മീൻ അയാളെ ഉന്മത്തനാക്കുന്നു. ആ ഉന്മത്തതെ അയാൾ പല നിലയിൽ ഒളിപ്പിക്കാൻ ശ്രമിക്കുന്നിടത്ത് കവിത പുതിയ വ്യാഖ്യാനങ്ങൾ സ്വീകരിക്കുകയാണ്. ഓരോ വരിയിലും കവിയുടെ സൂക്ഷ്മനിരീക്ഷണ പാടവം തെളിഞ്ഞു കാണുന്നു.

## കാവ്യാവലോകനം

ഉത്തരാധുനികകവിതയുടെ മിക്ക സവിശേഷതകളുമുള്ള കവിതയാണ് എം.ആർ. രേണുകുമാറിന്റെ 'കൊതിയൻ'. കവിതയുടെ ചമൽക്കാരത്തിനായി വൃത്തത്തിനും അലങ്കാരത്തിനും പകരം ബിംബങ്ങളെ ആശ്രയിക്കുന്ന രീതി ശ്രദ്ധേയമാണ്. കവിതയ്ക്കുള്ളിൽ കവിത ഒളിപ്പിച്ചുവയ്ക്കുന്നതാണ് രേണുകുമാറിന്റെ രചനാതന്ത്രം എന്ന് പറയാം. വസ്തുതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സർഗ്ഗവ്യാപാരം, ഭാഷയുടെ ലാളിത്യം, വിഷയത്തിന്റെ സൂക്ഷ്മമായ അവതരണം തുടങ്ങി ഉത്തരാധുനിക കവിതകളുടെ പല പ്രത്യേകതകളും രേണുകുമാർ ക്കവിതകളിൽ കണ്ടെത്താനാകും.

'എന്റെ ജീവിതം തന്നെയാണ് എന്റെ കവിത' എന്ന് ആവർത്തിച്ചു പറയാറുള്ള രേണുകുമാറിന്റെ രചനയിൽ ഏറ്റവും കൂടുതലായി കടന്നുവരുന്നത് ഗ്രാമജീവിതവും അവിടുത്തെ ആവാസവ്യവസ്ഥകളുമാണ്. സമൂഹത്തിന്റെ അടിത്തട്ടിൽനിന്ന് കണ്ടെത്തുന്ന കാവ്യപ്രമേയം അദ്ദേഹത്തിന് ഒരേ സമയം സാഹിത്യവും രാഷ്ട്രീയവുമാണ്. മണ്ണ്, ചേറ്റുകണ്ടം, കൃഷി, മീൻ, മരങ്ങൾ, വെള്ളം, കാറ്റ്, ജീവജാലങ്ങൾ തുടങ്ങിയവയിലൂടെ ഗ്രാമജീവിതത്തിന്റെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ അനുഭൂതികളായി വിടരുന്നത് കാണാം.

മറുപുറത്ത് രേണുകുമാറിന്റെ കവിതകൾ ജാതീയ ഉച്ചനീചത്വങ്ങളെ കവിതയിലൂടെ പ്രതിരോധിക്കുന്ന പടവാളായി മാറുന്നുണ്ട്. പൊയ്കയിൽ അപ്പച്ചനും അയ്യങ്കാളിയും ശ്രീ നാരായണഗുരുവും ആശാനുമൊക്കെ തെളിയിച്ച കാവ്യപാതയെ പിൻപറ്റിക്കൊണ്ട് കവിതയെ സാമൂഹികമാറ്റങ്ങൾക്കായുള്ള സമരായുധമാക്കുകയാണ് ഈ കവി. 'കാണുന്നുണ്ടനേകമക്ഷരങ്ങൾ' എന്ന കവിതയിൽ നവോത്ഥാനത്തിന്റെ മണിമുഴക്കമാണ് കേൾക്കുന്നത്. ചരിത്രം തിരസ്കരിച്ച അരികുജീവിതങ്ങളെക്കുറിച്ച് പൊയ്കയിൽ അപ്പച്ചന്റെ

'കാണുന്നില്ലാരക്ഷരവും
എന്റെ വംശത്തെ പറ്റി
കാണുന്നുണ്ടനേകവംശത്തിൻ
ചരിത്രങ്ങൾ...-എന്നെഴുതി.
അതിനുള്ള ചരിത്രപരമായ മറുപടിയാണ്
'കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ
അനേകമക്ഷരങ്ങൾ'
എന്നുള്ള രേണുകുമാറിന്റെ വരികൾ.

കവിതയ്ക്ക് ജനഹൃദയങ്ങളിൽ മാറ്റം വരുത്താനുള്ള അപാരമായ ശേഷിയുണ്ടെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് രേണുകുമാർ നവോത്ഥാനകവികളുടെ പാരമ്പര്യത്തിന്റെ ഭാഗമായത്. സാഹിത്യത്തിന്റെ പൊതുധാരയിൽ കടന്നുവരാത്ത ജീവിതങ്ങളെ അവിടേക്കെത്തിക്കുക എന്നതിലൂടെ സാമൂഹ്യനവോത്ഥാനത്തിനായുള്ള സമരമാണ് രേണുകുമാർ നടത്തുന്നത്

## ബിംബകല്പനയുടെ ലാവണ്യം

'കൊതിയൻ' എന്ന കവിതയിലെ പ്രധാനബിംബമാണ് മീൻ. കൊതി എന്നതും ഒരു ബിംബമാണ്. മീൻ ഇവിടെ അമിതമായി ആകർഷിക്കപ്പെടുന്ന വസ്തുക്കളുടെ പ്രതീക മാണെങ്കിൽ കൊതി എന്നത് അടിമപ്പെടുത്തുന്ന ആസക്തിയെ സൂചിപ്പിക്കുന്നു. മീൻകൊതിയി ലൂടെ മനുഷ്യന്റെ ജീവിത കാമനകളുടെയെ ല്ലാം യഥാർത്ഥ ചിത്രമാണ് കവി പുറത്തുകൊ ണ്ടുവരുന്നത്. കുട്ടനാട്ടുകാരനായ കവിയുടെ ജീവിതത്തിൽ മീനിന്റെ സ്വാധീനം വലുതാണ്. അയാളുടെ രുചികളെയും വികാരങ്ങളെയും സ്വ പ്നങ്ങളെയുമൊക്കെ കീഴ്പ്പെടുത്തിക്കളഞ്ഞ ഒന്നാണ് മീൻ. മീനുമായി ബന്ധപ്പെടാത്ത ഒന്നും തന്നെ അയാളുടെ ജീവിതത്തിൽ സംഭവിക്കുന്നി ല്ലെന്നു കാണാം. ഒടുവിൽ മീൻ അയാളെ ഉന്മ ത്തനാക്കുന്ന അവസ്ഥയെയാണ് കവിത കാണി ച്ചുതരുന്നത്.

രേണുകുമാറിന്റെ പല കവിതകളിലും മീൻ കടന്നുവരുന്നുണ്ട്. 'മീനുകൾക്ക് പുഴയാ കെ വീടാണ് എനിക്ക് പുഴക്കരയും.' 'മനക്കോട്ട' എന്ന കവിതയിലെ വരികളാണിത്. അതുപോ ലെ 'ഓട്ടകൾ' എന്ന കവിതയിൽ

'പുഴയുടെ അടിവയറ്റിലേക്ക്
മീനുകൾ കടിച്ചുവലിക്കുമ്പോൾ
കരയിലേക്കവൾ എറിഞ്ഞുതന്നു...'

എന്ന് പുഴയുടെ അടിത്തട്ടിലേക്ക് മറഞ്ഞുപോയ സഖിയെക്കുറിച്ച് രേണുകുമാർ പാടുന്നുണ്ട്. തന്റെ ബാല്യത്തിൽ മീനുകളുമായുള്ള സഹവാ സത്തെക്കുറിച്ച് 'വെള്ളപ്പൊക്കം' എന്ന കവിത യിൽ പങ്കുവയ്ക്കുന്ന അനുഭവം ഇങ്ങനെയാണ്:

'പറമ്പാകെ പലതരം
മീനുകൾ പാമ്പുകൾ
അതിനിടയിൽ നീന്തിയും നനഞ്ഞും
തലകുത്തിമറിഞ്ഞും
ഞങ്ങൾ കുട്ടികൾ'

ജീവിതചുറ്റുപാടിൽനിന്ന് അടർത്തിയെ ടുത്ത അനുഭവങ്ങളെ കവിതയാക്കി മാറ്റുന്ന കവിക്ക് മീൻ ജീവശ്വാസം പോലെ ജീവിതത്തി ന്റെ ഭാഗം തന്നെയാണ്. അതുകൊണ്ടാണ് കൊ തിയനിൽ 'നമ്മുടെ പാർപ്പുകളെന്ത്യേ പെണ്ണേ'.. എന്നു ചോദിച്ചുകൊണ്ട് സ്വയം മീനായി കവി തന്നെത്തന്നെ അവതരിപ്പിച്ചിരിക്കുന്നത്. ആഴ വും വ്യാപ്തിയുമുള്ള ആശയമാണിത്.

സമകാലികജീവിതത്തിലേക്കു നോക്കി ക്കൊണ്ടാണ് രേണുകുമാർ ഈ കവിതയുടെ ആശയം സൃഷ്ടിച്ചിരിക്കുന്നത്. ആഗോളവൽക്ക രണത്തിന്റെയും കച്ചവടസംസ്കാരത്തിന്റെയും ഉപഭോക്തൃ സംസ്കാരത്തിന്റെയും ഇരകളാണ് ഇന്നത്തെ സാധാരണ ജീവിതങ്ങൾ. പരസ്യങ്ങ ളിലൂടെ ഉപഭോക്താക്കളെ ആകർഷിക്കുന്നതി ലൂടെ കമ്പോളസംസ്കാരത്തിന്റെ അടിമകളാ യിത്തീരുകയാണ് മനുഷ്യർ. ലോകത്തെമ്പാടും സാമ്പത്തിക അന്തരം വർദ്ധിച്ചുവരുന്നു എന്നതാ ണ് ഇതിന്റെ തിക്തഫലം. ഈ സാഹചര്യത്തിൽ മനുഷ്യൻ കൊതിക്ക് അടിമപ്പെടുന്നതിനെ മീൻകൊതിയനിലൂടെ ചിത്രീകരിച്ചത് തികച്ചും അനിവാര്യമാണെന്നു കരുതേണ്ടതുണ്ട്. ഈ കവിതയുടെ ആശയത്തിനു പിന്നിൽ മറ്റൊരു നിരീക്ഷണം കൂടി കണ്ടെത്താനാവും. ഒരാളുടെ ജീവിതപരിസരം അയാളുടെ സ്വഭാവത്തിലും വ്യക്തിത്വത്തിലും എത്രമാത്രം സ്വാധീനം ചെ ലുത്തുന്നു എന്നതാണത്.

## കാവ്യസൗന്ദര്യം

ബിംബകല്പനയുടെ ലാവണ്യത്തിലു പരിയായി മുഖ്യധാരാസാഹിത്യത്തിന് അപരി ചിതമായ ഗ്രാമ്യഭാഷയാണ് രേണുകുമാർക്ക വിതയുടെ മറ്റൊരു ആകർഷണം. കുട്ടനാടൻ മണ്ണിന്റെ മണവും തോട്ടുമീനിന്റെ രുചിയും ഗ്രാ മ്യപ്രകൃതിയും വാങ്മയങ്ങളിലൂടെയും ബിംബ ങ്ങളിലൂടെയും കവി അവതരിപ്പിച്ചിരിക്കുന്നത് നാട്ടുഭാഷയിലാണ്. അരികുവൽക്കരിക്കപ്പെട്ട വരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന ആ കവിതകൾ സാഹിത്യലോകത്തിന് പരിചിത മല്ലാത്ത പദങ്ങളും പ്രയോഗങ്ങളും അനുഭവ ങ്ങളും പങ്കുവയ്ക്കുന്നുണ്ട്. 'ആരാണിങ്ങനെ മണ്ണിൽ രണ്ട് മൂക്കട്ടയൊലിപ്പിച്ച് നിന്ന കുഞ്ഞു ങ്ങളെ പുഞ്ചിരി തൂകുന്ന പൂവുകളാക്കിയത്...' (കാണുന്നുണ്ടനേകമക്ഷരങ്ങൾ) എന്ന വരിയി

ലെ കുഞ്ഞുങ്ങളുടെ ചിത്രം കവി തന്റെ ജീവിത പരിസരത്തുനിന്നു കണ്ടെത്തിയതാണ്. 'ദൈവമേ അതിയാൻ ചത്തേപ്പിന്നെ മുളകിടിച്ചല്ലാതെ പിള്ളാർക്ക് കഞ്ഞി കൊടുത്തിട്ടില്ലല്ലോ...' ഇവിടെയും പച്ചയായ വാങ്മയത്തിലൂടെ അരികു ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് കവി അനുവാചകരെ എത്തിക്കുന്നു. കൊതിയനിലെ വരികളിലും ഈ നാട്ടുഭാഷയുടെ സൗന്ദര്യവും ലാളിത്യവും അനുഭവിക്കാനാകും. 'കാരി കൂരി കല്ലട ചില്ലാൻ പള്ളത്തി പരൽ പൂളാൻ മനഞ്ഞിൽ അറിഞ്ഞിൽ ആരകനങ്ങനെ മീനുകൾ പുകുപുകാന്ന്...' എന്ന വരിയിലെ ഗ്രാമ്യഭാഷ കവിതയുടെ ശക്തിയായി മാറുന്നു. ഇവിടെ തോട്ടുമീനുകളുടെ പേരുകൾ നിരത്തിയിരിക്കുന്നത് ശബ്ദസൗന്ദര്യത്തോടുകൂടിയാണ്. തോട്ടുവെള്ളത്തിലെ ഒഴുക്കിൽ കേൾക്കുന്ന ശിഥിലതാളം ഈ വരികളിൽ അനുഭവിക്കാനാകും.

## Recap

- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ
- ബിംബങ്ങൾക്കൊണ്ട് ചമൽക്കാരം, ബിംബകല്പനയുടെ ലാവണ്യം
- സാമൂഹ്യ വേർതിരിവുകൾക്കെതിരെ കവിതയിലൂടെ പ്രതിരോധിക്കുന്ന കവി
- സർവ്വ ജീവിതകാമനകളെയും സൂചിപ്പിക്കുന്ന മീൻകൊതി എന്ന ബിംബം
- കുട്ടനാടൻ ജീവിതത്തിന്റെ ഭാഗമായി മാറുന്ന മീൻ
- കമ്പോളസംസ്കാരത്തിന്റെ അടിമകളാകുന്ന ആധുനിക ജീവിതം
- ഗ്രാമ്യഭാഷയുടെ ശക്തി, ശിഥിലമായ നാട്ടുതാളത്തിന്റെ ഇമ്പം

## Objective Type Questions

1. ഉദ്യോഗസ്ഥൻ പരപരാ വെളുക്കുമ്പോൾ എണീറ്റു പോകുന്നത് എന്തിനാണ്?
2. ആരും പറയുകേലാത്തത് എന്താണ്?
3. പള്ളത്തി എന്താണ്?
4. കൊതിയനിലെ കാവ്യബിംബമെന്താണ്?
5. കവിതയിൽ മീനുകളെ എന്തിലാണ് കോർത്തിടുന്നത്?
6. മീൻ കൊതി എന്നതിലൂടെ കവി ഊന്നുന്നത് മനുഷ്യന്റെ ഏതുതരം സ്വഭാവത്തെയാണ്?
7. കാരി, കൂരി, പരൽ, പൂളാൻ എന്നിവ എന്താണ്?
8. മറ്റുള്ളവർ എന്ത് അറിയാതിരിക്കാനാണ് ഉദ്യോഗസ്ഥൻ പര പരാ വെളുക്കുമ്പം എഴുന്നേറ്റ് ചൂണ്ടയിടാൻ പോകുന്നത്?
9. ഉച്ചമയക്കത്തിലേയ്ക്ക് വീഴുന്ന അയാളുടെ സ്വപ്നങ്ങളിലേയ്ക്ക് കടന്നു വരുന്നതെന്താണ്?
10. ചതുരംഗത്തിലെ കറുത്ത കള്ളികൾ എന്തായി മാറുന്നു?
11. ചതുരംഗത്തിലെ വെളുത്ത കള്ളികൾ എന്തായി മാറുന്നു?
12. ചതുരംഗത്തിലെ രാജാവും മന്ത്രിയും ആനയും തേരും കുതിരയും കാലാളുമൊക്കെ എന്തായി മാറുന്നു?
13. അറുപത്തിനാലു കളങ്ങൾ എന്തിനെ സൂചിപ്പിയ്ക്കുന്നു?
14. പാർപ്പുകൾ എന്താണ്?
15. ഇടത്തോട്ടു പോകുന്ന എന്തിനെ വലത്തോട്ടാക്കാമോ എന്നാണ് കവി ചോദിക്കുന്നത്?
16. പച്ചക്കുപ്പി, കൊതിയൻ, വെഷക്കായ ആരുടെ കവിതാസമാഹാരങ്ങളാണ്?

## Answers to Objective Type Questions

1. ചൂണ്ടയിടാൻ
2. മീൻ കൊതിയനാണെന്ന്
3. മീൻ
4. മീൻ
5. ഈർക്കിലിൽ
6. ആസക്തി
7. മീൻ
8. മീൻ കൊതി
9. മീൻ
10. കരയായി
11. കുളമായി
12. മീനുകളായി
13. ചതുരംഗപ്പലകയിലെ കള്ളികൾ
14. വരാൽ മത്സ്യത്തിന്റെ കുഞ്ഞുങ്ങൾ
15. തീപ്പെട്ടി കൊള്ളി കൊണ്ടുണ്ടാക്കിയ മീനുകളെ
16. എം.ആർ.രേണുകുമാർ


## Assignments

- ആധുനികാനന്തര ദളിത് കവിതകളുടെ പ്രത്യേകതകൾ എം. ആർ. രേണുകുമാറിന്റെ കവിതകളിൽ.
- മീൻ എന്ന കാവ്യബിംബവും, സാമൂഹ്യ യാഥാർത്ഥ്യങ്ങളും, മനുഷ്യനിലെ ദ്വിമുഖ വ്യക്തിത്വവും: കൊതിയനിൽ നിന്ന് കണ്ടെത്തി ഉപന്യസിക്കുക .

## Reference



- എം. ആർ. രേണുകുമാർ – കൊതിയൻ (കവിതാസമാഹാരം), ഡി. സി. ബുക്ക്സ്, കോട്ടയം.
- എം. ആർ. രേണുകുമാർ – വെഷക്കായ (കവിതാ സമാഹാരം), സൈകതം ബുക്ക്സ്, എറണാകുളം.
- എം. ആർ. രേണുകുമാർ – കെണിനിലങ്ങളിൽ (കവിതാസമാഹാരം), സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
- എം. ആർ. രേണുകുമാർ – പച്ചക്കുപ്പി (കവിതാസമാഹാരം),, ഡി.സി.ബുക്ക്സ്, കോട്ടയം.
- സച്ചിദാനന്ദൻ – മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്


## E- Content



എം.ആർ.രേണുകുമാർ






https://www.manoramaonline.com/literature/manorama-books/2020/06/19/kavithamazha-m-r-renukumar.html

https://youtu.be/rpFDjhBhbfg

https://youtu.be/84BE7TLyIG4

# യൂണിറ്റ് - 8
# ഉപ്പു ചാലിച്ച ചിത്രമേ

ശ്രീകുമാർ കരിയാട്

## Learning Outcomes

- ശ്രീകുമാർ കരിയാടിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസിലാക്കുന്നു
- ശ്രീകുമാർ കരിയാടിന്റെ കവിതകളിൽ 'ഉപ്പു ചാലിച്ച ചിത്രമേ' എന്ന കവിതയുടെ ഇടം കണ്ടെത്തുന്നു
- പുതുകവിതകളുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisites

എടയ്ക്കൽ ഗുഹയെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. അടുത്ത കാലത്ത് ശിലായുഗ സംസ്കാരത്തിലേതെന്ന് കരുതപ്പെടുന്ന ശിലാലിഖിതങ്ങൾ എടയ്ക്കൽ ഗുഹയിൽ നിന്ന് ലഭിക്കുകയുണ്ടായി. കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കം ചെന്ന ശിലാലിഖിതങ്ങൾ ഇവിടെയാണുള്ളത്. കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ വിവിധ കോണുകളിൽ ഇത്തരത്തിലുള്ള ഗുഹകളും ശിലാലിഖിതങ്ങളും കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ബുദ്ധ ജൈനമത പാരമ്പര്യത്തിന്റെ തെളിവുകൾ കണ്ടെത്തിയത് ഗുഹാമുഖങ്ങളിൽ നിന്നാണ്. ഭാഷാസമൂഹം രൂപപ്പെടുന്നതിനു മുൻപ് മനുഷ്യൻ ചിത്രങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയുമാണ് ആശയവിനിമയം നടത്തിയിരുന്നത്. അത്തരത്തിൽ ഗുഹയ്ക്കുള്ളിലെ ചിത്രത്തിലേയ്ക്ക് വായനക്കാരെ കൂട്ടികൊണ്ടു പോകുന്ന കവിതയാണ് ശ്രീകുമാർ കരിയാട് രചിച്ച 'ഉപ്പ് ചാലിച്ച ചിത്രമേ'.

ഉത്തരാധുനിക കവികളുടെ നിരയിൽ ശ്രദ്ധേയനായ കവിയാണ് ശ്രീകുമാർ കരിയാട്. അദ്ദേഹം എറണാകുളം ജില്ലയിലെ കരിയാട് അകപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. മാധ്യമ പ്രവർത്തകൻ, കവി എന്നീ നിലകളിൽ ശ്രദ്ധേയൻ. മേഘപഠനങ്ങൾ, നിലാവും പിച്ചക്കാരനും, തത്തകളുടെ സ്കൂൾ, ഒന്നാം പാഠപുസ്തകം, മാഞ്ഞുപോയില്ല വൃത്തങ്ങൾ, പഴയ നിയമത്തിൽ പുഴകളൊഴുകുന്നു എന്നിവ പ്രധാനപ്പെട്ട കവിതാ സമാഹാരങ്ങളാണ്. എസ്.ബി.ടി കവിതാപുരസ്കാരം, ഏറ്റുമാനൂർ കാവ്യവേദി പുരസ്കാരം എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പി. രാമൻ, കുഴൂർ വിത്സൺ എന്നിവർ സമകാലികരായ കവികളാണ്.

## Keywords

ആധുനികത - ഉത്തരാധുനികത - ബിംബകൽപ്പന - രൂപഘടന - ബഹുസ്വരത- താളബദ്ധത

## 4.8.1 Content

പ്രാചീനമായ ഒരു ഗുഹയ്ക്കുള്ളിൽ എത്തിച്ചേരുന്ന കവി, ഗുഹയ്ക്കുള്ളിലെ വെളിച്ചം കടന്നു ചെല്ലാത്ത ഒരു മൂലയിൽ ആലേഖനം ചെയ്തിരിക്കുന്ന ഒരു ചിത്രത്തെയും അതിൽ കണ്ണുനീർ ചാലിച്ച ചരിത്രത്തെയും കൊണ്ടിരുത്തുന്നതാണ് കവിതയുടെ കേന്ദ്രപ്രമേയം. തുടർന്ന് ചിത്രത്തിനു പിന്നിലുള്ള ചരിത്രത്തിലേയ്ക്ക് കവി വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു. ചരിത്രത്തിനു രേഖീയമായ ഒരു മുഖമല്ല ഉള്ളതെന്നും അടയാളപ്പെടുത്താതെ പോയ ഏടുകളിലൂടെ ചരിത്രം വായിക്കണമെന്നും ചിത്രത്തെ ബിംബവത്ക്കരിച്ചുകൊണ്ട് പറയുകയാണ് കവി.

### വരികൾ

'പ്രാചീനക്കൽഗുഹയ്ക്കുള്ളിൽ
..........................................................
ഉപ്പുചാലിച്ച ചിത്രമേ'

### ആശയ വിശദീകരണം

പ്രാചീനമായ ഗുഹയ്ക്കുള്ളിലെ വെട്ടം വീഴാത്ത ഭിത്തിയിൽ ഒരിറ്റു കണ്ണുനീരിന്റെ ഉപ്പു ചാലിച്ച ചിത്രം കവി കാണുന്നതാണ് സന്ദർഭം. പ്രാചീന ഗുഹയ്ക്കുള്ളിലെ വെട്ടം വീഴാത്ത ഭിത്തിയിൽ കവി കണ്ടെടുക്കുന്ന കണ്ണീരിന്റെ ഉപ്പുചാലിച്ച ചിത്രം ചരിത്രത്തിലേയ്ക്കുള്ള ഒരു നോട്ടമാണ്. കവിതയിലെ വെളിച്ചമെത്താത്ത ഭിത്തി അധികമാരും കടന്നു ചെന്നിട്ടില്ലാത്ത ചരിത്രത്തെ സൂചിപ്പിക്കുന്നു.

### വരികൾ

'നിന്നെക്കാണുന്നതിനായി
................................
കണ്ണുനീരേ, തൊഴട്ടെ ഞാൻ'

### ആശയ വിശദീകരണം

നിന്നെക്കാണുന്നതിനു വേണ്ടി പക്ഷിയെപ്പോലെ പറന്നു ഞാനിവിടെ വന്നു നിൽക്കുന്നു. ചിത്രത്തിൽ ചാലിച്ച 'കണ്ണുനീരിനെ തൊഴട്ടെ' എന്ന് കവി ചോദിക്കുകയാണ്. പ്രാചീന ഗുഹയ്ക്കുള്ളിലെ വെളിച്ചമെത്താത്ത മൂലയിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രത്തിന് മുന്നിൽ കവി നിൽക്കുന്നു. ശേഷം ചിത്രത്തിൽ ചാലിച്ചിരിക്കുന്ന കണ്ണുനീരിനെ കാണുകയും അതിനെ തൊഴട്ടേ എന്നു ചോദിക്കുകയും ചെയ്യുന്നതിലൂടെ ഒരു ജീവിത ചരിത്രത്തെ കണ്ടെത്തുകയാണ് കവി. എവിടെയും അടയാളപ്പെടുത്താതെ പോയ എത്രയോ മനുഷ്യരുടെ കണ്ണീരിലൂടെയാണ് ചരിത്രം നിർമ്മിക്കപ്പെട്ടിരിക്കുന്നത് എന്ന് സാരം.

### വരികൾ

'ചിത്രമേ, നിൻ സ്വരൂപത്തി-
...... ..................................
കൂട്ടുകൾ നിൻ സൃഷ്ടിയിൽ'

### അർത്ഥ വിശദീകരണം

| | | |
|---|---|---|
| ഗഹ്വരം | = | ഗുഹ, കാട്, വള്ളിക്കുടിൽ, ആഴമുള്ള കുഴി |
| കടും ചായക്കൂട്ടുകൾ | = | കടുത്ത നിറങ്ങളുടെ കൂട്ടുകൾ |

### ആശയ വിശദീകരണം

ചിത്രമേ, നിന്റെ ഉടൽ കടലായി മാറുന്നു. ഞാൻ നിന്റെ രൂപത്തിൽ എപ്പോഴും ദുഃഖത്തിന്റെ തിരമാലകൾ കാണുന്നു. ഗുഹാമുഖത്തു നിന്നു കേൾക്കുന്ന ഏകാന്തതയുടെ വിലാപം പോലെ എത്ര ചായക്കൂട്ടുകളാണ് നിന്റെ സൃഷ്ടിയിൽ എന്ന് കവി ചിത്രത്തോട് ചോദിക്കുന്നു. ഗുഹയ്ക്കുള്ളിലെ ചിത്രത്തെക്കുറിച്ച് കവി വാചാലനാകുന്നുതാണ് സന്ദർഭം. ചിത്രത്തെ കവി കടലായും അതിൽ നിറയുന്ന ദുഃഖത്തെ അലകളായും കൽപ്പിച്ചിരിക്കുന്നു. കണ്ടെടുക്കാതെ പോയ എത്രയെത്ര മനുഷ്യരുടെ ജീവിതങ്ങളാണ് ചരിത്രത്തെയും വർത്തമാനത്തെയും നിർമ്മിച്ചതെന്ന സൂചനയാണ് ഈ വരികളിൽ നിന്ന് ലഭിക്കുന്നത്.

### വരികൾ

'നിന്റെയാത്മാവു നിറയെ
....... ................................................
പുഴകൾ, പണ്ടേ ജനിച്ചവർ'

### ആശയ വിശദീകരണം

നിന്റെ ആത്മാവിലെ സ്വപ്നങ്ങളാകുന്ന കപ്പൽ തകർന്നു പോയി. അത് ആവിഷ്ക്കരിക്കാൻ ശ്രമിച്ച ചിത്രകാരൻ മരിച്ചു. നിന്റെ രൂപത്തിലിപ്പോഴും അരൂപത്തിന്റെ ഛായയിൽ ഒളിച്ചിരിപ്പുണ്ടു കദനപ്പുഴകൾ, പണ്ടേ ജനിച്ചവർ എന്ന് കവി ചിത്രത്തോടു പറയുന്നതാണ് സന്ദർഭം.

### വരികൾ

'ഇപ്പോൾ ഞാൻ നിന്നെ നോക്കുമ്പോ-
...... . .... ..........................................
നീരിൻ തനിപ്പകർപ്പു നി'

### ആശയ വിശദീകരണം

ഇപ്പോൾ ഞാൻ നിന്നെ നോക്കുമ്പോൾ, നീ ഒരു തുള്ളിയായി ഊറിക്കൂടി എന്റെ കണ്ണുനീരിന്റെ തനിപ്പകർപ്പായിരിക്കുന്നു. കവി ചിത്രത്തിൽ നോക്കുമ്പോൾ കാണുന്ന കണ്ണുനീർത്തുള്ളി കവിയുടേത് കൂടിയായിരിക്കുന്നു എന്ന് സാരം. മനുഷ്യരുടെ അതിജീവന ചരിത്രത്തിലേയ്ക്കാണ് കവി കടന്നുചെല്ലുന്നത്. രേഖപ്പെടുത്താതെ പോയ മാനുഷിക ഭാവങ്ങളെയാണ് ചിത്രത്തിൽ നിന്ന് കവി കണ്ടെത്തുന്നത്.

### കാവ്യാവലോകനം

താളാത്മകതയും ഹൃദ്യമായ ഭാഷാശൈലിയും ശ്രീകുമാർ കരിയാടിന്റെ കവിതകളുടെ പ്രധാന സവിശേഷതയാണ്. പ്രാചീന ഗുഹയ്ക്കുള്ളിൽ കവി കണ്ടെത്തുന്ന ചിത്രത്തിൽ നിറയുന്ന കണ്ണുനീരാണ് കവിതയിലെ പ്രധാന ബിംബം. കണ്ണുനീർ ചാലിച്ച ചിത്രത്തിൽ നിന്ന് കണ്ണുനീർ ചാലിച്ച ചരിത്രത്തെയാണ് കവി കണ്ടെത്തുന്നത്. കവിതയിൽ ഉപ്പ് കണ്ണുനീരാർന്ന ചരിത്രത്തിന്റെയും ജീവന്റെയും ബിംബമാണ്. മനുഷ്യരാശിയുടെ ചരിത്രത്തിലേയ്ക്കുള്ള നോട്ടം ഗുഹാമുഖത്തിലെ ഒരു ചിത്രത്തിൽ നിന്ന് ആരംഭിക്കുന്ന രീതി സവിശേഷമാണ്. എഴുത്തിനും മുൻപേ ആരംഭിച്ച വരകളുടെ ചരിത്രത്തിൽ നിന്നാണ് കവിത ആരംഭിക്കുന്നത്. അതിലും ഇടമില്ലാതെ പോയ എത്രയോ ചരിത്രങ്ങൾ ചിത്രത്തിനു പിന്നിലുണ്ടാകാം എന്ന സൂചനയും കവിതയിൽ നിന്ന് ലഭിക്കുന്നു. ബഹുസ്വരമായ വായനാസാധ്യതകൾക്ക് വഴി തുറക്കുന്ന കവിതയാണ് 'ഉപ്പ് ചാലിച്ച ചിത്രമേ' എന്ന് നിസംശയം പറയാം.

## Recap

- താളബദ്ധതയും ചൊൽവടിവുകളും
- അബോധത്തിലേയ്ക്കുള്ള സഞ്ചാരം
- ബദൽ ചരിത്രത്തിലേക്കുള്ള നോട്ടം
- ഗുഹയിലെ ചിത്രം -എന്ന ബിംബകൽപ്പന
- ചരിത്രത്തിന്റെ കാണാപ്പുറങ്ങൾ
- അലങ്കാര ഭംഗി -കാവ്യഭാഷ, ഉപമ, അലങ്കാരം
- ബഹുസ്വര വായനകൾ
- ഉപ്പ് എന്ന ബിംബവും ചിത്രവും

## Objective Type Questions

1. പ്രാചീന കൽഗുഹയ്ക്കുള്ളിലെ വെട്ടം വീഴാത്ത ഭിത്തിയിൽ എന്താണുള്ളത്?
2. എങ്ങനെയുള്ള ചിത്രമാണ് പ്രാചീന ഗുഹയ്ക്കുള്ളിലെ വെട്ടം വീഴാത്ത ഭിത്തിയിൽ ആലേഖനം ചെയ്തിരിക്കുന്നത്?
3. കവിതയിൽ കണ്ണീരിന്റെ ഉപ്പുചാലിച്ച് കാണപ്പെട്ടത് എന്താണ്?
4. വെട്ടം വീഴാത്ത ഭിത്തിയിലെ കണ്ണീരിന്റെ ഉപ്പുചാലിച്ച ചിത്രം എവിടെയാണുള്ളത്?
5. 'നിന്നെ കാണുന്നതിനായി' എന്തിനെപ്പോലെ പറന്നു എന്നാണ് കവി പറയുന്നത്?
6. എന്തിനുവേണ്ടിയാണ് പക്ഷിയെപ്പോലെ പറന്നത്?
7. ആരെ തൊഴട്ടേ എന്നാണ് കവി പറയുന്നത്?
8. പക്ഷിയെപ്പോലെ പറന്ന് എവിടെ വന്നു നിൽക്കുന്നു എന്നാണ് കവി പറയുന്നത്?
9. കണ്ണുനീരിനോട് എന്ത് ചെയ്യട്ടെ എന്നാണ് കവി ചോദിക്കുന്നത്? .
10. ചിത്രത്തിന്റെ സ്വരൂപത്തിൽ കവി എപ്പോഴും കാണുന്നത് എന്താണ്?
11. ദുഖത്തിന്നലകൾ കവി എവിടെയാണ് കാണുന്നത്?
12. താനേ കടലായി മാറുന്നത് എന്താണ്?
13. നിന്നുടൽ എന്തായി മാറുന്നു?
14. ആരുടെ സ്വരൂപത്തിലാണ് ദുഃഖത്തിന്നലകൾ കാണുന്നത്?
15. കടും ചായക്കൂട്ടുകൾ എവിടെയാണ് കണ്ടത്?
16. ഏകാന്തരോദനത്തിന്റെ ഗഹ്വരാന്തങ്ങളെന്ന പോൽ കാണപ്പെട്ടതെന്ത്?
17. ആത്മാവ് നിറയെ എന്താണ് തകർന്നത്?
18. ആരാണ് മരിച്ചു പോയത്?
19. അരൂപത്തിന്റെ ഛായയിൽ ഒളിച്ചിരിക്കുന്നത് ആരാണ്? .
20. കദനപ്പുഴകളും പണ്ടേ ജനിച്ചവരും എവിടെയാണ് ഒളിച്ചിരിക്കുന്നത്?
21. എന്തിന്റെ 'തനിപ്പകർപ്പു നീ ' എന്നാണ് കവി പറയുന്നത്?

## Answers to Objective Type Questions

1. ചിത്രം
2. കണ്ണീരിന്റെ ഉപ്പു ചാലിച്ച ചിത്രം
3. ചിത്രം
4. പ്രാചീന ഗുഹയ്ക്കുള്ളിൽ
5. പക്ഷിയെപ്പോലെ
6. നിന്നെ കാണുന്നതിനായി
7. കണ്ണുനീരിനെ
8. കണ്ണുനീരിനു മുന്നിൽ
9. തൊഴട്ടെ
10. ദുഖത്തിന്നലകൾ
11. ചിത്രത്തിൻ സ്വരൂപത്തിൽ
12. നിന്നുടൽ
13. കടലായി
14. ചിത്രത്തിൻ
15. ചിത്രത്തിൽ
16. കടും ചായക്കൂട്ടുകൾ
17. സ്വപ്നക്കപ്പൽ
18. ചിത്രകാരൻ
19. കദനപ്പുഴകളും പണ്ടേ ജനിച്ചവരും
20. അരൂപത്തിന്റെ ഛായയിൽ
21. എന്റെ കണ്ണുനീരിന്റെ

## Assignments

1. 'ഉപ്പു ചാലിച്ച ചിത്രമേ' എന്ന കവിതയിലെ കാവ്യബിംബങ്ങൾ -കുറിപ്പെഴുതുക.
2. പുതുകവിതയുടെ സവിശേഷതകൾ - ഉപന്യാസം തയ്യാറാക്കുക
3. ശ്രീകുമാർ കരിയാടിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുത്തുക.

## Reference


1. ശ്രീകുമാർ ടി.ടി - ഉത്തരാധുനികതയ്ക്കപ്പുറം, ഡി.സി ബുക്സ്, കോട്ടയം.
2. പി. പവിത്രൻ - ആധുനികതയുടെ കുറ്റസമ്മതം, എസ്.പി.സി.എസ്., കോട്ടയം.
3. എം. ലീലാവതി - മലയാള കവിതാ സാഹിത്യ ചരിത്രം, കേരളാ സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. പി. കെ. പോക്കർ - ആധുനികോത്തരതയുടെ കേരളീയ പരിസരം, എസ്.പി.സി.എസ്., കോട്ടയം.
5. പോൾ എം.എസ്. - ഉത്തരാധുനിക കവിതാ പഠനങ്ങൾ, റെയിൻബോ ബുക്സ്, കോഴിക്കോട്.
6. സച്ചിദാനന്ദൻ - മലയാള കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോട്ടയം.


## E- content



ശ്രീകുമാർ കരിയാട്

https://youtu.be/hdz3j_P2JJA

https://youtu.be/qmt--9yK560

https://www.indulekha.com/index.php?route=product/author/info&author_id=503

# യൂണിറ്റ് -9
# കമറൂൾ നാട്ടിൽ പോകുന്നു

**കുഴൂർ വിത്സൺ**

## Learning Outcomes

- കുഴൂർ വിത്സന്റെ കവിതകളെ പരിചയപ്പെടുന്നു
- 'കമറൂൾ നാട്ടിൽ പോകുന്നു' എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു
- സമകാലീന കവിതകളുടെ സവിശേഷതകളെ സാമാന്യമായി മനസ്സിലാക്കുന്നു
- കവിതയുടെ രേഖീയമാനങ്ങളെ മറികടക്കാൻ ഭാഷയിൽ നടത്തുന്ന പരീക്ഷണങ്ങൾ തിരിച്ചറിയുന്നു

## Prerequisites

മലയാളത്തിലെ ആദ്യ കവിതാബ്ലോഗായ അച്ചടിമലയാളം നാടുകടത്തിയ കവിതകൾ, എന്ന ബ്ലോഗിന്റെ ഉടമയാണ് കുഴൂർ വിത്സൺ. ബ്ലോഗിലൂടെ കവിതകൾ എഴുതി ശ്രദ്ധനേടിയ വിത്സൺ ഓൺലൈൻ പ്രസിദ്ധീകരണങ്ങളിലും ആനുകാലികങ്ങളിലും കവിതകളെഴുതുന്നു. 'ഉറക്കം ഒരു കന്യാസ്ത്രീ' എന്നതാണ് ആദ്യത്തെ കാവ്യ സമാഹാരം. അദ്ദേഹത്തിന്റെ കവിതകൾ തമിഴ്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ്, അറബിക്, ജർമ്മൻ, പോർച്ചുഗീസ്, സ്പാനിഷ് തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കവിതാ സംബന്ധിയായ പ്രവർത്തനങ്ങളുടെ പേരിൽ കേരള സർക്കാരിൽ നിന്നും 2016- ൽ സാഹിത്യത്തിലെ യൂത്ത് ഐക്കൺ പുരസ്കാരവും 2019- ൽ പ്രഥമ ജിനേഷ് മടപ്പള്ളി കവിതാ പുരസ്കാരവും ലഭിച്ചു.

പോയട്രി ഇൻസ്റ്റലേഷൻ മലയാളത്തിൽ അവതരിപ്പിച്ചത് കുഴൂർ വിത്സനാണ്. മരങ്ങളും കവിതയും ഇഴചേരുന്നതാണ് ഈ ഇൻസ്റ്റലേഷൻ. കവിതയെ കേവലം കേൾവി മാത്രമായി കാണാതെ അനുഭവം കൂടി ആക്കുന്നതിനാണ് കുഴൂർ വിത്സൺ ശ്രമിക്കുന്നത്. കുഴൂരിന്റെ മരങ്ങൾ ജീവിതത്തിൽ കവിതയിൽ എന്ന കവിത സ്ലോവേനിയൻ സംവിധായക ടിന സുൽക് പോയട്രി സിനിമയായി ചിത്രീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ദശാബ്ദത്തിലെ മികച്ച 10 മലയാള പുസ്തകങ്ങളിൽ ഒന്നായി ടൈംസ് ഓഫ് ഇന്ത്യ വിത്സന്റെ 'വയലറ്റിനുള്ള കത്തുകൾ' തെരഞ്ഞെടുത്തു.

ലളിതമായ പദങ്ങളിലൂടെ ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് 'കമറൂൾ നാട്ടിൽ പോകുന്നു' എന്നുള്ളത്. എന്നാൽ ബഹുസ്വരമായ വായനകൾക്ക് സാധ്യതയുള്ള കവിത കൂടിയാണിത്. പ്രവാസ ജീവിതം വിഷയമായ നിരവധി സാഹിത്യ കൃതികളും ചലച്ചിത്രങ്ങളും നമുക്ക് സുപരിചിതമാണ്. ആടുജീവിതം, ആലിയ, ഹെർബേറിയം, പ്രവാസം, കുട നന്നാക്കുന്ന ചോയി തുടങ്ങിയ നോവലുകളും നിരവധി ചെറുകഥകളും ഗർഷോം, അറബിക്കഥ, പെരുമഴക്കാലം, പത്തേമാരി, ആടുജീവിതം തുടങ്ങിയ ചലച്ചിത്രങ്ങളും ഗൾഫ് പ്രവാസ ജീവിതങ്ങളുടെ ആവിഷ്കാരങ്ങളാണ്. ഇത്തരത്തിൽ ഒരു ഗൾഫ് പ്രവാസിയുടെ ജീവിത സാഹചര്യമാണ് കമറൂൾ നാട്ടിൽ പോകുന്നു എന്ന കുഴൂർ വിത്സന്റെ കവിത.

കുഴൂർ വിത്സന്റെ സമകാലികരായ നിരവധി ബ്ലോഗുകവികൾ മലയാളത്തിലുണ്ട്. പുതിയ കാലത്തിന്റെ ഇത്തരം കവിതകളുടെ നാലാമിടം കാവ്യാസ്വാദകർക്ക് വായനയുടെ

അതിവിശാലമായ ഒരു ഭൂമികയാണ് സമ്മാനിക്കുന്നത്. ബ്ലോഗു കവിതകളെ നാലാമിടമെന്ന പേരിൽ കവി സച്ചിദാനന്ദൻ സമാഹരിച്ചിട്ടുണ്ട്. കവിയായ സച്ചിദാനന്ദൻ മുതൽ ഏറ്റവും പുതിയ കവികൾ വരെ ബ്ലോഗു കവിതകൾ എഴുതുന്നു. പി. പി. രാമചന്ദ്രൻ, സജീവ് എടത്താടൻ (കൊടകരപുരാണം), ദേവസേന, ജയൻ എടക്കാട്, സനൽ ശശിധരൻ, സെറീന, ടി. പി. വിനോദ്, ടി. എം. ശശി, ജ്യോതിഭായ് പരിയാടത്ത്, രൺജിത്ത് ചെമ്മാട്, സി. പി. ദിനേശ്, നാസർ കൂടാളി, അരുൺ ചുള്ളിക്കൽ, ഡോണമയൂര, ശൈലൻ തുടങ്ങിയ നിരവധി ബ്ലോഗു കവികൾ കവിതയുടെ നാലാമിടങ്ങളിൽ വ്യവഹരിക്കുന്നു


## Keywords

കാവ്യഭാഷ - ബ്ലോഗ് - പോയട്രി ഇൻസ്റ്റലേഷൻ - ബഹുസ്വരമായ വായന - ഉത്തരാധുനിക കവിത - പ്രവാസ സാഹിത്യം


## 4.9.1 Content

ആധുനികോത്തര കവിതകളുടെ ചില സ്വഭാവ സവിശേഷതകൾ പ്രകടമാകുന്ന കവിതയാണ് 'കമറൂൾ നാട്ടിൽ പോകുന്നു ' പ്രവാസ ജീവിത വിഷയമായ സാഹിത്യകൃതികൾ നിരവധി ഉണ്ടായിട്ടുണ്ട്. ഇതും അത്തരത്തിലൊരു കവിതയാണ്. സൈബർ സാഹിത്യത്തിലൂടെ വ്യവഹരിക്കുന്ന കുഴൂർ വിത്സൻ എഴുതിയ ഈ കവിതയിൽ പ്രവാസ ജീവിതത്തിലെ ഒഴിച്ചുകൂടാൻ കഴിയാത്ത ചില വികാരനിർഭര രംഗങ്ങളാണ് ആവിഷ്കരിക്കുന്നത്. നിരവധി പ്രതീക്ഷകളും സ്വപ്നങ്ങളുമായി യാത്ര തുടരുന്ന പ്രവാസിയുടെ വിരഹവും കാത്തിരുപ്പുകളും സൗഹൃദവും യാത്രയയപ്പും ഒരുക്കങ്ങളുമെല്ലാം വളരെ സൂക്ഷ്മമായി കവിത വരച്ചുകാട്ടുന്നു.

### വരികൾ

'കമറൂൾ നാട്ടിൽ പോകുന്നു അവനൊപ്പം

..........................................................................................

ദിവാകരൻ തുണിക്കട എവിടെയെന്നന്വേഷിക്കുന്നു'

### ആശയ വിശദീകരണം

പ്രവാസിയായ കമറൂൾ എന്ന വ്യക്തി യാത്ര പോവാൻ തുടങ്ങുന്നിടത്താണ് ഈ കവിത ആരംഭിക്കുന്നത്. കമറൂളിനൊപ്പം മറ്റു പലരും തയ്യാറെടുക്കുന്നു. പ്രവാസജീവിതത്തിലെ ചില വികാരനിർഭരമായ നിമിഷങ്ങളിലൊന്നാണ് നാട്ടിലേക്കു പുറപ്പെടുന്നതിനു മുൻപുള്ള തയ്യാറെടുപ്പുകൾ. സുഹൃത്തുക്കളെല്ലാം അതിനൊപ്പം കൂടാറുണ്ട്. ഒരു കൂട്ടായ്മയുടെ സന്ദർഭങ്ങളാണത്. അവരുടെ തയ്യാറെടുപ്പ് എന്നത് നാട്ടിലേയ്ക്ക് സാധനങ്ങൾ കൊടുത്തയക്കാനുള്ളതാണ്. കമറൂളിനോടൊപ്പം യാത്ര ചെയ്യുന്നില്ലെങ്കിലും കൂടെയുള്ള എല്ലാവരും അദ്ദേഹത്തിന്റെ അതേ ആവേശത്തിൽ സാധനങ്ങൾ വാങ്ങിക്കൂട്ടുന്നുണ്ട്. കമറൂൾ പെങ്ങൾക്ക് വള വാങ്ങിച്ചപ്പോൾ, റഫീഖ് എന്ന സുഹൃത്ത് ഒരു സ്വർണ്ണക്കട തന്നെ വാങ്ങിയതായി കവി പറയുന്നു. കമറൂൾ അമ്മയ്ക്ക് സാരി വാങ്ങിച്ചത് കണ്ടപ്പോഴാണ് ദിവാകരന് തന്റെ വീട്ടിലേയ്ക്ക് തുണി കൊടുത്തുവിടാൻ തോന്നുന്നത്. അദ്ദേഹം തുണിക്കട അന്വേഷിച്ച് ഇറങ്ങുന്നു. ഇങ്ങനെ നാട്ടിലേയ്ക്കുള്ള യാത്രയുടെ ഒരുക്കങ്ങളും അതിന്റെ പിന്നിലെ പ്രവാസാനുഭവങ്ങളും സമർത്ഥമായി ചിത്രീകരിക്കുന്നുണ്ട് ഈ ഭാഗത്ത്.

## വരികൾ

'ചായയെടുക്കുമ്പോൾ

.......................................................................................

വളരെ സ്വകാര്യമായി ഉറക്കെ പാടുന്നു'

## ആശയ വിശദീകരണം

ഇവരെല്ലാവരും ഒന്നിച്ച് പ്രവർത്തിക്കുന്നവരാണ് എന്ന സൂചന ഈ വരികൾ നല്കുന്നുണ്ട്. കമറൂൾ അദ്ദേഹത്തിന്റെ ജോലികളിൽ ഏർപ്പെടുമ്പോൾ പാടുന്ന മൂളിപ്പാട്ടുകൾ ഇവരെല്ലാവരും സ്വകാര്യമായി ഉറക്കെപ്പാടുന്നുണ്ട്. നാട്ടിൽ നിന്ന് മാറിനിൽക്കുമ്പോഴുണ്ടാകുന്ന വേദനയും വിരസതയും മാറ്റാൻ പ്രവാസികൾ ചില സ്വകാര്യനിമിഷങ്ങളിൽ ഒത്തുചേർന്ന് പാടാറുണ്ട്. പക്ഷെ അത് ഉച്ചത്തിൽ ആവാതിരിക്കാൻ അവർ ശ്രമിക്കുന്നതിനകത്ത് അവർ അനുഭവിക്കുന്ന അസ്വാതന്ത്ര്യം വ്യക്തമാണ്. പഴയ കാലത്ത് ജോലിയുടെ ഭാരം കുറയ്ക്കാൻ ആളുകൾ പല പാട്ടുകളും പാടിയിരുന്നു. എന്നാൽ ആധുനിക സമൂഹത്തിലെ ജോലികളുടെ സ്വഭാവവും മുതലാളിത്തത്തിന്റെ സൂക്ഷ്മനിയന്ത്രണങ്ങളും ജോലിയുടെ സ്വഭാവത്തെ ഇത്തരത്തിൽ ആക്കി തീർത്തിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണങ്ങൾക്കുള്ളിൽ നിൽക്കുന്ന ആളല്ല കമറൂൾ എന്ന സൂചനയും ഇതിൽ നിന്നും ലഭിക്കുന്നുണ്ട്.

## വരികൾ

'ലിഫ്റ്റിറങ്ങുമ്പോൾ അവൻ

.......................................................................

ഞങ്ങളെല്ലാവരുംപൂജ്യത്തിലേക്ക് കുതിക്കുന്നു'

## ആശയവിശദീകരണം

യാത്രയ്ക്കായി ലിഫ്റ്റിറങ്ങുമ്പോൾ കമറൂൾ 4,3,2,1 എന്നിങ്ങനെ എണ്ണി പഠിക്കുന്നു. ഈ എണ്ണലിന്റെ ക്രമത്തെ അവരോഹണ ക്രമത്തിൽ 4 മുതൽ 1 വരെ എഴുതിയിരിക്കുന്നത് കവിതയിൽ തന്നെ ഒരു ബന്ധത്തെ സൃഷ്ടിക്കുന്നുണ്ട്. ആ ബന്ധം മുകളിൽ നിന്നും താഴേയ്ക്കുള്ള ഏത് നോട്ടത്തേയുമാവാം. അത് ഈ കവിതയെ ബഹുസ്വര വായനയിലേയ്ക്ക് തുറന്നു വിടുന്നതുമാണ്. കൂടെയുള്ള എല്ലാവരും പൂജ്യത്തിലെത്തി നിൽക്കുന്നു എന്ന പ്രസ്താവനയും പ്രധാനപ്പെട്ടതാണ്. നാട്ടിലേക്കു പോകാനൊരുങ്ങുന്ന ഓരോ വ്യക്തിയും ഈ കൗണ്ടൗൺ, മനസിൽ കൂട്ടാറുണ്ട്. വീട്ടിലേക്കു പോകുന്നവർ, പ്രിയപ്പെട്ടവരെ കാണാൻ ദിവസങ്ങളെണ്ണി കാത്തിരിക്കാറുണ്ട്. കമറൂൾ മാത്രമല്ല എല്ലാ പ്രവാസികളും ഇങ്ങനെ പൂജ്യത്തിലേക്കെത്താൻ ആഗ്രഹിക്കുന്നു.

## വരികൾ

'ഭൂമിയിലെ ആ ചെടിയോടും

.......................................................................................

എന്നു വിചാരിച്ച് ഞങ്ങൾ കൈ വീശുന്നു'

## ആശയ വിശദീകരണം

നാട്ടിൽ കാത്തിരിക്കുന്ന എല്ലാവർക്കുമുള്ള കത്തുകളും അദ്ദേഹത്തിന്റെ കൈയിൽ ഉണ്ട്. ഭൂമിയിലെ സമയത്തെക്കുറിച്ച് ആകുലപ്പെട്ടു കൊണ്ട് എല്ലാവരും യാത്രയാക്കുന്നു. ഭൂമിയാണ് പ്രധാനപ്പെട്ട സ്ഥലമായി പ്രത്യക്ഷപ്പെടുന്നത്. ആ ഭൂമി ഏതുമാവാം പ്രിയപ്പെട്ട നാടാവാം, ഈ പ്രപഞ്ചം മുഴുവനുമായിരിക്കാം. ഏതായാലും പ്രതീക്ഷയോടെ കാത്തിരിക്കുന്നവരുടെ അടുത്തേക്കുള്ള ആ യാത്ര പ്രധാനപ്പെട്ടതാണ്. എത്തിച്ചേരേണ്ട സ്ഥലത്തെക്കുറിച്ചുള്ള പ്രതീക്ഷകളും സൂചിപ്പിക്കുന്നു.

## കാവ്യാവലോകനം

ഒരു പ്രവാസിയുടെ യാത്രയ്ക്കുള്ള തയ്യാറെടുക്കൽ എന്ന രീതിയിൽ തുടങ്ങുന്ന കവിത അതിന്റെ അവസാനത്തിൽ പറഞ്ഞുവെയ്ക്കുന്നത് പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഭൂമിയിലേക്കുള്ള യാത്രയെന്നാണ്. അത് ഒരു പക്ഷേ കുറച്ച് കൂടി സുന്ദരമായ ജീവിതം ഭൂമിയിൽ പ്രതീക്ഷിക്കുന്ന ഒരു കൂട്ടം ആളുകളുടെ പ്രതിനിധിയായിരിക്കും. കഷ്ടപ്പാടുകൾക്കുള്ള മോചനവും സ്വപ്നം കാണുന്നുണ്ടാകാം. ഇന്നത്തെ പ്രവാസിയെ പോലെ ആയിരുന്നില്ല. പഴയ കാലത്ത് ഒരാൾ നാട്ടിലേക്കു പോകുന്നുണ്ടെങ്കിൽ

നിരവധി കത്തുകൾ കൊടുത്തു വിടാറുണ്ട്. കാരണം അത് പെട്ടെന്ന് നാട്ടിലെത്തിക്കാം സമയവും പണവും ലാഭിക്കാം. ഓരോ കത്തുകളും പ്രവാസിയുടെ വിരഹത്തിന്റെയും പ്രതീക്ഷയുടെയും പ്രാരാബ്ധങ്ങളുടെയും ആകെത്തുകയാണ്. സുഹൃത്തുക്കളായ പ്രവാസികളുടെ കത്തും പേറിയാണ് കമറൂൾ നാട്ടിലേക്കു പോകുന്നത്. നാട്ടിൽ സുന്ദരമായ ഒരു ജീവിതം പ്രതീക്ഷിച്ചു കൊണ്ടാണ് ഓരോ പ്രവാസിയും പോകുന്നത്. അതൊരു പുതിയ ഭൂമിയാകുന്നു.

'കമറൂൾ നാട്ടിൽ പോകുന്നു' എന്ന കവിത പുതുകവിതകളുടെ പൊതുസവിശേഷതകൾ പ്രകടിപ്പിക്കുന്നതാണെങ്കിലും ലളിതമായി ആവിഷ്കരിക്കപ്പെട്ട ഒന്നാണ്. ലാളിത്യമാണ് ഈ കവിതയുടെ മുഖമുദ്ര. പ്രവാസലോകത്ത് നിന്നും പ്രതീക്ഷയുടെ ഭൂമിയിലേയ്ക്ക് തന്നെ പ്രതീക്ഷിച്ചിരിക്കുന്നവരുടെ അടുത്തേയ്ക്കുള്ള യാത്രയ്ക്കുള്ള ഒരുക്കമാണ് ഇതിവൃത്തം. എത്തിച്ചേരേണ്ട ഇടം പ്രതീക്ഷയുടെയാണ്. അവിടെയുള്ളവർക്കും ഈ വരവിൽ പ്രതീക്ഷയുണ്ട്. സുഹൃത്തുക്കൾ അവരുടെ പ്രിയപ്പെട്ടവർക്ക് കൊടുത്തയച്ച സാധനങ്ങളും കത്തുകളുമായാണ് കമറൂൾ യാത്രയാകുന്നത്. ഒരു പറ്റം ആളുകളുടെ പ്രതിനിധിയായി ഭൂമിയിലേയ്ക്ക് പുതിയ പ്രതീക്ഷകളോടെ കമറൂൾ യാത്രതിരിക്കുന്നു.

## Recap

- കമറൂൾ യാത്രതിരിക്കുന്നത് പുതിയ ഒരു ലോകത്തേയ്ക്കാണ്
- കമറൂൾ ഒരു പറ്റം ആളുകളുടെ പ്രതിനിധിയാണ്
- ധാരാളം ആളുകൾ കമറൂളിന്റെ വരവിൽ പ്രതീക്ഷയർപ്പിച്ച് കാത്തിരിക്കുന്നുണ്ട്
- യാത്രയ്ക്കുള്ള ഒരുക്കമാണ് കവിതയിലെ ആദ്യഭാഗത്ത്
- ഭൂമിയിലേയ്ക്കാണ് യാത്ര., ഭൂമി എന്നത് പ്രതീക്ഷയുടെ ഒരു തുരുത്താണ്
- പ്രവാസ ജീവിതത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു

## Objective Type Questions

1. കമറൂൾ നാട്ടിൽ പോകുന്നു എന്ന കവിത രചിച്ചത് ആര്?
2. പെങ്ങൾക്ക് കമറൂൾ വാങ്ങിയത് എന്ത്?
3. ഞങ്ങളെല്ലാവരും പൂജ്യത്തിലേയ്ക്ക് കുതിയ്ക്കുന്നതെപ്പോൾ?
4. ദിവാകരൻ അന്വേഷിക്കുന്നത് എന്ത്?
5. പോയട്രി ഇൻസ്റ്റലേഷൻ മലയാളത്തിൽ അവതരിപ്പിച്ചത് ആര്?
6. മലയാളത്തിലെ ആദ്യ കവിതാബ്ലോഗ് ഏത്?
7. അച്ചടിമലയാളം നാടുകടത്തിയ കവിതകൾ, എന്ന ബ്ലോഗിന്റെ ഉടമ ആര്?
8. കുഴൂർ വിത്സന്റെ ആദ്യത്തെ കാവ്യ സമാഹാരം ഏത്?
9. സ്ലോവേനിയൻ സംവിധായക ടിന സുൽക് പോയട്രീ സിനിമയായി ചിത്രീകരിച്ച കുഴൂർ വിത്സന്റെ കവിത ഏത്?
10. കഴിഞ്ഞ ദശാബ്ദത്തിലെ മികച്ച 10 മലയാള പുസ്തകങ്ങളിൽ ഒന്നായി ടൈംസ് ഓഫ് ഇന്ത്യ തിരഞ്ഞെടുത്ത കുഴൂർ വിത്സന്റെ പുസ്തകമേത്?
11. നാലാമിടം എന്ന പേരിൽ ബ്ലോഗു കവിതകൾ സമാഹരിച്ചതാര്?

## Answers to Objective Type Questions

1. കുഴൂർ വിത്സൺ
2. വള
3. കമറൂൾ ലിഫ്റ്റ് ഇറങ്ങുമ്പോൾ.
4. തുണിക്കട
5. കുഴൂർ വിത്സൺ
6. അച്ചടിമലയാളം നാടുകടത്തിയ കവിത കൾ
7. കുഴൂർ വിത്സൺ
8. ഉറക്കം ഒരു കന്യാസ്ത്രീ
9. മരങ്ങൾ ജീവിതത്തിൽ കവിതയിൽ
10. വയലറ്റിനുള്ള കത്തുകൾ
11. കവി സച്ചിദാനന്ദൻ

## Assignments

1. പുതുകവിതകളുടെ പൊതു സവിശേഷതകൾ വിവരിക്കുക.
2. 'കമറൂൾ നാട്ടിൽ പോകുന്നു' എന്ന കവിത പുതുകവിതകളുടെ സവിശേഷതകൾ പ്രകടിപ്പിക്കുന്നതാണോ? - സമർത്ഥിക്കുക.

## Reference


1. ഷീബ ദിവാകരൻ (എഡി.) - പുതുകവിതാ വായനകൾ - പഠനം - പാവനാത്മാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. കുഴൂർ വിത്സൻ - കുഴൂർ വിത്സന്റെ കവിതകൾ - ഡിസി ബുക്സ്, കോട്ടയം
3. ഡോ. എം. എസ്. പോൾ - ഉത്തരാധുനിക കവിതാപഠനങ്ങൾ - റെയിൻബോ ബുക്സ്, കോഴിക്കോട്
4. വി. സി. ശ്രീജൻ - ആധുനികോത്തരം : വിമർശനവും വിശകലനവും, എസ്. പി. സി എസ്., കോട്ടയം.
5. സച്ചിദാനന്ദൻ - മലയാള കവിതാപഠനങ്ങൾ - മാതൃഭൂമി ബുക്സ്, കോഴിക്കോട്.


## E- Content



കുഴൂർ വിത്സൺ

https://youtu.be/DP6Cr1P7zPY
https://ml.m.wikipedia.org/wiki/കുഴൂർ വിൽസൺ

# യൂണിറ്റ് - 10
# ഐസ് ക്യൂബുകൾ

**ഡോണ മയൂര**

## Learning Outcomes

- ഡോണ മയൂരയുടെ കാവ്യജീവിതം പരിചയപ്പെടുന്നു
- ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ പരിചയപ്പെടുന്നു
- ഡോണ മയൂരയുടെ കവിതകളിൽ ഐസ് ക്യൂബിനുള്ള ഇടം കണ്ടെത്തുന്നു
- പ്രമേയപരമായും രൂപപരമായും കവിതകൾക്ക് സംഭവിച്ച മാറ്റം മനസിലാക്കുന്നു

## Prerequisites

ആലിപ്പഴം എന്നു കേട്ടിട്ടില്ലേ? മൈ ഡിയർ കുട്ടിച്ചാത്തൻ എന്ന സിനിമയിലെ 'ആലിപ്പഴം പെറുക്കാൻ' എന്ന ഗാനം കേൾക്കാത്തവർ ചുരുക്കമായിരിക്കും. ആകാശത്തു നിന്ന് ഏറെ കൗതുകം ജനിപ്പിച്ചുകൊണ്ട് ഭൂമിയിലേയ്ക്ക് പതിയ്ക്കുകയും തൊട്ടു നോക്കും നേരം അലിഞ്ഞില്ലാതാകുകയും ചെയ്യുന്ന ഐസ്ക്യൂബുകളാണ് ആലിപ്പഴങ്ങൾ. ഐസ് ക്യൂബുകൾ പോലെ കൗതുകവും ആനന്ദവുമുണർത്തി അലിഞ്ഞില്ലാതാകുന്ന പ്രണയത്തെക്കുറിച്ച് പറയുകയാണ് കവി ഡോണ മയൂര 'ഐസ് ക്യൂബുകൾ' എന്ന കവിതയിലൂടെ.

**കാലവും കവിയും**

1990-കളോടെയാണ് മലയാള സാഹിത്യത്തിൽ ഉത്തരാധുനികത ശക്തി പ്രാപിക്കുന്നത്. അതോടെ ആധുനികതയിൽ നിന്ന് വ്യത്യസ്തമായ നൂതനാവിഷ്ക്കാരങ്ങൾ സാഹിത്യത്തിൽ പ്രകടമാകാൻ തുടങ്ങി. സാങ്കേതികവിദ്യ സംഭാവന ചെയ്ത നവീന ജീവിതവീക്ഷണങ്ങൾ, മാറിയ ജീവിതാനുഭവങ്ങൾ എന്നിവ സാഹിത്യത്തിലും പ്രകടമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. ഉത്തരാധുനിക കവികൾ പരമ്പരാഗത കവിതാഭിരുചികളിൽ നിന്ന് ഭിന്നമായ ഒരു രചനാതന്ത്രം നിർമ്മിക്കുകയുണ്ടായി. കവിതയെ ഒരേ സമയം ലളിതമാക്കാനും സങ്കീർണമാക്കാനും അവർക്ക് കഴിഞ്ഞു. സ്വകാര്യതയും സൂക്ഷ്മതയും ആ കവിതകളുടെ സവിശേഷതയാണ്. പി. പി. രാമചന്ദ്രൻ, സാവിത്രി രാജീവൻ, വി. എം. ഗിരിജ, പി. രാമൻ, എസ് ജോസഫ്, അനിത തമ്പി, ശ്രീകുമാർ കരിയോട്, കുഴൂർ വിൽസൺ, എം. ആർ. രേണുകുമാർ, ബിന്ദു കൃഷ്ണൻ, സിന്ധു കെ. വി., മോഹനകൃഷ്ണൻ കാലടി, കെ. ആർ. ടോണി, വീരാൻകുട്ടി, ടി. പി. രാജീവൻ, ഡോണ മയൂര തുടങ്ങിയവർ ഉത്തരാധുനിക കാലത്തിലെ പ്രധാനപ്പെട്ട കവികളാണ്.

**ഡോണ മയൂര**

ഉത്തരാധുനികതയുടെ സാധ്യതകളെയും സംഘർഷങ്ങളെയും മലയാള കവിതയിൽ കൃത്യമായി അടയാളപ്പെടുത്തിയ കവിയാണ് ഡോണ മയൂര. കവി, ബ്ലോഗർ, കാലിഗ്രാഫിസ്റ്റ് എന്നീ നിലകളിൽ മികവ് തെളിയിച്ചു. ഉത്തരാധുനികത നിർമ്മിച്ച വൈകാരിക സംഘർഷ

ങ്ങളുടെ വിളനിലമാണ് ഡോണ മയൂരയുടെ കവിതകൾ. അവ കാഴ്ചയുടെ സാധ്യതകളെ കൃത്യമായി പ്രയോജനപ്പെടുത്തുന്നു. കാലിഗ്രാഫിയുടെ സ്വാധീനം ഡോണയുടെ കവിതകളിൽ പ്രകടമാണ്. ഐസ് ക്യൂബുകൾ, നീലമൂങ്ങ തുടങ്ങിയവയാണ് പ്രധാനപ്പെട്ട കവിതാസമാഹാരങ്ങൾ. മൂന്ന് ദൃശ്യകവിതാ സമാഹാരങ്ങൾ സ്വീഡനിൽ നിന്നുമാണ് പബ്ലിഷ് ചെയ്തിരിക്കുന്നത്. ലിസണിങ് ടു റെഡ്, അക്രോസ്, ലാംഗ്വേജ് ലൈൻസ് ആൻഡ് പൊയട്രി, ടിംഗ്ലസെ എഡിഷൻസ് എന്നിവയാണവ. ഇറ്റലി, സ്പെയിൻ, സ്വീഡൻ, പോർട്ടുഗൽ, യു.എസ്.എ, കാനഡ, പോളണ്ട് എന്നിവിടങ്ങളിലെ ഇരുപതോളം ഇന്റർനാഷണൽ എക്സിബിറ്റിൽ ഡോണ മയൂരയുടെ ദൃശ്യകവിതകൾ പ്രദർശനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടു.

## Keywords

ഉത്തരാധുനികത - പ്രണയാവിഷ്ക്കാരം - ബിംബകൽപനകൾ - കാലികത - നിഷേധ ഭാവങ്ങൾ - വിരുദ്ധബിംബങ്ങൾ - ദൃശ്യഭാഷ

## 4.10.1 Content

ഐസ് ക്യൂബിന് പ്രണയത്തിന്റെ പരിവേഷം നൽകുന്ന കവിതയാണ് 'ഐസ് ക്യൂബുകൾ'. പരസ്പരം ചേർന്നൊഴുകി, ഒടുവിൽ സ്വയമില്ലാതാകുന്ന പ്രണയഭാവമാണ് കവിതയിലെ കേന്ദ്രാശയം. തമ്മിൽ പിരിയുന്നത് എങ്ങനെയാണെന്ന് കണ്ടുമുട്ടുന്നതിൻ മുൻപേ ചിന്തിക്കുന്ന പ്രണയിതാക്കളിൽ നിന്നാണ് കവിത ആരംഭിക്കുന്നത്. ഇല കൊഴിഞ്ഞൊരു മഞ്ഞുകാലത്ത് പാർക്കിലെ ബഞ്ചിൽ കാലം കൊണ്ടുവെച്ച രണ്ട് ഐസ് ക്യൂബുകൾ പോലെ വേർപിരിയാനാകാതെ ഒന്നിച്ചു പോകുന്നവർ, ഒടുവിൽ തിളച്ചുമറിയുന്ന കാലത്താലും തീപിടിച്ച മേഘഗർജ്ജനത്തിന്റെ അലകളാലും അലിഞ്ഞില്ലാതാകുന്നു. പ്രണയത്തെക്കുറിച്ച് എനിക്കൊന്നും അറിയുകയില്ലെന്നും പ്രണയത്തെക്കുറിച്ച് മാത്രം ഞാനൊരിക്കലുമെഴുതുകയില്ലെന്നും പറഞ്ഞുകൊണ്ട് കവിത അവസാനിക്കുന്നു.

### വരികൾ

'തമ്മിൽ പിരിയുന്നത്
എങ്ങനെയായിരിക്കണം

....................................................................................

രണ്ട് ഐസ് ക്യൂബുകൾ പോലെ നമ്മൾ'

### ആശയ വിശദീകരണം

കണ്ടുമുട്ടുന്നതിന് മുൻപു തന്നെ തമ്മിൽ പിരിയുന്നത് എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റി ഞാൻ ആലോചിച്ചിരുന്നു. അത്രമേൽ നിന്നെ എനിക്കിഷ്ടമായിരുന്നു. ഇല കൊഴിയുന്നൊരു മഞ്ഞുകാലത്ത് ഇനിയും മരവിച്ചിട്ടില്ലാത്തൊരു പാർക്കിലെ ബെഞ്ചിൽ, കാലം കൊണ്ടുവെച്ച ഐസ് ക്യൂബിൽ നിന്നും ഒന്നിച്ച് നാം ഒഴുകിപ്പോകുമെന്ന് കവിവാക്യം.

പുതിയ കാലത്തെ പ്രണയസങ്കൽപത്തെ കവി കൃത്യമായി അടയാളപ്പെടുത്തുന്നു. പ്രണയമാരംഭിക്കുമ്പോൾ തന്നെ കമിതാക്കൾ പിരിയലിനെക്കുറിച്ചും ഓർക്കുന്നു എന്ന് പറയുന്നതിലൂടെ കവിതയിൽ നിഷേധാത്മക ചിന്തയാണ് പങ്കിടുന്നത്. നശ്വരവും അസ്ഥിരവുമായ പ്രണയഭാവത്തെ കവി ഇവിടെ കണ്ടെടുക്കുന്നു. ഇനിയും മരവിച്ചിട്ടില്ലാത്തൊരു പാർക്ക് ബെഞ്ചിൽ കാലം കൊണ്ടുവച്ച രണ്ട് ഐസ് ക്യൂബുകളായി കമിതാക്കളെ കൽപ്പിച്ചിരിക്കുന്നത് ബിംബഭാഷയുടെ സവിശേഷതയാണ്. ഉരുകി ഒലിച്ച് ഇല്ലാതാകും വരെ മാത്രമേ ഐസ് ക്യൂബുകൾക്ക് ഖരാവസ്ഥയിൽ തുടരാൻ കഴിയൂ. അതുപോ

ലെയാണ് പ്രണയവും. കമിതാക്കളെ ഐസ് ക്യൂബുകളോട് ഉപമിച്ചിരിക്കുന്ന കവികൽപ്പന കാവ്യഭാഷയുടെ സവിശേഷതയാണ്. മരവിച്ചിട്ടില്ലാത്ത ബെഞ്ച് കമിതാക്കളുടെ പ്രണയഭരിതമായ ഹൃദയത്തെ കുറിയ്ക്കുന്നു.

പ്രണയം ആപേക്ഷികമാണെന്ന് കവി പറയുമ്പോഴും അതിന്റെ ഭിന്നഭാവങ്ങളെ അവർ കാണാതെ പോകുന്നില്ല. അതു വ്യക്തമാക്കുന്നതിനാണ് ഐസിനെ കേന്ദ്രബിംബമായി തിരഞ്ഞെടുത്തിരിക്കുന്നത്. ഐസ് അലിഞ്ഞില്ലാതാകുമ്പോൾ അതിന് രൂപമാറ്റം സംഭവിക്കുന്നു. അതിന്റെ ഭാവവും വ്യതിചലിക്കുമെങ്കിലും സ്ഥായിഭാവമായ ജലമെന്ന നില അതായിത്തന്നെ തുടരുന്നു. ഐസിന് അലിഞ്ഞ് ജലമാകാൻ കഴിയുന്നതു പോലെ, ജലത്തിന് ഉറഞ്ഞ് ഐസാകാനും കഴിയും. പ്രണയത്തിന്റെ ബഹുസ്വരതയെ ഐസും ജലവുമായി കാണാമെന്ന് സാരം. പ്രണയം ഒരേ സമയം ദൃഢവും അചഞ്ചലവുമാണെന്ന് കവി പറയുന്നു.

## വരികൾ

'അരിച്ച് കയറുന്ന തണുപ്പിനെ

............................................................

ഒഴുകിയൊഴുകി പോകും'

## ആശയ വിശദീകരണം

അരിച്ചു കയറുന്ന തണുപ്പിനെ തുളച്ച് കയറുവാനാവാതെ, നട്ടുച്ച വെയിൽ നമുക്കുമേൽ കുട പിടിയ്ക്കും. ഒടുവിൽ മടിച്ചുകൊണ്ട് തണുപ്പിറങ്ങിപ്പോകും. ഐസ് ക്യൂബുകൾ പരസ്പരം വേർപിരിയാനാകാതെ ഉരുകിയൊലിയ്ക്കുകയും ബെഞ്ചിൽനിന്ന് ഒന്നിച്ച് ഒഴുകിപ്പോകുകയും ചെയ്യും. കമിതാക്കൾ ഐസ് ക്യൂബുകളെ പോലെയായെന്നു കവി പറയുന്നു. കാലത്തിന്റെ മാറിയ അവസ്ഥയിൽ പരിവർത്തനവിധേയമാകുന്ന പ്രണയഭാവത്തെ പകർത്തുകയാണ് കവി. അരിച്ചുകയറുന്ന തണുപ്പിനെ തുളച്ചുകയറാനാകാതെ നട്ടുച്ചയുടെ വെയിൽ അവർക്കുമേൽ കുടപിടിക്കുന്നതിലൂടെ, അവർ ഒരിക്കലും ഉരുകരുതെന്നു കരുതി പ്രതിരോധം സൃഷ്ടിക്കാൻ കവി ശ്രമിക്കുന്നുണ്ട്. പക്ഷേ കുടചൂടുന്ന വെയിലിനാൽ തന്നെ, അവർ ഉരുകി ഒലിച്ചൊഴുകിപ്പോകുന്നു. ഉരുകി ഒലിച്ചിറങ്ങുന്നു എന്ന് പറയുന്നതിലൂടെ കമിതാക്കൾ പ്രണയസംഘർഷം അനുഭവിക്കുന്നുണ്ടെന്ന് മനസിലാക്കാം.

## വരികൾ

'നമുക്കുമേൽ അപ്പോൾ

.................................

കാണുകയും കേൾക്കുകയും

ചെയ്യുന്നു'

## ആശയ വിശദീകരണം

തണുപ്പിറങ്ങുമ്പോൾ അവർ ഒരിക്കലും വേർപിരിയാനാകാത്ത വിധം ബെഞ്ചിൽ നിന്നും ഒലിച്ചിറങ്ങി ഒഴുകിപ്പോകുന്നു. നമുക്കു മുകളിൽ ഇരുളും വെളിച്ചവുമൊരു പിയാനോയായി മാറുന്നു. കാലം ആ പിയാനോയിൽ അവരുടെ 'പ്രണയ സങ്കീർത്തനം' വായിക്കുകയാണ്. അവർക്കു മുകളിൽ തിളച്ചുമറിയുന്ന കടലും, താഴെ ചിറകുകളിൽ തീപിടിച്ച മേഘഗർജ്ജനത്തിന്റെ അലകളുമാണുള്ളത്. അന്നേരം തങ്ങളുടെ പ്രണയം മറ്റുള്ളവർ കാണുകയും കേൾക്കുകയും ചെയ്യുന്നു.

നട്ടുച്ചയിലെ ചൂടേറ്റുരുകുന്ന പ്രണയകർത്താക്കളാകുന്ന 'ഐസ് ക്യൂബുകൾ'ക്ക് ആശ്വാസമായി, കാലം അവരുടെ പ്രണയസങ്കീർത്തനം പിയാനോയിൽ വായിക്കുമെന്നവർ ആശ്വസിക്കുന്നു. അപ്പോൾ നടക്കുന്ന ഭീകരസംഭവങ്ങൾ മറ്റുള്ളവരാണ് കാണുന്നതും കേൾക്കുന്നതുമെന്ന് സാരം. തിളച്ചു മറിയുന്ന കടൽ, ചിറകുകളിൽ തീപിടിച്ച മേഘം, അതിന്റെ ഭയാനകമായ ഗർജ്ജനങ്ങളാകുന്ന അലകൾ എന്നിങ്ങനെ അതിഭീകരങ്ങളായ ബിംബങ്ങൾ ഇവിടെ കവിതയിലും വായനക്കാരിലും ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. ഇരുളും വെളിച്ചവുമെന്നത് രാവും പകലുമെന്നോ ദുഃഖവും സന്തോഷവുമെന്നോ വ്യാഖ്യാനിക്കാം.

## വരികൾ

'പ്രണയത്തെക്കുറിച്ച് എനിക്കൊന്നും

.................................................................

നിന്നോട് ഞാനന്നേ പറഞ്ഞതല്ലേ!'

## ആശയ വിശദീകരണം

പ്രണയത്തെക്കുറിച്ച് എനിക്കൊന്നും അറിയുകയില്ലെന്നും പ്രണയത്തെക്കുറിച്ച് മാത്രം ഞാനൊരിക്കലും എഴുതുകയില്ലെന്നും നിന്നോട് ഞാനന്നേ പറഞ്ഞതല്ലേ എന്ന് കവി ചോദിക്കുന്നു. മാറിയ പ്രണയ സങ്കൽപ്പങ്ങളിൽ താൻ ബോധവതിയല്ലെന്നു സാരം. ഉരുകി ഒലിച്ചുപോയ പ്രണയത്തിന്റെ മുറിവുകളിൽ നിന്നുകൊണ്ടാണ് കവി സംസാരിക്കുന്നത്. കണ്ടുമുട്ടുമ്പോൾ തന്നെ പിരിയലിനെ കുറിച്ച് ഓർക്കുന്ന പ്രണയം, കാലമാകുന്ന പിയാനോയുടെ സംഗീതം, പിരിഞ്ഞു പോകുമ്പോൾ അലിഞ്ഞിലാതാകുന്ന കമിതാക്കൾ, അവരെ കാണുന്ന ലോകം എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ കവി വായനയുടെ അനന്തസാധ്യതകൾ തുറന്നിടുന്നു. പ്രണയത്തിന്റെ ഭിന്നമുഖങ്ങൾ പകർത്തിക്കൊണ്ട് തനിയ്ക്ക് പ്രണയത്തെക്കുറിച്ച് ഒന്നുമറിയില്ലെന്ന് പറയുകയാണ് കവി. ഒരർത്ഥത്തിൽ വ്യാഖ്യാനിക്കും തോറും പുതുക്കപ്പെടുന്നതും വായന തേടുന്നതുമായ ഭിന്ന മുഖങ്ങൾ പ്രണയത്തിനുണ്ട്. മാറിയ കാലവും വീക്ഷണവും പ്രണയ സങ്കൽപ്പങ്ങളെയും മാറ്റിമറിയ്ക്കുന്നു.

## കാവ്യാവലോകനം

വർത്തമാനകാല പ്രണയത്തിന്റെ അരക്ഷിതാവസ്ഥയെ പ്രതിബിംബിക്കുന്ന കവിതയാണ് ഡോണ മയൂരയുടെ ഐസ് ക്യൂബുകൾ. പ്രണയം സമ്മാനിക്കുന്ന സൗന്ദര്യവും സംഘർഷവും ഒരുപോലെ ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. പ്രണയത്തിന്റെ നൂതനാവിഷ്കാരങ്ങളെ കവിത കൃത്യമായി പ്രതിഫലിപ്പിക്കുന്നു. ആദ്യ കണ്ടുമുട്ടലിൽ തന്നെ തമ്മിൽ പിരിയുന്നത് എങ്ങനെയായിരിക്കണമെന്നു ചിന്തിപ്പിച്ചു കൊണ്ട് കവി പരമ്പരാഗത പ്രണയസങ്കല്പങ്ങളെ നിഷേധിക്കുകയാണ് ചെയ്യുന്നത്. വിപരീത ബിംബങ്ങളിലൂടെ കവി പ്രണയത്തിന്റെ ഭിന്ന തലങ്ങൾ കൃത്യമായി അവതരിപ്പിച്ചിരിക്കുന്നു. കാഴ്ചയും പറച്ചിലുമാണ് കവിതയുടെ രൂപത്തെ ഭദ്രമാക്കുന്ന രണ്ട് ഘടകങ്ങൾ. ഒരേ സമയം കവിതയ്ക്കുള്ളിലും പുറത്തും നിൽക്കുന്ന കവിയെ നമുക്ക് കാണാം.

## കാവ്യബിംബങ്ങൾ

നശ്വരവും ചഞ്ചലവുമായ വൈകാരിക ഭാവമാണ് കവിതയിൽ പ്രണയം. നൈമിഷികമായ അതിന്റെ ആയുസ്സിനെ ഐസ് ക്യൂബുകളോട് താദാത്മ്യപ്പെടുത്തുന്നത് കവിയുടെ സൂക്ഷ്മ ഭാവനയാണ്. ഉപമയാണ് പ്രധാന അലങ്കാരം. ബിംബഭാഷയിലൂടെയാണ് പ്രണയഭാവങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കാലം പിയാനോയിൽ വായിക്കുന്ന പ്രണയ സങ്കീർത്തനം പ്രണയത്തിന്റെ ഭിന്ന ഭാവങ്ങളെ സ്വാംശീകരിക്കുന്നു. തിളച്ചുമറിയുന്ന കടലിനെ മുകളിലായും, ചിറകുകളിൽ തീ പിടിച്ച മേഘഗർജ്ജനങ്ങളുടെ അലകളെ താഴെയായും ക്രമീകരിച്ചിരിക്കുന്നത് വിരുദ്ധബിംബങ്ങളിലൂടെ നിർമ്മിതമായ കാവ്യഭാഷയ്ക്ക് ഉദാഹരണമാണ്. ഉപമ - അലങ്കാരം

## Recap

1. ഉത്തരാധുനിക കവിത, കാലികത
2. പ്രണയത്തിന്റെ ഭിന്ന ഭാവങ്ങൾ, മാറിയ പ്രണയ സങ്കൽപങ്ങൾ
3. അരക്ഷിതാവസ്ഥയും നൈരാശ്യവും, നിസ്സാരതയും നിസ്സഹായതയും
4. ഐസ് ക്യൂബുകൾ പോലെ പ്രണയം - ബിംബഭാഷ
5. നശ്വരവും ചഞ്ചലവുമായ പ്രണയസങ്കൽപം
6. പ്രണയത്തിന്റെ സൗന്ദര്യവും സംഘർഷവും
7. നിഷേധ ഭാവങ്ങൾ, വിരുദ്ധബിംബങ്ങൾ - ദൃശ്യ ഭാഷ

## Objective Type Questions

1. ഡോണ മയൂരയുടെ ആദ്യ കവിതാ സമാഹാരം ഏത്?
2. പ്രണയത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
3. തമ്മിൽ പിരിയുന്നത് എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റി കവി ചിന്തിക്കുന്നത് എപ്പോഴാണ്?
4. ഇനിയും മരവിച്ചിട്ടില്ലാത്ത എന്തിലാണ് കാലം ഐസ് ക്യൂബുകൾ കൊണ്ടു വെക്കുന്നത്?
5. കാലം എന്താണ് പാർക്ക് ബഞ്ചിൽ കൊണ്ടു വച്ചത്?
6. കവിതയിൽ അരിച്ച് കയറുന്നത് എന്താണ്?
7. തുളച്ച് കയറാനാകാതെ നിൽക്കുന്നതെന്ത്?
8. നമുക്കു മേൽ കുട പിടിയ്ക്കുന്നതെന്ത്?
9. മടിച്ച് മടിച്ച് എന്താണ് ഇറങ്ങിപ്പോകുന്നത്?
10. വേർപിരിയാനാകാതെ എവിടെ നിന്നാണ് നാം ഒഴുകിപ്പോകുന്നത്?
11. നമുക്ക് മുകളിൽ ഇരുളും വെളിച്ചവും എന്താകുന്നു?
12. കാലം എന്താണ് പിയാനോയിൽ വായിക്കുന്നത്?
13. മുകളിൽ തിളച്ചുമറിയുന്നത് എന്താണ്?
14. ചിറകുകളിൽ തീപിടിച്ചത് എന്തിന്റെ അലകൾക്കാണ്?
15. കാണുകയും കേൾക്കുകയും ചെയ്യുന്നതാര്?
16. പ്രണയത്തെക്കുറിച്ച് കവിയ്ക്ക് എന്താണ് അറിയാത്തത്?
17. എന്തിനെക്കുറിച്ചാണ് ഞാനൊരിക്കലും എഴുതുകയില്ലെന്ന് കവി പറയുന്നത്?
18. 'നീലമൂങ്ങ' ആരുടെ കവിതാ സമാഹാരമാണ്?

## Answers to Objective Type Questions

1. ഐസ് ക്യൂബുകൾ
2. ഐസ് ക്യൂബുകൾ
3. കണ്ടുമുട്ടിയപ്പോഴേ
4. പാർക്ക് ബെഞ്ചിൽ
5. ഐസ് ക്യൂബുകൾ
6. തണുപ്പ്
7. നട്ടുച്ച വെയിൽ
8. നട്ടുച്ച വെയിൽ
9. തണുപ്പ്
10. ബഞ്ചിൽ നിന്നും
11. പിയാനോ
12. പ്രണയ സങ്കീർത്തനം
13. കടൽ
14. മേഘഗർജ്ജനത്തിന്റെ
15. മറ്റുള്ളവർ
16. ഒന്നുമറിയില്ല
17. പ്രണയത്തെക്കുറിച്ച്
18. ഡോണ മയൂര

## Assignments

1. ഉത്തരാധുനിക മലയാള കവിതയുടെ സവിശേഷതകൾ - ഉപന്യസിക്കുക.
2. ഉത്തരാധുനികതയും പെൺകവികളും - ഉപന്യസിക്കുക.
3. ഡോണ മയൂരയുടെ കാവ്യജീവിതം - ഉപന്യസിക്കുക.
4. പ്രണയത്തിന്റെ ഭിന്നഭാവങ്ങൾ ഐസ് ക്യൂബുകളിൽ - കുറിപ്പെഴുതുക.
5. ഐസ് ക്യൂബുകളിലെ കാവ്യഭാഷ - കുറിപ്പെഴുതുക.

## Reference


- ഡോണമയൂര - ഐസ് ക്യൂബുകൾ, ഇൻസൈറ്റ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
- എൻ. അജയകുമാർ - കവിതയുടെ വഴികൾ.
- ഡോ. മനോജ് കുറൂർ - ഐസ് ക്യൂബുകൾ അവലോകനം.
- നിഷി ജോർജ് - അതിശൈത്യത്തിൽ പൊട്ടിവിടരുന്ന ചോളമണികൾ.


## E-Content




ഡോണ മയൂര


https://malayalam.indianexpress.co
m/literature/sankada-poem-dona-mayooral

അഭിമുഖം
https://www.manoramaonline.com/literature/interviews/in-conversation-with-dona-mayoora.html

https://youtu.be/BkYf78ppw4w
https://www.eastcoastdaily.com/literature/1152

പുസ്തകങ്ങൾ








# യൂണിറ്റ് - 11
# അല്ലാതെന്ത്

ടി. പി. വിനോദ്

## Learning outcomes

- ഉത്തരാധുനിക കവിതയുടെ പൊതുസ്വഭാവങ്ങൾ വെളിവാക്കുന്നു
- ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലോകമെമ്പാടും ആവിർഭവിച്ച നൂതന പ്രവണതയായ ഉത്തരാധുനികതയെപ്പറ്റി മനസിലാക്കുന്നു
- മലയാളത്തിലെ ഉത്തരാധുനിക കവികളേയും കൃതികളെയും പറ്റി അറിയുന്നു
- അല്ലാതെന്ത് എന്ന കവിതയിൽ വെളിവാക്കുന്ന നൂതന പ്രവണതകളെ തിരിച്ചറിയുന്നു
- ടി.പി. വിനോദിന്റെ കാവ്യരീതി പരിചയപ്പെടുന്നു

## Prerequisites

നാട്ടിൽ സന്തോഷമായാലും സങ്കടമായാലും പൊതുവേ പറയുന്ന ഒരു വാചകമുണ്ട്. ഒരാൾക്ക് സന്തോഷമുണ്ടായാൽ പറയും അയാളുടെ ഭാഗ്യം, അല്ലാതെന്ത്, എന്നാൽ സങ്കടമായാൽ അയാളുടെ കഷ്ടകാലം അല്ലാതെന്ത്. ഇത്തരത്തിൽ സ്ഥാനത്തും അസ്ഥാനത്തും നാം ഈ പദം പ്രയോഗിക്കാറുണ്ട്. ആ പദത്തിലുള്ള ഒരു കവിതയാണ് നമുക്ക് പഠിക്കാനുള്ളത്. ടി.പി. വിനോദിന്റെ 'അല്ലാതെന്ത്' - ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആവിർഭവിച്ച ഉത്തരാധുനികതയുടെ പ്രധാനസവിശേഷത അത് അന്നുവരെയുണ്ടായിരുന്ന കവിതയുടെ പാരമ്പര്യഘടകങ്ങളെ നഖശിഖാന്തം എതിർത്തു എന്നതാണ്. സാമൂഹികാവബോധം പ്രതിഫലിക്കുന്നതിലൂടെ സാഹിത്യ സൃഷ്ടികളുടെ സ്വാഭാവികധർമ്മം നിറവേറ്റിക്കൊണ്ടാണ് ഉത്തരാധുനിക കവിതകൾ രചിക്കപ്പെടുന്നത്. മലയാള സാഹിത്യത്തിലെ പ്രസിദ്ധരായ ഉത്തരാധുനിക കവികൾ എം. ആർ. രേണുകുമാർ, കെ. ആർ.ടോണി, എസ്. ജോസഫ്, പി. രാമൻ, എം. എസ്. ബനേഷ്, വി. എം. ഗിരിജ, ടി. പി. വിനോദ്, അനിത തമ്പി, ഡോണ മയൂര, ടി. പി. രാജീവൻ, ബിന്ദു കൃഷ്ണ തുടങ്ങിയവരാണ്.

2006 മുതൽ ലാപുട - എന്ന മലയാളകവിതാ ബ്ലോഗിൽ ടി.പി.വിനോദ് എഴുതുന്നു. അല്ലാതെന്ത്, നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ എന്നിവ കവിതാ സമാഹാരങ്ങളാണ്. മിനിമൈസ് ഭാഷ ( ചുരുക്ക ഭാഷ ) അദ്ദേഹത്തിന്റെ കവിതയുടെ പ്രത്യേകതയാണ്. ചുരുക്ക ഭാഷയിലാണീ കവിത രചിച്ചത്. ഗണിതശാസ്ത്രത്തിലെ ജ്യാമിതീയ പ്രശ്നങ്ങളിൽ ബീജഗണിതരീതിയായ കാർട്ടീഷ്യൻ പദ്ധതിയും തന്റെ കവിതകളിൽ അദ്ദേഹം പരീക്ഷിച്ചിട്ടുണ്ട്. ടി.പി. വിനോദ്, ശ്രീകണ്ഠപുരം എസ്.ഇ.എസ്. കോളേജ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസ് (മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ദക്ഷിണ കൊറിയയിലെ കോംഗ്ജു നാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്നും രസതന്ത്രത്തിൽ പി.എച്ച്.ഡി. ഇസ്രയേലിലെ ബെൻ ഗുരിയോൺ യൂണിവേഴ്സിറ്റി, അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് നെബ്രാസ്ക എന്നിവിടങ്ങളിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം. ഇപ്പോൾ ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ കെമസ്ട്രി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ. കവിതകൾ

ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഹോട്ടൽ പെട്ടെന്ന്, ഒരു ടേക്കിംഗിന്റെ ഓർമ്മ, യാദ് വാശെം, ഒരു അപസർപ്പക കവിതയുടെ ടെയിലർ, സത്യമായും ലോകമേ, പകർപ്പ്, തുരന്നടുത്ത്, ഒരു ലോകകപ്പ് രാത്രിയുടെ ഡയറികുറിപ്പ്, 1906657, ജീവിതവും നമ്മളും, ബയോഡാറ്റ, എന്നിവ പ്രധാന പുതുകവിതകളാണ്. നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ, അല്ലാതെന്ത്? എന്നീ രണ്ട് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## Key words

ഉത്തരാധുനിക കവിത - ബിംബ ഭാഷ - കാർട്ടീഷ്യൻ രീതി - ധ്വന്യാത്മകത -മിനിമൈസ് ഭാഷ - ദൃശ്യവത്കരണം

## 4.11.1 Content

ശാസ്ത്രമാണ് ടി പി വിനോദിന്റെ ഒരു ലോകം. മറ്റൊന്ന് കവിതയും. ഇതു രണ്ടിനുമിടയിലുള്ള, തത്വചിന്തയുടെയും സാമൂഹികതയുടെയും സാഹിത്യത്തിന്റെയുമൊക്കെ ഇടങ്ങളിലാണ് വിനോദിന്റെ കവിതകൾ സഞ്ചരിക്കുന്നത്. മിനിമലിസം എന്നു വിളിക്കാവുന്ന ഭാഷയുടെ, ആഖ്യാനത്തിന്റെ ചെത്തിത്തേച്ച ഘടനയാണ് ആ കവിതകൾക്ക്. എന്നാൽ, എല്ലാത്തിനെക്കുറിച്ചും ആഴത്തിലങ്ങ് സംസാരിച്ചുകളയാം എന്നു കരുതുന്ന ഒരാളേയല്ല കവിതയിൽ. പകരം, ഏറ്റവും നിസ്സംഗതയോടെ, ഒട്ടും ഒച്ചയില്ലാതെ, സൗമ്യമായി വായനക്കാരോട് സംവദിക്കുന്ന ഒരാളാണ്. സൗന്ദര്യത്തിന്റെയും ഭാവനയുടെയും രൂപപരതയുടെയും ഉറപ്പുള്ള ഫ്രെയിമുകൾക്കുള്ളിലല്ല കവിത സംഭവിക്കുന്നത്. രാഷ്ട്രീയവും സാമൂഹ്യാവസ്ഥകളുമൊക്കെ തീർക്കുന്ന ഒരടിനൂൽ അതിനുണ്ട്. ധൈഷണികമായ സാദ്ധ്യതകളിലേക്ക് ഊളിയിട്ട് തിരിച്ചുപൊന്തുന്ന ഒരു മീൻകൊത്തിയുടെ സൂക്ഷ്മതയോടെ അദ്ദേഹം തന്റെ കവിതകളിലൂടെ സഞ്ചരിക്കുന്നു. നമുക്ക് ഇടയ്ക്കിടെ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ചില ഭൂപ്രദേശങ്ങൾ പോലെ വായനക്കിടയിൽ ഇടയ്ക്കിടെ വന്നിരിക്കാൻ കൊതിക്കുന്ന ചില വ്യതിരിക്തത കവിതയുടെ വായനസ്ഥലികളിലുണ്ട്. അങ്ങനെ ഒരിടമാണ് സമകാല കവിതയിൽ ടി പി വിനോദിന്റെ കവിതകൾ. ഏകാന്തതയുടെ വ്യത്യസ്ത ഭാവങ്ങളെ കവി വരച്ചുകാട്ടുന്നുണ്ട് , സാമൂഹ്യ ജീവിയായ കവി സഹജീവികളുടെ സങ്കടത്തെയും സന്തോഷത്തെയുമെല്ലാം തിരിച്ചറിയുന്നു. ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നു. അല്ലാതെന്തെന്ന വാക്കുപയോഗിക്കുന്നു. അല്ലാതെന്ത് - എന്ന കവിതയിൽ ഈ പ്രമേയമാണുൾപ്പെട്ടിട്ടുള്ളത്.

### വരികൾ

'നിങ്ങൾക്ക് സങ്കടം തോന്നുന്നു

.....................................................................

സങ്കടത്തെ പിന്തുടരുന്നു. (അല്ലാതെന്ത്?)'

### ആശയ വിശദീകരണം

ഉത്തരാധുനിക കവിതയുടെ പ്രമേയം വ്യത്യസ്തവും നൂതനവുമായിരിക്കും. അത്തരത്തിൽ മനുഷ്യൻ അനുഭവിക്കുന്ന ഏകാന്തതയുടെ വ്യത്യസ്ത ഭാവങ്ങളെ വരച്ചുകാട്ടുകയാണ് കവി. ഇവിടെ മറ്റൊരാളിന്റെ സങ്കടം കവി തിരിച്ചറിയുന്നു. ഭാരതീയ കവിസങ്കല്പത്തിൽ ഈ ക്രാന്തദർശിത്വത്തിനു (മുൻകൂട്ടി കാര്യങ്ങൾ കാണാനുള്ള കഴിവ്) വളരെയേറെ പ്രാധാന്യമുണ്ട്. അത്തരത്തിൽ സാമൂഹിക ജീവിയായ കവി മറ്റൊരാളുടെ സങ്കടത്തെ തിരിച്ചറിയുന്നു. മാത്രമല്ല അതിന്റെ കാരണത്തെ അന്വേഷിച്ച് കണ്ടെത്തുകയും ചെയ്യുന്നു. ഇപ്രകാരം സങ്കടം തോന്നുന്നല്ലോ എന്ന സങ്കടം സങ്കടത്തെ പിന്തുടരുന്നുമുണ്ട്. എല്ലാറ്റിനും അവസാനം അല്ലാതെന്ത് എന്ന ആശ്വാസ വാക്കിൽ അഭയം പ്രാപിക്കുന്നു.

## വരികൾ

'നിങ്ങൾക്ക് സന്തോഷം തോന്നുന്നു

........................................................................................

മടുപ്പിനോട് നിഴലായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു (അല്ലാതെന്ത്?)'

## ആശയ വിശദീകരണം

സങ്കടത്തിനുശേഷമുണ്ടായ സന്തോഷത്തെയാണ് കവി അടുത്തതായി സൂചിപ്പിക്കുന്നത്. സന്തോഷം തോന്നുന്നുവല്ലോ എന്ന സന്തോഷം നിങ്ങൾക്ക് സമ്മാനിക്കുന്നത് സന്തോഷമാണെന്ന് കവി പറയുന്നു. അതാവട്ടേ സന്തോഷത്തിന്റെ തോളിൽ കൈയിട്ടു കൊണ്ടാണ് വരുന്നത്. അതിനാൽ നിങ്ങൾ പൂർണ്ണ സന്തോഷവാനാണെന്ന് കവി അനുമാനിക്കുന്നു. എന്നാൽ മാറിവരുന്ന സങ്കടത്തിനും സന്തോഷത്തിനും ശേഷം നിങ്ങൾക്കുണ്ടാകുന്നത് മടുപ്പാണെന്ന് കവി കണ്ടെത്തുന്നു. മടുപ്പ് തോന്നുന്നല്ലോ എന്ന മടുപ്പിനോട് ഘടിപ്പിക്കപ്പെട്ടിരിക്കുന്നത് നിഴലാണെന്നും കവി പറയുന്നു. സന്തോഷത്തിനവസാനവും അല്ലാതെന്ത്? എന്ന ഭംഗിവാക്കോടെ കവി അടുത്ത ഭാഗത്തേക്കു കടക്കുന്നു.

## വരികൾ

'പക തോന്നുന്നല്ലോ എന്ന പക

നാഡികളിലൂടെയിരമ്പുന്ന വഴിക്ക് എതിരെ വന്ന

........................................................................................

എന്നീ തോന്നലുകളിലൂടെ

നിങ്ങളെ നിങ്ങൾക്ക് തോന്നി കൊണ്ടിരിക്കുന്നു. (അല്ലാതെന്ത്?)'

## ആശയ വിശദീകരണം

ഇവിടെ സ്നേഹം, പക, എന്നീ മനുഷ്യവികാരങ്ങളുടെ വ്യത്യസ്തതലങ്ങൾ കവി സൂചിപ്പിക്കുന്നു. അല്ലാതെന്ത് എന്ന തോന്നലുകളിലൂടെ നിങ്ങൾ തന്നെ നിങ്ങളെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു എന്ന് കവി വിശദമാക്കുന്നു. ഇങ്ങനെ പറയുന്നതിലൂടെ കവി വ്യക്തിനിഷ്ഠമായ അനുഭവങ്ങളുടെ വ്യത്യസ്തമായ വിനിമയത്തെയാണ് സൂചിപ്പിക്കുന്നത്. പരസ്പര ബന്ധമില്ലാതെ വിഷയങ്ങളെ ഏകോപിപ്പിക്കുകയെന്നത് ഉത്തരാധുനിക കവിതയുടെ പൊതുസവിശേഷതയാണ്. ഇത്തരത്തിലുള്ള വിരുദ്ധമായ പ്രതീകങ്ങളാണ് ഇവിടെ കവി അവതരിപ്പിച്ചിരിക്കുന്നത്.

## കാവ്യാവലോകനം

ആത്യന്തികമായി കവിത നൽകുന്നത് വിനോദം തന്നെ. എന്നാൽ കേവലവിനോദം മാത്രം മതിയാവുകയില്ല. അതിൽ നാം വസിക്കുന്ന രാഷ്ട്രീയമായ ഉള്ളടക്കം ഉണ്ടാകും. അപ്പോൾ ജനാധിപത്യപരമായ ഒരു നിലപാട് മിക്കപ്പോഴും വലിയതോതിൽ സങ്കീർണ്ണമാകും. ആ സങ്കീർണ്ണതയെയാണ് ടി.പി. വിനോദ് തന്റെ കവിതകൾകൊണ്ട് അഭിമുഖീകരിക്കുന്നത്. അത് തത്വചിന്തയുടെ അകവും പുറവുമായി, ഭാഷാപരമായ കേളിയായി, പരിഹാസവും പ്രതിഷേധവും ധ്വനിപ്പിച്ച്, കാപട്യത്തെ കണക്കിന് കിഴുക്കി, അങ്ങനെ ആശയം കൊണ്ടുള്ള ഒരുതരം ട്രപ്പീസുകളിയായി കവിത മാറുന്നു. ആ ശൈലി വശീകരിച്ചു കളയുന്നതാണ് എന്ന് പറയാതെ വയ്യ. അത്യന്തികതയിലും അജ്ഞേയതയിലും രാഷ്ട്രീയത്തിന്റെ അസംബന്ധതയിലും നിന്നുകൊണ്ടാണ് ടി.പി. വിനോദിന്റെ കവിതകൾ സംവദിക്കുന്നത്. തത്വചിന്തയ്ക്ക് ഏറ്റവും അനുയോജ്യമായ ഇടം അധികാരരാഷ്ട്രീയത്തിന്റെ അസംബന്ധങ്ങളല്ലാതെ മറ്റെന്തുണ്ട്? ഭാവനയുടെ പുതിയൊരു സ്പേയ്സാണ് ടി.പി. വിനോദിന്റെ കവിത. അതായത്, മലയാളകവിതയിൽ ഇപ്പോൾ കടലോര ജീവിതമുണ്ട്, ദളിത് ഇടങ്ങളുണ്ട്, കാടും ആദിവാസി ജീവിതവുമുണ്ട്. സ്ത്രീ, ലിംഗവ്യതിരിക്തതയുണ്ട്. നഗരഗ്രാമ പൊതുധാരകളുണ്ട്. അതിൽ നിന്നൊക്കെ വ്യത്യസ്തമായ വൈഷണിക ഭാവനയുടെ ഒരു സ്പെയ്സാണ് വിനോദ് ഒരുക്കുന്നത്. അതിൽ ശാസ്ത്രചിന്തയുടെ വ്യാപ്തിയുണ്ട്. മാനവികതയുടെ പ്രശ്നങ്ങളുണ്ട്. അതിസാധാരണ ജീവിതത്തിന്റെ നിഴലിടങ്ങളുണ്ട്. മതേതരഭാവനയുടെ ഊർജ്ജമുണ്ട്. പൗരസങ്കല്പങ്ങളുടെ ജനാധിപത്യപരമായ സങ്കടങ്ങളുണ്ട്. പ്രണയത്തിന്റെ

പ്രഹേളികയുണ്ട്. അതൊക്കെ ഉണ്ടായിരിക്കുമ്പോഴും അത് വൈകാരികത കളിക്കുന്നില്ല. ഒരു തരം ചിരി നിറച്ചു വച്ചാണ് കവിതകളുടെ സഞ്ചാരം.

കവിതകൾകൊണ്ട് കുഴയ്ക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ് കവി. കുഴയ്ക്കുന്ന പ്രശ്നങ്ങളുടെ കവിയാണ് ടി.പി. വിനോദ് എന്നും പറയാം. ജീവിതത്തെ ഒരു പ്രഹേളികയായി നോക്കുന്നവൻ. പദപ്രശ്നങ്ങളുടെ യുക്തികൊണ്ട് കവിതയെ മെരുക്കുന്നവൻ. കുരുക്കഴിച്ചു കുരുക്കഴിച്ചുപോകുന്ന ഒരുതരം ഗണിതബോധം. എന്നാൽ ഒന്നുമില്ല ഒന്നുമില്ല എന്നോർത്തു ചിരിക്കുന്നതിന്റെ ഒച്ച. മാത്രമല്ല, ഭാഷയോ, പ്രബന്ധഭാഷയുടെ പാരഡിപോലെ. ജീവിതത്തിന്റെ ആയുക്തിയെ കവിത കൊണ്ട് ആഘോഷിക്കുകയാണ് ടി.പി. വിനോദ്. ഒന്നു കൊണ്ടും തീർപ്പു കൽപ്പിക്കാൻ പറ്റാത്ത ജീവിതം ഇങ്ങനെ നീണ്ടു നിവർന്നു കിടക്കുകയല്ലേ. ആ നിലയ്ക്ക് ജീവിതത്തിന്റെ സന്ദേഹത്തെപ്പറ്റിയുള്ള കവിതകളുമാകുന്നു ടി.പി. വിനോദിന്റേത്. ആധുനിക വൈജ്ഞാനിക ശാഖകളോടാണ് ഈ കവിതകൾക്ക് ചാർച്ച. 'അല്ലാതെന്ത്' എന്ന കവിതയും ആധുനികോത്തര സമകാലിക വ്യവഹാരങ്ങളുടെ എല്ലാ സവിശേഷതകളും പ്രകടിപ്പിക്കുന്നു. സമകാല സമൂഹത്തിൽ എന്തൊക്കെ സംഭവങ്ങൾ ഉണ്ടായാലും നാം ഉപയോഗിക്കുന്ന ഒരു വാക്കു കൊണ്ട് ഒരു കവിതയിലൂടെ വിശാലമായ അർത്ഥതലം അവതരിപ്പിക്കുന്നു. 'അല്ലാതെന്ത്?' എന്ന വാക്ക് മനുഷ്യരുടെ ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും സ്ഥാനത്തും അസ്ഥാനത്തുമെല്ലാം ഉപയോഗിക്കുന്നു. അതിന്റെ വ്യത്യസ്ത ഭാവങ്ങളും അവസ്ഥകളുമാണ് കവിത. സന്തോഷമായാലും സങ്കടമായാലും 'അല്ലാതെന്ത്?' എന്ന വാക്കു നിരന്തരം ഉപയോഗിച്ചു കൊണ്ടേയിരിക്കുന്നു. അത് ഒരു പ്രഹേളികയായി നീണ്ടു പോകുന്നു.

## Recap

- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- സാങ്കേതികവിദ്യയുടെ അവിഭാജ്യഘടകമായ മിനിമൈസിനെ കവിതയിൽ ആരോപിക്കുന്ന നൂതന രീതി, ഉത്തരാധുനിക കവിതയുടെ നൂതന ആഖ്യാനതന്ത്രം, ഇവയൊക്കെ ഈ കവിത വരച്ചുകാട്ടുന്നു
- സമകാലിക ജീവിതാവസ്ഥയിൽ ഒറ്റപ്പെട്ടു കഴിയുന്ന മനുഷ്യരുടെ നിസ്സഹായാവസ്ഥയാണീ കവിതയിലൂടെ വെളിവാകുന്നത്
- ഒരേ സമയം അനേകം തലങ്ങളിലൂടെ, വ്യത്യസ്ത അനുഭവങ്ങളിലൂടെ (സങ്കടം, സന്തോഷം) സഞ്ചരിക്കേണ്ടിവരുന്ന മനുഷ്യരുടെ വ്യക്തിനിഷ്ഠമായ വിഹ്വലതകളാണിവിടെ പ്രതിപാദിക്കുന്നത്
- ഏതു പ്രശ്നങ്ങളെയും പ്രതീകാത്മകമായി നിസ്സാരവത്ക്കരിക്കുന്ന രീതിയിൽ 'അല്ലാതെന്ത്' എന്ന പുതുകവിതയുടെ സ്വഭാവം ഈ കവിത വരച്ചുകാട്ടുന്നു

## Objective Type Questions

1. സന്തോഷത്തിന്റെ തോളിൽ കൈയ്യിട്ടു വരുന്നത് എന്താണെന്നാണ് കവി പറയുന്നത്?
2. മടുപ്പ് എന്തിനോട് ഘടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് കവി പറയുന്നത്?
3. അല്ലാതെന്ത്? എന്ന കവിതയിൽ ഏതൊക്കെ മനുഷ്യവികാരങ്ങളെയാണ് കവി അവതരിപ്പിക്കുന്നത്?
4. ഈ കവിതയിൽ സങ്കടത്തെ പിന്തുടരുന്നത് എന്താണെന്നാണ് കവി പറയുന്നത്?
5. ഈ കവിതയിൽ പകവരുന്ന വഴി ഏതാണ്?

6. നാഡികളിലൂടെ ഇരമ്പുന്ന വഴിക്ക് എതിരെ വരുന്നതെന്താണെന്നാണ് കവി പറയുന്നത്?
7. ടി.പി.വിനോദിന്റെ കവിതയുടെ പ്രധാന പ്രത്യേകതകൾ എന്താണ്?
8. കവിയുടെ പ്രധാന കവിതാ സമാഹാരങ്ങൾ ഏതെല്ലാം?
9. ടി.പി.വിനോദ് എഴുതുന്ന കവിതാ ബ്ലോഗ് ഏതാണ്?

## Answers to Objective Type Questions

1. സന്തോഷം തോന്നുന്നല്ലോ എന്ന സന്തോഷം
2. നിഴലിനോട്
3. സങ്കടം, സന്തോഷം, മടുപ്പ്, പക, സ്നേഹം, തത്ത്വചിന്ത
4. സങ്കടം തോന്നുന്നല്ലോ എന്ന സങ്കടം
5. നാഡികളിലൂടെ ഇരമ്പുന്ന വഴി
6. സ്നേഹം
7. പ്രതീകാത്മകത, കാർടീഷ്യൻ രീതി, മിനിമൈസ് ഭാഷ
8. അല്ലാതെന്ത്?, നിലവിളിയെക്കുറിച്ചുള്ള കടങ്കഥകൾ
9. ലാപുട

## Assignments

1. ഉത്തരാധുനിക കവിതയുടെ പ്രത്യേകതകൾ ചർച്ച ചെയ്യുക.
2. 'അല്ലാതെന്ത്' എന്ന കവിതയിലൂടെ ആവിഷ്കൃതമാകുന്ന ഉത്തരാധുനിക പ്രവണതകളെക്കുറിച്ച് വിവരിക്കുക.

## Reference


1. കെ. പി. അപ്പൻ – ഉത്തരാധുനികത – വർത്തമാനവും വംശാവലിയും, ഡി.സി. ബുക്സ്, കോട്ടയം .
2. പി. കെ. പോക്കർ – ആധുനികോത്തരതയുടെ കേരളീയ പരിസരം, ലീഡ് ബുക്സ് കോഴിക്കോട്.
3. ടി. ടി. ശ്രീകുമാർ – ഉത്തരാധുനികതയ്ക്കപ്പുറം, ഡി.സി. ബുക്സ്, കോട്ടയം


## E- Content



ടി.പി.വിനോദ്

https://youtu.be/Ezrgx88fVto

https://www.asianetnews.com/literature-magazine/poem-by-tp-vinod-pvrnfu

# Model Question Paper
# Set-01

## SREENARAYANAGURU OPEN UNIVERSITY

QP CODE : .........

Reg. No : .........................
Name : .......................

FIRST SEMESTER B.A. MALAYALAM LANGUAGE AND LITERATURE EXAMINATION
DISCIPLINE CORE - 1- B21ML01DC - മലയാളകവിത:ആധുനികം
( CBCS - UG )
2022-23 - Admission Onwards

**Time: 3 Hours** **Max Marks: 70**

---

**Section A**

**I. ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. ദൈവദശകത്തിൽ ശ്രീനാരായണഗുരു ജീവിതസാഗരം കടക്കാനുള്ള ആവിക്കപ്പലായി പറയുന്നതെന്തിനെയാണ്?
2. ദളിത് ജനതയുടെ വിമോചന പോരാട്ടത്തെ ഉയർത്തിപ്പിടിക്കുന്ന പൊയ്കയിൽ കുമാര ഗുരുവിന്റെ കവിത?
3. മലയാള കവിതാലോകത്ത് 'സ്നേഹഗായകൻ' എന്നറിയപ്പെടുന്ന കവിയാര്?
4. വള്ളത്തോൾ രചിച്ച മഹാകാവ്യം ഏത്?
5. 'മലയാളത്തിന്റെ ഓർഫ്യൂസ്' എന്ന് ചങ്ങമ്പുഴയെ വിശേഷിപ്പിച്ചതാര്?
6. വൈലോപ്പിള്ളിക്ക് 1981 ൽ വയലാർ അവാർഡ് നേടിക്കൊടുത്ത കൃതിയേത്?
7. ഏത് കവിയെ അനുസ്മരിച്ചുകൊണ്ട് അക്കിത്തം എഴുതിയ കവിതയാണ് നിത്യമേഘം?
8. 'ആധുനിക മലയാള കവിതയിലെ സൂര്യതേജസ്' എന്ന് സാംസ്കാരിക കേരളം വിശേഷിപ്പിച്ച കവി?
9. മഹാഭാരതത്തിലെ വനപർവ്വത്തെ അടിസ്ഥാനമാക്കി ഡി.വിനയചന്ദ്രൻ രചിച്ച കവിതയേത്?
10. പടയണിയുടെ താളം കവിതയിലേക്ക് ആവാഹിച്ച കവി?
11. 'പ്രണയം ഒരു ആൽബം' എന്നത് ആരുടെ കവിതാസമാഹാരമാണ്?
12. 2019 ൽ പി. രാമന് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിക്കൊടുത്ത കൃതിയേത്?
13. ഏതു കവിതാസമാഹാരത്തിൽ ഉൾപ്പെട്ട കവിതയാണ് 'ഹൊഗനേക്കൽ'?
14. 'ഖേദപൂർവ്വം മരങ്ങൾ' എന്ന കവിത രചിച്ചതാര്?
15. ടി. പി. വിനോദ് കവിതയെഴുതുന്ന ബ്ലോഗിന്റെ പേരെന്ത്? **(1 x 10 = 10 )**

## Section B

## II. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

16. "അന്നവസ്ത്രാദി മുട്ടാതെ
    തന്നു രക്ഷിച്ചു ഞങ്ങളെ
    ധന്യരാക്കുന്ന നീയൊന്നു
    തന്നെ ഞങ്ങൾക്കു തമ്പുരാൻ - ആശയം വ്യക്തമാക്കുക.
17. 'കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി' എന്ന് കവി പറയാൻ കാരണം എന്ത്?
18. 'അത്തലിൻ സ്വരൂപം പോൽ വന്ന യുവതി'യെ കണ്ടപ്പോൾ വിശ്വാമിത്രന്റെ മനസ്സിൽ ഉദിച്ച സംശയം എന്ത്?
19. 'അദ്വൈതാമല ഭാവസ്പന്ദിത-വിദ്യുന്മേഖല പൂകീ ഞാൻ!' - സന്ദർഭവും ആശയവും വിശദമാക്കുക.
20. 'വജ്രം തുളച്ചിരിക്കുന്ന രത്നങ്ങൾക്കുള്ളിലൂടെ ഞാൻ കടന്നു പോകുന്നു ഭാഗ്യത്താൽ വെറും നൂലായിരുന്നു ഞാൻ' - സന്ദർഭവും ആശയവും വിശദമാക്കുക.
21. അഷ്ടമുടിക്കായലിന്റെ ഉൾത്തുടിപ്പുകളെ അടയാളപ്പെടുത്തുന്ന കവിതയാണ് ഇഷ്ടമുടി ക്കായൽ- വിവരിക്കുക
22. എ. അയ്യപ്പന്റെ കവിതകളുടെ സ്വഭാവസവിശേഷതകൾ എന്തെല്ലാം?
23. ആധുനിക ജീവിതത്തിന്റെ കുതിപ്പും മിടിപ്പും നൈമിഷികതയുമാണ് കാണെക്കാണെ എന്ന കവിതയിലെ തീവണ്ടി എന്ന ബിംബത്തിലൂടെ ആവിഷ്കരിക്കുന്നത്- വിശദമാ ക്കുക.
24. പട്ടണത്തിലേക്ക് കല്യാണം കഴിഞ്ഞുപോയ ഒരു പാവം വെള്ളം എന്തൊക്കെ സങ്കടങ്ങ ളാണ് പങ്കുവെച്ചു കരയുന്നത്?
25. പ്രവാസ ജീവിതത്തിന്റെ പ്രത്യേകതകൾ 'കമറൂൾ നാട്ടിൽ പോകുന്നു'എന്ന കവിതയിൽ വിശദീകരിക്കുന്നതെങ്ങനെ?

**(5 x 2 = 10 )**

## Section C

## III. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

26. 'കാണുന്നില്ലോരക്ഷരവും' എന്ന കവിതയിൽ വംശീയ പ്രശ്നങ്ങൾ പ്രകടമാകുന്നതെ ങ്ങനെ?
27. 'ദൈവദശകം' എന്ന കൃതിയിലൂടെ ശ്രീനാരായണഗുരു പകർന്നു തരുന്ന ആശയം എന്ത്? വിശദീകരിക്കുക.
28. പുരുഷൻ ധർമ്മത്തിൽ നിന്ന് വ്യതിചലിക്കുമ്പോൾ സ്ത്രീയുടെ വിവേക ബുദ്ധി അവരെ പിടിച്ചുനിർത്തുന്നത് എങ്ങനെയെന്ന് കാണിച്ചുതരുന്ന കഥാപാത്രമാണ് ശകുന്തള -വിശ ദീകരിക്കുക.

29. മലയാളത്തിലെ മികച്ച ദാമ്പത്യകവിത എന്ന നിലയിൽ കണ്ണീർപ്പാടത്തിന്റെ സവിശേഷതകൾ വിവരിക്കുക.
30. ഭൂതക്കണ്ണാടിയിലൂടെ കവി പ്രപഞ്ചത്തെ വീക്ഷിക്കുമ്പോൾ എന്തൊക്കെ കാഴ്ചകളാണ് കണ്ടത്? വിവരിക്കുക.
31. 'പരനിന്ദ വീശുന്ന വാളിനാൽ ചൂളിപ്പോകാ,
    പരകോടിയിൽച്ചെന്ന പാവന ദിവ്യസ്നേഹം' - പൂവ് ഇങ്ങനെ ചിന്തിക്കാനുണ്ടായ സാഹചര്യമെന്ത്? വിശദമാക്കുക.
32. 'ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക' എന്ന് കവി പറയാൻ കാരണമെന്ത്? വിശദീകരിക്കുക.
33. 'സ്വത്വവും സ്നേഹവും നഷ്ടപ്പെടുന്നവന്റെ പ്രതീകമാണ് നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരനിലെ ശിവൻ' - ശരിയോ? വിവരിക്കുക.
34. 'പാവമീ നാടിൻ സ്വർണ്ണക്കിണ്ണമായിരുന്നിവൻ
    ദാ, നോക്കൂ വാനിൽ പൂർണ്ണ ചന്ദ്രനായവൻ വീണ്ടും' - ആശയമെന്ത്?
35. പ്രണയത്തെ ഐസ്ക്യൂബായി ബിംബകല്പന ചെയ്യുന്നതിലൂടെ കവി അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം?
36. സ്ത്രീ സ്വത്വാവബോധത്തിന്റെ കഥ പറയുന്ന കവിതയാണ് മൃഗശിക്ഷകൻ. വിശദീകരിക്കുക
37. സ്ത്രീയുടെ എല്ലാ ഭാവങ്ങളെയും പ്രകടിപ്പിക്കാൻ പോന്ന ബിംബമാണ് കുന്തി. വിവരിക്കുക.

**(6 x 5 =30)**

## Section D

### IV. ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

38. കേരളീയ നവോത്ഥാന ആശയങ്ങളുടെ പ്രതിഫലനമാണ് പൊയ്കയിൽ കുമാരഗുരു, ശ്രീനാരായണഗുരു എന്നിവരുടെ കൃതികളിൽ കാണുന്നത്. ശരിയോ? ചർച്ച ചെയ്യുക .
39. മലയാളകവിതയുടെ പരിവർത്തനഘട്ടത്തെ അടയാളപ്പെടുത്തുന്ന കവിതയെന്നനിലയിൽ 'വീണപൂവി'ന്റെ സവിശേഷതകൾ വിലയിരുത്തുക.
40. ആധുനിക കവിതയുടെ സവിശേഷതകൾ ഉള്ളടങ്ങുന്ന കവിതയാണ് 'മൃത്യുപൂജ'. കവിതയുടെ പ്രമേയം, ഭാഷ, രൂപം എന്നിവയെ മുൻനിർത്തി ഉപന്യസിക്കുക.
41. ഉത്തരാധുനിക കവിതകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

**(2 x 10 = 20 )**

# Model Question Paper
# Set-02

## SREENARAYANAGURU OPEN UNIVERSITY

QP CODE : .........

Reg. No : ........................
Name : ......................

FIRST SEMESTER B.A. MALAYALAM LANGUAGE AND LITERATURE EXAMINATION
DISCIPLINE CORE - 1- B21ML01DC - മലയാളകവിത:ആധുനികം
( CBCS - UG )
2022-23 - Admission Onwards

**Time: 3 Hours** **Max Marks: 70**

**Section A**

**I. ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. 'തേവാരപതികങ്കൾ'എന്ന തമിഴ് കാവ്യം രചിച്ചത് ആര്?
2. എന്തിന്റെ കഥ എഴുതാനാണ് ആരുമില്ലാതെ പോയല്ലോ - എന്ന് കവി പറയുന്നത്?
3. സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ നേതൃത്വത്തിൽ വീണപൂവ് പുന:പ്രസിദ്ധീകരിച്ചത് ഏത് മാസികയിലാണ്?
4. 'ഞാനൊരു പുതുലോകത്തിലെ യുവനൃപനാണ്' ആര്?
5. 'ഗുണോദാരനാമവിടത്തേയ്ക്കെന്തു തോന്നിയോ ഹൃത്തിൽ' - ആരെയാണ് കവി ഗുണോദാരനെന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
6. 'തോടുഞ്ഞാൻ വീണ്ടും താണ്ടി ഭീരു നിന്നടുത്തെത്തി' ആരെയാണ് ഭീരു എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
7. 'ആരോ അപരാധങ്ങൾ പറഞ്ഞു നടന്നത്
മാനക്കേടായ് നാണക്കേടായ്'- ആരെക്കുറിച്ചൊക്കെയാണ് അപരാധങ്ങൾ പറഞ്ഞു നടന്നത്?
8. താൻ ചാട്ടം പിഴച്ചവനാണെന്ന് ശിവൻ പറയാൻ കാരണമെന്ത്?
9. അമ്മയെന്നു വിളിപ്പിക്കാൻ ശ്രമിച്ചു തോറ്റു പോയതാര്?
10. ആലപ്പുഴ നാട്ടുകാരിക്ക് ഏതു മണ്ണിന്റെ നിറമാണെന്നാണ് കവി പറയുന്നത്?
11. 'അച്ചടിമലയാളം നാടുകടത്തിയ കവിതകൾ' എന്ന ബ്ലോഗിന്റെ സവിശേഷത?
12. റഫീഖ് എന്ന സുഹൃത്ത് നാട്ടിലേയ്ക്ക് എന്ത് വാങ്ങിയതായാണ് കവി പറയുന്നത്?
13. വർത്തമാനകാല പ്രണയത്തിന്റെ അരക്ഷിതാവസ്ഥയെ പ്രതിഫലിപ്പിക്കുന്ന ഡോണ മയൂരയുടെ കവിത ഏത്?
14. മടുപ്പ് എന്തിനോട് ഘടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് കവി പറയുന്നത്?
15. തീവണ്ടിയെ വലിച്ചുകൊണ്ടുപോകുന്നത് ആര്? **(1×10=10)**

## Section B
## II. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

16. ദൈവത്തെ എന്തെല്ലാമായാണ് കവി കല്പിക്കുന്നത്?
17. ''ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസരമറിഞ്ഞു വരിക''- സന്ദർഭം വിശദമാക്കുക
18. 'ജളൂക വികസിപ്പിക്കും ജീവാത്മാവിന്റെ പുരോഗതി'' എന്ന വരിയിൽ അതിസൂക്ഷ്മമായ സങ്കല്പമാണുള്ളത്, സമർത്ഥിക്കുക.
19. 'തപ്പുന്നോ പിന്നിരുളിതിൽ ഞാൻ' - ആരാണ് ഇരുളിൽ തപ്പിക്കൊണ്ടിരുന്നത്? സന്ദർഭം വിശദമാക്കുക?
20. വർത്തമാനകാല സാഹചര്യത്തെ 'ശാർങ്ഗകപ്പക്ഷികൾ' എന്ന കവിതയിൽ പകർത്തിയിരിക്കുന്നതെങ്ങനെയാണ്?
21. കൊച്ചിയുടെ സാംസ്കാരിക പരിണാമത്തെ സൂചിപ്പിക്കാൻ വൃക്ഷം എന്ന ബിംബത്തെ കവി ഉപയോഗിക്കുന്ന വിധത്തെ അടയാളപ്പെടുത്തുക.
22. കായൽ ത്രസിച്ചു നില്ക്കുമ്പോൾ കവി കഥ പറയാൻ ആവശ്യപ്പെടുന്നതാരോടാണ്?
23. ആരാണ് റിസർവേഷൻ ചാർട്ടിലെ പേര് ഉറക്കെ വായിച്ചത്?
24. കവിതയ്ക്കകത്തെ മൃഗവും മൃഗശിക്ഷകനും കവിതയുടെ പുറത്ത് ശിക്ഷിക്കപ്പെടുന്ന സ്ത്രീയും ശിക്ഷിക്കുന്ന പുരുഷനും എന്നായി മാറുന്നു. വിശദീകരിക്കുക.
25. മനുഷ്യന്റെയുള്ളിൽ കുടികൊള്ളുന്ന ജീവിതകാമനകളോടുള്ള അടങ്ങാത്ത ആസക്തിയെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ് 'കൊതിയൻ'. കവിതയുടെ കേന്ദ്രാശയത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

**(5 x 2 = 10 )**

## Section C
## III. ഏതെങ്കിലും ആറു ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

26. എന്റെ വംശത്തിന്റെ കഥ എഴുതി വയ്ക്കുവാൻ പണ്ട് ഈ ഭൂമിയിൽ ആരും ഇല്ലാതെ പോയല്ലോ എന്ന് കവി പറയുന്നതിന്റെ ആശയം വിശദമാക്കുക.
27. ജീവിതത്തെക്കുറിച്ചുള്ള അപാരമായ ജ്ഞാനത്തിന്റെ തത്വചിന്താപരമായ ദർശനങ്ങളാണ് വീണപൂവ് എന്ന കവിതയിലെ മുഖ്യപ്രമേയം സമർത്ഥിക്കുക.
28. 'മേനകേ, നിനക്കെന്തീ മാറ്റം'' എന്ന് ചോദിക്കുന്നത് ആര്? സന്ദർഭവും സാഹചര്യവും വ്യക്തമാക്കുക
29. 'പൂഴിത്തരിയിൽമെത്തുന്നു
    ഭുവനങ്ങൾ പരക്കവേ;
    ചെന്തീപ്പൊരിയിൽ മിന്നുന്നു
    ദിവ്യഗോളങ്ങൾ നീളവേ' സന്ദർഭവും ആശയവും വിശദമാക്കുക.
30. 'ധീരമാമുഖം തന്നെ നോക്കിനിന്നൂ ഞാൻ; ഗുണോ-
    ദാരനാമവിടത്തേക്കെന്തു തോന്നിയോ ഹൃത്തിൽ!' - സന്ദർഭവും സാരസ്യവും വിവരിക്കുക.
31. 'മാപ്പു നൽകി നാമദ്ദേഹത്തിനും'.
    മാപ്പു നൽകിയത് ആർക്കാണ്? എന്തിനാണ് മാപ്പു നൽകിയത്? സന്ദർഭവും സാഹചര്യവും വിശദമാക്കുക

32. ‘ഒന്നുമിനിവേണ്ട
പുലരിക്കതിരുവേണ്ട
വെയിൽ വേണ്ട, പകൽ വേണ്ട
എന്നേക്കുമായിനി വരൂ നീ’ - സന്ദർഭം, ആശയം എന്നിവ വിശദമാക്കുക.
33. സമകാലിക സംഭവങ്ങളെ പ്രതിബിംബാത്മകമായി വരച്ചു കാട്ടാൻ ‘ബുദ്ധനും ആട്ടിൻകുട്ടിയും’ എന്ന കവിതയിലൂടെ കവിക്ക് കഴിഞ്ഞിട്ടുണ്ട്. വിലയിരുത്തുക.
34. ഗഹനമായ ആശയവും ലളിതമായ ആവിഷ്കാരവുമാണ് ‘കുന്തി’ എന്ന കവിതയെ ശ്രദ്ധേയമാക്കുന്നത്. വിശദീകരിക്കുക.
35. രേഖപ്പെടുത്താതെ പോയ മാനുഷിക ചരിത്രങ്ങളെയാണ് ചിത്രത്തിൽ നിന്ന് കവി കണ്ടെത്തുന്നത്. ‘ഉപ്പ് ചാലിച്ച ചിത്രമേ’ എന്ന കവിതയെ മുൻനിർത്തി സ്ഥാപിക്കുക.
36. കവിയും കായലും തമ്മിലുള്ള വൈകാരികബന്ധത്തിന്റെ ബഹിർസ്ഫുരണങ്ങൾ ‘ഇഷ്ടമുടിക്കായൽ’ എന്ന കവിതയിൽ കാണാം. പ്രസ്താവന പരിശോധിക്കുക.
37. ആലപ്പുഴജീവിതത്തിന്റെ സാമ്പത്തിക സാമൂഹിക ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന കവിതയാണ് ‘ആലപ്പുഴവെള്ളം’, സമർത്ഥിക്കുക.

**(6×5=30)**

## Section D

### IV. ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

38. നവോത്ഥാന മൂല്യങ്ങളുടെ സമകാലിക പ്രസക്തി ‘ദൈവദശകം’, ‘കാണുന്നില്ലോരക്ഷരവും’ എന്നീ കാവ്യഭാഗങ്ങളെ മുൻനിർത്തി ഉപന്യസിക്കുക
39. മലയാള കവിതാരംഗത്തെ ‘വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായ’ കുമാരനാശാന്റെ സ്ഥാനം അദ്ദേഹത്തിന്റെ കാവ്യലോകത്തെ മുൻനിർത്തി വിലയിരുത്തുക
40. ഒരു കവിയുടെ കാവ്യജീവിതത്തെ അടയാളപ്പെടുത്തുന്ന കൃതി നിലയിൽ ‘ഇവനെക്കൂടി’ എന്ന കവിതയെ വിലയിരുത്തുക.
41. ആധുനിക മലയാള കവിതകളുടെ പൊതുസ്വഭാവത്തെ മുൻനിർത്തി ടി. പി. രാജീവന്റെ ‘ഹൊഗനേക്കൽ’ എന്ന കവിതയെ വിശകലനം ചെയ്യുക.

**(2 x 10 = 20 )**

# Regional Centres


## Kozhikode

Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

## Thalassery

Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

## Tripunithura

Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

## Pattambi

Sreeneelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

Sreeenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841